



# എ.വി.സ്മാരക
# ഗവ. ഹയർ സെക്കന്ററി സ്കൂൾ
## കരിവെള്ളൂർ




# ഓർമ്മകൾ ഉണ്ടായിരിക്കണം

## സുവർണ്ണജൂബിലി സ്മരണിക
2007-'08

ആയുർവ്വേദത്തിലെ ആധുനികതയും പ്രഗത്ഭ ഡോക്ടർമാരുടെ സേവനവും സമന്വയിച്ച് കാഞ്ഞങ്ങാടിനടുത്ത് പറക്കളായിയിൽ പ്രവർത്തിക്കുന്ന **പി. എൻ. പണിക്കർ സൗഹൃദ ആയുർവേദ മെഡിക്കൽ കോളേജ് ആശുപത്രി & ഗവേഷണകേന്ദ്രം** ഉത്തരകേരളത്തിലെ ശ്രദ്ധേയമായ സ്ഥാപനമായി വളരുന്നു!

അക്ഷരകേരളത്തിന്റെ ആചാര്യൻ **ശ്രീ പി. എൻ. പണിക്കറുടെ** സേവനനിരതമായ ജീവിതത്തിന്റെ തുടിക്കുന്ന ഓർമ്മക്കു മുമ്പിൽ ഞങ്ങളുടെ ഒരു സ്നേഹോപഹാരം,

# പി. എൻ. പണിക്കർ ആയുർവ്വേദ മെഡിക്കൽ കോളേജ് – പറക്കളായി

**ഫോൺ: 0467–2244700 (ചെയർമാൻ)**

**0467–2244701, 2244702, 2244703, 2440001, 0467–2200385**

–പി.എൻ. പണിക്കർ, സൗഹൃദ ട്രസ്റ്റ്



# എ.വി.സ്മാരക ഗവ. ഹയർ സെക്കന്ററി സ്കൂൾ
## കരിവെള്ളൂർ



# സുവർണ്ണജൂബിലി സ്മരണിക

2007-2008



ഓർമ്മകൾ
ഉണ്ടായിരിക്കണം

സ്മരണിക

സുവർണജൂബിലി
ആഘോഷങ്ങൾ 2007 – 08

എ.വി. സ്മാരക
ഗവ. ഹയർ സെക്കന്ററി സ്കൂൾ
കരിവെള്ളൂർ – 670 521

രൂപകൽപന : പാലായീസ്, ഓണക്കുന്ന്

പ്രിന്റിംഗ് : കോ– ഓപ്പറേറ്റീവ് പ്രസ്സ്
കണ്ണൂർ– 2 ഫോൺ: 0497 – 2707208

*Ormakal*
*undayirikkanam*

SOUVENIR

GOLDEN JUBILEE
CELEBRATIONS 2007- 08

A V SMARAKA
GOVERNMENT HIGHER
SECONDARUY SCHOOL
KARIVELLUR - 670 521

LAYOUT : PALAI'S, ONAKKUNNU

PRINTING : CO-OPERATIVE PRESS
KANNUR - 2 PH: 0497-2707208

A V SMARAKA GOVT. HIGHER SECONDARY SCHOOL, KARIVELLUR P.O., KANNUR DT., KERALA. PIN : 670521
PH : 04985 260010. Website : www.avsghss.wetpaint.com E-mail : avsghss.kvr@gmail.com

## കരിവെള്ളൂർ ഗാഥയിലെ ജേതാവിന്നോർമ്മകളിൽ



**എ.വി.കുഞ്ഞമ്പു (1908-1980)**

**കരിവെള്ളൂരിന് ഒരു ഹൈസ്കൂൾ എന്ന സ്വപ്നം
യാഥാർത്ഥ്യമാക്കുവാൻ സ്വയം സമർപ്പിച്ച
കരിവെള്ളൂരിന്റെ വീരപിതാവ്**

# ഓർമ്മകൾ ഉണ്ടായിരിക്കണം

## ആദ്യത്തെ സ്കൂൾ വെൽഫേർ കമ്മിറി


കെ.ഗോവിന്ദൻനായർ
(സെക്രട്ടറി)


കെ.ഗോവിന്ദൻ
(വൈസ് പ്രസിഡന്റ്)


എം.പി.അപ്പുമാസ്റ്റർ


പി.നാരായണൻനായർ


പി.പി.ചന്തൻകുഞ്ഞി


കോളിയാടൻ
നാരായണൻനായർ

## സ്കൂൾ നിർമ്മാണത്തിന് മണ്ണും മരവും തന്നവർ


സീതാദേവി
തമ്പുരാട്ടി


പുതിയ വാണിയൻ
വീട്ടിൽ കമ്മാരൻ
കാരണവർ


തെങ്ങുന്തറ
കൃഷ്ണപൊതുവാൾ


ബാരിസ്റ്റർ
വി.ആർ.നായനാർ

## എഡിറ്റോറിയൽ ബോർഡ്



എം.ശശിമോഹനൻ
ചെയർമാൻ



കരിവെള്ളൂർ മുരളി
എഡിറ്റർ



വി.വി.ഭാസ്കരൻ
കൺവീനർ

**അംഗങ്ങൾ**

ഇ.പി.രാജഗോപാലൻ
പി.രാമചന്ദ്രൻ
ടി.ഗംഗാധരൻ
പ്രകാശൻ കരിവെള്ളൂർ
ഹരിദാസ് കരിവെള്ളൂർ
സി.എം.വിനയചന്ദ്രൻ
ബാലൻ പാലായി
എൻ.ജയപ്രകാശൻ
എം.സുകുമാരൻ
എം.വി.രാധാകൃഷ്ണൻ
പി.ചന്ദ്രൻ
എ.പി.നാഗഭൂഷൺ
എൻ.കെ.വാസുദേവൻ
ധനേശൻ.എം.വി.

## മുഖമൊഴി

ചരിത്രം അതിന്റെ ദൃഢനിശ്ചയങ്ങൾകൊണ്ടും പിൻമടക്കമില്ലാത്ത കുതിപ്പുകൾ കൊണ്ടും പിൽക്കാല തലമുറകൾക്ക് അഭിമാനഭരിതമായ ഓർമ്മകളും പൈതൃകവും പകർന്നു നൽകിയ മണ്ണാണ് കരിവെള്ളൂർ. എ.വി.സ്മാരക ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളും അത്തരം ധീരസമരങ്ങളുടെ ഉപലബ്ധിയാണ്.

1958 ജൂൺ 24 ന് പള്ളിക്കൊവ്വലിലെ ഒരു താൽക്കാലിക് ഓലഷെഡ്ഡിൽ ശ്രീ.കെ.ടി.എൻ.സുകുമാരൻ നമ്പ്യാർ എന്ന ഏകാധ്യാപകനുമായി ഉദ്ഘാടനം ചെയ്യപ്പെട്ട ഈ വിദ്യാലയം ഉത്തരകേരളത്തിലെ ഉത്തുംഗ വിദ്യാകേന്ദ്രങ്ങളിലൊന്നായി വളർന്നുവന്നത് എണ്ണമറ്റ മനുഷ്യരുടെ നിരന്തര പ്രയത്നത്തിന്റെയും സമർപ്പണത്തിന്റേയും ഫലമായിട്ടാണ്. പഴയ മലബാറിന്റെ വടക്കേ അറ്റത്തെ ഈ ദരിദ്രഗ്രാമത്തിലെ ജനത തങ്ങളുടെ വരാനിരിക്കുന്ന തലമുറകളുടെ വിദ്യാഭ്യാസത്തിനും വികസിതജീവിതത്തിനും വേണ്ടി നെയ്ത സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിനുവേണ്ടി നടത്തിയ ദീർഘസമരത്തിൽ അതിന്റെ നായകനായി മുന്നിൽ നിന്ന കരിവെള്ളൂരിന്റെ വീരപിതാവ് എ.വി. യുടെ മഹാസ്മാരകമായി ഇപ്പോൾ മാറിക്കഴിഞ്ഞ എ.വി.സ്മാരക ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ സുവർണജൂബിലി ആഘോഷത്തോടനുബന്ധിച്ച് ഇങ്ങനെ ഒരു അക്ഷരരേഖ പ്രസിദ്ധപ്പെടുത്തുവാൻ കഴിഞ്ഞതിൽ ഞങ്ങൾക്ക് അനല്പമായ ആഹ്ലാദമുണ്ട്.

സഹകരിച്ച എല്ലാവർക്കും അളവറ്റ നന്ദി.

**കരിവെള്ളൂർ മുരളി**
എഡിറ്റർ

*2009 നവംബർ ഒന്ന്*

## സോവനീർ കമ്മിറ്റി അംഗങ്ങൾ

എം. ശശിമോഹനൻ – ചെയർമാൻ

വി.വി. ഭാസ്കരൻ – കൺവീനർ

കരിവെള്ളൂർ മുരളി – എഡിറ്റർ

ഇ.പി. രാജഗോപാലൻ

എ. മോഹനൻ

ഇ.വി.എം. ബാലകൃഷ്ണൻ

ടി. ഗംഗാധരൻ

പി. രാമചന്ദ്രൻ

ഹരിദാസ് കരിവെള്ളൂർ

പ്രകാശൻ കരിവെള്ളൂർ

സി.എം. വിനയചന്ദ്രൻ

എൻ.കെ. വാസുദേവൻ

കെ. ബാലചന്ദ്രൻ

പി. മുരളീധരൻ

കെ. ജയദേവൻ

ഡോ. ഇ. ശ്രീധരൻ

പി.വി. കുഞ്ഞിരാമൻ

എൻ. ജയപ്രകാശൻ

എം. സുകുമാരൻ

പി.വി. കുഞ്ഞിക്കണ്ണൻ

എം.വി. രാധാകൃഷ്ണൻ

പി. ചന്ദ്രൻ

എ.പി. നാഗഭൂഷൺ

ധനേശൻ. എം.വി.

ബാലൻ പാലായി



എ.വി.സ്മാരക ഗവ. ഹയർ സെക്കന്ററി സ്കൂൾ



പ്രിൻസിപ്പാൾ
കെ.ടി.എൻ.ഭാസ്കരൻ



ഹെഡ്മാസ്റ്റർ
ടി.വി.ദാമോദരൻ
(2007–08)



ഹെഡ്മാസ്റ്റർ
കെ.കെ.രാജൻ
(2008–09)



ജൂബിലി വർഷത്തിലെ സ്കൂൾ സ്റ്റാഫ്

## മുൻ പി.ടി.എ. പ്രസിഡണ്ടുമാർ



പാവൂർ കുഞ്ഞിരാമൻ, പി.നാരായണൻ നായർ, ഇ.പി.കരുണാകരൻ
സി.ഗോപാലൻ, എം.വി.അപ്പുക്കുട്ടൻ, കെ.രവീന്ദ്രൻ നായർ
അഡ്വ. കെ.വിജയകുമാർ, കൊച്ചി അമ്പു(നിലവിലുള്ള പ്രസിഡണ്ട്)

# സുവർണ്ണജൂബിലി സംഘാടക സമിതി

## രക്ഷാധികാരികൾ

1. പി.കരുണാകരൻ. എം.പി.
2. കെ. കുഞ്ഞിരാമൻ. എം.എൽ.എ.
3. കെ.കെ.നാരായണൻ (പ്രസിഡണ്ട്, കണ്ണൂർ ജില്ലാ പഞ്ചായത്ത്)
4. ഇ.പി.കരുണാകരൻ (പ്രസിഡണ്ട്, പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത്)
5. കെ.കെ. കൃഷ്ണൻ (ജില്ലാ പഞ്ചായത്ത് മെമ്പർ)
6. ടി.ഗോവിന്ദൻ (മുൻ എം.പി.)
7. കെ.പി.സതീഷ് ചന്ദ്രൻ (മുൻ എം.എൽ.എ.)
8. അബ്ദുറഹ്മാൻ (റീജ്യണൽ ഡെപ്യൂട്ടി ഡയറക്ടർ എച്ച്.എസ്.ഇ.)
9. പാവൂർ കുഞ്ഞിരാമൻ (മുൻ പഞ്ചായത്ത് പ്രസിഡണ്ട്)
10. വി.വി.സരോജിനി (മുൻ പഞ്ചായത്ത് പ്രസിഡണ്ട്)
11. കെ.ടി.എൻ.സുകുമാരൻ നമ്പ്യാർ (സ്ഥാപക ഹെഡ്മാസ്റ്റർ)



ചെയർമാൻ
കെ.നാരായണൻ
(പ്രസിഡണ്ട്, കരിവെള്ളൂർ പെരളം ഗ്രാമപഞ്ചായത്ത്)



ജനറൽ കൺവീനർ
കെ.ടി.എൻ.ഭാസ്കരൻ
(പ്രിൻസിപ്പാൾ)

## സംഘാടകസമിതി അംഗങ്ങൾ

**പി.ഇന്ദിര** – വൈസ് ചെയർമാൻ
(ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ)
**ഇ.പി.തമ്പാൻ മാസ്റ്റർ** – വൈസ് ചെയർമാൻ
**സി.ഗോപാലൻ** – വൈസ് ചെയർമാൻ
**ടി.ഗോപാലൻ** – വൈസ് ചെയർമാൻ
**എൻ.കെ.നാരു ഉണിത്തിരി** – വൈസ് ചെയർമാൻ
**പി.കുഞ്ഞപ്പൻ നായർ** – വൈസ് ചെയർമാൻ
**കെ.നാരായണൻ പാലക്കുന്ന്** – വൈസ് ചെയർമാൻ
**എം.കുഞ്ഞിരാമൻ** – വൈസ് ചെയർമാൻ
**എം.സതീശൻ** – വൈസ് ചെയർമാൻ
**ടി.ടി.വി.കുഞ്ഞികൃഷ്ണൻ** – വൈസ് ചെയർമാൻ
**കൊച്ചി അമ്പു** – പി.ടി.എ. പ്രസിഡണ്ട്
**പി.വത്സല** – മദർ പി.ടി.എ. പ്രസിഡണ്ട്
**ടി.വി.ദാമോദരൻ** – അഡീഷണൽ ജനറൽ കൺവീനർ (ഹെഡ്മാസ്റ്റർ 2007-08)
**കെ.കെ.രാജൻ** – ഹെഡ്മാസ്റ്റർ 2008 -09
**എൻ.വി.നാരായണൻ** – കൺവീനർ
**വി.കെ.രമേശൻ** – കൺവീനർ
**എൻ.ജാനകി** – കൺവീനർ
**കെ.രവീന്ദ്രൻ** – കൺവീനർ
**എം.വി.രാധാകൃഷ്ണൻ** – ട്രഷറർ
**പി.രാമചന്ദ്രൻ** – അസി. ട്രഷറർ

# സബ് കമ്മിറ്റികൾ

പ്രോഗ്രാം
പി. രാമചന്ദ്രൻ മാസ്റ്റർ - ചെയർമാൻ
കരിവെള്ളൂർ മുരളി - വൈസ് ചെയർമാൻ
പി. ബാലകൃഷ്ണൻ മാസ്റ്റർ - വൈസ് ചെയർമാൻ
എൻ. ജയപ്രകാശൻ മാസ്റ്റർ- കൺവീനർ
ടി. കെ. സുരേന്ദ്രൻ മാസ്റ്റർ - ജോ. കൺവീനർ
ഡോ. സി. എ. സുരേഷ് - ജോ. കൺവീനർ

സാമ്പത്തികം
അഡ്വ. കെ. വിജയകുമാർ - ചെയർമാൻ
കെ. ജി. കൊടക്കാട് - വൈസ് ചെയർമാൻ
എ. വി. ബാലൻ മാസ്റ്റർ - വൈസ് ചെയർമാൻ
പി. പി. കുമാരൻ മാസ്റ്റർ - വൈസ് ചെയർമാൻ
എം. വി. രാധാകൃഷ്ണൻ മാസ്റ്റർ- കൺവീനർ
പി. രാമചന്ദ്രൻ മാസ്റ്റർ- ജോ. കൺവീനർ
പി. കുഞ്ഞിക്കണ്ണൻ - ജോ. കൺവീനർ
കെ. കരുണാകരൻ മാസ്റ്റർ - ജോ. കൺവീനർ

പബ്ലിസിറ്റി & പബ്ലിക് റിലേഷൻസ്
പി. വി. കുഞ്ഞിക്കണ്ണൻ മാസ്റ്റർ- ചെയർമാൻ
എ. വി. ഗിരീശൻ മാസ്റ്റർ - വൈസ് ചെയർമാൻ
പി. രമേശൻ - വൈസ് ചെയർമാൻ
പി. ഭരതൻ മാസ്റ്റർ - കൺവീനർ
കെ. ബാലചന്ദ്രൻ - ജോ. കൺവീനർ
കരിവെള്ളൂർ വിജയൻ - ജോ. കൺവീനർ
പി. പ്രശാന്ത് മാസ്റ്റർ- ജോ. കൺവീനർ

കലാ-സാംസ്കാരികം
ഗംഗാധരൻ കരിവെള്ളൂർ - ചെയർമാൻ
കെ. വി. അച്ചുതൻ മാസ്റ്റർ - വൈസ് ചെയർമാൻ
കെ. വിജയൻ മാസ്റ്റർ - വൈസ് ചെയർമാൻ
എം. സുകുമാരൻ മാസ്റ്റർ - കൺവീനർ
എം. പ്രസന്ന ടീച്ചർ - ജോ. കൺവീനർ
ടി. വി. ബാലചന്ദ്രൻ മാസ്റ്റർ - ജോ. കൺവീനർ
വി. വി. നാരായണൻ - ജോ. കൺവീനർ

കായികം
പി. ഗോവിന്ദൻ മാസ്റ്റർ - ചെയർമാൻ
പി. പി. ഭാസ്കരൻ - വൈസ് ചെയർമാൻ
കെ. സുധാകരൻ മാസ്റ്റർ - വൈസ് ചെയർമാൻ
ഇ. പവിത്രൻ മാസ്റ്റർ - കൺവീനർ
എ. കരുണാകരൻ മാസ്റ്റർ - ജോ. കൺവീനർ
എൻ. സി. ഉസ്മാൻ മാസ്റ്റർ - ജോ. കൺവീനർ
പി. ഷീബ ടിച്ചർ - ജോ. കൺവീനർ

സ്വീകരണം
വി. കെ. സുകുമാരൻ - ചെയർമാൻ
(സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ)
കെ. പി. ദാമോദരൻ - വൈസ് ചെയർമാൻ
ടി. പത്മാവതി - വൈസ് ചെയർമാൻ (വാർഡ് മെമ്പർ)
കെ. പി. ഗോപിനാഥൻ മാസ്റ്റർ - കൺവീനർ
എ. വി. വരദാക്ഷി - ജോ. കൺവീനർ
കെ. രവീന്ദ്രൻ നായർ - ജോ. കൺവീനർ
പി. വി. ബാലചന്ദ്രൻ മാസ്റ്റർ - ജോ. കൺവീനർ

വളണ്ടിയർ & ഡിസിപ്ലിൻ
കെ. രാമകൃഷ്ണൻ മാസ്റ്റർ - ചെയർമാൻ
പി. കുഞ്ഞികൃഷ്ണൻ - വൈസ് ചെയർമാൻ
യു. പി. വി. കുഞ്ഞപ്പൻ - വൈസ് ചെയർമാൻ
കെ. കണ്ണൻ - വൈസ് ചെയർമാൻ
കെ. എ. ബാബു മാസ്റ്റർ - കൺവീനർ
വി. പി. ലത ടീച്ചർ - ജോ. കൺവീനർ
എ. കെ. ഗിരീഷ് കുമാർ - ജോ. കൺവീനർ
കെ. സന്തോഷ് - ജോ. കൺവീനർ

എക്സിബിഷൻ
പ്രൊഫ. കെ. ടി. കുഞ്ഞികൃഷ്ണൻ - ചെയർമാൻ
പി. വി. നാരായണൻ - വൈസ് ചെയർമാൻ
കെ. കുഞ്ഞികൃഷ്ണൻ മാസ്റ്റർ - വൈസ് ചെയർമാൻ
എ. പി. ബാലചന്ദ്രൻ മാസ്റ്റർ - കൺവീനർ
മഹേഷ് - ജോ. കൺവീനർ
പി. സി. ജയസൂര്യൻ മാസ്റ്റർ - ജോ. കൺവീനർ
പി. ചന്ദ്രൻ മാസ്റ്റർ - ജോ. കൺവീനർ

സ്റ്റേജ് & ഡക്കറേഷൻ
എം. വി. അപ്പുക്കുട്ടൻ - ചെയർമാൻ
കെ. കൃഷ്ണൻ - വൈസ് ചെയർമാൻ
കെ. പി. കരുണാകരൻ - വൈസ് ചെയർമാൻ
കെ. രവീന്ദ്രൻ മാസ്റ്റർ - കൺവീനർ
സി. ചന്ദ്രൻ മാസ്റ്റർ - ജോ. കൺവീനർ
വി. ഉണ്ണിക്കണ്ണൻ മാസ്റ്റർ - ജോ. കൺവീനർ
എ. വി. മാധവൻ - ജോ. കൺവീനർ

ഡോക്യുമെന്റേഷൻ
കെ. ഇ. രാമചന്ദ്രൻ മാസ്റ്റർ - ചെയർമാൻ
പി. വിജയകുമാർ - വൈസ് ചെയർമാൻ
ജയദേവൻ. കെ. - വൈസ് ചെയർമാൻ
കെ. വി. വേണുഗോപാലൻ മാസ്റ്റർ - കൺവീനർ
സി. പി. സന്ധ്യ ടീച്ചർ - ജോ. കൺവീനർ
ഹരിദാസ് കരിവെള്ളൂർ - ജോ. കൺവിനർ
പി. സന്തോഷ് കുമാർ - ജോ. കൺവീനർ

ലൈറ്റ് & സൗണ്ട്
എം. വി. ഗോപാലകൃഷ്ണൻ - ചെയർമാൻ
എ. വി. കുഞ്ഞിക്കണ്ണൻ - വൈസ് ചെയർമാൻ
കെ. വി. കുഞ്ഞിരാമൻ മാസ്റ്റർ - വൈസ് ചെയർമാൻ
പി. ബാബു മാസ്റ്റർ - കൺവീനർ
എം. രജിത ടീച്ചർ - ജോ. കൺവീനർ
കൃഷ്ണകുമാർ - ജോ. കൺവീനർ (അസി. എൻജിനീയർ, കെ.എസ്.ഇ.ബി.)
കെ. വി. ദാമോദരൻ - ജോ. കൺവീനർ

വെൽഫെയർ
പി. നാരായണൻ നായർ - ചെയർമാൻ
പി. വി. അപ്പു - വൈസ് ചെയർമാൻ
വി. വി. മനോജ് മാസ്റ്റർ - കൺവീനർ
ഇ. സൗദാമിനി ടീച്ചർ - ജോ. കൺവീനർ
സി. നാരായണൻ - ജോ. കൺവീനർ
ഇ. പി. ശശിധരൻ - ജോ. കൺവീനർ

ഭക്ഷണകമ്മിറ്റി
എം. ടി. പി. അബ്ദുള്ള - ചെയർമാൻ
അപ്യാൽ രാഘവൻ - വൈസ് ചെയർമാൻ
പി. വി. കൃഷ്ണൻ - വൈസ് ചെയർമാൻ
എം. വി. ചന്ദ്രൻ മാസ്റ്റർ - കൺവീനർ
പി. ബാലകൃഷ്ണൻ - ജോ. കൺവീനർ
പി. വിജയൻ - ജോ. കൺവീനർ
പി. മുരളീധരൻ - ജോ. കൺവീനർ

ഓഫീസ് : 2333812
ഫോൺ 2333682
ഫാക്സ് : 0471-2333489

വി. എസ്. അച്യുതാനന്ദൻ
മുഖ്യമന്ത്രി
കേരളം

28.10.2008

## ആശംസ

കരിവെള്ളൂർ എ.വി. സ്മാരക ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിന്റെ സുവർണ്ണ ജൂബിലി ആഘോഷത്തോടനുബന്ധിച്ച് സ്മരണിക പ്രസിദ്ധീകരിക്കുന്നുവെന്നറിയുന്നതിൽ സന്തോഷം.

കഴിഞ്ഞ അരനൂറ്റാണ്ടു കാലത്തെ സ്കൂളിന്റെ ചരിത്രവും സമഗ്രമായ ലേഖനങ്ങളും ഉൾക്കൊള്ളുന്ന മികച്ച ഒരു സർഗ്ഗസൃഷ്ടിയാകുമിതെന്ന് പ്രത്യാശിക്കുന്നു.

വിജയാശംസകൾ.

വി.എസ്. അച്യുതാനന്ദൻ

ജനറൽ കൺവീനർ

സെക്രട്ടേറിയറ്റ്, തിരുവനന്തപുരം-695 001



ഉമ്മൻ ചാണ്ടി
പ്രതിപക്ഷനേതാവ്
കേരളം

20.10.2008

## സന്ദേശം

കരിവെള്ളൂർ എ.വി.സ്മാരക ഗവ: ഹയർ സെക്കന്ററി സ്കൂൾ സുവർണ്ണ ജൂബിലി ആഘോഷത്തോടനുബന്ധിച്ച് ഒരു സ്മരണിക പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷിക്കുന്നു.

പഠനത്തിലെന്നപോലെ പഠനേതര പ്രവർത്തനങ്ങളിലും ശ്രദ്ധേയമായ നേട്ടം കൈവരിക്കുവാനായ ഈ വിദ്യാലയത്തിന്റെ ചരിത്ര സ്മരണകൾ ഉൾക്കൊള്ളുന്നതായിരിക്കട്ടെ ഈ സ്മരണിക എന്ന് പ്രത്യാശിക്കുന്നു. ജൂബിലി ആഘോഷങ്ങൾക്കും സ്മരണികയ്ക്കും എല്ലാ ഭാവുകങ്ങളും നേരുന്നു.

ഉമ്മൻ ചാണ്ടി

ശ്രീ കെ.ടി.എൻ.ഭാസ്ക്കരൻ
ജനറൽ കൺവീനർ
എ.വി.സ്മാരക ഗവ. ഹയർ സെക്കന്ററി സ്കൂൾ
കരിവെള്ളൂർ പി.ഒ.
കണ്ണൂർ ജില്ല

ഓഫീസ്: കന്റോൺമെന്റ് ഹൗസ്, വികാസ് ഭവൻ പി. ഒ., തിരുവനന്തപുരം-695 033
ഫോൺ: (0471) 2318330 & 2315625; ഫാക്സ്: (0471) 2315625;
വസതി: (0471) 2342602 & (0481) 2351135



എം. എ. ബേബി
വിദ്യാഭ്യാസ-സാംസ്കാരിക
വകുപ്പുമന്ത്രി

ഫോൺ { ഓഫീസ് : 0471-2327759
0471-2327561
വസതി : 0471-2725671

Email: minister-education@kerala.gov.in

തിരുവനന്തപുരം

2008 നവംബർ 01

## സന്ദേശം

കണ്ണൂർ ജില്ലയിലെ സർക്കാർ വിദ്യാലയങ്ങളിൽ ശ്രദ്ധേയമായ എ.വി.സ്മാരക ഹയർസെക്കന്ററി സ്കൂൾ സുവർണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ഒരു സ്മരണിക പ്രസിദ്ധീകരിക്കുന്നുവെന്നറിയുന്നതിൽ സന്തോഷിക്കുന്നു. പഠനത്തോടൊപ്പം വിദ്യാർത്ഥികളുടെ സർഗാത്മകമായ കഴിവുകളെ പ്രോത്സാഹിപ്പിക്കുന്നതിനും സ്കൂളിന്റെ ചരിത്രം ഈ തലമുറയ്ക്കും വരുംതലമുറയ്ക്കും മനസിലാക്കുന്നതിനും ഇത്തരം സംരംഭങ്ങൾ സഹായിക്കും. സ്മരണിക പ്രസിദ്ധീകരണവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചവർക്കും സ്കൂളിലെ എല്ലാ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും രക്ഷാകർത്താക്കൾക്കും ആശംസകൾ നേരുന്നു.

എം.എ.ബേബി

ശ്രീ. കെ.ടി.എൻ.ഭാസ്കരൻ
ജനറൽ കൺവീനർ
ജൂബിലി ആഘോഷക്കമ്മിറ്റി



**P. KARUNAKARAN**
Member of Parliament
(Lok Sabha)
Deputy Leader, CPI (M)

Member :
- Standing Committee on Transport, Tourism & Culture
- Consultative Committee on Commerce & Industry
- Committee on Estimates

182, North Avenue
New Delhi - 110001
Phones :
Delhi : 23092533
23092921 (Fax)
Kasaragod (Vidyanagar) : 04994-255560
04994-256200 (Fax)
Delhi Mobile : 9868180357
Trivandrum : 0471-2468536
Nileswaram : 04672-280990
E-mail: pkarunakaran@sansad.nic.in

കരിവെള്ളൂർ എ.വി.സ്മാരക ഗവ. ഹയർ സെക്കന്ററി സ്കൂൾ സുവർണജൂബിലി ആഘോഷത്തിന്റെ ഭാഗമായി ഒരു സ്മരണിക പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷിക്കുന്നു. കലാ-സാംസ്കാരിക-വിദ്യാഭ്യാസരംഗത്ത് മികച്ച നിലവാരം പുലർത്തുന്ന ഈ വിദ്യാലയത്തെക്കുറിച്ച് കൂടുതൽ അറിയാനും സമൂഹത്തെ സ്കൂൾ പ്രവർത്തനത്തിന്റെ ഭാഗമാക്കാനും അറിവ് പകരാനും സാഹിത്യാഭിരുചികളെ പോഷിപ്പിക്കാനുംപോന്ന സദുദ്യമമായി ഈ സ്മരണിക മാറട്ടെ എന്നാശംസിക്കുന്നു.

പി.കരുണാകരൻ



K. KUNHIRAMAN
(TRIKARIPUR)
MEMBER
KERALA LEGISLATIVE ASSEMBLY

MANAVEEYAM
PILICODE P. O.
VIA-TRIKARIPUR
KASARAGOD-671 353

PHONE :
KASARAGOD :
(OFFICE) : 04994-255199
04994-255560
RES. : 0467-2260489
M. L. A. HOSTEL : 0471-2512576
MOBILE : 9447489560
E-Mail : kunhiraman 1@data one.in

CAMP: ചെറുവത്തൂർ
DATE: 6-11-2008

## സന്ദേശം

ജന്മിത്വത്തിനും നാടുവാഴിത്വത്തിനു-മെതിരെ, സന്ധിയില്ലാ സമരം നയിച്ച കരിവെള്ളൂരിലെ എ.വി. സ്മാരക ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ ജൂബിലിയുടെ നിറവിലാണെന്നറി-ഞ്ഞതിൽ അതിയായി സന്തോഷിക്കുന്നു.

ജൂബിലി ആഘോഷത്തോടനു-ബന്ധിച്ച് പ്രസിദ്ധീകരിക്കുന്ന സ്മരണികയ്ക്ക് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

സസ്നേഹം

കെ. കുഞ്ഞിരാമൻ
എം.എൽ.എ
തൃക്കരിപ്പൂർ



കെ.കെ. നാരായണൻ
പ്രസിഡണ്ട്
ജില്ലാ പഞ്ചായത്ത്
കണ്ണൂർ

ജയപ്രഭ നഗർ
കണ്ണോത്തുംചാൽ റോഡ്
കണ്ണൂർ-670 002
ഫോൺ : ഓഫീസ് : 0497-2700306
0497-2700205
വീട് : 0497-2706352
മൊബൈൽ : 9447776155

നം:

തീയ്യതി 15-10-08

## ആശംസ സന്ദേശം

സർക്കാർ വിദ്യാലയമായ കരിവെള്ളൂർ എ.വി. സ്മാരക ഗവ. ഹയർ സെക്കന്ററി സ്കൂൾ സുവർണ ജൂബിലി ആഘോഷിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷമുണ്ട്. ആഘോഷ പരിപാടിയോടനുബന്ധിച്ച് പ്രസിദ്ധീകരിക്കുന്ന സ്മരണിക ചരിത്രപ്രധാന്യമുള്ളതും വരും തലമുറക്ക് ഒരു മുതൽക്കൂട്ടും ആയി തീരട്ടെ എന്ന് ആശംസിക്കുന്നതോടൊപ്പം സുവർണ്ണ ജൂബിലി ആഘോഷ പരിപാടികൾക്ക് എല്ലാവിധ വിജയാശംസകളും നേരുന്നു.

സ്നേഹപൂർവം

കെ.കെ.നാരായണൻ
പ്രസിഡണ്ട്
ജില്ലാ പഞ്ചായത്ത്
കണ്ണൂർ.



# മംഗളം

വീരകേസരികൾ വാണ
കേരളത്തിന്റെ മണ്ണിലായ്
വടക്ക്, പുകൾപെറ്റുള്ള-
ദേശം രയരമംഗലം

ചോരക്കറ പുരണ്ടേറ്റം
ചോപ്പാർന്ന രണഭൂമിതൻ
ചാരത്ത് കരിവെള്ളൂരാം
രക്തസാക്ഷികൾ വാണിടം

വെള്ളൂർക്കര, യതല്ലെങ്കിൽ
കരിവെള്ളൂർ ക്രമത്തിലായ്
"കരിവെള്ളൂരു"മായ്ത്തീർന്നൂ
പരിണാമ പ്രചോദിതം

മുക്കണ്ണിനാൽ മൂവർപുരം-
ചുട്ട ദർപ്പകവൈരിതൻ
അഗ്ര്യേ വാണിക്ക് തൃക്കോവിൽ
തീർക്കാനാശിച്ചു നാട്ടുകാർ

ദേവസന്നിധിയിൽ, മുച്ചി-
ലോടിതിൻ തിരുമുന്നിലായ്
ഞങ്ങളന്നൊരു ദേവദ്രു
നട്ടു, നാട്ടിന്ന് ഭൂഷയായ്!

ശൈലാത്മജ വളർത്തുന്ന
ദേവവൃക്ഷത്തെ വാരണം
ക്ഷതമേല്പിച്ച് നോവിച്ചു
ശരജന്റെ സവിത്രിയെ!
(ശരജന്റെ)

പ്രതികൂലം സാഹചര്യം
ഏതുതാനാകിലും ദ്രുതം
വളർന്നു, പോറലേൽക്കാതെ
ഞങ്ങൾ നട്ട സുരദ്രുമം !
(ഏതുതാനാകിലും ദ്രുതം)

തട്ടുതട്ടുകളായ് പ്പൊങ്ങീ
വിഷ്ടപത്തിനു മുന്നിലായ്
പൂത്തു പുഷ്ക്കലയായ്ത്തീർന്നു
ക്ഷേത്രസന്നിധി തൈച്ചെടി !

വർഷമമ്പത് പിന്നിട്ടും
ഹർഷമേകി ലസിച്ചിടും
ഭദ്രദാരു നവോൽക്കർഷം
പൂണ്ടുമേവട്ടെ മേലിലും !

അതിന്റെ രക്ഷണത്തിന്നായ്
പാടുപെട്ടുള്ള ധന്യരെ
സ്മരിക്കട്ടെ നന്ദിപൂർവ്വം
ആദരാഞ്ജലിയോടുമേ !

ഉയരങ്ങളിൽ നിന്നേറ്റം
ഉയരത്തിങ്കലെത്തിയീ
സുരദാരു വിളങ്ങട്ടെ
സുചിരം സ്വർഗ്ഗവീഥിയിൽ

നേരുന്നു ഞാൻ 'മംഗളം', ശ്രീ-
യാളുമീ പുണ്യശാഖിതൻ
ഭാവിനന്മയ്ക്കതിൻ സർവ്വോൽ-
ക്കർഷ സൗരഭ്യവായ്പിനായ്!!

കെ.ടി.എൻ.സുകുമാരൻ നമ്പ്യാർ
സ്ഥാപനത്തിലെ പ്രഥമാദ്ധ്യാപകൻ



# ഉള്ളടക്കം




**ചിന്തയുടെ ഉള്ളുരുക്കങ്ങൾ**

- ഇ.എം.എസ്
- തായാട്ട്
- എം.എൻ.വിജയൻ
- വി.ആർ.കൃഷ്ണയ്യർ
- സുകുമാർ അഴീക്കോട്
- ഡോ.ടി.കെ.രാമചന്ദ്രൻ
- ഡോ.പി.ഗീത
- കെ.എൻ.ഗണേഷ്





**ചരിത്രത്തിന്റെ ഉണർവ്വുകൾ**

- കെ.കൃഷ്ണൻ മാസ്റ്റർ
- ഗംഗാധരൻ കരിവെള്ളൂർ
- പി.രാമചന്ദ്രൻ മാസ്റ്റർ
- പി.വി.നാരായണൻ മാസ്റ്റർ





**ഓർമ്മയുടെ പൈൽമരത്തണലുകൾ**

**ഓർമ്മകൾ വീണ്ടും പടികയറുമ്പോൾ**

- കരിവെള്ളൂർ മുരളി
- ഹരിദാസ് കരിവെള്ളൂർ
- പ്രകാശൻ കരിവെള്ളൂർ
- ഡോ.പി.പുഷ്പാംഗദൻ
- പി.വി.കെ.ഇയ്യക്കാട്
- പി.വി.കുഞ്ഞപ്പൻ മാസ്റ്റർ





**വിജ്ഞാനത്തിന്റെ വിസ്തൃതപഥങ്ങൾ**

- ഡോ.ഇ.ശ്രീധരൻ
- ഡോ.എം.ബാലൻ





**വർത്തമാനത്തിന്റെ കുതിപ്പുകൾ**

**പ്രവർത്തനരേഖ**

- കൊച്ചി അമ്പു
- അഡ്വ.കെ.വിജയകുമാർ





**കൈവെള്ളയിലെ കുന്നിമണികൾ**

- കുട്ടികളുടെ രചനകൾ



# ദേശീയോദ്ഗ്രഥനവും വിദ്യാഭ്യാസവും

ഇ.എം.എസ്.

കേരളത്തിലെ വിദ്യാലയങ്ങളിൽ അറബിയും ഉറുദുവും പഠിപ്പിക്കണമെന്ന ആവശ്യത്തെ മുൻനിർത്തി പ്രതിപക്ഷ കക്ഷികൾ ഏതാനും മാസംമുമ്പ് ഒരു പ്രക്ഷോഭം സംഘടിപ്പിക്കുകയുണ്ടായല്ലോ. അത് ന്യായീകരിച്ചുകൊണ്ട് ഇന്ത്യൻ യൂണിയൻ മുസ്ലീംലീഗിന്റെ നേതാക്കളിൽ ചിലർ "അറബി, മുസ്ലീങ്ങളുടെ മാതൃഭാഷയാണ്, മതഭാഷയല്ല" എന്ന് അഭിപ്രായപ്പെടുകയുണ്ടായി.

ഈ വാദമംഗീകരിക്കുകയാണെങ്കിൽ ഹിന്ദുക്കളുടെ മാതൃഭാഷ സംസ്കൃതം, ക്രിസ്ത്യാനികളുടേത് സുറിയാനി ലത്തീൻകാരുടേത് ലത്തീൻ – ഈ രീതിയിൽ ഓരോ മതവിഭാഗത്തിനും ഓരോ മാതൃഭാഷയുണ്ടായിരിക്കും. ഇത് അസംബന്ധമാണെന്ന് പറയേണ്ടതില്ലല്ലോ.

ജാതിയും മതവും മതപരമായ ചടങ്ങുകളിൽ പ്രസക്തമായിരിക്കാം. പക്ഷേ, അതല്ല മാതൃഭാഷ നിർണ്ണയിക്കുന്നതിനടിസ്ഥാനം. കുടുംബാംഗങ്ങൾ തമ്മിലുള്ള ബന്ധത്തിൽ ഉപയോഗിക്കുന്നതും ഇളംപ്രായത്തിൽത്തന്നെ മാതാവിൽ നിന്ന് ശിശുക്കൾക്ക് കിട്ടുന്നതുമായ ഭാഷയാണ് മാതൃഭാഷ. ജാതി–മതാദികളുടെ വ്യത്യാസങ്ങൾ നോക്കാതെ മലയാളം സംസാരിക്കുന്നവരുടെ മുഴുവൻ ഭാഷയാണ് മാതൃഭാഷയെന്നർത്ഥം.

കേരളത്തിൽ ജീവിക്കുന്ന തമിഴരുടേയും കന്നടക്കാരുടേയും ന്യൂനപക്ഷഭാഷകൾക്ക് അർഹമായ പരിഗണന നൽകിക്കൊണ്ട് നമ്മുടെ മാതൃഭാഷയായ മലയാളത്തെ ഭരണഭാഷയും, അധ്യാപനഭാഷയും ആക്കുന്നത് ജനാധിപത്യത്തിന്റെ വളർച്ചയ്ക്കും ദേശീയോദ്ഗ്രഥനത്തിനും അത്യാവശ്യമാണെന്ന് ചുരുക്കം.

എന്നാൽ, മാതൃഭാഷ മലയാളമെന്ന നിലയ്ക്ക് അംഗീകരിക്കുകയും ആ പദവി സംരക്ഷിക്കുകയും ചെയ്യണമെന്ന് ആഗ്രഹിക്കുന്നവർക്കിടയിൽത്തന്നെ അഭിപ്രായഭേദങ്ങൾ ഉളവാക്കുന്ന ചില പ്രശ്നങ്ങളുണ്ട്. ഇംഗ്ലീഷിനും ഹിന്ദിക്കുമുള്ള സ്ഥാനമാണ് ഇതിലൊന്ന്. മാതൃഭാഷതന്നെ ഏത്ഘട്ടംവരെ, ഏതുരീതിയിൽ പഠിപ്പിക്കണമെന്നതാണ് മറ്റൊന്ന്. കേന്ദ്രഭരണത്തിനെങ്കിലും ഒരു പൊതു 'അഖിലേന്ത്യാഭാഷ' വേണ്ടേ എന്ന ചോദ്യവുമുണ്ട്. ഈ രണ്ടുകാര്യങ്ങളിലും ഗൗരവാവഹമായഅഭിപ്രായവ്യത്യാസങ്ങളുണ്ടെന്നും പറയാൻ മടിക്കേണ്ടതില്ല. അവ പരിഹരിക്കുന്നതിനുള്ള ചില നിർദ്ദേശങ്ങളാണ് ഇവിടെ കൊടുക്കുന്നത്.

> കുടുംബാംഗങ്ങൾ തമ്മിലുള്ള ബന്ധത്തിൽ ഉപയോഗിക്കുന്നതും ഇളംപ്രായത്തിൽത്തന്നെ മാതാവിൽ നിന്ന് ശിശുക്കൾക്ക് കിട്ടുന്നതുമായ ഭാഷയാണ് മാതൃഭാഷ.

ഭരണകാര്യങ്ങൾക്കും വിദ്യാഭ്യാസത്തിനും ഉപയോഗിക്കപ്പെടുന്ന ഭാഷയായി മാതൃഭാഷ ഉപയോഗിക്കപ്പെടുന്നത് ആധുനികകാലത്തുമാത്രമാണ്. മുതലാളിത്തത്തിന്റെ വളർച്ചയും അതിന്റെ ഭാഗമെന്ന നിലയ്ക്ക് ജനാധിപത്യസംവിധാനത്തിന്റെ ഉയർച്ചയും നടക്കുന്നതുവരെ ക്ലാസിക്കൽ ഭാഷകൾ എന്നറിയപ്പെടുന്ന ഗ്രീക്ക്, ലത്തീൻ, സംസ്കൃതം മുതലായ ഭാഷകളാണ് ലോകത്തെമ്പാടും പ്രയോഗത്തിലിരുന്നത്. തെക്കേഇന്ത്യയിൽ ചെന്തമിഴും, അതിന്റെ തുടർച്ചയായ ഔദ്യോഗിക തമിഴും പ്രയോഗത്തിലിരുന്നു. വടക്കുപടിഞ്ഞാറൻ അതിർത്തി കടന്ന് വിദേശീയർ ഇങ്ങോട്ട് കയറാൻ തുടങ്ങിയതുമുതൽ വടക്കേ ഇന്ത്യയിലെ കുലീനഭാഷയെന്ന സ്ഥാനം പേർഷ്യൻ കരസ്ഥമാക്കി. വിദേശീയ കച്ചവടക്കാർ ഇന്ത്യയിലേക്ക് കടന്നുവന്നു. അവരുടെ ആധിപത്യം സ്ഥാപിക്കാൻ തുടങ്ങിയപ്പോഴാകട്ടെ, അവരുടെ ഭാഷ ഭരണകാര്യങ്ങൾക്കും വിദ്യാഭ്യാസത്തിനും ഉപയോഗിക്കപ്പെട്ടു. അക്കൂട്ടത്തിൽ അവസാനത്തേതും ഏറ്റവും വ്യാപകവുമാണ് ഇംഗ്ലീഷ്. അതിന്റെ പ്രാമുഖ്യം സ്വാതന്ത്ര്യലബ്ധിവരെ തുടർന്നു.

എന്നാൽ സ്വാതന്ത്ര്യസമരം മുന്നേറിയതോടെ ഇംഗ്ലീഷിന്റെ ഈ പദവിക്കെതിരായ നീക്കം ശക്തിപ്പെട്ടു.അതിന് രൂപംനൽകുന്നതിൽ ദേശീയ നേതൃത്വം മുൻനിന്നു. പക്ഷേ ഇംഗ്ലീഷിന്റെ ഉന്നതപദവി അവസാനിച്ചുകഴിഞ്ഞാൽ ആ സ്ഥാനത്ത് ഏതെങ്കിലുമൊരു ഇന്ത്യൻ ഭാഷ നിലവിൽ വരേണ്ടതല്ലേ; എങ്കിൽ അത് ഹിന്ദിയാവണ്ടേ; അതായത് മറ്റ് പല ഇന്ത്യൻ ഭാഷയകളിലൊന്നായ ഹിന്ദിയെ 'രാഷ്ട്രഭാഷ'യെന്ന പദവിയിലേക്ക് ഉയർത്തേണ്ടതല്ലേ – ഈ ചോദ്യങ്ങൾ ഉയർന്നുവന്നു. നേരെമറിച്ച് ഇംഗ്ലീഷ് തുടരണമെന്നും അതല്ല വിവിധ ഇന്ത്യൻ ഭാഷകളിലോരോന്നിനേയും ഓരോ രാഷ്ട്രഭാഷയായി അംഗീകരിക്കണമെന്നുമുള്ള രണ്ടഭിപ്രായ ശക്തികൾകൂടി ഉയർന്നുവന്നു. ഈ മൂന്ന് ചിന്താഗതികളും തമ്മിലുള്ള സംഘട്ടനത്തിന്റെ പ്രശ്നത്തിനാണ് ഇപ്പോൾ പരിഹാരം കാണേണ്ടത്.

ഭരണവും വിദ്യാഭ്യാസവും ബഹുഭൂരിപക്ഷം ജനങ്ങൾക്കാണ്, അതുകൊണ്ട് രണ്ടിന്റേയും മാധ്യമം ജനങ്ങളുടെ ഭാഷയായിരിക്കണം. ആ സ്ഥാനത്ത് ഇംഗ്ലീഷിനെ പ്രതിഷ്ഠിച്ചതാണ് ഇംഗ്ലീഷ്–ഈസ്റ്റിന്ത്യാ കമ്പനിയുടെ വിദ്യാഭ്യാസപദ്ധതി മുതൽക്ക് രണ്ടുനൂറ്റാണ്ടോളം കാലം നമ്മുടെ വിദ്യാഭ്യാസത്തേയും ഭരണത്തേയും അലങ്കോലപ്പെടുത്തിയത്. അത് തുടരുകയോ അഹിന്ദി പ്രദേശങ്ങളിൽ ഇംഗ്ലീഷിന്റെ സ്ഥാനത്ത് ഹിന്ദിയെ ഒഴിവാക്കുകയോ ചെയ്യുന്നത് ജനാധിപത്യ വളർച്ചയെ തടയാനേ പ്രയോജനപ്പെടുകയുള്ളൂ– ഇത്രയും സംഗതികൾ കാണാൻ കൂട്ടാക്കായ്കയിൽ നിന്നാണ് ആശയക്കുഴപ്പമുണ്ടാകുന്നത്.

അതായത് വില്ലേജ് മുതൽ അഖിലേന്ത്യാകേന്ദ്രംവരെ ഓരോ നിലവാരത്തിലുള്ള ഭരണത്തിൽ വിവിധമാതൃഭാഷകൾ ഇംഗ്ലീഷിന്റെ സ്ഥാനത്ത് വരണം. കേന്ദ്രം വരെയുള്ള ഭരണാധികാരികളുടെമുമ്പിൽ നിവേദനം സമർപ്പിക്കാൻ സ്വന്തം ഭാഷയുപയോഗിക്കുക, അവയ്ക്കുള്ള മറുപടികൾ സ്വന്തം ഭാഷയിൽ കിട്ടുക എന്നീ അവകാശങ്ങൾ എല്ലാ ഭാഷക്കാർക്കുമുണ്ടായിരിക്കണം. അതുപോലെ സർവ്വകലാശാല നിലവാരംവരെ വിദ്യാഭ്യാസമാകെ മാതൃഭാഷയിലാക്കണം. എങ്കിൽ മാത്രമേ ഭരണവും വിദ്യാഭ്യാസവും ആധുനിക ജനാധിപത്യത്തിന് ചേർന്നതാവുകയുള്ളൂ.

പക്ഷേ, ഇന്ത്യ ഒരു ബഹുഭാഷാ രാജ്യമാണ്. ഈ വിവിധ ഭാഷകളിലൊന്നും ഇംഗ്ലീഷടക്കം അരഡസനിലേറെവരുന്ന വികസിതവിദേശീയ ഭാഷകളിലൊന്നിന്റേയും അടുത്തെത്താനുമെത്താൻ വേണ്ടത്ര വളർന്നിട്ടില്ല. അതുകൊണ്ട് ഓരോ ഭാഷാസംസ്ഥാനത്തുമുള്ള ജനങ്ങൾക്ക് അഖിലേന്ത്യാ ബന്ധമുണ്ടാകാനും ആധുനിക വിജ്ഞാനത്തിന്റെ സമ്പത്ത് കൈവശപ്പെടുത്താനും കഴിയണമെങ്കിൽ സ്വന്തം ഭാഷയിൽ മാത്രമായി ഇവിടത്തെ വിദ്യാഭ്യാസക്രമം ഒതുങ്ങിനിന്നുകൂട. സെക്കന്ററി വിദ്യാഭ്യാസമെങ്കിലും ലഭിക്കുന്ന ഒരാൾക്ക് ഹിന്ദിയോ മറ്റേതെങ്കിലും ഇന്ത്യൻ ഭാഷയോ കൈകാര്യം ചെയ്യാൻ കഴിയണം. അതുപോലെ ഒന്നുകിൽ ഇംഗ്ലീഷ്, അല്ലെങ്കിൽ അതുപോലെ സാർവ്വലൗകിക പ്രാധാന്യമുള്ള മറ്റൊരു വിദേശഭാഷ പഠിക്കാനുള്ള സൗകര്യമുണ്ടാവണം. ഇതില്ലാതെ സ്വന്തം ഭാഷയുടെ ഇടുങ്ങിയ വൃത്തത്തിൽ മാത്രം കളിക്കുന്ന ഒരിന്ത്യൻ പൗരന് സാംസ്കാരികമോ പ്രായോഗികമോ ആയ വളർച്ചയുണ്ടാവുകയില്ല.

അതായത്, പ്രാഥമിക വിദ്യാഭ്യാസംതൊട്ട് മേലോട്ട് എല്ലാ നിലവാരത്തിലും അധ്യാപനം മാതൃഭാഷയാക്കുമ്പോൾ തന്നെ പ്രാഥമിക വിദ്യാഭ്യാസം കഴിഞ്ഞാൽ പിന്നെ മറ്റൊരിന്ത്യൻ ഭാഷ, ഒരു വികസിത വിദേശീയ ഭാഷ എന്നിവകൂടി പഠിക്കാൻ സൗകര്യമുണ്ടാക്കണം. അത് യഥാക്രമം ഹിന്ദിയും ഇംഗ്ലീഷും ആകുന്നതാണ് ബഹുഭൂരിപക്ഷം വിദ്യാർത്ഥികൾക്കും പ്രയോജനപ്പെടുക.

ഈ അന്യഭാഷാ പഠനം തുടങ്ങുന്നതിന് മുമ്പുതന്നെ മാതൃഭാഷാ പഠനത്തിന്റെ വലിയൊരംശം തീർന്നുകഴിഞ്ഞിരിക്കുമെന്നതിനാൽ സെക്കന്ററി നിലവാരത്തിൽ മാതൃഭാഷാ പഠനത്തിന്റെ തോത് ക്രമേണ കുറച്ചുകൊണ്ടുവരാനും സർവ്വകലാശാലാ നിലവാരത്തിൽ അത് തീരെ ഒഴിവാക്കാൻ തന്നെയും കഴിയേണ്ടതാണെന്ന് തോന്നുന്നു. സർവ്വകലാശാലാ നിലവാരത്തിൽപോലും എല്ലാ വിഷയങ്ങളും പഠിക്കാനുള്ള മാധ്യമം മാതൃഭാഷയാകയാൽ അത് നന്നായി പ്രയോഗിക്കാനുള്ള കഴിവ് ഈ ഘട്ടത്തിലും വർദ്ധിക്കുകയേ ഉള്ളൂ.

ഭരണഭാഷ മാതൃഭാഷയാക്കുമ്പോൾ രണ്ട് കാര്യത്തിന് പ്രത്യേകസംവിധാനം ഉണ്ടാക്കേണ്ടിവരും. ഭാഷയെ അടിസ്ഥാനമാക്കി രൂപീകരിച്ചിട്ടുള്ള ഇന്നത്തെ സംസ്ഥാനങ്ങളിൽ പലതിലും – അയൽസംസ്ഥാനങ്ങളുമായി തൊട്ടുകിടക്കുന്ന പ്രദേശങ്ങളിൽ വിശേഷിച്ചും – ന്യൂനപക്ഷ ഭാഷാവിഭാഗങ്ങളുണ്ടാകുന്നത് സ്വാഭാവികമാണല്ലോ.

അവർക്ക് ഉപരിവിദ്യാഭ്യാസമടക്കം എല്ലാ നിലവാരത്തിലും അധ്യയനമാധ്യമമായി സ്വന്തം ഭാഷയുപയോഗിക്കാൻ വേണ്ട സൗകര്യമുണ്ടാകണമെന്നതാണ് ഒന്ന്. ഇത്തരം പ്രദേശങ്ങളിലെ പ്രാദേശിക ഭരണത്തിന് ന്യൂനപക്ഷഭാഷ ഉപയോഗിക്കുന്നതിനുപുറമെ സംസ്ഥാനഗവൺമെന്റുകളുമായിട്ടുള്ള കത്തിടപാടുകളിലും സ്വന്തം ഭാഷ ഉപയോഗിക്കാൻ ഈ ന്യൂനപക്ഷ ഭാഷാവിഭാഗങ്ങൾക്കുള്ള അവകാശവും ഇതിൽപെടും.

രണ്ടാമത്, എല്ലാ അംഗീകൃത ഇന്ത്യൻ ഭാഷകളിലും അവശ്യമായ പരിഭാഷാ വിഭാഗങ്ങളേർപ്പെടുത്തി വിവിധ ഇന്ത്യൻ ഭാഷകളിൽ വരുന്ന നിവേദനങ്ങൾക്കും കത്തുകൾക്കും അതതു ഭാഷയിൽ മറുപടി അയക്കാൻവേണ്ട ഏർപ്പാട് കേന്ദ്രത്തിലുണ്ടായിരിക്കണം. പാർലമെന്റംഗങ്ങൾക്കാകട്ടെ, സ്വന്തം ഭാഷയിൽ സംസാരിക്കാനും മറ്റ് ഭാഷകളിൽ നടക്കുന്ന പ്രസംഗങ്ങളുടെ തർജമ അപ്പപ്പോൾ കിട്ടാനും ഏർപ്പാടുണ്ടാവണം. ഇപ്പോൾ ഡൽഹിയിലെ വിജ്ഞാനഭവനിൽ ഏർപ്പെടുത്തിയിട്ടുള്ള പരിഭാഷാ സംവിധാനം വികസിപ്പിച്ച് ഭരണഘടനയിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ ഭാഷകൾക്കും സ്ഥാനമുള്ള ഒരു പരിഭാഷാ സംവിധാനം പാർലമെന്റിലുണ്ടാവണമെന്നർത്ഥം.

ഇത് പ്രായോഗികമല്ലെന്ന് പറയുന്നതിനർത്ഥമില്ല. പ്രായോഗികമാക്കാൻ ഭരണാധികാരികൾ തയ്യാറുണ്ടോ, അതോ അവർ ഇംഗ്ലീഷ് തുടരുന്നതിന്റെയും ഹിന്ദിവാഴ്ചയുടെയും പക്ഷപാതികളായിത്തിരിഞ്ഞ് ഇന്ത്യൻ ജനതയെ തമ്മിലടിപ്പിക്കുമോ ഇതാണ് പ്രശ്നം.

അവസാനമായി അധ്യയനമാധ്യമവും ഭാഷാപഠനവും തമ്മിൽ കൂട്ടിക്കുഴച്ചുകൊണ്ടുള്ള അസംബന്ധമായ ഒരു വാദഗതികൂടി പരാമർശിക്കേണ്ടതുണ്ട്. അധ്യയനമാധ്യമമെന്ന പദവിയിൽ നിന്ന് ഇംഗ്ലീഷിനെ താഴെയിറക്കിയാൽ ഇംഗ്ലീഷ്പഠനം മോശമാകുമെന്ന വാദഗതിയേയാണ് ഇവിടെ സൂചിപ്പിക്കുന്നത്. ഇത് ശരിയല്ലെന്നുള്ളതിനുള്ള ഏറ്റവും വലിയ തെളിവാണ് ഇന്ത്യക്കാരായ നമ്മേക്കാൾ ഒട്ടും മോശമല്ലാതെ ഇംഗ്ലീഷ് ഉപയോഗിക്കുന്ന ഫ്രഞ്ചുകാർ, ജർമൻകാർ, റഷ്യക്കാർ മുതലായ വിദേശീയ പണ്ഡിതന്മാരും നയതന്ത്രപ്രതിനിധികളും. സ്വന്തം ഭാഷ മാധ്യമമാക്കിക്കൊണ്ട് ഇംഗ്ലീഷ്ഭാഷയടക്കം എല്ലാ വിഷയങ്ങളും പഠിച്ചുപ്രാവീണ്യം നേടിയവരാണ് ഇവർ. അതുപോലെതന്നെ ഇംഗ്ലീഷ് അധ്യയനമാധ്യമമാക്കി മറ്റ് വിദേശഭാഷകൾ കൈകാര്യം ചെയ്യുന്നവരേയും ധാരാളം കാണാം.

ഇന്ത്യയിൽത്തന്നെ മാതൃഭാഷയെന്ന മാധ്യമത്തിലൂടെ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി പിന്നീട് ഹിന്ദിയോ തമിഴോ മറ്റേതെങ്കിലും ഇന്ത്യൻ ഭാഷയോ സ്വായത്തമാക്കിയവരേയും ധാരാളം കാണാം. മറ്റ് വിഷയങ്ങളെപ്പോലെ ഇംഗ്ലീഷ് അല്ലെങ്കിൽ മറ്റൊരു വിദേശീയ ഭാഷ, ഹിന്ദി അല്ലെങ്കിൽ മറ്റൊരു ഇന്ത്യൻ ഭാഷ – ഇതുരണ്ടും പഠിക്കണം. അതിനുവേണ്ടി അധ്യയന മാധ്യമം വിദേശീയഭാഷയോ മറ്റിന്ത്യൻ ഭാഷയോ ആക്കരുത് എന്ന് ചുരുക്കം.

മറ്റ് വിഷയങ്ങളെപ്പോലെ ഇംഗ്ലീഷ് അല്ലെങ്കിൽ മറ്റൊരു വിദേശീയ ഭാഷ, ഹിന്ദി അല്ലെങ്കിൽ മറ്റൊരു ഇന്ത്യൻ ഭാഷ – ഇതുരണ്ടും പഠിക്കണം. അതിനുവേണ്ടി അധ്യയന മാധ്യമം വിദേശീയഭാഷയോ മറ്റിന്ത്യൻ ഭാഷയോ ആക്കരുത് എന്ന് ചുരുക്കം.

# അമേരിക്കൻ വിദ്യാഭ്യാസം



തായാട്ട് ശങ്കരൻ

ഒരു ശരാശരി അമേരിക്കൻ പൗരന്റെ ലോക വിജ്ഞാനം ദയനീയമാംവിധം ശൂന്യമാണ്. ഉത്തരം പറയാനുള്ള ഭാഷാപരമായ കഴിവു പോലും അവനില്ല. വല്ലതും ചോദിച്ചാൽ യൂനോ ഐസീ, വാട്ട് ഐ മീൻ എന്നിങ്ങനെ തപ്പിത്തടഞ്ഞുകൊണ്ടല്ലാതെ സംസാരിക്കുന്നതിനു പോലും വശമില്ല. അമേരിക്കയിലെ മുതിർന്നവരിൽ രണ്ടു കോടി മുപ്പതുലക്ഷം പേർ പ്രായോഗിക ജീവിതത്തിൽ നിരക്ഷരരാണ്

**എതുകാര്യത്തിലും അനുകരിക്കാവുന്ന ഒരു സങ്കല്പ സ്വർഗ്ഗമായി അമേരിക്കയെ മനസാവരിച്ച മഹാഭൂരിപക്ഷം പേർക്കും അത്രയേറെ അറിയാത്ത ഒരു കാര്യമാണ് അവിടത്തെ വിദ്യാഭ്യാസത്തിന്റെ നിലവാരം. പ്രമുഖവിദ്യാഭ്യാസ വിചക്ഷണനും നിരൂപകനും പത്രാധിപരുമായിരുന്ന തായാട്ട് ശങ്കരൻ എഴുതിയ ശ്രദ്ധേയമായ ലേഖനം പുനഃപ്രസിദ്ധീകരിക്കുന്നു.**

17.5 ഡോളർ കൊടുത്ത് ഒരു തോൽ അരപ്പട്ട വാങ്ങി. ആ സ്റ്റോറിൽ അമ്പതു ശതമാനം കിഴിവ് അനുവദിക്കും. വീട്ടിലെത്തി നോക്കിയപ്പോഴാണ് വിൽപ്പനക്കാരി പെൺകുട്ടി മുഴുവൻ വിലയ്ക്കും ബില്ലിട്ടത് കണ്ടത്. അദ്ദേഹം തിരിച്ചുചെന്നു കമ്മീഷൻ കിഴിവ് നൽകാൻ ആവശ്യപ്പെട്ടു. കാറ്റലോഗിൽ കണ്ട വില താൻ ബില്ലിൽ പകർത്തിയെന്നേയുള്ളുവെന്നും കമ്മീഷൻ കഴിച്ചുള്ള വില എന്താണെന്ന് തനിക്ക് നിശ്ചയമില്ലെന്നും അവൾ സമാധാനം പറഞ്ഞു. ഒടുവിൽ ഒരു ക്ലാർക്കിനെ സഹായത്തിനുവിളിച്ചു. അദ്ദേഹം ഒട്ടേറെ കുത്തിക്കുറിക്കലുകൾക്കുശേഷം 8.25 ഡോളർ തിരിച്ചുകൊടുത്തു. വീണ്ടും കണക്കുകൂട്ടാൻ പറഞ്ഞു. ഒടുവിൽ വളരെ പാടുപെട്ടാണ് 17.50 ഡോളറിന്റെ അമ്പതു ശതമാനം 8.75 ഡോളറാണെന്ന കണ്ടുപിടുത്തത്തിൽ അവർ രണ്ടുപേരും കൂടി എത്തിച്ചേർന്നത്! സ്റ്റോറിലെ വിൽപ്പനക്കാരിയുടെ തൊഴിൽ വിദ്യാഭ്യാസത്തിൽ നല്ല മിടുക്ക് കാണിക്കുന്നവർക്ക് മാത്രമേ ലഭിക്കുകയുള്ളൂ.

ഒരു ശരാശരി അമേരിക്കൻ പൗരന്റെ ലോകവിജ്ഞാനം ദയനീയമാംവിധം ശൂന്യമാണ്. ഉത്തരം പറയാനുള്ള ഭാഷാപരമായ കഴിവുപോലും അവനില്ല. വല്ലതും ചോദിച്ചാൽ യൂനോ, ഐസീ, വാട്ട് ഐമീൻ എന്നിങ്ങനെ തപ്പിത്തടഞ്ഞു കൊണ്ടല്ലാതെ സംസാരിക്കുന്നതിനു പോലും വശമില്ല. ഇതെല്ലാം ഏതെങ്കിലും അമേരിക്കൻ വിരുദ്ധ കേന്ദ്രം പ്രചരിപ്പിക്കുന്ന അപവാദങ്ങളല്ല. അമേരിക്കൻ വിദ്യാഭ്യാസത്തിന്റെ നിലവാരത്തകർച്ചയെക്കുറിച്ച് പഠിച്ച് പരിഹാരം നിർദ്ദേശിക്കുന്നതിന് റൊണാൾഡ് റീഗന്റെ വിദ്യാഭ്യാസ കാര്യ സെക്രട്ടറി ടെറൽ എച്ച്ബെൽ സ്റ്റേറ്റിലെ ഏറ്റവും മികച്ച വിദ്യാഭ്യാസ വിചക്ഷണൻമാരടങ്ങിയ ഒരു പതിനെട്ട് അംഗ കമ്മിറ്റി രൂപവൽക്കരിക്കുകയുണ്ടായി. ആ കമ്മിറ്റിയുടെ റിപ്പോർട്ടിലാണ് ഈ നിലവാരത്തകർച്ച എടുത്തുപറഞ്ഞിട്ടുള്ളത്. ഒരു സമൂഹമെന്ന നിലയ്ക്കും ഒരു രാജ്യമെന്ന നിലയ്ക്കും അമേരിക്കയുടെ ഭാവിയെക്കുറിച്ച് ഉൽകണ്ഠ ജനിപ്പിക്കും വിധം ആപൽകരമാണ് സ്ഥിതിഗതികൾ എന്നാണ് അവരുടെ റിപ്പോർട്ട്. ഒരു തലമുറയ്ക്കുമുമ്പ് വിഭാവനം ചെയ്യാനാവാത്ത കാര്യങ്ങൾ സംഭവിച്ചിരിക്കുന്നു. മറ്റുരാജ്യങ്ങൾ ഒപ്പത്തിനൊപ്പം എത്തി എന്നല്ല അവ നമ്മെക്കാൾ വളരെദൂരം മുന്നോട്ടുപോയിക്കഴിഞ്ഞിരിക്കുന്നു. സൗഹൃദശൂന്യമായ ഒരു വിദേശഭരണമാണ് നമ്മുടെ ഇന്നത്തെ വിദ്യാഭ്യാസം കെട്ടിവെച്ചിരുന്നതെങ്കിൽ നാമതിനെ ഒരു യുദ്ധകാല നടപടിയായി കണക്കാക്കിയേനെ. 1957 ൽ റഷ്യൻ സ്പുട്നിക് ബഹിരാകാശത്തെ വലംവെച്ചപ്പോൾ നാമുണർന്നു. ആ ഉണർവ്വുപോലും ഇന്ന് നമുക്ക് നഷ്ടപ്പെട്ടിരിക്കുന്നു. അന്നുള്ളത്ര ഒരു പിൻനിര സജ്ജീകരണംപോലും നമുക്കിന്നില്ല.– കമ്മിറ്റി പറയുന്നു. അമേരിക്കയിലെ മുതിർന്നവരിൽ രണ്ടുകോടി മുപ്പതുലക്ഷം പേർ പ്രായോഗിക ജീവിതത്തിൽ നിരക്ഷരരാണ് എന്നാണ് കമ്മിറ്റിയുടെ കണക്കുകൂട്ടൽ. പ്രായോഗികജീവിതം എന്നതിന് കമ്മിറ്റി കൊടുക്കുന്ന വിശദീകരണം ദൈനംദിനമായ ആവശ്യത്തിനുള്ള എഴുത്ത്, വായന, സാമാന്യമായ കണക്കുകൂട്ടൽ എന്നിവയ്ക്ക് കഴിവുണ്ടാവുക എന്നാണ്. 17 വയസ്സ് പ്രായംവരെയുള്ള ചെറുപ്പക്കാരുടെ കൂട്ടത്തിൽ പതിമൂന്നു

അമേരിക്കയിൽ ഗവൺമെന്റ് സ്കൂളിലെ നിലവാരം തകർന്നു കൊണ്ടിരിക്കുകയും സ്വകാര്യ ഏജൻസികൾ വളർന്നുവരികയും ചെയ്യുന്നു. ഈ സ്കൂളിൽ കുട്ടികളെ ചേർത്തു പഠിപ്പിക്കുന്നതിന് വർഷംപ്രതി ആയിര ക്കണക്കിന് ഡോളർ ചെലവിടണം. കോളേജിലോ സർവ്വകലാശാലയിലോ ചേർക്കണമെങ്കിൽ ഒരുവർഷം ചുരുങ്ങിയത് പതിനായിരം ഡോളർ വേണം. ഇതിന്റെയെല്ലാം ഫലമോ? പണത്തിൽ മികവുള്ള വർഗ്ഗത്തിനുമാത്രമേ വിദ്യാഭ്യാസത്തിലും മികവ് കാണിക്കാൻ കഴിയുന്നുള്ളൂ. ഭരണം, ശാസ്ത്രം, വ്യവസായം, നേതൃത്വം എന്നിവ ഉപരിവർഗ്ഗത്തിന്റെ കൈയിൽ അഷ്ടബന്ധമിട്ട് ഉറപ്പിച്ചുനിർത്തിയിരിക്കുന്നു. പണമില്ലാത്തവൻ കയറിവരുന്ന എല്ലാ കവാടങ്ങളും ഭദ്രമായി അടച്ചുപൂട്ടി താക്കോൽ സൂക്ഷിച്ചിരിക്കുന്നു. വർഗ്ഗവിദ്യാഭ്യാസത്തിന്റെ ഒന്നാംതരം മാതൃകതന്നെ.

ശതമാനം പേരും ഈ അർഥത്തിൽ നിരക്ഷരരാണ് എന്ന് കമ്മിറ്റി കണ്ടെത്തിയിരിക്കുന്നു. കറുത്തവർഗ്ഗക്കാർ, ഹിസ്പാനിയൻമാർ തുടങ്ങിയ ന്യൂനപക്ഷത്തിന്റെ കാര്യത്തിൽ നാൽപതുശതമാനവും ഈ വിഭാഗത്തിൽപ്പെടുന്ന അക്ഷരഹീനരാണ്. കറുത്തവർഗ്ഗം തുടങ്ങിയ ന്യൂനപക്ഷത്തിന്റെ കാര്യത്തിലാണെങ്കിൽ ഇത്തരക്കാർ നാൽപതുശതമാനം വരും. ഇരുപത്തിയാറുവർഷം മുമ്പ് സ്പുട്നിക് അമ്പരപ്പിച്ച കാലത്തേക്കാൾ പിന്നോട്ട് പോയിരിക്കുകയാണ് സാമാന്യ വിദ്യാഭ്യാസത്തിന്റെ നിലവാരം. കഴിഞ്ഞ ഇരുപതു വർഷത്തിനിടയിൽ വ്യാവസായികമായി മുൻനിരയിൽ നിൽക്കുന്ന രാജ്യങ്ങൾ പങ്കെടുത്തുകൊണ്ട് നടത്തിയ പത്തൊമ്പത് അക്കാദമിക് പരീക്ഷകളിൽ ഒന്നിലെങ്കിലും ഒന്നാംസ്ഥാനമോ രണ്ടാംസ്ഥാനമോ നേടാൻ അമേരിക്കയ്ക്ക് കഴിഞ്ഞിട്ടില്ലെന്നും ഇതിൽ ഏഴെണ്ണത്തിൽ അമേരിക്കയുടെ സ്ഥാനം ഏറ്റവും ഒടുവിലത്തേതായിരുന്നുവെന്നും റിപ്പോർട്ട് പറയുന്നു. അമേരിക്കൻ വ്യവസായലോകവും സൈനിക നേതൃത്വവും പരാതിപ്പെടുന്നത് അവർക്ക് കിട്ടുന്ന യുവാക്കളെ വായന, എഴുത്ത്, സ്പെല്ലിംഗ്, കണക്കുകൂട്ടൽ ഇവയിൽ സാമാന്യനിലവാരത്തിലേക്ക് കൊണ്ടുവരുന്നതിന് അനേകം കോടി ഡോളർ ചെലവിടേണ്ടിവരുന്നുവെന്നാണ്.

ഈ തരംതാഴ്ചയ്ക്ക് രണ്ടുവിധത്തിലുള്ള വിശദീകരണമാണ് നൽകപ്പെടുന്നത്. അമേരിക്കയിൽ കുടുംബജീവിതം തകർന്നിരിക്കുന്നു. അമ്മയായാലും അച്ഛനായാലും ആ ആൾക്ക് കുറേക്കൂടി നല്ല ജീവിതത്തിനുവേണ്ടി കുറേക്കൂടി മണിക്കൂറുകൾ പണിയെടുക്കണം. കുട്ടിയെ ശ്രദ്ധിക്കാൻ അത്രകണ്ട് നേരം കിട്ടുകയുമില്ല. കുട്ടി സ്കൂളിൽ പോകുന്നുണ്ടോ, ഹോംവർക്ക് ചെയ്യുന്നുണ്ടോ അതല്ല ദേശീയമായ കറുപ്പ് കച്ചവടമായി ത്തീർന്നിട്ടുള്ള ടെലിവിഷനിൽ ലയിച്ച് മയങ്ങിക്കഴിയുകയാണോ? ഇതൊന്നും ശ്രദ്ധിക്കാൻ പിതാക്കൾക്ക് നേരമില്ല. ജോലി കഴിഞ്ഞുവന്നാൽ അവനവനു തന്നെ അൽപം വിശ്രമവും വിനോദവും വേണ്ടേ?

സാങ്കേതികവിദ്യയുടെ പ്രചാരണമാണ് വിദ്യാഭ്യാസത്തിന്റെ തരംതാഴ്ചയ്ക്ക് പറയുന്ന മറ്റൊരു കാരണം. എല്ലാ കുട്ടികളുടെ കീശയിലും ഒരു പോക്കറ്റ് കമ്പ്യൂട്ടർ ഉണ്ടാകും. രണ്ട് സംഖ്യകൾ തമ്മിൽ കൂട്ടുന്നതും പെരുക്കുന്നതും കിഴിക്കുന്നതും ഒന്നും ഒരു വിദ്യാർത്ഥിക്കറിയില്ല. അറിയേണ്ടതുമില്ല. എല്ലാം കമ്പ്യൂട്ടർ ചെയ്യും. അപ്പോൾപിന്നെ സ്വന്തം ബുദ്ധിയുടെ വ്യാപാരവും വികാസവും മരവിച്ചുപോകുന്നുവെങ്കിൽ സ്വാഭാവികമല്ലേ. ആദ്യം സൂചിപ്പിച്ചതുപോലെ പതിനേഴര ഡോളറിന്റെ അമ്പതുശതമാനം എത്രയെന്ന് മനസ്സിൽ കണക്കുകൂട്ടുന്നത് ഒരു മഹാസിദ്ധിയായി മാറിയിരിക്കുന്നു. ദേശീയതലത്തിൽ ബാറ്ററി ഉല്പാദനം നിലച്ചാൽ അമേരിക്കയിൽ കണക്കുകൂട്ടുകയെന്ന വിദ്യ നിലച്ചുപോകും എന്നതാണ് ഇന്നത്തെ നില.

അമേരിക്കൻ സിലബസിനെ 'കഫ്റ്റീരിയ സിലബസ്' എന്നാണ് പ്രസ്തുത കമ്മീഷൻ വിശേഷിപ്പിക്കുന്നത്. ആഹാരത്തിന് രുചി കൂട്ടുന്നതിന് അൽപം അച്ചാറും ആഹാരം കഴിഞ്ഞ് മൊത്തം സംതൃപ്തിക്കുവേണ്ടി ഇത്തിരി പുഡ്ഡിംഗും നല്ലതു തന്നെ. എന്നാൽ അച്ചാറും പുഡ്ഡിംഗുമാണ് മുഖ്യ ആഹാരം എന്ന് തെറ്റിദ്ധരിച്ചാലോ? അതുപോലെ സാമാന്യവിദ്യാഭ്യാസത്തിന്റെ പാതയിൽ നിന്ന് അമേരിക്കൻ വിദ്യാഭ്യാസം വഴിമാറിപ്പോയിരിക്കുന്നുവെന്നാണ് കമ്മിറ്റി കണ്ടെത്തിയത്. ഡ്രൈവിംഗും പ്രായപൂർത്തിയെത്തിയാൽ വിവാഹം കഴിക്കേണ്ടതെങ്ങനെയെന്നും മറ്റും ദേശീയ വിദ്യാഭ്യാസപദ്ധതിയിലെ മുഖ്യആഹാരം ആയിക്കൂട - ഹൈസ്കൂൾ ക്ലാസിൽ കുറഞ്ഞത് നാലുവർഷത്തെ ഭാഷാപഠനവും മൂന്നുവർഷത്തെ ഗണിതവും, സോഷ്യൽ സ്റ്റഡിയും സയൻസും ആറുമാസത്തെ കംപ്യൂട്ടർ സയൻസും നിർബന്ധമായിരിക്കണം. ദിവസം അഞ്ചര മണിക്കൂറിനുപകരം ഏഴുമണിക്കൂറും വർഷത്തിൽ 180 ദിവസത്തിനുപകരം 200 ദിവസവും - കഴിയുമെങ്കിൽ 220 ദിവസം - സ്കൂൾ പഠനം വേണം.

ഇടത്തരം കുടുംബത്തിൽ പെട്ടവരാണ് അവിടെ വീർപ്പുമുട്ടുന്നത്. അവർ വിദ്യാഭ്യാസത്തെ കാര്യമായെടുക്കുന്നു. പക്ഷേ ഗവൺമെന്റ് സ്കൂളിലെ നിലവാരം തകർന്നുകൊണ്ടിരിക്കുകയും സ്വകാര്യ ഏജൻസികൾ വളർന്നുവരികയും ചെയ്യുന്നു. ഈ സ്കൂളിൽ കുട്ടികളെ ചേർത്തു പഠിപ്പിക്കുന്നതിന് വർഷംപ്രതി ആയിരക്കണക്കിന് ഡോളർ ചെലവിടണം. കോളേജിലോ സർവ്വകലാശാലയിലോ ചേർക്കണമെങ്കിൽ ഒരുവർഷം ചുരുങ്ങിയത് പതിനായിരം ഡോളർ വേണം. ഇതിന്റെയെല്ലാം ഫലമോ? പണത്തിൽ മികവുള്ള വർഗ്ഗത്തിനുമാത്രമേ വിദ്യാഭ്യാസത്തിലും മികവ് കാണിക്കാൻ കഴിയുന്നുള്ളൂ. ഭരണം, ശാസ്ത്രം, വ്യവസായം, നേതൃത്വം എന്നിവ ഉപരിവർഗ്ഗത്തിന്റെ കൈയിൽ അഷ്ടബന്ധമിട്ട് ഉറപ്പിച്ചുനിർത്തിയിരിക്കുന്നു. പണമില്ലാത്തവൻ കയറിവരുന്ന എല്ലാ കവാടങ്ങളും ഭദ്രമായി അടച്ചുപൂട്ടി താക്കോൽ സൂക്ഷിച്ചിരിക്കുന്നു. വർഗ്ഗവിദ്യാഭ്യാസത്തിന്റെ ഒന്നാംതരം മാതൃകതന്നെ.



# സംവാദ വിദ്യാഭ്യാസം

പ്രൊഫ. എം.എൻ.വിജയൻ

പെൻഷൻ പറ്റിയ എല്ലാ ആളുകളും കാലഹരണപ്പെട്ടവരാണ്. പെൻഷൻ പറ്റുന്ന കാലം വരെ ഞാനും ഇപ്പോൾ നിങ്ങളും പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നത് കാലഹരണപ്പെട്ട വസ്തുതകളാണ്. അധ്യാപകലോകം ഒരു വ്യവസ്ഥയുടെ, ഭരണകൂടത്തിന്റെ, ഒരു താല്പര്യത്തിന്റെ പഴയ ആശയങ്ങൾ വിൽക്കുവാൻ നിയോഗിക്കപ്പെട്ടിട്ടുള്ള ഒരു വർഗ്ഗമാണ്. ഇത് നാം മറക്കുകയാണ്. അതാണ് സൗകര്യം എന്നുള്ളതുകൊണ്ടാണ് മറക്കുന്നത്. ലോകത്തിന്റെ എല്ലാ വ്യവസ്ഥകളുടേയും നിലനിൽപ്പിനുള്ള ഉപകരണമാണ്, ഒരുപക്ഷേ മൗലികമായ ഉപകരണമാണ് വിദ്യാഭ്യാസം. ഇത്തരം ഒരു ഉപകരണം കൈകാര്യം ചെയ്യുമ്പോൾ നാം അറിയാതെ നിലവിലിരിക്കുന്ന വ്യവസ്ഥയുടേയും നിലവിൽ ന്യായം എന്നപേരിൽ നടക്കുന്ന അന്യായങ്ങളുടേയും നിലവിൽ സത്യമെന്ന പേരിൽ പ്രചരിപ്പിക്കപ്പെടുന്ന അസത്യങ്ങളുടേയും വക്താക്കളായിത്തീരുക കൂടി ചെയ്യുന്നുണ്ട്. കുഴികുത്തി ഒരു കെണിവെച്ച് ആനക്കുട്ടികളെപ്പിടിച്ച് അതിനെ നഴ്സറികളിലിട്ട് മെരുക്കി വളർത്തിയെടുത്ത് ഏതാനും ആനകളെ തടിപിടിക്കാനും പണിയെടുക്കാനും ഏതാനുംപേരെ രാജാവിന് സവാരി ചെയ്യാനും ഉള്ള തലയെടുപ്പുള്ള ഉപകരണങ്ങളാക്കി മാറ്റിത്തീർക്കുക എന്നുള്ളതാണ് ആനയുടെ വിദ്യാഭ്യാസ പദ്ധതി.

നമ്മുടെ വിദ്യാഭ്യാസ പദ്ധതി അതല്ല. കാട്ടിൽ അലഞ്ഞു നടക്കുന്ന ആനയെ നിർബന്ധമായും ഒരു കുഴിയിൽ വീഴ്ത്തുക. അങ്ങനെ വീഴ്ത്തിയാൽ ആ കുട്ടിയെ നാം നമുക്ക് സാധിക്കുന്ന എല്ലാ മർദ്ദനമുറകളും ഉപയോഗിച്ച് പാകപ്പെടുത്തുന്നു. അത് പലതരത്തിൽ ആകാം. തോട്ടികൊണ്ട് കുത്തിയിട്ടാകാം. പഴം കൊടുത്തിട്ടാകാം. മറ്റ് പലതരത്തിൽ രൂപപ്പെടുത്തിയെടുക്കുകയും രൂപപ്പെടുത്തിയെടുത്ത ഒരു കുട്ടിയെ മൂല്യവത്താണ് എന്ന് കരുതുന്ന ഒരു വ്യവസ്ഥയുടെ ഉപകരണമാക്കി മാറ്റിത്തീർക്കുകയും ചെയ്യുന്നു. അതിലൊന്ന് ഉപയുക്തതയാണ്. നമുക്ക് ഇന്ന് നിലവിലിരിക്കുന്ന വ്യവസ്ഥയുടെ തടിപിടിക്കാൻ വിദ്യാർത്ഥികളെ ഒരുക്കിയെടുക്കാം. ഇന്ന് ജീവിച്ചിരിക്കുന്ന, മാന്യന്മാരെന്ന് കരുതുന്ന ആളുകളെ പേറിക്കൊണ്ട് നടക്കുവാനുള്ള ഉപകരണങ്ങളാക്കിത്തീർക്കാം. അധികാരം നമ്മുടെ ചുമലിൽ ഏറ്റുമ്പോൾ നാം തലയേ ഉയർത്തിപ്പിടിക്കൂ. നമ്മുടെ തലയിലുള്ളത് ദൈവമാണെന്നും, നാം ദൈവത്തെ ചുമക്കുന്ന വലിയ ആളുകളാണെന്നും സാമാന്യമായി ധരിച്ചു പോകുന്നു. പക്ഷേ ഇത്തരം കാര്യങ്ങളുടെ സാമാന്യ സ്വഭാവം നാം ഈ തീരുമാനങ്ങൾ എടുക്കുന്നതൊന്നും ആനയോട് ചോദിച്ചിട്ടല്ല എന്നതാണ്. ആന തടിപിടിക്കുന്നതും ദേവനെ ചുമക്കുന്നതും, ആന ഒരുപക്ഷേ ജയ്പൂരിലെ രാജാവിനെ ചുമന്നു കൊണ്ടുപോകുന്നതും നമ്മുടെ മാന്യന്മാരെ കൈയുയർത്തി സലാം വെക്കുന്നതും ആനയുടെ ആവശ്യപ്രകാരമല്ല. ആനയ്ക്ക് നാം നൽകുന്ന പല Intimidatians ന്റെ ഫലമായാണ്. നാം പുറത്തു വന്ന് പറയുന്നത് ആനയുടെ ജീവിതം ചരിതാർത്ഥമാണ് എന്നാണ്. നമ്മുടെ കഴുത്തിൽ ഒരു മാലയിടുവാൻ, ദേവനെ മുതുകിൽ ചുമന്നുകൊണ്ട് നടക്കുവാൻ, വ്യാവസായിക ദുഷ്പ്രഭുത്വത്തിന്റെ വിടുവേല ചെയ്യുവാൻ, ഒരു വർഗ്ഗത്തെ താപ്പാനകളെപ്പോലെ ഒരുക്കിയെടുത്തതിന് ശേഷം നാം ചെയ്യുന്നത് വിശിഷ്ടമായൊരു ജോലിയാണ് എന്ന് തീരുമാനിക്കാൻ നമുക്ക് വളരെ കുറച്ച് അവകാശമേയുള്ളൂ. ഇത് അസുഖകരമായ ഒരു വാസ്തവമാകാം. എങ്കിലും നമ്മെ സംബന്ധിച്ച മൗലികമായ വാസ്തവം റിട്ടയർ ചെയ്ത ഒരു അധ്യാപകൻ സ്വതന്ത്രനായ ഒരു അധ്യാപകനാണ്. അയാൾക്ക് എന്തും പറയാം. പക്ഷേ നാം ഇപ്പോൾ ഓർക്കുന്നത് ഈ കാലം മുഴുവൻ എന്ത് ചെയ്യുകയായിരുന്നു എന്നുകൂടിയാണ്.

ഒരു വ്യാവസായിക ഉപയോഗം, തടിപിടിക്കൽ ആനയുടെ ഒരു സെക്കുലർ ഉപയോഗമാണെന്നു പറയാം. കാരണം തടിക്ക് മതമില്ലാത്തതുകൊണ്ട് തടികൾ വ്യവസായികളുടേതായതുകൊണ്ട് കാട്ടിലെ മരംവലിക്കുന്ന തേവരുടെ ആന അപ്പോൾ ഒരു വ്യാവസായിക യുഗത്തിലെ തൊഴിലാളിയാവും. നാം ബഹുമാനിക്കുന്ന പ്ലേറ്റോയുടെ സമുദായത്തിൽ പടപ്പാട്ട് പാടുകയും യുദ്ധം ചെയ്യുകയും ആണ് ഒരു മനുഷ്യന്റെ പ്രാഥമികവും മൗലികവുമായ ലക്ഷ്യം. ഒരു യോദ്ധൃ സമുദായത്തിൽ യുദ്ധം ചെയ്യുന്നവനാണ് മാന്യൻ. ഒരു കച്ചവടസമുദായത്തിൽ Aggressive ആയിട്ടുള്ള ആളാണ് മാന്യൻ. Aggressive അല്ലാത്ത ഒരു കുട്ടിക്കും ഇന്ന് നമ്മുടെ സമുദായത്തിൽ ജോലി കിട്ടില്ല Aggressive is a bourgeois virtue എന്ന് പറയും ഇന്ത്യക്കാർ പണ്ട് ജീവിച്ചിരുന്ന ഫ്യൂഡൽ സമുദായത്തിൽ Aggressiveness ഒരു മൂല്യമല്ല, മറിച്ച് വിനയമാണ് മൂല്യം. വിനയം മൂല്യമായിത്തീരുന്നത് – അതായത് ഒരുവന് എന്ത് അറിയാമോ അത് അറിയില്ലെന്ന് പറയുക എന്ത് ചെയ്യുവാൻ കഴിയുമോ അത് ചെയ്യുവാൻ കഴിയില്ല എന്ന് പറയുക, എന്ത് അർഹതയുണ്ടോ അതിന് അർഹതയില്ല എന്ന് സ്വയം പറയുക- ഇത് ഒരു ഫ്യൂഡൽ സമുദായത്തിന്റെ ജീവിത തന്ത്രമാണ്. വിനയം എന്നുള്ളത് ഇന്ത്യൻ സമുദായത്തിന്റെ ജീവിത തന്ത്രമാണ്. വിനയം ഒരു ഗുണമാണെന്ന് പഠിപ്പിച്ചിട്ടുണ്ട്. എനിക്കത് ഇപ്പോഴും ബോധ്യമല്ല. കാരണം വിനയം എന്നുള്ളത് നുണ പറയാനുള്ള പരിശീലനമാണ്. അതുകൊണ്ട് വിനയാന്വിതനായ ഒരു Sales repre-



sentative നെ നിങ്ങൾക്ക് കാണാൻ കഴിയില്ല. കാരണം He must sell. വിൽക്കുകയെന്നുള്ളത് നിങ്ങളുടെ പേഴ്സിന്റെ മേലുള്ള ഒരു കൈയേറ്റമാണ്. നിങ്ങളുടെ തലച്ചോറിന്റെ മേലുള്ള കൈയേറ്റമാണ്. പരസ്യം എന്നുള്ളത് നിങ്ങളുടെ ഹൃദയത്തിന്റെ മേലുള്ള കൈയേറ്റമാണ്. നിങ്ങളുടെ വികാരങ്ങളെ കൈയ്യേറി അടിമപ്പെടുത്തുവാൻ സാധിച്ചില്ലെങ്കിൽ, നിങ്ങളുടെ പേഴ്സ് കുത്തിച്ചോർത്തുവാൻ കഴിഞ്ഞില്ലെങ്കിൽ, നാക്കുകൊണ്ട് അടിമപ്പെടുത്താൻ കഴിയില്ല എങ്കിൽ ബൂർഷ്വാ സമുദായത്തിൽ ഒരു യുവാവിന് അവന്റെ തൊഴിൽ കിട്ടില്ല. അതുകൊണ്ട് നാം വിനയത്തെപ്പറ്റി പഠിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ പോലും ബൂർഷ്വാ സമുദായത്തിലെ പ്രധാനപ്പെട്ട മനുഷ്യഗുണം വിനയമല്ല മറിച്ച് Aggressiveness ആയിത്തീരും. അപ്പോഴും നാം വിചാരിക്കുന്നത് നാം നമ്മുടെ കുട്ടികൾക്ക് പറഞ്ഞുകൊടുക്കുന്നത് പഴയ വിനീത ശിഷ്യരുടേയും പഴയ സർവ്വജ്ഞൻമാരായ അധ്യാപകരുടേയും കഥയാണ്. ഈ കഥ പറഞ്ഞുകൊണ്ടിരിക്കെത്തന്നെ നാം അറിയുന്നു, ഈ വിജ്ഞാനമെല്ലാം പൂർണ്ണമായും കാലഹരണപ്പെട്ടതാണ് എന്ന്. ഈ തന്ത്രമെല്ലാം ഇന്നത്തെ സമുദായത്തിന് അനുയോജ്യമല്ല എന്നും ഇതിനേക്കാൾ കഠിനമായ ജീവിത ചര്യകൾ പരിപാലിച്ചുപോന്ന ജപ്പാനിലെ സമുദായം, സെൻബുദ്ധമതം അനുസരിച്ചുപോന്ന, ഷിൻഡോ മതം അനുസരിച്ചുപോന്ന , ജപ്പാനിലെ വളരെ വിനീതമായ സമുദായം അവരുടെ അടവുകൾ മാറ്റിച്ചവിട്ടുകയും ഒരു പുതിയ യുഗത്തിന് വേണ്ടിയുള്ള പരിശ്രമങ്ങൾ ആരംഭിക്കുകയും ചെയ്തുകഴിഞ്ഞിരിക്കുന്നു എന്ന് നാം മറന്നുപോകുന്നു.

നാം നമ്മുടെ നാട്ടിൽ പ്രചരിപ്പിക്കുന്ന എല്ലാ കാര്യങ്ങളും നേരത്തെ പറഞ്ഞതാണ്. അതായത് നാമിപ്പോൾ 100 കുട്ടികളിൽ 25 കുട്ടികൾ പാസാകുന്നതിനെക്കുറിച്ച് ഖേദിക്കുന്നു. 100 കുട്ടികളിൽ 25 കുട്ടികളേ പാസാകാൻ പാടുള്ളൂ എന്നുള്ളത് നമ്മുടെ ഒരാവശ്യമാണ്. വിദ്യാർത്ഥി പ്രശ്നമെന്നത് വിദ്യാർത്ഥിയായിരിക്കുമ്പോൾ ഉള്ള പ്രശ്നമല്ല. ഒരു കുട്ടി ജനിക്കുമ്പോൾ അവൻ ഒരു ഡിമാന്റാണ്. അവൻ നമ്മുടെ ഒരാവശ്യമാണ്. അവൻ ഒരു ഭീഷണിയാണ്. സമുദായത്തെ കുലുക്കുന്ന സമുദായത്തെ വിറപ്പിക്കുന്ന ഒരു ഉപകരണമാണ്. അതുകൊണ്ട് നമ്മുടെ കുട്ടികൾ തോൽക്കുകയും ബെഞ്ചിലിരുന്ന് ബെഞ്ച് തേഞ്ഞ് പോകുന്നതുവരെ അവിടെത്തന്നെയിരിക്കുകയും അവർ പഠിച്ച് മിടുക്കന്മാരായിത്തീരാതിരിക്കുകയും ചെയ്യണം എന്നത് നമ്മുടെ അല്ലെങ്കിൽ അധ്യാപക-വൃദ്ധസമൂഹത്തിന്റെ പ്രധാനപ്പെട്ട ആവശ്യങ്ങളിൽ ഒന്നാണ്. അതുകൊണ്ട് കൂടിയാണ് നാം തന്നെ തിരഞ്ഞെടുത്ത് നാം തന്നെ അധ്യാപനം നടത്തി നാം തന്നെ പറഞ്ഞുകൊടുത്ത പാഠങ്ങൾ പഠിക്കുന്ന കുട്ടിതോൽക്കുന്നത്. എന്തുകൊണ്ട് 100 കുട്ടികളിൽ 75 കുട്ടികൾ അപ്രത്യക്ഷരായിത്തീരുന്നു എന്ന് നാം ആലോചിക്കുന്നില്ല. എന്താണ് നാം ഇങ്ങനെ കുട്ടികളെ വിലയിരുത്തുന്നതിന്റെ മാനദണ്ഡം? തീർച്ചയായും പഠിച്ചിടത്തോളം എനിക്കും അറിയില്ല നിങ്ങൾക്കും അറിയില്ല. നാം ഒരു അധ്യാപകനും കണക്ക് പഠിപ്പിച്ചിട്ട് ഒരു രാമാനുജനെ ഉണ്ടാക്കിയിട്ടില്ല. ഒരു രാമാനുജൻ ഉണ്ടായത് അധ്യാപനത്തിന്റെ ഫലമല്ല. അധ്യാപകരുണ്ടായിട്ടും ഒരു രാമാനുജൻ ഉണ്ടായി എന്നും മലയാള അധ്യാപകൻമാർ ഉണ്ടായിട്ടും പിന്നെയും നോവൽ എഴുത്തുകാർ ഉണ്ട് എന്നും കവികൾ ഉണ്ട് എന്നും ശാസ്ത്രം

> ആരാണ് ഒരധ്യാപകനെ വിലയിരുത്തുവാൻ അർഹതയുള്ള മനുഷ്യൻ? ഒരു മനുഷ്യനേയുള്ളൂ. ഞാനറിഞ്ഞിടത്തോളം ഒരു ആളേയുള്ളൂ. അതയാൾ പഠിപ്പിക്കുന്ന വിദ്യാർത്ഥിയാണ്. എനിക്കെന്താണ് വിളമ്പിയത് എന്ന് പറയാനുള്ള അവകാശം വാസ്തവത്തിൽ ഉണ്ടവന് മാത്രമേയുള്ളൂ.

നാം വളരെ പഠിപ്പിച്ചിട്ടും പിന്നെയും ശാസ്ത്രജ്ഞന്മാർ നമ്മുടെ നാട്ടിൽ ഉണ്ടാകുന്നുണ്ടല്ലോ എന്നുമുള്ളതാണ് നമ്മുടെ വിദ്യാഭ്യാസ പദ്ധതിയുടെ ഏറ്റവും വലിയ അത്ഭുതങ്ങളിൽ ഒന്ന്.

ഏറ്റവും പരിഷ്കൃതമായ, ഏറ്റവും ബുദ്ധിപൂർവ്വമായ വിദ്യാഭ്യാസപദ്ധതി എന്ന് നാം കരുതുന്ന വിദ്യാഭ്യാസം കഴിച്ച് വരുന്ന കുട്ടികൾക്കെല്ലാം ജോലി കിട്ടുമോ എന്നാണ് നാം എപ്പോഴും ആലോചിക്കുന്നത്. അതുകൊണ്ട് പഠിച്ചുവരുന്ന കുട്ടികൾക്കെല്ലാം ജോലി കിട്ടുമെങ്കിൽ പഠിച്ചുവരുന്ന കുട്ടികൾക്കെല്ലാം തൊഴിലില്ലായ്മ വേതനം കിട്ടുമെങ്കിൽ അങ്ങിനെത്തന്നെയൊരു വ്യവസ്ഥയുണ്ടാക്കാൻ കഴിയുമെങ്കിൽ നാം ഉണ്ടാക്കുന്ന വ്യവസ്ഥ മനോഹരമായ ഒരു വ്യവസ്ഥയാണ് എന്നാണ്. ഈ ലോകത്ത് അത്തരമൊരു വ്യവസ്ഥ എന്ത് ഉൽപ്പാദിപ്പിക്കുന്നു, ഒരു വ്യക്തിക്ക് എന്ത് നൽകുന്നു എന്ന് നാം അന്വേഷിക്കുന്നതേയില്ല. അതായത് തൊഴിലില്ലായ്മ പ്രശ്നം പരിഹരിക്കുക എന്നുള്ളത് ഒരു ഉത്തമ സമുദായത്തിന്റെ സൃഷ്ടിയുടെ ഒരു ചെറിയ അംശം മാത്രമേ ആയിത്തീരുന്നുള്ളൂ. നാം ഇപ്പോഴും ആ അംശത്തിൽ നിന്നും വളരെ ദൂരെയാണ് നിൽക്കുന്നത്. ഒരു മനുഷ്യന്റെ പൂർണത, ഒരു മനുഷ്യന്റെ വികാസം അവന് ലോകത്തിന് നൽകാൻ എന്തുണ്ടോ അത് മുഴുവൻ നൽകാൻ കഴിയുക എന്നതാണ്.

നാം കുട്ടികളെ എം.എ. വരെ പഠിപ്പിക്കുകയും പി.എച്ച്.ഡി. വരെ പഠിപ്പിക്കുകയും ബി.ടെക് പഠിപ്പിക്കുകയും ഈ ബി.ടെക്കും, എം.എസ്.സി.യും, പി.എച്ച്.ഡി. യും പഠിച്ച കുട്ടികൾ സെയിൽസ് മേന്മാരായി പോകുകയും ചെയ്യുന്നു. നാം പഠിപ്പിച്ചത് എത്ര നിഷ്പ്രയോജനകരമാണ് എന്ന് അവർ ഒരുനിമിഷംകൊണ്ട് മനസ്സിലാക്കുന്നു. നാം എന്നിട്ടും നമ്മുടെ വ്യവസ്ഥ വളരെ വിശിഷ്ടമാണ് എന്നും നമ്മുടെ വിദ്യാഭ്യാസം വളരെ മഹനീയമാണ് എന്നും ഇന്ത്യയിലെ ഗുരുശിഷ്യബന്ധമാണ് ലോകത്തിലെ ഏറ്റവും നല്ല ഗുരുശിഷ്യബന്ധമെന്നും വിശ്വസിച്ചുപോരുന്നു. വാസ്തവത്തിൽ താൽക്കാലികങ്ങളായ വ്യവസ്ഥകളുടെ നിലനിൽപ്പിനുവേണ്ടി-യുദ്ധപ്രധാനമായ കാലഘട്ടങ്ങളിൽ നമ്മുടെ കവികൾ വിചാരിക്കുന്നത് യുദ്ധം ചെയ്യുകയാണ്, യുദ്ധം ചെയ്യിക്കുകയാണ് അവരുടെ കർത്തവ്യം എന്നാണ്- ലക്ഷ്യമിടുന്നതാണ് നമ്മുടെ വിദ്യാഭ്യാസം. അതുകൊണ്ട് ഇന്ത്യയിലെ സ്വാതന്ത്ര്യസമരകാലത്ത് ഇന്ത്യയിലെ പഴയ ആളുകൾ പറഞ്ഞിരുന്നത് നിയമം അനുസരിക്കാനുള്ളതല്ല, നിയമം ലംഘിക്കാനുള്ളതാണ് എന്നാണ്. നിയമത്തിന് രണ്ട് ഉപയോഗമുണ്ട്. ഒന്ന് നിയമം അനുസരിക്കാനുള്ളതാണ് എന്നതും മറ്റൊന്ന് നിയമം ലംഘിക്കാനുള്ളതാണ് എന്നുള്ളതുമാണ്. നിയമം ലംഘിക്കാനുള്ളതാണ് എന്നത് രാഷ്ട്രീയമായ ഒരു കണ്ടുപിടുത്തം മാത്രമല്ല. ജീവിതത്തിലെ പല നിയമങ്ങളും ലംഘിക്കാനുള്ളതാണ് എന്നറിയുകയും വിദ്യാഭ്യാസം എന്നുള്ളത് വിദ്യാഭ്യാസത്തിന്റെ ഇന്നത്തെ മൗലിക തത്വങ്ങളെ അട്ടിമറിക്കാനുള്ള ഒരു മാർഗ്ഗം കൂടിയാണ് എന്ന് മനസ്സിലാക്കുകയും ചെയ്യുക , ഇത് തീർച്ചയായും അധ്യാപകരുടെ പ്രധാനപ്പെട്ട കടമയാണ് എന്ന് എനിക്ക് തോന്നുന്നു. ഒരുപക്ഷേ ഈ കാലത്തിലെ ചുമതല എന്ന് വേണമെങ്കിൽ പറയാം. ഇന്നത്തെ വിദ്യാഭ്യാസപദ്ധതി അല്ലെങ്കിൽ ഇന്ന് വരെ നാം പ്രോത്സാഹിപ്പിച്ചുപോന്ന വിദ്യാഭ്യാസ പദ്ധതി പൂർണ്ണമായും അയഥാർത്ഥമായ വിദ്യാഭ്യാസ പദ്ധതിയാണ്.

അധ്യാപകന് ചോദ്യം ചോദിക്കാമെന്നും കുട്ടികൾക്ക് ചോദ്യം ചോദിച്ചുകൂട എന്നും പറയുന്ന പദ്ധതി തന്റെ ക്ലാസിൽ നിരന്തരമായി പഠിച്ചുപോരുന്ന കുട്ടിക്ക് താൻ സ്വന്തമായി മാർക്കിട്ട് അസസ്മെന്റ് നടത്തുമെന്ന് പറയുന്ന പദ്ധതി അങ്ങനെയാണ്. ഒരു കുട്ടിയെ മുഴുവൻ സമയവും ക്ലാസിൽ ഇരുത്തി പഠിപ്പിച്ചിട്ട് രണ്ട് കൊല്ലം, നാല് കൊല്ലം പഠിച്ചതിന് ശേഷം അവനെ ഒരു എം.എ. ക്കാരനെ, എം.എസ്.സി.ക്കാരനെ 1250 മാർക്കിനുള്ള ചോദ്യം കൊടുത്ത് അവനെക്കൊണ്ട് ആ വിഷയത്തിൽ എല്ലാ ഉത്തരവും എഴുതിച്ചതിന് ശേഷം അയാളെ വീണ്ടും ഒരു ദിക്കിൽ വിളിച്ചുവരുത്തി അയാൾക്ക് ഒരു വൈവവോസി പരീക്ഷ നടത്തുകയും ചെയ്യുന്നു. ഒരു വാചാപരീക്ഷ നടത്തുന്നു. നമ്മുടെ നാട്ടിൽ ഒരു വിദ്യാർത്ഥിയും നമ്മുടെ നാട്ടിൽ ഒരു അധ്യാപകനും എന്തിനാണ് ഇത് നടത്തുന്നതെന്ന് ചോദിച്ചിട്ടില്ല. നമ്മുടെ നാട്ടിൽ നിലവിലിരിക്കുന്ന ഏറ്റവും വലിയ അസംബന്ധങ്ങളിൽ ഒന്ന്. വളരെ ഭദ്രമായ വളരെ പക്ഷപാതരഹിതമായ ഒരു ക്ലാസ്സ് മുറിയിൽ ഇരുന്നുകൊണ്ട് ഒരു പരീക്ഷാ ഹാളിൽ ഇരുന്നുകൊണ്ട് ഒരു കുട്ടി മൂന്ന് മണിക്കൂർ വീതം ആറോ എട്ടോ പത്തോ പേപ്പർ എഴുതിക്കഴിഞ്ഞതിനുശേഷം ഒരു വാചാ പരീക്ഷക്കാരൻ അയാളെ റൂമിൽ വിളിച്ചുവരുത്തിയിട്ട് നിന്റെ വീട്ട് പേരെന്താണ്, നിന്റെ നാട്ട് പേരെന്താണ് എന്ന് ചോദിക്കുന്നു. ഈ രീതി നമ്മുടെ കുട്ടികളുടെ തലയ്ക്കിട്ട് ചൊട്ടാനുള്ള ഉപകരണമായി ഉപയോഗിക്കുന്നു എന്നുള്ളതാണ്. എല്ലാ അധികാരവും നാം കുട്ടികൾക്ക് കൊടുക്കാനുള്ള ഉപകരണമായിട്ടല്ല, കുട്ടികളുടെ തലച്ചോറിനുള്ള ഉപകരണമായിട്ടല്ല, കുട്ടികളുടെ തലയോട്ടിൽ ചൊട്ടുവാനും അവരെ ഇരുത്തുവാനും ഉള്ള ഉപകരണമായാണ് ഉപയോഗിക്കുന്നത്. അതുകൊണ്ട് ഇങ്ങനെയൊരു വ്യവസ്ഥ ആവശ്യമാണോ എന്നുള്ളതാണ് പ്രശ്നം. ഒരു കുട്ടിയുടെ പരീക്ഷാ പേപ്പർ വാല്യു ചെയ്യുന്ന അധ്യാപകൻ തീർച്ചയായും പക്ഷപാത മുള്ള അധ്യാപകനാണെന്ന് നമുക്ക് സംശയം ഉള്ളതുകൊണ്ടാണ് നാം നമ്മുടെ സർവ്വകലാശാലകളിൽ ഫാൾസ് നമ്പറിംഗ് സിസ്റ്റം ഏർപ്പെടുത്തിയിട്ടുള്ളത്. നാം അത് അംഗീകരിച്ചിരിക്കണം. ഇങ്ങനെ നമ്മുടെ അധ്യാപകരെല്ലാം അംഗീകരിച്ച ഫാൾസ് നമ്പറിംഗ് സിസ്റ്റം നിലവിലിരിക്കെത്തന്നെ എന്തുകൊണ്ടാണ് നമ്മുടെ ക്ലാസ്സ് മുറികളിൽ അധ്യാപകൻ തന്നെ അനുസരിക്കുന്ന, തന്നെ സ്നേഹിക്കുന്ന, തനിക്ക് ഇൻലെന്റും കവറും വാങ്ങി തരുന്ന കുട്ടികൾക്ക് കൂടുതൽ മാർക്ക് കൊടുക്കുവാൻ സഹായകമാവുന്ന ക്ലാസ് റൂം അസസ്മെന്റും കൊണ്ടുവരുന്നത്. ഒരു അധ്യാപകനും ഇതിനെ എതിർക്കുകയില്ല. കാരണം നമ്മുടെ കയ്യിലുള്ള വടി നമ്മുടെ കയ്യിലുള്ള അധികാരം ഒരു ബി.എഡ്. വിദ്യാർത്ഥിയുടെ, അല്ലെങ്കിൽ ഒരു ടെക്നിക്കൽ വിദ്യാർത്ഥിയുടെ ഒരു മെഡിക്കൽ കോളേജ് വിദ്യാർത്ഥിയുടെ തലയിൽ ചൊട്ടുവാ നുള്ള അധികാരം, വാസ്തവത്തിൽ അധ്യാപകന് കിട്ടുന്നത് അയാൾ ആ കുട്ടിയെ സ്വകാര്യമായി Assess ചെയ്യണമെന്നുള്ളതു കൊണ്ടാണ്. ഇത് എടുത്ത് കളയുമ്പോൾ അധ്യാപകൻ പാവമായിത്തീരുന്നു. അതുകൊണ്ട് ഒരു അധ്യാപകനും ഈ അധികാരം എടുത്തു കളയുവാൻ ആഗ്രഹിക്കുകയില്ല. ബി.എ. ക്ലാസിൽ എല്ലാ കുട്ടികളേയും വൈവവോസി ഇല്ലാതെ പരീക്ഷിക്കാമെങ്കിൽ എന്ത്കൊണ്ട് എം.എ. ക്ലാസിൽ ചെയ്തുകൂട എന്നുള്ളത് പ്രധാനപ്പെട്ട കാര്യമാണ്. അതായത് നിങ്ങൾ വളർന്ന് ഈ സമുദായത്തിൽ ഒരു ജോലി കിട്ടാൻ സാധ്യതയുള്ള ഉത്തരവാദപ്പെട്ട ഒരാളായി വളർന്നുകഴിയുന്ന സമയത്ത് നിങ്ങൾ എങ്ങനെ പെരുമാറണമെന്ന് തീരുമാനിക്കാനുള്ള അധികാരം, ഒരായുധം, ഒരു ചൊട്ട് എന്റെ കൈയിൽ വേണം എന്നുള്ളത് യാഥാസ്ഥിതിക സമുദായത്തിന്റെ ഒരു മോഹമാണ്. വാസ്തവത്തിൽ നാം ഇന്ന് വലിയ വിപ്ലവകരമായ ഒരു ഉപകരണ മായിട്ടാണ് ഇത് കൊണ്ടുനടക്കുന്നത്. എങ്കിലും നാം ഇന്നിത് അറിയുന്നില്ല.

നാം ചെയ്യുന്ന മറ്റ് പല കാര്യങ്ങളും ഇതാണ്. വളരെ സാധാരണമായ കാര്യ ങ്ങളെക്കുറിച്ചാണ് പറയുന്നത്. അതായത് ഒരു ഇഡിയറ്റിന് വിദ്യാഭ്യാസത്തെക്കുറിച്ച് തോന്നുന്ന അഭിപ്രായങ്ങൾ മാത്രമേ ഞാനിവിടെ അവതരിപ്പിക്കുന്നുള്ളു. ഒരു അധ്യാപകൻ സാധാരണയായി പഠിപ്പി ക്കുന്നത് അയാളുടെ കുട്ടികളെയാണ്. ഇന്ന് ഇന്ത്യയിലാകെ ചർച്ചാവിഷയമായി ത്തീർന്നുകൊണ്ടിരിക്കുന്ന ഒരു കാര്യം ഒരു അധ്യാപകനെ വിലയിരുത്തണം എന്നുള്ളതാണ്. നമുക്കതിന് സംശയമില്ല. അധ്യാപകനെ വിലയിരുത്തുന്നത് ഹെഡ് അധ്യാപകനാണ്. ഹെഡ് അധ്യാപക നേയും മറ്റ് അധ്യാപകരേയും കൂടി വിലയിരുത്തുന്നത് എ.ഇ.ഒ. യും ഡി.ഇ.ഒ. യുമാണ്. ഇവരെയെല്ലാവരേയും കൂടി വിലയിരുത്തുന്നത് ഡയറക്ടറാണ് അല്ലെങ്കിൽ ഡെപ്യൂട്ടി ഡയറക്ടറാണ്. അതിൽ ഒരു ഇഡിയറ്റിന് തോന്നുന്ന സംശയം ഈ ഡെപ്യൂട്ടി ഡയറക്ടറെ ഈ അധ്യാപകൻ പഠിപ്പിച്ചിട്ടില്ലല്ലോ എന്നുള്ളതാണ്. The proof of the pudding is in the eating. താൻ തിന്നാത്ത ഒരു ഭക്ഷണത്തിന്റെ രുചി എന്താണെന്ന് പറയുവാൻ ആ പാചക വിദഗ്ധന്റെ വൈദഗ്ധ്യം എങ്ങിനെ ആ മേലധികാരിക്ക് ഉണ്ടാകുന്നു? മേലധികാരി എന്നുള്ള തെറ്റായ ഒരു വാക്കിൽ – ഒരു Linguistical Trap എന്ന് പറയാം – ഭാഷാ പരമായ കെണിയിൽ നാം ചെന്ന് വീഴുകയും മേലധികാരി പറയുന്നതെല്ലാം ശരിയാണ് എന്നൊരു തോന്നൽ നമ്മുടെ മനസ്സിൽ രൂഢമൂലമായിത്തീരുകയും അങ്ങനെ നിങ്ങളും ചെയ്യണമെന്ന് നാം നിരന്തരമായി കുട്ടികളെ പഠിപ്പിച്ചുകൊണ്ടിരി ക്കുകയും ചെയ്യുന്നു. ഭയംകൊണ്ട് കുട്ടികൾ അധ്യാപകന്മാരിൽ നിന്നും വിമോചിതരായിത്തീരുന്നു. ഒരു കുട്ടി മുലകുടി മാറ്റിയിട്ട്, എനിക്കെന്റെ അമ്മയെ വേണ്ട എനിക്ക് ചോറ് വേറെ കിട്ടും എന്ന് പറഞ്ഞ് പോകുന്നതുപോലെ. അതുകൊണ്ട് അമ്മയ്ക്കുള്ള ഭയം മുലകുടി മാറിയാൽ കുട്ടി സ്വതന്ത്രനായി പ്പോകുമോ എന്നുള്ളതാണ്. അതുകൊണ്ട് അമ്മ എപ്പോഴും മോനേ, മോനേ എന്ന് പറഞ്ഞ് ഇങ്ങോട്ട് വിളിക്കുന്നു. That is a warning. ഒരു കുട്ടി മുലകുടി മാറുന്നതുപോലെ ഒരു വിദ്യാർത്ഥി അയാളുടെ അധ്യാപകനിൽ നിന്ന് മുലകുടി എന്നുള്ള വിദ്യാഭ്യാസം പതുക്കെ പ്പതുക്കെ മാറ്റിക്കൊണ്ടു വരികയും അവൻ വിദ്യ മറ്റ് പല ദിക്കിൽ നിന്നും ശേഖരിക്കാൻ തുടങ്ങുകയും തിരിച്ചുവന്ന് വിദ്യാഭ്യാസത്തേയും അധ്യാപകരേയും ചോദ്യം ചെയ്യാൻ തുടങ്ങുകയും ചെയ്യുന്നു. വളരെ ചെറിയൊരു കാര്യം, ഈ മാസങ്ങളിൽ ഇന്ത്യയിൽ മുഴുവൻ ചർച്ച ചെയ്യപ്പെട്ടുകൊണ്ടിരി ക്കുന്നൊരു കാര്യമാണെന്ന് നിങ്ങൾക്കറിയാം. ആരാണ് ഒരധ്യാപകനെ വിലയിരുത്തുവാൻ അർഹതയുള്ള മനുഷ്യൻ? ഒരു മനുഷ്യനേയുള്ളു. ഞാനറിഞ്ഞിടത്തോളം ഒരു ആളേയുള്ളൂ. അതയാൾ പഠിപ്പിക്കുന്ന വിദ്യാർത്ഥിയാണ്. എനിക്കെന്താണ് വിളമ്പിയത് എന്ന് പറയാനുള്ള അവകാശം വാസ്തവത്തിൽ ഉണ്ടവന്

> നാം ഒരു അധ്യാപകനും കണക്ക് പഠിപ്പിച്ചിട്ട് ഒരു രാമാനുജനെ ഉണ്ടാക്കിയിട്ടില്ല. അധ്യാപകരുണ്ടായിട്ടും ഒരു രാമാനുജൻ ഉണ്ടായി എന്നും മലയാള അധ്യാപകൻമാർ ഉണ്ടായിട്ടും പിന്നെയും നോവൽ എഴുത്തുകാർ ഉണ്ട് എന്നും കവികൾ ഉണ്ട് എന്നും ശാസ്ത്രം നാം വളരെ പഠിപ്പിച്ചിട്ടും പിന്നെയും ശാസ്ത്രജ്ഞന്മാർ നമ്മുടെ നാട്ടിൽ ഉണ്ടാകുന്നുണ്ടല്ലോ എന്നു മുള്ളതാണ് നമ്മുടെ വിദ്യാഭ്യാസ പദ്ധതിയുടെ ഏറ്റവും വലിയ അത്ഭുതങ്ങളിൽ ഒന്ന്.

മാത്രമേയുള്ളൂ. അതുകൊണ്ട് ലോകത്തെമ്പാടും Students Assessment എന്നുള്ള പുതിയ ആശയം ഒരു പക്ഷേ നമ്മുടെ ഭാവനയ്ക്ക് അതീതമായി വളർന്നുകൊണ്ടിരിക്കുന്നു. 1970 കളിൽ പെറു യൂനിവേഴ്സിറ്റിയിലെ വിദ്യാർത്ഥികൾ ഈ അധികാരം പിടിച്ചുപറ്റുകയും, അധ്യാപകന് മാർക്കിടുകയും, അധ്യാപകനെ പിരിച്ചയക്കാനുള്ള അധികാരം സ്ഥാപി ച്ചെടുക്കുകയുണ്ടായി. അത് പെറുവി ലാണ്. വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്നൊരു രാജ്യത്താണ്. നാം വിദ്യാഭ്യാസപരമായി മുന്നോക്കം നിൽക്കുന്ന ഒരു രാജ്യത്തിലെ അംഗമാണ്. അതുകൊണ്ട് നാമിപ്പോഴും വിചാരിക്കുന്നത് ഉണ്ണാമനാണ് ഊണിന്റെ അഭിപ്രായം പറയേണ്ടത് എന്ന സാമാന്യ ബുദ്ധിയുള്ള തത്വത്തിന് പകരം നാമിപ്പോഴും വിശ്വസിച്ച് വരുന്നത് വിദ്യാഭ്യാസത്തിന്റെ മൂല്യം നിർണ്ണയിക്കേണ്ടത് മേലധികാരികളാണ് എന്നാണ്. ഈ മേലധികാരി എന്ന പദം മേലധികാരി വേണ്ട എന്ന അർത്ഥത്തിലല്ല. മേലധികാരികൾ വേണമോ എന്നെനിക്കറിയില്ല. പക്ഷേ ഈ ഒരു പദം ശരിയെക്കുറിച്ചുള്ള തെറ്റിനെക്കറിച്ചുള്ള ഒരു തെറ്റായ ധാരണ നമ്മുടെ മനസ്സിലുണ്ടാക്കുന്നു. അതുകൊണ്ട് നാം നിരന്തരമായി ഇന്ന് സ്വീകരിച്ചുപോരുന്ന മൂല്യനിർണ്ണയ സമ്പ്രദായം വിദ്യാഭ്യാസത്തെ വിലയിരുത്തുവാൻ ഒരു വിദ്യാർത്ഥിക്ക് അർഹതയില്ല എന്നതാണ്. ഇതിൽ മൗലികമായി ഒരു തെറ്റുണ്ട്. ഈ തെറ്റ് നിലനിന്നുവരുവാൻ കാരണം നമ്മുടെ അല്ലെങ്കിൽ നമ്മുടെ വർഗ്ഗത്തിന്റെ വളരെ പരിമിതമായ സ്വകാര്യ താല്പര്യമാണ്. അല്ലെങ്കിൽ സ്ഥാപിത താല്പര്യമാണ്. Vested Interest ആണ്. സാധാരണ പറയാറുള്ള ഉദാഹരണം, രവീന്ദ്രനാഥ ടാഗോർ അദ്ദേഹത്തിന്റെ പ്രസിദ്ധമായ ശാന്തിനികേതനം സ്ഥാപിച്ചപ്പോൾ മുന്നോട്ട് വെച്ചിരുന്ന ഒരു കാര്യം അവിടെ വിദ്യാർത്ഥികൾ ചോദ്യം ചോദിക്കുകയും അധ്യാപകർ ഉത്തരം പറയുകയും ചെയ്യണം എന്നാണ്. തീർച്ചയായും ആ ജോലിക്ക് അപേക്ഷകർ വളരെക്കുറവായിരുന്നു. കാരണം അതൊരു ഇഡിയറ്റിന്റെ വിദ്യാഭ്യാസമാണ് എന്നതാണ്. അറിവില്ലാത്ത വിദ്യാർത്ഥി അറിവുള്ള അധ്യാപകനോട് ചോദ്യം ചോദിക്കുക എന്നത് സാമാന്യബുദ്ധി അനുസരിച്ചുള്ള സിദ്ധാന്തമല്ല. മറിച്ച് അറിവുള്ള അധ്യാപകൻ അതൊരു Vested Interest ആയി കൈയിൽ കൊണ്ടുനടക്കുന്ന അധ്യാപകൻ ഒരു വിദ്യാർത്ഥിയെ അയാളുടെ കൂലിപ്പണിക്കാരനാക്കിത്തീർക്കുകയും അയാളോട് ചോദ്യങ്ങൾ ചോദിക്കുകയും അയാളെ ശിക്ഷിക്കുകയും ചെയ്യുന്നു എന്നുള്ളതാണ്. ദശാംശസമ്പ്രദായം പ്രചരിച്ചിട്ടും 13 ന്റേയും 16 ന്റേയും ഗുണനപ്പട്ടിക ഇന്ത്യയിൽ നിലനിന്നതും ദശാംശ സമ്പ്രദായം സ്വീകരിക്കാതെയിരുന്നതും അധ്യാപകന്റെ ഈ ആധിപത്യം നില നിർത്താനാണ്.

മലയാളം പഠിപ്പിക്കുമ്പോൾ ഭാഷ പഠിപ്പിക്കുമ്പോൾ വ്യാകരണമാണ് ഭാഷ എന്ന് കുട്ടികളെ തെറ്റിദ്ധരിപ്പിക്കുകയും വ്യാകരണശുദ്ധമായി എഴുതണം, എന്ന് വീണ്ടും വീണ്ടും പറയുകയും വ്യാകരണ ശുദ്ധമായി എഴുതുവാനുള്ള കഴിവൊന്നു മാത്രമാണ് തനിക്കുള്ളത് എന്ന് കുട്ടിയെ അറിയിക്കാതിരിക്കുകയും ചെയ്യുന്നു. ഞാൻ വളരെ ഗ്രാമറ്റിക്കലായി എഴുതുകയും ഞാൻ എഴുതിയത് ആരും വായിക്കാതിരിക്കുകയും ചെയ്യുന്നു. പക്ഷേ ഈ വ്യാകരണത്തെ ഭേദിക്കുന്നവൻ – ഞാൻ പറയുന്നതാണ് വ്യാകരണം എന്ന് പറയുന്നവൻ – അവനാണ് ഭാഷയ്ക്ക് മുതൽക്കൂട്ടുണ്ടാക്കിയിട്ടുള്ളത്. എ.ആർ.രാജരാജവർമ്മയോ, ഗോദവർമ്മയോ യൂനിവേഴ്സിറ്റികളിലിരുന്ന് പറയുന്നതല്ല മലയാള വ്യാകരണം. മലയാളം സംസാരിക്കുന്നവൻ ഉണ്ടാക്കുന്നതാണ്. താലവ്യാദേശം വേണമോ എന്ന് തീരുമാനിക്കേണ്ടകാര്യം വടക്കുള്ളവരും തെക്കുള്ളവരും ജനങ്ങൾക്ക് വിട്ടുകൊടുക്കുക യാണ് വേണ്ടത്. തിരുവനന്തപുരത്തുള്ള കേരളപാണിനിക്ക് വിട്ടുകൊടുക്കുകയല്ല. കാരണം പാണിനിയല്ല ഭാഷയുണ്ടാക്കി യത്. ജനങ്ങൾ എന്ത് പറയുന്നു എന്നത് Codify ചെയ്യാൻ നിയുക്തനായ അഥവാ ആ അധികാരം സ്വയം ഏറ്റെടുത്ത മനുഷ്യനെയാണ് ഗ്രമേറിയൻ എന്ന് പറയുന്നത്. ഒരു വ്യാകരണ പണ്ഡിത നേക്കാൾ എത്രയോ വലുതാണ് ഭാഷ. ഒരധ്യാപകനേക്കാൾ എത്രയോ വലുതാണ് ജീവിതം– ഇത് നാം മറന്നു പോകുന്നു. എന്നിട്ട് വ്യാകരണത്തെറ്റ് അടയാളപ്പെടുത്തി മാർക്ക് കുറക്കുകയും ചെയ്യുന്നു. ഈ വ്യാകരണക്കുടുക്കിൽ നിന്ന് പുറത്ത്പോയ ഒരു കുട്ടി എഴുത്തുകാരനായി ത്തീരുകയും, എഴുത്തുകാരനായി മടങ്ങിവരികയും എന്റെ പേര് സി.കൃഷ്ണപിള്ള, അല്ലെങ്കിൽ ചങ്ങമ്പുഴ കൃഷ്ണപിള്ള എന്നാണെന്ന് പറയുകയും, എന്നെക്കറിച്ച് നിങ്ങൾക്ക് വേണമെങ്കിൽ റിസർച്ച് ചെയ്യാമെന്ന് അധ്യാപകനോട് ആവശ്യപ്പെടുകയും, അദ്ദേഹത്തിന്റെ പേരിൽ മൂന്ന് പി.എച്ച്.ഡി. ബിരുദങ്ങൾ നൽകപ്പെടുകയും ചെയ്യുന്നു. അപ്പോഴും ഡോക്ടർ ഗോദവർമ്മ ക്ലാസ്സിൽ വ്യാകരണം പഠിപ്പിച്ചുകൊണ്ടേയിരിക്കും (ഗോദവർമ്മയുടെ ക്ലാസ്സിൽ നിരന്തരമായ അസാന്നിധ്യം കൊണ്ട് വിരാജിച്ചിരുന്ന ഒരാളാണ് ചങ്ങമ്പുഴ കൃഷ്ണപിള്ള) അധ്യാപകർക്ക് ചങ്ങമ്പുഴയുടെ ഒരു താക്കീതാണിത്. കാരണം ഗോദവർമ്മയുടെ വ്യാകരണമല്ല ചങ്ങമ്പുഴയുടെ കവിതയാണ് മലയാളഭാഷ എന്ന് തെളിയിക്കുകയാണ് മണ്ടനായ ആ വിദ്യാർത്ഥി ചെയ്തത്.

രണ്ടുകണ്ണുകളും നഷ്ടപ്പെട്ട അന്ധനായ എനിക്ക് എന്തെങ്കിലും തരൂ എന്ന് യാചിച്ച കുരുടനോട് അതിലെ പുനരുക്തി തിരുത്തിക്കൊടുക്കുന്ന വ്യാകരണ പണ്ഡിതനല്ല മലയാള ഭാഷ ഉണ്ടാക്കുന്നത്. മറിച്ച് ഈ കുരുടനാണ് ഭാഷയുണ്ടാക്കുന്നത്, ജീവിതമുണ്ടാക്കുന്നത്. അത് കൊല്ലന്റെ ആലയിൽ നിന്നും ആശാരിയുടെ പണിപ്പുരയിൽ നിന്നും തോണിക്കാരന്റെ തോണിയിൽ നിന്നുമാണ് ജനിക്കുന്നത്. വാക്കുണ്ടാക്കുന്നവൻ ജീവിതമുണ്ടാക്കുന്നവനാണ്– അത് നാം സ്ഥിരമായി മറക്കുന്നു. അധ്യാപകന്റെ ലോകം വാക്കിനേയും ജീവിതത്തേയും രണ്ടാക്കി ത്തീർക്കുവാൻ പഠിച്ച ഒരു ലോകമാണ്. എന്നാൽ നമ്മെ കവച്ചു കടന്ന് പോയിക്കൊണ്ടിരിക്കുന്ന ലോകത്തെ കണ്ട് അന്തം വിട്ടിരിക്കുന്ന സമൂഹമാണിത്. അതായത് അവൻ പറഞ്ഞു കൊണ്ടിരിക്കെത്തന്നെ അച്ചടിച്ച പുസ്തകം ഉപയോഗിച്ചുകൊണ്ടിരിക്കെത്തന്നെ ബാഹ്യ ലോകത്തിലെ നിയമങ്ങൾ മാറിപ്പോകുന്നു. ഇപ്പോഴും നമ്മുടെ വിചാരം ഓലയിലെഴുതിയതാണ് ഏറ്റവും വിശ്വാസ്യം എന്നാണ്. അതുകൊണ്ട് ബാക്കിയെല്ലാം പോയാലും നാം നമ്മുടെ ജാതകം ഓലയിൽത്തന്നെ എഴുതിക്കുന്നു. ഇതിനെയെല്ലാം നിഷേധിച്ചു കൊണ്ട് ഒരു കുട്ടി സ്ലേറ്റ് പെൻസിലു കൊണ്ട് സ്ലേറ്റിൽ എഴുതുമ്പോൾ – അപ്പോൾ തേയുന്നത് സ്ലേറ്റും പെൻസിലുമാണ്. ഒരു സ്ലേറ്റും പെൻസിലും പരസ്പരം സംഘർഷണം ചെയ്യുമ്പോൾ സ്ലേറ്റ് തേഞ്ഞ്പോവുകയും പെൻസിൽ തേഞ്ഞ്പോവുകയും അതിന്റെ ഫലമായി ഒരു വെളിച്ചം ജ്ഞാനത്തിന്റെ ലോകം ഉണ്ടായിത്തീരുകയും ചെയ്യുന്നു.

രണ്ടുകണ്ണുകളും നഷ്ടപ്പെട്ട അന്ധനായ എനിക്ക് എന്തെങ്കിലും തരൂ എന്ന് യാചിച്ച കുരുടനോട് അതിലെ പുനരുക്തി തിരുത്തി ക്കൊടുക്കുന്ന വ്യാകരണ പണ്ഡിതനല്ല മലയാള ഭാഷ ഉണ്ടാക്കുന്നത്. മറിച്ച് ഈ കുരുടനാണ് ഭാഷയുണ്ടാക്കുന്നത്, ജീവിതമുണ്ടാക്കുന്നത്.

അതുപോലെ ഒരധ്യാപകനും കുട്ടിയും തമ്മിൽ ഏറ്റുമുട്ടുമ്പോ ഴുണ്ടാകുന്ന വെളിച്ചത്തിനെയാണ് ഞങ്ങൾ അറിവ് എന്ന് പറയുന്നത്. അപ്പോൾ ഒരു അധ്യാപകൻ തേഞ്ഞുപോകുന്നു. ഒരു കുട്ടിയും തേഞ്ഞ്പോകുന്നു. എല്ലാ അധ്യാപകർക്കും അറിയാവുന്ന ഒരു കാര്യം അവരിൽ നിന്ന് കുട്ടികൾ പഠിച്ചതിനേക്കാൾ കൂടുതൽ കുട്ടികളിൽ നിന്ന് അവർ പഠിച്ചിട്ടുണ്ട് എന്നാണ്.

പുസ്തകം ഒളിച്ചുവെച്ചുകൊണ്ട് അതിലുള്ള കാര്യങ്ങൾ പഠിപ്പിക്കുന്ന അധ്യാപകരുണ്ട്. ഇക്കാര്യത്തിൽ ക്യാപ്പിറ്റലിസ ത്തിന്റെ ഒരു തന്ത്രമുണ്ട്. ബാങ്കിൽ പണമിട്ട് പലിശ കൂട്ടി വരും കാലത്തേക്ക് ജീവിതസുഖം ഉറപ്പിക്കും പോലെ നാം നമ്മുടെ അറിവ്, നമ്മുടെ വ്യാകരണം, നമ്മുടെ നിയമങ്ങൾ എല്ലാം നമ്മുടെ സ്വകാര്യസ്വത്താക്കിത്തീർക്കു കയും അത് പുറത്തുപോകാതെ രക്ഷി ക്കുകയും അതിന്റെ തിണ്ണബലത്തിൽ നിൽക്കാൻ ശ്രമിക്കുകയും ചെയ്തു പോരുന്നു. ഇത് തീർച്ചയായും ഒരു വർഗ്ഗ മെന്ന നിലയിൽ നമ്മുടെ പരമമായ യാഥാസ്ഥിതികതയെ കാട്ടുന്നു. അധ്യാപകർ ഇന്ന് നിൽക്കുന്നത് നമ്മുടെ പുരോഗതി യുടെ പ്രധാനപ്പെട്ട തടസ്സങ്ങളിൽ ഒന്നായിട്ടാണ്.

നാം നമ്മുടെ മാന്യതയെ രക്ഷിക്കുന്നത് നമ്മുടെ ഗൗരവം കൊണ്ടാണ്. ഇത് യഥാർത്ഥത്തിൽ ഒരു മൃഗതന്ത്രമാണ് എന്ന് ഇവിടെ കൂടിയിരിക്കുന്ന എല്ലാ സുവോളജി അധ്യാപകർക്കും അറിയാം. An animal camouflage. മുഖം ചുവപ്പിക്കാനും കണ്ണുരുട്ടുവാനും നല്ല ഒടിയാത്ത വള്ളിച്ചൂരൽ കയ്യിൽ വയ്ക്കുവാനും കഴിയുകയില്ലെങ്കിൽ ഒരു തോക്കില്ലാത്ത പട്ടാളക്കാരനെപ്പോലെ അധ്യാപകർ വളരെ പാവമാകുന്നു. എന്നിട്ടും നാം പറയുന്നു അറിവാണ് ശക്തി. അറിവാണ് ധനം എന്നൊക്കെ. ചൂരലാണ് ശക്തി എന്നല്ല ചൂരലിന് നമ്മുടെ നിർവ്വചനം ഇൻസ്പെക്ടർ വരുമ്പോൾ ഒളിപ്പിച്ചുവയ്ക്കേണ്ട ഒരു സാധനം എന്നാണ്. ഒരു ഫ്യൂഡൽ പ്രഭുവിന്റെ മുദ്ര വെള്ളികെട്ടിയ ചൂരലാണ്. "മെല്ലെ ഞാനെണീറ്റാഭിജാത്യത്തിൻ, വെള്ളികെട്ടിയ ചൂരലുമായി" എന്ന് വൈലോപ്പിള്ളി പറയുന്നത് നോക്കൂ. ഇത്കൊണ്ട് എന്താ കുഴപ്പം എന്ന് ചോദിച്ചാൽ ഇതുകൊണ്ട് കുഴപ്പം പോലുമില്ല എന്നതാണിതിലെ കുഴപ്പം. നമ്മുടെ അധ്യാപകൻ വിദ്യാർത്ഥികളെ ജീവച്ഛവങ്ങളാക്കിത്തീർക്കുകയും അവരെ ഒന്നിനും കൊള്ളരുതാത്തവരാക്കിത്തീർക്കുകയും അവർക്ക് നാം പറയുന്നതായ ജ്ഞാനതൃഷ്ണ ഇല്ലാതായി ത്തീരുകയും ചെയ്യുന്നു. പഴയകാലത്ത് ഇത് ഇങ്ങനെയായിരുന്നു വെന്ന് എനിക്ക് തോന്നുന്നില്ല. ഇന്ത്യയിലും ഗ്രീസിലും പഴയകാലത്ത് ചോദ്യം ചെയ്യുന്ന രീതിയായിരുന്നു. ഗ്രീക്ക് ജിംനേഷ്യങ്ങളിൽ അധ്യാപകനെ ചോദ്യം ചെയ്യുകയും അരിസ്റ്റോട്ടിലിനെ ചോദ്യം ചെയ്യുകയും അരിസ്റ്റോട്ടിൽ പ്ലേറ്റോവിനെ ചോദ്യം ചെയ്യുകയും സൈനോഫിനും പ്ലേറ്റോവും തമ്മിൽ വഴക്കിടുകയും ചെയ്തിരുന്നു. അതായത് ആശയ സംഘട്ടനത്തിന്റെ ഒരു ലോകം പണ്ട് ഉണ്ടായിരുന്നു. ഇന്ത്യയിലു മുണ്ടായിരുന്നു. അതുകൊണ്ട് പഴയ ഇന്ത്യക്കാരന്റെ മുദ്രാവാക്യം ഞാനറിഞ്ഞിടത്തോളം 'ഗുരുർ ബ്രഹ്മഃ ഗുരുർ വിഷ്ണുഃ ഗുരുർ ദേവോ മഹേശ്വര' എന്നതല്ല. അതൊരു കള്ളപ്രമാണമാണ്. "ആചാര്യാൽ പാദമാദത്തെ പാദം ശിഷ്യ സ്വമേധയാ, പാദം സബ്രഹ്മചാരിഭ്യാം, പാദം കാലക്രമേണ 'ച' എന്ന പഴയ ശ്ലോകം നാം കുട്ടികളിൽ നിന്ന് മാറ്റിവയ്ക്കുന്നു. ഇരുപത്തിയഞ്ചു ശതമാനത്തിൽ കൂടുതൽ ഒരധ്യാപകനും തലകീഴായി നിന്നാലും വിദ്യാർത്ഥിയെ പഠിപ്പിക്കാൻ കഴിയില്ല എന്നാണ് ആ ശ്ലോകത്തിന്റെ അർത്ഥം. പക്ഷേ നാമിപ്പോഴും വിശ്വസിക്കുന്നത് നൂറുശത മാനവും നാം പഠിപ്പിക്കുന്നു എന്ന താണ്. അതുകൊണ്ട് തീർച്ചയായും യാഥാസ്ഥിതികത്വത്തിൽ നമ്മൾ പഴയ ആചാര്യ ന്മാരിൽ നിന്ന് ഒരു പടികൂടി മുന്നോട്ട് പോവുകയും നമ്മുടെ യാഥാസ്ഥിതികത്വം 25 ൽ നിന്ന് നൂറ്ശതമാനമായി ഉയരുകയും ചെയ്തു എന്ന് കാണാം. ഇത് കുട്ടിക്ക് അറിയാം. അതുകൊണ്ട് അധ്യാപകനെ നോക്കി ചിരിക്കുകയും അവൻ അവന്റെ പാട്ടിന് പോയി തെരുവിൽ നിന്ന് വിജ്ഞാനം സമ്പാദിക്കുകയും തെരുവിലുള്ള വിജ്ഞാനം യഥാർത്ഥത്തിലുള്ളതാണെന്ന് മനസ്സിലാക്കുകയും ചെയ്യുന്നു. ഇത് നമ്മുടെ വിദ്യാഭ്യാസത്തിന്റെ മൗലികമായ സേഫ്റ്റി വാൾവാണ്. ഇങ്ങനെ ഒരു കുട്ടി ചെയ്തിരുന്നില്ലെങ്കിൽ ഈ ലോകം പുരോഗമിക്കുമായിരുന്നില്ല. എല്ലാ ക്ലാസിലും ശരിക്ക് മലയാളം പഠിച്ചിരുന്നുവെങ്കിൽ വൈക്കം മുഹമ്മദ് ബഷീർ എന്ന എഴുത്തുകാരനുണ്ടാകുമായിരുന്നില്ല. മറിച്ച് അദ്ദേഹത്തിന്റെ സഹോദരനായ ഒരു മലയാളം അധ്യാപകനേ ഉണ്ടാകുമായിരുന്നുള്ളൂ- അതാണ് നമ്മുടെ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ മൗലികമായ പാരതന്ത്ര്യം എന്ന് ഞാൻ കരുതുന്നു. ഒരു അധ്യാപകൻ അനേകം അധ്യാപകരെ സൃഷ്ടിക്കുകയും അവർ വീണ്ടും അധ്യാപരെ സൃഷ്ടിക്കുകയും നമ്മുടെ നാട്ടിലെ ഏറ്റവും പ്രധാനപ്പെട്ട വ്യവസായം ഏറ്റവും പ്രധാനപ്പെട്ട വിൽപ്പനച്ചരക്ക് വിദ്യ എന്ന അവിദ്യ ആയിത്തീരു കയും ചെയ്യുന്നു. നമ്മുടെ നാട്ടിൽ ഉണ്ടാകുന്ന മൗലികമായ വിപ്ലവത്തെയെല്ലാം തടഞ്ഞുനിർത്തുന്നത് വാസ്തവത്തിൽ ഈ പാരലൽ പോസിബിലിറ്റിയാണ്.

ഈ അവസ്ഥയിൽ നമ്മുടെ അധ്യാപനത്തിന്റെ യഥാർത്ഥ മായ ഊർജ്ജം എങ്ങനെ തിരിച്ചെടുക്കാം എന്നും നാമിപ്പോൾ ചെയ്തുകൊണ്ടിരിക്കുന്ന പ്രവൃത്തിയെ, ഈ പ്രവൃത്തിയെ അട്ടി മറിക്കാനുള്ള ഒരു ഉപകരണമാക്കിത്തീർക്കാമെന്നും ഉള്ളതാണ് അധ്യാപകരെ നേരിടുന്ന പ്രശ്നം. നിയമം എങ്ങനെ അനുസരി ക്കാമെന്നല്ല, നിയമം എങ്ങനെ ലംഘിക്കാമെന്നതാണ് നിയമത്തെ സംബന്ധിച്ച വിപ്ലവപ്രശ്നം. ശ്രീനാരായണന്റെ സമാന്തര പ്രസ്ഥാനാശയത്തിന്റെ പ്രബലമായ തത്വം ഇതാണ്. ദൈവത്തെ ക്കൊണ്ട് ദൈവത്തെ തോൽപ്പിക്കാമെന്ന് അദ്ദേഹം തെളിയിച്ചു.

അതുകൊണ്ട് മൗലികമായ കർത്തവ്യങ്ങളിൽ ഒന്നായി ത്തീരേണ്ടത് നമ്മുടെ മണ്ണിൽ നിന്നുകൊണ്ട് തന്നെ നമ്മുടെ കസേരയിൽ ഇരുന്നുകൊണ്ട്തന്നെ, ഈ വിദ്യാഭ്യാസത്തെ അതിന്റെ വിപരീതമായ ലക്ഷ്യങ്ങളിലേക്ക് എങ്ങനെ നീക്കാമെന്ന ചർച്ചയും പ്രവൃത്തിയുമാണ്. തീർച്ചയായും അധ്യാപകനെ സംബന്ധിച്ചിടത്തോളം അയാളുടെ മുമ്പിലുള്ള പ്രധാന പ്രശ്നം താൻ ഇന്നുവരെ ചെയ്തുപോന്നിട്ടുള്ളതാണ്, ഒരു പക്ഷേ, ഇപ്പോഴും ചെയ്തുപോരുന്നത്, ഇവിടുത്തെ പഴയവിശ്വാസങ്ങ ളെയും പഴയ മൗഢ്യങ്ങളേയും നിലനിർത്തുവാനുള്ള ആർക്കും വേണ്ടാത്ത ഒരു പ്രക്രിയയാണ് എന്നും, അതിനെ തോൽപ്പി ക്കുകയുംഅതിന്റെ സ്ഥാനത്ത് ഒരു പുതിയ നീതിബോധം ഉണ്ടാക്കിത്തീർക്കുകയുമാണ് എന്നുമുള്ള, ഒരുപക്ഷേ തെറ്റായ രീതിയിൽ വിപ്ലവകരമെന്ന് വിളിക്കാവുന്ന ഒരു സമീപനമാണ് അധ്യാപകർക്ക് ഉണ്ടായിത്തീരേണ്ടത് എന്ന് തോന്നുന്നു. ഇങ്ങനെ തോന്നാനുള്ള കാരണം ഞാനിപ്പോൾ അധ്യാപകനല്ലാതായി ത്തീർന്നു എന്നതുമാണ്.

*(കെ.ജി.ടി.എ. എട്ടാം വാർഷിക സമ്മേളനത്തോടനുബന്ധിച്ച് നടത്തിയ വിദ്യാഭ്യാസ സമ്മേളനത്തിലെ പ്രസംഗം. 1988)*

# വിദ്യാഭ്യാസം കച്ചവടമാകുമ്പോൾ



ജസ്റ്റിസ് വി.ആർ.കൃഷ്ണയ്യർ

നമ്മുടെ വിദ്യാഭ്യാസരംഗം ഇന്ന് താറുമാറായിക്കിടക്കുകയാണ്, ജീവിക്കുവാനുള്ള അവകാശം അതായത്, അനുച്ഛേദം 21 ഭരണഘടനയിൽ പ്രതിപാദിച്ചിട്ടുള്ളത് എല്ലാവർക്കും വിദ്യാഭ്യാസം ലഭ്യമാക്കണം എന്നാണ്. അന്തസ്സോടുകൂടിയുള്ള ജീവിതം എന്നുള്ളതാണ് ജീവിക്കുവാനുള്ള അവകാശത്തിന്റെ ലക്ഷ്യം എന്ന് പറഞ്ഞാൽ അത് വിദ്യാഭ്യാസം കൂടി ലഭ്യമാക്കിക്കൊണ്ടുള്ള ജീവിതമാണ് എന്ന് സുപ്രീംകോടതി വിധികളിൽ പറഞ്ഞിട്ടുണ്ട്. അപ്പോൾ ഒരു കാര്യം വ്യക്തമാണ്. ഏതൊരു പൗരനും ഭാരതത്തിൽ വിദ്യാഭ്യാസം ലഭിക്കുവാനുള്ള മൗലികാവകാശമുണ്ട്. ഇതിനെ സംബന്ധിച്ച് ഉണ്ണികൃഷ്ണൻ കേസിൽ സുപ്രീം കോടതി പറഞ്ഞത് 14 വയസ്സുവരെ സൗജന്യവിദ്യാഭ്യാസം നിർബന്ധമായും വിദ്യാർത്ഥികൾക്ക് ലഭ്യമാക്കണം എന്നാണ്. (Free and compulsory education) അത് എല്ലാ ബാലികാബാലന്മാർക്കും ലഭിക്കേണ്ട ഒരവകാശമാണ്. എന്നുമാത്രമല്ല, അതു കഴിഞ്ഞാലുള്ള ഉന്നതവിദ്യാഭ്യാസവും സമത്വം എന്ന തത്വത്തിന് വിധേയമായിരിക്കണം. 15-ാം അനുച്ഛേദം 14 പറഞ്ഞിട്ടുള്ളത് നിയമത്തിന് മുന്നിൽ എല്ലാവരും സമന്മാരാണ് എന്നാണ്. അപ്പോൾ ആ നിയമം അനുശാസിക്കുന്ന വിദ്യാഭ്യാസത്തിനുവേണ്ടി പോകുന്ന വിദ്യാർത്ഥികൾ ദരിദ്രന്മാരായാലും കുബേരന്മാരായാലും അവർക്ക് തുല്യമായി വിദ്യാഭ്യാസം ലഭിക്കാനുള്ള സൗകര്യം ഉണ്ടാകണം.

പ്രൈമറി വിദ്യാഭ്യാസത്തെക്കുറിച്ച് പറയുകയാണെങ്കിൽ ഇന്ന് എൽ.കെ.ജി. അഡ്മിഷനുകൂടി കാശ് വാങ്ങുകയാണ്. അതുപോലെ തുടർപഠനങ്ങൾക്കും ഇതേ രീതിയിൽ പണം കൊടുക്കണം. സ്വകാര്യവൽക്കരണത്തിന്റെ അതിപ്രസരം മൂലം ഇന്ന് സാധാരണക്കാർക്ക് വിദ്യാഭ്യാസം സാധ്യമല്ല. ഒന്നാംക്ലാസ്സ് പ്രവേശനത്തിന് 5000 രൂപയും 10000 രൂപയും കൊടുക്കുവാൻ ഇവർക്ക് കഴിയില്ല. ഈ അടിസ്ഥാനത്തിൽ പരിശോധിച്ചുനോക്കുമ്പോൾ ഇന്ന് സാധാരണക്കാർക്കും ദരിദ്രർക്കും വിദ്യാഭ്യാസം ലഭ്യമാക്കാനുള്ള അന്തരീക്ഷം നിലവിലില്ല. ഈ അവസ്ഥ ദൂരീകരിക്കാതെ സാർവ്വത്രികമായ വിദ്യാഭ്യാസം എന്നത് പ്രാവർത്തികമാക്കാൻ കഴിയുകയില്ല.

ഭരണഘടനയിലനുസൃതമായി മുന്നോട്ടു പോകുന്ന രാജ്യത്തിലെ ഭരണകൂടത്തിന് സൗജന്യമായി വിദ്യാഭ്യാസം ലഭ്യമാക്കാനുള്ള ബാധ്യതയുണ്ട്. ഇതിന് വേണ്ട സർവ്വ സാഹചര്യങ്ങളും സൃഷ്ടിക്കാൻ വേണ്ടി ഗവൺമെന്റ് മുൻകൈയ്യെടുക്കേണ്ടതാണ്. സാമ്പത്തികമായി സർക്കാറിന് ഇതിനുകഴിവില്ല എന്ന് പറയുന്നതിൽ അർത്ഥമില്ല. ഭരണഘടനയിൽ മൗലികാവകാശമായി വളരെ വ്യക്തമായി എഴുതിവെച്ചിരിക്കുന്നത്, ഗവൺമെന്റിന് വരുമാനമുണ്ടെങ്കിൽ മാത്രം വിദ്യാഭ്യാസം അല്ലെങ്കിൽ മൗലികാവകാശം നടപ്പിലാക്കിയാൽ മതി എന്നല്ല. യാതൊരു വിധ തടസ്സങ്ങളും കൂടാതെ നിർബാധമായി നടത്തുവാൻ ഗവൺമെന്റ് ഏറ്റെടുത്തിട്ടുള്ള ചുമതലയെയാണ് ഭരണഘടനയിൽ മൗലികാവകാശം എന്ന് വിവക്ഷിച്ചിട്ടുള്ളത്. ഭരണഘടനയിൽ മൗലികാവകാശമായി പറയുന്ന അന്തസ്സോടുകൂടി ജീവിക്കാനുള്ള അവകാശത്തിന്റെ ഭാഗമാണ് വിദ്യാഭ്യാസം ലഭിക്കുക എന്നത്. ഇത് സുപ്രീംകോടതിയും ശരിവെച്ചിട്ടുണ്ട്. ആസ്ഥിതിക്ക് സൗജന്യമായ വിദ്യാഭ്യാസം എല്ലാവർക്കും കൊടുക്കുക എന്നുള്ളത് സർക്കാറിന്റെ ഒരു കടമയാണ്. അത് മാറ്റിവെക്കാൻ കഴിയാത്ത ഒരു കടമതന്നെയാണ്. അത് സർക്കാർ നടപ്പിൽവരുത്തണം എന്നാണ് എന്റെ അഭിപ്രായം. ഇന്ന് അതല്ല നടക്കുന്നത്. അതുകൊണ്ട് എയ്ഡഡ് സ്കൂളായാലും അൺ എയ്ഡഡ് സ്കൂൾ ആയാലും തരക്കേടില്ല; അവരെ നിർബന്ധമായും ഈ ഉപാധികൾക്ക് വിധേയമാക്കിക്കൊണ്ട് വിദ്യാഭ്യാസത്തിനുള്ള അവകാശം എല്ലാവർക്കും നേടിക്കൊടുക്കാൻ ഗവൺമെന്റ് നടപടികൾ എടുക്കണം. അതെടുക്കാത്ത കാലത്തോളം ഭരണകൂടം ഒരു വലിയ ശൂന്യതമാത്രമാണ്.

> ഉന്നത വിദ്യാഭ്യാസ മേഖലയിലുള്ള ഇന്നത്തെ കൊള്ളലാഭം ഉണ്ടാക്കുന്ന മാനേജ്മെന്റ് ഏർപ്പാട് അടിയന്തിരമായി അവസാനിപ്പിക്കണം. രണ്ട്, ഈ നാട്ടിൽ ദരിദ്രന്മാർക്കും വിദ്യാഭ്യാസത്തിനുള്ള അവകാശം ഉണ്ട് എന്ന് സ്ഥാപിക്കണം. തീർത്തും പ്രായോഗികമായി അത് പ്രാവർത്തികമാക്കണം.

ഉന്നതവിദ്യാഭ്യാസത്തിന്റെ കാര്യം നോക്കുമ്പോൾ വെറും കച്ചവടമാണ് ഇന്ന് നടക്കുന്നത്. മെഡിസിനും എൻജിനിയറിംഗും പോലെയുള്ള ഉന്നതവിദ്യാഭ്യാസം തേടുന്ന എല്ലാവർക്കും തുല്യഅവകാശം ഉണ്ട് എന്ന് ഉണ്ണികൃഷ്ണൻ കേസിൽ പ്രഖ്യാപിച്ചുകഴിഞ്ഞത് വാസ്തവത്തിൽ നമ്മൾ അംഗീകരിക്കേണ്ടതാണ്. അതിനുശേഷം വന്ന കേസിലാണ് 11 ജഡ്ജിമാർ ഉണ്ണികൃഷ്ണൻ കേസിൽ നിന്ന് വിയോജിച്ചുകൊണ്ട് വിധി പ്രസ്താവിച്ചിട്ടുള്ളത്. ഞാൻ ആ വിധിയോട് യോജിക്കുന്നില്ല. അതിനെ വിമർശിച്ചുകൊണ്ട് ഞാൻ ആനുകാലികങ്ങളിൽ എഴുതിയിട്ടുണ്ട്.

പിടിച്ചുപറി നടത്താൻ മാനേജ്മെന്റുകൾക്ക് അവകാശമുണ്ട് എന്ന് ആരും ഒരുകാലത്തും സമ്മതിച്ചിട്ടില്ല. ഇതിനെ സുപ്രീം കോടതി ന്യായീകരിക്കുകയുമില്ല. ഭരണഘടനയ്ക്ക് കടകവിരുദ്ധമായിട്ടുള്ളതാണ് വിദ്യാഭ്യാസത്തെ കച്ചവടവൽക്കരിക്കുക എന്നുള്ളത്. ഉന്നതവിദ്യാഭ്യാസം

ലഭ്യമാക്കാൻ വേണ്ടി ഏറ്റവും മിതമായ ഫീസുകൾ മാത്രം വാങ്ങിക്കൊണ്ടും ദരിദ്രന്മാരാണെങ്കിൽ അവർക്ക് സ്കോളർഷിപ്പ് വഴി സൗജന്യവിദ്യാഭ്യാസം കൊടുത്തുകൊണ്ടും പ്രോത്സാഹിപ്പിക്കുക എന്നതാണ് ഗവൺമെന്റ് ചെയ്യേണ്ടത്. നിർഭാഗ്യവശാൽ ഇന്ന് കാണുന്നത് അതല്ല. ഗവൺമെന്റിന് നിസ്സഹായത കാണിക്കുവാൻ രംഗമൊരുക്കിക്കൊടുത്തുകൊണ്ട് കോടതി ഇന്ന് മാനേജ്മെന്റിന്റെ ഭാഗത്തു നിന്നുകൊണ്ടാണ് വിധികൾ പുറപ്പെടുവിക്കുന്നത്. ഇതിനെതിരായി പോരാടാതെയും നിർവാഹമില്ല. കോടതികളുടെ വിധിയെ മാറ്റാൻ വേണ്ടി നമ്മൾ മുന്നോട്ട് പോകണം. കോടതികൾ ഇതിന് തയ്യാറാവുന്നില്ലെങ്കിൽ ഭരണഘടനയ്ക്ക അനുയോജ്യമായ നിലയിൽ ഗവൺമെന്റ് നിയമം സൃഷ്ടിക്കണം. ഇത് ഗവൺമെന്റിന്റെ ചുമ തലയാണ്, ബാധ്യതയാണ്. അതിന് സമ്മർദ്ദം ചെലുത്തേണ്ട ബാധ്യത പൊതു ജനങ്ങൾക്കുണ്ട്.

ഉന്നതവിദ്യാഭ്യാസ രംഗത്തുള്ള കച്ചവടവൽക്കരണത്തെ ഇല്ലാതാക്കുവാനുള്ള നിയമങ്ങളും ഉണ്ടാക്കേണ്ടതുണ്ട്. അതിനുവേണ്ട പൊതുഅഭിപ്രായം സൃഷ്ടിച്ചെടുക്കണം. അതിനുവേണ്ടി മാനേജ്മെന്റിനെ നിർബന്ധിക്കണം. ഇപ്പോൾ പിടിച്ചുപറിയാണ് നടക്കുന്നത്. മെഡിക്കൽ കോളേജ് പ്രവേശനത്തിനായി ഇരുപതും മുപ്പതും ലക്ഷമാണ് വാങ്ങുന്നത്. മാത്രമല്ല മറ്റ് ക്ലാസ്സുകളിലും ഉയർന്ന ഫീസ് തന്നെയാണ് ഈടാക്കുന്നത്. സാധാരണക്കാരെ സംബന്ധിച്ച്പറയുകയാണെങ്കിൽ കുട്ടികളെ ഈ വിദ്യാലയത്തിലേക്കയക്കാൻ സാധിക്കുകയില്ല. അതുകൊണ്ടു തന്നെ ഇവിടുത്തെ വിദ്യാഭ്യാസ മേഖലയിൽ സമൂലമായ, വിപ്ലവകരമായ ഒരു മാറ്റം അടിയന്തിരമായി വരുത്താൻ നമ്മളെല്ലാവരും യോജിച്ച് പ്രവർത്തിക്കണം. വിദ്യാഭ്യാസ കച്ചവടം ഈ രാജ്യത്ത് അവസാനിപ്പിക്കണം. ഈ തത്വത്തോട് യോജിക്കുന്നു എന്നുപറയുന്ന ഗവൺമെന്റാണെങ്കിൽ ആവശ്യമായ നടപടികൾ എടുക്കാൻ തുനിയുന്നില്ല.

എന്റെ അഭിപ്രായം പറയട്ടെ; ഒന്ന്, ഉന്നത വിദ്യാഭ്യാസമേഖലയിലുള്ള ഇന്നത്തെ കൊള്ളലാഭം ഉണ്ടാക്കുന്ന മാനേജ്മെന്റ് ഏർപ്പാട് അടിയന്തിരമായി അവസാനിപ്പിക്കണം. രണ്ട്, ഈ നാട്ടിൽ ദരിദ്രന്മാർക്കും വിദ്യാഭ്യാസത്തിനുള്ള അവകാശം ഉണ്ട് എന്ന് സ്ഥാപിക്കണം. തീർത്തും പ്രായോഗികമായി അത് പ്രാവർത്തികമാക്കണം. അങ്ങനെയല്ലാതെ ഇന്നത്തെ നില അപകടകരമായി തുടരുകയാണെങ്കിൽ 10 കൊല്ലത്തിനുള്ളിൽ ഇവിടെ രണ്ടുവിഭാഗം ജനങ്ങളുണ്ടായിരിക്കും. ധനികന്മാരുടെ വിദ്യാഭ്യാസമുള്ള, ഉയർന്നു നിൽക്കുന്ന വിഭാഗവും ദരിദ്രരുടെ വിദ്യാഭ്യാസമില്ലാത്ത, ചവിട്ടിയരക്കാൻ വിധിക്കപ്പെട്ട മറ്റൊരു വിഭാഗവും.

"Education have's and education have not's" എന്നുള്ളതായ ഒരു വിഭജനം ഈ രാജ്യത്ത് നടന്നുകൊണ്ടിരിക്കുന്നു. ഇവിടെ കച്ചവടം പൊടിപൊടിക്കുകയാണ്. സിനിമ പിടിക്കുന്നതുപോലെ, ഹോട്ടലുകൾ തുടങ്ങുന്നതുപോലെ വ്യവസായശാലകൾ തുടങ്ങുന്നതുപോലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങുന്നു. കാശുണ്ടാക്കുക എന്നത് മാത്രമാണ് മാനദണ്ഡം. ഈ കമ്പോളസമ്പ്രദായം മാറ്റിക്കൊണ്ട് വിദ്യാഭ്യാസം എന്നത് അവകാശമാണ്, വിദ്യാഭ്യാസം നൽകുക എന്നത് ഭരണകൂടത്തിന്റെ ബാധ്യതയാണ് എന്ന നിലയ്ക്ക് നാം മുന്നോട്ട് പോകണം. കോടതിവിധികളെ കാത്തുനിൽക്കാതെ അടിയന്തിരമായി നിയമനിർമ്മാണം നടത്തി ഈ പ്രതിസന്ധി മറികടക്കാൻ സർക്കാർ തയ്യാറാവണം.

വിദ്യാർത്ഥികൾ സമരത്തിനായിറങ്ങുന്നത് നീതിലഭിക്കാത്തതുകൊണ്ടാണ്. നീതി അവർക്ക് നൽകുക. നീതി ലഭിച്ചാൽ ആരും സമരത്തിന് മുന്നോട്ട് വരികയില്ല. ഒരു യുവതലമുറയുടെ വിദ്യാഭ്യാസത്തെ നമുക്ക് കളഞ്ഞുകുളിക്കാൻ അധികാരമില്ല. ഇത് ഭരണഘടന അനുശാസിക്കുന്ന അവകാശമാണ്. ഇതൊരു തലമുറയുടെ അവകാശമാണ്.



ജോസഫ് മുണ്ടശ്ശേരി

**വിദ്യാഭ്യാസം വഴി മാനേജ്മെന്റുകൾക്ക് അവരുടെ ഇഷ്ടംപോലെഫീസ് വാങ്ങാനും തോന്നിയതുപോലെ നിയമനങ്ങൾ നടത്തി അവരെക്കൊണ്ട് അടിമവേല ചെയ്യിക്കാനും അതുവഴി കണ്ടമാനം കാശുണ്ടാക്കാനും സാധ്യതയുണ്ടായിരുന്ന ഒരു കാലഘട്ടത്തിലാണ് മുണ്ടശ്ശേരി വിദ്യാഭ്യാസ നിയമം കൊണ്ടുവന്നത്.**

വിദ്യാഭ്യാസം വഴി മാനേജ്മെന്റുകൾക്ക് അവരുടെ ഇഷ്ടംപോലെ ഫീസ് വാങ്ങാനും തോന്നിയതുപോലെ നിയമനങ്ങൾ നടത്തി അവരെക്കൊണ്ട് അടിമവേല ചെയ്യിക്കാനും അതുവഴി കണ്ടമാനം കാശുണ്ടാക്കാനും സാധ്യതയുണ്ടായിരുന്ന ഒരു കാലഘട്ടത്തിലാണ് മുണ്ടശ്ശേരി വിദ്യാഭ്യാസനിയമം കൊണ്ടുവന്നത്. ഇ.എം.എസ്. മന്ത്രിസഭയിലെ കാര്യങ്ങൾ ചരിത്രമാണ്. കേരള എഡ്യുക്കേഷൻ ആക്ട് കൊണ്ടുവന്നത് കേരളത്തിലെ ഒരു വഴിത്തിരിവായിരുന്നു. പ്രൊഫ. മുണ്ടശ്ശേരിയുടെ ജീവിതാനുഭവം കൊണ്ട് അദ്ദേഹം മനസ്സിലാക്കി. വിദ്യാഭ്യാസം താറുമാറായിക്കൊണ്ടിരിക്കുകയാണ്. അവിടെ കച്ചവട മനോഭാവമാണ് പുലരുന്നത് എന്നുമാത്രമല്ല മാനേജ്മെന്റിന് തോന്നിയതുപോലെ എന്തും ചെയ്യാം. അവർക്ക് ജാതീയമായും മതപരമായും കാശിന്റെ അടിസ്ഥാനത്തിലും, ഏതുവിധേന വേണമെങ്കിലും വിദ്യാഭ്യാസ രംഗത്തെ പിടിച്ചുടക്കാൻ സാധിക്കും. ഇതായിരുന്നു അന്നത്തെ സാഹചര്യം. അത് പാടില്ല എന്നു കണ്ടാണ് വിദ്യാഭ്യാസ രംഗത്തെസംശുദ്ധമാക്കാനുള്ള ഒരു മഹായജ്ഞത്തിനായി കേരള എഡ്യുക്കേഷൻ ബില്ല് അദ്ദേഹം അവതരിപ്പിച്ചത്. അതിനെതിരെയും അന്ന് സമരമുണ്ടായി! ഒടുവിൽ സുപ്രീംകോടതി കേരള എഡ്യുക്കേഷൻ ബിൽ ഭരണഘടനാവിധേയമാണ് എന്ന് അനുകൂലമായി വിധിച്ചു. ഇതൊക്കെ നമ്മൾ മനസ്സിലാക്കേണ്ടതുണ്ട്. അന്നത്തെ നിയമം അസാധു ആക്കിയെന്നുള്ള ധാരണയുണ്ടെങ്കിൽ അത് പിശകാണ്. ഇന്നും ഞാനോർക്കുന്നു, അന്ന് വിദ്യാഭ്യാസബിൽ അവതരിപ്പിച്ചതുവഴി രാജ്യത്തോട് കാഹളം മുഴക്കിയത് വിദ്യാഭ്യാസരംഗത്ത് സാധാരണക്കാർക്കും അവകാശമുണ്ടെന്നാണ്. ഇതൊരു പൊതുമേഖലയാണ് എന്നാണ്. വിദ്യാഭ്യാസം ഒരവകാശമാണ് എന്നാണ്. ഇങ്ങനെ കേരള എഡ്യുക്കേഷൻ ബിൽ ഈ രാജ്യത്തിനുതന്നെ ഒരു മാതൃകയായിരുന്നു. ഈ ഘട്ടത്തിൽ മുണ്ടശ്ശേരിയോട് എനിക്ക് ഒരുപാട് ബഹുമാനവും ആദരവും തോന്നുന്നു. ആ ധൈര്യവും ആത്മാർത്ഥതയും സാമൂഹിക പ്രതിബദ്ധതയും ഈ നാടിന് ഇപ്പോൾ ആവശ്യമാണ്.



ഡോ. സുകുമാർ അഴീക്കോട്

# വിദ്യാഭ്യാസം- ഗാന്ധിജിയുടെ 'സ്വാശ്രയ'ത്തിൽനിന്ന് നിരാശ്രയത്വത്തിലേക്ക്

വർത്തമാനകാലത്ത് നമുക്ക് ഒരു കൊടിലു പോലെ എന്തെങ്കിലും വലിച്ചെടുക്കാൻ ഉപയോഗിക്കുന്ന. ഒരു സാധാരണ ഉപകരണമായിട്ടാണ് വിദ്യാഭ്യാസത്തെ കാണുന്നത്. അതുകൊണ്ട് ഈ വിദ്യാഭ്യാസം കുട്ടികൾ എത്ര ഉൾക്കൊണ്ടാലും അത് അവരുടെ മൗലികമായ മാനസിക സ്വഭാവത്തെ മെച്ചപ്പെടുത്താൻ ഉപകരിക്കുകയില്ല. അതുണ്ടാകണമെങ്കിൽ വിദ്യാഭ്യാസത്തിന്റെ സാർവ്വകാലിക ലക്ഷ്യമെന്താണെന്ന അറിവ് ഉണ്ടാകണം.

ഞാനൊരു ട്രെയിനിംഗ് കോളേജ് പ്രിൻസിപ്പാളായിരുന്നു. ഏകദേശം പത്തു കൊല്ലത്തോളം ബി.എഡ്. വിദ്യാർത്ഥികളെ പഠിപ്പിച്ചിട്ടുണ്ട്. അന്നത്തെ ഓർമ്മകൾ ഇന്നും എന്നിൽ വിഷാദങ്ങളായി നിറയുകയാണ്. അന്ന് ഞങ്ങൾ പഠിപ്പിച്ചത് വിദ്യാഭ്യാസത്തിന്റെ തികച്ചും ശാശ്വതങ്ങളായ ലക്ഷ്യങ്ങളും പിന്നീട് കാലാനുസൃതങ്ങളായ ലക്ഷ്യങ്ങളുമാണ്. അങ്ങനെ, ലക്ഷ്യങ്ങളെക്കുറിച്ച് പറയുമ്പോൾ വേർതിരിച്ചു പറയണം. കാലാനുസൃതമായ ലക്ഷ്യങ്ങൾ എന്ന് പറഞ്ഞാൽ സാർവ്വദേശീയ-സാർവ്വകാലിക ലക്ഷ്യങ്ങളുടെ ഒരു തുടർച്ചയാണ്. അതിനെ വിദ്യാഭ്യാസമായി നിലനിർത്തുന്നത് ഈ സാർവ്വദേശീയമായ ലക്ഷ്യങ്ങളാണ്. താൽക്കാലിക ലക്ഷ്യങ്ങളല്ല. പക്ഷേ ഒരു സമൂഹത്തിന് നിലനിൽക്കാൻ പല ലക്ഷ്യങ്ങളും വേണ്ടിവരും. അതിനുള്ള പരിശീലനം കൊടുക്കണം. അത് വാസ്തവത്തിൽ നല്ലൊരു ഒത്തുതീർപ്പിന്റെ രീതിയാണ്. കേവല സാർവ്വദേശീയ ലക്ഷ്യങ്ങൾ എന്ന് പറഞ്ഞ് ഇതിനെ ഏതോ ആകാശത്തിലേക്ക് വലിച്ചുകൊണ്ടുപോകാതെ സാധാരണ ജീവിതവുമായി ബന്ധപ്പെടുത്തിക്കൊണ്ടായിരിക്കണം ഇത് നടപ്പിൽ വരുത്തേണ്ടത്. ഞാൻ വിചാരിച്ചത് വിദ്യാഭ്യാസത്തിന് എപ്പോഴും സാർവ്വജനീനലക്ഷ്യങ്ങളിലുള്ള ഊന്നൽ കൊണ്ടായിരിക്കും അപകടം വരിക എന്നായിരുന്നു. പക്ഷേ ഇന്നത്തെ കാലത്തെ വിദ്യാഭ്യാസം കാണുമ്പോൾ സാർവ്വജനീനലക്ഷ്യങ്ങൾ ആകെ തിരസ്കരിക്കപ്പെട്ടിരിക്കുകയാണ്. എന്നിട്ട് താല്കാലിക ലക്ഷ്യങ്ങൾക്കുവേണ്ടി വിദ്യാഭ്യാസം ഉപയോഗപ്പെടുത്തുകയാണ്. അങ്ങനെ ഇന്നത്തെ വിദ്യാഭ്യാസം സമൂഹത്തിന്റെ ആദർശചക്രവാളമായിട്ടല്ല നിൽക്കുന്നത്. നേരെമറിച്ച് നമ്മുടെ വർത്തമാനകാലത്ത് നമുക്ക് ഒരു കൊടിലു പോലെ എന്തെങ്കിലും വലിച്ചെടുക്കാനുപയോഗിക്കുന്ന ഒരു സാധാരണ ഉപകരണമായിട്ടാണ് വിദ്യാഭ്യാസത്തെ കാണുന്നത്. അതുകൊണ്ട് ഈ വിദ്യാഭ്യാസം കുട്ടികൾ എത്ര ഉൾക്കൊണ്ടാലും അത് അവരുടെ മൗലികമായ മാനസിക സ്വഭാവത്തെ മെച്ചപ്പെടുത്താൻ ഉപകരിക്കുകയില്ല. അതുണ്ടാകണമെങ്കിൽ വിദ്യാഭ്യാസത്തിന്റെ സാർവ്വകാലിക ലക്ഷ്യമെന്താണെന്ന അറിവ് ഉണ്ടാകണം. ഞാൻ ട്രെയിനിംഗ് കോളേജിൽ 'ഫിലോസഫി ഓഫ് എഡ്യുക്കേഷൻ' ആണ് പഠിപ്പിച്ചത്. എനിക്ക് അതിന്റെ അധികാരികളെ അറിയാം. എല്ലാം ഓർമ്മയുണ്ട്. നാലഞ്ചുലക്ഷ്യങ്ങൾ പറയും. കുറേ പഠിച്ച് ഒരു വലിയ പണ്ഡിതനാകുകയല്ല ലക്ഷ്യം. അറിവുണ്ടാകണം. പക്ഷേ അറിവ് മറ്റൊരു ലക്ഷ്യം നേടുന്നതിന്റെ ഉപാധിമാത്രമാണ് 'റസ്കിൻ' പറഞ്ഞത് ഇതാണ്. വിദ്യാഭ്യാസം എന്നുള്ളത് നേടിയ അറിവ് എങ്ങനെ പ്രയോജനപ്പെടുത്തുക എന്നുള്ളതാണ്. അറിവ് ആർക്കും നേടാം. പക്ഷേ അത് പ്രയോജനപ്പെടുത്തുന്നതാണ് വിദ്യാഭ്യാസം.

പ്രയോജനപ്പെടുത്താം എന്ന് പറയുന്നത് നമ്മുടെ മനസ്സിന്റെ സംസ്കാരത്തെ ആശ്രയിച്ചിരിക്കും. വിദ്യാഭ്യാസത്തിന്റെ ഏറ്റവും ശ്രേഷ്ഠമായ ലക്ഷ്യം സാംസ്കാരിക ലക്ഷ്യമാണ്. അതാണ് വിവേകാനന്ദനൊക്കെ പരാമർശിക്കുന്നത്. " We want man building education" ഇത് അദ്ദേഹത്തിന്റെ വിദ്യാഭ്യാസത്തിന്റെ മഹത്തായ ലക്ഷ്യമാണ്. ഗാന്ധിജി പറയുന്നത് "മനുഷ്യനിലുള്ള ഏറ്റവും മഹത്തായ ശരീരത്തിന്റേയും മനസ്സിന്റേയും ആത്മാവിന്റേയും കഴിവുകൾ പുറത്തുകൊണ്ടുവരിക" ഇതൊക്കെ

ഞങ്ങൾ അന്ന് കുട്ടികളെ പഠിപ്പിച്ചിരുന്നു. കുട്ടികൾ പരീക്ഷ എഴുതിയതുമാണ്. അതൊക്കെ ഏറെക്കുറെ അവരുടെ ജീവിതലക്ഷ്യങ്ങളുമായിരുന്നു. ഇന്ന് കേരളത്തിലെ വിദ്യാഭ്യാസരംഗത്ത് മുഴങ്ങുന്ന ശബ്ദം അൺ എയ്ഡഡ് സ്കൂളുകളും സ്വാശ്രയകോളേജുകളുമാണ്. സ്വാശ്രയകോളേജ് എന്ന തർജ്ജമപോലും ജനങ്ങളെ വഞ്ചിക്കുന്നതാണ്. ഗാന്ധിജിയുടെ 'വാർദ്ധ വിദ്യാഭ്യാസം' സ്വാശ്രയ പദ്ധതിയായിരുന്നു. അതിന്റെ അർത്ഥം Self Sustaining എന്നാണ്. അതായത് വിദ്യാർത്ഥികൾ വിദ്യാഭ്യാസം ചെയ്യുന്ന സമയത്ത് തന്നെ വിദ്യാഭ്യാസത്തിന്റെ ചെലവിൽ ഒരംശം അവനുണ്ടാക്കണം. അതൊരു മഹത്തായ ലക്ഷ്യം തന്നെയാണ്. അവൻ അന്നേ ഉൽപ്പാദനപ്രവർത്തനത്തിന്റെ ഭാഗമാവുകയാണ്. ഇന്ന് നൂറാംക്ലാസ് രാഷ്ട്രീയക്കാരനും എല്ലാവരും തന്നെ വിദ്യാഭ്യാസത്തിന് പണം ചെലവുചെയ്തിട്ട് നമ്മൾ മുടിഞ്ഞുപോയി എന്നാണ് പറയുന്നത്. വിദ്യാഭ്യാസം എന്നുപറയുന്നത് എന്തോ ഒരു ചീത്തക്കാര്യം പോലെയാണ്. ഇന്നത്തെ 'Self financing college' നെയാണ് സ്വാശ്രയ കോളേജ് എന്ന് പറയുന്നത്. ആ തർജ്ജമ തന്നെ തെറ്റാണ്. ഇന്ന് 'Self financing' എന്ന് പറഞ്ഞാൽ വിദ്യാഭ്യാസത്തിന്റെ ചെലവ് മുഴുവൻ കുട്ടികളെക്കൊണ്ട് നിറവേറ്റുക എന്നതാണ്. ഉദാഹരണത്തിന് ഇത് ഗാന്ധിജി കുട്ടികളക്കൊണ്ട് ചെയ്യിച്ചതുപോലെയല്ല. അവർ ഒരു തൊഴിൽ ചെയ്തിട്ടല്ല, മറിച്ച് കുട്ടികളുടെ വീട്ടിൽ നിന്നുള്ള നിർബന്ധപിരിവാണ്.. ഇതാണ് നിലവിലുള്ള 'Self financing' രീതി. ഇതിനെ ആരും പോലും തുറന്നുകാണുക്കുന്നില്ല. വിദ്യാഭ്യാസം കച്ചവടമാക്കുന്നുവെന്ന് വെറുതെ പറഞ്ഞിട്ട് കാര്യമില്ല. എങ്ങനെ കച്ചവടമാക്കുന്നുവെന്ന് ജനങ്ങളെ ബോധ്യപ്പെടുത്തണം. വിദ്യാഭ്യാസം എങ്ങനെ കച്ചവടമാക്കുന്നുവെന്ന് ആളുകൾക്ക് വിശദീകരിച്ചുകൊടുക്കണം. 'Self financing' എന്ന രീതി വിശദമാക്കുമ്പോഴാണ് ആളുകൾ ഇത് എന്തോരു പറ്റിക്കലാണെന്ന് ചിന്തിക്കുക. 'സ്വാശ്രയം' എന്ന് കേൾക്കുമ്പോൾ ആളുകൾ ഗാന്ധിജിയുടെ ആദർശത്തിലേക്കാണ് എത്തിച്ചേരുക. പക്ഷേ ഗാന്ധിജിയുടെ ശവശരീരത്തിൽ ചവിട്ടിയാണ് സ്വാശ്രയ കോളേജുകൾ കൊണ്ടുവരുന്നത്. 'Self financing' എന്ന് പറയുന്നത് സ്വാശ്രയ സ്ഥാപനങ്ങളല്ല. സ്വാശ്രയം എന്ന് പറയുന്നത് ഇന്ത്യൻ ജനതയെ സ്വാശ്രയമാക്കുകയെന്ന സ്വാതന്ത്ര്യത്തിന്റെ ലക്ഷ്യമായിട്ടാണ് ഗാന്ധിജി വ്യാഖ്യാനിച്ചത്. അത് ഇന്ന് വിദ്യാഭ്യാസത്തോട് ചേർത്തു പറയുമ്പോൾ എല്ലാവരും കൊള്ളാം എന്നും പറയുന്നു. ഇതിന്റെ ഫിനാൻസ് മുഴുവനും സർക്കാർ കയ്യൊഴിഞ്ഞ് കുട്ടികൾ വഹിക്കണം എന്നാണ്. പണ്ടൊക്കെ ഡോ.രാധാകൃഷ്ണൻ, കോത്താരി മുതലായ മഹാന്മാരാണ് വിദ്യാഭ്യാസത്തെപ്പറ്റി ചിന്തിച്ചിരുന്നതെങ്കിൽ, ഇന്ന് വിദ്യാഭ്യാസത്തെപ്പറ്റി ചിന്തിക്കുന്നത് കുറേ പണമുള്ള മുതലാളിമാരും കലാലയങ്ങൾ നടത്തുന്ന മാനേജർമാരുമാണ്. ചിലർ കേസ് കൊടുക്കുമ്പോഴൊക്കെയാണ് ഇവരുടെ പേര് കേൾക്കുന്നത്. അല്ലാതെ ഇവർക്കൊന്നും നമ്മുടെ സാമൂഹിക-സാംസ്കാരിക ജീവിതത്തിൽ യാതൊരു സ്ഥാനവുമില്ല. കേസുകളിൽ വാദിയോ പ്രതിയോ ആകുമ്പോഴാണ് ഇവരുടെ മഹത്വം നാം മനസ്സിലാക്കുന്നത്. സ്കൂൾ മാനേജർമാരും രാഷ്ട്രീയക്കാരുമാണ് ഇന്ന് നമ്മുടെ വിദ്യാഭ്യാസത്തെക്കുറിച്ച് ചിന്തിക്കുന്നത്. ഗാന്ധിജി, വിവേകാനന്ദൻ, രാധാകൃഷ്ണൻ, കോത്താരി എന്നിവരൊക്കെ നമ്മുടെ വിദ്യാഭ്യാസമേഖലയിൽ നിന്നും തമസ്കരിക്കപ്പെട്ടുകഴിഞ്ഞിരിക്കുന്നു. നമ്മളിപ്പോൾ എവിടെയെത്തിയെന്നും എത്താൻ പോകുന്നു എന്നുകൂടി ഊഹിക്കണം. 'Self financing' എന്നുപറഞ്ഞാൽ അവിടെ ലക്ഷ്യം വ്യക്തമാക്കിക്കഴിഞ്ഞു. Financial sustaining ആണ് രാഷ്ട്രീയക്കാരുടേയും സർക്കാരിന്റേയും ലക്ഷ്യം. സർക്കാരുകൾ വിദ്യാഭ്യാസത്തിന് പണം മുടക്കി മുടിഞ്ഞുപോയതുകൊണ്ടാണ് വിദ്യാഭ്യാസരംഗം സ്വകാര്യമേഖലയിലേക്ക് മാറ്റുന്നതെന്ന് പറയുന്നു. ഇവിടെ മാനേജ്മെന്റ് ഫൈനാൻസിംഗ് എന്ന് പറയുന്നതിന് പകരം സെൽഫ് ഫൈനാൻസിംഗ് എന്ന് പറഞ്ഞ് ജനങ്ങളെ കബളിപ്പിക്കുകയാണ്. മാനേജ്മെന്റിൽ സെൽഫ് എന്ന് പറയുമ്പോൾ മാനേജരാണ്. അപ്പോൾ കുട്ടികളിൽ നിന്ന് പണം പിരിക്കുന്നത് തട്ടിപ്പാണ്. അല്ലെങ്കിൽ സെൽഫ് ഫിനാൻസിംഗ് എന്ന വാക്ക് തന്നെ മാറ്റണം. മാനേജർമാർ പണം മുടക്കാതെ പാവപ്പെട്ടവൻ അവരുടെ കുട്ടികളുടെ ഭാവിക്കുവേണ്ടി വീടും കിടപ്പാടവും പണയം വെച്ച് പഠിക്കുന്നതിന് 'സ്വാശ്രയം' എന്ന് പറയരുത്. ഇത് പഴയ തലവരി എന്ന് പറയുന്ന സംഗതിയാണ്. ക്യാപ്പിറ്റേഷൻ എന്ന് പറയാം. ഇവരൊക്കെയായിട്ട് ഒരു കേളേജ് നടത്തുന്നതിന് ആവശ്യമായ തുകയെ സംബന്ധിച്ച് സർക്കാർ ചർച്ച നടത്തണം. ഭൂമി, കെട്ടിടം, ഭൗതിക സാഹചര്യങ്ങൾ ഇതെല്ലാം കണക്കാക്കി തുക നിശ്ചയിക്കണം. ഒരു സെൽഫ് ഫിനാൻസിംഗ് മാനേജർ എന്നോട് പറഞ്ഞത് കുട്ടികളിൽ നിന്നും ഈടാക്കുന്ന നാലരലക്ഷം തുക വളരെ ഭീമമാണ് എന്നാണ്. സർക്കാർ പറയുന്ന 3500 രൂപ വാങ്ങിയാൽ തന്നെ വളരെ നല്ല നിലയിൽ സ്ഥാപനം നടത്തിക്കൊണ്ടുപോകാൻ സാധിക്കുമെന്നാണ്. എനിക്ക് കേരളത്തിലെ മാനേജർമാരോട് ഒരു ചോദ്യമുണ്ട്, നിങ്ങളോട് കോളേജ് നടത്താൻ ആരെങ്കിലും ആവശ്യപ്പെട്ടിട്ടുണ്ടോ? സെൽഫ് ഫിനാൻസിംഗ് കോളേജുകളിലെ അധ്യാപകർക്ക് മാസത്തിൽ ഒരുലക്ഷം രൂപയാണോ ശമ്പളം കൊടുക്കാൻ പോകുന്നത്? കുട്ടികളിൽ നിന്നും വാങ്ങുന്ന തുക സംബന്ധിച്ച് ചിന്തിച്ചാൽ അങ്ങനെ നടപ്പാക്കുന്നതിന് മുമ്പ് കേരളത്തിലെ വിദ്യാഭ്യാസം മാനേജർമാരുടെ കയ്യിലായിരുന്നു. അന്ന് 50 രൂപ ശമ്പളമുള്ള ഒരധ്യാപകന് 40 രൂപയും മാനേജർമാർ പിടിച്ച് 10 രൂപ മാത്രമാണ് കൊടുത്തിരുന്നത്. നമ്മുടെ വിദ്യാഭ്യാസം അങ്ങോട്ട് തിരിച്ചുപോകുകയാണ്. ഒരുപക്ഷേ അതിനേക്കാൾ വലിയ കൊലപാതകമാണ് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്.

ഞാനാണ് വിദ്യാഭ്യാസമന്ത്രിയെങ്കിൽ ഇവരോട് ചോദിക്കുന്നത് (പുഷ്പഗിരിയല്ല, ആരുതന്നെയായാലും)

**സ്വാശ്രയം എന്ന് പറയുന്നത് ഇന്ത്യൻ ജനതയെ സ്വാശ്രയമാക്കുകയെന്ന സ്വാതന്ത്ര്യത്തിന്റെ ലക്ഷ്യമായിട്ടാണ്ഗാന്ധിജി വ്യാഖ്യാനിച്ചത്. അത് ഇന്ന് വിദ്യാഭ്യാസത്തോട് ചേർത്തു പറയുമ്പോൾ എല്ലാവരും കൊള്ളാം എന്നും പറയുന്നു.**

**സെൽഫ് ഫിനാൻസിംഗ് എന്ന വാക്ക് തന്നെ മാറ്റണം. മാനേജർമാർ പണം മുടക്കാതെ പാവപ്പെട്ടവൻ അവരുടെ കുട്ടികളുടെ ഭാവിക്കുവേണ്ടി വീടും കിടപ്പാടവും പണയം വെച്ച് പഠിക്കുന്നതിന് 'സ്വാശ്രയം' എന്ന് പറയരുത്.**

കേരളത്തിലെ വിദ്യാഭ്യാസം നന്നാക്കാൻ നിങ്ങളെ ആരെങ്കിലും ക്ഷണിച്ചിട്ടുണ്ടോ? ഇത് നഷ്ടമാണെങ്കിൽ വേറെ വ്യവസായം തുടങ്ങിക്കൂടെ? എന്നാണ്. ഇനി മറ്റ് വ്യവസായത്തിനിറക്കുന്ന മൂലധനം അഞ്ചുകൊല്ലം കൊണ്ട് തിരിച്ച് കിട്ടുമോ. ഉദാഹരണത്തിന് ഞാൻ ജോലി ചെയ്തിരുന്ന പത്രസ്ഥാപനത്തിന്റെ കാര്യംതന്നെയെടുക്കാം. അവർ ഏകദേശം 15 നും 20നും ഇടയിൽ കോടി രൂപ ചെലവാക്കിക്കഴിഞ്ഞു. ഇത് തിരിച്ചുപിടിക്കാൻ മിനിമം 12 കൊല്ലമെടുക്കും.. വിദ്യാഭ്യാസത്തിന് ഇത്തരത്തിലുള്ള കെട്ടിടമൊക്കെ ഉണ്ടാക്കി രണ്ടുകൊല്ലം കൊണ്ട് ഇത് തിരിച്ചുപിടിക്കാൻ ഒരു കുട്ടിയുടെ കൈയ്യിൽ നിന്ന് നാലരലക്ഷം പിരിച്ചുവെന്ന് പറഞ്ഞാൽ ഇവരുടെ വരുമാനമെത്രയാണെന്ന് നമുക്ക് ഊഹിക്കാവുന്നതേയുള്ളൂ. നമ്മുടെ അധികാരികൾക്ക് ഈ കണക്കുപോലും അറിയില്ലെന്ന് തോന്നുന്നു. വിദ്യാഭ്യാസത്തിൽ നിങ്ങൾ വന്നത് മറ്റ് വ്യവസായത്തേക്കാളും ലാഭം പ്രതീക്ഷിച്ചിട്ടാണോ എന്നൊരു ചോദ്യമെങ്കിലും ചോദിച്ചുകൂടെ. വിദ്യാഭ്യാസ രംഗത്തേക്ക് വരുന്നവർക്ക് ഇതിൽ ഒരു ജനസേവനമുണ്ടെന്നുള്ള ചിന്ത കൂടിയുണ്ടാകണം. ഇതിന് കുട്ടികളിൽ നിന്നല്ലാതെ നിങ്ങൾ എത്രരൂപ ചെലവാക്കുന്നുണ്ട്. എത്ര ശതമാനം വരും അത്? ഇത് കുട്ടികളിൽ നിന്ന് രണ്ട് കൊല്ലം എന്നതിനുപകരം പത്തുകൊല്ലം കൊണ്ട് പിരിച്ചെടുത്താൽ പോരെ എന്നെങ്കിലും ചോദിച്ചുകൂടെ. എല്ലാ ബിസിനസ്സിലുമെന്നപോലെ ചില ബിസിനസ്സുകളിൽ മുതൽമുടക്ക് തിരിച്ചു കിട്ടാൻ ഇരുപതുകൊല്ലംവരെ കാത്തു നിൽക്കേണ്ടിവരും. ഇപ്പോൾ സർക്കാർ നമ്മുടെ വിദ്യാഭ്യാസം കൈയ്യൊഴിയുന്നിടത്ത് ഇത്തരം ഏജൻസികൾ കയറി വിദ്യാഭ്യാസരംഗം കൈയ്യടക്കുകയാണ്. ഇതിനെ വെറും കൈയ്യടക്കൽ എന്ന് മാത്രം പറഞ്ഞാൽ പോര, ഏറ്റവും പരമപ്രധാനങ്ങളായ രാജ്യതാല്പര്യങ്ങളെ പണയപ്പെടുത്തിക്കൊണ്ടുള്ള കച്ചവടം കാരണം ഇവിടുത്തെ കുരുമുളക്, റബ്ബർ തുടങ്ങിയ വ്യവസായങ്ങൾ തകർന്നുപോയാൽ നമ്മുടെ സമ്പദ് വ്യവസ്ഥയാണ് തകരാറിലാവുക. വിദ്യാഭ്യാസം തകരാറിലാവുകയെന്ന് പറഞ്ഞാൽ നമ്മുടെ പുതിയ തലമുറയുടെ സ്വഭാവം ആസകലം നഷ്ടപ്പെടുകയാണ്. മാത്രമല്ല, സർക്കാർ 'ഫിനാൻസ്' എന്ന സങ്കല്പത്തിൽ പണം മുടക്കുന്ന കുട്ടിക്ക് അവൻ നേടുന്ന വിദ്യാഭ്യാസം കൊണ്ട് അവന്റെ മനസ്സിൽ പണമെന്ന ലക്ഷ്യമാണുണ്ടാകുന്നത്. മൂല്യബോധങ്ങളൊന്നും അവനിലുണ്ടാകില്ല. ഇത് രോഗബാധിതമായ സമൂഹമാണ്. ആരോഗം പകർന്നുകൊണ്ടേയിരിക്കും. സർക്കാർ സീറ്റുകൾക്കും മാനേജ്മെന്റ് സീറ്റുകൾക്കും വ്യത്യസ്തങ്ങളായ തുകമുടക്കേണ്ടിവരിക. ഇങ്ങനെ വേർതിരിക്കപ്പെട്ട സംവിധാനത്തിൽ ഒരു ക്ലാസ്സ് മുറിയിലിരുന്ന് പഠിച്ചാലും അവന്റെ മനസ്സിൽ സാമൂഹ്യമായ ഒരു മൂല്യബോധമുണ്ടാക്കാൻ കഴിയില്ല. അവസരസമത്വം എന്ന് പറയുന്ന ഭരണഘടന വാഗ്ദാനം ചെയ്യുന്ന ഒരു ജനാധിപത്യ രാജ്യത്തിലാണ് ഇതൊക്കെ നടക്കുന്നത് എന്ന് നാം പ്രത്യേകം ചിന്തിക്കണം. മാനേജ്മെന്റിന് ഏത് തരത്തിലും ആളുകളെ ചൂഷണം ചെയ്യാനുള്ള സ്വാതന്ത്ര്യമാണ് നൽകുന്നത്. അതുകൊണ്ട് ഇന്നത്തെ സ്വാശ്രയ കോളേജ് എന്ന് പറഞ്ഞാൽ രക്ഷിതാക്കളും കുട്ടികളും നിരാശ്രയരാക്കപ്പെടുന്ന കോളേജ് എന്നാണ് അർത്ഥം. സ്വാശ്രയം മാനേജ്മെന്റിനും രാഷ്ട്രീയ നേതാക്കൾക്കും. നിരാശ്രയം രക്ഷിതാക്കൾക്കും കുട്ടികൾക്കും. ഇതാണ് യഥാർത്ഥത്തിൽ സംഭവിക്കുന്നത്. ഇവരാരും ഈ കാലഘട്ടത്തിൽ വിദ്യാഭ്യാസ പരിഷ്കരണത്തോടുകൂടി വിദ്യാഭ്യാസ രംഗത്ത് ഏത് വിപ്ലവവും വരാം എന്ന് ചിന്തിക്കുന്നവരല്ല. കാരണം മാനേജർമാരും രാഷ്ട്രീയനേതാക്കളും അതിൽ താല്പര്യമുള്ളവരല്ല. വിദ്യാഭ്യാസം എന്നത്തേക്കാളും ചീത്തയായിരിക്കുകയാണ്. നമ്മുടെ ഇന്നത്തെ കുട്ടികളുടെ സ്വഭാവത്തിന്റെയൊക്കെ തകർച്ച എങ്ങനെ പരിഹരിക്കാനാവും എന്നൊന്നും ചിന്തിക്കാൻ ആർക്കും താല്പര്യമില്ല. ഇന്ന് എല്ലാം മതപരമായും വർഗ്ഗീയമായും അധഃപതിച്ചിരിക്കുകയാണ്. ഇപ്പോഴത്തെ സ്വകാര്യവൽക്കരണമെന്ന് പറയുന്നത് സർക്കാറിന് എല്ലാ ഉത്തരവാദിത്വത്തിൽ നിന്നും പിന്മാറാനുള്ള ഗൂഢോദ്ദേശമാണ്. സർക്കാർ സാമൂഹികമായ ഒരു ഉത്തരവാദിത്വവും കൈയ്യൊഴിയാൻ പാടില്ലെന്ന് ഭരണഘടനയിൽ എഴുതി വെച്ചിട്ടുണ്ട്. പ്രാഥമിക വിദ്യാഭ്യാസം സാർവ്വജനീനവും സൗജന്യവു മായിരിക്കണമെന്ന് ഭരണഘടന അനുശാസിക്കുന്നു. ഇത് ഭാഗികമായെങ്കിലും നടപ്പിലാക്കിയ ഒരു രാജ്യത്ത് ഇന്ന് അത് പൂർണ്ണമായും സ്വകാര്യതാല്പര്യത്തിനുവേണ്ടി കച്ചവടവൽക്കരിക്കപ്പെട്ടിരിക്കുകയാണ്. പഴയ മാനേജർമാർ, നമ്മുടെ പൊറ്റക്കാടിന്റെ കഥയിലുള്ളതുപോലെ അവസാനം അധ്യാപകൻ കരാറടിസ്ഥാനത്തിൽ ആത്മാഭിമാനം നഷ്ടപ്പെട്ടവനായി മാറുകയാണ്. ഇന്ന് അധ്യാപകനല്ല, അയാൾ ദിവസക്കൂലിക്കാരനാണ്. കരാറടിസ്ഥാനമെന്നുപറയുമ്പോൾ ഒരു വ്യക്തിയുടെ ആത്മാഭിമാനത്തെയാണ് വ്രണപ്പെടുത്തുന്നത്. പ്രത്യേകിച്ചും വിദ്യാഭ്യാസം പോലുള്ള മേഖലകളിൽ. പഴയ മഹാരഥന്മാരുടെ ശവപ്പറമ്പുകളിലാണ് ഇന്ന് സ്വാശ്രയകോളേജുകൾ ഉയരുന്നത്. സർക്കാറിന് മാത്രമേ സാമൂഹിക ലക്ഷ്യങ്ങൾ നിറവേറ്റാൻ കഴിയൂ. കാരണം അവർ തെരഞ്ഞെടുപ്പിലൂടെ അധികാരത്തിൽ വരുന്നവരാണ്. പക്ഷേ ഇന്ന് അവരെ തെരഞ്ഞെടുപ്പിലൂടെ വരാത്തവർ ഭരിക്കുന്നു. അതാണ് നമ്മുടെ ജനാധിപത്യത്തിന്റെ വൈരുദ്ധ്യവും.

> **പണ്ടൊക്കെ ഡോ.രാധാകൃഷ്ണൻ, കോത്താരി മുതലായ മഹാന്മാരാണ് വിദ്യാഭ്യാസത്തെപ്പറ്റി ചിന്തിച്ചിരുന്നതെങ്കിൽ, ഇന്ന് വിദ്യാഭ്യാസത്തെപ്പറ്റി ചിന്തിക്കുന്നത് കുറേ പണമുള്ള മുതലാളിമാരും കലാലയങ്ങൾ നടത്തുന്ന മാനേജർമാരുമാണ്.**

ഡോ.രാധാകൃഷ്ണന്റെ ചിന്തയിൽ വിദ്യാഭ്യാസം മൂല്യാധിഷ്ഠിതമാണ്. ഏറ്റവും ശ്രേഷ്ഠങ്ങളായ മൂല്യങ്ങളിലാണ് അദ്ദേഹം ഊന്നൽ കൊടുത്തത്. അദ്ദേഹത്തിന്റെ കലാലയസങ്കല്പം ഏതൊരാൾക്കും വിദ്യാഭ്യാസത്തെപ്പറ്റി സമഗ്രമായ ഒരു ചിത്രം ലഭിക്കുന്നതിന് സഹായകരമാണ്. എന്നാൽ കോത്താരി ചിന്തകൾ കൂടുതൽ സാങ്കേതികമായിരുന്നു. ഗംഭീരമായ ഒരു റിപ്പോർട്ടുതന്നെയാണ് കോത്താരി മുന്നോട്ട് വെച്ചത്. എല്ലാ വിഷയങ്ങളെപ്പറ്റിയും അതിൽ പ്രതിപാദി ക്കുന്നുണ്ട്. ഇന്നത് മ്യൂസിയത്തിലാണ്. നാളിതുവരെയുള്ള നമ്മുടെ വിദ്യാഭ്യാസ മന്ത്രിമാരാരെങ്കിലും കോത്താരി കമ്മീഷൻ റിപ്പോർട്ടിലെ ഒരു ഖണ്ഡികയെങ്കിലും വായിച്ചോ എന്ന് ചോദിച്ചിട്ട് ഉത്തരം നിർബന്ധമാണെങ്കിൽ അയാൾ ഉടനെ നാടുവിടേണ്ടിവരും. മുമ്പ് സത്യമൂർത്തി പറഞ്ഞത് ഞാനോർക്കുകയാണ്. ഏറ്റവും വിദ്യാഭ്യാസരഹിതരായ വിദ്യാഭ്യാസമന്ത്രിമാരുടെ മാതൃരാജ്യമാണ് നമ്മുടേത്.



# ഗ്രാംഷിയുടെ വിദ്യാഭ്യാസ ചിന്തകളും പുതിയ ലോകക്രമവും

ഡോ.ടി.കെ.രാമചന്ദ്രൻ

ആഗോളവൽക്കരണത്തിന് ശേഷം വന്നിട്ടുള്ള പ്രതിഭാസങ്ങൾ വളരെ മുമ്പുതന്നെ വിദ്യാഭ്യാസത്തെപ്പറ്റിയുള്ള "Prison note books' ലെ ലേഖനത്തിൽ ഗ്രാംഷി ചർച്ച ചെയ്യുന്ന വിഷയങ്ങളുമായി വളരെയധികം ബന്ധപ്പെട്ടുകിടക്കുന്നുണ്ട്. ഒരു ഭാഗത്ത് മൂലധനവ്യവസ്ഥ സംസ്ഥാപിതമായ ഘട്ടത്തിൽ അതിന്റെ ഭാഗമായി നടന്ന ആധുനികീകരണം; വിദ്യാഭ്യാസത്തെ മിക്കവാറും മതാധിഷ്ഠിതമായ ഒരു ചട്ടക്കൂടിൽനിന്ന് സ്വതന്ത്രമാക്കി ഒരു ആധുനിക സമൂഹത്തിനുവേണ്ട സർവ്വതോന്മുഖമായ പരിശീലനം കൊടുക്കുന്ന പ്രവർത്തനമാക്കി. ഇതുരണ്ടും ഹ്യൂമനിസത്തിന്റെ ഭാഗമായിരുന്നു. 'റൂസോയ്സ്ക്' എന്നൊക്കെ വിളിക്കാവുന്ന ഒരു വിദ്യാഭ്യാസ സങ്കല്പം ജ്ഞാനോദയത്തിന്റെ ഭാഗമായിട്ടാണ് രംഗപ്രവേശം ചെയ്തത്. ഇത് ജീവസന്ധാരണത്തിന്റെ വഴികൾ കണ്ടെത്താനും അതേപോലെ തന്നെ എല്ലാ വിജ്ഞാന മേഖലകളുമായി പരിചയം സിദ്ധിക്കുവാനും ഒരുപോലെ ലക്ഷ്യമിടുന്നതായിരുന്നു. എന്നാൽ പിന്നീടുള്ള വികാസങ്ങളിൽ വരുന്ന ഒരു പ്രത്യേകത കൂടുതൽ കൂടുതൽ സ്പെഷലൈസേഷൻ ഉണ്ടായിവരികയും എല്ലാ വിജ്ഞാന ശാഖകളും കൂടുതൽ സങ്കീർണ്ണമായി മാറുന്ന ഒരു പ്രക്രിയ ആരംഭിക്കുകയും ചെയ്തു. ഈ പ്രക്രിയ കുറേക്കൂടി പ്രയോജനകരമായ ഒരു വ്യാഖ്യാനത്തിന് വഴിവെച്ചിട്ടുണ്ട്. ഏതെങ്കിലും തരത്തിൽ ഉൽപാദന വ്യവസ്ഥയ്ക്ക് ഉപയുക്തമാകുന്ന ചില കഴിവുകളെ വികസിപ്പിച്ചെടുക്കുക എന്ന രീതിയിലേക്ക് വിദ്യാഭ്യാസത്തെ വെട്ടിച്ചുരുക്കാനുള്ള ലക്ഷ്യം ഇതിൽ അന്തർഭവിച്ചിട്ടുണ്ട്. വിദ്യാഭ്യാസ മന്ത്രാലയം (Human Resource Development Ministry) ആയി മാറുന്നത് ഇത് കേവലം വാക്കുകളിൽ വരുന്ന മാറ്റങ്ങൾ മൂലമല്ല. വിശാലമായ സമീപനങ്ങളിൽ ഉള്ള മാറ്റം തന്നെയാണ്. അപ്പോൾ ഏതോ തരത്തിൽ ജനസാമാന്യത്തിന്റെ വിദ്യാഭ്യാസമെന്നത് കൂടുതൽ ഫലപ്രദമായി മൂലധന വ്യവസ്ഥയ്ക്ക് അവരുടെ അദ്ധ്വാനത്തെ ചൂഷണം ചെയ്യാനുള്ള ഒരു പരിസരം ഒരുക്കിക്കൊടുക്കലായി ചുരുങ്ങി. അതിന്റെ ഭാഗമായിട്ടാണ് തൊഴിലധിഷ്ഠിത വിദ്യാഭ്യാസ പദ്ധതികൾ വികസിക്കുന്നത്. അതിൽ തന്നെ പ്രധാനമായി പരിഗണിക്കേണ്ടത് ഒരു പുതിയ അന്തർദ്ദേശീയ തൊഴിൽ വിഭജനം നടക്കുന്നുണ്ട് എന്നതാണ്. അതായത് കൂടുതൽ കൂടുതൽ 'Blue collar jobs' മൂന്നാം ലോകത്തേക്ക് അനുകൂലമായ വേതന നിരക്കുകൾ നിലനിൽക്കുന്ന പ്രദേശങ്ങളിലേക്ക് – out source ചെയ്യപ്പെടുന്നു. ബ്രസീലിൽ കൊക്കോ ഉൽപാദനം നടക്കാതാകുമ്പോൾ ഇത് കേരളത്തിൽ ഉൽപാദിപ്പിക്കാൻ ശ്രമിക്കുന്നത് പോലെ തന്നെയാണ്. ഉയർന്ന വേതന നിരക്കുകൾ നിലനിൽക്കുന്ന രാജ്യങ്ങളിൽ നിന്ന് ചില ജോലികൾ മാറ്റുക. out source ചെയ്യുക എന്നത് ഒരു പ്രക്രിയയാണ്. ആദ്യകാലഘട്ടത്തിലുണ്ടായിരുന്ന കേന്ദ്രീകൃത ഉൽപാദനവ്യവസ്ഥകൾ മാറി 'പോസ്റ്റ് ഫോഡിസ്റ്റ്' ഉൽപാദനവ്യവസ്ഥ വളരെയധികം വികേന്ദ്രീകൃതമായി വളർന്നുവന്നതിന്റെ ഭാഗമായിട്ടാണ് ഇതുണ്ടായിട്ടുള്ളത്. അതാണ് അതിന്റെ ആദ്യത്തെ പ്രശ്നം. ഈ തർക്കത്തിൽ പഴയതരത്തിൽ 'ഷോവനിസ്റ്റിക്' ആയിരുന്ന വിദ്യാഭ്യാസ സമ്പ്രദായം, ആ സമ്പ്രദായത്തിന് ഒരുപാട് പരിമിതികളുണ്ട്. ഈ സമ്പ്രദായത്തിന് പലപ്പോഴും പുതിയ വികാസങ്ങളുമായിട്ട് പുതിയ ആവശ്യങ്ങളുമായി വേഗത നിലനിർത്താൻ പറ്റാതിരിക്കുകയും ചെയ്യുന്നു. ഈ തർക്കമാണ് ഗ്രാംഷിയുടെ ലേഖനത്തിന്റെ കാതലായിട്ടുള്ള അംശം. ഇതിൽ ഏതുതരത്തിലുള്ള സമീപനം എടുക്കാം. ഗ്രാംഷി നിർദ്ദേശിക്കുന്ന കാര്യം വളരെ ലളിതമാണ്. ഒരു പ്രത്യേക ഘട്ടം വരെ പഴയ ഗ്രീക്ക്-റോമൻ മോഡലിലുള്ള ഒരു കോമൺ സ്കൂൾ സിസ്റ്റം നിലനിർത്തുക. ഗ്രാംഷിയുടെ മുഖ്യമായിട്ടുള്ള ഊന്നൽ എങ്ങനെ 'ഓർഗാനിക് ബുദ്ധിജീവി'കൾ ഉണ്ടായിവരും. എങ്ങനെ തൊഴിലാളി വർഗ്ഗത്തിൽ നിന്ന് അവരുടെ സൈദ്ധാന്തിക പ്രശ്നങ്ങളേയും സംഘടനാ പ്രശ്നങ്ങളേയും ഒരുപോലെ കൈകാര്യം ചെയ്യാവുന്ന ഒരു വിഭാഗത്തെ വികസിപ്പിച്ചെടുക്കാൻ കഴിയും എന്ന വിഷയം തന്നെയാണ്. പഴയ അർത്ഥത്തിൽ 'ലെനിനിസ്റ്റിക്' സങ്കല്പത്തോട് അടുത്ത് നിൽക്കുന്ന ഒരു സമീപനമാണിത്. ഇത്തരത്തിൽ എങ്ങനെ അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങൾക്ക് അവരുടേതായ ബൗദ്ധികവും സംഘടനാപരവുമായ രൂപങ്ങൾ സൃഷ്ടിച്ചുകൊണ്ട് ഇന്ന് നിലനിൽക്കുന്ന അധീശവർഗ്ഗങ്ങളുടെ മേൽക്കോയ്മയെ ചോദ്യംചെയ്യാൻ കഴിയും എന്നുള്ളതുതന്നെയാണ് നമ്മുടെ ചോദ്യം. ഇത് ഒരർത്ഥത്തിൽ മുമ്പ് ബേക്കൺ ഒക്കെ

> ഐ.ടി., മെഡിക്കൽ തുടങ്ങിയ രംഗങ്ങളിൽ വലിയശമ്പളത്തിൽ പല രാജ്യങ്ങളിലും ഇന്ത്യക്കാർ പ്രവർത്തിക്കുന്നുണ്ട്. പക്ഷേ, ഇത്തരത്തിൽ എത്തിച്ചേരുന്ന മിക്കവാറും ആളുകൾ അതിപ്രതിലോമപരമായ പ്രത്യയശാസ്ത്ര നിലപാടുകളിലേക്ക് വളരെ എളുപ്പത്തിൽ എത്തുന്ന ആളുകളാണ്.

പറഞ്ഞതുപോലെ തന്നെ അറിവ് എന്നത് 'വിമോചനപര'മാണ്. ഒരു രാജാവിനും വിലയ്ക്ക് വാങ്ങാൻ കഴിയാത്തത്ര അമൂല്യമാണ്. എന്നാണ് പറയുന്നത്. ഇത് ഫ്രഞ്ച് വിപ്ലവത്തിന്റേയും മറ്റ് ബൂർഷ്വാ വിപ്ലവങ്ങളുടേയും അകത്ത് അന്തർഭവിച്ചുകിടന്ന ബൂർഷ്വാസിയുടെ വിപ്ലവകരമായ ചരിത്രദൗത്യത്തിന്റെ ഭാഗമായിരുന്നു. ഈ ദൗത്യം അവർ നിർവ്വഹിക്കാതെ പിൻവലിയുകയും തങ്ങളുടെ ലക്ഷ്യങ്ങൾ നേടുന്നതോടെ ബൂർഷ്വാ വിപ്ലവങ്ങൾ അതിന്റെ സീമിതമായ വൃത്തത്തിലേക്ക് ഉൾവലിയുകയും ചെയ്യുന്നു. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നിവ ബൂർഷ്വാസിക്ക് ലഭ്യമാവുന്നു എന്നല്ലാതെ ജനസാമാന്യത്തിന് ലഭ്യമാകാതെ പോകുകയും ഒക്കെ ചെയ്യുന്നതിന്റെ പരിമിതിയാണ് ബൂർഷ്വാ വിപ്ലവത്തിന്റെ പരിമിതി. ഈ ഘട്ടത്തിലാണ് ഏറ്റവും ചൂഷണമനുഭവിക്കുന്ന വിഭാഗങ്ങളുടെ നെടുനായകത്വത്തിൽ പ്രസ്ഥാനങ്ങൾ വരേണ്ട ആവശ്യകത മുന്നിൽ വരുന്നത്. അപ്പോഴാണ് ഇത് പ്രസക്തമാകുന്നത്. അല്ലാതെതന്നെ വിപ്ലവപൂർവ്വ കാലഘട്ടത്തിലെ ദീർഘമായ സമരത്തിന്റെ കാലഘട്ടത്തിലും ഈ സങ്കല്പനങ്ങൾ വളരെ പ്രസക്തമാണ്. വിദ്യാഭ്യാസത്തിൽ നിന്ന് പടിപടിയായി അതിന്റെ വിമോചക ധർമ്മത്തെ ചോർത്തിക്കളയാനുള്ള ഒരു പദ്ധതി ഇന്നത്തെ വിദ്യാഭ്യാസ പരിഷ്കാരങ്ങളിൽ അന്തർഭവിച്ചിട്ടുണ്ട് എന്നത് വളരെ ഗൗരവമായി ഉന്നയിക്കേണ്ട പ്രശ്നമാണ്. ഇത്തരത്തിലുള്ള ശ്രേണീബദ്ധമായ വിദ്യാഭ്യാസ സമ്പ്രദായം വ്യാപകമാകുന്നതോടെ ഇന്നുള്ള സാമ്പത്തിക വിഭജനം ഒരു 'ബൗദ്ധികവിഭജനം' (Intellectual divide) ആയി മാറില്ലേ എന്ന് വളരെ ഗൗരവമായി ആലോചിക്കേണ്ട വിഷയമാണ്. പലപ്പോഴും ഇവിടുത്തെ ഭരണാധികാരികൾ സ്വപ്നം കാണുന്നത് വിദേശത്തുള്ള തൊഴിൽ സാധ്യതകളെയാണ്. അതിൽ ചില കാര്യങ്ങൾക്കൊക്കെ ഇന്ത്യക്കാർക്ക് മേൽക്കൈ കിട്ടിയിട്ടുമുണ്ട്. ഉദാ: ഐ.ടി., മെഡിക്കൽ തുടങ്ങിയ രംഗങ്ങളിൽ വലിയശമ്പളത്തിൽ പല രാജ്യങ്ങളിലും ഇന്ത്യക്കാർ പ്രവർത്തിക്കുന്നുണ്ട്. പക്ഷേ, ഇതിൽ കാണുന്ന ഏറ്റവും രസകരമായ കാര്യം ഇത്തരത്തിൽ എത്തിച്ചേരുന്ന മിക്കവാറും ആളുകൾ അതിപ്രതിലോമപരമായ പ്രത്യയശാസ്ത്ര നിലപാടുകളിലേക്ക് വളരെ എളുപ്പത്തിൽ എത്തുന്ന ആളുകളാണ്. ഈയൊരു വൈരുദ്ധ്യം ഒരുപക്ഷേ അമേരിക്കക്കാരേക്കാൾ കൂടുതൽ അമേരിക്കൻ സാമ്രാജ്യത്വത്തോട് കൂറ് പുലർത്തുന്ന ഒരു വിഭാഗമായി ഇവർ മാറുന്നു. ഈ വിഭാഗത്തിന്റെ സ്വാധീനം നമ്മുടെ സമൂഹത്തിൽ പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. ഇന്ന് കാണുന്ന ഏറ്റവും ഗൗരവമായ പ്രത്യയശാസ്ത്രപ്പകർച്ചകളുമായി ഇത് കൂട്ടിവായിക്കേണ്ടതുണ്ട്. മോഡിയേയും തൊഗാഡിയയേയും പോലുള്ള ആളുകളുടെ അന്തർദ്ദേശീയ ബന്ധങ്ങളും, സംഘപരിവാറിനകത്ത് അവർക്ക് പെട്ടെന്ന് ലഭിച്ച സമാന്യതയും നാം പരിശോധിക്കേണ്ടതുണ്ട്. അത് ഏത് തരത്തിലുള്ള പ്രത്യയശാസ്ത്രപ്രകരണത്തിൽ നിന്നാണ് വരുന്നത്. ഉദാ: വെബ് സൈറ്റുകൾ നോക്കിയാൽ കാണുന്ന തമാശകൾ അവിശ്വസനീയമാണ്. അർജന്റീന എന്ന് പറഞ്ഞാൽ അർജ്ജുനൻ പോയി താമസിച്ചിരുന്ന നഗരമാണ് എന്നതരത്തിലുള്ള കാര്യങ്ങളാണ് വളരെ വിദ്യാഭ്യാസം സിദ്ധിച്ച ആളുകൾ പ്രചരിപ്പിക്കുന്നത്. പ്രത്യേകതരത്തിലുള്ള ഒര സന്തുലിതാവസ്ഥ ഉണ്ടാക്കുക, അതായത് അദ്ധ്വാനത്തിനുള്ള കഴിവുകൾ ആർജ്ജിക്കുന്നതോടൊപ്പംതന്നെ ബൗദ്ധികമായ പ്രവർത്തനം നടത്താനുള്ള അടിത്തറ ഉണ്ടാക്കുക. ഇവ തമ്മിലുള്ള ബന്ധം എന്തായിരിക്കണം എന്ന് ഗ്രാംഷി മുഖ്യമായും ഉന്നയിക്കുന്നു. ഇതാണ് ആദ്യഘട്ടത്തിലെ 'കോമൺ സ്കൂളിൽ' ഊന്നൽ നൽകേണ്ട പ്രശ്നം. അതുകഴിഞ്ഞ് ഏതുതരത്തിലുള്ള കഴിവുകളാണ് വികസിപ്പിച്ചെടുക്കേണ്ടത്, ഇതിന് അന്നന്ന് നിലനിൽക്കുന്ന സമൂഹത്തിന്റെ സമൂർത്തസാഹചര്യങ്ങളോട് പ്രതികരിക്കേണ്ടിവരും.

> ഉൽപാദന വ്യവസ്ഥയ്ക്ക് ഉപയുക്തമാകുന്ന ചില കഴിവുകളെ വികസിപ്പിച്ചെടുക്കുക എന്ന രീതിയിലേക്ക് വിദ്യാഭ്യാസത്തെ വെട്ടിച്ചുരുക്കാനുള്ള ലക്ഷ്യം ഇതിൽ അന്തർഭവിച്ചിട്ടുണ്ട്. വിദ്യാഭ്യാസ മന്ത്രാലയം (Human Resource Development Ministry) ആയി മാറുന്നത് ഇത് കേവലം വാക്കുകളിൽ വരുന്ന മാറ്റങ്ങൾ മൂലമല്ല. ജനസാമാന്യത്തിന്റെ വിദ്യാഭ്യാസമെന്നത് കൂടുതൽ ഫലപ്രദമായി മൂലധന വ്യവസ്ഥയ്ക്ക് അവരുടെ അദ്ധ്വാനത്തെ ചൂഷണം ചെയ്യാനുള്ള ഒരു പരിസരം ഒരുക്കിക്കൊടുക്കലായി ചുരുങ്ങി.

ഇന്ന് ശാസ്ത്ര സാങ്കേതിക രംഗത്ത് പലകാര്യങ്ങളും നടക്കുന്നത് അതിദ്രുതഗതിയിൽ ഉള്ള വിജ്ഞാന വിസ്ഫോടന പ്രക്രിയയിലൂടെയാണ്. പല ശാസ്ത്ര ശാഖകൾ തമ്മിലും ആദ്യകാലത്തുണ്ടായിരുന്ന അതിർവരമ്പുകൾ മായുകയും ഇവതമ്മിൽ വളരെ സർഗ്ഗാത്മകമായ പ്രതിപ്രവർത്തനത്തിലൂടെ പുതിയ വിജ്ഞാന മേഖലകൾ വികസിച്ചുവരികയും ചെയ്യുന്നു. ജ്ഞാനോദയ കാലഘട്ടത്തിൽ ഒരു ശാസ്ത്രീയയുഗം ഉണ്ടായിവരുമ്പോൾ വളർന്നുവന്ന വിജ്ഞാന മേഖലകളിൽ നിന്ന് വ്യത്യസ്തമായ ഈ ശാഖകളുടെ പരസ്പരപ്രവർത്തനത്തിലൂടെ ഉണ്ടാകുന്നതാണ് പുതിയ മേഖലകൾ. ഇതൊക്കെ അറിവിന്റെ മണ്ഡലത്തെ വളരെ വിപുലമാക്കിയിട്ടുണ്ട്. പക്ഷേ ഇതിലെ വേറൊരു പ്രധാന പ്രശ്നം സ്പെഷ്യലൈസേഷൻ ഉണ്ടാകുമ്പോൾ സ്പെഷ്യലൈസേഷനേയും ഗവേഷണത്തേയും സമരസപ്പെടുത്തുന്ന കാര്യമാണ്. അമേരിക്കയ്ക്ക് ഏറ്റവും അധികം ശാസ്ത്രീയ പുരോഗതി ഉണ്ടെങ്കിലും, ഒരുപക്ഷേ കമ്പ്യൂട്ടർ രംഗത്ത് വമ്പിച്ച പുരോഗതി കൈവരിച്ചിട്ടുണ്ടെങ്കിലും അമേരിക്കയ്ക്ക് ഏറ്റവും അധികം വിദേശനാണ്യം നേടിക്കൊടുക്കുന്ന വ്യവസായം Entertainment ആണ്. ഇതൊക്കെത്തന്നെ അതിൽ അന്തർഭവിക്കുന്ന വൈരുദ്ധ്യങ്ങളാണ്. ശാസ്ത്രീയരംഗത്ത് ഇന്നും അവരുടെ Capital Expenditure എന്നുപറയുന്നത് Research & Development ആണ്. അപ്പോൾ ഇവിടെ കാണുന്ന ഒരു വ്യത്യാസം ഇത്തരത്തിലുള്ള Pure Science ൽ നിന്ന് ശ്രദ്ധാപൂർണ്ണമായി മാറുകയും വളരെ പ്രയോജനപരമായി നിർവ്വഹിക്കപ്പെടുന്ന ഒട്ടും ദീർഘവീക്ഷണമില്ലാത്ത ചില ലക്ഷ്യങ്ങളിൽ വിദ്യാഭ്യാസ പദ്ധതികൾ നിപതിക്കപ്പെടുകയുമാണ്. ഉദാ: കേരളത്തിൽ വളരെയധികം കുട്ടികളെ ആകർഷിച്ചിട്ടുള്ള ഒരു മണ്ഡലം മെഡിക്കൽ ട്രാൻസ്ക്രിപ്ഷൻ ആണ്. ഇപ്പോൾതന്നെ അതിനുള്ള സോഫ്റ്റ് വേർ ഉണ്ട്. ഒരാൾ വെറുതെ Dictate ചെയ്തുകൊടുത്താൽ കുറച്ച് പരിശീലിക്കുകയാണെങ്കിൽ അത് കമ്പ്യൂട്ടർ രേഖപ്പെടുത്തുന്ന സംവിധാനങ്ങൾ ഉണ്ട്. കുറച്ചുകൂടി മെച്ചപ്പെടുത്തനുണ്ട് എന്നുമാത്രമേയുള്ളൂ. ഇതുവരുന്നതോടെ പൂർണ്ണമായും ഈ Skill വെറുതെയാകുന്നു. അതിനുവേണ്ടി ഇത്രവലിയ തുക ചിലവാക്കി ബാംഗ്ലൂരിൽ ഒക്കെ

പോയി പഠിക്കുന്ന ആളുകൾ ഉണ്ട്. ഇന്നത്തെ നിലയിൽ സാങ്കേതിക പഠനത്തിലുള്ള അവരുടെ 'അറിവ്' വ്യർത്ഥമായി തീരുന്നു. ഇത്തരത്തിലുള്ള പ്രക്രിയകളെ നമ്മൾ വളരെ ഗൗരവമായി കാണേണ്ടിവരും. ഇന്ന് അറിവായി കരുതപ്പെടുന്നത് ഒരു പ്രത്യേകതരം സാങ്കേതികവിദ്യയുമായുള്ള പരിചയത്തെ യാണ്. അത് എങ്ങനെഉപയോഗപ്പെടുത്താമെന്ന പ്രായോഗിക ജ്ഞാനവും സാങ്കേതികവിദ്യയിൽ മാറ്റം ഉണ്ടാകുമ്പോൾ അതുമായി ബന്ധപ്പെട്ടുപോകാവുന്ന പ്രാഥമിക ശാസ്ത്രീയ ധാരണകളും അവർക്കില്ലതന്നെ. പുതിയ ഒരു ടെക്നോളജിയി ലേക്കുള്ള മാറ്റം ഉണ്ടാകുമ്പോൾ അതുമായി യോജിച്ചുപോകാൻ കഴിയുന്ന പ്രാഥമിക ശാസ്ത്രീയ ധാരണകൾ ഇല്ലാതിരിക്കുക, ഇത്തരത്തിൽ Specialisation കൃത്യമായും മൂലധനം നിർവ്വചിക്കുന്ന അവരുടെ ലാഭലക്ഷ്യങ്ങളുമായി ബന്ധപ്പെട്ടു പോവുകയാണെങ്കിൽ അത് രാജ്യം എന്ന നിലയിൽ ഭാവിയിൽ ഉണ്ടാകുന്ന വികാസത്തിന് വലിയ പ്രശ്നങ്ങളുണ്ടാക്കും. ഈയർത്ഥ ത്തിലാണ് ഞാൻ ബുദ്ധിപരമായ വിഭജനം (Intellectual divide) സാമ്പത്തിക വിഭജനമായി (Economic divide) മാറാനുള്ള സാധ്യത യുണ്ടെന്ന് പറയുന്നത്. ഇപ്പോൾതന്നെ വിദ്യാഭ്യാസ പദ്ധതിയിൽ നിന്ന് ചരിത്രം തുടങ്ങിയ വിഷയങ്ങൾ ഉപേക്ഷിക്കപ്പെട്ടുതുടങ്ങിയിട്ടുണ്ട്. പഠിപ്പിക്കപ്പെടുന്ന ചരിത്രംതന്നെ ഏറെ വളച്ചൊടിക്കപ്പെട്ട കൃത്യമായ പ്രത്യയശാസ്ത്രങ്ങൾക്കനുസരിച്ച് പാകപ്പെടുത്തിയെടുക്കപ്പെട്ട ഒരു ചരിത്രമായി മാറിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. ജ്ഞാനോദയ കാലത്തു ണ്ടായിരുന്ന വിദ്യാഭ്യാസത്തെപ്പറ്റി യുള്ള വിപ്ലവ സങ്കല്പത്തെ തിരിച്ചു പിടിക്കുക. അത് ഇന്നത്തെ വിപ്ലവ വർഗ്ഗങ്ങളുടെ താല്പര്യങ്ങൾക്കനു സരിച്ച് നിഷ്കൃഷ്ടമായി നിർവചി ക്കുക എന്നതാണ് നമ്മുടെ മുമ്പി ലുള്ള കടമ. ഇതിന് ലളിതമായ മാർഗ്ഗ ങ്ങൾ നമ്മുടെ മുമ്പിലില്ല. വിപുലമായ ചർച്ചയിലൂടെ സമൂഹം ആ ദൗത്യം ഏറ്റെടുക്കേണ്ടിവരും. ആകസ്മികമായി ഉണ്ടായിവരും എന്ന് തോന്നുന്ന പലകാര്യങ്ങളും വളരെ എളുപ്പത്തിൽ പ്രതിലോമ പ്രത്യയശാസ്ത്ര ഘടനയുമായി യോജിച്ചുപൊകുന്നുണ്ട് എന്നത് നാം പരിശോധിക്കേണ്ട മറ്റൊരുകാര്യം. ഉദാഹരണത്തിന് ഇപ്പോൾ പലതരം പരീക്ഷണങ്ങളുണ്ട്. കനവുപോലുള്ള പരീക്ഷണങ്ങൾ. ഈ പരീക്ഷണങ്ങൾ പലപ്പോഴും വളരെ Radical ആയ ലക്ഷ്യങ്ങളോടുകൂടി സങ്കല്പിക്കപ്പെടുകയും നിരൂപിക്കപ്പെടുകയും ഒക്കെ ചെയ്യുന്നവയാണ്. പക്ഷേ, അത് ഏത്തരത്തിലുള്ള അറിവാണ് സൃഷ്ടിക്കുന്നത് എന്നത് വേണ്ടവിധത്തിൽ വിശകലനം ചെയ്യുന്നുണ്ടോ എന്നകാര്യം എനിക്ക് സംശയമുണ്ട്. പലപ്പോഴും അതൊരു ചെറിയ വരേണ്യവൃന്ദത്തിനുമാത്രം ഉന്നതവിദ്യാഭ്യാസം മതി എന്നരീതിയിൽ നിർവചിക്കപ്പെടുന്ന കൃത്യമായും ശ്രേണീബദ്ധമായി പടച്ചുവിടുന്ന ഒരുവിദ്യാഭ്യ ഘടനയുമായി എവിടെയോ യോജിച്ചുപോകുന്നില്ലേ എന്നും എനിക്ക് സംശയമുണ്ട്. ഈ അവസ്ഥ തുടർന്നാൽ പാശ്ചാത്യ യൂണിവേഴ്സിറ്റികളുടെ വളരെ സ്വതന്ത്രമായ Project കളും അവരുടെ Curriculam ഉം Teaching Methods ഉം നമ്മുടെ കുട്ടികൾക്ക് അപ്രാപ്യം പോലുമാകും, കാരണം പല



പുസ്തകങ്ങളും അവർക്ക് ലഭ്യമല്ല. അവർക്കുള്ള ഓൺലൈൻ സൗകര്യങ്ങൾ ഇവർക്കില്ല. ഇവിടെ സെമസ്റ്റർ കൊണ്ടുവന്നിട്ടുണ്ട്. സെമസ്റ്റർ കൊണ്ടുവരുമ്പോഴുണ്ടാകുന്ന ഒരു പേപ്പർ ചുരുക്കുക. കാര്യം ഇതാണ്, ഒരു വർഷം കൊണ്ട് പഠിച്ചുതീർക്കുന്ന പാഠഭാഗങ്ങൾ ആറുമാസത്തേക്ക് വെട്ടിച്ചുരുക്കപ്പെടുന്നു. പലപ്പോഴും ഇത് വിഷയത്തിന്റെ സമഗ്രതയെ ഹനിക്കുന്നു. ആവശ്യമായ പല ഭാഗങ്ങളും ഉപേക്ഷിക്കപ്പെടുന്നു. ഇത് വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കത്തെ ചോർത്തിക്കളയുന്നു. ഇതിനേക്കാൾ ഗൗരവമായ പ്രശ്നം വിദ്യാഭ്യാസ സ്ഥാപന ങ്ങളിലെ infrastructure സൗകര്യങ്ങൾ ഇവിടെ ഇല്ല എന്നതാണ്. ഉദാഹരണം ഞാൻ പഠിപ്പിക്കുന്ന യൂണിവേഴ്സിറ്റി ഡിപ്പാർട്ടു മെന്റിൽ മൂന്ന് കംപ്യൂട്ടറുകളുണ്ട്. പക്ഷേ, ഒന്നിൽ പോലും ഒരു സിഡി ഇട്ടുകാണാനുള്ള സൗകര്യം കുട്ടികൾക്കില്ല. ഇന്റർനെറ്റ് സൗകര്യം വാഗ്ദാനം ചെയ്യപ്പെട്ടിട്ട് കാലമേറെയായെങ്കിലും നീണ്ടകാലം അത് ലഭ്യമായിരുന്നില്ല. ഫലത്തിൽ അവിടത്തെ കമ്പ്യൂട്ടർ ഒരു Glorified type writer മാത്രമാണ്. ഇതാണ് ഒരു യൂണിവേഴ്സിറ്റി വിഭാഗത്തിലെ അവസ്ഥയെങ്കിൽ കോളേജുകളിലെ അവസ്ഥയെന്താ യിരിക്കുമെന്ന് ഊഹിക്കാവുന്നതേ യുള്ളൂ. അതിനേക്കാൾ ഗൗരവമായ പ്രശ്നം വിദേശത്തുള്ള രാജ്യങ്ങളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഒരു ലക്ചറർ എന്നുപറഞ്ഞാൽ ഒരു Introduction പറയുകയും ബാക്കിയുള്ള എല്ലാ സാധ്യതകളും Internet ൽ ലഭ്യമാക്കുകയും അല്ലെങ്കിൽ സി.ഡി. യായി ലഭ്യമാക്കുകയും കുട്ടികൾ ഏതാണ്ട് അവരുടെ സമയത്തിന്റെ 75% വും ഡിപ്പാർട്ട്മെന്റിൽ തന്നെ ചിലവാക്കുകയും ഒക്കെ ചെയ്യുന്ന ഒരവസ്ഥയാണ്. അതിനുള്ളിൽ കാന്റീൻ സൗകര്യങ്ങ ളുണ്ടാക്കു കയും രാത്രിവായിക്കണമെങ്കിൽ ലൈബ്രറി തുറക്കുകയും, ഇതൊന്നും ഇല്ലാത്ത ഒരവസ്ഥയിൽ ഇത് നടപ്പി ലാക്കുമ്പോൾ അതിന്റെ ഉള്ളടക്കം ചോർന്നു പോവുകതന്നെ യാണ് ചെയ്യുന്നത്. വളരെ ചുരുങ്ങിയ ഒരുസമയത്ത് നൽകാവുന്ന പരിമിതമായ കുറേ അറിവുകൾ കൈ മാറുകയും അതിന്റെ അടിസ്ഥാനത്തിലുള്ള പഠനരീതികളിൽ വെള്ളംചേർക്കപ്പെടു കയും ഒക്കെ ചെയ്യുന്ന ഒരു പ്രക്രിയ ഇതും പുതിയ രീതിയുടെ ഒരുഭാഗമാണ്. അതായത് അറിവ് (Knowledge) എന്നതിനേക്കാൾ കൂടുതൽ Information ആണ് ഇന്നത്തെ വിദ്യാഭ്യാസത്തിലെ മുഖ്യഇനം. ഒരു വിഷയത്തെപ്പറ്റിയുള്ള സമഗ്രമായ ഒരു ധാരണ യ്ക്കുപകരം പരീക്ഷയോ അതിന്റെ പ്രായോഗിക തലങ്ങളോ മാത്രം മുന്നിൽ കാണുന്ന കുറേ വിവരങ്ങൾ, ഇതിങ്ങനെ വികസി ച്ചുവരികയും അത് പഠിക്കു വാനുള്ള രീതികളും രൂപങ്ങളു മൊക്കെ കുട്ടികൾ സ്വായത്തമാക്കുകയും അങ്ങനെ ഒരു പ്രക്രിയ ഇതിന്റെ കൂടെ നടക്കുന്നുണ്ട്.

വ്യാവസായിക സമൂഹം ഉണ്ടാക്കുന്ന ഘട്ടത്തിൽ പ്രത്യേകിച്ച് വ്യക്തിയുടെ കാലഘട്ടത്തിൽ നടന്ന പരിവർത്തനങ്ങളിൽ അന്തർഭവിച്ച് കിടക്കുന്ന രണ്ട് ഭിന്നധാരകളെപ്പറ്റി ഹേബർമാസ് പറയുന്നുണ്ട്. രണ്ട്തരം യുക്തി (Rationality). തികച്ചും ഉപകരണം മാത്രമായിട്ടുള്ള യുക്തിയുടെ ഉപയോഗം. അതേസമയം സംവേദനത്തിന് ശ്രമിക്കുന്ന യുക്തി. ഈ രണ്ട് ധാരകളും

ജ്ഞാനോദയത്തിന്റെ ഉള്ളിൽ അന്തർഭവിച്ച ഒരു മുഖ്യ വൈരുദ്ധ്യമാണ്. ഒന്ന് യുക്തിയോടെ മറ്റ് മനുഷ്യരോട് തുല്യമായി സംവേദിക്കുകയും അവരെക്കൂടി പൊതുവായ പ്രവർത്തന മണ്ഡലങ്ങളിലേക്ക് കൊണ്ടുവരികയും ചെയ്യുന്ന ഒരു സംവേദനാത്മകമായ യുക്തിസങ്കല്പം. അതിൽ നിന്ന് തികച്ചും വ്യത്യസ്തമായി അറിവിനെ അധികാരവുമായി ബന്ധപ്പെടുത്തി മറ്റ് സഹജീവികളുടെ മേൽ ആധിപത്യം ഉറപ്പാക്കുന്നതിനുള്ള ഒരു ആയുധമാക്കി മാറ്റുന്ന ഉപകരണാത്മകത. ഈ രണ്ട് പ്രവണതകളിൽ ഉപകരണാത്മകത കൈവരിക്കുന്ന മേൽക്കൈ യുക്തിചിന്തയുടെ അധഃപതനത്തിന് കാരണമാകുന്നു. ഇതോടൊപ്പംതന്നെ വേറൊരു പ്രതിഭാസം ഉണ്ട്. Alem Bert ഒക്കെ പറയുന്ന മുഖ്യമായ ഒരു വിപര്യയം, ഇതനുസരിച്ച് രണ്ട് പ്രവണതകൾ അക്കാലത്ത് ശാസ്ത്രത്തിനകത്തുണ്ടായിരുന്നു. ഒന്ന് Espirit desystematique എന്ന് പറഞ്ഞാൽ എല്ലാ കാര്യങ്ങളേയും അടുക്കിപ്പെറുക്കിവെച്ച് ശാസ്ത്രീയമായി വ്യാഖ്യാനിക്കാനുള്ള യുക്തിയുടെ ശ്രമം. എന്നാൽ Espirit system അങ്ങനെയല്ല. വളരെ കർക്കശമായ നിയമങ്ങളിലൂടെ എല്ലാത്തിനേയും നിയന്ത്രിക്കാനും വ്യാഖ്യാനിക്കാനും തരംതിരിക്കാനുമൊക്കെ ഉള്ളൊരു അഭിവാഞ്ഛ. ഇത് അധികാരവുമായി ബന്ധപ്പെട്ടതാണ്. ഇത്തരത്തിൽ അറിവിനെ അധികാരമാക്കുന്ന, ഇതുതന്നെ ഞാൻ നേരത്തെ സൂചിപ്പിച്ച Intellectual divide, ഇതിൽ അധികാരമുള്ളിടത്ത് അറിവ് കേന്ദ്രീകരിക്കുക എന്ന പ്രക്രിയ ഉണ്ടായിവരുന്നു. ഇത് വളരെ ഗൗരവമായി ആലോചിക്കേണ്ട കാര്യമാണ്. ആന്ദ്രേ ഗുന്തർഫ്രാങ്ക് പറയുന്നൊരു തമാശയുണ്ട്, Wealth of Nation's എഴുതുന്ന കാലത്ത് ഏറ്റവും സമ്പന്നമായ രാജ്യമായി Adam Smith കാണുന്നത് ബ്രിട്ടനെയല്ല ചൈനയെയാണ്. പിന്നത്തെ ഒരു നൂറ്റാണ്ട് വരുമ്പൊഴേക്കും ഈ ചിത്രം മുഴുവനായും കീഴ്മേൽ മറിയുകയാണ്. അതൊരുപക്ഷേ വ്യാവസായിക വിപ്ലവത്തിന് മുമ്പ് ജീവിത നിലവാരത്തിന്റെയൊക്കെ അടിസ്ഥാനത്തിൽ നിന്ന് കിഴക്കും പടിഞ്ഞാറുമായി ഒക്കെയുള്ള വ്യത്യാസം നിലനിന്നിരുന്നില്ല എന്നതാണ് കണക്കാക്കേണ്ടത്. മർക്കന്റലിസവും അതുകഴിഞ്ഞ് വ്യാവസായിക മുതലാളിത്തവും ആവിർഭവിക്കുന്ന ഘട്ടത്തിൽ എങ്ങനെയാണ് കിഴക്കും പടിഞ്ഞാറും തമ്മിലുള്ള സാമ്പത്തിക ഉച്ചനീചത്വം അപരിഹാര്യമായ ഒരു വിടവായി മാറുന്നത് എന്നുകൂടി ആലോചിക്കുമ്പോൾ ഈ സാമ്പത്തികരംഗത്തുള്ള ഉച്ചനീചത്വം ഇന്ന് Intellectual രംഗത്തുകൂടി സംഭവിക്കുകയാണ്. ഭൂതകാലം പരിശോധിച്ചാൽതന്നെ കാണാൻ കഴിയും. പഴയകാലത്തുള്ള ലൈബ്രറികളും ജ്ഞാനത്തിന്റെ കേന്ദ്രങ്ങളുമെല്ലാം കിഴക്കൻ നാടുകളിലാണ്. തക്ഷശില തന്നെ കത്തിക്കപ്പെട്ടപ്പോൾ ആറുമാസമാണ് കത്തിയത്. ആറുമാസം കത്താനുള്ള പുസ്തകങ്ങൾ അതിനകത്തുണ്ടായിരുന്നു. സോവിയറ്റ് യൂണിയന്റെ പതനത്തിനുശേഷം ലോസ് ഏഞ്ചലസിൽ വെച്ച് ക്യാപ്റ്റൻസ് ഓഫ് ഇൻഡസ്ട്രി ഒരു യോഗം ചേരുകയുണ്ടായി. ലോകത്തിലെ പ്രധാനപ്പെട്ട വ്യവസായികളും ഭരണാധികാരികളും ഈ യോഗത്തിൽ പങ്കെടുത്തു. അവരെത്തുന്ന വളരെ വിചിത്രമായ ഒരു നിഗമനം ഇന്ന് ആകെയുള്ള അദ്ധ്വാനശക്തിയുടെ 25% കൊണ്ട് ഇപ്പോഴുള്ളവരുടെ ലാഭനിരക്കുകൾ നിലനിർത്താം എന്നതാണ് അടുത്ത അമ്പതുവർഷത്തെ വ്യവസായത്തിന്റെ ലക്ഷ്യം. ബാക്കിയുള്ള 75% ത്തെ അവർ കുഴപ്പമുണ്ടാക്കാത്ത രീതിയിൽ ജോലിയിൽ നിന്ന് നീക്കുക എന്നതാണ്. അതിനുള്ള ഏറ്റവും നല്ല മാർഗ്ഗമായി അവർ കാണുന്നത് Entertainment നെയാണ്. വേറെ കുഴപ്പമൊന്നും ഉണ്ടാക്കാതെ സമൂഹം മാറ്റാനൊന്നും പോകാത്തരീതിയിൽ അവരെ Engaged ആക്കുക. പുതിയ ഒരു വാക്കും ഇതിനായി ഉണ്ടാക്കിയിട്ടുണ്ട്. Tititainment (അല്പം അശ്ലീലച്ചുവയുള്ള വാക്ക്) അതായത് സ്വല്പം അശ്ലീലവും കൂടിക്കലർന്ന Entertainment എളുപ്പത്തിൽ ലഭ്യമാക്കുക.

> **വിദ്യാഭ്യാ സത്തിൽ നിന്ന് പടിപടിയായി അതിന്റെ വിമോചക ധർമ്മത്തെ ചോർത്തിക്കളയാനുള്ള ഒരു പദ്ധതി ഇന്നത്തെ വിദ്യാഭ്യാസ പരിഷ്കാരങ്ങളിൽ അന്തർഭവിച്ചിട്ടുണ്ട് എന്നത് വളരെ ഗൗരവമായി ഉന്നയിക്കേണ്ട പ്രശ്നമാണ്. ഇത്തരത്തിലുള്ള ശ്രേണീബദ്ധമായ വിദ്യാഭ്യാസ സമ്പ്രദായം വ്യാപകമാകുന്നതോടെ ഇന്നുള്ള സാമ്പത്തിക വിഭജനം ഒരു 'ബൗദ്ധിക വിഭജനം' (Intellectual divide) ആയി മാറില്ലേ എന്ന് വളരെ ഗൗരവമായി ആലോചിക്കേണ്ട വിഷയമാണ്.**

കേരളത്തിലെ സാമൂഹ്യമാറ്റവും ബോധമണ്ഡലത്തിലുണ്ടായ കുതിച്ചുചാട്ടങ്ങളും ചില സവിശേഷ ചരിത്ര സന്ദർഭത്തെ അടിസ്ഥാനമാക്കിയാണ് പരിശോധിക്കേണ്ടത്. ഒരുഭാഗത്ത് എല്ലാ ജാതിവിഭാഗങ്ങളിലും നടന്ന പരിഷ്കരണ പ്രസ്ഥാനങ്ങൾ, മുകൾ തലം മുതൽ താഴെത്തട്ടുവരെ, ഉണ്ണിനമ്പൂതിരി പ്രസ്ഥാനംതൊട്ട് പുലയമഹാസഭവരെയുള്ള ഒരു സാമൂഹ്യപരിച്ഛേദത്തിൽ മുഴുവൻ ഈ പ്രതിഭാസം ഉണ്ട്. ഈ പ്രതിഭാസങ്ങളിൽ നേതൃത്വം വഹിച്ച ആളുകളാവട്ടെ വളരെ വ്യക്തമായിത്തന്നെ ഒരാധുനിക സമൂഹത്തെയാണ് സ്വപ്നം കണ്ടിരുന്നത്. അത് അയ്യങ്കാളി ആയാലും പണ്ഡിറ്റ് കറുപ്പനായാലും അവർ സ്വീകരിച്ച മാർഗ്ഗങ്ങൾ തമ്മിൽ വ്യത്യാസമുണ്ടാകാം. എത്രത്തോളം അവർ റാഡിക്കലാണ് എത്രത്തോളം അവർ റീഫോമിസ്റ്റുകളാണ് എന്ന കാര്യത്തിൽ വ്യത്യാസം ഉണ്ടാകാമെങ്കിലും ഇവരുടെ എല്ലാം മനസ്സിലുണ്ടായിരുന്നത് അനാചാരങ്ങളേയും അന്ധവിശ്വാസങ്ങളേയും ഉച്ചാടനം ചെയ്യുക എന്നതായിരുന്നു. ഇതും കർഷകത്തൊഴിലാളി വിഭാഗങ്ങളുടെ സമരങ്ങളും തമ്മിൽ ഇഴുകിച്ചേർന്ന ഒരു പ്രക്രിയയിലാണ് നമ്മുടെ ദേശീയ സമരവും ഫ്യൂഡൽ വിരുദ്ധസമരവും സാധ്യമായത്. എന്നാൽ ഇന്ന് നടക്കുന്ന പ്രക്രിയ വളരെ വ്യത്യസ്തമാണ്. ഇന്ന് ആസ്വത്വത്തെ വളരെ പരിമിതമായ ഒരു നിർവ്വചനത്തിലൂടെവെട്ടിച്ചുരുക്കി അതിലൂടെ ശാക്തിക ചേരികളായി മാറുക. അതുതന്നെ സമുദായങ്ങൾക്കുള്ളിലെ ഒരു വരേണ്യവിഭാഗത്തെ അവരുടെ താല്പര്യങ്ങളെ സംരക്ഷിക്കുന്ന ഒന്നാക്കിയിട്ട് കമ്യൂണിറ്റി ഫോർമേഷനെ മാറ്റുക എന്നുള്ളതാണ്. ആലുവയ്ക്ക് അടുത്ത് ശ്രീ നാരായണഗുരു ഒരേ സമയത്ത് ടൈൽ ഫാക്ടറിയും ആശ്രമവും സ്ഥാപിക്കുമ്പോൾ സാധിക്കാൻ ശ്രമിച്ചത് ഒരു സമൂഹത്തിന്റെ തന്നെ നാനാ മണ്ഡലങ്ങളിലുള്ള വികാസമാണ്. എന്നാൽ ഇങ്ങനെയല്ല സ്കൂൾ എന്നുപറഞ്ഞാൽ. അത് ലാഭമുണ്ടാക്കാനുള്ള എളുപ്പപ്പണിയാണ്. ആശുപത്രി യായാലും സ്കൂളായാലും അമിതലാഭം കൊയ്യാനുള്ള സ്ഥാപനങ്ങളായി മാറുന്നു. കേരളത്തിൽ വാസ്തവത്തിൽ മിഷനറികളുടെ പങ്ക് വിദ്യാഭ്യാസമണ്ഡലത്തിൽ വളരെ ഗൗരവമായി പഠിക്കപ്പെടേണ്ടതുണ്ട്. അടുത്ത കാലംവരെ ദേവഗിരി പോലുള്ള നല്ല മിഷനറി കോളേജുകളിൽ കോഴ സമ്പ്രദായം ഉണ്ടായിരുന്നില്ല.

ഇന്നിപ്പോൾ അവയും അതിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു. ആരീതിയിൽ ഒരു പുതിയ തരത്തിലുള്ള സാമ്പത്തിക ന്യായം മൂലധനത്തിന്റെ പുതിയ നിയമങ്ങൾ ആതുരസേവനത്തിന്റെ മണ്ഡലത്തിലായാലും വ്യാപിച്ചുകൊണ്ടിരിക്കുന്നു. ഈ വ്യാപനം

ന്യായമാണ് എന്ന് വാദിക്കുന്ന ഒരു പ്രത്യയശാസ്ത്രവും വളർന്നുവന്നിരിക്കുന്നു. കാശുള്ളവൻ കാശുകൊടുത്തു പഠിക്കട്ടെ എന്നത് വിദ്യാഭ്യാസം ക്രമേണ ഒരു വരേണ്യവർഗ്ഗത്തിനുമാത്രം പ്രാപ്യമായ ഒന്നായിമാറുന്നു. ഇപ്പോൾ തന്നെ ചർച്ചചെയ്യുന്നത് 60000 രൂപ വാർഷികവരുമാനമുള്ള ഒരു കുടുംബം 18000 രൂപ ഒരുകൊല്ലം മെഡിക്കൽ കോളേജിൽ ഫീസ് കൊടുക്കണമെന്നാണ്. ഇത് ഏതാണ്ട് ആകുടുംബത്തിന്റെ വാർഷിക വരുമാനത്തിന്റെ കാൽഭാഗത്തിലധികമാണ്. 60000 രൂപ വരുമാനമുള്ളവർ 18000 രൂപയും അതിനുമുകളിലുള്ളവർ 36000 രൂപയും ഫീസ് കൊടുക്കണം എന്നാണ്. അപ്പോൾ ഫീസ് ഇനത്തിൽ തന്നെ വലിയ ഒരു തുക വന്നു. ഈ രീതിയിൽ വിദ്യാഭ്യാസം പൂർണ്ണമായും കച്ചവട താല്പര്യങ്ങൾക്ക് വഴങ്ങിപോകുന്ന ഒരു പ്രക്രിയയായിരിക്കുന്നു. വിദേശത്ത് മെഡിക്കൽ രംഗത്ത് നടക്കുന്ന ഇൻഷൂറൻസ് സമ്പ്രദായം സൃഷ്ടിക്കുന്നത് ചില പ്രത്യേക തരത്തിലുള്ള ബന്ധങ്ങളാണ്.. ആശുപത്രികളിൽ ചികിത്സയുടെ ചെലവ് വർദ്ധിക്കുന്നതിനനുസരിച്ച് ഇൻഷുറൻസ് പ്രീമിയം മാറുകയും ഇൻഷൂറൻസ് കമ്പനികളും ആശുപത്രിയുടമകളും തമ്മിൽ നടക്കുന്ന ഒരു കൊടുക്കൽ വാങ്ങൽ ആയി ആരോഗ്യ രംഗം മാറുകയും ചെയ്യുന്ന ഒരവസ്ഥ. ഇതോടുകൂടി ഒരു വലിയ വിഭാഗം ആളുകൾ ഈ അംഗീകൃത വ്യവസ്ഥയുടെ പുറത്താവുകയും അവർ ശരിയായ അർത്ഥത്തിൽ നിർദ്ധനരായി മാറുകയും ചെയ്യുന്നു. ഒരു ജനവിഭാഗത്തിന്റെ ഘട്ടം ഘട്ടമായുള്ള പാപ്പർ വൽക്കരണം. ഇതിലേക്കാണ് എല്ലാ വിദ്യാഭ്യാസ പരിഷ്കാരങ്ങളും നീങ്ങിക്കൊണ്ടിരിക്കുന്നത്. പല ആഫ്രിക്കൻ രാജ്യങ്ങളിലും ഇത് സംഭവിച്ചുകഴിഞ്ഞു. നൈജീരിയയിലുള്ള ഒരു വിദ്യാർത്ഥി പറഞ്ഞത് ഏതാണ്ട് അഞ്ചുശതമാനം മുതൽ എട്ട് ശതമാനംവരെ ആളുകൾക്ക് വളരെ സുഖമായി ജീവിക്കാൻ കഴിയും. ബാക്കിയുള്ള ആളുകൾ മിക്കവാറും ദിവസങ്ങളിൽ ഒരുനേരം ഭക്ഷണം കഴിക്കാൻ പാടുപെടുന്ന ഒരവസ്ഥയാണ്. അടിച്ചുവാരുകപോലും ചെയ്യാതെ കിടക്കുന്ന സ്ഥലങ്ങളുണ്ട്. കുട്ടികൾക്ക് ക്ലാസെടുക്കണമെങ്കിൽ അടിച്ചുവാരണം. വിദ്യാഭ്യാസരംഗത്ത് ഒരു കാലത്ത് വമ്പിച്ച പുരോഗതിയുണ്ടായ രാജ്യമാണ് നൈജീരിയ. ഇന്നത് പൂർണ്ണമായും തകർന്നിരിക്കുന്നു. ഏറ്റവും വിചിത്രമായി ട്ടുള്ള കാര്യം മണ്ണെണ്ണയ്ക്ക് പെട്രോളിന്റെ എട്ടിരട്ടിയാണ് വില. പറയുമ്പോൾ എണ്ണസമ്പന്നമായുള്ള രാജ്യമാണ് നൈജീരിയ. വിദേശത്തേക്ക് എണ്ണ കയറ്റുമതി ചെയ്യുന്ന രാജ്യം.

**ഇപ്പോൾതന്നെ വിദ്യാഭ്യാസ പദ്ധതിയിൽ നിന്ന് ചരിത്രം തുടങ്ങിയ വിഷയങ്ങൾ ഉപേക്ഷിക്കപ്പെട്ടു തുടങ്ങിയിട്ടുണ്ട്. പഠിപ്പിക്കപ്പെടുന്ന ചരിത്രംതന്നെ ഏറെ വളച്ചൊടിക്കപ്പെട്ട കൃത്യമായ പ്രത്യയശാസ്ത്രങ്ങൾക്കനുസരിച്ച് പാകപ്പെടുത്തിയെടുക്കപ്പെട്ട ഒരു ചരിത്രമായി മാറിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. ജ്ഞാനോദയ കാലത്തു ണ്ടായിരുന്ന വിദ്യാഭ്യാസത്തെപ്പറ്റിയുള്ള വിപ്ലവ സങ്കല്പത്തെ തിരിച്ചു പിടിക്കുക. അത് ഇന്നത്തെ വിപ്ലവ വർഗ്ഗങ്ങളുടെ താല്പര്യങ്ങൾക്കനുസരിച്ച് നിഷ്കൃഷ്ടമായി നിർവചിക്കുക എന്നതാണ് നമ്മുടെ മുമ്പിലുള്ള കടമ.**

കേരളത്തിലെ കോഴയുടെ ഇന്നത്തെ നിലവാരം മാനേജ്മെന്റ് സീറ്റിന് 37 ലക്ഷം രൂപയാണ്. ഇതിൽ നിന്ന് മനസ്സിലാക്കേണ്ട ഒരു കാര്യം ഇതുകൊടുക്കാൻ കെല്പുള്ള ഒരു Parallel economy വളർന്നുവന്നിട്ടുണ്ട്. നമ്മുടെ ഇവിടുത്തെ കണക്കുകളിൽ വരുന്ന, സാമ്പത്തിക വിശകലനങ്ങളിൽ വരുന്ന സമ്പദ്‌വ്യവസ്ഥയ്ക്ക് സമാനമായി അതിനേക്കാൾ പതിന്മടങ്ങ് വലിയ കള്ളപ്പണത്തിന്റേതായ ഒരു മണ്ഡലമുണ്ട്. ഒരു ഭാഗത്ത് ഡ്രഗ്സ്, വേറൊരുഭാഗത്ത് അബ്കാരി, വേറൊരുഭാഗത്ത് ബ്ലേഡ് കമ്പനികൾ ഇതെല്ലാം ചേർന്ന് നയിക്കുന്ന ഒരു ഘടനയുണ്ട്. വിദേശത്ത് ഇന്ന് നിലനിൽക്കുന്ന പലിശനിരക്ക് രണ്ട് ശതമാനം മുതൽ മൂന്നുശതമാനം വരെയാണ്. അമേരിക്കയിൽ 5% മുതൽ 6% വരെ പലിശയ്ക്ക് കടം കൊടുക്കാനുള്ള കഴിവ് അവർക്കുണ്ട്. ഈ പണം ദരിദ്രരാജ്യങ്ങളിലേക്ക് down load ചെയ്യുകയാണ് ചെയ്യുന്നത്. അതുകൊണ്ട് അധികം വൈകാതെ തന്നെ നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളും ബാങ്കുകളും പരസ്പരം ബന്ധിതമായി തന്നെ കാണേണ്ടിവരും.

വർഗ്ഗീയതയിലേക്കും ജാതീയതയിലേക്കും പോയാൽ അതിലുള്ള ഒരു പ്രധാനകാര്യം പണ്ടുള്ള പരിഷ്കരണ പ്രസ്ഥാനങ്ങൾ അവർക്ക് എന്തൊക്കെ പരിമിതികളുണ്ടായാലും അന്ന് നിലനിന്നിരുന്ന ചില ദുസ്സഹക്രമങ്ങളെ മാറ്റുക എന്ന ലക്ഷ്യം അവയ്ക്കുണ്ടായിരുന്നു. വിവാഹം ലളിതമാക്കുക. അതിന്റെ പേരിലുള്ള വലിയ ആർഭാടം ഇല്ലാതാക്കുക. കഴിയുന്നതും ചടങ്ങുകൾ സങ്കീർണ്ണമല്ലാതാക്കുക. ഇങ്ങനെയുള്ള പരിശ്രമങ്ങളാണ് ഉണ്ടായിരുന്നത്. ഇന്ന് ഇന്നത്തെ മൂലധന ക്രമത്തിന്റെ ആവശ്യമനുസരിച്ച് ഇതൊക്കെ എത്രത്തോളം പണച്ചിലവുള്ള കാര്യങ്ങളാക്കിമാറ്റാം എന്നാണ് ഒരു വിഭാഗം ആലോചിക്കുന്നത്. ഗ്രാമീണ ആചാരങ്ങൾ ധനക്കൊഴുപ്പും ധനാധിപത്യവും പ്രകടിപ്പിക്കുന്ന പ്രകടനങ്ങളായി മാറുന്ന പ്രക്രിയയാണ്.

ഇന്നൊക്കെ കമ്യൂണിറ്റി ഫോർമേഷനിൽ പലപ്പോഴും നടക്കുന്നത് സാങ്കല്പികമായ ഒരു ശത്രുവിനെ സൃഷ്ടിച്ച് അതിനെതിരായി പടയൊരുക്കം നടക്കുന്നു. ഈ രീതിയിലുള്ള ജാതീയതയും വർഗ്ഗീയതയും വ്യക്തമായും സംഘർഷം സൃഷ്ടിച്ചുകൊണ്ടുതന്നെയാണ് വികസിക്കുന്നത്. അതിനനുസൃതമായിട്ട് വിദ്യാഭ്യാസ രംഗത്തും വ്യത്യാസങ്ങൾ വരുന്നു. ഇപ്പോൾതന്നെ കാലത്ത് കുട്ടികൾ പോവുന്നത് നോക്കിയാൽ അറിയാം അവരുടെ യൂണിഫോറവും പോകുന്ന സ്കൂളും. ഇവയെല്ലാം അവരിലെ ജാതിമതവിഭാഗങ്ങളെ തിരിച്ചറിയാവുന്ന രീതിയിലാണ്. അങ്ങിനെ ആകണം എന്നുള്ളതിനാലാണ് ഒരു പ്രത്യേക തരത്തിൽ സമൂഹം ചിഹ്ന വ്യവഹാരത്തെ പുതിയ പ്രത്യയ ശാസ്ത്ര ഘടനയ്ക്ക് അനുസൃതമായി മാറ്റിയെടുക്കുന്നത്. ജാതി-മത ചിഹ്നങ്ങൾ വിദ്യാർത്ഥികളുടെ നെറ്റിയിൽ തന്നെ എഴുതിപ്പതിക്കുകയും അതിലും ആഴത്തിൽ അവന്റെ മസ്തിഷ്കത്തിൽ കടത്തിവിടുകയും ചെയ്യുന്നു. ഈ രീതിയിലുള്ള ഒരു പ്രക്രിയയാണ് ഇന്ന് നടന്നുകൊണ്ടിരിക്കുന്നത്.

മറ്റെല്ലാ കാര്യത്തിലുമെന്നപോലെ സംസ്കൃതത്തേയും പ്രത്യയശാസ്ത്ര പരമായ കാര്യമായി മാറ്റാൻ ഉള്ള പരിശ്രമങ്ങളാണ് നടക്കുന്നത്. വേദിക് മാത്തമാറ്റിക്സ് തുടങ്ങിയ ശാസ്ത്രീയമാണോ എന്ന് സംശയമുള്ള ഒട്ടേറെ വിഷയങ്ങൾ ഹിന്ദുത്വ പ്രത്യയശാസ്ത്ര ത്തിന്റെ സ്വാധീനത്തിന്റെ ഫലമായി വിദ്യാഭ്യാസരംഗത്തേക്ക് കടന്നുവരുന്നുണ്ട്. അത് വളരെ ബോധപൂർവ്വം തന്നെ ഹ്യൂമൺ റിസോഴ്സ് ഡവലപ്മെന്റിന്റെ ഘടന മാറ്റുകയും അതിൽ കൃത്യമായി ഭാവിപ്രത്യയശാസ്ത്രത്തിന്റെ വക്താക്കളെ കുത്തിനിറക്കുകയും ചെയ്തിട്ടുണ്ട്. തീർച്ചയായും ഇത് എതിർക്കപ്പെടേണ്ടതുണ്ട്. അതിന്റെ ഉള്ളിലെ പ്രത്യശാസ്ത്ര പരമായ ദുഷ്ടലാക്ക് നിർദ്ധാരണം ചെയ്യുന്നതോടൊപ്പം ഇത് ഫലപ്രദമായി മനസ്സിലാക്കാനുള്ള സമീപനങ്ങളും സെക്കുലറി സ്റ്റുകൾ ആവിഷ്കരിക്കേണ്ടതുണ്ട്. നമ്മുടെ പുരാണങ്ങൾ, ഇതിഹാസങ്ങൾ, ഭാസ കാളിദാസാദികളുടെ കൃതികൾ ഇവയിൽ നിന്നൊക്കെ പിൻതിരിയുന്ന ഒരു സമീപനം പലപ്പോഴും മതേതരവാദികളുടെ ഭാഗത്തുനിന്നുണ്ട്. ഇത് വളരെ

തെറ്റായ ഒരു സമീപനമാണ്. കാരണം ഇന്ത്യയിലുണ്ടായിരുന്ന സജീവമായ പലചിന്താധാരകൾ ഹൈന്ദവമായ ചട്ടക്കൂടിലേക്ക് വെട്ടിച്ചുരുക്കാ നുള്ള ഫാസിസ്റ്റ് പ്രത്യയശാസ്ത്രത്തിന്റെ ശ്രമങ്ങളെ നാം നേരിടേണ്ടതുണ്ട്. ഈ ചിന്താധാരകളുടെ നാനാത്വത്തെ വീണ്ടെടുത്തുകൊണ്ടേ ഇത് സാധ്യമാകൂ. ഉദാഹരണം താമര എന്നുള്ളത് പലപ്പോഴും പ്രത്യയശാസ്ത്രപരമായ അധീശത്വം സ്ഥാപിക്കപ്പെടുന്നത് ചിഹ്നവ്യവഹാരങ്ങളുടെ മുകളിൽ അതുനേടുന്ന മേൽക്കൈയ്യിലൂടെയാണ്. ബുദ്ധൻ ഇരിക്കുന്നതും താമരയിലാണ്. കാളിദാസന്റെ കൃതികളിലാണെങ്കിൽ താമര സൗന്ദര്യത്തിന്റെ പ്രതീകമാണ്. എല്ലാം മാറി താമര എന്നത് ബി.ജെ.പി. യുടെ തെരഞ്ഞെടുപ്പ് ചിഹ്നം മാത്രമായി ചുരുങ്ങി പോകുന്നു. ഒരിക്കലും താമര ഒരു ഹൈന്ദവ ചിഹ്നമായിരുന്നില്ല. ഇത് ഹൈന്ദവചിഹ്നം മാത്രമായി ചുരുങ്ങി പോകുന്ന പ്രക്രിയയെ നേരിടാനുള്ള മാർഗ്ഗം ഇത് എന്തൊക്കെ വിപുലമായ സാധനങ്ങളായിരുന്നു എന്ന് സ്ഥാപിക്കുകയാണ്. രാമൻ പോലും ജൈനകഥയിലെ ഒരു കഥാപാത്രമാണ്. ഒരു ജാതകകഥയിൽ രാമൻ സീതയുടെ സഹോദരനാണ്.

ഇങ്ങനെ രാമകഥയുടെ ഒട്ടേറെ വ്യാഖ്യാനങ്ങൾ ഇന്ത്യയിൽ നിലനിൽക്കുന്നുണ്ട്. എന്നാൽ രാമായണത്തെ ടി.വി. യിൽ അവതരിപ്പിക്കപ്പെട്ട രാമായണമായി ചുരുക്കിയിരിക്കുന്നു. രാമായണത്തെ വിമർശിക്കേണ്ട രീതിയിലല്ല മതേതരവാദികൾ വിമർശിച്ചത്. കാരണം രാമായണം പോലുള്ള മഹത്തായ ഒട്ടേറെ വ്യാഖ്യാനങ്ങളുള്ള കൃതി ഇന്ത്യയിലെ എല്ലാ വിഭാഗം ജനങ്ങളുടെ ഇടയിലും സ്ഥിര പ്രതിഷ്ഠ നേടിയിട്ടുണ്ട്. ഇവയൊക്കെ വ്യത്യസ്തമായ കഥകളാണ്. കമ്പ രാമായണത്തിൽ നിന്ന് വ്യത്യസ്തമാണ് എഴുത്തച്ഛന്റെ രാമായണം. അതിൽ നിന്ന് വ്യത്യസ്തമാണ് തുളസിയുടെ രാമായണം. ഇതിൽ ബ്രാഹ്മണ്യ പ്രത്യയശാസ്ത്രത്തെ മുന്നോട്ടുകൊണ്ടുപോകുന്ന തുളസീദാസിന്റെ രാമചരിതമാനസം മാത്രമായി വെട്ടിച്ചുരുക്കിയിരിക്കുന്നു. ഇത് ആ സീരിയലിന്റെ പ്രത്യയശാസ്ത്ര ദൗത്യമാണ്. അതിലെ ദാർശനികമായുള്ള അംശം മുഴുവൻ മാറ്റിക്കളയുകയും അതൊരു യുദ്ധകഥയായി വെട്ടിച്ചുരുക്കു കയും അതായത് അങ്ങിനെ ശബരിയുടെ രാമനും മര്യാദാരാമനുമൊക്കെയായിരുന്ന ശ്രീരാമൻ അദ്വാനിയുടെ രഥയാത്രയിലെ രാമനായി മാറുകയും ചെയ്തു. ഈ ചിഹ്നവ്യവഹാരത്തിനുമേൽ അവർ നേടുന്ന മേൽക്കൈ ഫലപ്രദമായി വെല്ലുവിളിക്കണമെങ്കിൽ ഒരു പ്രതി പ്രത്യയശാസ്ത്രാധീശത്വം നാം സ്ഥാപി ച്ചെടുക്കേണ്ടതുണ്ട്. അതിനുവേണ്ടി തന്നെ ഈ കൃതികളുമായി പരിചയം സിദ്ധിച്ച പണ്ഡിതന്മാർ ആവശ്യമാണ്. കൊസാമ്പിയുടേയോ കെ.ദാമോദരന്റേയോ സമശീർഷരായ ആളുകൾ ഇന്ന് രംഗത്തില്ല എന്നത് തന്നെ അവർക്ക് ഈ രംഗത്ത് എളുപ്പത്തിലുള്ള വിജയങ്ങൾ നേടാനുള്ള സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നുണ്ട്. എന്തുകൊണ്ടാണ് ചരിത്രം ഇത്രയധികം സംഘർഷഭൂമിയാകുന്നത്. ചരിത്രകാരന്മാ രോടാണല്ലോ സംഘപരിവാറിന് ഏറ്റവുമധികം വിദ്വേഷം. കാരണം, ഏറ്റവും അധികം മാർക്സിസ്റ്റ് പഠനങ്ങൾ നടന്നിട്ടുള്ളത് ഈ മേഖലയിലാണ്. ഇവരെല്ലാം ഒരുപോലെയല്ല. ഇവർക്കെല്ലാം സമീപനങ്ങളിൽ വ്യത്യാസങ്ങളുണ്ട്. പക്ഷേ ഒരു വലിയ വിഭാഗം ചരിത്രകാരന്മാരുണ്ട്. പ്രാചീനചരിത്രമെടുത്താൽ ആർ.എസ്.ശർമ, റോമില ഥാപ്പർ, ആധുനിക ഇന്ത്യയെടുത്താൽ കെ.എൻ.പണിക്കർ, ബിപിൻ ചന്ദ്ര, പാർത്ഥാ ചാറ്റർജി. ഇങ്ങനെ അഗാധമായ പാണ്ഡിത്യം നേടിയിട്ടുള്ള ആളുകളുടെ വലിയ നിരതന്നെയുണ്ട്.

> **അതായത് അറിവ് (Knowledge) എന്നതിനേക്കാൾ കൂടുതൽ Information ആണ് ഇന്നത്തെ വിദ്യാഭ്യാസത്തിലെ മുഖ്യഇനം. ഒരു വിഷയത്തെപ്പറ്റിയുള്ള സമഗ്രമായ ഒരു ധാരണയ്ക്കുപകരം പരീക്ഷയോ അതിന്റെ പ്രായോഗിക തലങ്ങളോ മാത്രം മുന്നിൽ കാണുന്ന കുറേ വിവരങ്ങൾ, ഇതിങ്ങനെ വികസിച്ചുവരികയും അത് പഠിക്കുവാനുള്ള രീതികളും രൂപങ്ങളുമൊക്കെ കുട്ടികൾ സ്വായത്തമാക്കുകയും, അങ്ങനെ ഒരു പ്രക്രിയ ഇതിന്റെ കൂടെ നടക്കുന്നുണ്ട്**

'മിത്ത് ആന്റ് റിയാലിറ്റി' പല മിത്തുകളും എങ്ങനെ വിശകലനം ചെയ്യാം എന്ന് കൊസാമ്പി കാണിച്ചുതന്നിട്ടുണ്ട്. അന്ന് നരവംശശാസ്ത്രം തന്നെ പൊതുവെ ധരിച്ചിരുന്ന functionalist ആയിട്ടുള്ള സമീപനങ്ങളുടെ ചില പരിമിതികൾ അതിലുണ്ട്. പക്ഷേ ഈ അന്വേഷണങ്ങളെല്ലാം തന്നെ അന്ന് നിലനിന്നിരുന്ന സാമൂഹ്യ പ്രക്രിയകളും ഉൽപാദനവ്യവസ്ഥകളുമായി ഈ കഥകൾക്ക് ബന്ധമുണ്ടായിരുന്നു എന്ന് സ്ഥാപിക്കുന്നുണ്ട്. 'ഖാണ്ഡവദഹനം' എന്നത് പ്രാചീന മനുഷ്യന്റെ ഭാവനയിൽ കാട്ടിൽ ആദ്യം നെല്ലിറക്കിയ അനുഭവത്തിന്റെ ചിത്രങ്ങളാണോ എന്ന ചോദ്യം ഉന്നയിക്കുന്നുണ്ട്. അതിനകത്ത് നിലനിൽക്കുന്ന സംഘർഷങ്ങൾ – ദേവേന്ദ്രനും കൃഷ്ണനുമായിട്ടുള്ള സംഘർഷം ദേവന്മാർ തമ്മിലുള്ള സംഘർഷം – ഇവയെല്ലാം തന്നെ സാമൂഹിക വികാസ പ്രക്രിയയുമായി ബന്ധപ്പെട്ടുകിടക്കുന്നു.

മാർക്സിസത്തിന്റെ സംഭാവനയിൽ ഏറ്റവും പ്രസക്തമായ കാര്യം കാര്യങ്ങളെ ചരിത്രവൽക്കരിക്കുന്നതിലൂടെ ചരിത്രത്തിന്റെ മാനം വിജ്ഞാനത്തിലേക്ക് കടത്തിവിട്ടു എന്നതാണ്. അതുകൊണ്ടാണ് ചരിത്രത്തിന്റെ വൻകര കണ്ടുപിടിച്ച ആളാണ് മാർക്സ് എന്നൊക്കെ പറയുന്നത്.

ചരിത്രത്തിൽ ഒരുകാലത്ത് അമ്മ ദൈവങ്ങളുണ്ടായിരുന്നു. ഏതാണ്ട് ഗുപ്ത കാലഘട്ടം വന്നതോടുകൂടിയാണ് പുരുഷ മേധാവിത്വപരമായ ബ്രാഹ്മണമതം സ്വാധീനിക്കപ്പെടുന്നത്. ഏതാണ്ട് അക്കാലത്താണ് പുരാണങ്ങൾ ക്രോഡീകരിക്കപ്പെട്ടത്. അതോടുകൂടി ഒരുകാലത്ത് സർവ്വത്ര സ്വതന്ത്രമായിരുന്ന ദേവിമാർ പുരുഷദൈവങ്ങളുടെ ഭാര്യമാരായി. അതുകൊണ്ട് ഗുപ്തകാലഘട്ടത്തെ സംഘപരിവാറിന്റെ പ്രത്യയശാസ്ത്രകാരന്മാർ ഇന്ത്യയുടെ സുവർണ്ണകാലഘട്ടമായി കാണുന്നത്. കൃത്യമായും ബ്രാഹ്മണാ ധിപത്യം ഉണ്ടായി വരികയും അതിന് മുമ്പുണ്ടായിരുന്ന ബുദ്ധ–ജൈന വിഹാര ങ്ങൾ പൂർണ്ണമായിതന്നെ തുടച്ചുനീക്ക പ്പെടുകയും ഒക്കെ ചെയ്തുകഴിഞ്ഞാണ് ഗുപ്തകാലഘട്ടം ഉണ്ടാകുന്നത്. അത് സുവർണ്ണകാലഘട്ടമായി കാണുകയും അതിന് ശേഷമുള്ള കാലഘട്ടം മുഴുവൻ അധഃപതനത്തിന്റേയും വൈദേശികാക്രമണത്തിന്റേയും കാലഘട്ടമായി നിർവ്വചിക്കപ്പെടുകയും ഒക്കെ ചെയ്യുന്നു.

എല്ലാ മണ്ഡലങ്ങളിലും വ്യാപരിക്കാൻ കഴിവുള്ള എല്ലാ മണ്ഡലങ്ങളിലും ജിജ്ഞാസ പ്രകടിപ്പിക്കുന്ന ഒരു തലമുറയെ വാർത്തെടുക്കുന്നതിലൂടെ മാത്രമേ organic intellectuals നെ സൃഷ്ടിക്കാൻ കഴിയൂ. അതുകൊണ്ടുതന്നെ വിദ്യാഭ്യാസം മാർക്സ് പറയുന്നതുപോലെ educator must be educated എന്ന തത്വചിന്താപരമായ സമീപനത്തെ ഉൾക്കൊള്ളുന്നു. ഇത്തരത്തിൽ കരുപ്പിടിപ്പിച്ചെടുക്കുന്ന ബദലുകളിലൂടെ മാത്രമേ വിദ്യാഭ്യാസ രംഗത്ത് നിലനിൽക്കുന്ന പ്രതിലോമ പ്രത്യയശാസ്ത്രത്തിന്റെ വെല്ലുവിളികളെ നേരിടാനാവൂ.

# സ്ത്രീകൾക്ക് ഇടമില്ലാത്ത വിദ്യാഭ്യാസം



ഡോ: പി.ഗീത

ഇന്ത്യയ്ക്ക് ഏറ്റവും ഗുണകരമായത് ഗാന്ധിജി വിഭാവനം ചെയ്ത വിദ്യാഭ്യാസ രീതിയാണ് എന്ന് ഞാൻ കരുതുന്നു. ഭാഷയിലും സംസ്കാരത്തിലും മാനവിക വിഷയങ്ങളിലും ഊന്നൽ നൽകുന്ന മൂല്യാധിഷ്ഠിതമായ വിദ്യാഭ്യാസ പദ്ധതിയാണ് ഗാന്ധിജി വിഭാവനം ചെയ്തിരുന്നത്. അത് ഇന്ത്യയിലെ ബഹുഭൂരിപക്ഷം വരുന്ന ഗ്രാമീണരെ ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേക്ക് നയിക്കാൻ ഉതകുന്നതാണ്. ഗ്രാമീണ ജനതയെ സാംസ്കാരികമായും സാമൂഹികമായും പരിവർത്തിപ്പിക്കാൻ കെൽപ്പുള്ള ഒരു വിദ്യാഭ്യാസരീതിയാണ് ഗാന്ധിജി സ്വപ്നം കണ്ടത്.

രാഷ്ട്രഭാഷയെക്കുറിച്ചുള്ള ഗാന്ധിജിയുടെ കാഴ്ചപ്പാട് ഇന്ന് നടപ്പിലാക്കിയതിൽ നിന്ന് ഏറെ വ്യത്യസ്തമാണ്. ഒരിക്കലും ഹിന്ദിയോ, ഉറുദുവോ രാഷ്ട്രഭാഷയാവരുത് എന്നായിരുന്നു ഗാന്ധിജിയുടെ അഭിപ്രായം. കാരണം ഹിന്ദി അന്യഭാഷയായ സംസ്കൃതത്തിന്റെയും, ഉറുദു പേർഷ്യൻ ഭാഷയുടേയും സ്വാധീനമുള്ളതാണ്. അങ്ങാടിയിൽ സാധാരണ ജനങ്ങൾ ഉപയോഗിക്കുന്ന ഹിന്ദുസ്ഥാനിയാവണം ഇന്ത്യക്കാരുടെ രാഷ്ട്രഭാഷ എന്നദ്ദേഹം ശക്തമായി അഭിപ്രായപ്പെട്ടിട്ടുണ്ട്. കേരളവും തമിഴ്നാടും ഒഴികെ മറ്റ് ഏത് ഇന്ത്യൻ സംസ്ഥാനങ്ങളിൽ പോയാലും അവിടെ വാമൊഴിയായി ഹിന്ദി പ്രചാരത്തിലുണ്ട്. അത് നമ്മൾ ടെക്സ്റ്റ് ബുക്കുകളിൽ പഠിക്കുന്ന ഹിന്ദിയല്ല. ജനകീയമായ ഹിന്ദുസ്ഥാനിയാണ്. അതായിരിക്കണം രാഷ്ട്രഭാഷ എന്നുള്ള അഭിപ്രായമാണ് അദ്ദേഹത്തിനുണ്ടായിരുന്നത്.

മാതൃഭാഷയിലൂന്നിയ ഒരു വിദ്യാഭ്യാസപദ്ധതിയെക്കറിച്ചുള്ള കാഴ്ചപ്പാടുകളാണ് ഗാന്ധിജി മുന്നോട്ടു വെച്ചിരുന്നത്. ഇംഗ്ലീഷുകാർ ലോകം കീഴടക്കാനുപയോഗിച്ച ശക്തമായ ഒരു ആയുധം ഭാഷയാണ് എന്ന് ഗാന്ധിജി തിരിച്ചറിഞ്ഞിരുന്നു. ഭാഷ ഒരു അധികാരമാണ് എന്നും, ഈ അധികാരത്തിലൂടെ നമ്മുടെ ജീവിതത്തെതന്നെ മാറ്റി ത്തീർക്കാൻ കഴിയുമെന്നും അദ്ദേഹത്തിന് അറിയാമായിരുന്നു. ഭാഷയിലൂടെ നമ്മുടെ ജീവിതത്തിന്റെ മൂല്യവ്യവസ്ഥയെ മാറ്റി മറിക്കുന്നതെങ്ങനെയെന്ന് ബ്രിട്ടീഷ് ഭരണത്തിലൂടെ നേരിട്ട് മനസ്സിലാക്കാൻ ഗാന്ധിജിക്ക് കഴിഞ്ഞിരുന്നു. അതുകൊണ്ട് നമുക്ക് നഷ്ടപ്പെട്ട ജീവിതശൈലി തിരിച്ചു പിടിക്കേണ്ടത് നമ്മൾ ജനിച്ചു വളർന്ന മാതൃഭാഷയിലൂടെ ആകണം എന്ന ഒരു സങ്കല്പം അദ്ദേഹത്തിന്റെ വിദ്യാ ഭ്യാസ വീക്ഷണത്തിന്റെ അടിസ്ഥാന മായിരുന്നു.

> ഇന്ത്യയ്ക്ക് ഏറ്റവും ഗുണകരമായത് ഗാന്ധിജി വിഭാവനം ചെയ്ത വിദ്യാഭ്യാസ രീതിയാണ് എന്ന് ഞാൻ കരുതുന്നു. ഭാഷയിലും സംസ്കാരത്തിലും മാനവിക വിഷയങ്ങളിലും ഊന്നൽ നൽകുന്ന മൂല്യാധിഷ്ഠിതമായ വിദ്യാഭ്യാസ പദ്ധതിയാണ് ഗാന്ധിജി വിഭാവനം ചെയ്തിരുന്നത്.



ഡോക്ടർമാർ, വക്കീലന്മാർ തുടങ്ങിയ വിദ്യാഭ്യാസത്തിലൂടെ സൃഷ്ടിക്കപ്പെടുന്ന വിദഗ്ധരെക്കുറിച്ചും ഗാന്ധിജി തന്റെ കാഴ്ചപ്പാടുകൾ അവതരിപ്പിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ആതുര ശുശ്രൂഷയിൽ താൽപര്യമുള്ള ഒരാൾക്ക് ഡോക്ടറാകാം. അനീതി ക്കെതിരെ പ്രവർത്തിക്കാൻ താല്പര്യമുള്ള ആൾക്ക് വക്കീലാകാം. ഇത് രണ്ടും ഉപജീവനത്തിനുള്ള ഒരു തൊഴിലായി സ്വയം സ്വീകരിച്ചു കഴിഞ്ഞാൽ സമൂഹവുമായുള്ള അവരുടെ ബന്ധത്തിൽ കലർപ്പ് വരും. ഉപജീവന മാർഗ്ഗമായി മാറുന്നതോടെ പണത്തിന്റെ ആധിപത്യം വരും. പണം കടന്നുവരുന്നതോടെ ഇത് ദുഷിക്കും എന്ന് ഗാന്ധിജി മുൻകൂട്ടി കണ്ടിട്ടുണ്ട്. അതു കൊണ്ട് അദ്ദേഹം പറയുന്നത്, നിങ്ങൾ ഉപജീവനാർത്ഥം വേറെ എന്തെങ്കിലും തൊഴിലെടുക്കൂ. ആതുരസേവനത്തിനായി നിങ്ങൾ ഡോക്ടറായി പ്രവർത്തിക്കൂ എന്നാണ്. ആരോഗ്യ രംഗത്ത് ഒരുതരത്തിലുള്ള ജനകീയത ഗാന്ധിജി വിഭാവനം ചെയ്തിരുന്നു. കച്ചവട വൽക്കരണത്തിനും പണാധിപത്യത്തിനു മെതിരായ ഒരു വീക്ഷണം ഗാന്ധിയൻ വിദ്യാഭ്യാസത്തിൽ ആരംഭം മുതൽക്ക് നിലനിന്നിരുന്നു. വിദ്യാർത്ഥിയിലൂന്നിയ ഒരു വിദ്യാഭ്യാസ സമ്പ്രദായമാണ് അദ്ദേഹം വിഭാവനം ചെയ്തത്. എന്നാൽ അധ്യാപകരിലും വിദ്യാഭ്യാസ സ്ഥാപനത്തിലും ഊന്നുന്ന ഒരു വിദ്യാഭ്യാസ സമ്പ്രദായമാണ് ഇന്ന് നിലവിലുള്ളത്. ഇതിൽനിന്ന് തികച്ചും വ്യത്യസ്തമായി പഠിക്കുന്ന കുട്ടിയിലും ജനങ്ങളിലും കുട്ടി വളരുന്ന പശ്ചാത്തലത്തിലും ഊന്നുന്ന ഒരു വിദ്യാഭ്യാസ സംവിധാനം ഗാന്ധിജി വിഭാവനം ചെയ്തു എന്നുള്ളതു കൊണ്ടാണ് ഇന്ത്യയ്ക്ക് ഏറ്റവും അനുയോജ്യമായ ഒരു ചിന്താ പദ്ധതിയാണ് ഗാന്ധിജി മുന്നോട്ടു വെച്ചത് എന്ന് ഞാൻ പറയാൻ കാരണം. എന്നാൽ വിദ്യാഭ്യാസ രംഗത്തെ സ്ത്രീകളുടെ പങ്കിനെക്കുറിച്ച് അദ്ദേഹം മുന്നോട്ടുവെച്ച സമീപനങ്ങളോട് വിമർശനാത്മക നിലപാടാണ് എനിക്കുള്ളത്. സ്ത്രീകൾക്ക് ഗാർഹികാവശ്യങ്ങൾക്കുവേണ്ടിയുള്ള വിദ്യാഭ്യാസമാണ്

നൽകേണ്ടത് എന്ന് ഗാന്ധിജി പറയുകയുണ്ടായി. അദ്ദേഹത്തിന്റെ ഈ നിലപാട് തികച്ചും നിഷേധാത്മകമാണ്.

സെക്കന്ററി തലംതൊട്ട് ഭാഷാപഠനം വേണ്ട എന്ന നിലപാടായിരുന്നു ഇ.എം.എസ്. ന് ഉണ്ടായിരുന്നത്. സെക്കന്ററി തലത്തിനുശേഷം തൊഴിലധിഷ്ഠിതമായ വിദ്യാഭ്യാസം എന്ന നിലപാടാണ് അദ്ദേഹം സ്വീകരിച്ചത്. ഇ.എം.എസ്. നേക്കാൾ ശാസ്ത്രീയമായ ആദർശങ്ങളാണ് ഗാന്ധിജിയുടേത്. ഭാഷയുടേയും സംസ്കാരത്തിന്റേയും പഠനം വിദ്യാഭ്യാസ പദ്ധതിയിലുടനീളം ഉണ്ടായിരിക്കണം, അതാണ് മാനവിക മൂല്യങ്ങൾ നിലനിർത്തുന്ന ഒരു ഘടകം എന്നാണ് ഗാന്ധിജി വാദിച്ചിരുന്നത്. നമ്മുടെ നാട്ടുകാരോട് സംവദിക്കാനും, അവരെ ചികിത്സിക്കാനും, അവർക്ക് വേണ്ടി മറ്റെന്തെങ്കിലുമൊക്കെ ചെയ്യാനും ഒരു ബിസിനസ്സ് തുടങ്ങാനാണെങ്കിൽ പോലും മാതൃഭാഷയുടെ പഠനം ആവശ്യമാണെന്ന് ഗാന്ധിജി വിശ്വസിച്ചിരുന്നു. എങ്ങിനെയാണ് ഇവിടെ വേറൊരു വിദ്യാഭ്യാസം സാധ്യമാവുക എന്നതായിരുന്നു ഗാന്ധിജിയുടെ ചിന്ത. ഉള്ളതിനെ എങ്ങനെ മെച്ചപ്പെടുത്താം എന്നാണ് ഇ.എം.എസ്. ആലോചിച്ചത്. ബ്രിട്ടീഷ് വിദ്യാഭ്യാസത്തിന്റെ ചട്ടക്കൂടിനെ പൊളിക്കുക എന്നതാണ് ഗാന്ധിജിയുടെ ആത്യന്തികമായ ലക്ഷ്യം. ഘടനയിൽ തന്നെ സമൂലമായ മാറ്റം ഉണ്ടാകാതെ ഇന്ന് നാം അഭിമുഖീകരിക്കുന്ന പ്രതിസന്ധികളെ മറികടക്കാൻ കഴിയില്ല. അതുകൊണ്ടുതന്നെ നമുക്ക് ലഭിച്ചിട്ടുള്ള വിവിധങ്ങളായ വിദ്യാഭ്യാസ ചിന്തകളിൽ വെച്ച് നമ്മുടെ ചുറ്റുപാടുകളെ മനസ്സിലാക്കിക്കൊണ്ടുള്ള വിദ്യാഭ്യാസവീക്ഷണം ഗാന്ധിജിയുടേതാണ്. ഇന്ത്യയിലെ ബഹുഭൂരിപക്ഷം വരുന്ന ഗ്രാമീണ ജനതയെ തിരിച്ചറിഞ്ഞുകൊണ്ടുള്ളതും അവരുടെ ഉന്നമത്തിന് ഉതകുന്നതുമായ ഒരു വിദ്യാഭ്യാസപദ്ധതി സാധ്യമാക്കാം എന്ന ആലോചനയാണ് ഗാന്ധിജിക്കുണ്ടായിരുന്നത്.



## വിദ്യാഭ്യാസ മേഖലയും സ്ത്രീകളും.

ഇന്ന് കേരളത്തിൽ അധ്യാപകരിൽ ഒരു വലിയ പങ്ക് സ്ത്രീകളാണ്. കുടുംബത്തിനകത്ത് പരമ്പരാഗതമായി നിർവ്വചിക്കപ്പെടുന്ന റോളിൽ തളച്ചിടപ്പെടുന്നതുകൊണ്ട് സ്ത്രീകൾക്ക് യാന്ത്രികമായി മാത്രമേ ഈ പ്രവൃത്തി നിർവ്വഹിക്കാൻ കഴിയാറുള്ളൂ. കുടുംബത്തിനകത്തെ റോളിൽ മാറ്റം വരുത്തിക്കൊണ്ടല്ലാതെ ഈ പ്രശ്നം പരിഹരിക്കാനും പറ്റില്ല. വിദ്യാഭ്യാസ മേഖലയെ ബാധിക്കുന്ന പ്രശ്നങ്ങളെക്കുറിച്ചുള്ള ചർച്ചകൾ പോലും ഈ അധ്യാപികമാരുടെ ഇടയിൽ എത്താറില്ല. വിദ്യാഭ്യാസ മേഖലയിൽ വരുന്ന മാറ്റങ്ങളെക്കറിച്ചോ, പാഠ്യപദ്ധതിയിൽ വരുന്ന മാറ്റങ്ങളെക്കുറിച്ചോ ഉള്ള ചർച്ചകളിൽ കടന്നുകയറാൻ സ്ത്രീകൾക്ക് ഇതുവരെ കഴിഞ്ഞിട്ടില്ല. അധ്യാപകർക്കിടയിലെ ട്രേഡ് യൂണിയനുകൾ ഭരണകൂടത്തിന്റെ അതേ മാതൃകയിലാണ് പ്രവർത്തിക്കുന്നത്. തികച്ചും ഉദ്യോഗസ്ഥ മേധാവിത്വപരമായ ഒരു സംവിധാനമാണ് ഇവയ്ക്കുള്ളത്. പുരുഷന്മാർ ചെയ്യുന്ന തിന്റെ ഇരട്ടി ജോലിയാണ് ചെയ്യുന്നത് എന്ന നിലയ്ക്കുള്ള അംഗീകാരം ട്രേഡ് യൂണിയനുകൾ സ്ത്രീകൾക്ക് നൽകിയിട്ടില്ല. അതുകൊണ്ട് തന്നെ വീട്ടുജോലികൾ ചെയ്ത് ഏറ്റവും അവസാനം സ്കൂളിലെത്തേണ്ടിവരുന്ന അധ്യാപിക, വീട്ടുജോലികൾക്ക്വേണ്ടി തന്നെ നേരത്തെ സ്കൂളിൽ നിന്നും പോകേണ്ടിവരുന്നു. പൊതുവേദികളിൽ അഭിപ്രായം ഉന്നയിക്കാനോ, ഇടപെടാനോ പറ്റാത്ത അന്തരീക്ഷമാണ് ഇന്നത്തെ വിദ്യാഭ്യാസ മേഖലയിൽ സ്ത്രീകൾക്കുള്ളത്. ഇത് മാറ്റിയെടുക്കാൻ സ്ത്രീകളുടെ ഭാഗത്തുനിന്നുതന്നെ ഇടപെടലുകൾ ആവശ്യമുണ്ട്. കുടുംബത്തിനകത്തുതന്നെ റോളുകൾ മാറ്റാവുന്നതാണ്. അത് സ്ത്രീകൾക്ക് മാത്രമായി നീക്കിവെക്കുന്ന രീതി മാറ്റേണ്ടതുണ്ട്.

പൊതുപ്രശ്നങ്ങളിൽ ഇടപെടാനുള്ള സ്ത്രീകളുടെ സന്നദ്ധതയെ ഇല്ലാതാക്കുന്ന സാമൂഹ്യ ഘടകങ്ങളെ ചോദ്യം ചെയ്തുകൊണ്ടല്ലാതെ ഈ പ്രശ്നത്തിൽ നമുക്ക് ഒന്നും ചെയ്യാൻ കഴിയില്ല. കുടുംബത്തിൽ നല്ല സ്ത്രീയാവാനാണ് സ്ത്രീകളോട് പറഞ്ഞിരിക്കുന്നത്. തൊഴിലിൽ നല്ല സ്ത്രീയാവാൻ പറഞ്ഞിട്ടില്ല. ഒരു സംഘടനാ മീറ്റിങ്ങിൽ ഒരു സ്ത്രീ ഒച്ചയിട്ട് സംസാരിച്ചുകഴിഞ്ഞാൽ അവൾ വലിയ കുഴപ്പക്കാരിയാവും. പുരുഷനാണെങ്കിൽ എത്ര ഒച്ചയിട്ടും സംസാരിക്കാം, അടികൂടാം. അബോധമായിത്തന്നെ സ്ത്രീക്ക് സംസാരിക്കാവുന്നതിന്റേയും ഇടപെടാവുന്നതിന്റേയും പരിധികൾ നിശ്ചയിച്ചു കഴിഞ്ഞിട്ടുണ്ട്. കുടുംബത്തിലെ അതേ പാറ്റേണിലുള്ള ഒരു സ്ത്രീയെ തന്നെയാണ് തൊഴിലിടവും പ്രതീക്ഷിക്കുന്നത്. അത് ടീച്ചറാണെങ്കിൽ വളരെ കൂടുതലാണ്. സ്ത്രീകളുടെ സവിശേഷ പ്രശ്നങ്ങളെ ഒരു തൊഴിലിടവും ഇതുവരെ പരിഗണിച്ചിട്ടില്ല.

പാഠപുസ്തകങ്ങളിൽ പ്രത്യക്ഷപ്പെടുന്ന പാഠങ്ങൾ ഇത്തരത്തിൽ പുരുഷമേധാവിത്വപരമായ ആശയങ്ങളെ പിൻപറ്റുന്നവയാണ്. സ്ത്രീകളെ അവരുടെ പരമ്പരാഗതമായ റോളുകളിലേക്ക് തിരികെ കൊണ്ടുവരുന്ന രീതിയിലാണ് പലപ്പോഴും കോഴ്സുകൾ പോലും വിഭാവനം ചെയ്തിരിക്കുന്നത്. കളിപ്പാട്ടം വാങ്ങിക്കൊടുക്കുന്ന അച്ഛൻ ചോറുവെച്ചു കൊടുക്കുന്ന അമ്മ. ഈ റോൾ മാറ്റാൻ പറ്റുന്നതാണല്ലോ, ശരീരത്തിന്റെ അവയവങ്ങൾ പോലെ മാറ്റി വെക്കാൻ പറ്റാത്തതല്ലല്ലോ. യാഥാസ്ഥിതികമായ ധാരണകളും സൂചനകളും ചിഹ്നങ്ങളുമാണ് പാഠ്യപദ്ധതികളിലൂടെ കടന്നു വന്നുകൊണ്ടിരിക്കുന്നത്. യു.ജി.സി. നിർദ്ദേശിച്ച പല പദ്ധതികളും ശമ്പള വർദ്ധനവുൾപ്പെടെ പല പദ്ധതികളും നടപ്പിലാക്കിയ കേരളത്തിലെ ഒരു യൂണിവേഴ്സിറ്റിയും സ്ത്രീപഠനം ഒരു വിഷയമായി ഇതുവരെ ഏറ്റെടുത്തിട്ടില്ല.

പ്രീഡിഗ്രി മാറ്റി പ്ലസ് ടു വന്നതോടെ കോഴ്സുകളുടെ ഘടനാപരമായ മാറ്റം രണ്ടുതരത്തിലാണ് വിഭാവനം ചെയ്തിരിക്കുന്നത്. സാധാരണ കോളേജുകൾക്ക് ഫിസിക്സ്, കെമിസ്ട്രി, ബയോളജി, കമ്പ്യൂട്ടർ സയൻസ്. വനിതാ കോളേജുകൾക്ക് കമ്പ്യൂട്ടർ സയൻസിന് പകരം ഹോം സയൻസ്. അതായത് വളരെ സമർത്ഥമായി ഹോം സയൻസ് പഠിക്കേണ്ട ഒരു വിഭാഗമായി പെൺകുട്ടികളെ മാറ്റുക. അങ്ങനെ ചിത്രപ്പണിയും, വീട്ടലങ്കാരവും തുടങ്ങി വീട്ടുപണിയിലേക്ക് തന്നെ സ്ത്രീകളെ തിരിച്ചുവിടാനുള്ള പദ്ധതികളാണ് കോഴ്സുകൾ വിഭാവനം ചെയ്തിരിക്കുന്നത്. പുതിയ സാഹചര്യ ത്തിൽ സ്ത്രീകൾ ഒട്ടേറെ തൊഴിലുകളിൽ ഏർപ്പെടുന്നതായും വീടിന് പുറത്തേക്ക് ഇറങ്ങുന്നതായും നമുക്ക് തോന്നാമെങ്കിലും

അടിസ്ഥാനപരമായി യാഥാസ്ഥിതിക മൂല്യങ്ങൾ സംരക്ഷിക്കുന്ന തരത്തിലുള്ള തൊഴിലുകളാണ് ഇവയെന്ന് കാണാം.

കേരളത്തിൽ ജോസഫ് മുണ്ടശ്ശേരിക്ക് ശേഷം വിദ്യാഭ്യാസ വീക്ഷണം ഉള്ള ഒരാൾ വിദ്യാഭ്യാസ മന്ത്രിയായിട്ടില്ല എന്നതാണ് ഇന്നത്തെ ബഹുമുഖമായ ഈ തകർച്ചയുടെ ഒരു പ്രധാന കാരണം. ഇടതുപക്ഷം ഭരിച്ചാലും, കോൺഗ്രസ്സ് ഭരിച്ചാലും വർഗ്ഗീയതയുമായി ബന്ധപ്പെട്ട പാർട്ടികളാണ് പലപ്പോഴും വിദ്യാഭ്യാസ മേഖലയെ കയ്യാളുന്നത്. ഇതൊരു രാഷ്ട്രീയ പ്രശ്നമായിട്ടാണ് ഞാൻ കാണുന്നത്. . വർഗ്ഗീയതയുമായി ബന്ധപ്പെട്ടിട്ടുള്ള പാർട്ടികൾ വിദ്യാഭ്യാസ രംഗത്തേക്ക് കയറിവരുമ്പോൾ ഏത് മാനേജ്മെന്റിന് അധികം സ്കൂളുകൾ കൊടുക്കണം എന്നതിലുപരിയായി വിദ്യാഭ്യാസ മണ്ഡലത്തിൽ വരേണ്ട അനിവാര്യമായ മാറ്റങ്ങളെക്കുറിച്ചുള്ള ചിന്തകൾ അവരിലേക്ക് കടന്നുവരാറില്ല.

ന്യൂനപക്ഷ വിഭാഗങ്ങളെ പ്രതിനിധീകരിക്കുന്ന പാർട്ടികൾ വിദ്യാഭ്യാസവകുപ്പ് കൈകാര്യം ചെയ്തിട്ടും അവർക്കിടയിലെ സ്ത്രീകളുടെ മനോഭാവത്തിലോ ജീവിതത്തിലോ മാറ്റം വരുത്താൻ ഇനിയും കഴിഞ്ഞിട്ടില്ല. പെൺകുട്ടികൾക്കിടയ്ക്ക് വിദ്യാഭ്യാസം മെച്ചപ്പെട്ടിട്ടുണ്ട്. എങ്കിലും പ്രാകൃതമായ വിശ്വാസങ്ങളും ആചാരങ്ങളും തുടച്ചുനീക്കപ്പെട്ടിട്ടില്ല.

ഗ്രേഡിംഗ് സമ്പ്രദായമനുസരിച്ച് എസ്.എസ്.എൽ.സി.ക്കും Internal assessment നടപ്പിൽ വരികയാണ്. നന്നായി പ്രവർത്തിക്കുകയാണെങ്കിൽ നല്ലൊരു സമ്പ്രദായമാണിത്. കുട്ടിയെ അറിയുന്ന അധ്യാപകൻ തന്നെ കുട്ടിയെ മൂല്യനിർണ്ണയം ചെയ്യുന്നതാണ് ശരി. പക്ഷേ, Internal assessment ഒരു അധികാരമായി മാറാം. പെൺകുട്ടികളുടെ നേരെ അത് ലൈംഗിക പീഡനത്തിന്റെ അധികാരമായി മാറുന്നുണ്ട്. ആൺകുട്ടികളുടെ നേരെ രാഷ്ട്രീയ പകപോക്കലിന്റെ പ്രശ്നമായും അത് മാറുന്നു. അതായത് ഇത്തരത്തിലുള്ള ഒരു അധികാരമായി Internal assessment മാറിക്കഴിഞ്ഞാൽ വിദ്യാർത്ഥിക്ക് അത് വളരെയധികം ദോഷം ചെയ്യും. പാലക്കാട് ഒരു കോളേജിൽ അടുത്ത കാലത്ത് ഉണ്ടായ ഒരു സംഘർഷം ഈ സാധ്യതയെ സാധൂകരിക്കുന്നതാണ്. കാലിക്കറ്റ് യൂനിവേഴ്സിറ്റിയിൽ ഡിഗ്രിയ്ക്ക് Internal assessment കൊണ്ടുവന്നു. ഓരോ

> സമൂലമായ ഒരു മാറ്റമാണ് വിദ്യാഭ്യാസരംഗത്ത് ഉണ്ടാകേണ്ടത്. സ്ത്രീകളെക്കൂടി ഉൾക്കൊള്ളുന്ന തരത്തിൽ വിദ്യാലയത്തിന്റെ ഘടനയും വിദ്യാഭ്യാസത്തിന്റെ ലക്ഷ്യവും മാറേണ്ടതുണ്ട്.

പേപ്പറിനും 20 മാർക്ക് Internal assessment ആണ്. 80 മാർക്കിനാണ് എഴുത്ത് പരീക്ഷ. ഇക്കാര്യത്തിൽ യാതൊരു മാനദണ്ഡവും യൂനിവേഴ്സിറ്റി നിർദ്ദേശിച്ചിട്ടുമില്ല. അപ്പോൾ അതാത് ഡിപ്പാർട്ട്മെന്റ് തലവന്മാർക്ക് തീരുമാനിക്കാവുന്ന ഒരു സംഗതിയാണിത്. ഉദാഹരണമായി ഈ കോളേജിൽ നടന്ന സംഭവം വിശദീകരിക്കാം. ഇവിടുത്തെ ഡിപ്പാർട്ട്മെന്റ് തലവൻ ഒരു പഠനയാത്ര ഏർപ്പാടു ചെയ്തു. പഠനയാത്രയിൽ പങ്കെടുക്കുന്നവർക്കു മാത്രമേ Internal assessment മാർക്ക് നൽകൂ എന്ന് പ്രഖ്യാപനവും നടത്തി. അധ്യാപകൻ കുടുംബത്തോടൊപ്പം ടൂറിന് വരുമെന്ന് പറഞ്ഞിരുന്നു. എന്നാൽ ടൂറിന്റെ ദിവസം അയാളുടെ കുടുംബമൊന്നുമില്ല. ആതിരപ്പള്ളി, വാഴച്ചാൽ എന്നീ സ്ഥലങ്ങളാണ് കൊമേഴ്സ് വിദ്യാർത്ഥികൾക്കായി പഠനയാത്ര ഏർപ്പെടുത്തിയത്. തിരിച്ചുവന്ന ശേഷം പല വിദ്യാർത്ഥിനികളേയും ഇയാൾ ശാരീരികമായി പല രീതിയിൽ പീഡിപ്പിച്ച കാര്യം പുറത്തായി. ഒരു കുട്ടിയെ അവൾ വെള്ളത്തിലിറങ്ങിയ ഫോട്ടോ കാണിച്ച് ബ്ലാക്ക് മെയിൽ ചെയ്യാൻ ശ്രമിച്ചതോടെയാണ് പ്രശ്നം പരസ്യമായത്. അതോടെ പല കുട്ടികളും ഇയാളുടെ ഉപദ്രവങ്ങളെക്കുറിച്ച് പരാതിപ്പെട്ടു. ഇത് ഞാൻ ഇടപെട്ട ഒരു കേസാണ്. ഒരു പെൺകുട്ടി മനോരോഗാവസ്ഥയിൽപോലുമായി. ഈ അധ്യാപകൻ പിന്നീട് സസ്പെൻഷനിലായി. ഇത്തരത്തിൽ ലൈംഗിക പീഠനങ്ങൾക്ക് വരെ സാധ്യതയുണ്ട്. പിന്നെ രാഷ്ട്രീയമായ അഭിപ്രായവ്യത്യാസങ്ങൾ തീർക്കാനുള്ള അധികാരമായി Internal assessment ഉപയോഗിക്കപ്പെടാം. അതുകൊണ്ട് വിദ്യാർത്ഥികളുടെ താല്പര്യങ്ങൾ എത്രത്തോളം സംരക്ഷിക്കപ്പെടേണ്ടതുണ്ട് എന്ന് തിരിച്ചറിഞ്ഞുകൊണ്ടുവേണം പരിഷ്കാരങ്ങൾ നടപ്പിലാക്കാൻ.

യഥാർത്ഥത്തിൽ സമൂലമായ ഒരു മാറ്റമാണ് വിദ്യാഭ്യാസരംഗത്ത് ഉണ്ടാകേണ്ടത്. സ്ത്രീകളെക്കൂടി ഉൾക്കൊള്ളുന്ന തരത്തിൽ വിദ്യാലയത്തിന്റെ ഘടനയും വിദ്യാഭ്യാസത്തിന്റെ ലക്ഷ്യവും മാറേണ്ടതുണ്ട്. ഭാഷ്യക്കും സംസ്കാരത്തിനും പ്രാധാന്യമുള്ള, അതായത് ജനതകളോട് സംവേദിക്കാൻ ശേഷിയുള്ള ഒരു തലമുറയെ വളർത്തിയെടുക്കാവുന്ന തരത്തിൽ വിദ്യാഭ്യാസത്തിന്റെ എല്ലാ മണ്ഡലങ്ങളും മാറ്റിത്തീർക്കേണ്ടതുണ്ട്.

ആശംസകളോടെ......

കോ-ഓപ്പറേറ്റീവ്
നാഷണൽ കോളേജ്

+2, BA/BSc./BCom/BBA/BCA/MA/MSc./MCom
കോഴ്സുകൾക്ക് പുറമെ പി.എസ്.സി. പരീക്ഷകൾക്കും മറ്റും കോച്ചിംഗ് ക്ലാസുകൾ
SSLC/+2 വിദ്യാർത്ഥികൾക്ക് കമ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് വ്യക്തിത്വവികസനം
എന്നിവയ്ക്ക് വെക്കേഷൻ ബ്രിഡ്ജ് കോഴ്സ്

ഇ.പി.തമ്പാൻ മാസ്റ്റർ
പ്രസിഡണ്ട്

കെ.യു.രാധാകൃഷ്ണൻ
ഹോണററി സെക്രട്ടറി

# വിദ്യാഭ്യാസം കച്ചവടശക്തികളുടെ കയ്യിൽ

ഡോ: കെ.എൻ.ഗണേഷ്

കഴിഞ്ഞ ഒരുനൂറ്റാണ്ടുകാലത്തെ വിദ്യാഭ്യാസത്തിന്റെ ചരിത്രം എടുത്തുപരിശോധിച്ചാൽ അത് എങ്ങനെ വേണം എന്ന് തീരുമാനിച്ച ശക്തികൾ കേരളത്തിലെ മധ്യവർഗ്ഗങ്ങളായിരുന്നു എന്നുകാണാം. കേരളത്തിലെ വിദ്യാഭ്യാസരംഗത്തെ സംബന്ധിച്ചിടത്തോളം അധ്വാനിക്കുന്നവന്റെ താല്പര്യം സംരക്ഷിക്കുന്ന ശക്തികൾ ഉണ്ടായിട്ടില്ല. ഞങ്ങളുടെ കുട്ടികൾക്കും വിദ്യാഭ്യാസം വേണം, അതിന് ഫീസ് ആനുകൂല്യം വേണം, അടുത്തടുത്ത് സ്കൂൾ, കോളേജ്, വിവിധതരത്തിലുള്ള ഫീസ് ആനുകൂല്യം, സംവരണം അത്തരം കാര്യങ്ങളിലാണ് ഇതുവരെ പ്രധാനമായി ശ്രദ്ധിച്ചത്. ഇതുവരെ നടന്നിട്ടുള്ള സമരങ്ങളൊക്കെ ശ്രദ്ധിച്ചുകഴിഞ്ഞാൽ ഇത് ബോധ്യപ്പെടും. ശാസ്ത്രീയമായ വിദ്യാഭ്യാസം എന്നുപറഞ്ഞാൽ അത് എന്തായിരിക്കണം എന്ന് തീരുമാനിച്ചത് കേരളത്തിലെ അധ്വാനിക്കുന്ന വിഭാഗങ്ങളായിരുന്നില്ല. പലപ്പോഴും അത് തീരുമാനിച്ചത് മധ്യവർഗ്ഗത്തിലെ ഒരു വിഭാഗമായിരുന്നു. അവരെ മുതലാളിമാരെന്ന് ഞാൻ പറയുന്നില്ല. അവർ പലതരത്തിലുള്ള ആളുകളാണ്. കർഷകർ, സർവ്വീസ് രംഗത്തുള്ളവർ അല്ലെങ്കിൽ ചെറുകിട വ്യവസായികൾ അത്തരത്തിലുള്ള ആളുകളാണ് വിദ്യാഭ്യാസരംഗത്തെ നിയന്ത്രിച്ചിരുന്നത്.

ഈ മേഖലയിലേക്ക് കയറിച്ചെന്നില്ലെങ്കിൽ പുതുതായി തുറന്നുകിട്ടുന്ന സംഗതികളൊന്നും തങ്ങൾക്ക് കിട്ടില്ല എന്ന് കരുതിയ ഇക്കൂട്ടർ പൊതുവിദ്യാലയങ്ങളെന്ന നിലയിലെങ്കിലും സ്കൂളുകൾ സ്വന്തമാക്കിയതായി കാണാൻ കഴിയും. സ്വന്തമായി പണം മുടക്കി പൊതുവിദ്യാലയമെന്ന നിലയിൽ സ്കൂളുകൾ ആരംഭിക്കുകയും അതിനുവേണ്ടി മുൻകൈ എടുക്കുകയും ചെയ്തു. അങ്ങനെയാണ് ആദ്യഘട്ടത്തിൽ എൻ.എസ്.എസ്, എസ്.എൻ.ഡി.പി., ക്രൈസ്തവ സഭകൾ തുടങ്ങിയ ഓരോ വിഭാഗങ്ങളുടേയും ഉടമസ്ഥതയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉടലെടുത്തത്. അതിലെ വിദ്യാഭ്യാസമെന്തായിരിക്കണമെന്നുള്ളതിനേക്കാൾ പ്രധാനമായിട്ടുള്ളത് നാട്ടിൽ നിലവിലുള്ള ആധുനിക വിദ്യാഭ്യാസത്തിന്റെ സൗകര്യങ്ങൾ തങ്ങൾക്ക് വേണം എന്നതാണ്. അത് നായന്മാരാണെങ്കിൽ എൻ.എസ്.എസ്., ഈഴവരാണെങ്കിൽ എസ്.എൻ.ഡി.പി., ഇടവക ക്രൈസ്തവ സഭകൾ, മുസ്ലീങ്ങളുടെ ഇടയിൽ ഇടക്കാലത്ത് പണക്കാരായ എം.ഇ.എസ്. വിഭാഗങ്ങൾ നടത്തുന്ന സ്കൂളുകൾ എന്നിവയെല്ലാമാണ്. അതുകൊണ്ടുതന്നെ പൊതുവിദ്യാഭ്യാസം അക്കാലത്ത് മിഡിൽ ക്ലാസിന് മാത്രം അഭിലഷണീയമായിരുന്നു. അതിന്റെ നേട്ടങ്ങൾ ഒരുപരിധിവരെ ദരിദ്രദളിത് വിഭാഗങ്ങൾക്കും, അധഃസ്ഥിതർക്കും ചൂഷിതർക്കും ലഭിച്ചിട്ടുണ്ട് എന്നുള്ളത് വസ്തുതയാണ്. ആദിവാസികളുടെ ഇടയിൽ അന്ന് സ്കൂളുകളൊന്നും സ്ഥാപിച്ചിട്ടില്ല. "പ്രാന്തവൽക്കരിക്കപ്പെട്ട" പല വിഭാഗങ്ങൾക്കും സ്കൂളിൽ കയറാൻ പറ്റിയിട്ടില്ല. പക്ഷേ, ഇപ്പറയുന്നപോലെ ഒരു വിഭാഗം ആളുകൾ പ്രത്യേകിച്ചും കർഷകത്തൊഴിലാളികൾ ഉൾപ്പടെയുള്ള ആളുകൾക്ക് സ്കൂളുകൾ പ്രയോജനം ചെയ്തിട്ടുണ്ട്. പിൽക്കാലത്ത്, അതായത് അറുപതുകൾക്ക് ശേഷം അഥവാ കഴിഞ്ഞ മുപ്പതുവർഷം മധ്യവർഗ്ഗത്തിന്റെ സമീപനത്തിൽ മാറ്റം വന്നതായി കാണാം. കാരണം, ഈ മധ്യവർഗ്ഗത്തെ സംബന്ധിച്ചിടത്തോളം നിലവിലുള്ള കുറേ വികസനകാര്യങ്ങളായിരുന്നു അവർ മുന്നിൽ കണ്ടത്. എന്നാൽ അക്കാലത്ത്, ആലുവ ഉദ്യോഗമണ്ഡൽ ഫാക്ടറിയിൽ തൊഴിൽ കിട്ടാനായി ഭൂരിഭാഗം കുട്ടികൾ കെമിസ്ട്രിയാണ് ഐച്ഛിക വിഷയമായി പഠിച്ചത്. ഇതിന്റെ പ്രയോജനമെന്താണെന്ന് ചോദിച്ചാൽ ഇങ്ങനെയുള്ള ഫാക്ടറികളിൽ പണികിട്ടുമെന്നുള്ളതുകൊണ്ടയിരുന്നു ആളുകൾ പണ്ടും ഇന്നത്തെപ്പോലെ ചില സ്വപ്നങ്ങൾ മുന്നിൽ കണ്ട് പഠിച്ചതും പഠിപ്പിച്ചതുമൊക്കെ. അല്ലാതെ വിദ്യാഭ്യാസ ത്തോട് ആദർശാത്മകമായി ഒരു സമീപനം പണ്ടും ഉണ്ടായിരുന്നില്ല. കെമിസ്ട്രി എടുത്ത ആളുകൾക്ക് കെമിക്കൽ എൻജിനിയറിംഗിൽ വമ്പിച്ച ഡിമാന്റായിരുന്നു. തൃശ്ശൂർ എൻജിനിയറിംഗ് കോളേജിൽ ഏറ്റവും മിടുക്കന്മാരായ കുട്ടികളെകൊണ്ട് കെമിക്കൽ എൻജിനിയറിംഗ് എടുപ്പിക്കുകയെന്നത് വലിയ കാര്യമായിരുന്നു. എന്തുകൊണ്ട് കെമിക്കൽ എൻജിനിയറിംഗ് എന്ന് ചോദിച്ചാൽ തൊഴിൽ തന്നെയായിരുന്നു ലക്ഷ്യം. അന്ന് സിവിൽ എൻജിനിയറിംഗിനായിരുന്നു തിരക്ക്. ഇതൊക്കെ ഞാൻ പറയുന്നത് അന്നും ആളുകൾ വിദ്യാഭ്യാസത്തെ കണ്ടിരുന്നത് ഇന്നുകാണുന്നതുപോലെ തന്നെയായിരുന്നു എന്നു കാണിക്കാൻ വേണ്ടിയാണ്. ഏതെങ്കിലും തരത്തിലുള്ള ജോലിതന്നെയായിരുന്നു ലക്ഷ്യം. മാനവിക വിഷയങ്ങൾ അന്നും ഇന്നത്തെപ്പോലെ ഒരു മൂന്നാംകിട ഐച്ഛികമായിരുന്നു. ഒരു ഉദാഹരണം ഇംഗ്ലീഷ് സാഹിത്യം തന്നെയാണ്. കുറച്ച് ധനികവിഭാഗ ത്തിൽപ്പെട്ടവരും കുറേ പെൺകുട്ടി കളും പിന്നെ കുറച്ച് സാഹിത്യാഭിരുചിയുള്ള



ചെറുപ്പക്കാരും ഇംഗ്ലീഷും മലയാള സാഹിത്യവുമെല്ലാം പഠിക്കാൻ മുന്നോട്ട് വന്നിരുന്നു. അന്നും ഇതേ തരത്തിലുള്ള ജോലി ലക്ഷ്യമാക്കിയുള്ള പഠനരീതി തന്നെയായിരുന്നു. ഇത് ആരും നേരിട്ട് പറയുന്നില്ലെങ്കിലും മദ്ധ്യവർഗ്ഗത്തിന്റെ വിദ്യാഭ്യാസരീതി അങ്ങനെ യായിരുന്നെന്ന് പരിശോധിച്ചാൽ കാണാം.

> എഴുപതുകളിലാണ് ഗൾഫിലേക്കുള്ള കുടിയേറ്റം വൻതോതിൽ ആരംഭിക്കുന്നത്. തിരിച്ചുവരുന്നത് എൺപതുകളിലാണ്. തിരിച്ചുവരുന്ന ഇവരുടെ മക്കൾ എവിടെ പഠിക്കുന്നു എന്നുള്ളത് ഒരു പ്രശ്നമാണ്. അവർക്ക് മറ്റൊരു ലോകം പരിചയമുണ്ടായിരുന്നു. അത് ടെക്നോളജിയുടെ രൂപത്തിലായാലും മൂലധനത്തിന്റെ രൂപത്തിലായിരുന്നാലും അതിന്റെ സാധ്യതകൾ മനസ്സിലാക്കിയവരുണ്ട്. അത്തരത്തിലുള്ള ഒരു ലോകത്തേക്ക് തന്റെ കുട്ടിയെ പ്രവേശിപ്പിക്കാൻ ഏത് തരത്തിലുള്ള വിദ്യാഭ്യാസം വേണം എന്നുള്ളതായിരുന്നു അവർ അഭിമുഖീകരിച്ചിരുന്നത്.

കേരളത്തിൽ കഴിഞ്ഞ മുപ്പതു വർഷത്തിനിടയിൽ മുന്നോട്ട് പോക്ക് പ്രതിസന്ധിയിലായിരുന്നു. മുപ്പതു വർഷത്തിനിടയിൽ വന്ന പുതിയ പുതിയ അവസരങ്ങൾ കാർഷിക ഭൂപരിഷ്കരണത്തിന് ശേഷം വന്നിട്ടുള്ള ഒരു സ്ഥിതിവിശേഷമാണ്. ഭൂപരിഷ്കരണത്തിനുശേഷം വന്നിട്ടുള്ള എഴുപതുകളിൽ സ്കൂളുകളിലേക്കും കോളേജുകളിലേക്കും ദരിദ്ര-ചൂഷിത വിഭാഗം കുട്ടികളുടെ ഒരു വൻപ്രവാഹമായിരുന്നു. ഈ കുട്ടികളെല്ലാം ഇതേ മദ്ധ്യവർഗ്ഗ ലക്ഷ്യങ്ങളിലേക്ക് എത്തിപ്പെടുകയുണ്ടായി. അങ്ങനെ എത്തിപ്പെടുമ്പോൾ അവർക്ക് അവിടേയും പിടിച്ചു നിൽക്കാൻ കഴിയുന്നില്ല എന്നുള്ളത് അവസാന ഘട്ടത്തിലാണ് മനസ്സിലാവുന്നത്. അതോടുകൂടി ഈ പറയുന്ന പോക്കിന് അർത്ഥമില്ലെന്ന് മനസ്സിലാക്കുന്നു. ഇങ്ങനെയാണ് ആളുകൾ ഇവിടെ നിന്ന് ഗൾഫ് തുടങ്ങിയ നാടുകളിലേക്ക് കുടിയേറ്റം ആരംഭിക്കുന്നത്. അതിൽ കുറച്ചുപേർ ഒരു പക്ഷേ സമ്പന്നരായിട്ട് തിരിച്ചുവരികയും ചെയ്തിട്ടുണ്ട്. അത്തരം സമ്പന്നരുടെ വരവ് എല്ലാ പ്രദേശത്തും ഉണ്ടായിട്ടുണ്ട്. ഈ സമ്പന്നരാണ് പിൽക്കാലത്ത് വിദ്യാഭ്യാസമേഖലയിൽ തീരുമാനങ്ങളെടുക്കുന്നതിൽ പ്രധാനപങ്കുവഹിച്ചത്. പഴയകാലഘട്ടത്തിൽ വളർന്നു വന്നവരല്ല പിന്നീട് വിദ്യാഭ്യാസത്തിന്റെ പുരോഗതി നിർണ്ണയിച്ചത്. എഴുപതുകളിലാണ് ഗൾഫിലേക്കുള്ള കുടിയേറ്റം വൻതോതിൽ ആരംഭിക്കുന്നത്. തിരിച്ചുവരുന്നത് എൺപതുകളിലാണ്. തിരിച്ചുവരുന്ന ഇവരുടെ മക്കൾ എവിടെ പഠിക്കുന്നു എന്നുള്ളത് ഒരു പ്രശ്നമാണ്. മിക്കവാറും ആളുകൾ ഉയർന്ന വിദ്യാഭ്യാസം നേടിപോയവരായിരുന്നില്ല. ഇപ്പറഞ്ഞ ആളുകൾ അവിടെ പോയിട്ട് ചെയ്ത ജോലിയും അത്രമെച്ചപ്പെട്ടതൊന്നുമായിരുന്നില്ല. പക്ഷേ അവർക്ക് മറ്റൊരു ലോകം പരിചയമുണ്ടായിരുന്നു. അത് അവർ കാണാനിടയുണ്ട്. അത് ടെക്നോളജി യുടെ രൂപത്തിലായാലും മൂലധനത്തിന്റെ രൂപത്തിലായിരു ന്നാലും അതിന്റെ സാധ്യതകൾ മനസ്സിലാക്കിയവരുണ്ട്. അത്തരത്തിലുള്ള ഒരു ലോകത്തേക്ക് തന്റെ കുട്ടിയെ പ്രവേശിപ്പിക്കാൻ ഏത് തരത്തിലുള്ള വിദ്യാഭ്യാസം വേണം എന്നുള്ളതായിരുന്നു അവർ അഭിമുഖീകരിച്ചിരുന്നത്. അത് കേരളത്തിലെ പൊതു വിദ്യാഭ്യാസംകൊണ്ട് സാധ്യവുമായിരുന്നില്ല.

അങ്ങനെ വരുമ്പോൾ ഇന്നത്തെ സാഹചര്യത്തിൽ അവരെ സംബന്ധിച്ചിടത്തോളം പുതിയ ലോകവുമായി ഇണങ്ങി ച്ചേരുന്ന വിദ്യാഭ്യാസമാണ് വേണ്ടത്. ഒരു തൊഴിൽ വിപണിയി ലേക്ക് തങ്ങളുടെ കുട്ടികളെ തയ്യാറാക്കുക. കാരണം, ഇവിടെ വേറൊരു തൊഴിൽ വിപണിയുണ്ടെന്ന് അവർ കാണുന്നില്ല. അല്ലെങ്കിൽ ആ തൊഴിൽവിപണി തങ്ങളുടെ കുട്ടികളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ സഹായകരമല്ലെന്ന് അവർ മനസ്സിലാക്കുന്നു. അവരെ സംബന്ധിച്ചിടത്തോളം ആഗോള തൊഴിൽ വിപണിയുടെ തലത്തിൽ നിന്നുകൊണ്ടാണ് അവർ കാണുന്നതും പ്രവർത്തിക്കുന്നതും. ഇപ്പോൾതന്നെ തന്റെ മകൻ ഗൾഫിൽ പോകണമെന്ന ചിന്തയൊന്നും അവർക്കില്ല. പക്ഷേ ഈയൊരു മാർക്കറ്റിന്റെ ഏതെങ്കിലും തലത്തിൽ തന്റെ കുട്ടിയെത്തണം. കേരളത്തിൽ നിന്നാൽ പരമാവധി അവൻ ഒരു സ്കൂൾ മാഷായിത്തീരുകയേ ഉള്ളു. അതല്ല അവന് വേണ്ടത്, ഈ ആഗോള മാർക്കറ്റിൽ ഇന്ന് കിട്ടുന്ന സൗകര്യങ്ങൾ തന്റെ മക്കൾക്ക് പ്രയോജനപ്പെടുത്തിക്കൊടുക്കണം, ഇതിന് പറ്റുന്ന അവസരങ്ങൾ ആര് കൊടുക്കും? കേരള ഗവൺമെന്റ് കൊടുക്കുമെങ്കിൽ അവർക്ക് വിരോധമൊന്നുമില്ല. ഗവൺമെന്റിന് അത് കൊടുക്കാൻ കഴിയില്ല. കാരണം ഗവൺമെന്റിന് ഇന്നത്തെ രീതിയിൽ അത്തരത്തിലുള്ള വിദ്യാഭ്യാസം നടപ്പാക്കാൻ കഴിയണമെങ്കിൽ മൂലധന ലഭ്യതയടക്കമുള്ള നിരവധി ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുന്നത് സ്വകാര്യമേഖലയിലാണ്.

വിദ്യാഭ്യാസരംഗത്തെ പ്രതിസന്ധിയെക്കുറിച്ച് ഞാൻ പ്രാദേശികതലത്തിൽ ഒരു പഠനം നടത്തിക്കൊണ്ടിരിക്കുക യാണ്. അതിന്റെ ഭാഗമായി എനിക്ക് കിട്ടിക്കൊണ്ടിരിക്കുന്ന വിവരങ്ങൾ എത്രത്തോളം യാഥാർത്ഥ്യത്തിന് നിരക്കുന്നതാണ് എന്നാണ് ആഴത്തിൽ പരിശോധിക്കേണ്ടത്. പ്രശ്നമെന്താണെ ന്നുവെച്ചാൽ ഇവിടത്തെ ഒരു ശരാശരി ഗൾഫുകാരനെ സംബന്ധിച്ചിടത്തോളം സാധാരണ നിലയിൽ അയാൾ ഏതെങ്കിലും സാങ്കേതികവിദ്യ പഠിക്കുന്നു. അല്ലെങ്കിൽ പുതിയ എന്തെങ്കിലും അറിവ് സമ്പാദിക്കുന്നു. ഈ അറിവ് എന്ന് പറയുന്നത് അയാൾ തിരിച്ച് വന്നിട്ട് സ്വന്തം നാട്ടിൽ ഉപയോഗി ക്കുകയാണ് വേണ്ടത്. കാരണം താൻ അവിടത്തുകാരനല്ല. താൻ ഗൾഫിൽ പോയാൽ തനിക്കവിടെ പൗരത്വം പോലുമില്ല. കുറേക്കാലം കഴിയുമ്പോൾ അവിടുന്ന് പിരിച്ചയക്കും. അപ്പോൾ നിങ്ങൾ അവിടുന്ന് കിട്ടാവുന്നത്ര പ്രാവീണ്യം നേടുകയാണ് വേണ്ടത്. ഇവിടെ ഒരു ചെറിയ സ്ഥാപനം നടത്തിക്കൊണ്ട് ജീവിക്കാം. ഞാൻ പറയുന്നത് ഇത് ശുദ്ധമായ മുതലാളിത്ത കാഴ്ചപ്പാടാണ്. അല്ലാതെ തൊഴിലാളിബോധമൊന്നുമല്ല. അടുത്തകാലത്ത് ചൈനക്കാരും പരിശ്രമിച്ചുകൊണ്ടിരുന്ന ഒരു കാര്യം ഇതാണ്. അവർ അമേരിക്കയിൽ ആൾക്കാരെ അയച്ച് പഠിപ്പിക്കുകയുണ്ടായി. അത് കുറേയൊക്കെ അവർക്ക് പ്രയോജനപ്പെടുകയും ചെയ്തിട്ടുണ്ട്. കേരളത്തിൽ പ്രശ്നമെന്താണെന്ന്വെച്ചാൽ ഇത്തരത്തിലുള്ള ഒരു skilled labour ഇല്ല. കേരളത്തിലെ വിദ്യാഭ്യാസം പിന്തുടർന്നിട്ടുള്ളത്, നമ്മുടെ വിദ്യാഭ്യാസം എന്നുപറയുന്നത് (അവിടെയാണ് പൊതുവിദ്യാഭ്യാസത്തിന്റെ ഒരു വിമർശനം നമ്മൾ നടത്തേണ്ടത്) കൊളോണിയൽ വിദ്യാഭ്യാസത്തിന്റെ ചട്ടക്കൂടിൽ നന്നുകൊണ്ടുള്ളതാണ്. ദേശീയവിദ്യാഭ്യാസം എന്നുപറയുന്നത് ഔപചാരികമായിട്ടാണെങ്കിലും അതിന്റെ ചട്ടക്കൂടിന്റെ ഉള്ളടക്കം കൊളോണിയൽ ആണ്. ഇത് ഞാൻ പറയുന്നത് അതിന്റെ ഉള്ളടക്കം സംബന്ധിച്ചാണ്. മുമ്പ് സൂചിപ്പിച്ചതുപോലെ അധഃസ്ഥിതരുടെ കാഴ്ചപ്പാടിൽ നിന്നുകൊണ്ടുള്ള ഒരു സമീപനമില്ലാതെപോയതുകൊണ്ട്, അദ്ധ്വാനത്തെ അടിസ്ഥാനപ്പെടുത്തിയുള്ള ഒരു വിദ്യാഭ്യാസ ഘടന നമുക്കുണ്ടാക്കാൻ കഴിഞ്ഞില്ല. റഷ്യൻവിപ്ലവത്തിനു ശേഷം നടന്ന ചർച്ചകളിൽ തൊഴിലധിഷ്ഠിത

വിദ്യാഭ്യാസം എന്ന കാഴ്ചപ്പാട് മുന്നോട്ട് വെച്ചിരുന്നു. എങ്ങനെ വിദ്യാഭ്യാസം തൊഴിലധിഷ്ഠിതമാക്കാം? തൊഴിലാളികൾക്ക് ഭാഷകൾ, ചരിത്രം, സയൻസ്, കണക്ക് എന്നിവ പഠിക്കാനുള്ള സാഹചര്യം ഉള്ളപ്പോൾതന്നെ അയാൾ നമ്മുടെ സമൂഹത്തിൽ അധ്വാനിച്ച് ജീവിക്കുന്നു. അത്തരത്തിൽ 'അധ്വാനത്തിന്റെ റോൾ' അംഗീകരിക്കുന്ന ഒരു വിദ്യാഭ്യാസ സമ്പ്രദായം ഇവിടെ ഉണ്ടായിട്ടില്ല.

സാധാരണ ജനങ്ങളിൽ ശരിയായ അറിവ് സൃഷ്ടിക്കുന്നതിന് പകരം അതിനെ ഇല്ലായ്മചെയ്യുകയാണ് ചെയ്യുന്നത്. ഇത് കൊളോണിയൽ വിദ്യാഭ്യാസപദ്ധതിയുടെ ഭാഗമാണ്. ഈ പ്രശ്നത്തെ തിരിച്ചറിഞ്ഞ് അതിന് ചികിത്സ നടത്തുന്നതിനു പകരം മൂലധനനിക്ഷേപം നടത്തി പ്രശ്നം പരിഹരിക്കാൻ ശ്രമിച്ചാൽ വിദ്യാഭ്യാസത്തിന്റെ നിലവാരം മെച്ചപ്പെടുകയില്ല. അങ്ങനെവരുമ്പോൾ ആരെങ്കിലും നിർദ്ദേശിക്കുന്ന, ആരുടെയെങ്കിലും താല്പര്യമനുസരിച്ച് പ്രവർത്തിക്കുന്ന ഇറക്കുമതി ചെയ്യപ്പെട്ട ഒരു വിദ്യാഭ്യാസ പദ്ധതിയായിരിക്കും അത്.

ഉദാഹരണമായി, നിങ്ങൾ കമ്പ്യൂട്ടർ സെന്ററുകൾ തുടങ്ങും, അതുകൊണ്ടെന്താണ് കാര്യം എന്ന് ചോദിച്ചാൽ ആർക്കും ഒന്നും അറിയില്ല. പിന്നെ അതിനുപകരമെന്താണെന്ന ചോദ്യത്തിന് ഇവിടെ മുഖ്യധാരാ വിദ്യാഭ്യാസമേയുള്ളൂ. ഇവിടെ വേറൊന്നും കൊടുക്കാനില്ല. ഇവിടെ ആരെങ്കിലും പറയുന്ന ടെക്നോളജി, അതായത് ബയോമെഡിക്കൽ എൻജിനിയറിംഗ്, കമ്പ്യൂട്ടർ എൻജിനിയറിംഗ് അഥവാ ഏതെങ്കിലും മന്ത്രി എവിടെയെങ്കിലും പോയി എന്തെങ്കിലും കാണുന്നു. അത് ഇവിടെവന്ന് കാര്യമറിയാതെ പറയുന്നു. ഒരുകാലത്ത് കമ്യൂണിറ്റി കോളേജ് എന്ന് പറയുന്ന ഒരാശയവുമായി വന്ന മന്ത്രിക്ക് കാര്യമെന്താണെന്ന്പോലുമറിയില്ല. അന്ന് മന്ത്രി വിചാരിച്ചത് സമുദായത്തിന്റെ കോളേജാണ് കമ്യൂണിറ്റി കോളേജ് എന്നാണ്. ഇതെല്ലാമാണ് ഇന്ന് നടന്നുകൊണ്ടിരിക്കുന്നത്.

ഇപ്പോൾ ഞാൻ കാണുന്ന പ്രധാനപ്പെട്ട ചർച്ച, ഒരു പ്രത്യേക കോണിൽ നിന്ന് 'ധാർമ്മികത' യെക്കുറിച്ചാണ്. ബി.എഡ്. കോളേജുകൾ എന്തിനാണെന്ന ചോദ്യം ആരും ചോദിച്ചിട്ടില്ല. കാരണം ഇവിടെ കോളേജുകളിൽ അധ്യാപകരുടെ എണ്ണം കുറച്ചുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ പുതിയ നിയമനങ്ങളൊന്നും നടക്കുന്നില്ല. ഇംഗ്ലീഷ് അധ്യാപകരെ മാത്രമാണ് നിയമിച്ചിരിക്കുന്നത്. ബി.എഡ്. പഠിക്കാനാളുണ്ടോ പഠിപ്പിക്കാൻ ഞങ്ങളുണ്ട് എന്നതാണവസ്ഥ. എന്തിനാണ് പഠിക്കുന്നത് എന്നോ പഠിപ്പിക്കുന്നത് എന്നോ ഉള്ളതല്ല കാര്യം. ഇവിടെ ഒരു ചർച്ച സംഘടിപ്പിച്ചപ്പോൾ ഒരു പ്രത്യേകവിഭാഗം ആളുകൾ 'ധാർമ്മിക'മൂല്യങ്ങളെപ്പറ്റിയാണ് ചർച്ച ചെയ്യുന്നത്. പിന്നീട് നോക്കിയപ്പോൾ 'ധാർമ്മികത' പറയുന്ന കാര്യത്തിൽ ആരും മോശമില്ല. എല്ലാവരും ധാർമ്മികതയാണ് പറയുന്നത്. ഒരാൾ ഒന്ന് തുടങ്ങിക്കൊടുത്തു മറ്റുള്ളവർ അതിൽ പിടിച്ച് മുന്നോട്ട് പൊവുകയും ചെയ്യുന്നു. എല്ലാ സാമുദായിക സംഘടനകളും 'ധാർമ്മികത'യാണ് പ്രസംഗിക്കുന്നത്. സംഗതിയെന്താണെന്നുവെച്ചാൽ 'ധാർമ്മിക കോളേജ്' എന്നാണ്. അതാണ് അവർ പറയാൻ ശ്രമിക്കുന്നത്. ആ ഭാഷയിൽ പറയാതെ ഈ ഭാഷയിൽ പറയുന്നു. അപ്പോഴും അവിടത്തെ കോളേജുകളിൽ ഇത്തരത്തിലുള്ള സ്ഥാപനങ്ങളിൽ മുമ്പ് പറഞ്ഞ ടെക്നോളജിയെ മാറ്റിനിർത്തിക്കഴിഞ്ഞാൽ പിന്നീട് സ്വന്തം വർഗ്ഗീയമായ നിലനൽപ്പിനുള്ള അടിത്തറയാണ് സ്ഥാപിച്ചുകൊണ്ടിരിക്കുന്നത്. ഉദാഹരണമായി, ഇന്നൊരു കുട്ടിക്ക് പൊതുധാരയിൽ വരാതെ തന്നെ ഒരു മതപരമായ ചുറ്റുപാടിൽ നിന്നുകൊണ്ട് ഒരുപക്ഷേ ഡോക്ടറേറ്റ്വരെ എടുക്കാനുള്ള സൗകര്യമുണ്ട്.

പൊതുവിദ്യാഭ്യാസത്തിനുള്ള ദൗർബല്യങ്ങളെ മാറ്റി അതിനെ പുതിയ രീതിയിലേക്ക് കൊണ്ടുവരാനുള്ള കഴിവില്ലായ്മ ഒരുവശത്ത് നിലനിൽക്കുകയും, അതിനെ തള്ളിപ്പറഞ്ഞു കൊണ്ട് ഇന്ന് വേറൊരു രീതി കൊണ്ടുവരികയുമാണ്. ഞാൻ പറയുന്നത്. ഏറ്റവും നല്ല ഉദാഹരണമായി നമ്മുടെ മുമ്പിലുള്ളത് ക്യാമ്പസ് രാഷ്ട്രീയം തന്നെയാണ്. ക്യാമ്പസ് രാഷ്ട്രീയം എന്ന് പറയുന്നത് എന്താണ്? ഞാൻ ചിന്തിക്കുന്നത് അതിന്റെ ദോഷവും ഗുണവുമെന്ന നിലയ്ക്കല്ല. ക്യാമ്പസ് രാഷ്ട്രീയമാണ് മിക്കവാറും ഒരു ശരാശരി വിദ്യാർത്ഥിയെ സമൂഹത്തെ ക്കുറിച്ചുള്ള എന്തെങ്കിലും നിലപാടെടുക്കുന്ന ഒരു ചുറ്റുപാടിലേക്ക് കൊണ്ടുവരുന്നത്. എന്നുപറഞ്ഞാൽ വിദ്യാർത്ഥികൾക്ക് ഒരു ഇടപെടൽ സാധ്യമാകുന്നു. ചിലർ തെറ്റാണെന്ന് പറയും. മറ്റുചിലർ ശരിയാണെന്നും പറയും. ചിലത് തള്ളിക്കളയേണ്ട താണെന്ന് പറയും. ചിലത് സ്വീകരിക്കേണ്ടതാണെന്ന് പറയും. എന്തായാലും അത്തരം നിലപാടുകൾ കൊണ്ടുവന്നത് ക്യാമ്പസ് രാഷ്ട്രീയമാണ്.



ക്യാമ്പസ് രാഷ്ട്രീയം കൊണ്ടാണോ ഇവിടത്തെ കുട്ടികളുടെ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം നഷ്ടപ്പെട്ടത് എന്ന് ചോദിച്ചാൽ അതിനെപ്പറ്റി പ്രത്യേകിച്ച് തെളിവുകളൊന്നുമില്ല. കാരണം കേരളത്തിൽ സ്വീകരിക്കപ്പെടുന്ന ഏറ്റവും മെച്ചപ്പെട്ടത് എന്ന് പറയുന്ന, സാമൂഹികമായി മെച്ചപ്പെട്ടത് എന്ന് പറയുന്ന കലാലയങ്ങൾ ക്യാമ്പസ് രാഷ്ട്രീയമുള്ളതാണ്. അല്ലാത്തത് എന്ന് പറഞ്ഞാൽ കുറച്ച് വിമൻസ് കോളേജുകളാണ്. അവയ്ക്കൊന്നും വലിയ പങ്ക് നമ്മുടെ സമൂഹത്തിൽ നിർവ്വഹിക്കാൻ കഴിഞ്ഞിട്ടില്ല. ഇതി കാണിക്കുന്നത്, കലാലയങ്ങളെ ജനാധിപത്യവൽക്കരിക്കാനുള്ള ഒരു സാധ്യത ക്യാമ്പസ് രാഷ്ട്രീയത്തിലൂടെ ഉണ്ടായി വന്നിട്ടുണ്ട് എന്നുള്ളതാണ്.

ഇന്നത്തെ കേരളത്തെ സംബന്ധിച്ചടത്തോളം, അടുത്ത കാലത്ത് ഒരു കോളേജിൽ രാഷ്ട്രീയം നിരോധിച്ചു. അവിടെ അധ്യാപകർ സമരം നടത്തി. മാനേജരെ കാണാൻ വരുന്ന അധ്യാപകർക്കുമുമ്പിൽ ഒരു ബോർഡെഴുതി വെക്കുകയാണുണ്ടായത് – "this is private property, No Entry" അവിടെ പോലീസ് കാവലാണ്. ഇവിടെ ആരും ചോദിക്കാത്ത ഒരു ചോദ്യം എങ്ങനെയാണ് ക്രൈസ്തവസഭയ്ക്ക് സഭ നടത്തുന്ന കോളേജ് 'private property' ആകുന്നത്? സഭ എന്നു പറയുന്നത് Public institution ആണ്. അവിടെ 'Private property' എന്നെഴുതിവെച്ച്

പോലീസിനെക്കൊണ്ട് കാവലിരുത്താൻ എങ്ങനെ ധൈര്യം വന്നു? എനിക്ക് തോന്നുന്നത് ഈ രീതിയിൽ ഇത് പത്രങ്ങളിൽ പോലും വന്നിട്ടില്ല. അത് സ്വകാര്യസ്വത്ത് ആകുന്നതോടുകൂടി അവിടെ എന്തു പഠിപ്പിച്ചാലും ചോദ്യം ചെയ്യാൻ പാടില്ല. അത് സ്വകാര്യ സ്വത്താണ്. ഈയൊരു ധാർഷ്ട്യം ഇപ്പറയുന്ന സംവിധാനത്തിൽ ഇന്ന് ഭീകരമാണ്. കാരണം ഒരുവശത്ത് ഇന്ന് കേരളത്തിൽ മുമ്പ് പറഞ്ഞ ഗൾഫ് റിട്ടേൺസിന്റേയും പുറത്തു നിന്ന് വരുന്ന പണത്തിന്റേയുമൊക്കെ ഇടപെടലുകളാണ് ഈരംഗത്ത് നടന്നുകൊണ്ടിരിക്കുന്നത്. പുറത്തുനിന്ന് വരുന്ന പണത്തിന്റെഒരു നിശ്ചിത പങ്ക് സി.ഐ.എ. വഴിയുള്ളതാണ്. ഈ പണത്തിന്റെ പശ്ചാത്തലം Enterprises തുടങ്ങാനുള്ള ധൈര്യമാണ്. ഉദാ:-പുഷ്പഗിരി ഹോസ്പിറ്റൽ ഒരുപാടുകാല മായിട്ട് നടക്കുന്ന സ്ഥപനമാണ്. ഇപ്പോഴാണ് ഒരു മെഡിക്കൽ കോളേജ് തുടങ്ങാനുള്ള ആത്മവിശ്വാസം അവർക്കുണ്ടാകുന്നത്. ഈ പണം പുറത്തുനിന്ന് വരുന്ന പണമാണ്. സി.ഐ.എ. വഴി വരുന്ന ഈ പണം ചലനക്ഷമമാക്കാൻ മതസ്ഥാപനങ്ങൾക്കു കഴിയുന്നു. മറ്റാരേക്കാളും പണം സ്വരൂപിക്കാൻ കഴിയുന്നത് സമുദായ രാഷ്ട്രീയത്തിനാണ്. കേരളത്തിൽ ചെറുതും വലുതുമായ സമുദായ രാഷ്ട്രീയ സംഘടനകൾ ഉണ്ട്. അവരാണ് ഇത്തരം സ്ഥാപനങ്ങൾ തുടങ്ങുന്നത്. കേരളത്തിലെ ജനങ്ങളോ മറ്റാരുമോ അല്ല. അവരുടെ ധാർഷ്ട്യം, അതാണ് ഇന്ന് തുറന്ന വെല്ലു വിളിയായിരിക്കുന്നത്. ഇത് പൊതുവിദ്യാ ഭ്യാസം തകർക്കുകയെന്ന ഒരു ലക്ഷ്യ ത്തിന്റെ ഭാഗമാണുതാനും.

സാമൂഹ്യ ഉൽപാദന ശക്തികളുടെ വികസനത്തിന് അനുയോജ്യമായ വിധത്തിലുള്ള പാഠ്യപദ്ധതിയും ക്ലാസ്സ് മുറിയും അന്തരീക്ഷവും അതിനുപറ്റുന്ന രീതിയിലുള്ള ഒരു വിദ്യാഭ്യാസക്രമവും സൃഷ്ടിച്ചെടുക്കാൻ കഴിയുന്നതിലൂടെയാണ് പൊതുവിദ്യാഭ്യാസത്തെ സംരക്ഷിക്കാൻ കഴിയുക. പൊതുവിദ്യാഭ്യാസത്തെ യാന്ത്രികമായി സംരക്ഷിക്കലല്ല,

പ്രതിസന്ധികൾ നേരിടുന്ന വിദ്യാ ഭ്യാസരംഗത്തെ പ്രധാനപ്പെട്ട ഒരു കാര്യം ഗുണനിലവാരവുമായി ബന്ധപ്പെട്ടതാണ്. ഗുണനിലവാരം എന്നുള്ളത് എങ്ങനെ വേണമെങ്കിലും വ്യാഖ്യാനിക്കാം. ഗുണ മെന്നു പറഞ്ഞാൽ സ്വാഭാവികമായും നിങ്ങൾ എവിടെയെത്തുന്നു എന്നുള്ളതാണ് കാര്യം. ഒരു അന്താരാഷ്ട്ര തൊഴിൽ വിപണിയിലേക്ക് കൊണ്ടുവരാൻ കഴിയുന്ന വിദ്യാഭ്യാസമാണെങ്കിൽ അത് നല്ല ഗുണ നിലവാര മുള്ളതാണ്. അതിനെ വേറൊരു രീതിയിലും വ്യാഖ്യാനിക്കാം. അമർത്യസെന്നിനെപ്പോലുള്ളവരുടെ വാദ മുപയോഗിക്കാം. 'Capability' യുടെ വളർച്ച അഥവാ കഴിവിന്റെ വളർച്ച. അതാണ് ഗുണനിലവാരം എന്ന് വേണമെങ്കിൽ വ്യാഖ്യാനിക്കാം. ഒരു പരിധിവരെ ആഗോളവൽക്കരണത്തെ തള്ളിപ്പറയാതെ തന്നെ ഇപ്പറയുന്ന 'Capability' യുടെ അടിസ്ഥാനത്തിൽ കാണുക. അതു പക്ഷേ, വളരെ സബ്ജക്ടീ വായിട്ടുള്ളതാണ്. അങ്ങനെയൊരു നിലപാടു വേണമെങ്കിൽ എടുക്കുന്നതുകൊണ്ട് കുഴപ്പമില്ല. കേരളത്തെ സംബന്ധിച്ച ചർച്ച ചെയ്യാവുന്ന കാര്യം നമ്മളെപ്പോലുള്ളവർ ചിലയിടങ്ങളിൽ അഭിമുഖീകരിക്കാൻ ശ്രമിക്കുന്ന ഒരു പ്രശ്നം, ഒരു പ്രദേശത്തെ വിദ്യാഭ്യാസത്തിന്റെ വളർച്ച എന്നു പറഞ്ഞാൽ, ആ പ്രദേശത്തിന്റെ സാമൂഹ്യമായ പുനരുല്പാദനം എങ്ങനെ നടക്കുന്നുവന്നുള്ള തിനെ സംബന്ധിച്ചാണ്.

വിദ്യാഭ്യാസത്തെ ക്രമീകരിച്ചുകൊണ്ട് മറ്റുള്ളത് ഉണ്ടാക്കാൻ സാധ്യമല്ല എന്ന് പറഞ്ഞാൽ ജീവിതത്തെ ക്രമീകരിക്കേണ്ടത് എങ്ങനെയാണെന്ന് പറഞ്ഞുകൊണ്ട് മാത്രമേ അത് സാധിക്കൂ. വിദ്യാഭ്യാസമല്ല മാറേണ്ടത്, മാറേണ്ടത് സമൂഹമാണ്. സമൂഹത്തിന്റെ മാറ്റമനുസരിച്ചാണ് വിദ്യാഭ്യാസവും മാറേണ്ടത്. അതെങ്ങനെ വേണമെന്നുള്ളതാണ് പ്രശ്നം. അങ്ങനെ വരുമ്പോൾ ഒരു സാർവ്വദേശീയ തൊഴിൽ വിപണിയുടെ അടിസ്ഥാനത്തിൽ കാണുന്ന ഒരാളെ സംബന്ധിച്ച്, അയാൾ കാണുന്നത് ഒരു കമ്പോളശക്തിയുടെ വക്താവായിട്ടാണ്. കാരണം ഒരു കമ്പോളവൽകൃതമായിട്ടുള്ള ഒരു തത്വ ശാസ്ത്രത്തിന്റെ മാത്രമല്ല ഒരു വികസനതന്ത്രത്തിന്റെ വക്താവായിട്ടുമാത്രമേ അത്തരത്തിലുള്ള ഒരാൾക്ക് പ്രത്യക്ഷപ്പെടാനാവുകയുള്ളൂ. അതുകൊണ്ട് ഇവിടെ ബദലായി പറയണമെന്ന് എനിക്ക് തോന്നുന്നത് ഇവിടത്തെ സാഹചര്യത്തിൽ ഈ കമ്പോള വൽകൃതമായ വികസനത്തിന് എതിരായി ഏതെങ്കിലും മുന്നോട്ടുവെക്കാൻ കഴിയുമോയെന്നുള്ളതാണ്. അതിൽനിന്ന് തുടങ്ങണം കേരളത്തിന്റെ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള ചർച്ച എന്നാണ് എന്റെ അഭിപ്രായം. കേരളത്തിലെ പ്രധാനമായ സാമൂഹ്യ ഉൽപാദനശക്തികൾ, സ്വാഭാവികമായും ഇവിടത്തെ അധ്വാനിക്കുന്ന, അധ്വാനിക്കുന്ന എന്നുപറഞ്ഞാൽ ശരിക്കും അധ്വാനിക്കുന്ന തൊഴിലാളികളാണ്. അതിന്റെ ചുരുങ്ങിയ ഭാഗം മാത്രമേ തൊഴിലാളികൾ എന്ന തരത്തിൽ മുഴുവൻ സമയവും ജോലി ചെയ്യുന്നുള്ളൂ. മറ്റൊരു ഭാഷയിൽ പറഞ്ഞാൽ കേരളത്തിലുള്ള തൊഴിലാളിവർഗ്ഗം എന്നുപറയുന്നത് അത് കേരളത്തിൽ മൊത്തം ലഭ്യമാകുന്ന അധ്വാനശക്തി കളുടെ ചെറിയൊരു പങ്കാണ്. അവരോ ടൊപ്പമുള്ള വലിയൊരു വിഭാഗം ഇന്നും അസംഘടിതരാണ്. അവർ ഇന്ന് കൃത്യമായി ട്ടുള്ള ഒരധ്വാനരൂപത്തിന്റെ ഭാഗമല്ല. അവർ കൃത്യമായി തൊഴിൽ കിട്ടാത്തവരാണ്. ഇത്തരത്തിൽ വമ്പിച്ച ഒരു ജനവിഭാഗം തന്നെ ഇന്ന് കേരളത്തിലുണ്ട്. അവരെ സ്വാംശീകരിക്കാനുള്ള കഴിവ് ഇന്ന് കേരളത്തിലെ മുതലാളിമാർക്കില്ല. ഇവരാണ് മലയാളികളുടെ ഉൽപാദനശക്തികൾ. ഏതോതരത്തിലുള്ള ആളുകളായിട്ടാണ് അവരെ സങ്കൽപ്പിക്കുന്നത്. പുറന്തള്ള പ്പെട്ടുകൊണ്ടിരിക്കുന്ന ഇവരെ എന്തായി ട്ടാണ് സങ്കല്പിക്കുക? ഇവർക്ക് കഴിവു ണ്ടെങ്കിൽ അതിനെ എന്തായിട്ടാണ് വികസി പ്പിക്കാൻ കഴിയുക? ആ രീതിയിലുള്ള അന്വേഷണത്തിലൂടെ മാത്രമേ പൊതുവിദ്യാഭ്യാസത്തെ മാറ്റിത്തീർക്കാനാവൂ.

സാമൂഹ്യഉൽപാദനശക്തികളുടെ വികസനത്തിന് അനു യോജ്യമായ വിധത്തിലുള്ള പാഠ്യപദ്ധതിയും ക്ലാസ്സ് മുറിയും അന്തരീക്ഷവും അതിനുപറ്റുന്ന രീതിയിലുള്ള ഒരു വിദ്യാഭ്യാസ ക്രമവും സൃഷ്ടിച്ചെടുക്കാൻ കഴിയുന്നതിലൂടെയാണ് പൊതു വിദ്യാഭ്യാസത്തെ സംരക്ഷിക്കാൻ കഴിയുക. പൊതുവിദ്യാ ഭ്യാസത്തെ യാന്ത്രികമായി സംരക്ഷിക്കലല്ല, പൊതുവിദ്യാഭ്യാസ സംരക്ഷണമെന്ന വാദം തെറ്റാണെന്നല്ല, ഞാൻ പറയുന്നത് യാന്ത്രികമായ വാദം തെറ്റാണെന്നാണ്. ഇവിടത്തെ "Working class'ന്റെ സർഗ്ഗശക്തിയെ വളർത്തിക്കൊണ്ടുവരാൻ കഴിയുന്നതി ലാണ് പൊതുവിദ്യാഭ്യാസത്തിന്റെ അന്തഃസത്ത അടങ്ങിയിരി ക്കുന്നത്. അങ്ങനെ ഒരു ശക്തിയുണ്ടായിക്കഴിഞ്ഞാൽ മറ്റുള്ള വർക്കും അതിലേക്ക് വരേണ്ടിവരും.

അധ്യാപകർ ഇന്ന് ട്രേഡ് യൂണിൻ സംഘടനകളായിട്ട് മാറിയെന്നത് ശരിയാണ്. മുമ്പ് പറഞ്ഞതുപൊലെ അധ്യാപകരുടെ സാമൂഹ്യസേവനം എന്നത് മുപ്പതുകളിൽ തുടങ്ങിയതാണ്. അന്നത്തെ അധ്യാപകരാണ് മിക്കവാറും എല്ലാ പുസ്തക ങ്ങളുടേയും കേന്ദ്രബിന്ദുവായിത്തീർന്നത്. ഒരു അനിവാര്യത നിറവേറ്റപ്പെട്ടത് അധ്യാപകരിലൂടെയെന്ന് പറയുന്നത് തെറ്റാ വില്ല.

അതൊരു അറുപതുകൾവരെ തുടർന്നുപോന്നതുമാണ്. ഇപ്പോഴും നാട്ടിൻപുറങ്ങളിൽ അധ്യാപകർക്ക് അത്തരം Roll നിറവേറ്റാൻ കഴിയുന്നുണ്ട്. അധ്യാപകരോടുള്ള ബഹുമാന മൊക്കെ ഇപ്പൊഴും നിലനിൽക്കുന്നുണ്ട്. അത് നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽ അയാളെ ക്കൊണ്ട് ആ പണി ദിശാബോധത്തോടെ ചെയ്യാൻ പറ്റാത്തതു കൊണ്ടാണെന്ന് പറയാതിരിക്കാനും പറ്റില്ല. ഒരു സങ്കീർണ്ണ മായിട്ടുള്ള ചുറ്റുപാടിൽ സേവനഭദ്രത, വേതനവ്യവസ്ഥകൾ, അതുപോലെത്തന്നെ മാനേജർമാരുമായിട്ടുള്ള വടംവലികൾ, ഗവൺമെന്റും മറ്റ് ശക്തികളും തമ്മിലുള്ള വടംവലികൾ എന്നുപറഞ്ഞാൽ ഒരിക്കലും ഈ അധ്യാപകൻ എന്നുപറയുന്ന ഒരാൾ ചെയ്യുന്ന സർവ്വീസിന് കിട്ടേണ്ടതായ അംഗീകാരം കിട്ടുന്നില്ല. അവർക്ക് കിട്ടേണ്ടതായ ഭദ്രത, കെട്ടുറപ്പ് സാമൂഹ്യമായ അംഗീകാരം എന്നുപറയുന്ന രീതിയിലുള്ള ഒരു അവസ്ഥ അവർക്ക് ലഭിക്കുന്നില്ല. സമൂഹത്തിനാവശ്യമായത് തൊഴിൽ ചെയ്യുന്ന ഒരാളെയാണ്. അതുകൊണ്ട് തൊഴിൽ ചെയ്യാനാവശ്യ മായിട്ടുള്ള സാഹചര്യം അവർക്ക് ഉണ്ടാക്കി ക്കൊടുക്കാൻ ദൗർഭാഗ്യവശാൽ സമൂഹമോ, ഈ പറയുന്ന ഏജൻസികളോ ആരുംതന്നെ ഇതേവരെ തയ്യാറായിട്ടില്ല. അതുകൊണ്ടാണ് പലപ്പോഴായിട്ട് അധ്യാപകർ ഈ പറയുന്ന രീതിയിലൊക്കെ ട്രേഡ്‌യൂണിയനിസത്തിലേക്ക് കടന്നത്. ഉദാഹരണം ഞങ്ങൾ, കോളേജ് അധ്യാപകരെ എടുക്കാം. അധ്യാപകൻ സമരം ചെയ്താൽ വിശേഷിച്ചാരും ശ്രദ്ധിക്കില്ല. എന്തുകൊണ്ട് ശ്രദ്ധിക്കുന്നില്ലെന്ന് ചോദിച്ചാൽ ഇവർ സമൂഹവുമായി യാതൊരു ബന്ധവുമില്ലാത്ത ഒരുകൂട്ടം ആളുകൾ മാത്രമായിത്തീർന്നിരിക്കുന്നു. ഇവർ ബൈക്കിലും കാറിലും സഞ്ചരിക്കുന്ന ഒരുകൂട്ടം ആളുകളാണ്. ഇവർ സമരം ചെയ്യുമ്പോൾ നമ്മളെന്തിനാണ് ശ്രദ്ധിക്കുന്നത് എന്നുമാത്രമല്ല, ഇവരെന്താണ് ചെയ്യുന്നത്. ഇവർ അവിടെപോയി പണ്ടാരോ എഴുതിതയ്യാറാക്കിയ നോട്ട് പുസ്തകം പറഞ്ഞുകൊടുത്ത് ഇങ്ങ് പോരുകയല്ലേ. അപ്പോൾ സ്വാഭാവികമായും ഇത്തരത്തിലുള്ള അധ്യാപകന്റെ സാമൂഹ്യ അനിവാര്യത എന്നുപറയുന്ന, അവരുടെ സർഗ്ഗാത്മകമായ പുതിയ രീതികളിലൂടെ, പുതിയ രൂപങ്ങളിലൂടെ ജനങ്ങളെ ബോധ്യപ്പെടുത്തിക്കൊടുക്കാൻ അവർക്ക് കഴിഞ്ഞിട്ടില്ല. സമരം ചെയ്യുന്നതിനോടൊപ്പം അധ്യാപകനെ സംബന്ധിച്ചിടത്തോളം സ്വയം കഴിവുള്ളവനാണെന്ന് സമൂഹത്തിന്റെ മുന്നിൽ ബോധ്യപ്പെടുത്തിക്കൊടുക്കാൻ അധ്യാപകന് ബാധ്യതയുണ്ട്.

'സംരംഭകൻ' എന്ന ഒരുവിഭാഗം തന്നെ വിദ്യാഭ്യാസരംഗത്ത് ഇന്ന് വന്നിട്ടുണ്ട്. ഗുണഭോക്താവ് എന്നതുപോലുള്ള വാക്കുകൾ ഇവയൊന്നും മുമ്പൊരിക്കലും കേരളത്തിന്റെ സാഹചര്യത്തിൽ ഉപയോഗി ച്ചിരുന്നില്ല. വിദ്യാർത്ഥിയെ ഗുണഭോക്താ വായിട്ട് കാണുന്ന സമ്പ്രദായം.

ഇന്ന് നല്ലൊരു ശതമാനം അധ്യാപകരും രാഷ്ട്രീയക്കാരായിരിക്കും. അധ്യാപകനെപ്പറ്റി കുട്ടിയോട് ചോദിച്ചാൽ കുട്ടി കൃത്യമായി അധ്യാപകനെ വിലയിരുത്തുകയും അഭിപ്രായം പറയുകയും ചെയ്യും. കുട്ടിയുടെ അഭിപ്രായമാണ് ഏറ്റവും പ്രധാനമായിട്ടുള്ളത്. ഇത് പറയുമ്പോഴും അധ്യാപകരേയും വിശ്വാസത്തോടെയെടുത്തിരുന്നില്ല. പരിമിതികൾ അല്ലെങ്കിൽ ത്തന്നെയുമുണ്ടായിരുന്നു. വിദ്യാഭ്യാസമേഖലയിൽ പുതിയ രീതി നടപ്പിലാക്കുന്ന സമയത്ത് എല്ലാ സ്ഥലങ്ങളിലും ജനകീയ മോണിറ്ററിംഗ് കമ്മിറ്റികൾ വേണം എന്നുപറഞ്ഞപ്പോൾ അത് പറ്റില്ലെന്ന് പറഞ്ഞു. ഞങ്ങളെ ചോദ്യംചെയ്യാൻ ഏത് ജനകീയം എന്നൊക്കെയാണ് അവർ ചോദിച്ചത്. കേരളത്തിൽ അധ്യാപക സംഘടനാതലത്തിൽ തന്നെ ഇതിനെ എല്ലാവരും എതിർത്തിട്ടുണ്ട്. പിന്നെയൊന്നും ചെയ്യാൻ പറ്റില്ല. ഇവിടെ കുട്ടികളെ തകരാറിലാക്കുന്നത് അധ്യാപകർതന്നെയാണ്. കളിയാണ് ക്ലാസ്സിൽ നടക്കുന്നതെന്നും പഠനം നടക്കുന്നില്ലെന്നും ജനങ്ങളിൽ പ്രചരിപ്പിച്ചത് അധ്യാപകർതന്നെയാണ്. യഥാർത്ഥ ത്തിൽ ഇവിടെ കളിയൊന്നുമായിരുന്നില്ല നടന്നത്, പക്ഷേ അതൊന്നും ഇനി പറഞ്ഞിട്ട് കാര്യമില്ല. അതിന്റെ ഗുണം ഉൾക്കൊള്ളാൻ അധ്യാപകർക്ക് സാധിച്ചിട്ടില്ല. അവർ അതിന് ശ്രമിച്ചിട്ടുമില്ല. ഇതിൽ നിന്നൊക്കെ മനസ്സിലാവുന്നത് ഇത്തരം ഗുണകരമായ മുന്നോട്ടു പോക്കിന് തടസ്സം ഒരു പരിധിവരെ അധ്യാപകരായിരുന്നു എന്നതാണ്.

ഇത്തരത്തിൽ പ്രതിസന്ധിയാണോ അല്ലയോ എന്നുള്ളത് ഓരോരുത്തരുടേയും നിലപാടുകളെ ആശ്രയിച്ചിരിക്കാം. വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ ഒരു മുന്നേറ്റത്തിന്റെ കാലഘട്ടമാണ് ഇപ്പോൾ ഉണ്ടായിക്കൊണ്ടിരിക്കുന്നത് എന്ന് വാദിക്കുന്ന ചിലരുണ്ട്. കഴിഞ്ഞ കുറച്ചു വർഷത്തിനിടയിൽ ഏറ്റവുംകൂടുതൽ എൻജിനിയറിംഗ് കോളേജുകൾ, മെഡിക്കൽ കോളേജുകൾ ടെക്നിക്കൽ സ്ഥാപനങ്ങൾ ഇങ്ങനെയുള്ള സംഗതികൾ വരികയും ഒരുപാട് മൂലധനം വിദ്യാഭ്യാസ രംഗത്തേക്ക് വരികയും ചെയ്തിട്ടുണ്ട്. ഉദാഹരണത്തിന് തിരുവനന്തപുരത്ത് ഒരു ഇന്റർനാഷണൽ റസിഡൻഷ്യൽ സ്കൂൾ. അത് ഒരു വലിയ മൾട്ടിക്രോർ പ്രോജക്ട് ആണ്. ഇങ്ങനെ ഒരിക്കലും ഇതിനുമുമ്പ് ഒരു സ്കൂളിന് വേണ്ടി ഇത്രയുമധികം മൂലധനനിക്ഷേപം ഉണ്ടായിട്ടില്ല. അത് കൂടാതെ സ്വകാര്യമേഖലയിൽ ഒരുപാട് തലത്തിലുള്ള പ്രോജക്ടുകൾ പല അളവിലും തുടങ്ങാൻ ഉള്ള ശ്രമം ആരംഭിച്ചിട്ടുണ്ട്. പല സ്കൂളുകളും മൂലധന സമാഹരണത്തിന്റെ പ്രവർത്തനമാണ് നടത്തിക്കൊണ്ടിരിക്കുന്നത്.അതുകൂടാതെ 'സംരംഭകൻ' എന്ന ഒരുവിഭാഗം തന്നെ വിദ്യാഭ്യാസരംഗത്ത് ഇന്ന് വന്നിട്ടുണ്ട്. ഗുണഭോക്താവ് എന്നതുപോലുള്ള വാക്കുകൾ ഇവയൊന്നും മുമ്പൊരിക്കലും കേരളത്തിന്റെ സാഹചര്യത്തിൽ ഉപയോഗിച്ചിരുന്നില്ല. വിദ്യാർത്ഥിയെ ഗുണഭോക്താവായിട്ട് കാണുന്ന സമ്പ്രദായം. വിദ്യാർത്ഥി എന്നാൽ പഠിക്കാൻ താല്പര്യമുള്ള ആൾ, പഠിച്ച് മുന്നോട്ടുപോകാൻ സാധ്യതയുള്ള ആൾ എന്നനിലക്കായിരുന്നു കണ്ടിരുന്നത്. അങ്ങനെയൊരു രീതി തന്നെ മാറിയിരിക്കുന്നു. ഒരു പ്രത്യേകതരത്തിലുള്ള ആളിനെ സൃഷ്ടിച്ചെടുക്കാനുള്ള, അയാളെ ഒരു കമ്പോള വ്യവസ്ഥയ്ക്കനുഗുണമായ രീതിയിൽ വാർത്തെടുക്കാനുള്ള ഒരു കളരിയായിട്ട് വിദ്യാഭ്യാസപ്രവർത്തനം പ്രകടമായി മാറിയിരിക്കുന്നു. അങ്ങനെ വാർത്തെടുക്കാനുള്ള സംരംഭങ്ങൾക്കാണ് ഏറ്റവും കൂടുതൽ പണം ചെലവാക്കാൻ ആളുകൾ ഉള്ളത്. ഉദാ:- എൻജിനിയറിംഗ് കോളേജുകളിലൊക്കെ തന്നെ പഴയരീതിയിലുള്ള കോഴ്സ് ഇപ്പോൾ കൊടുക്കുന്നില്ല. പാരാമെഡിക്കൽ, കമ്പ്യൂട്ടർ ഇങ്ങനെയുള്ള (ഇലക്ട്രോണിക്സ്) വിഷയങ്ങൾ ക്കാണ് മുൻതൂക്കം. അതിന് കാരണമായിട്ട് പറയുന്നത് കേരളത്തിനകത്ത് തൊഴിൽ കിട്ടുന്നില്ലെങ്കിൽ ലോകത്തിൽ എവിടെയെങ്കിലും തൊഴിൽ കിട്ടും. അതിന് വേണ്ടിയിട്ടുള്ള ഇൻവെസ്റ്റ്മെന്റായി അതിനെ കാണണം, ഭാവിയിൽ വരാൻ പോകുന്ന വലിയ വരുമാനത്തിനുള്ള മുൻകൂറായിട്ടുള്ള ഒരു ചലവായിട്ടുതന്നെ ഇതിനെ കാണണം എന്നുതന്നെയാണ് ഇതിന്റെ വക്താക്കൾ പറയുന്നത്. പരസ്യമായിട്ടാണ് ഇത് പറയുന്നത് രഹസ്യമായിട്ടല്ല. എന്നുമാത്രമല്ല, ഇത്തരത്തിലുള്ള കോളേജുകളുടെ ഏറ്റവും വലിയ സവിശേഷത

യായി കണക്കാക്കുന്നത് റിക്രൂട്ട്മെന്റ് തന്നെ സവിശേഷമായ രീതിയിലാണെന്ന താണ്. REC യിലൊക്കെ ഇത്തരത്തിലുള്ള റിക്രൂട്ട്മെന്റുണ്ട്. ആർ.ഇ.സി.യിലുള്ള നല്ല കുട്ടികൾക്ക് അപ്പോൾ തന്നെ ജോലി കൊടുക്കുന്നുണ്ട്. ഇപ്പോൾ ചെയ്യുന്നത് കോളേജുകളിൽ നിന്നുതന്നെ ഇത്തരത്തിലുള്ള റിക്രൂട്ട് മെന്റിന് പറ്റുന്ന രീതിയിൽ കുട്ടികളെ സൃഷ്ടിച്ചെടുക്കുകയെന്നുള്ളതാണ്. കോളേജുകളിൽ ഇന്നിന്ന സൗകര്യങ്ങളുണ്ട്. ഇന്നിന്ന കുട്ടികൾ ഇവിടെ പഠിക്കുന്നുണ്ട്. അതിൽ നിന്ന് നിങ്ങൾക്ക് ആവശ്യമുള്ള വരെ തിരഞ്ഞെടുക്കാം. ഇത്തരത്തിൽ ക്ഷണിച്ചുവരുത്തി കോളേജിൽ വന്നിട്ട് അവർക്കാവശ്യമുള്ള നാല് കുട്ടികളെ കിട്ടുകയാണെങ്കിൽ അതുതന്നെ അടുത്ത തവണത്തെ പ്രോസ്പെക്ട്സിൽ പരസ്യം ചെയ്യാനുള്ള രീതിയായിട്ടുതന്നെ കോളേജുകൾ നടപ്പിലാക്കുന്നുണ്ട്. അവർ എങ്ങനെയാണ് കുട്ടികളെ കാണുന്നത് എന്ന് ഇതിൽനിന്നുതന്നെ വ്യക്തമാണ്. ഇത്തരത്തിൽ ഒരു വ്യവസായത്തിന്റെ രൂപം വിദ്യാഭ്യാസം കൈക്കൊണ്ടിരി ക്കുന്നവെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. അപ്പോൾ ഈ വ്യവസായത്തിന് മറ്റുള്ള വ്യവസായത്തിൽ നിന്ന് വളരെ വ്യത്യസ്തമായ പ്രത്യേകതകളുണ്ട്. ഒന്ന്, പ്രധാനപ്പെട്ട കാര്യം, കേരളത്തെ സംബന്ധിച്ചിട ത്തോളം അടിസ്ഥാനപരമായി വൻകിട മുതൽമുടക്ക് വൻതോതിൽ സാധ്യ മല്ലാത്ത സംസ്ഥാനമാണ്. ഒരു ബൂർഷ്വ എന്നുപറയുന്ന ഒരാളെ കേരളത്തിനുള്ളിൽ കാണാൻ കഴി യില്ല. അതേസമയം ഇവിടെ ധാരാള മായിട്ട് മൂലധനമുണ്ട്. ഗൾഫിൽനിന്നും വരുന്ന റിട്ടേൺസിന്റെ കണക്കനു സരിച്ച് അടുത്തകാലത്ത് 16000 കോടി രൂപ ഒരു വർഷത്തിൽ പണമായിട്ട് വരുന്നുണ്ടെന്നാണ്. അതേസമയം ഈ പണമെന്നുപറയുന്നത് ലക്ഷക്കണക്കി നാളുകൾക്കിടയിൽ വിതരണം ചെയ്യ പ്പെട്ടുകൊണ്ടിരിക്കുന്ന പണമല്ല. അങ്ങനെ വരുമ്പോൾ ഈ പണം വീണ്ടും ഏത് മേഖലകളിലേക്കൊഴു കണം എന്നതൊരു പ്രധാനപ്പെട്ട ചോദ്യമാണ്. ഇതിനുമുമ്പ് സ്വീകരിച്ചുപോന്നിരുന്നത്. ബേങ്കിംഗ് സ്ഥാപനങ്ങളുണ്ടാക്കുക, ജ്വല്ലറികൾ തുടങ്ങുക എന്നെല്ലാമാണ്. ഇപ്പോൾ അതുകൂടാതെ വേറൊരു പ്രധാനപ്പെട്ട മേഖല വിദ്യാ ഭ്യാസമാണ്. വിദ്യാഭ്യാസം എന്നുപറയുന്നത് ഇന്നത്തെ സാഹചര്യ ത്തിൽ പണം സമ്പാദിക്കാനുള്ള ഒരുപാധിയാണ്. കേരളത്തിൽ മൂലധനം ഭൂരിഭാഗവും ജാതി-മത വർഗ്ഗീയ ശക്തികൾക്ക് മുൻ തൂക്കമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലാണ്. നേരത്തെ അറുപതോളം വരുന്ന എൻജിനിയറിംഗ് കോളേജുകൾ Sanction ചെയ്തതിന്റെ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിൽ കാലിക്കറ്റ് യൂനിവേഴ്സിറ്റി പോലുള്ള ചില സ്ഥാപനങ്ങളൊഴിച്ചാൽ മിക്ക വാറും ജാതി-മത വിഭാഗങ്ങൾക്ക് മുൻകൈയ്യുള്ള വിദ്യാഭ്യാസ മേഖലയിലേക്കാണ് മൂലധനം ഒഴുകിയിട്ടുള്ളത്.



സരസ്വതി വിദ്യാമന്ദിർ പോലുള്ള സ്കൂളുകൾ കേരള ത്തിൽ വരുന്നുണ്ട്. അവരുടെതന്നെ അഖിലഭാരതീയ വിദ്യാനികേതൻ ഉണ്ട്. അവർ വൻതോതിൽ കേരളത്തിൽ അൺഎയിഡഡ് മേഖലയിൽ സി.ബി.എസ്.ഇ. സ്കൂളുകൾ ധാരാളം തുടങ്ങി യിട്ടുണ്ട് പല പേരുകളിലുമുണ്ട്. വ്യാസ വിദ്യാപീഠം, വാൽമീകി വിദ്യാപീഠം, വിവേകാനന്ദ വിദ്യാപീഠം, അമൃത സ്കൂൾ എന്നിങ്ങനെ. അമൃതാനന്ദമയി ഫൗണ്ടേഷൻ കേരളത്തിൽ ഏറ്റവും കൂടുതൽ വിദേശപണം വാങ്ങുന്ന ഏജൻസികളി ലൊന്നാണ്. Gospel crusade എന്ന സംഘടനയ്ക്കാണ് ഏറ്റവും കൂടുതൽ വിദേശപണം കിട്ടുന്നത്. അത് ചർച്ചിന്റെ കീഴിലാണ്. രണ്ടാമത്തേത് അമൃതാനന്ദമയി ഫൗണ്ടേഷനാണ്. അമൃതാനന്ദമയി ഫൗണ്ടേഷന് ഏതൊക്കെ സ്രോതസ്സിൽ നിന്നാണ് പണം ലഭിക്കുന്നതെന്ന് ഇതുവരെ പഠിച്ചിട്ടില്ല. അങ്ങനെ എളുപ്പം പഠിക്കാൻ സാധിക്കുമെന്ന് തോന്നുന്നില്ല. പക്ഷേ അവരുടെ ഏറ്റവും വലിയ നിക്ഷേപം സ്കൂളുകളും, ഹോസ്പിറ്റലു കളുമാണ്. ഇതൊക്കെ കാണിക്കുന്നത് വിദേശ ഏജൻസികളായി പ്രവർത്തിക്കുന്ന ഭൂരിഭാഗവും ഇന്ന് ഇത്തരത്തിലുള്ള സമുദായിക സ്ഥാപനങ്ങളാണ്. കേരളത്തിൽ മുമ്പേ ഇവർ വേറൊരു രൂപത്തിൽ പ്രവർത്തിച്ചിരുന്നു.

അടുത്തകാലത്ത് ചർച്ചുമായി ബന്ധപ്പെട്ട ഒരു സംഘടന യുമായി ഞാൻ സംസാരിക്കാനിടയായി. ഇന്ന് കേരളത്തിൽ ചർച്ചുമായി ബന്ധപ്പെട്ട വളരെയധികം സംഘടനകളുണ്ട്. അവരിൽ മാർത്തോമ്മ, സിറിയൻ, മലങ്കര ഓർത്തോഡക്സ് സിറിയൻ, സി.എസ്.ഐ. ഇവരെല്ലാം താരതമ്യേന ദുർബലരാണ്. 72 ൽ കോളേജ് ഫീസ് ഏകീകരണ ത്തിന്റെ കാലത്ത് സ്വകാര്യ കോളേജിൽ ഫീസ് ഏകീകരിക്കുകയാണെങ്കിൽ കോളേജ് അടച്ചുപൂട്ടും എന്നൊക്കെ ചർച്ചയുമായി ബന്ധപ്പെട്ടവർ ഭീഷണി മുഴക്കിയിരുന്നു. അവസാനം അത് കൂടിയാലോചനകളിലൂടെ പരിഹാര ത്തിന്റെ സന്ദർഭത്തിൽ വിട്ടുവീഴ്ച ചെയ്യുകയും അധ്യാപകനിയമനത്തി ന്റേയും മറ്റും കാര്യത്തിൽ അവരുടെ സമീപനം അംഗീകരിക്കാൻ വേണ്ടി സമ്മർദ്ദം ചെലുത്തുകയും ചെയ്തു. പിന്നീട് മാനേജ്മെന്റ് കള്ളത്തരം കാണിക്കുകയാണ് ചെയ്തത്. എന്നു പറഞ്ഞാൽ പലരീതികളിലും അനൗപ ചാരികമായി പണം വാങ്ങി നിയമനം നടത്തലും അഡ്മിഷൻ കൊടുക്കലും മറ്റും ചെയ്യുകയുണ്ടായി. ഈ കാര്യങ്ങൾ വൻതോതിൽ അഴിമതിക്ക് വഴിതെളിയിച്ചു.

ഇത് കാണിക്കുന്നത് വിദ്യാഭ്യാസത്തിന്റെ പൊതുസ്വഭാവ മാണ്. വിദ്യാഭ്യാസം എന്നത് മൗലികാവകാശമാണ്. അങ്ങനെ നിഷേധിക്കാൻ കഴിയില്ല. ഇതിനെതിരെയായി നിൽക്കാൻ ഈ വിഭാഗങ്ങൾക്ക് അക്കാലത്ത് കഴിഞ്ഞില്ല. പക്ഷേ ഇന്ന് സ്ഥിതി മാറിയിരിക്കുന്നു. വിദ്യാഭ്യാസം എന്നത് തൽപരകക്ഷികൾക്ക് (stake holders) പണം കൊടുക്കുന്ന ഏർപ്പാട് മാത്രമാണ് എന്ന നിലപാടിലേക്ക് പരസ്യമായി അവർ വന്നിരിക്കുന്നു എന്നതാണ് പ്രധാനപ്പെട്ട ഒരു കാര്യം, ഇങ്ങനെ ഏറ്റവും ശക്തമായി കേരള ത്തിൽ വാദിച്ചത് സാമുദായിക വർഗ്ഗീയ ശക്തികളാണ്. ഞാനൊരിടത്ത് ഇതിനെ വിശേഷിപ്പിച്ചത് 'ദൈവശാസ്ത്ര മൂലധനം' എന്നാണ്. ദൈവശാസ്ത്രത്തിൽ യഥാർഥത്തിൽ ദൈവികമായിട്ടൊന്നുമില്ല. അവർ തിയോളജിസ്റ്റുകളല്ല. സംരംഭകർ (Enterpreneur) ആണ്. സ്ഥാപനങ്ങൾ തുടങ്ങുന്ന തിൽ അവർക്ക് യാതൊരു തിയോളജിയും ഇല്ല. അവർക്ക് കഴിയുന്നത്ര പണം ഒരുപക്ഷേ കേരളത്തിൽ മറ്റാർക്കും പൂൾ ചെയ്യാൻ കഴിയുകയില്ല. പുഷ്പഗിരി ആശുപത്രിയുടെയൊക്കെ പ്രശ്നം അതിൽനിന്നു ണ്ടായിവരുന്നതാണ്. അവരുടെ മലങ്കര ആശുപത്രി ഇതേര ീതിയിൽ 100 ശതമാനം Payment seat വേണം എന്ന് വാദിച്ച് കേസ് കൊടുത്തിട്ടുള്ള മറ്റൊരു സ്ഥാപനമാണ്. ഇതൊക്കെ അവർക്ക്

ചെയ്യാൻ കഴിയുന്നത്, കേരളത്തിന് പുറത്ത് അമേരിക്കയിൽ നിന്നുള്ള ഏജൻസികളിൽ നിന്ന്, ഇവരുടെ ബന്ധുക്കളിൽ നിന്നൊക്കെ പണം സംഭരിക്കാൻ കഴിയുന്നതുകൊണ്ടാണ്. അങ്ങനെയാണ് ഇവർക്ക് ഒരു മൂലധനശക്തിയായി മാറാൻ കഴിയുന്നത്. അതിന്റെ നേതൃത്വം തന്നെ അവർക്കിടയിലുള്ള ബിഷപ്പുമാരും മെത്രാപ്പൊലീത്തമാരും ആണ്. അതുകൊണ്ട് കേരളത്തെ സംബന്ധിച്ച് സാമ്രാജ്യത്വത്തെയും സാമുദായിക വൽക്കരണത്തേയും വേർപിരിക്കാൻ കഴിയുമോ എന്ന് ഞാൻ സംശയിക്കുന്നു.

19-ാം നൂറ്റാണ്ടുമുതൽക്ക് കേരളത്തിൽ വിദ്യാഭ്യാസരംഗത്ത് ഇവർ അവരുടേതായ പങ്ക് നിർവ്വഹിച്ചിട്ടുണ്ട്., മുൻകാലത്ത ഒരു സേവനത്തിന്റെ, മിഷനറി സ്പിരിറ്റിന്റെ ഭാഗമായി (ഈ സ്പിരിറ്റുതന്നെ സാമ്രാജ്യത്വത്തിന്റെ മറ്റൊരു രൂപമാണെന്ന് വാദിച്ചവരുണ്ട്) അതേസമയം ഒരു മുഖംമൂടി അവരെ സംബന്ധിച്ചിടത്തോളം ഉണ്ടിയരുന്നു. ഞങ്ങൾ ചെയ്യുന്നത് സേവനമാണ്. ചില കാര്യങ്ങളിൽ അവർ കോംപ്രമൈസ് ചെയ്തിരി ക്കുന്നു. ഉദാഹരണത്തിന് ദരിദ്രനായ കുട്ടിയെ അല്ലെങ്കിൽ ഒരു ദളിത് വിദ്യാർത്ഥിയെ സ്കൂളിൽ പ്രവേശിപ്പിക്കുന്നതുപോലുള്ള കാര്യം. ചുരുക്കിപ്പറഞ്ഞാൽ വളരെ സമർത്ഥമായിട്ടായിരുന്നു മിഷനറിമാർ ഇടപെട്ടിരുന്നത്. ഉദാഹരണത്തിന് വിമോചനസമരകാലത്ത് സൗജന്യവിദ്യാഭ്യാസത്തെ എതിർത്തില്ല. അവരുടെ ആനുകൂല്യങ്ങൾക്ക്വേണ്ടി അവർ വാദിച്ചു. അതിന്റെ അടിസ്ഥാനത്തിൽ അവർ ആളുകളെ സംഘടിപ്പിച്ചു. തങ്ങളുടെ പ്രത്യേക അവകാശങ്ങൾ അവരെ സംബന്ധിച്ചിടത്തോളം ലാഭമുണ്ടാക്കാനുള്ള ഉപാധിയാണ്. തങ്ങളുടെ താല്പര്യങ്ങൾക്കുവേണ്ടി ഉപയോഗിക്കാൻ സാധിക്കുന്നു എന്നുള്ളതാണ്.

ഈയിടെ രാജഗിരി സ്കൂളിൽ സോഷ്യൽ വർക്കിൽ അതിന്റെ പ്രിൻസിപ്പലും ഞാനും ചില കാര്യങ്ങൾ ചർച്ച ചെയ്യുകയുണ്ടായി., അവർ വാദിച്ചത് ഇന്നത്തെ സാഹചര്യത്തിൽ മൂലധനം ഇറക്കാതെ തങ്ങൾക്ക് സ്കൂളുകൾ നടത്തിക്കൊണ്ടുപോകാൻ സാധിക്കുകയില്ല എന്നാണ്. അതിന് അദ്ദേഹം കാരണമായി പറയുന്നത് സാങ്കേതികവിദ്യയുടെ ചിലവ് എത്രയും അധികമാണെന്നാണ്. പുതിയ സാങ്കേതികവിദ്യ ആർക്കാണ് കൊടുക്കുന്നത് അവരിൽ നിന്നും ചിലവിന്റെ ഒരു പങ്ക് ഈടാക്കാം. പക്ഷേ അതിന്റെ ഭാരം ഇവിടത്തെ ദരിദ്ര വിദ്യാർത്ഥികൾ ചുമക്കേണ്ട വല്ല ആവശ്യമുണ്ടോ. ഞങ്ങളുടെ കയ്യിൽ പണമില്ല എന്നാണ് ഇക്കൂട്ടർ പറയുന്നത്. ഞങ്ങൾ ലളിതമായിട്ടുള്ള ഒരു ചോദ്യം ചോദിച്ചു. പണമില്ല, എന്നാൽ നിങ്ങൾക്ക് സ്കൂൾ നടത്താനുള്ള താല്പര്യമുണ്ട്. ഗവൺ മെന്റിന്റെ ആനുകൂല്യങ്ങൾ പൂർണ്ണമായും കൈപ്പറ്റുകയും തങ്ങളുടെ സ്വകാര്യ താല്പര്യങ്ങൾ നടപ്പിലാക്കുകയുമാണ് സ്വകാര്യമാനേജ്മെന്റുകൾ ചെയ്യുന്നത്. ഗവൺമെന്റ് യു.ജി.സി. ശമ്പളം കൊടുക്കുന്നതുകൊണ്ട് ഇവർക്ക് വലിയ ബാധ്യതയായി. സ്വാശ്രയകോളേജിന്റെ കാര്യത്തിൽ മാനേജ്മെന്റ് അനുകൂലമല്ല. കാരണം അവർക്ക് ശമ്പളം കൊടുക്കേണ്ടിവരും എന്ന ഭയമാണ്. അതേസമയം തങ്ങളുടെ സ്വകാര്യ താല്പര്യങ്ങൾ നടപ്പിലാ ക്കണം. ഈ നിലപാടാണ് സ്വകാര്യമാനേജ്മെന്റിന്റെ ഭാഗത്തു നിന്നുള്ളത്. ഇത്തരത്തിൽ സ്വകാര്യമേഖലയിലേക്ക് കേരള ത്തിലെ വിദ്യാഭ്യാസം അതിവേഗം മാറിക്കൊണ്ടിരിക്കുകയാണ്. എന്തുകൊണ്ട് മാറുന്നു എന്ന് നാം പരിശോധിക്കണം.


# ചീമേനി സർവ്വീസ് സഹകരണ ബേങ്ക്

ക്ലിപ്തം നമ്പർ സി. 75

H.O. ചീമേനി, Ph :04672 250602

Fax : 04672250812

പ്രമുഖ ക്ലാസ്സ് 1 കമ്പ്യൂട്ടറൈസ്ഡ് ബേങ്ക് !

| ബ്രാഞ്ചുകൾ | ഫോൺ |
|---|---|
| മെയിൻ ബ്രാഞ്ച് | 2250602 |
| ചാനടുക്കം | 2257139 |
| പുലിയന്നൂർ | 2250309 |
| ചീമേനി സായാഹ്ന ശാഖ | 2251964 |

⇨ മെച്ചപ്പെട്ട ബേങ്കിംഗ് ഇതര പ്രവർത്തന സ്ഥാപനങ്ങൾ
⇨ ലാഭം ടെക്സ്റ്റൈൽസ്, ചീമേനി - ഫോൺ: 2469102
⇨ വിലക്കുറവിൽ നീതി ഇലക്ട്രിക്കൽസ് പ്ലംബിംഗ് & ഹാർഡ്വേർ ഷോപ്പ്
⇨ പെയിന്റ്സ്, സിമന്റ്, കമ്പി - ഫോൺ : 2469202
⇨ കൺസ്യൂമർ സ്റ്റോർ, നീതി സ്റ്റോർ, റേഷൻ ഷോപ്പ്, നീതി ഗ്യാസ് വിതരണം

❖ നിക്ഷേപങ്ങൾക്ക് ഉയർന്ന പലിശനിരക്ക്
❖ ഭവന വായ്പ, വാഹന വായ്പ തുടങ്ങി വിവിധയിനം വായ്പകൾ
❖ ഗ്രൂപ്പ് ഡെപ്പോസിറ്റ് സ്കീം വിവിധ സ്ലബുകളിൽ
❖ സേഫ് ഡെപ്പോസിറ്റ് ലോക്കർ സൗകര്യം
❖ ചുരുങ്ങിയ പ്രീമിയം നിരക്കിൽ കുടുംബത്തിന്റെ ആശുപത്രി ചെലവും ഇൻഷുറൻസ് ഉൾപ്പെടെ അപകട സുരക്ഷയും നൽകുന്ന ഒരു പുതിയ പദ്ധതി - ഗ്രാമീണ സുസ്വാസ്ഥ്യ മൈക്രോ ഇൻഷുറൻസ് പോളിസി !

പ്രസിഡണ്ട്
പി. ജനാർദ്ദനൻ Ph : 9446269822

സെക്രട്ടറി
സുരേഷ്. പി. പി. Ph : 9447736080

ഉയരങ്ങളിൽ നിന്ന് ഉയരങ്ങളിലേക്ക്.............. എല്ലാം ഒരു കുടക്കീഴിൽ..............

# കരിവെള്ളൂരിന്റെ സാംസ്കാരികപൈതൃകം

സമ്പന്നമായ ഒരു ചരിത്രത്തിന്റെ ഉടമസ്ഥത അവകാശപ്പെടാവുന്ന ഗ്രാമമാണ് ഇന്ന് കരിവെള്ളൂർ. ഒരുപക്ഷേ ഇന്ത്യയിലെ ലക്ഷക്കണക്കിന് അറിയപ്പെടാത്ത ഗ്രാമങ്ങളിലൊന്നായി സ്ഥലനാമ വിവരപ്പട്ടികയിലൊരു മൂലയിൽ അശ്രദ്ധമായി കിടക്കാൻ വിധിക്കപ്പെടുമായിരുന്നു നമ്മുടെ നാടും. പക്ഷേ ഇന്ന് ഇന്ത്യയ്ക്കകത്തുനിന്ന് മാത്രമല്ല ലോകത്തിന്റെ ഏതോ കോണുകളിൽ നിന്ന് പോലും ചരിത്രഗവേഷകരുടെ കണ്ണുകളെ ആകർഷിക്കുന്ന വിധം തിളങ്ങുന്ന ഒരു ഭൂതകാലം സ്വന്തമായുള്ള ഒരു ഗ്രാമമാണ് നമ്മുടേതെന്ന് അഭിമാനപൂർവ്വം നമ്മളറിയുന്നു. ആംസ്റ്റർഡാം യൂനിവേഴ്സിറ്റിയിലെ ജൂപ് ഡിവിറ്റ്, ജെ.എൻ.യു. വിലെ ഡോ. ബിപിൻ ചന്ദ്ര, ഡോ. കെ.കെ.എൻ. കുറുപ്പ്, പി.രാധാകൃഷ്ണൻ, ഗോപാലൻകുട്ടി തുടങ്ങിയവരെല്ലാം കരിവെള്ളൂരിന്റെ ചരിത്രം സമഗ്രമായി അറിയാനും പഠിക്കാനും ശ്രമിച്ച ചരിത്ര ഗവേഷകരിൽ ചിലരാണ്.

പലിയേരി എഴുത്തച്ഛൻ, ശങ്കരനാഥ ജ്യോത്സ്യർ, മണക്കാടൻ ഗുരുക്കൾ, പുതിയടവൻ ഗുരുക്കൾ തുടങ്ങിയ പ്രതിഭാശാലികളായിരുന്ന ഒട്ടനേകം മഹദ് വ്യക്തികളുടെ ജന്മംകൊണ്ടും ജീവിതം കൊണ്ടും ധന്യമായി തീർന്ന നമ്മുടെ പ്രദേശത്തിന്റെ ചരിത്രം അവരുടേയും അവരെ പിൻതുടർന്നുവന്ന മറ്റ് ചരിത്രനായകന്മാരുടേയും ജീവിതവുമായി കൂടി ബന്ധപ്പെട്ടു കിടക്കുന്നു. അവഗണനയുടെ ചതുപ്പ് നിലത്തിൽ നിന്നും ഒരു ജനതയെ കൈപിടിച്ചുയർത്തിക്കൊണ്ടുവന്ന ശങ്കരനാഥ ജ്യോത്സ്യർ മുതൽ എ.വി.കുഞ്ഞമ്പു വരെയുള്ള ചരിത്രനായകന്മാരെ നമ്മുടെ ജനത ആചന്ദ്രതാരം ആദരവോടെ ഓർക്കും.

നാടുവാഴി വ്യവസ്ഥയുടേയും അതിന്റെ ഭാഗമായിരുന്ന ജന്മിത്വത്തിന്റേയും കനത്ത നുകങ്ങൾക്കിടയിൽ കഴിഞ്ഞിരുന്ന ഒരു ജനത നെടുവീർപ്പുകളും നിശ്വാസങ്ങളും മാത്രം സൃഷ്ടിക്കുമ്പോൾ സ്വാഭാവികമായും പണ്ഡിതന്മാരും പടനായകന്മാരും ചരിത്രത്തിന്റെ താളുകളിൽ സ്ഥാനം പിടിക്കുമല്ലോ. മുതുക് നിവർത്തി ചുറ്റും നോക്കാൻ തുടങ്ങുന്ന ജനത ചെറുത്തുനില്പ് നടത്തുമ്പോൾ മാത്രമാണ് പുതിയ ചരിത്രങ്ങളും ഇതിഹാസതുല്യമായ അതിന്റെ അധ്യായങ്ങളും സൃഷ്ടിക്ക പ്പെടുന്നത്.



കെ.കൃഷ്ണൻ മാസ്റ്റർ

ലഭ്യമായ വെളിച്ചം വെച്ചു നോക്കുമ്പോൾ കോലത്തിരി രാജവംശത്തിന്റെ ആധിപത്യ പ്രദേശമായിരുന്ന കരിവെള്ളൂരിന്റെ ചരിത്രം മുതൽക്കാണ് നമുക്ക് കാണാൻ കഴിയുന്നത്. കരിവെള്ളൂരിൽ മുപ്പതുകളുടെ മധ്യത്തിൽ ആരംഭിക്കപ്പെട്ട കർഷകപ്രസ്ഥാനത്തിന്റെ ചരിത്രവുമായി ബന്ധപ്പെടുത്തിക്കൊണ്ടുമാത്രം അന്വേഷണങ്ങൾ നടന്നതുകൊണ്ട് അതിനുമപ്പുറത്തേക്ക് പോകാൻ ഇതുവരെ ആരും ഫലപ്രദമായി തയ്യാറായിട്ടില്ല.

പഞ്ചാബ് രാജാവായിരുന്ന രഞ്ജിത് സിങ്ങിന്റെ പ്രധാനമന്ത്രിയായിരുന്ന ശങ്കരനാഥ ജ്യോത്സ്യർ കരിവെള്ളൂരിലെ വങ്ങാട്ടു തറവാട്ടിലെ ഒരംഗമായിരുന്നു എന്നറിയുമ്പോൾ നമ്മുടെ മഹത്തായ രാഷ്ട്രത്തിന്റെ തെക്കേ അറ്റത്തുകിടക്കുന്ന കരിവെള്ളൂരിന്റെ പ്രശസ്തി ആദ്യമായും ഉയർത്തിക്കാട്ടിയ മഹാനായിരുന്നു അദ്ദേഹം. ഇന്ത്യയുടെ ഏതോ അറിയപ്പെടാത്ത കോണിൽ പോലും നമ്മുടെ ഗ്രാമത്തിന്റെ പേര് ശങ്കരനാഥജ്യോത്സ്യരുടെ ജന്മംകൊണ്ട് പ്രഖ്യാതമായിത്തീർന്നു. അതിപ്രഗത്ഭനായിരുന്ന ഈ ഭരണതന്ത്രജ്ഞന്റെ അതിസൂക്ഷ്മമായ ചരിത്രം ഇനിയും അറിയപ്പെടാനിരിക്കുന്നതേയുള്ളു.

പലിയേരി എഴുത്തച്ഛൻ കരിവെള്ളൂർ കണ്ട ഏറ്റവും വലിയ പണ്ഡിതനും വൈദ്യനും ജ്യോതിഷം തുടങ്ങിയ കലകളിൽ അസാധാരണ പാണ്ഡിത്യം നേടിയ കരിവെള്ളൂരിന്റെ പ്രാചീന ചരിത്രത്തിൽ അഗ്രഗണ്യനുമായിരുന്നു. ശങ്കരനാഥ ജ്യോത്സ്യരുടെ ഗുരുനാഥനായിരുന്നു പലിയേരി എഴുത്തച്ഛൻ എന്നറിയപ്പെടുന്നു.

അവിശ്വസനീയത സൃഷ്ടിക്കുന്ന ഏറെ കഥകളാൽ വലയം ചെയ്യപ്പെട്ട് ഒരു അമാനുഷികത കൈവന്നുപോയ ചരിത്ര വ്യക്തിത്വമാണ് മണക്കാടൻ ഗുരുക്കൾക്കുള്ളത്. അതിസൂക്ഷ്മമായ ബുദ്ധിസാമർത്ഥ്യവും പാണ്ഡിത്യവും കൊണ്ട് ഒട്ടേറെ സഫലമായ അനുഭവങ്ങൾ സൃഷ്ടിച്ചിട്ടുള്ള മണക്കാടൻ ഗുരുക്കളെപ്പറ്റി ഒട്ടുവളരെ ഐതിഹ്യങ്ങൾ നിലവിലുണ്ട്. ആ കാലത്ത് ചിറക്കൽ തമ്പുരാൻ ഗുരുക്കളുടെ അസാധാരണ കഴിവുകളെ പരീക്ഷിക്കുന്നതിന് പലവട്ടം പരിശ്രമിച്ചതായി പറയപ്പെടുന്നു. മണക്കാടൻ ഗുരുക്കളുടെ സമകാലീനനായിരുന്നു പ്രസിദ്ധനായ പുതിയടവൻ ഗുരുക്കൾ.

ഒരുനൂറ്റാണ്ട് പിന്നിടുന്ന മാന്യഗുരു യു.പി. സ്കൂളിന്റെ സ്ഥാപകനും കരിവെള്ളൂരിന്റെ വിദ്യാഭ്യാസ ചരിത്രത്തിലെ ദീപസ്തംഭവുമായ കടിഞ്ഞിയിൽ കേളു എഴുത്തച്ഛൻ എന്ന 'മാന്യഗുരു' ആയിരക്കണക്കിന് കുഞ്ഞുമനസ്സുകളിലേക്ക് അക്ഷരത്തിന്റേയും സാമാന്യ വിദ്യാഭ്യാസത്തിന്റേയും വെളിച്ചമെത്തിച്ച വിജ്ഞാന സ്രോതസ്സാണ്.

കരിവെള്ളൂർ ഉത്തര കേരളത്തിലെ പൂരക്കളി പണിക്കന്മാരെ പരിശീലിപ്പിച്ച് വളർത്തിക്കൊണ്ടുവരുന്നതിൽ പ്രശസ്തരും കേരള സംഗീതനാടക അക്കാദമിയുടെ അവാർഡിനർഹത നേടിയിട്ടുള്ള കീനേരി ചിരുകണ്ടൻ പണിക്കരുടേയും കടിയാൻ കുഞ്ഞപ്പു പണിക്കരുടേയും ജന്മദേശമാണ്.

കരിവെള്ളൂരിന്റെ സാംസ്കാരിക അവബോധത്തിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തിയ ആദ്യത്തെ പ്രസ്ഥാനം അഭിനവഭാരതയുവക് സംഘം തന്നെയാണ്. മണക്കാട്ട് കേന്ദ്രമാക്കി എ.വി.കുഞ്ഞമ്പു സ്ഥാപിച്ച ഈ യുവജന പ്രസ്ഥാനം സേവനോത്സുകതയുടേയും അർപ്പണബുദ്ധിയുടേയും വിജ്ഞാനാന്വേഷണത്തിന്റേയും പുതിയ അധ്യായങ്ങൾ കരിവെള്ളൂരിലെ യുവാക്കൾക്ക് മുമ്പിൽ തുറന്നിട്ടു. യുവക് സംഘത്തിന്റെ ആഭിമുഖ്യത്തിൽ മണക്കാട്ട് സ്ഥാപിച്ചിരുന്ന ദേശീയ പാഠശാല അതിന്റെ വൈജ്ഞാനികപ്രവർത്തനങ്ങളുടെ ചരിത്ര സാക്ഷിയാകുന്നു. നിശാപാഠശാലകൾ, ഹിന്ദി ക്ലാസ്സുകൾ തുടങ്ങിയവയ്ക്കൊപ്പം സംഘബോധത്തിന്റേയും ഒരുമയുടേയും ആദ്യാക്ഷരങ്ങൾ ഫലപ്രദമായി കരിവെള്ളൂരിലെ ജനതയെ പഠിപ്പിക്കുന്നത് യുവക് സംഘമാണ്.

1935 ൽ സ്ഥാപിക്കപ്പെട്ട കർഷക സംഘത്തിന്റേയും ഇവിടെ പ്രവർത്തിച്ചു വന്നിരുന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റേയും പ്രവർത്തനങ്ങൾക്ക് പൂരകമായി യുവക് സംഘം പ്രവർത്തിച്ചു. ശ്രമദാനങ്ങളിലൂടെ വഴി നന്നാക്കൽ, പാലം പണിയൽ, ശവദാഹം നടത്തൽ, വീട് കെട്ടിക്കൊടുക്കൽ എന്നിവ മാത്രമല്ല അനീതിയെയും ആക്രമണത്തേയും ചെറുത്ത് നിൽക്കുന്നതിനുള്ള പ്രതിരോധ സ്വഭാവവും ജനങ്ങൾക്കിടയിൽ സംഘം വളർത്തിയെടുത്തി. തൊട്ടുപിമ്പെ തഴച്ചുവളർന്ന കർഷക സംഘവും കമ്യൂണിസ്റ്റ് പ്രസ്ഥാനവും ഒരു സംഘടിത സമൂഹമെന്ന നിലയിൽ കരിവെള്ളൂരിലെ ജനതക്കുള്ള ജാഗ്രതയും കരുതലും ഈ ബഹുജന പ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങൾ നൽകിയ ചരിത്ര സംഭാവനകളാണ്.

കലാസാംസ്കാരിക രംഗങ്ങളിലും കരിവെള്ളൂരിന് തനതായ ഒരു ചരിത്രമുണ്ട്. ഐത്തല അമ്പു കാരണവരുടെ നേതൃത്വത്തിൽ എ.വി.കുഞ്ഞമ്പു അടക്കമുള്ളവർ അഭിനയിച്ചിരുന്ന നാടകസംഘവും പിന്നീട് എ.വി., പി.കുഞ്ഞിരാമൻ, ഈ ലേഖകൻ എന്നിവരടക്കം അഭിനയിച്ചുകൊണ്ടുള്ള കെ.ദാമോദരന്റെ പാട്ടബാക്കി നാടകവും മറ്റും കരിവെള്ളൂരിന്റെ നാടകചരിത്രത്തിലെ സുപ്രധാന കണ്ണികളാണ്.

കയ്യൂരിന്റെ നായകനായിരുന്ന വി.വി. കുഞ്ഞമ്പു കരിവെള്ളൂർ നിവാസിയായിരുന്നുവെന്നതും നമ്മുടെ നാടിന്റെ ചരിത്രത്തോടുകൂടി വായിക്കപ്പെടേണ്ടതാണ്.

കരിവെള്ളൂരിനെ ചരിത്രത്തിലെ എന്നും ഓർമ്മിക്കുന്ന ഒരഗ്നി നക്ഷത്രമാക്കി മാറ്റിയത് എ.വി.യുടേയും സഹപ്രവർത്തകന്മാരുടേയും നേതൃത്വത്തിൽ ചിറക്കൽ കോവിലകത്തിന്റെ ചൂഷണത്തിനെതിരായും സ്വാതന്ത്ര്യ സമ്പാദനത്തിന് വേണ്ടിയും നടത്തിയ പോരാട്ടം കൊണ്ടാണെന്ന ചരിത്രവസ്തുത അനിഷേധ്യമാണ്. 1946 ഡിസംബർ 20 ന് കരിവെള്ളൂരിലെ ജനങ്ങളും ഭരണാധികാരികളുടെ യന്ത്രത്തോക്കുകളും തമ്മിൽ ഏറ്റുമുട്ടിയപ്പോൾ വിരചിക്കപ്പെട്ട വീരകഥ ഇന്ത്യയുടെ ചരിത്രത്തിൽ തന്നെ രക്തലിപികളാൽ ആലേഖനം ചെയ്യപ്പെട്ടിരിക്കുന്നു. ഏത് രാഷ്ട്രീയ വിശ്വാസിക്കും അഭിമാനകരമായ ഈ പൈതൃകത്തിന്റെ വെളിച്ചത്തിൽ നിന്നും ഒഴിഞ്ഞുമാറാനാവില്ല. സ്വന്തമായി ഒരു ഐതിഹാസിക ചരിത്രമുള്ള ഗ്രാമമെന്ന വിശേഷണത്തിന്റെ അഭിമാനം കരിവെള്ളൂരിൽ പിറന്നുവീണ ഒരു കുട്ടിയും നിഷേധിക്കുമെന്ന് ഞാൻ കരുതുന്നില്ല.

കരിവെള്ളൂർ ഗവ. ഹൈസ്കൂൾ അടക്കമുള്ള ഒട്ടേറെ വിദ്യാഭ്യാസ സ്ഥാപനങ്ങളും ആശുപത്രികളും വായനശാലകളും കലാ–സാംസ്കാരിക സ്ഥാപനങ്ങളുമെല്ലാം നിലവിലുള്ള നമ്മുടെ ഗ്രാമത്തിൽ അതെല്ലാമുണ്ടായത് സ്വാതന്ത്ര്യ സമര പ്രസ്ഥാനത്തിന്റെ കാലം മുതൽക്കുതന്നെ ഇവിടെ രൂപപ്പെട്ടുവന്ന നിർമ്മാണപ്രവർത്തനങ്ങളോടുള്ള താല്പര്യവും ഐക്യബോധവും ഒന്നുകൊണ്ടുമാത്രമാണ് പലപ്പോഴായി പറഞ്ഞ കാര്യങ്ങൾ ആവർത്തിക്കാനുദ്ദേശിക്കുന്നില്ല. അതെല്ലാം ഇവിടെയുള്ള ജനങ്ങളുടെ സംഘടിത ശ്രമത്തിന്റെ സൃഷ്ടികളാണ്.

കരിവെള്ളൂരിന്റെ പൈതൃകത്തേയും ചരിത്രത്തേയും കുറിച്ചുള്ള സൂക്ഷ്മമായ പഠനലേഖനമാണ് ഇതെന്നവകാശപ്പെടുന്നില്ല. എത്രയോ നീണ്ട ചരിത്രഗ്രന്ഥത്തിനുമാത്രമേ അതിന്നു കഴിയൂ. സമ്പന്നമായ ഒരു പൈതൃകം നമ്മുടെ നാട്ടിന്ന് സംഭാവന ചെയ്യുന്നതിനുവേണ്ടി എണ്ണമറ്റ ത്യാഗങ്ങൾ സഹിച്ച മൺമറഞ്ഞവരും ജീവിച്ചിരിക്കുന്നവരുമായ നിരവധി വിശിഷ്ട വ്യക്തികൾ നമ്മുടെ നാട്ടിലുണ്ട്. അവരാണ് കരിവെള്ളൂരിന്റെ ചരിത്രം സൃഷ്ടിച്ചവർ.

കരിവെള്ളൂരിന്റെ സംസ്കാരത്തേയും ചരിത്രത്തേയും സംബന്ധിക്കുന്ന സമഗ്രമായ ഒരു ഗ്രന്ഥം എഴുതപ്പെടേണ്ടിയിരിക്കുന്നുവെന്ന് പറഞ്ഞുവല്ലോ. അടുത്തകാലത്തായി പ്രസിദ്ധീകരിച്ച 'ജൂപ്ഡിവിറ്റിന്റെ' കരിവെള്ളൂരിലെ കർഷക പ്രസ്ഥാനം (ഒരന്വേഷണ ഗ്രന്ഥം), സി.വി.ബാലകൃഷ്ണന്റെ വിളക്കുമാടം (നോവൽ), എം.എൻ.കുറുപ്പിന്റെ കുഞ്ഞമ്പുവിന്റെ കഥ (ജീവചരിത്രം) മുതലായ ഗ്രന്ഥങ്ങൾ ഇതിന്റെ തുടക്കമാണ്. വിശ്വവിജ്ഞാന കോശത്തിൽ കരിവെള്ളൂർ എന്ന പദം 'വടക്കേ മലബാറിലെ പഴയ ചിറക്കൽ താലൂക്കിലെ ഒരു ഗ്രാമം– എ.വി.കുഞ്ഞമ്പുവിന്റെ നേതൃത്വത്തിൽ നടന്ന കാർഷിക കലാപത്തിലൂടെ പ്രസിദ്ധമായി തീർന്നു.' –അതെ കരിവെള്ളൂരിന്റെ ആധുനിക ചരിത്രത്തിന്റെ പിതാവ് എ.വി.യാണ്.



**മാന്യഗുരു   ശങ്കരനാഥ ജ്യോത്സ്യർ   മണക്കാടൻ ഗുരുക്കൾ   പലിയേരി എഴുത്തച്ഛൻ**

അവഗണനയുടെ ചതുപ്പ് നിലത്തിൽ നിന്നും ഒരു ജനതയെ കൈ പിടിച്ചുയർത്തിക്കൊണ്ടുവന്ന ശങ്കരനാഥ ജ്യോത്സ്യർ മുതൽ എ.വി.കുഞ്ഞമ്പു വരെയുള്ള ചരിത്രനായകന്മാരെ നമ്മുടെ ജനത ആചന്ദ്രതാരം ആദരവോടെ ഓർക്കും.



## കരിവെള്ളൂർ എ.വി.സ്മാരക ഗവ. ഹയർ സെക്കന്ററി സ്കൂൾ

# കരിവെള്ളൂരിന്റെ വിദ്യാഭ്യാസ ചരിത്രത്തിലെ പ്രകാശഗോപുരം

**എ.വി.സ്മാരക ഗവ. ഹയർ സെക്കന്ററി സ്കൂൾ എന്ന് ഇന്ന് അറിയപ്പെടുന്ന വിദ്യാലയം സ്ഥാപിതമായിട്ട് അരനൂറ്റാണ്ട് തികഞ്ഞിരിക്കുന്നു. പാഠ്യ-പാഠ്യേതരരംഗങ്ങളിലെ പെരുമകൊണ്ട് കേരളം മുഴുവൻ ശ്രദ്ധിക്കപ്പെടുന്ന ഒരു വിദ്യാലയമായിട്ടുണ്ട് ഇത്. സ്കൂൾ സ്ഥാപിക്കപ്പെട്ടതു തന്നെ ഒരു ചരിത്രസംഭവമായി രേഖപ്പെടുത്തിയിട്ടുണ്ട്. അറിവിന് വേണ്ടിയുള്ള ഒരു ജനതയുടെ അടങ്ങാത്ത ആഗ്രഹത്തിന്റെയും, ജനാഭിലാഷം സാക്ഷാത്കരിക്കാൻ ഏത് ത്യാഗത്തിനും നേതൃത്വം കൊടുക്കാൻ സന്നദ്ധമായ ഒരു രാഷ്ട്രീയ നേതൃത്വത്തിന്റെ ഇച്ഛാശക്തിയുടേയും ഒത്തുചേരലാണ് ഈ ചരിത്രസംഭവത്തിലേക്ക് നയിച്ചത്. കരിവെള്ളൂരിനെ ഇന്ത്യയിലെ ചരിത്രഗ്രാമങ്ങളിലൊന്നാക്കി മാറ്റിയത്, ജനങ്ങളെ ഉണർത്തി നയിക്കാൻ കഴിഞ്ഞ ഒരു രാഷ്ട്രീയ നേതൃത്വത്തിന്റെ പ്രവർത്തനങ്ങളിലൂടെയാണല്ലോ.**

ഒരു സമൂഹത്തിന്റെ, ജനതയുടെ രൂപീകരണത്തിന്റേയും വളർച്ചയുടേയും ഘട്ടങ്ങളിൽ വിദ്യാഭ്യാസത്തിന്റെ പങ്ക് നിർണ്ണായകമാണ്. ആശയമായി രൂപപ്പെടുന്ന അറിവിന്റെ വ്യാപനത്തെയാണ് വിദ്യാഭ്യാസമെന്ന പദം കൊണ്ട് വിവക്ഷിക്കുന്നത്. മനുഷ്യനും പ്രകൃതിയും തമ്മിലും മനുഷ്യനും മനുഷ്യനും തമ്മിലുമുള്ള നിരന്തരബന്ധമാണ് അറിവിനെ സൃഷ്ടിക്കുന്നത്. വ്യക്തികളുടെ അനുഭവങ്ങൾ കൂട്ടായ അനുഭവങ്ങളായിത്തീരുമ്പോൾ അവ ആശയങ്ങളായി മാറുന്നു. ആശയങ്ങളുടെ വിനിമയവും വളർച്ചയും മനുഷ്യസമൂഹത്തിന്റെ തന്നെ വികസനത്തിന് അടിത്തറയാകുന്നു. ഓരോ സമൂഹത്തിലേയും അനുഭവങ്ങൾ ഉണ്ടാകുന്നത് അതത് സമൂഹത്തിലെ, കാലഘട്ടത്തിലെ ഉൽപാദന



ഗംഗാധരൻ കരിവെള്ളൂർ

പ്രക്രിയയുമായി ബന്ധപ്പെട്ടിട്ടാണ്. ആശയങ്ങളുടെ രൂപപ്പെടലും കൈമാറ്റവും സമൂഹത്തിന്റെ ഉൽപ്പാദനവ്യവസ്ഥയ്ക്ക് അനുസൃതമായിട്ടായിരിക്കും . ഒരു വ്യവസ്ഥയ്ക്കകത്ത് അറിവിന്റെ വ്യാപനത്തെ സ്വന്തം നിലനിൽപ് ഉറപ്പിക്കുന്ന തരത്തിൽ നിയന്ത്രിക്കാൻ അധീശവർഗ്ഗം സദാ ജാഗരൂകമായിരിക്കും. വ്യവസ്ഥാവിരുദ്ധമായ, വിമോചനമൂല്യമുള്ള അറിവ് അടിച്ചമർത്തപ്പെടുന്നവരുടെ ജനകീയ പ്രതിരോധ പ്രവർത്തനങ്ങളിലൂടെയാണ് വ്യാപിക്കുന്നത്.

ജന്മിത്തവ്യവസ്ഥയെ കടപുഴക്കിയെറിയുന്നതിൽ ചരിത്രപരമായ പങ്കുവഹിച്ച ഒരു വിപ്ലവഗ്രാമമെന്ന നിലയിൽ കരിവെള്ളൂരിനെ രേഖപ്പെടുത്തുമ്പോൾ, കരിവെള്ളൂരിന്റെ വിദ്യാഭ്യാസ ചരിത്രത്തെ സവിശേഷമായ രീതിയിൽ നമുക്ക് വിലയിരുത്തേണ്ടിവരും. കരിവെള്ളൂരിലെ ഉയർന്നതും മികച്ചതുമായ വിദ്യാഭ്യാസ കേന്ദ്രമായ എ.വി.സ്മാരക ഗവ. ഹയർ സെക്കന്ററി സ്കൂളിന്റെ സ്ഥാപനചരിത്രത്തിന് സവിശേഷതയുണ്ടാകുന്നത് ഈയൊരു പശ്ചാത്തലത്തിലാണ്.

മഹാശിലായുഗകാലത്തുതന്നെ (ബി.സി. 3-ാം നൂറ്റാണ്ട് മുതൽ) കരിവെള്ളൂരിൽ ജനവാസമുണ്ടായിരുന്നുവെന്നതിന്

തെളിവുകളുണ്ട്. അന്നത്തെ മനുഷ്യവാസത്തിന്റെ തെളിവുകളായി കണ്ടെടുക്കപ്പെട്ട ഗുഹകളും പാത്രങ്ങളും ഉപകരണങ്ങളും നന്നങ്ങാടികളും അന്നത്തെ സമൂഹത്തിന്റെ സഞ്ചയിക്കപ്പെട്ട അറിവിന്റെ കൂടി തെളിവുകളാണ്. കാലിമേയ്ക്കലും പിന്നീട് കൃഷിയുമായി കഴിഞ്ഞുവന്ന സമൂഹത്തിന്റെ ആരാധനാമൂർത്തിയായിരുന്ന കാലിച്ചാൻ തെയ്യത്തിന്റെ അടിസ്ഥാനം കരിവെള്ളൂരിലാണെന്ന് തോറ്റം പാട്ടുകൾ പറയുന്നു.പിന്നീട് രൂപമാറ്റം (മതവും ദൈവവിശ്വാസവുമായി ബന്ധപ്പെട്ട്) വന്ന് അതിൽ നിന്ന് വ്യത്യസ്തമായി, പ്രകൃതിയുമായുള്ള മനുഷ്യന്റെ ഏറ്റുമുട്ടലിന്റെ അനുഭവത്തിൽ നിന്ന് ആരാധന എന്ന ആശയം വളർന്നുവന്നതിന്റെ ഉദാഹരണമാണ് കാലിച്ചാൻ തെയ്യം. പിന്നീട് കൂട്ടിച്ചേർക്കപ്പെട്ട അനുഷ്ഠാനസങ്കല്പങ്ങളുമായി കണ്ണിചേർക്കപ്പെട്ടുവെങ്കിലും കാലിച്ചാൻ തെയ്യം ഇന്നും ആദിമമനുഷ്യസമൂഹത്തിന്റെ ആരാധനാ സങ്കല്പത്തിൽ തന്നെ കെട്ടിയാടുന്നത് കരിവെള്ളൂരിന്റെ പ്രത്യേകതകൊണ്ടാവാനേ തരമുള്ളൂ.

കൃഷിയോടൊപ്പം വളർന്നുവന്ന ഗോത്രസമൂഹത്തിലെ അറിവുകൾ കൈമാറ്റം ചെയ്യപ്പെട്ടത് ഏറെക്കുറെ പരമ്പരാഗത മായിട്ടാണെന്ന് കാണാൻ കഴിയും. ഓരോ തൊഴിൽ കൂട്ടവും നിർമ്മിക്കുന്ന ഉൽപ്പന്നങ്ങളുടെ കൈമാറ്റത്തോടൊപ്പം അറിവിന്റെ വിനിമയവും നടന്നു. ഉൽപാദനം നടന്നത് കുലത്തൊഴിലിന്റെ അടിസ്ഥാനത്തിലായതിനാൽ തൊഴിൽ പരമായ അറിവും വൈദഗ്ധ്യവും കൈമാറിയിരുന്നത് കുലത്തിന്റെ അടിസ്ഥാന ത്തിൽതന്നെയായിരുന്നു. അന്നത്തെ സമൂഹത്തിന് പുതുതായി കടന്നുവന്ന ജൈന-ബുദ്ധ പാരമ്പര്യങ്ങളെ സ്വീകരിക്കാനും അവർക്കൊപ്പം സ്വയം നവീകരിക്കാനും കഴിഞ്ഞു.

ജൈനപാരമ്പര്യത്തിൽ നിന്ന് രൂപപ്പെട്ടുവെന്ന് കരുതപ്പെടുന്ന പൂരക്കളി പോലുള്ളവയെ സ്വന്തം കലാരൂപമാക്കി വികസിപ്പിക്കാൻ കരിവെള്ളൂരിലെ ജനതയ്ക്ക് കഴിഞ്ഞത് ഈ സ്വയം നവീകരണത്തിന്റെ ഫലമാണെന്ന് കണ്ടെത്താം. ഭിന്നസംസ്കാരങ്ങളെ സ്വീകരിക്കാനും തള്ളേണ്ടത് തള്ളി, കൊള്ളേണ്ടത് കൊള്ളാനും ആശയ അടിത്തറയുള്ള ഒരു സമൂഹത്തിനേ കഴിയൂ.

പായ നെയ്ത്ത്, തുണി നെയ്ത്ത്, എണ്ണയാട്ടൽ, കല്പണി, ആശാരിപ്പണി, കള്ള്ചെത്ത് തുടങ്ങിയ തൊഴിൽ മേഖലകളിൽ വൈദഗ്ധ്യം കാണിക്കാനും ഈ വൈദഗ്ധ്യം തലമുറകളിലേക്ക് കൈമാറാനും അന്നത്തെ സമൂഹത്തിന് കഴിഞ്ഞിരുന്നു. ബാലചികിത്സ, വിഷചികിത്സ എന്നിവയുൾപ്പെടെ വൈദ്യവും കുലത്തൊഴിലായി സ്വീകരിക്കപ്പെടുകയും അതത് മേഖലകളിലെ അറിവ് പരമ്പരാഗതമായി പകർന്ന് നൽകപ്പെടുകയും ചെയ്തു.

ജൈന-ബൗദ്ധ പാരമ്പര്യങ്ങൾക്ക് വിരുദ്ധമായി ബ്രാഹ്മണ മേധാവിത്വം അടിച്ചേൽപ്പിക്കപ്പെടുകയായിരുന്നു. ഇത് കരിവെള്ളൂരിന്റേയും സാമൂഹ്യഘടനയിൽ തന്നെ മാറ്റങ്ങളുണ്ടാക്കി. ജാതിവ്യവസ്ഥ അരക്കിട്ടുറപ്പിക്കപ്പെട്ടു. പരമ്പരാഗതമായി പരിഗണിക്കപ്പെട്ടിരുന്ന കുലത്തൊഴിലുകൾ ജാതിവിഭജനത്തിന്റെ അടിസ്ഥാനത്തിൽ ജാതിത്തൊഴിലുകളായി. അറിവിന്റെ ഉടമകൾ ബ്രാഹ്മണരായിത്തീർന്നു. അറിവിന്റെ മേലുള്ള കോയ് മയാണ് ബ്രാഹ്മണമേധാ വിത്വത്തിന്റെ പ്രധാനമുഖം. സമൂഹത്തിൽ അധ്വാനി ക്കുന്ന ജനങ്ങൾ നേടുന്ന പ്രായോഗിക ജ്ഞാനം



**എ.വി.കുഞ്ഞമ്പു**
**കരിവെള്ളൂരിന്റെ ആധുനിക ചരിത്രത്തിന്റെ പിതാവ്**

പോലും അംഗീകൃതമാവണ മെങ്കിൽ ബ്രാഹ്മണമേധാവിത്വത്തിന്റെ അംഗീകാരം വേണ്ടിയിരുന്നു. കൃഷി, കൈത്തൊഴിലുകൾ, കെട്ടിടനിർമ്മാണം, ഉപകരണനിർമ്മാണം, വൈദ്യം, ജ്യോതിഷം തുടങ്ങി അനുഭവത്തിലൂടെ ഉല്പാദകർ ആർജ്ജിച്ച് കൈമാറിവന്ന അറിവുകൾക്കും ബ്രാഹ്മണമേധാവിത്വത്തിന്റെ നീതീകരണം നിർബന്ധമായിരുന്നു.

എന്നാൽ ബ്രാഹ്മണമേധാവിത്വത്തിന്റെ ഉരുക്കുമുഷ്ടിയിലായിരുന്ന വിജ്ഞാനത്തെ ജനകീയമാക്കാനുള്ള ശ്രമത്തിന്റെ ഭാഗമായാണ് നാട്ടറിവുകൾ പ്രചരിപ്പിക്കപ്പെട്ടത്. അറിവിന്റെ എല്ലാ മേഖലയിലും നാട്ടറിവുകൾ നിലനിന്നു. അവയ്ക്ക് ബ്രാഹ്മണ മേധാവികൾ നല്കിയ 'ശാസ്ത്രീയ പരിവേഷം' ലഭ്യമായിരുന്നില്ലെങ്കിലും അവ വ്യാപകമായി പ്രചരിപ്പിക്കപ്പെട്ടു. എഴുത്തുഭാഷയുടെ ഔപചാരികതയില്ലാതെ അവ വാമൊഴി വിജ്ഞാനമായി തലമുറകളിൽ നിന്ന് തലമുറകളിലേക്ക് പകർന്നു.

ജനകീയ വിദ്യാഭ്യാസത്തിന്റെ അതുവഴി ജനകീയ പ്രതിരോധത്തിന്റെ മറ്റൊരു മുഖമായിരുന്നു തെയ്യം പോലുള്ള നാടൻ കലാരൂപങ്ങൾ. അടിച്ചമർത്തലിന്റേയും ചെറുത്തുനിൽപ്പിന്റേയും നിലയിലുള്ള ജീവിതാനുഭവങ്ങളുടെ കാവ്യാത്മകവും നാടകീ യവുമായ വ്യാഖ്യാനങ്ങളായിരുന്നു തെയ്യം കലയിൽ അവതരി പ്പിക്കപ്പെട്ടത്. ഭൂമിശാസ്ത്രവും സാമൂഹ്യശാസ്ത്രവും ഗണിതവും സംഗീതവും ചിത്രകലയും പഠിപ്പിക്കുന്ന അനൗപചാരിക പാഠശാലകളായിരുന്നു തെയ്യം അവതരണങ്ങളും തോറ്റം പാട്ടുകളും. ബ്രാഹ്മണ മേധാവിത്വം 'അപരിഷ്കൃത'മെന്ന് അവഗണിച്ച തെയ്യം കലയെ അവരുടെ അധിപനായ ചിറക്കൽ തമ്പുരാന്റെ മുറ്റത്ത് അവതരിപ്പിച്ച് 'പരിഷ്കൃത'മെന്ന് അംഗീകരിപ്പിച്ചത് കരിവെള്ളൂരിലെ മണക്കാടൻ ഗുരുക്കൾ ആയിരുന്നു. ഇങ്ങനെ പരിഷ്കരിക്കുമ്പോഴും പ്രകൃത്യാരാധനയുടേയും വീരാരാധനയുടേയും അധീശവർഗ്ഗ വിരുദ്ധതയുടേയും അംശങ്ങളെ കലാത്മകമായി തെയ്യത്തിൽ സന്നിവേശിപ്പിക്കാൻ മണക്കാടൻ ഗുരുക്കൾക്ക് കഴിഞ്ഞുവെന്നതാണ് ശ്രദ്ധേയമായ കാര്യം. ജാതിയിൽ ഉയർന്നവനായ പുതിയടവൻ ഗുരുക്ക ളായിരുന്നു മണക്കാടൻ ഗുരുക്കളുടെ സന്തതസഹചാരിയായി പ്രവർത്തിച്ചതെന്നതും നിസ്സാരമായ കാര്യമല്ല. കരിവെള്ളൂരിന്റെ മറ്റൊരു പ്രമുഖ നാടൻ കലാരൂപമായ പൂരക്കളിയുടെ ചരിത്രവും സമാനമായ ചരിത്രമാണ്. അവതരിപ്പിക്കുന്നത്. ജൈനപാരമ്പര്യത്തിൽ നിന്ന് ഉയിർ കൊണ്ടതെന്ന് കരുതപ്പെടുന്ന പൂരക്കളി കേവലം കായികവിനോദമെന്നതിൽ നിന്ന് മാറി സംസ്കൃത പാണ്ഡിത്യം പരിശോധിക്കപ്പെടുന്ന കളിക്കളങ്ങളായി തീർന്നത് മറത്തുകളിയുടെ പ്രചാരണത്തോടെയാണ്. പൂരക്കളി പണിക്കന്മാർക്ക് സംസ്കൃതപഠനം അനിവാര്യമായതോടെ അവർണരായ തീയ്യസമുദായക്കാരെ ബ്രാഹ്മണഭാഷയായ സംസ്കൃതം പഠിപ്പിക്കേണ്ട സാഹചര്യം നിലവിൽ വന്നു. അതിന്റെ ഭാഗമായി കുണിയനിലും പിന്നീട് ഓണക്കുന്നിലും സംസ്കൃതവിദ്യാലയങ്ങൾ സ്ഥാപിക്കപ്പെട്ടു. കീനേരി ചിരുകണ്ടൻ പണിക്കർ ഉൾപ്പടെയുള്ളവരുടെ നേതൃത്വത്തിലാണ് അത്തരം വിദ്യാലയങ്ങൾ പ്രവർത്തിച്ചത് ബ്രാഹ്മണരും സവർണരുമായ നിരവധി സംസ്കൃത പണ്ഡിതർ ഇത്തരം വിദ്യാലയങ്ങളിൽ പഠിച്ചു. ബ്രാഹമണാധിപത്യ കാലത്തുതന്നെ സവർണ്ണാവർണ്ണ ഭേദമന്യേ

അറിവ് പകർന്നുകൊടുക്കാൻ അനുവാദം ലഭ്യമായത് കലയുടെ പേരിലായിരുന്നെങ്കിലും കരിവെള്ളൂരിന്റെ സവിശേഷമായ ഒരു പാരമ്പര്യത്തേയാണ് വെളിപ്പെടുത്തുന്നത്.

പഠിക്കാൻ താല്പര്യമുള്ളവർ പണ്ഡിതരുടെ വീടുകളിൽ താമസിച്ചുപഠിക്കുന്ന ഗുരുകുല സമ്പ്രദായവും താമസിക്കാതെ പഠിക്കുന്ന എഴുത്തുകൂട്ട സമ്പ്രദായവും അക്കാലത്തുണ്ടായിരുന്നു. പഠിപ്പിക്കാൻ താല്പര്യമുള്ളവർ പഠിതാക്കളുടെ വീടുകളിൽ പോയി പഠിപ്പിക്കുന്ന സമ്പ്രദായവും നിലനിന്നു.

കരിവെള്ളൂരിന്റെ പിൽക്കാലവിദ്യാഭ്യാസ ചരിത്രത്തിൽ നാട്ടെഴുത്തച്ഛന്മാരുടെ പങ്ക് പ്രസിദ്ധമാണ്. ഇവരുടെ കൂട്ടത്തിൽ പ്രാതസ്മരണീയനാണ് പലിയേരി എഴുത്തച്ഛൻ. വേദാന്തം, ഇന്ദ്ര ജാലം, ജ്യോതിഷം, വൈദ്യം, ശില്പന്ത്രം എന്നിവയിലൊക്കെ അസാമാന്യ പാണ് ഡിത്യം അദ്ദേഹത്തി നുണ്ടായിരുന്നു. തന്റെ പാണ്ഡിത്യം വിജ്ഞാ നദാഹികൾക്ക് പകർന്നുകൊടുക്കാൻ സന്നദ്ധനുമായിരുന്നു അദ്ദേഹം. ലോകപ്ര സിദ്ധനായിത്തീർന്ന ശങ്കരനാഥ ജ്യോത്സ്യർ തുടങ്ങിയവർ പലി യേരി എഴുത്തച്ഛന്റെ ശിഷ്യന്മാരിൽ പ്രമുഖരത്രെ. ജ്ഞാന ത്തിന്റെ ഉടമസ്ഥതയും അധികാരവും ബ്രാഹ്മണരുടേതായിരുന്ന കാലത്തും കരിവെള്ളൂരിൽ വിദ്യാദാനം നടത്തിയ പണ്ഡിതർ ഭൂരിഭാഗവും സവർണവിഭാഗത്തിൽപ്പെട്ടവരാണെങ്കിലും അബ്രാഹ്മണ രായിരുന്നു. ആലക്കാടൻ ഗുരുക്കൾ, പറ്റുവാ എഴുത്തച്ഛൻ, കാമ്പ്രത്ത് എഴുത്തച്ഛൻ, കോട്ടൂർ എഴുത്തച്ഛൻ, പിലാക്ക എഴുത്തച്ഛൻ, കടിഞ്ഞിയിൽ കേളു എഴുത്തച്ഛൻ തുടങ്ങിയ വ്യത്യസ്തദശകങ്ങളിൽ കരിവെള്ളൂരിൽ വിജ്ഞാന വ്യാപനം ജീവിതചര്യയായി കൊണ്ടുനടന്നവർ നിരവധിയായിരുന്നു. പൂരക്കളിയുമായി ബന്ധപ്പെട്ട് സംസ്കൃതപഠനം ഉൾപ്പടെ നടത്തിയ കുണിയനിലെ കുടിപ്പള്ളിക്കൂടം അവർണരായ തീയ്യസമുദായ ക്കാരുടെ നേതൃത്വത്തിലാണ് വളർന്നത്. ചൂരിക്കാടൻ ചന്ദ്രശേഖരൻ പണിക്കർ, ഈയ്യക്കാട്ട് രാമൻ പണിക്കർ, ചൂരിക്കാടൻ കുഞ്ഞമ്പു പണിക്കർ, കീനേരി ചിരുകണ്ടൻ പണിക്കർ തുടങ്ങിയവരായിരുന്നു വിവിധ കാലങ്ങളിൽ ഈ വിദ്യാകേന്ദ്രം നടത്തിപ്പോന്നത്. ഇത്തരം കേന്ദ്രങ്ങളിൽ അവർണരെയടക്കം സംസ്കൃതം പഠിപ്പിക്കാൻ കള്ളാർ മേക്കാട്ട് മാധവൻ നമ്പൂതിരിയെപ്പോലുള്ള ബ്രാഹ്മണ സംസ്കൃത പണ്ഡിതർ തയ്യാറായിരുന്നു എന്നതും കരിവെള്ളൂരിന്റെ വിദ്യാഭ്യാസ ചരിത്രത്തിലെ ഒരു സവിശേഷ അധ്യായമാണ്.

ഇതിന്റെ തുടർച്ചയെന്ന് പറയാവുന്ന മറ്റൊരു സംഭവമാണ് 1911–14 പുത്തൂരിൽ വായത്തുനരിക്കുട്ടി കല്യാണിയമ്മ എന്ന 'എഴുത്തമ്മ' നടത്തിയ കുടിപ്പള്ളിക്കൂടം. അവർണസ്ത്രീ നടത്തിയ ഈ പള്ളിക്കൂടത്തിൽ സവർണർ അടക്കം പഠിക്കാൻ വന്നു എന്ന വസ്തുത ശ്രദ്ധേയമാണ്. വിദ്യാഭ്യാസ സൗകര്യം നിഷേധിക്കപ്പെട്ടിരുന്ന സ്ത്രീ വിഭാഗത്തിന് വിജ്ഞാനം പകർന്നുകൊടുക്കുന്ന ഒരു കേന്ദ്രം കൂടിയായി അത്. നിരവധി പെൺകുട്ടികൾ അവിടെ പഠിച്ചിരുന്നു.

1884 ൽ സ്കൂളായി മാറിയ കടിഞ്ഞിയിൽ കേളു എഴുത്തച്ഛന്റെ പള്ളിക്കൂടത്തിലും അവർണർക്ക് പ്രവേശനമുണ്ടായിരുന്നു. തീണ്ടലും അയിത്തവും നിലനിൽക്കെത്തന്നെ വിജ്ഞാനം പകർന്നുകൊടുക്കുന്നതിലും ഏറ്റുവാങ്ങുന്നതിലും ജനാധിപത്യപരമായ സ്വാതന്ത്ര്യം അംഗീകരിക്കപ്പെട്ടുന്നുവെന്നത് കരിവെള്ളൂരിന്റെ പാരമ്പര്യസിദ്ധമായ പ്രത്യേകതയായി വിലയിരുത്തപ്പെടണം. ഫ്യൂഡൽ കാലഘട്ടത്തിന്റെ ബ്രാഹ്മണാധിപത്യ സ്വഭാവം അറിവിന്റെ മേഖലയിൽ നിന്ന് ഒരുപരിധിവരെ ഒഴിവാക്കാൻ കഴിഞ്ഞത് ആധുനിക കരിവെള്ളൂരിന്റെ സമൂഹനിർമിതിയിൽ അടിസ്ഥാനമാറ്റങ്ങൾക്ക് ഇടയാക്കി.

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ ജന്മിത്ത ത്തിന്റേയും ബ്രിട്ടീഷ് ആധിപത്യത്തിന്റേയും കെടുതികളിലും ദുരിതങ്ങളിലും ഉഴലുമ്പോഴും കരിവെള്ളൂരിലെ ജനതയ്ക്ക് സവിശേഷമായ ചില ശേഷിപ്പുകൾ നിലനിർത്താൻ കഴിഞ്ഞിരുന്നു. മേൽ വിവരിച്ച ചരിത്രപശ്ചാത്തലം ഒരു ജനതയുടെ രൂപപ്പെടലിന്റെ ചരിത്രമാണ് വരച്ചുകാട്ടു ന്നത്. അധീശശക്തി കളോട് ഏറ്റുമുട്ടാനും ജനകീയ ബദലുകൾകൊണ്ട് ചെറുത്ത് നിൽക്കാനും സഹായകമായ ഒരു ഘടന കരിവെള്ളൂരിന്റെ ചരിത്രത്തിൽ രൂപപ്പെട്ടുവന്നു. കരിവെള്ളൂരിനെ ചരിത്രത്തിൽ ഒരു വിപ്ലവഗ്രാമമാക്കി മാറ്റിയതിൽ ഈ മാനസികാവസ്ഥയുടെ സ്വാധീനം പ്രകടമാണ്.

1884 ൽ കടിഞ്ഞിയിൽ കേളു എഴുത്തച്ഛൻ സ്ഥാപിച്ച കുടിപ്പള്ളിക്കൂടം എലിമെന്ററി സ്കൂൾ ആയതാണ് കരിവെള്ളൂരിലെ ആദ്യത്തെ ഓപചാരിക വിദ്യാഭ്യാസസ്ഥപനം. 1907 ൽ കുണിയൻ സൗത്ത് സ്കൂൾ സ്ഥാപിക്കപ്പെട്ടു. 1911 ൽ പുത്തൂരിൽ വായത്തു കല്യാണിയമ്മ ആരംഭിച്ച കുടിപ്പള്ളിക്കൂടം 1917 ൽ പുത്തൂർ ഗേൾസ് എൽ.പി. സ്കൂളായി മാറി. പിന്നീട് പുത്തൂർ എൽ.പി.സ്കൂളായിത്തീർന്നു. 1916 ൽ കരിവെള്ളൂരിൽ സെൻട്രൽ



സ.എ.വി.യുടെ വീട്ടിലെ പൂമുഖത്തെ വട്ടമേശ.
ഈ വട്ടമേശയ്ക്കു ചുറ്റും കാൽനൂറ്റാണ്ടിലധികം കാലം കരിവെള്ളൂർ ഹൈസ്കൂളിലെ കുട്ടികളുടെ രാഷ്ട്രീയബോധം വലംവെച്ചു.

എൽ.പി. സ്കൂളും, 1917 ൽ പാലക്കുന്ന് സ്കൂളും സ്ഥാപിക്കപ്പെട്ടു. 1925 ൽ പെരളം എൽ.പി. സ്കൂൾ സ്ഥാപിച്ചു. 1930 കളിൽ വടക്കുമ്പാട് ഗേൾസ് എലിമെന്ററി സ്കൂൾ പ്രവർത്തിച്ചിരുന്നു. പള്ളിക്കൊവ്വലിൽ മാപ്പിള സ്കൂൾ ഇരുപതാം നൂറ്റാണ്ടിന്റെ രണ്ടാം ദശകം അവസാനിക്കുന്നതോടെ കരിവെള്ളൂരിലെ സ്കൂളുകളുടെ എണ്ണം വർദ്ധിച്ചുവെങ്കിലും എല്ലാ സ്കൂളുകളിലും കൂടി വിദ്യാഭ്യാസം തേടിയ കുട്ടികളുടെ എണ്ണം കുറവായിരുന്നു. ജീവിത പ്രാരബ്ധങ്ങളിൽ കഷ്ടപ്പെട്ടിരുന്ന ഭൂരിപക്ഷം ജനങ്ങൾക്ക് ഔപചാരിക വിദ്യാഭ്യാസത്തിനായി കുട്ടികളെ വിടാനുള്ള സൗകര്യ മുണ്ടായിരുന്നില്ല.

1920 കളുടെ അവസാനത്തോടെ ദേശീയ പ്രസ്ഥാനത്തിന്റെ സന്ദേശം കരിവെള്ളൂരിലും എത്തി. 1928 ൽ പയ്യന്നൂരിൽ നടന്ന കോൺഗ്രസ്സ് സമ്മേളനത്തിൽ അതിന് വഴിമരുന്നിട്ടു. ഉണ്ണമ്മൻ ഉണിത്തിരിയും എ.വി. കുഞ്ഞമ്പുവും , എം.പി.അപ്പുമാസ്റ്ററും അതിന്റെ സന്ദേശവാഹകരായി. 1931 ൽ കരിവെള്ളൂരിൽ കോൺഗ്രസ്സ് കമ്മിറ്റി സ്ഥാപിതമായി. മദ്യവർജ്ജനം, വിദേശ വസ്ത്ര ബഹിഷ്കരണം തുടങ്ങിയ ബഹുജനപ്രക്ഷോഭങ്ങൾ ആസൂത്രണം ചെയ്യപ്പെട്ടു. ബഹുജനസമരങ്ങൾ വിജയിക്കണമെങ്കിൽ അവരുടെ ബോധത്തിൽ ഇടപെടണമെന്ന് സഖാവ് എ.വി.യെപ്പോലുള്ള പ്രവർത്തകർ തിരിച്ചറിഞ്ഞു. സമൂഹത്തിലെ ചലനങ്ങൾക്ക് നേരെ ചെവി തുറക്കുവാൻ നേരം കാണാതിരുന്ന സാധാരണ ജനങ്ങളെ പിടിച്ചുനിർത്തി കാര്യങ്ങൾ പറയാനുള്ള ഉപാധികൾ കണ്ടെത്തേണ്ടിവന്നു. നാടകാഭിനയവും പാട്ടുപാടലും

കളികളും ജനങ്ങളുടെ ബോധത്തിലേക്ക് കടന്നുകയറാനുള്ള വഴികളായി അവർ മനസ്സിലാക്കി. ജീവിതത്തിലെ പരുക്കൻ യാഥാർത്ഥ്യങ്ങളെക്കുറിച്ച് ജനങ്ങൾക്ക് അറിവുണ്ടായിരുന്നു. അവയെന്തുകൊണ്ട് എന്ന തിരിച്ചറിവായിരുന്നു അവർക്ക് വേണ്ടിയിരുന്നത്. ഇന്ത്യയെന്തെന്ന് അറിയുവാനുള്ള ആഗ്രഹത്തിന്റെ ഫലമായി സഖാവ് എ.വി. നടത്തിയ ഇന്ത്യൻ പര്യടനം സ്വയം പഠിക്കേണ്ടതിന്റേയും ജനങ്ങളെ പഠിപ്പിക്കേണ്ടതിന്റേയും പ്രാധാന്യം അദ്ദേഹത്തെ ബോധ്യപ്പെടുത്തി. അഭിനവഭാരത യുവക് സംഘത്തിന്റേയും കർഷകസംഘത്തിന്റേയും പ്രവർത്തന പദ്ധതികളിൽ വിദ്യാഭ്യാസ പ്രവർത്തനവും മുഖ്യമായിത്തീർന്നത് ആ ബോധ്യത്തിന്റെ പിൻബലത്തിലാണ്. അറിവും തിരിച്ചറിവും നേടിയെടുക്കാനുള്ള ആന്തരികമായ പ്രേരണയുണ്ടായിരുന്ന കരിവെള്ളൂരിലെ ജനതയെ അവരുടെ മനസ്സറിഞ്ഞ് ശരിയാംവണ്ണം നയിച്ച് മാറ്റിയെടുക്കുക എന്ന യഥാർത്ഥ രാഷ്ട്രീയ പ്രവർത്തനമാണ് എ.വി.യുടെ നേതൃത്വത്തിൽ നടന്നത്.

മറ്റ് ബഹുജനപ്രസ്ഥാനങ്ങളോടൊപ്പം ദേശീയ വിദ്യാലയം സ്ഥാപിച്ച് നിശാപാഠശാലകളിലൂടെ അനേകം സാധാരണക്കാരെ ഔപചാരിക വിദ്യാഭ്യാസത്തിലേക്ക് നയിക്കാൻ കഴിഞ്ഞു. മണക്കാട്ട് പ്രവർത്തിച്ച ദേശീയ വിദ്യാലയം തന്നെ ജന്മിത്തത്തിനും ജാതീയതയ്ക്കുമെതിരായ ചെറുത്തുനില്പിന്റെ പ്രായോഗിക വേദിയാവുന്ന നിരവധി അനുഭവങ്ങളുണ്ടായി. ഈ വിദ്യാലയത്തിൽ പഠിപ്പിച്ചിരുന്നത് ഔപചാരിക വിദ്യാഭ്യാസം നേടിയ വി.വി.കുഞ്ഞമ്പു, കെ.കൃഷ്ണൻ മാസ്റ്റർ എന്നിവർക്കൊപ്പം ഔപചാരിക വിദ്യാഭ്യാസം നേടിയിട്ടില്ലാത്ത എ.വി.കുഞ്ഞമ്പു, വി.വി.നാരായണൻ എന്നിവരായിരുന്നു എന്നത് ശ്രദ്ധേയമായ വസ്തുതയാണ്. ഈ വിദ്യാലയത്തിൽ പഠിച്ചവരെ മാന്യഗുരു സ്കൂളിലും മറ്റും ചേർത്ത് ഔപചാരിക വിദ്യാഭ്യാസം നേടാൻ സജ്ജരാക്കുകയായിരുന്നു.

അക്കാലത്ത് മാന്യഗുരു സ്കൂൾ കേവലം എലിമെന്ററി സ്കൂൾ മാത്രമായിരുന്നില്ല, ദേശീയ പ്രസ്ഥാനത്തിന്റേയും കമ്യൂണിസ്റ്റ പ്രസ്ഥാനത്തിന്റേയും പ്രായോഗിക പാഠശാല കൂടിയായിരുന്നു. ഔപചാരിക വിദ്യാഭ്യാസം സാമൂഹ്യമാറ്റത്തിനായുള്ള വിദ്യാഭ്യാസമായി മാറുന്നതിന്റെ മികച്ച ഉദാഹരണങ്ങളായിരുന്നു മാന്യഗുരു സ്കൂളിൽ നിന്ന് പഠിച്ച് പുറത്തുവന്ന അന്നത്തെ തലമുറയിലെ യുവാക്കൾ. അന്നത്തെ അധ്യാപക പ്രസ്ഥാനവും പ്രവർത്തകരുമാണ് ഈ മാറ്റത്തിന് വഴിതെളിയിച്ചത്. കരിവെള്ളൂരിലെ മറ്റ് സ്കൂളുകളും സമാനമാതൃക പിൻതുടർന്നു. കരിവെള്ളൂരിനെ ഒരു വിപ്ലവഗ്രാമമാക്കി മാറ്റുന്നതിന് നേതൃത്വം കൊടുക്കാൻ അന്നത്തെ തലമുറയെ പ്രാപ്തമാക്കിയതിൽ ഈ വിദ്യാഭ്യാസത്തിന്റെ പങ്ക് നിസ്സാരമല്ല.

1953 ൽ പാലക്കുന്നിൽ പാട്ടിയമ്മ സ്കൂളും 1955 ൽ കൊഴുമ്മലിൽ പെരളം യു.പി. സ്കൂളും സ്ഥാപിതമായി. പാട്ടിയമ്മ യു.പി. സ്കൂൾ സ്ഥാപിച്ചത് ശ്രീ.കെ.ഗോവിന്ദൻ അയിരുന്നുവെങ്കിൽ പെരളം സ്കൂൾ ശ്രീ. പരങ്ങേൻ കുഞ്ഞിരാമന്റെ നേതൃത്വത്തിലുള്ള ഒരു ജനകീയ കമ്മിറ്റിയുടെ ആഭിമുഖ്യത്തിലാണ് സ്ഥാപിക്കപ്പെട്ടത്. ക്രമേണ അത് ശ്രീ. ചന്തൻകുഞ്ഞി മാസ്റ്ററുടെ ഉടമസ്ഥതയിലേക്ക് മാറ്റപ്പെടുകയായിരുന്നു.

പ്രാഥമിക വിദ്യാഭ്യാസത്തിനായുള്ള ഓപചാരിക വിദ്യാഭ്യാസ സൗകര്യങ്ങൾ മലബാറിൽ കുറവായിരുന്നത് 1950 കളോടെയാണ് മെച്ചപ്പെടാൻ തുടങ്ങിയത്. 1954 ൽ പി.ടി.ഭാസ്കര പണിക്കർ പ്രസിഡണ്ടായി കമ്യൂണിസ്റ്റ് പാർട്ടി നിയന്ത്രണത്തിൽ മലബാർ ഡിസ്ട്രിക്ട് ബോർഡ് നിലവിൽ വന്നതോടെയാണ് ഈ മാറ്റം ഉണ്ടായത്. പുതുതായി നിരവധി ബോർഡ് സ്കൂളുകൾ സ്ഥാപിക്കപ്പെട്ടു, എലിമെന്ററി വിഭാഗത്തിലും സെക്കന്ററി വിഭാഗത്തിലും. ഈ അവസരത്തിലും കരിവെള്ളൂരിൽ സെക്കന്ററി വിദ്യാഭ്യാസത്തിനുള്ള സ്കൂൾ ഉണ്ടായിരുന്നില്ല. കരിവെള്ളൂരിലും പരിസരങ്ങളിലും എലിമെന്ററി വിദ്യാഭ്യാസം പൂർത്തിയാക്കുന്നവർ അതോടെ പഠനം നിർത്തുകയായിരുന്നു പതിവ്. അപൂർവ്വം ചിലർ പയ്യന്നൂരിലും നീലേശ്വരത്തും പോയി ഹൈസ്കൂൾ വിദ്യാഭ്യാസം നേടി. പിന്നീട് തൃക്കരിപ്പൂരിൽ ഹൈസ്കൂൾ വന്നപ്പോൾ കുറച്ചു പേർ അവിടെ പഠനം തുടർന്നു. ഭൂരിപക്ഷം ആളുകൾക്കും അതിന് കഴിയുമായിരുന്നില്ല. സാമ്പത്തികമായി പിന്നോക്കാവസ്ഥയിലായിരുന്ന കരിവെള്ളൂരിലെ വിദ്യാർത്ഥികൾക്ക് ഹൈസ്കൂൾ പഠനം നിഷേധിക്കപ്പെടുന്നത് സ:എ.വി.യെപ്പോലുള്ള നേതാക്കളെ വല്ലാതെ അലട്ടിയിരുന്നു.

കേരളത്തിന്റെ സാമൂഹ്യമാറ്റത്തിനും വിദ്യാഭ്യാസ പുരോഗതിക്കും അടിത്തറയിട്ട ഇ.എം.എസ്. മന്ത്രിസഭ, 1957 ൽ അധികാരത്തിൽ വന്നു. രാജ്യസഭാ മെമ്പറായിരുന്ന സ:എ.വി., ഹൈസ്കൂൾ എന്ന ആവശ്യം ജനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവന്നു.

കേരളത്തിന്റെ സാമൂഹ്യമാറ്റത്തിനും വിദ്യാഭ്യാസ പുരോഗതിക്കും അടിത്തറയിട്ട ഇ.എം.എസ്. മന്ത്രിസഭ, 1957 ൽ അധികാരത്തിൽ വന്നു. രാജ്യസഭാ മെമ്പറായിരുന്ന സ: എ.വി. ഹൈസ്കൂൾ എന്ന ആവശ്യം ജനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവന്നു. ഹൈസ്കൂൾ സ്ഥാപിക്കുന്നതിനുവേണ്ടി പുതിയ ഭരണാധികാരികളെ സമീപിക്കാൻ ഒരു നിവേദകസംഘത്തെ തയ്യാറാക്കി.

ഹൈസ്കൂൾ സ്ഥാപിക്കുന്നതിനുവേണ്ടി പുതിയ ഭരണാധികാരികളെ സമീപിക്കാൻ ഒരു നിവേദകസംഘത്തെ തയ്യാറാക്കി. എ.വി.യുടെ നേതൃത്വത്തിൽ കെ.ഗോവിന്ദൻ നായർ, കെ.ഗോവിന്ദൻ, എന്നിവരടങ്ങിയ നിവേദകസംഘം വിദ്യാഭ്യാസ മന്ത്രി ജോസഫ് മുണ്ടശ്ശേരിയേയും വിദ്യാഭ്യാസ സെക്രട്ടറി പി.കെ. നമ്പ്യാരെയും കണ്ട് കാര്യം ബോധ്യപ്പെടുത്തി. കരിവെള്ളൂരിൽ ഒരു ഹൈസ്കൂളിന്റെ ആവശ്യകതയെക്കുറിച്ച് വിദ്യാഭ്യാസ സെക്രട്ടറി സംശയാലുവായിരുന്നുവെങ്കിലും എ.വി.യുടെ തീവ്രശ്രമത്തിന്റേയും ജനങ്ങളുടെ ഇച്ഛാശക്തിയുടേയും മുന്നിൽ അധികാരികൾക്ക് വഴങ്ങേണ്ടിവന്നു. ഹൈസ്കൂൾ എന്ന ആവശ്യം അംഗീകരിക്കപ്പെട്ടു.

ഹൈസ്കൂൾ സ്ഥാപിക്കുന്നതിന് ചില വ്യവസ്ഥകളുണ്ടായിരുന്നു. അഞ്ചേക്കർ ഭൂമിയും നാല് ക്ലാസ്സ് മുറികളും നാട്ടുകാർ തയ്യാറാക്കിക്കൊടുക്കണമെന്നതായിരുന്നു പ്രധാന വ്യവസ്ഥ. അത് ലഭ്യമല്ലാത്ത പക്ഷം സ്കൂൾ സ്ഥാപി ക്കാൻ മുന്നോട്ട് വരുന്ന സ്വകാര്യവ്യക്തിക്ക് സ്കൂൾ അനുവദിക്കു മെന്നായിരുന്നു തീരു മാനം. ശ്രീ.കെ.ഗോവി ന്ദൻ 1953 ൽ തന്റെ മാനേജ്മെന്റിൽ സ്ഥാപിച്ച പാട്ടിയമ്മ സ്കൂൾ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് ഹൈസ്കൂൾ ആയി ഉയർത്തുവാൻ സന്നദ്ധമായിരുന്നു. എന്നാൽ ജനങ്ങളുടെ കർമ്മശേഷിയിൽ അദമ്യമായ വിശ്വാസമുണ്ടായിരുന്ന എ.വി. യും സഹപ്രവർത്തകരും കരിവെള്ളൂരിലെ ഹൈസ്കൂൾ പൊതുമേഖലയിൽതന്നെ വേണമെന്ന് നിർബന്ധം പിടിച്ചു. ആ നിർബന്ധത്തിന്റെ ഗരിമ ബോധ്യപ്പെട്ട ശ്രീ. കെ.ഗോവിന്ദൻ സ്കൂൾ പ്രവർത്തനവുമായി സഹകരിക്കാൻ തയ്യാറായി.

1958 ജൂൺ 24 ന് ഹൈസ്കൂൾ ഔപചാരികമായി ഉദ്ഘാടനം ചെയ്യപ്പെട്ടു. ഒരു നാടിന്റെ, ഒരു ജനതയുടെ വിജ്ഞാനദാഹത്തിന്റെ, ചിരകാലാഭിലാഷത്തിന്റെ സാക്ഷാത്കാരമായിരുന്നു അത്. കാസർഗോഡ് ഡി.ഇ.ഒ., സി.ചിന്നമ്മയാണ് ഉദ്ഘാടനം നിർവ്വഹിച്ചത്. ശ്രീ.കെ.ടി.എൻ.സുകുമാരൻ നമ്പ്യാർ പ്രഥമാധ്യാ

പകനായി ചുമതലയേറ്റു. പള്ളിക്കൊവ്വലിലെ ഭക്തർ സ്വാമിയുടെ ചെറിയ കെട്ടിടത്തിലും അതിനോട് ചേർന്നുണ്ടാക്കിയ ഷെഡ്ഡിലു മായിരുന്നു ക്ലാസ്സ് നടത്തിയിരുന്നത്. തൊട്ടുത്ത വർഷം നാരായണൻ ഉണിത്തിരിയുടെ കെട്ടിടത്തിന്റെ രണ്ടാം നിലയിൽ ക്ലാസ്സ് നടത്തി. മൂന്നാം വർഷം മുതൽ ഓണക്കുന്നിലേക്ക് മാറി. ആദ്യം ഷെഡ്ഡിലായിരുന്നു ക്ലാസ്സ്.

കരിവെള്ളൂർ ഹൈസ്കൂളിനുവേണ്ടിയുള്ള സ്ഥലമെടുപ്പും കെട്ടിടനിർമ്മാണവും കരിവെള്ളൂരിന്റെ ചരിത്രത്തിലെ അവിസ്മര ണീയ അധ്യായം തന്നെയായി മാറി. ഇതിനായി രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടേയും വിദ്യാഭ്യാസ തല്പരരുടേയും പൗരപ്രമുഖ രുടേയും യോഗം വിളിച്ചുചേർക്കപ്പെട്ടു. ഹൈസ്കൂൾ കെട്ടിട നിർമ്മാണകമ്മിറ്റി രൂപീകൃതമായി. സ.എ.വി.യായിരുന്നു പ്രസിഡണ്ട്. കെ.ഗോവിന്ദൻ വൈസ് പ്രസിഡണ്ട്, കെ.ഗോവിന്ദൻ നായർ

> 1958 ജൂൺ 24 ന് ഹൈസ്കൂൾ ഔപചാരികമായി ഉദ്ഘാടനം ചെയ്യപ്പെട്ടു. ഒരു നാടിന്റെ, ഒരു ജനതയുടെ വിജ്ഞാന ദാഹത്തിന്റെ, ചിരകാലാഭിലാഷത്തിന്റെ സാക്ഷാത്കാരമായിരുന്നു അത്. കാസർഗോഡ് ഡി.ഇ.ഒ. സി.ചിന്നമ്മയാണ് ഉദ്ഘാടനം നിർവ്വഹിച്ചത്. കെ.ടി.എൻ.സുകുമാരൻ നമ്പ്യാർ പ്രഥമാധ്യാപകനായി ചുമതലയേറ്റു.

സെക്രട്ടറിയുമായി പ്രവർത്തിച്ചു. ട്രഷറർ തോട്ടോൻ വളപ്പിൽ കുഞ്ഞി രാമൻ, ഓഫീസ് സെക്രട്ടറി ടി.കുഞ്ഞിരാമൻ. കെ.കൃഷ്ണൻ മാസ്റ്റർ, കോളിയാടൻ നാരായണൻ മാസ്റ്റർ, കെ.ടി.എൻ.ചിണ്ടൻ നമ്പ്യാർ, പി.പി.ചന്ദൻ കുഞ്ഞി, കണിച്ചുവീട്ടിൽ കൃഷ്ണൻ നായർ, കടിഞ്ഞിയിൽ നാരായണൻ മാസ്റ്റർ, കെ.ചന്തൻ കുഞ്ഞി മാസ്റ്റർ, ടി.ടി.വി.കുഞ്ഞമ്പു, കൃഷ്ണൻ മാസ്റ്റർ, നാരു ഉണിത്തിരി മാസ്റ്റർ, കുഞ്ഞപ്പൻ നായർ, തുടങ്ങിയവരെല്ലാം സജീവപ്രവർത്തകരായി രുന്നു. ഹൈസ്കൂൾ സൈറ്റിനെക്കുറിച്ച് വ്യത്യസ്ത അഭിപ്രായ ങ്ങൾ ഉണ്ടായിരുന്നുവെങ്കിലും എല്ലാ വശങ്ങളും പരിഗണിച്ച് ഓണക്കുന്ന് തെരഞ്ഞെടുക്കപ്പെട്ടു. പുതിയവളപ്പിൽ കമ്മാരൻ കാരണവരുടെ സ്ഥലത്തിന്റെ കൈവശാവകാശം നാമമാത്രമായ വിലയ്ക്ക് സ്കൂൾ കമ്മിറ്റി വാങ്ങി. വാണിയ സമുദായത്തിന്റെ ശ്മശാനം നിലനിന്നിരുന്ന സ്ഥലം അവർക്ക് പകരം സൗകര്യം ഏർപ്പെടുത്തിക്കൊടുത്തതിനെത്തുടർന്ന് കമ്മിറ്റിക്ക് കൈമാറി. ടി.കുഞ്ഞികൃഷ്ണ പൊതുവാൾ അദ്ദേഹത്തിന്റെ പേരിലുണ്ടാ യിരുന്ന സ്ഥലം കമ്മിറ്റിക്ക് സൗജന്യമായി നൽകി. സ്ഥലത്തിന്റെ ജന്മാവകാശം പ്രതി ഫലമില്ലാതെ ചിറക്കൽ കോവിലകത്തെ സീതാ ദേവിത്തമ്പുരാട്ടിയിൽ നിന്ന് ലഭിച്ചു. അങ്ങനെ എട്ടേക്കർ ഭൂമിയുടെ ജന്മാവകാശം ഹൈസ്കൂൾ കമ്മിറ്റിയുടെ പ്രസിഡണ്ടായ എ.വി. യുടെ പേരിൽ ലഭിച്ചു.

കെട്ടിടനിർമ്മാണത്തിലാണ് കമ്മിറ്റിയുടെ പിന്നത്തെ ശ്രദ്ധ പതിഞ്ഞത്. പാർട്ടി സംസ്ഥാന കമ്മിറ്റിയിലെ ഉത്തരവാദപ്പെട്ട സ്ഥാനങ്ങളിൽ നിന്നും അഖിലേന്ത്യാ കിസാൻ സഭയിൽ നിന്നും അവധി എടുത്തുകൊണ്ട് എ.വി. തന്റെ ശ്രദ്ധമുഴുവൻ ഫണ്ട് ശേഖരണത്തിലും കെട്ടിട നിർമ്മാണത്തിലും കേന്ദ്രീകരിച്ചു. വീടുതോറും കയറിയിറങ്ങി ധനശേഖരണം നടത്തി. കരിവെള്ളൂ രിലെ മുഴുവൻ അധ്യാപകരിൽ നിന്നും ഒരുമാസത്തെ ശമ്പളം ഫണ്ടിലേക്ക് ശേഖരിച്ചു. ഗഡുക്കളായി ഇങ്ങനെ ഫണ്ട് ശേഖരി ക്കുന്നതിന് മിക്കവരേയും എ.വി. തന്നെ നേരിട്ട് കാണുകയായി രുന്നു. കരിവെള്ളൂരിലെ ബീഡിത്തൊഴിലാളികളും, നെയ്ത്ത് തൊഴിലാളികളും അവരുടെ കഴിവിന്റെ പരമാവധി സംഭാവന നൽകി. സമ്പന്നനും ഉദാരമതിയുമായ ബാരിസ്റ്റർ വി.ആർ. നായനാരെ എ.വി. സഹായത്തിനായി സമീപിച്ചു. നായനാർ അദ്ദേഹത്തിന്റെ തായേനിയിലുള്ള കൂപ്പിൽ നിന്നും ആവശ്യത്തി നുള്ള മരം മുറിച്ചെടുക്കാൻ എ.വി.ക്ക് അനുവാദം നൽകി, കരി വെള്ളൂരിൽ നിന്ന് ജോലിക്കാരേയും കൂട്ടി ആഴ്ചകളോളം തായേനി കാട്ടിൽ താമസിച്ച് ആവശ്യത്തിനുള്ള മരം മുറിച്ചെടുത്ത് കരി വെള്ളൂരിൽ എത്തിക്കുന്നതുവരെ അദ്ദേഹത്തിന് വിശ്രമ മുണ്ടായിരുന്നില്ല. അവിടെ വച്ച് അദ്ദേഹം രോഗബാധിതനാവുകയും വീണ് പരിക്ക് പറ്റുകയും ചെയ്യുകയുണ്ടായി.

ഒരുകൊല്ലം കൊണ്ടുതന്നെ ഒരു ഓഫീസ് മുറിയും നാല് ക്ലാസ്സ് മുറികളുമുള്ള കെട്ടിടം പണി തീർത്തു. കെട്ടിടനിർമ്മാണ ത്തിന് പയ്യന്നൂർ വികസന ബ്ലോക്കിൽ നിന്നുള്ള സാമ്പത്തിക സഹായവും ലഭിച്ചിരുന്നു. കരിവെള്ളൂരിലെ കമ്യൂണിസ്റ്റ് പാർട്ടി ലോക്കൽ കമ്മിറ്റി, കെ.പി.എ.സി. യുടെ 'മുടിയനായ പുത്രൻ' എന്ന നാടകം ടിക്കറ്റ് വെച്ച് നടത്തിക്കിട്ടിയ പണം മുഴുവൻ കെട്ടിട നിർമ്മാണത്തിന് നൽകി. കഠിനാദ്ധ്വാനത്തിന്റേയും ത്യാഗത്തി ന്റേയും ഒരിക്കലും തളരാത്ത ഒരു ജനതയുടെ ആത്മവിശ്വാസ ത്തിന്റേയും നേതൃത്വത്തിൽ ഇച്ഛാശക്തിയു ടേയും പ്രതീകമായാണ് കരിവെള്ളൂർ ഹൈസ്കൂൾ സ്ഥാപിതമായത്.

സ്കൂളിലെ അദ്യ അധ്യാപകനായി നിയമിതമായ കെ.ടി.എൻ. സുകുമാരൻ നമ്പ്യാർ ഹിന്ദി ഒഴിച്ചുള്ള എല്ലാ വിഷയങ്ങളും കൈകാര്യം ചെയ്തിരുന്നു. ആദ്യ ബേച്ചിൽ 35 കുട്ടികളാണ് ചേർന്നിരുന്നത്. കരിവെള്ളൂരിൽ നിന്നും അയൽ ഗ്രാമങ്ങളിൽ നിന്നും കുട്ടികളെ കണ്ടെത്തി സ്കൂളിൽ ചേർപ്പിക്കുന്നതിനും സംഘടിതമായ ശ്രമം നടന്നു. സെക്കന്ററി വിദ്യാഭ്യാസം സ്വപ്നം കാണാൻ ജീവിതസാഹചര്യങ്ങൾ അനുവദിക്കാതിരുന്നവ രായിരുന്നു ഭൂരിപക്ഷം കുട്ടികളും. എ.വി.യുടേയും മറ്റ് നേതാക്ക ളുടേയും കെ.ടി.എൻ.സുകുമാരൻ മാസ്റ്ററുടേയും പ്രേരണയും നിർബന്ധവുമാണ് തങ്ങളുടെ കുട്ടികളെ സ്കൂളിലേക്കയക്കാൻ രക്ഷിതാക്കളെ സഹായിച്ചത്.

കെട്ടിടനിർമ്മാണം പൂർത്തിയായതിനെത്തുടർന്ന് നിർമ്മാണ കമ്മിറ്റി സ്കൂൾ വെൽഫെയർ കമ്മിറ്റിയായി പ്രവർത്തിച്ചു. മരിക്കുന്നതുവരെ എ.വി. തന്നെയായിരുന്നു കമ്മിറ്റി പ്രസിഡണ്ട്. സെക്രട്ടറിയായി കുറേക്കാലം കെ.ഗോവിന്ദൻ നായർ തന്നെ തുടർന്നു. പിന്നീട് എൻ.കെ.നാരുഉണിത്തിരി മാസ്റ്റർ സെക്രട്ടറി യുടെ ചുമതല നിർവ്വഹിച്ചു. എ.വി.യുടെ മരണ ശേഷം കെ.ഗോവിന്ദൻ പ്രസിഡണ്ടായി. 1980 മെയ് മാസത്തിൽ എ.വി. കണ്ണ് ഓപ്പറേഷന് വേണ്ടി തിരുവനന്തപുരത്ത് പോകുന്നതിന് തൊട്ട് മുമ്പ് ഗവൺമെന്റിലേക്ക് വിട്ട്കൊടുത്തിരുന്നു. അഞ്ചേക്കർ ഭൂമി കഴിച്ച് ബാക്കി കൈവശമുള്ള സ്ഥലം ലേലം ചെയ്ത് വിൽക്കുകയുണ്ടായി. അങ്ങനെ കിട്ടിയ പണമുപയോഗിച്ച് ഏതാനും ക്ലാസ്സ് മുറികൾ പണിതു. സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് തുടർന്നും വെൽഫെയർ കമ്മിറ്റി ജാഗരൂകമായി പ്രവർത്തിച്ചു.

കരിവെള്ളൂർ ഹൈസ്കൂൾ എ.വി. യുടെ ജീവിതത്തിന്റെ തന്നെ ഒരംശവും വികാരവുമായിരുന്നു. 1980 ജൂൺ 8 ന് അദ്ദേഹം അന്തരിച്ചതിനു ശേഷം 1983 ജൂൺ 2 ന് എ.വി.സ്മാരക ഗവ. ഹൈസ്കൂൾ എന്ന് പുനർ നാമകരണം ചെയ്തുത്തരവായി. ഒരു നാട്ടിന്റെ ചരിത്രവും സംസ്കാരവും അതിന്റെ മഹാനായ നേതാവിന്റെ അനിഷേധ്യ നേതൃത്വവും പ്രതീക വൽക്കരിക്കപ്പെട്ടിരിക്കുന്ന കരിവെള്ളൂർ എ.വി. സ്മാരക ഗവ. ഹയർ സെക്കന്ററി സ്കൂൾ ചരിത്രസാക്ഷി യായി എത്രയോ തലമുറകളിലേക്ക് പ്രകാശം ചൊരിഞ്ഞു നിൽക്കുന്നു.

# പിറവിയുടെ കരുത്ത്



പി.രാമചന്ദ്രൻ മാസ്റ്റർ

പഴയ മദിരാശി സംസ്ഥാനത്തിന്റെ ഭാഗമായ മലബാർ ജില്ലയിലെ വടക്കേ അറ്റത്തെ ഗ്രാമമാണ് കരിവെള്ളൂർ. തൊട്ടു കിടക്കുന്ന കൊടക്കാട്, പിലിക്കോട്, മാണിയാട്ട് തുടങ്ങിയ ഗ്രാമങ്ങൾ ദക്ഷിണകാനറ ജില്ലയുടെ തെക്കേ അതിർത്തിയിലും . 1792 ൽ മലബാറിൽ ആരംഭിച്ച ബ്രിട്ടീഷ് ആധിപത്യത്തോടെ ജന്മി-കുടിയാന്മാർ നിർബന്ധപ്പിരിവിലൂടെ താങ്ങാനാവാത്ത ചൂഷണത്തിന് വിധേയരായി. കൃഷിയെ മാത്രം ആശ്രയിച്ചായിരുന്നു ജനങ്ങൾ ജീവിതം തള്ളിനീക്കിയിരുന്നത്. യാഥാസ്ഥിതികതയും അന്ധവിശ്വാസങ്ങളും പേറി മുരത്ത ജാതിചിന്തകളാൽ കെട്ടുപിണഞ്ഞ തൊഴിൽ വിഭജനവും കുലത്തൊഴിലുകളും സാമൂഹ്യബന്ധങ്ങൾക്ക് കർശനമായ അതിർവരമ്പിട്ടു. പിൽക്കാലത്ത് ദേശീയ പ്രസ്ഥാനവും കർഷകപ്രസ്ഥാനവും മറ്റും ഉഴുതുമറിച്ച് ഈ മണ്ണിൽ അവകാശബോധത്തിന്റെ പുത്തൻ അധ്യായങ്ങൾ രചിച്ചുതുടങ്ങി.

1957 ഏപ്രിൽ 5 ന് അധികാരമേറ്റ ഇ.എം.എസ്. ന്റെ നേതൃത്വത്തിലുള്ള പ്രഥമ കേരളമന്ത്രിസഭ കുടിയൊഴിപ്പിക്കൽ തടഞ്ഞുകൊണ്ട് ദൂരവ്യാപക ഫലങ്ങളുളവാക്കുന്ന ഓർഡിനൻസ് ഏപ്രിൽ 11-ാം തീയ്യതി ഇറക്കുകയുണ്ടായി. കർഷകനും കുടികിടപ്പുകാരനും നിയമാനുസൃതം ഭൂമിയുടെ ഉടമകളായിക്കൊണ്ട് പുതിയ നിയമങ്ങൾ ഉണ്ടാവുകയും സമഗ്രമായ ഭൂപരിഷ്കരണ നടപടികൾക്ക് കേരളം സാക്ഷ്യംവഹിക്കുകയും ചെയ്തു.1958 ൽ നടന്ന സമഗ്രമായ ഒരു വിദ്യാഭ്യാസനിയമം 'കേരള എഡ്യുക്കേഷണൽ ആക്ട് & റൂൾസ് 1958' സാർവ്വത്രികവും സൗജന്യവുമായ വിദ്യാഭ്യാസത്തിന് വഴിയൊരുക്കി. കാർഷികരംഗത്തെ മാറ്റത്തിന് ആക്കം കൂട്ടിക്കൊണ്ട് നടപ്പിലായ കേരള വിദ്യാഭ്യാസനിയമം വിദ്യാഭ്യാസ രംഗത്ത് നവചൈതന്യമുണർത്തുകയും പാവപ്പെട്ട വരിലും സാധാരണക്കാരിലും വിദ്യാഭ്യാസം അനിവാര്യമാണെന്ന ബോധം ഉണർത്തുകയും ചെയ്തു. ഈ പുതിയ സാഹചര്യത്തിൽ തങ്ങളുടെ കണ്ണെത്തും ദൂരത്ത് സ്ഥാപിതമായ കരിവെള്ളൂർ ഗവ. സെക്കന്ററി സ്കൂൾ (അന്നത്തെ പേര്) വലിയ അനുഗ്രഹമായി. പ്രൈമറി പഠനത്തോടെ പഠനം മുടങ്ങിയ പലർക്കും ഹൈസ്കൂൾ പഠനത്തിന് വഴിയൊരുങ്ങി.

പഠനം നിർത്തി രക്ഷിതാക്കൾക്ക് താങ്ങായി എന്തെങ്കിലും തൊഴിലുകളിലേർപ്പെട്ടവരായിരുന്നു 1958 ജൂൺ 24 ന് ആരംഭിച്ച ക്ലാസ്സിലെ 32 വിദ്യാർത്ഥികളിൽ ഭൂരിഭാഗവും. പ്രശസ്തമായ വിജയത്തിലൂടെ സ്കൂളിന് സൽപേരുണ്ടാക്കണമെന്ന ദൃഢനിശ്ചയമായിരുന്നു എ.വി. യുടെ നേതൃത്വത്തിലുള്ള വെൽഫേർ കമ്മിറ്റിക്കും അധ്യാപകർക്കും. ആദ്യത്തെ അധ്യാപകനായ ശ്രീ.കെ.ടി.എൻ.സുകുമാരൻ നമ്പ്യാർ അക്കാദമിക് രംഗത്ത് തന്റെ സവിശേഷമായ ശൈലിയിലൂടെ നല്ല തുടക്കമിട്ടു. പരീക്ഷാഫലത്തിലെ മികവിനൊപ്പം പഠിതാക്കളുടെ വൈജ്ഞാനിക നിലവാരത്തിനും മുന്തിയ പരിഗണന നൽകി. അദ്ദേഹത്തിന്റേയും പരേതനായ കെ.സി.നായരടക്കമുള്ള പ്രഗൽഭരായ അധ്യാപക ശ്രേഷ്ഠരുടേയും കൂട്ടായ യത്നത്തിലൂടെ 1961 മാർച്ച് എസ്.എസ്.എൽ.സി. പ്രഥമ ബാച്ച് 86% വിജയം കൈവരിച്ചു. കണിശമായ മൂല്യനിർണ്ണയത്തോടൊപ്പം ഓരോ പേപ്പറിനും 40% മിനിമം മാർക്ക് വേണമെന്ന നിബന്ധനയുമുള്ള അക്കാലത്തെ വിജയശതമാനം ജനങ്ങളിലാകമാനം ഉണർവ്വുണ്ടാക്കി. ബാലാരിഷ്ടതകളുടെ നീർക്കയങ്ങൾക്കിടയിൽ ലഭിച്ച മെച്ചപ്പെട്ട വിജയശതമാനം സ്കൂളിന്റെ ഭാവിയെക്കുറിച്ച് ശുഭപ്രതീക്ഷയുണർത്തി.

ആദ്യത്തെ ഒരു ദശകക്കാലം പൊതുപരീക്ഷയിൽ സ്ഥിരമായി 90-97 ശതമാനം വിദ്യാർത്ഥികൾ വിജയിച്ചുകൊണ്ട് ജില്ലയിലെ സർക്കാർ ഹൈസ്കൂളുകളിൽ മുൻനിരയിൽ നിലയുറപ്പിച്ചു. 1964 മാർച്ചിൽ എസ്.എസ്.എൽ.സി.ക്ക് 97% വിജയം കൈവരിക്കാൻ കഴിഞ്ഞത് ചരിത്രവിജയമാണ്. 1960-61 ൽ പൂർണ്ണ ഹൈസ്കൂളായി മാറിയതോടെ ആദ്യത്തെ ഗസറ്റഡ് ഹെഡ്മാസ്റ്ററായി നിയമിതനായ അഭിവന്ദ്യനായ സി.ആർ.പണിക്കർ മുതൽ നിരവധി പ്രഗൽഭരായ പ്രധാനാധ്യാപകരുടെ അസാമാന്യ നേതൃത്വവും ഭരണപാടവവും ഒപ്പം സഹാധ്യാപകരുടെ കൂട്ടായ്മയും കാരണം അക്കാദമിക് രംഗത്ത് മികവുറ്റ പ്രകടനം കാഴ്ചവെക്കാൻ കഴിഞ്ഞു. പഠനപ്രവർത്തനങ്ങൾക്ക് അത്യന്താപേക്ഷിതമായ ലൈബ്രറി, ലബോറട്ടറി തുടങ്ങിയ സൗകര്യങ്ങളില്ലെന്നുമാത്രമല്ല, ബന്ധപ്പെട്ട വിഷയം കൈകാര്യം ചെയ്യാൻ യോഗ്യതയുള്ള അധ്യാപകരുടെ അഭാവവും വെല്ലുവിളിയായിത്തന്നെ ഏറ്റെടുത്തു. കെട്ടിടവും ഫർണിച്ചറും ഒരുക്കാൻ സ്കൂൾ



വെൽഫേർ കമ്മിറ്റി കഠിനശ്രമം നടത്തിയെങ്കിലും വർഷംതോറും വർദ്ധിച്ചുവരുന്ന കുട്ടികളുടെ എണ്ണം അത്തരം ശ്രമങ്ങളെ നിഷ്പ്രഭമാക്കിക്കൊണ്ടിരുന്നു. 1966-67 വർഷം ആദ്യമായി സെഷനൽ സമ്പ്രദായം നടപ്പിലാക്കാൻ നിർബന്ധിതമായി. സ്കൂളിന്റെ പൊതുവായ അച്ചടക്കത്തേയും പഠനനിലവാരത്തേയും ദോഷകരമായി ബാധിക്കുമെന്ന് ബോധ്യപ്പെട്ടതിനാൽ താമസിയാതെ ജനറൽ സിസ്റ്റത്തിലേക്ക് തിരിച്ചുകൊണ്ടുവന്നു. തുടർന്നുള്ള വർഷങ്ങളിലെ സ്കൂൾ അഡ്മിഷൻ ക്രമാതീതമായി വർദ്ധിച്ചതിനെത്തുടർന്ന് 1969-70 ൽ വീണ്ടും സെഷനൽ സമ്പ്രദായം നടപ്പിലായി. 1971 ൽ 33% വും, 1975 ൽ 36% വും മാത്രം റിസൾട്ട് നേടിക്കൊണ്ട് പഠനനിലവാരസൂചിക അവരോഹണത്തിലേക്ക് കുത്തനെ തിരിഞ്ഞു. ഭൗതികസാഹചര്യങ്ങളുടെ ഗണ്യമായ കുറവിനുപുറമെ, അധ്യാപകക്ഷാമം, വിദ്യാർത്ഥികളുടെ ബാഹുല്യം സർവ്വോപരി 1970 കളിൽ കേരളത്തിലെ പൊതുരാഷ്ട്രീയമണ്ഡലങ്ങളിൽ വളർന്ന അസ്വസ്ഥതയും എല്ലാം സ്കൂൾ അന്തരീക്ഷത്തെ ദോഷകരമായ ബാധിച്ചു. സേവനസന്നദ്ധരായ അധ്യാപകരുടേയും സ്കൂളിന്റെ നന്മമാത്രം ലാക്കാക്കി പ്രവർത്തിക്കുന്ന വെൽഫേർ കമ്മിറ്റിയുടേയും തീവ്രപരിശ്രമങ്ങൾക്കൊപ്പം നാട്ടിന്റെ സാമൂഹ്യമനസ്സാകമാനം

**ആദ്യത്തെ അധ്യാപകനായ കെ.ടി.എൻ.സുകുമാരൻ നമ്പ്യാർ അക്കാദമിക് രംഗത്ത് തന്റെ സവിശേഷമായ ശൈലിയിലൂടെ നല്ല തുടക്കമിട്ടു. പ്രഗൽഭരായ അധ്യാപക ശ്രേഷ്ഠരുടേയും കൂട്ടായ യത്നത്തിലൂടെ 1961 മാർച്ച് എസ്.എസ്.എൽ.സി. പ്രഥമ ബാച്ച് 86% വിജയം കൈവരിച്ചു. ബാലാരിഷ്ടതകളുടെ നീർക്കയങ്ങൾക്കിടയിൽ ലഭിച്ച മെച്ചപ്പെട്ട വിജയശതമാനം സ്കൂളിന്റെ ഭാവിയെക്കുറിച്ച് ശുഭപ്രതീക്ഷയുണർത്തി.**



വിദ്യാലയത്തിന്റെ ഉന്നതിക്കുവേണ്ടി നിലയുറപ്പിച്ചു. വളരെ പെട്ടെന്നുതന്നെ പിറകോട്ടടി തരണം ചെയ്യാൻ കഴിഞ്ഞു. 1976 ൽ 71% വിജയം കൈവരിച്ചുകൊണ്ട് സ്കൂളിന്റെ സൽപാരമ്പര്യം തിരിച്ചുപിടിച്ചു. തുടർന്നുള്ള വർഷങ്ങളിൽ 80 മുതൽ 95 ശതമാനം വരെ നിരവധി ഡിസ്റ്റിംഗ്ഷനുകളും ഫസ്റ്റ് ക്ലാസുകളും നേടിക്കൊണ്ട് വിജയത്തിന്റെ വെന്നിക്കൊടിപറപ്പിക്കാൻ കഴിഞ്ഞു. 33 ഡിവിഷനുകളിലേക്ക് ഹൈസ്കൂൾ തലത്തിൽ ക്ലാസുകളുടെ എണ്ണം വർദ്ധിച്ചമാത്രയിൽ സെമിപർമനന്റ് കെട്ടിടങ്ങളും ഷെഡ്ഡുകളും നിർമ്മിച്ച് പഠനസൗകര്യം ഒരുക്കാൻ ഒട്ടും അമാന്തം കാണിച്ചില്ല. 2005 മാർച്ച് മുതൽ നടപ്പിലായ ഗ്രേഡിംഗ് അടിസ്ഥാനമാക്കിയ പരീക്ഷാപരിഷ്കരണത്തോടെ ഉയർന്ന ഗ്രേഡുകളുമായി 100% വിജയമാണ് ഇപ്പോൾ കൈവരിച്ചുവരുന്നത്.

വിദ്യാലയചരിത്രത്തിലെ സുപ്രധാനമായ ഏടാണ് ഇംഗ്ലീഷ് മീഡിയം ക്ലാസിന്റെ പ്രവർത്തനം. 1964-65 വർഷം 5 പെൺകുട്ടികളിടക്കം 42 വിദ്യാർത്ഥികളാണ് ആദ്യത്തെ ബാച്ചിലെ പഠിതാക്കൾ. 1967 ൽ മികച്ച വിജയശതമാനത്തോടെ ആദ്യത്തെ ബാച്ച് പുറത്തിറങ്ങി. എന്നാൽ കേവലം രണ്ട് ബാച്ച് മാത്രം പ്രവർത്തിച്ച് ഇംഗ്ലീഷ് മീഡിയം ക്ലാസ്സ് അവസാനിക്കുകയാണുണ്ടായത്.

മറ്റൊരു പ്രധാനസംഭവമാണ് കരിവെള്ളൂർ ഗവ. ഹൈസ്കൂൾ "എ.വി. സ്മാരക ഗവ. ഹൈസ്കൂളായി " പുനർ നാമകരണം ചെയ്തത്. ആധുനിക കരിവെള്ളൂരിന്റെ ശില്പിയും ഈ വിദ്യാലയത്തിന്റെ സർവ്വസ്വവുമായിരുന്ന എ.വി. യുടെ ഓർമ്മ എന്നെന്നും നിലനിർത്തുന്നതിനായി 1987 ജൂൺ 2 നാണ് സ്കൂളിന്റെ പേര് എ.വി.സ്മാരക ഗവ. ഹൈസ്കൂൾ എന്നാക്കി ഉത്തരവായത്.

ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി 10+2+3 പാറ്റേൺ കേരളത്തിൽ നടപ്പിലാക്കിയതിന്റെ അടിസ്ഥാനത്തിൽ 1990 ൽ പ്ലസ് ടു സംവിധാനം നിലവിൽ വന്നു. 1991 സപ്തംബർ 2 ന് എ.വി.സ്മാരക ഗവ. ഹയർ സെക്കന്ററി സ്കൂളായി അപ് ഗ്രേഡ് ചെയ്തു. തുടക്കത്തിൽ 60 വിദ്യാർത്ഥികളുടെ ഒരു സയൻസ് ബാച്ച് അനുവദിച്ചെങ്കിലും താമസിയാതെ രണ്ടാമത്തെ സയൻസ് ബാച്ചും അനുവദിക്കപ്പെട്ടു. 30' x 20' അളവിൽ ക്ലാസ് മുറികളും 4 സയൻസ് ലബോറട്ടറികളും സമയബന്ധിതമായി തയ്യാറാക്കാൻ പി.ടി.എ. ശ്രമകരമായി യത്നിച്ചു. പ്ലസ് ടു സാർവ്വത്രികമായെങ്കിലും പലകാരണങ്ങളാലും കൊമേഴ്സ്, ഹ്യുമാനിറ്റീസ് ബാച്ചുകൾ ആരംഭിക്കുവാൻ സത്വരശ്രദ്ധ പതിഞ്ഞില്ല. ഈ പഞ്ചായത്തിലെ മിക്ക വിദ്യാർത്ഥികളും മറ്റ് സമീപവിദ്യാലയങ്ങളെ ആശ്രയിച്ചാണ് പ്രസ്തുത വിഷയങ്ങളിൽ പഠനം നടത്തിയത്. ഈ ദുരവസ്ഥ പരിഹരിക്കണമെന്ന പി.ടി.എ. യുടെ നിർബന്ധത്തിന്റെയടിസ്ഥാനത്തിൽ 2004-05 വർഷം ശ്രീ.കെ.പി.സതീഷ്ചന്ദ്രൻ എം.എൽ.എ. യുടെ നിരന്തര ശ്രമഫലമായി കൊമേഴ്സ് ബാച്ച് അനുവദിച്ചു. 9-8-2004 ന് ഉദ്ഘാടനം ചെയ്യപ്പെട്ട പ്രസ്തുത ബാച്ച് സർക്കാറിന് സാമ്പത്തിക ബാധ്യതയില്ലാത്ത 'അൺ എയിഡഡ് ബാച്ച്' ആയിട്ടാണ് അനുവദിച്ചത്. 2006 ൽ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ ഈ സമ്പ്രദായം അവസാനിപ്പിക്കുകയും അതേവർഷം ഹ്യുമാനിറ്റീസ് ബാച്ച് കൂടി അനുവദിക്കുകയും ചെയ്തതോടെ പൂർണ്ണ ഹയർസെക്കന്ററിയായി മാറി. ഇനിയും വിവിധ സബജക്ട് കോംബിനേഷനുകളിലൂടെ പ്ലസ് ടു വിപുലമാക്കാൻ സാധ്യതയുണ്ട്. നിരവധി എ+, എ ഗ്രേഡുകളുമായി 100% വിജയം സയൻസ് ബാച്ചും, 95% വിജയം കൊമേഴ്സ്, ഹ്യുമാനിറ്റീസ് ബാച്ചുകളും നിലനിർത്തുന്നുണ്ടെന്നത്

അഭിമാനാർഹം തന്നെ.

കഴിഞ്ഞ അഞ്ചുപതിറ്റാണ്ടുകാലത്തെ വിദ്യാലയത്തിന്റെ പ്രവർത്തനങ്ങളിലൂടെ രാജ്യത്തിനകത്തും പുറത്തും ഉന്നത സ്ഥാനങ്ങളലങ്കരിക്കുന്ന പരസഹസ്രം പ്രതിഭകളെ വാർത്തെടുക്കാൻ ഈ മഹൽസ്ഥാപനത്തിന് കഴിഞ്ഞു. പൊതുപരീക്ഷകളിൽ സംസ്ഥാനതലത്തിൽ റാങ്ക്ജേതാക്കളായി അഭിമാനകരമായ നേട്ടം കൈവരിച്ച നിരവധി വിദ്യാർത്ഥികളുണ്ട്. 1989 എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് 16-ാമത് സ്റ്റേറ്റ് റാങ്ക് ലഭിച്ച കെ.പ്രശാന്ത്, 1995 ൽ 5-ാം റാങ്ക് കരസ്ഥമാക്കിയ ദീപ്തി.ബി.. 1999 ലെ 11-ാം റാങ്ക് നേടിയ ഹൃദ്യ.ടി.എ., 2002 ലെ 15-ാം റാങ്ക് ലഭിച്ച ശ്രീകാന്ത്.എസ്., 2003 ലെപ്ലസ് ടു പരീക്ഷയിൽ ജില്ലയിലെ ഒന്നാം സ്ഥാനക്കാരനായ മനുപ്രസാദ് തുടങ്ങിയ പ്രതിഭകൾ വിദ്യാലയചരിത്രത്തിൽ എക്കാലവും തിളങ്ങി നിൽക്കും.

പാഠാനുബന്ധപ്രവർത്തനങ്ങളിലും വിദ്യാലയം സംസ്ഥാന തലത്തിൽ ശ്രദ്ധിക്കപ്പെടുന്നു. സംസ്ഥാനയുവജനോത്സവങ്ങളിൽ പൂരക്കളിയിലെ സ്ഥിരം ജേതാവ് എന്നതിനുപുറമെ സംഗീതം, നൃത്തം, ചിത്രകല, സാഹിത്യമത്സരങ്ങൾ, കായികമത്സരങ്ങൾ എന്നിവയിൽ തിളക്കമാർന്ന നേട്ടങ്ങൾ തുടർച്ചയായി നേടുന്നുണ്ട്. ശാസ്ത്ര-ഗണിതശാസ്ത്ര-സാമൂഹ്യശാസ്ത്ര- പ്രവൃത്തിപരിചയ മേളകളിൽ സ്കൂളിന്റെ മുൻനിരപങ്കാളിത്തം കഴിഞ്ഞകാലങ്ങളിലെല്ലാം ഉറപ്പാക്കി നേട്ടം കൊയ്തുവരുന്നു. ഈ ലേഖനത്തിന്റെ പരിധിയിലൊതുക്കാൻ വയ്യാത്തവിധം പലവിധ പുരസ്കാരങ്ങളുടെ നീണ്ടപട്ടികതന്നെയുണ്ട്.

പാഠ്യേതരരംഗത്തും ഗണനീയസ്ഥാനം വിദ്യാലയം കൈവരിച്ചുവരുന്നു. എൻ.എസ്.എസ്., സ്കൗട്ട് ഗ്രൂപ്പ്, റെഡ് ക്രോസ് തുടങ്ങിയവയിലൂടെ വിദ്യാർത്ഥികളുടെ സന്നദ്ധ പ്രവർത്തനങ്ങൾക്കും വ്യക്തിത്വവികസനത്തിനും വേണ്ട വ്യാപകമായ സാദ്ധ്യതകളുണ്ട്. 2003 സപ്തംബർ 24 ന് തുടക്കം കുറിച്ച സ്കൂൾ എൻ.എസ്.എസ്. പഞ്ചായത്തിനകത്തും പുറത്തും ശ്രദ്ധേയമായ നിരവധി സാമൂഹ്യപ്രവർത്തനങ്ങൾ ഇതിനകം നടത്തിയിട്ടുണ്ട്. നിർമ്മാണപ്രവർത്തനങ്ങളും ബോധവൽക്കരണവും നടത്തിവരുന്ന ഈ യൂണിറ്റിന്റെ നെറുകയിലെ പൊൻതൂവലായി പിലിക്കോട് പഞ്ചായത്തിലെ കൊടക്കാട് ഗ്രാമത്തിൽ 600 മീറ്റർ നീളത്തിൽ നിർമ്മിച്ച പൊള്ളപ്പൊയിൽ-വലിയുപറമ്പ് റോഡ് എന്നും ഓർമ്മിക്കപ്പെടും. ഡോ. സുകുമാർ അഴീക്കോടിന്റെ വാക്കുകൾ കടമെടുത്താൽ, "വിടർന്നു നിൽക്കുന്ന പൂവുകളിലെല്ലാം ചെന്ന് മധു നുകരുന്ന ശലഭത്തെപ്പോലെ വിജ്ഞാനതസ്കരരായ ഇവിടത്തെ അധ്യാപകർ കാരാഗ്രഹമാകുന്ന ക്ലാസ്സ് മുറികളുടെ മതിലുകൾ തകർത്ത് വിജ്ഞാന ഗേഹം പണിതുകൊണ്ടിരിക്കുന്നു." തലമുറകളിലേക്ക് കൈമാറിക്കൊണ്ടിരിക്കുന്ന മഹത്പാരമ്പര്യം ഒരു തപസ്യയെന്നോണം മുറുകെപിടിക്കുന്നവരുണ്ട്. ഈ വിദ്യാലയത്തിലെ ഗുരുശ്രേഷ്ഠർ അധ്യാപനരംഗത്തെന്നപോലെ വിദ്യാലയത്തിന്റെ ഭൗതികമായ ഉന്നമനത്തിലും ഇവരുടെ അമൂല്യസംഭാവനകൾ അർപ്പിച്ചവരാണ്.

സ്കൂളിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിൽ തുടക്കത്തിൽ വെൽഫെയർ കമ്മിറ്റിയും പിന്നീട് അധ്യാപക-രക്ഷാകർത്തൃസമിതിയും ത്യാഗപൂർണ്ണമായി പ്രയത്നിച്ചു. തന്റെ തിരക്കേറിയ ജീവിതത്തിനിടയിൽ സ്കൂളിന്റെ പ്രയാസങ്ങളും പ്രശ്നങ്ങളുമന്വേഷിച്ച് പരിഹാരം കാണുന്ന അധ്യാപകർക്ക് പ്രോത്സാഹനം നൽകാനും സദാ കടന്നുവരുന്ന സമാരാധ്യനായ എ.വി.യുടെ രൂപം എന്നും ഓർമ്മയിൽ വരികയാണ്. വെൽഫെയർ കമ്മിറ്റിയെ ശക്തമായി നയിച്ചിരുന്ന പരേതനായ കെ.ഗോവിന്ദൻ, കെ.കൃഷ്ണൻ മാസ്റ്റർ, കടിഞ്ഞിയിൽ ഗോവിന്ദൻ നായർ, കോളിയാടൻ നാരായണൻ മാസ്റ്റർ, തോട്ടോൻ വളപ്പിൽ കുഞ്ഞിരാമൻ, പി.പി.ചന്തൻകുഞ്ഞി, കെ.ടി.എൻ.ചിണ്ടൻ നമ്പ്യാർ, എം.പി.അപ്പുമാസ്റ്റർ, പി.നാരായണൻ നായർ, വെൽഫെയർ കമ്മിറ്റിയിലെ ജീവിച്ചിരിപ്പുള്ള പി.കുഞ്ഞപ്പൻ നായർ, എൻ.കെ.നാരു ഉണിത്തിരി എന്നിവരുടെ സേവനം മാതൃകാപരമാണ്. പിൽക്കാലത്ത്. പി.ടി.എ.രൂപംകൊണ്ടതോടെ കെ.കൃഷ്ണൻ മാസ്റ്റർ ദീർഘകാലം പ്രസിഡണ്ടെന്ന നിലയിൽ വിദ്യാലയത്തിന്റെ സർവ്വതോന്മുഖമായ ഉന്നമനം ലക്ഷ്യമാക്കി പ്രയത്നിച്ചു. സർവ്വശ്രീ പാവൂർ കുഞ്ഞിരാമൻ, പി.നാരായണൻ നായർ, ഇ.പി.കരുണാകരൻ, സി.ഗോപാലൻ, എം.വി.അപ്പുക്കുട്ടൻ, കെ.രവീന്ദ്രൻ നായർ, അഡ്വ.കെ.വിജയകുമാർ, നിലവിൽ പ്രസിഡണ്ടായ ശ്രീ.കൊച്ചി അമ്പു എന്നിവരുടേയും സഹ പ്രവർത്തകരുടേയും നേതൃത്വത്തിൽ ഒട്ടനവധി വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. ഒരു സർക്കാർ വിദ്യാലയം എന്നനിലയ്ക്ക് മാതൃകാപരമായ അച്ചടക്കം നിലനിർത്തുന്നതിന് അധ്യാപകർക്ക് സർവ്വപിന്തുണയും ഉറപ്പാക്കുന്നതിൽ പി.ടി.എ. കാണിക്കുന്ന ജാഗ്രത ശ്ലാഘനീയമാണ്.

സ്കൂൾ പടർന്ന് പന്തലിക്കുന്നതിനനുസരിച്ച് ആവശ്യങ്ങളും നിത്യേനയെന്നോണം കൂടിക്കൂടിവരുന്നു. പള്ളിക്കൊവ്വലിലെ ഓലഷെഡ്ഡിൽ നിന്നും ഓണക്കുന്നിലെ വിശാലമായ സ്ഥലം സ്കൂളിനായി സംഘടിപ്പിക്കുന്നതിൽ ദീർഘവീക്ഷണത്തോടെ ഏവിയും മറ്റും പ്രവർത്തിച്ചു. നാല് ക്ലാസ്സ് മുറികളുള്ള തുടക്കത്തിലെ സ്ഥിരം കെട്ടിടത്തിനുപുറമെ 1964 ൽ പണിത 5 മുറിവലുപ്പമുള്ള ഷെഡ്ഡ്, മെയിൻ കെട്ടിടത്തിന് പിറകിൽ 3 ക്ലാസ്സ് റൂം വലുപ്പത്തിൽ പണിത രണ്ട് സെമിപെർമനന്റ് കെട്ടിടങ്ങൾ എന്നിവ വെൽഫെയർ കമ്മിറ്റി പണികഴിച്ചവയാണ്. എൻ.ആർ.ഇ.പി. പദ്ധതിപ്രകാരം നാല് ക്ലാസ്സ് മുറികൾ സ്ഥിരം കെട്ടിടത്തിന് അനുവദിച്ച നാമമാത്രമായ ഫണ്ട് പോരാതെവന്നതിനാൽ ടിക്കറ്റ് വെച്ച് നാടകം നടത്തിക്കൊണ്ടാണ് ധനസമാഹരണം നടത്തിയത്. 1983-84 ൽ റവന്യൂജില്ലയിലെ ഒന്നാംസ്ഥാനത്തുള്ള വിദ്യാലയമെന്ന നിലയ്ക്ക് "ചാക്കീരി അഹമ്മദ് കുട്ടി ട്രോഫി" ലഭിക്കുകയുണ്ടായി. പ്രസ്തുത അർഹതയുടെ പേരിൽ ലഭിച്ച ഒരുലക്ഷം രൂപ വിനിയോഗിച്ച് തെക്കുഭാഗത്ത് രണ്ട് ക്ലാസ്സ് റൂം വലുപ്പത്തിൽ നിർമ്മിച്ച കെട്ടിടം (ഇപ്പോഴത്തെ പാചകശാല) അക്കാദമിക് മികവിന്റെ സാക്ഷ്യപത്രമാണ്. 1991 ൽ പ്ലസ് ടു അനുവദിച്ചതോടെ കെട്ടിടനിർമ്മാണം ഗൗരവമേറിയ പ്രശ്നമായി. 1997 ൽ ബഹു. എം.പി.ശ്രീ.ടി.ഗോവിന്ദന്റെ പ്രാദേശികവികസന ഫണ്ട് വിനിയോഗിച്ച് 25' x 20' അളവിൽ കിഴക്കുഭാഗത്ത് രണ്ട് ക്ലാസ്സ് മുറിവലുപ്പത്തിൽ ഇരുനില കെട്ടിണം പണിതു. പ്ലസ് ടു ലാബിന് ഭാഗികമായ പരിഹാരമുണ്ടാക്കാൻ അതുവഴി സാധിച്ചു.

1984 ൽ രജതജൂബിലി സ്മാരകമായി നിർമ്മിച്ച കോൺക്രീറ്റ് സ്റ്റേജ് സ്കൂൾ പൂർവ്വവിദ്യാർത്ഥിസംഘടനയുടെ ജൂബിലി ഉപഹാരമാണെന്നത് പ്രത്യേകം പ്രധാന്യമർഹിക്കുന്നു. അതേ സന്ദർഭത്തിൽതന്നെയാണ് പ്രബല അധ്യാപകസംഘടനയായ കെ.ജി.ടി.എ. യൂണിറ്റ് വാട്ടർ ടാങ്ക് നിർമ്മിച്ച് സ്കൂളിന് സംഭാവനയായി നൽകിയതും. 1988 ലെ കരിവെള്ളൂർ മുച്ചിലോട്ട് പെരുങ്കളിയാട്ടത്തോടനുബന്ധിച്ച് സംഘടിപ്പിച്ച പ്രദർശനത്തിൽ സ്കൂൾ ഒരുക്കിയ എക്സിബിഷൻ സ്റ്റാളിൽ നിനും ലഭിച്ച നീക്കിയിരിപ്പുസംഖ്യ വിനിയോഗിച്ചാണ് സ്റ്റാഫ് റൂമിൽ വേണ്ട അത്യാവശ്യം ഫർണിച്ചർ ഒരുക്കാൻ കഴിഞ്ഞതെന്നത് ഇല്ലായ്മകളുടെ ആഴം വ്യക്തമാക്കുന്നു. പിന്നീട് 1985 ൽ 50000 രൂപ ഫർണിച്ചർ നിർമ്മാണത്തിന് സർക്കാർ അനുവദിക്കുകയും പി.ടി.എ.തന്നെ പ്രവൃത്തി ഏറ്റെടുത്ത് പരമാവധി ഫർണിച്ചർ നിർമ്മിക്കുകയും ചെയ്തു. യഥേഷ്ടം സർക്കാർ ഫണ്ട് ലഭ്യമാക്കുന്ന സമീപകാലവുമായി ഒരു തരത്തിലും താരതമ്യം ചെയ്യാൻ പറ്റാത്തവണ്ണം ദുർഘടം പിടിച്ച കാലഘട്ടമായിരുന്നു ഒന്നര ദശകത്തിനപ്പുറത്തെ ഇത്തരം സർക്കാർ വിദ്യാലയങ്ങളുടെ നില.

1988 ജനുവരിയിലെ മുച്ചിലോട്ട് പെരുങ്കളിയാട്ട കമ്മിറ്റിയുടെ

അപേക്ഷപ്രകാരം കളിയാട്ടത്തിനുവേണ്ടി സ്കൂൾ വിട്ടുകൊടുത്ത സന്ദർഭത്തിൽ താൽക്കാലികമെന്ന പേരിൽ നിർമ്മിച്ച ഗേറ്റ് ആഘോഷത്തിനുശേഷം പൊളിച്ചുനീക്കാൻ വിസമ്മതിച്ച മുച്ചിലോട്ട് ദേവസ്വം ഭരണസമിതിയുടെ നിലപാട് ഏറെ കോളിളക്കം സൃഷ്ടിക്കുകയുണ്ടായി. ബഹു. കോടതികൾ സ്കൂളിനനുകൂലമായി വിധികൾ പുറപ്പെടുവിച്ചെങ്കിലും വിധി നടപ്പിലാക്കാൻ ബന്ധപ്പെട്ടവർതയ്യാറായില്ല. വിദ്യാർത്ഥികളുടെ ജീവന് ഭീഷണിയായി തലങ്ങും വിലങ്ങും ചീറിപ്പായുന്ന വാഹനങ്ങളിൽ നിന്നും രക്ഷ നൽകാൻ ചുറ്റുമതിൽ അത്യന്താപേക്ഷിതമായി വന്നു. ബഹു. എം.പി. ,ടി.ഗോവിന്ദൻ അനുവദിച്ച ഫണ്ട് വിനിയോഗിച്ച് മതിൽ കെട്ടാൻ തീരുമാനിച്ചപ്പോഴും സങ്കീർണ്ണമായ സ്ഥിതി സംജാതമായി. ഒടുവിൽ പൂർണമായ അർഥത്തിലുള്ള മതിൽ നിർമാണം അസാധ്യമായിവന്നു. സ്കൂളിന്റെ അഭ്യുന്നതിക്കുവേണ്ടി സർവ്വതും സമർപ്പിച്ചിരുന്ന മുൻതലമുറയുടെ ത്യാഗത്തിന്റെ ചരിത്രത്തിൽ അല്പമെങ്കിലും കളങ്കം കലർത്തുകയായിരുന്നു ഇത്തരം ചില നിലപാടുകൾ. ആത്മീയചൈതന്യമായ ഈ ഭഗവതീ ക്ഷേത്രവും അറിവിന്റെ നറുവെളിച്ചം തലമുറകളിലേക്ക് പകരുന്ന സരസ്വതീ ക്ഷേത്രവും ഇഴപിരിയാൻ വയ്യാത്തവിധം നാട്ടിന്റെ ആത്മബന്ധം അരക്കിട്ടുറപ്പിക്കുവാൻ ഏവരും മുന്നോട്ട് വരുമെന്നത് നിസ്തർക്കമാണ്.

**ഈ വിദ്യാലയത്തിന്റെ പിറവിതൊട്ട് നാളിതുവരെയുള്ള വളർച്ചയിൽ എക്കാലത്തും സമൂഹമനസ്സിന്റെ ക്രിയാത്മകമായ ഇടപെടലും അനുഗ്രഹാശിസ്സുകളും മുറ്റിനിൽക്കുന്നതായി കാണാം. കരിവെള്ളൂർ എ.വി.സ്മാരക ഗവ. ഹയർ സെക്കന്ററി സ്കൂളിനെ മറ്റ് പല വിദ്യാലയങ്ങളിൽ നിന്നും വേർതിരിക്കുന്ന ഘടകവും ഇതാണ്.**

സ്കൂൾ പ്രവർത്തനത്തിന് ഒഴിച്ചുകൂടാൻ പറ്റാത്ത 'ഗാന്ധിമന്ദിരം' സ്ഥിതി ചെയ്ത 27 സെന്റ് സ്ഥലത്തിന്റെ അക്വിസിഷൻ 1982 ൽ പൂർത്തീകരിച്ചെങ്കിലും വർഷങ്ങൾ പിന്നിട്ടപ്പോൾ എം.പി.ഫണ്ടിൽ മതിൽ പണിക്ക് മുതിർന്നപ്പോഴാണ് 5 സെന്റിന്റെഅവകാശവാദവുമായി പുതിയ പ്രശ്നം പൊന്തിവന്നത്. സ്കൂളിന് പൂർണ്ണമായും വിട്ടുകൊടുത്ത സ്ഥലത്ത് "5 സെന്റ്" എന്ന പുതിയ പ്രശ്നം ദുരൂഹമായിനിലനിൽക്കുന്നു. സ്കൂളിന്റെ അഭേദ്യഭാഗമായ ഈ സ്ഥലത്തിന് വേണ്ടിയുള്ള വാദങ്ങൾ സ്കൂളിന്റെ വിശാലതാല്പര്യത്തിന് ഹാനികരം തന്നെ.

സ്കൂൾ സ്ഥലത്തോടുരുമ്മി സ്ഥിതിചെയ്യുന്ന മഹിളാസമാജം കെട്ടിടവും ബാലവാടിയും ഉൾപ്പെട്ട സ്ഥലവും സ്കൂളിന് അവശ്യം ആവശ്യമാണ്. 2003-04 ൽ സമാജം പ്രസിഡണ്ടായിരുന്ന ശ്രീമതി വി.മാണിക്കം ടീച്ചറും സമാജം പ്രവർത്തക കമ്മിറ്റിയും സ്കൂൾ അധികൃതരുമായുണ്ടാക്കിയ ധാരണ പ്രകാരം പകരം സ്ഥലം പടിഞ്ഞാറ് അതിർത്തിയിൽ നൽകി പരിഹരിക്കാൻ തീരുമാനിച്ചെങ്കിലും സർക്കാറിൽ നിന്നും ഇനിയും ഉത്തരവുണ്ടായിട്ടില്ല. സാങ്കേതിക കുരുക്കുകൾ തീർത്ത് പ്രസ്തുതസ്ഥലം കൈമാറ്റം ചെയ്യുന്നപക്ഷം ചുറ്റുമതിൽ പൂർത്തീകരിക്കാനും കളിസ്ഥലം മെച്ചപ്പെടുത്താനും കഴിയും.

സുവർണ്ണജൂബിലിയിലേക്ക് നടന്നടുക്കുന്ന വിദ്യാലയത്തിന്റെ കെട്ടിടസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് വേണ്ടി നടത്തിയ ഒരു പ്രധാന ശ്രമം എടുത്തുപറയേണ്ടതുണ്ട്. എ.വി.യുടെ അന്തിമാഭിലാഷത്തിന്റെ സാക്ഷാൽക്കാരം കൂടിയാണ് പടിഞ്ഞാറ് ഭാഗത്തുണ്ടായിരുന്ന 5 മുറി പഴയ കെട്ടിടത്തിന്റെ സ്ഥാനത്ത് തലയുയർത്തി നിൽക്കുന്ന പുതിയ കോൺക്രീറ്റ് കെട്ടിടം "കരിവെള്ളൂരിന്റെ കരളിൽ നിന്നൊരു പന്തം" - എന്ന ലേഖനത്തിൽ (എ.വി.സ്മാരക ഹാൾ നിർമ്മാണകമ്മിറ്റി സ്മരണിക 92) കരിവെള്ളൂർ മുരളി ഇങ്ങനെ രേഖപ്പെടുത്തുന്നു.

"ഈ ദിവസങ്ങളിൽ അച്ഛൻ ഇടക്കിടെ പറഞ്ഞുകൊണ്ടിരുന്ന ഒരു കാര്യമുണ്ട് - കരിവെള്ളൂർ ഹൈസ്കൂളിന്റെ ഇരുനില കെട്ടിടം. വിദ്യാഭ്യാസ സ്പെഷ്യൽ സെക്രട്ടറി നാഗരാജനുമായി ഒന്നുരണ്ടുതവണ ഫോണിൽ സംസാരിച്ചു. 3-ാം തീയ്യതി എം.വി.രാഘവനെ കണ്ടപ്പോൾ അച്ഛൻ പറഞ്ഞു - "രാഘവാ ഒന്ന് നമുക്ക് മന്ത്രി ബേബിജോണിനെ കാണണം, കരിവെള്ളൂർ ഹൈസ്കൂളിന്റെ ഇരുനില കെട്ടിടം". ജൂൺ 4 ന് അർദ്ധബോധാവസ്ഥയിലും അച്ഛൻ മന്ത്രിച്ചുകൊണ്ടിരുന്നു - നമ്മുടെ ഇരുനില കെട്ടിടം."

ആ മഹാത്മാവിന്റെ അന്ത്യാഭിലാഷം പൂർത്തീകരിക്കുന്നതിനായി ഫണ്ട് അനുവദിച്ചെങ്കിലും സാങ്കേതിക അനുമതിയുടെ കുരുക്കിൽ ഏറെക്കാലം കുരുങ്ങിക്കിടന്നു. ജനകീയാസൂത്രണ പദ്ധതി നടപ്പിലായപ്പോൾ ഹൈസ്കൂൾ ജില്ലാ പഞ്ചായത്തിന്റെ അധികാര പരിധിയിലായതോടെ, എന്തുകൊണ്ടോ ഇരുനില കെട്ടിടത്തിന്റെ സാധ്യത മങ്ങി. 2003-04 വർഷത്തിൽ പി.ടി.എ. യും, പഞ്ചായത്ത് പ്രസിഡണ്ട് കെ.നാരായണനും മറ്റും നടത്തിയ കഠിനയത്നത്തിന്റെ ഫലമായി അന്നത്തെ എം.എൽ.എ. കെ.പി.സതീഷ് ചന്ദ്രന്റെ പ്രാദേശിക വികസനഫണ്ട് (3 ലക്ഷം) ജില്ലാപഞ്ചായത്ത് ഫണ്ട് (5 ലക്ഷം) എന്നിവ വിനിയോഗിച്ച് രണ്ടുനില പൂർത്തിയാവുകയും ബഹു. എം.പി. ശ്രീ.പി.കരുണാകരന്റെ വികസന ഫണ്ട് (10 ലക്ഷം) കൊണ്ട് മൂന്നാം നില പണി താമസിയാതെ ആരംഭിക്കുന്നതിനും സാധിച്ചത് അളവറ്റ ആഹ്ലാദത്തിനു വക നൽകുന്നുണ്ട്. അന്ന് നിലവിലുണ്ടായിരുന്ന പഴയ കെട്ടിടം പൊളിച്ച് മാറ്റാനുള്ള സർക്കാർ അനുമതിക്ക് മാസങ്ങളോളം നിരന്തരശ്രമങ്ങൾ വേണ്ടിവന്നു. മൂന്ന് നിലകളുടേയും പണി പൂർത്തിയാവുന്നതോടെ സ്കൂളിന് തലയെടുപ്പുള്ള കെട്ടിടമെന്ന എ.വി.യുടെ ചിരകാല ആഗ്രഹം സാക്ഷാത്കരിക്കാൻ സാധിക്കുകയും വിദ്യാലയത്തിന്റെ മുഖച്ഛായതന്നെ മാറുകയും ചെയ്തു.

ഈ വിദ്യാലയത്തിന്റെ പിറവിതൊട്ട് നാളിതുവരെയുള്ള വളർച്ചയിൽ എക്കാലത്തും സമൂഹമനസ്സിന്റെ ക്രിയാത്മകമായ ഇടപെടലും അനുഗ്രഹാശിസ്സുകളും മുറ്റിനിൽക്കുന്നതായി കാണാം. കരിവെള്ളൂർ എ.വി.സ്മാരക ഗവ. ഹയർ സെക്കന്ററി സ്കൂളിനെ മറ്റ് പല വിദ്യാലയങ്ങളിൽ നിന്നും വേർതിരിക്കുന്ന ഘടകവും ഇതാണ്. ഏതൊരു വിദ്യാലയത്തിന്റേയും മൂന്ന് സുപ്രധാന കൈവഴികളാണ് വിദ്യാർത്ഥികളും, രക്ഷകർത്താക്കളും അധ്യാപകരും. ഇവരുടെ സമഞ്ജസമായ പാരസ്പര്യമാണ് ഈ വിജ്ഞാനകേന്ദ്രത്തിന്റെ വിജയത്തിന് നിദാനം. പിന്നിട്ട വഴികൾ ഏറെ ദുർഘടം പിടിച്ചതായിരുന്നെങ്കിലും ഈ സരസ്വതീക്ഷേത്രത്തിന്റെ പൊൻപ്രഭയും സുഗന്ധവുമേറ്റ് സമൂഹത്തിന്റെ വൈവിധ്യമാർന്ന തുറകളിൽ ജീവിതം സാർത്ഥകമാക്കിക്കൊണ്ടിരിക്കുന്ന പരസഹസ്രം വിദ്യാർത്ഥികളും അവരുടെ രക്ഷിതാക്കളും എക്കാലവും തങ്ങളുടെ ഹൃദയത്തിന്റെ ഉള്ളറകളിൽ എ.വി.സ്മാരക ഗവ. ഹയർ സെക്കന്ററി സ്കൂളിന് ഇടം നൽകിക്കൊണ്ടിരിക്കുമെന്നത് കാലം തെളിയിച്ചിട്ടുണ്ട്.

അഞ്ചുപതിറ്റാണ്ടുകാലത്തെ അഭിമാനകരമായ നേട്ടങ്ങൾ സുവർണ്ണജൂബിലിയുടെ ഈ ചരിത്രമുഹൂർത്തത്തിൽ ഏവരേയും ആവേശഭരിതരാക്കുന്നു. വിദ്യാഭ്യാസരംഗത്തും മറ്റുജീവിത മണ്ഡലങ്ങളിലും അനുനിമിഷം സംഭവിക്കുന്ന മാറ്റങ്ങളുടെ വിസ്ഫോടനങ്ങളും പുതിയ കുതിപ്പുകളും നമ്മുടെ പ്രിയപ്പെട്ട ഈ വിദ്യാലയത്തിന്റെ ഭാവിയെ പ്രതീക്ഷാനിർഭരമാക്കുന്നുണ്ട്.



# കരിവെള്ളൂർ
# പരിസ്ഥിതി-ഭൂമിശാസ്ത്ര മാറ്റങ്ങൾ

പി.വി.നാരായണൻ
(എം.എസ്.സി.)

ഭൂമിശാസ്ത്രപരമായ മാറ്റങ്ങൾ കൊണ്ടും ചരിത്രപരമായ പ്രാധാന്യം കൊണ്ടും കേരളത്തിന്റെ ഭൂപടത്തിൽ സവിശേഷ സ്ഥാനമുള്ള പ്രദേശമാണ് കരിവെള്ളൂർ. കണ്ണൂർ ജില്ലയുടെ വടക്കേയറ്റത്ത് കിടക്കുന്ന കാർഷിക പ്രധാനമായ കരിവെള്ളുവന്റെ ഊര് ഒരുകാലത്ത് നിരവധി ചെറുകുന്നുകളും നീരുറവകളും കാവുകളും കൊണ്ട് സമ്പന്നമായ പ്രദേശമായിരുന്നു. എന്നാൽ മനുഷ്യന്റെ അശാസ്ത്രീയമായ ഇടപെടലിന്റെ ഫലമായും, പ്രകൃതിക്ക് ഇണങ്ങാത്ത കൃഷി സമ്പ്രദായത്തിന്റെ ഫലമായും ഉണങ്ങാത്ത മുറിവുകൾ ഏറെ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു ഇന്ന്. കരിവെള്ളൂരിന്റെ കിഴക്കൻ പ്രദേശങ്ങൾ ഒരുകാലത്ത് ജൈവസമ്പത്തുകൊണ്ട് വിശേഷിച്ച് കാവുകൾകൊണ്ട് അനുഗൃഹീതമായ പ്രദേശമായിരുന്നു. ഒയോതും കാവ്, പാച്ചേനിക്കാവ്, പതീലക്കാവ്, കടവിലക്കാവ്, കുടുവക്കുളങ്ങരക്കാവ്, വരീക്കരക്കാവ് തുടങ്ങി ഒട്ടനവധി നിത്യഹരിതവനങ്ങൾ ചാരുതതീർത്ത പ്രദേശങ്ങൾ ഇന്ന് ഗതകാലകഥകളുടെ തണലിൽ വിശ്രമിക്കുന്നു. വംശനാശഭീഷണി നേരിടുന്ന പല സസ്യങ്ങളുടേയും കലവറയായിരുന്നു പരാമർശിക്കപ്പെട്ട കാവുകൾ. വംശനാശം നേരിടുന്ന വനവൃക്ഷമായ വാതംകൊല്ലി (കാട്ടുഞാവൽ) പലിയേരി തടുപ്പക്കുളങ്ങര കാവിന്റെ (ഇപ്പോഴത്തെ മൂകാംബിക ക്ഷേത്ര കാവ്) പ്രത്യേകതയാണ്. ഇത്കൂടാതെ മൈലോശിക, അപ്പ, കാട്ടുമുതിര, അരിച്ചുരൽ, നാഗത്തുമ്പ, പുത്രഞ്ചാരി, കാളമുഖം, കാട്ടുതവര, ചെറുരുദ്രാക്ഷം, കാട്ടുമുല്ല, കാട്ടുഴുന്ന്, കദംബവള്ളി, ചോരപ്പൈൻ, അതിരാണി, കാട്ടുകുരുമുളക്, വള്ളിക്കാഞ്ഞിരം തുടങ്ങി അപൂർവ്വ സസ്യ ജനുസ്സുകളുടെ ആവാസ സ്ഥലമാണ് പ്രസിദ്ധമായ മൂകാംബിക ക്ഷേത്രക്കാവ്. ഇതിനു പുറമെ ചെറുതും വലുതുമായ നിരവധി കാവുകൾ ഈ ഗ്രാമത്തിന്റെ പടിഞ്ഞാറൻ ഭാഗങ്ങളിൽ തലയുയർത്തി നിന്നിരുന്നു. ജലസേചനത്തിനും, കുളിക്കാനും വേണ്ടി നിർമ്മിച്ച നൂറോളം കുളങ്ങൾ ഈ കൊച്ചുഗ്രാമത്തിലുണ്ടായിരുന്നു. കാവുകളാണ് മിക്ക കുളങ്ങളെയും സംരക്ഷിച്ച് നിർത്തിയത്. വെള്ളിയരഞ്ഞാണം പോലെ മൂന്ന് വലിയ തോടുകൾ, മൂന്ന് നീർത്തടങ്ങളെ സൃഷ്ടിച്ചിട്ടുണ്ട്. നൂറ്റാണ്ടുകളിലൂടെ പ്രകൃതിനേടിയ സന്തുലനാവസ്ഥയെ പരിപുഷ്ടമാക്കുന്നത്, ഈ മൂന്ന് നീർത്തടങ്ങളാണ്. പഞ്ചായത്തിന്റെ തെക്കുപടിഞ്ഞാറ് ഭാഗത്ത് മൂന്ന് തോടുകളും വൈരം മറന്ന് ഒരുമിച്ച് ചേർന്ന് ചരിത്രപ്രസിദ്ധമായ കുണിയൻ പുഴയായി കവ്വായി പുഴയിൽ സംഗമിക്കുന്നു. മണ്ണും ജലവും ജൈവസമ്പത്തും ഇടചേർന്ന് ഒരു പാരിസ്ഥിതിക കൂട്ടായ്മ വളർന്നുവന്ന ഈ ഗ്രാമത്തിൽ നെൽപ്പാടങ്ങളുടേയും ഉൾനാടൻ കുന്നുകളുടേയും സാന്നിധ്യം ഒരു കാർഷിക സംസ്കൃതിക്ക് കളമൊരുക്കിയിരിക്കുന്നു. കരിവെള്ളൂർ പെരളം ഗ്രാമപഞ്ചായത്തിലെ പതിനൊന്ന് പാടശേഖരങ്ങളിലായി പരന്നുകിടക്കുന്ന കണ്ണെത്താത്ത വയലുകൾ, വർഷകാലത്ത് പച്ചപ്പരവതാനി വിരിച്ചതുപോലെ, ആരുടേയും മനംകവരുന്ന കാഴ്ചയായിരുന്നു. കൊടുംവേനലിലും കരിവെള്ളൂരിലെ ഇടനാടൻ കുന്നുകൾ തെളിനീർ ചുരത്തി പാടശേഖരങ്ങളെ ആർദ്രമാക്കി. നീർത്തടങ്ങളുടെ മിക്ക പ്രദേശങ്ങളും കൃഷിക്ക് അനുയോജ്യമായ സ്ഥലമാണ്. എന്നാൽ അവിടവിടെ കരിമ്പാറക്കൂട്ടങ്ങൾ കാണാവുന്നതാണ്. ഇവ കൂടുതൽ കാണുന്നത് പുത്തൂർ നീർത്തടത്തിലെ ആവാഗക്ഷേത്രങ്ങളിലാണ്. തോടിനോട് ഉരുമ്മി നിൽക്കുന്ന വയലുകൾ രണ്ടുവിള, മൂന്ന്വിള ഭൂമിയാണ്. എന്നാൽ തോടിൽ നിന്ന് അകന്നുനിൽക്കുന്നവ, ഒറ്റവിള ഇറക്കിയതിനുശേഷം ഇടക്കാല വിളകളായ ഉഴുന്ന്, പയർ, മുതിര, പച്ചക്കറി എന്നിവയ്ക്ക് വഴിമാറിക്കൊടുക്കാറുണ്ട്. വയൽക്കരകളിൽ കവുങ്ങ്, തെങ്ങ്, മരച്ചീനി, വാഴ എന്നിവയും കൃഷി ചെയ്തിരുന്നു. കുറേക്കൂടി ഉയർന്ന പ്രദേശങ്ങളിൽ മാവ്, പ്ലാവ്, പറങ്കിമാവ് എന്നീ കൃഷികളും സുലഭമായി കണ്ടിരുന്നു. പുത്തൂർ നീർത്തടത്തിന്റെ വടക്കുകിഴക്ക് ഭാഗങ്ങൾ ഒരുകാലത്ത് കശുവണ്ടികൃഷിയുടെ പറുദീസയായിരുന്നു. എന്നാൽ ഇന്ന് റബ്ബറിന്റെ കുത്തൊഴുക്കിൽ ഈ പ്രദേശം വഴിമാറി സഞ്ചരിക്കാൻ തുടങ്ങിയിട്ടുണ്ട്. പഞ്ഞ കർക്കിടകം വരെ നീണ്ടുനിൽക്കുന്ന ചക്കയും. മാങ്ങയും ഒരുകാലത്ത് പാവപ്പെട്ടവരുടെ പശിയടക്കുന്ന ഭക്ഷ്യവിഭവങ്ങളായിരുന്നു. പച്ചക്കറിയുടേയും നേന്ത്രക്കായയുടേയും കാര്യത്തിൽ സ്വന്തം കാലിൽ നിൽക്കാൻ ഈ ഗ്രാമം പഠിച്ചിരുന്നു.



കാർഷികവൃത്തിക്ക് അനുയോജ്യമായ കന്നുകാലി സമ്പത്തും ഇവിടെ ഉണ്ടായിരുന്നു. മിക്കവാറും വീടുകളിൽ പോറ്റുമൃഗങ്ങളായി പശു, ആട്, എരുമ എന്നിവ വളർത്തിയിരുന്നു. പാലും പാലുൽപ്പന്നങ്ങളും വേണ്ടത്ര അളവിൽ ലഭ്യമായിരുന്നു. ചുരുക്കത്തിൽ ജലസ്രോതസ്സുകൾകൊണ്ട് അനുഗ്രഹീതമായ ഒരു പ്രദേശം, കാവുകൾ കൊണ്ട് അലങ്കാരവും ചമൽക്കാരവും തീർത്ത നീർമറികൾ, കണ്ണെത്താത്ത നെൽവയലുകൾ, ഫലഭൂയിഷ്ടമായ സമതല പ്രദേശം, അധ്വാനശീലരായ വർഗ്ഗബോധമുള്ള ഒരു ജനത ഇതിൽപരം സൗഭാഗ്യം ഒരു പ്രദേശത്തിന്

ലഭിക്കാനുണ്ടോ?

എന്നാൽ കഴിഞ്ഞ മൂന്ന് നാല് ദശകങ്ങളിലായി, ഭൂവിനിയോഗത്തിൽ കാതലായ മാറ്റങ്ങൾ സംഭവിച്ചു. നെൽപ്പാടങ്ങൾ പുരയിടങ്ങളും തെങ്ങിൻ തോപ്പുകളുമായി മാറി. നെൽകൃഷി വർഷംതോറും ചുരുങ്ങി ച്ചുരുങ്ങി വരാൻ തുടങ്ങി. ഏതാണ്ട് 60 ശതമാനത്തോളം നെൽപ്പാടങ്ങൾ പറമ്പ് വൽക്കരണത്തിന്റെ പിടിയിൽ അമർന്ന് കഴിഞ്ഞു. നെൽകൃഷി ആദായകരമല്ലാതായി, ജോലിക്ക് ആളെ കിട്ടാതായി, ഉൽപ്പന്നത്തിന് മാർക്കറ്റ് ഇല്ലാതായി, നെൽവിത്ത് കിട്ടാതായി, ഉൽപ്പാദനക്ഷമതയുടെ ഗ്രാഫ് വർദ്ധിക്കാതായി. ഇങ്ങിനെ ഒരുപാട് ഇല്ലായ്മകളുടേയും കിട്ടായ്മകളുടേയും കയത്തിൽ പെട്ട് നെൽകൃഷി ഉപേക്ഷിക്കാൻ കർഷക മക്കൾ അറച്ചറച്ചാണെങ്കിലും നിർബന്ധിക്കപ്പെട്ടു. ഇതുമൂലം നെല്ലിന്റെ ഉൽപ്പാദനം കുറഞ്ഞുവെന്ന് മാത്രമല്ല നിലവിലുള്ള പാടങ്ങളിൽ കൊയ്ത്തിന് ശേഷം കൃഷി ചെയ്തിരുന്ന പയറ്വർഗ്ഗങ്ങൾ, പച്ചക്കറികൾ എന്നിവ കുറഞ്ഞതും ചില സ്ഥലങ്ങളിൽ പൂർണ്ണമായും ഇല്ലാതായതും കാർഷികവൃത്തിയുടെ അടിത്തറ ഇളക്കാനിടയായി. പഞ്ചായത്തിന്റെ കിഴക്കൻ ഭാഗങ്ങളിൽ കാണപ്പെട്ട ഇടതൂർന്ന കാടുകൾ വെട്ടിവെളുപ്പിച്ച് നാണ്യവിളകൾ കൃഷിചെയ്യാൻ തുടങ്ങിയതോടെ പാരിസ്ഥിതിക തകർച്ചക്ക് ഈട്ടം കൂടിവന്നു. കരിവെള്ളൂരിന്റെ സവിശേഷമായ പ്രകൃതിയാൽ മികച്ച്നിന്ന ഇടനാടൻ കുന്നുകൾ ജെ.സി.ബി. എന്ന രാക്ഷസ ഭീമന്റെ സംഹാരശേഷിക്ക് ഇരയായി. കണ്ണ് ചിമ്മി തുറക്കുന്ന വേഗത്തിലാണ് നിരവധി കുന്നുകൾ പ്രകൃതിയിൽ നിന്നും അടർത്തി മാറ്റപ്പെട്ടത്. ബാക്കിയുള്ളവ നേർച്ചക്കോഴികളെപ്പോലെ അവസരം കാത്ത് നിൽക്കുന്നു. ഒരു പ്രദേശത്തിന്റെ സ്ഥലനാമം പോലും പിറവിയെടുത്തത് കുന്നുകളുടെ കൂട്ടായ്മയിൽനിന്നാണ്. എന്നാൽ കുന്നുകൾ നാമാവശേഷമായിട്ടും ചരിത്രത്തിന്റെ നിയോഗം പോലെ ഓണക്കുന്ന് തല താഴ്ത്തി നിൽക്കുകയാണ്. ഇവിടത്തെ ജനങ്ങൾക്ക് പഴയ രണ്ട് കുന്നുകൾ ചരിത്രത്തിന്റെ താളുകളിൽ മറഞ്ഞു നിൽക്കുന്ന കുളിരുള്ള ഓർമ്മകൾ മാത്രമാണ്. ചിറക്കൽ



**കണ്ണ് ചിമ്മി തുറക്കുന്ന വേഗത്തിലാണ് നിരവധി കുന്നുകൾ പ്രകൃതിയിൽ നിന്നും അടർത്തി മാറ്റപ്പെട്ടത്. ബാക്കിയുള്ളവ നേർച്ചക്കോഴികളെപ്പോലെ അവസരം കാത്ത് നിൽക്കുന്നു.**

കോവിലകം പടയോട്ടത്തെ തടുത്ത് നിർത്തിയത് ഓണക്കുന്നിന്റെ ഹൃദയ ഭാഗത്തുവെച്ചാണ്. തടുത്തിട്ട കൊവ്വൽ എന്നും ഈ പ്രദേശത്തെ പഴമക്കാർ വിളിക്കാറുണ്ട്. നിലാവുള്ള രാത്രിയിൽ കുമ്പളം പൂത്ത് നിൽക്കുന്നതുപോലെ പ്രഭ ചൊരിയാറുള്ള ചേടിക്കുന്ന് ഇന്നെവിടെ? വേട്ടവൻകുന്നും, കോട്ടക്കുന്നും കൂളിപ്പാറയും ചുവന്നകുന്നും നിലനിൽപ്പിന്നുവേണ്ടി നിലവിളിക്കുന്ന കാഴ്ച ദയനീയം തന്നെ.

ചെങ്കൽ കുന്നുകളിലെ സുഷിരങ്ങളിൽ പതിയിരിക്കുന്ന ജലമാണ് വേനൽക്കാലത്ത് കനിഞ്ഞിറങ്ങി തോടുകളിലും, കിണറുകളിലും എത്തിപ്പെടുന്നത്.

മഴവെള്ളം ഭൂമിക്കടിയിൽ ഇറങ്ങാൻ പ്രകൃതി കനിഞ്ഞനുഗ്രഹിച്ച എല്ലാ വഴികളും നാമടച്ചുകൊണ്ടിരിക്കുന്നു. നെൽവയലുകളിൽ വർഷകാലത്ത് കഴുത്തറ്റംവരെ വെള്ളം കെട്ടി നിൽക്കുമായിരുന്നു. വയലുകളിൽ കെട്ടിക്കിടക്കേണ്ട വെള്ളമാണ് പറമ്പ് വൽക്കരണത്തിന്റെ ഫലമായി നിമിഷനേരം കൊണ്ട് ഒഴുകി കടലിൽ എത്തുന്നത്. റോഡിന് വേണ്ടി മണ്ണെടുക്കാൻ എന്ന വ്യാജേന മണ്ണിട്ട് നികത്തിയത് നമ്മുടെ ഇരുപ്പുവിള, മൂപ്പുവിള കണ്ടങ്ങളാണ്. ഇങ്ങനെ നഷ്ടപ്പെട്ട വയലുകളാണ് അയത്രവയൽ, വറക്കോട്ട്വയൽ, വെള്ളവയൽ, മാലാപ്പ്വയൽ, മുണ്ട ചീറ്റതുടങ്ങിയവ. വയൽ നികത്തുന്നതും കുന്നിടിക്കുന്നതും സൂക്ഷ്മ പരിസ്ഥിതിയെ സാരമായി ബാധിക്കുന്ന ഘടകങ്ങളാണ്. ചെമ്മീൻ കൃഷിയുടേയും പറമ്പ്വൽക്കരണത്തിന്റേയും ഫലമായി കുണിയൻ പുഴയുടെ തീരത്തുള്ള കണ്ടൽക്കാടുകൾ ഭാഗികമായി നശിപ്പിച്ചു. നിരവധി അപൂർവ്വ ഇനം പക്ഷികളുടെ സങ്കേതമാണ് കുണിയനിലെ കണ്ടൽ കാടുകൾ. കൂട്ടുകുടുംബ വ്യവസ്ഥിതിയുടെ തകർച്ചയും ധനമോഹവും കാവുകൾ നശിക്കാൻ ഇടയാക്കി. നീർച്ചാലുകളും കുളങ്ങളും വറ്റാൻ ഇത് കാരണമായി.

ആഗോളവൽക്കരണത്തിന്റെ ആലിംഗനത്തിൽ ഏറ്റവുമധികം അമർന്നു കഴിഞ്ഞ ഒരു ജനതയാണ് മലയാളികൾ. തെറ്റായ വികസനത്തിന്റെ കുലംകുത്തിയൊഴുക്കിൽ ഞെരിഞ്ഞമർന്നത് പ്രകൃതിയുടെ സന്തുലനമാണ്. ഈ കണ്ടെത്തൽ അക്ഷരംപ്രതി ശരിയാണന്ന് കരിവെള്ളൂരിന്റെ ഗതകാലപ്രഭാവം നമ്മെ ഓർമ്മിപ്പിക്കുന്നു.



കുണിയൻ പുഴ



ഈയ്യക്കാട്ട് തോട്



# ഓർമ്മയുടെ പെൽമരത്തണലുകൾ

അമ്പതുകൊല്ലം കഴിഞ്ഞുപോയ്, ഇന്നുമാ
സംഭവത്തിന്നിതേ ഭേദമുള്ളൂ.
പെങ്ങൾക്കൊരെള്ളിൻപൂവൊത്ത മൂക്കിൽ
തൂങ്ങിനപൊൻ ഞാത്തുണ്ടായിരുന്നു
ആങ്ങളതൻ മുഖം പൗഡർ പൂശി
മിന്നിത്തിളങ്ങിയിരുന്നുമില്ല.
രണ്ടു മുഖങ്ങളിലമ്പരപ്പും
രണ്ടു മുഖങ്ങളിൽ സ്നേഹവായ്പും
ഏന്തിത്തുളുമ്പും തുളുമ്പലുകൾ
ഏറെയുമില്ല, കുറവുമില്ല.....

(ഇടശ്ശേരി)

# ഓർമ്മകൾ വീണ്ടും പടി കയറുമ്പോൾ

(1958 ൽ ആരംഭിച്ച കരിവെള്ളൂർ ഹൈസ്കൂളിലെ ആദ്യ ബാച്ച് വിദ്യാർത്ഥികളുടെ ഓർമ്മകളെ മുൻനിർത്തി **പ്രകാശൻ കരിവെള്ളൂർ** തയ്യാറാക്കിയ കുറിപ്പുകൾ.)

---

*"എവിടെയോ കളഞ്ഞുപോയ കൗമാരം*
*ഇന്നെന്റെ ഓർമ്മയിൽ തിരയുന്നു ഞാൻ"*

എൺപതുകളുടെ തുടക്കത്തിൽ കേട്ട പ്രസിദ്ധമായൊരു സിനിമാഗാനത്തിന്റെ ഈരടികൾ. നഷ്ട കൗമാരത്തെക്കുറിച്ചുള്ള നൊസ്റ്റാൾജിയ മുൻതലമുറകൾ അനുഭവിച്ച അളവിൽ ഇന്നത്തെ യുവത്വം അനുഭവിക്കുന്നുണ്ടാവില്ല. കുട്ടികൾ എഴുതുന്ന ഓട്ടോഗ്രാഫ് വാചകങ്ങൾക്കുപോലും കാല്പനിക ഛായ കുറഞ്ഞുവരുന്നതായാണ് കാണപ്പെടുന്നത്. എന്നാൽ പോയകാലത്തിന്റെ നാൾവഴികളിലേക്ക് കണ്ണോടിക്കുമ്പോൾ സ്കൂൾ-കോളേജ് കാമ്പസുകൾക്ക് വല്ലാത്ത പ്രസക്തി കൈവരുന്നു. അവിടെനിന്നാണ് പൊതുവെ അഭ്യസ്തകേരളത്തിന്റെ കൗമാരസ്മൃതികൾ ചിറകടിച്ചുയരുന്നത്.

രണ്ട് പതിറ്റാണ്ടുകൾ കൊണ്ട് കൗമാരത്തിന്റെ മുഖം വല്ലാതെ മാറിപ്പോയിട്ടുണ്ട്. - കാമ്പസുകളുടേയും. പ്രീഡിഗ്രീ കോളേജിൽ നിന്ന് ഇറങ്ങിപ്പോവുകയും പകരം പ്ലസ് ടു ഹൈസ്കൂളിൽ വന്ന് ചേരുകയും ചെയ്തതാണ് പ്രധാനമാറ്റം ഇതോടെ പല ഹൈസ്കൂളുകളുടേയും മുതിർന്ന കുട്ടി എന്ന സ്ഥാനം പത്താം ക്ലാസുകാരന് നഷ്ടമായിട്ടുണ്ട്. ഉന്നതവിദ്യാഭ്യാസത്തിലേക്ക് തിരിയാനുള്ള നിർണ്ണായക ഘട്ടം എസ്.എസ്.എൽ.സി. എന്നത് മാറി 'പ്ലസ് ടു' ആയിത്തീർന്നതും ഈ കാലയളവിലാണ്. 1958 ൽ ഒമ്പതാംക്ലാസോടുകൂടി ആരംഭിച്ച കരിവെള്ളൂർ ഗവ. ഹൈസ്കൂളിലെ ആദ്യ ബാച്ച് വിദ്യാർത്ഥികൾ പതിനൊന്നാം ക്ലാസ്സിലാണ് എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയത്. അരനൂറ്റാണ്ടുകൊണ്ട് എ.വി.സ്മാരക ഗവ. ഹയർ സെക്കന്ററി സ്കൂളായി വളർന്ന് പടർന്ന് പന്തലിച്ചുനിൽക്കുന്ന ഈ വിദ്യാലയം സുവർണ്ണജൂബിലി വേളയിൽ അവരുടെ ഒരു സംഗമം സംഘടിപ്പിക്കുകയുണ്ടായി.. അവർ പങ്കുവെച്ച അനുഭവങ്ങളിൽ തെളിഞ്ഞുനിവരുന്നത് ഒരു കാലഘട്ടത്തിലെ സ്കൂൾ ജീവിതം മാത്രമല്ല അന്നത്തെ ഗാർഹിക-സാമൂഹിക-സാംസ്കാരിക സാഹചര്യങ്ങളുംകൂടിയാണ്. അന്ന് പഠിച്ച സ്കൂളിന്റെ പടികൾ വീണ്ടും കയറുന്ന ഈ ഗൃഹാതുരസ്മൃതികളെ നമുക്ക് അനുഗമിക്കാം.

# നിറം മങ്ങാത്ത ഒരു ഷർട്ട്, മഷിലീക്കാകാത്ത ഒരു പേന........



**പി.കുഞ്ഞിക്കണ്ണൻ**
മണക്കാട്
റിട്ട. എ.എസ്., കെ.എസ്.ഇ.ബി.

ഓർമ്മകൾ അമ്പതു വർഷങ്ങൾക്കപ്പുറത്തേക്ക് ഓടിപ്പോകുമ്പോൾ മനസ്സ് വീണ്ടും ഒരു കുട്ടിയായിത്തീരുന്നു. കണങ്കാലിന് ഏറെ മുകളിൽ വരെ മാത്രമെത്തുന്ന കൈത്തറി മുണ്ടും പരുക്കൻ ഷർട്ടും ധരിച്ച് ആദ്യമായി ഈ സ്കൂളിൽ വന്ന അവന്റെ സംഭ്രമവും ആവേശവും ഇപ്പോഴും ഉള്ളിൽ തെളിയുന്നുണ്ട്. വീട്ടിലെ എന്തെല്ലാം പ്രാരബ്ധങ്ങൾക്കിടയിൽ നിന്നാണ് അവൻ പഠിക്കാനെത്തിയിരിക്കുന്നത്. യു.പി.ക്ലാസ് വരെ പഠിച്ചത് തന്നെ നിറഞ്ഞ ദാരിദ്ര്യത്തിലായിരുന്നു. ഭക്ഷണത്തിനും പുസ്തകത്തിനും പരീക്ഷാഫീസിനുമൊക്കെ ദാരിദ്ര്യം നേരിട്ട അന്നത്തെ കുട്ടികൾ. മങ്ങിപ്പോയ ഒരു പഴയ ബ്ലാക്ക് ആന്റ് വൈറ്റ് ഫോട്ടോപോലെ ഓർമ്മകൾ.

ഞങ്ങളുടെ തലമുറ എട്ടാം ക്ലാസ്സ് വരെയും പഠിച്ചത് യു.പി.യിൽ തന്നെയായിരുന്നു. അന്നതിനെ ഇ.എസ്.എൽ.സി. എന്നാണ് പറഞ്ഞിരുന്നത്. അതോടെ പഠിപ്പ് തീർന്നുവെന്ന് വിചാരിച്ചിരുന്നിടത്താണ് ആദ്യത്തെ കമ്യൂണിസ്റ്റ് സർക്കാർ കരിവെള്ളൂരിൽ ഒരു ഹൈസ്കൂൾ അനുവദിക്കുന്നത്. 1957 ലെ തിരഞ്ഞെടുപ്പ് വിജയം ലോക ചരിത്രത്തിൽ തന്നെ പ്രശസ്തമാണെന്നും അന്ന് ഞങ്ങളോട് ആരും പറഞ്ഞിരുന്നില്ല. സ്കൂളിൽ വിദ്യാർത്ഥിസംഘടനാ പ്രവർത്തന ങ്ങളൊക്കെ ആരംഭിച്ചു വരുന്നതേയുണ്ടായിരുന്നുള്ളു. എന്നാലും അന്നത്തെ സർക്കാർ കരിവെള്ളൂരിന്റെ കൂടി വിജയമാണെന്ന് തിരിച്ചറിയാൻ കഴിഞ്ഞിരുന്നു. രാഷ്ട്രീയ കാര്യങ്ങൾ മനസ്സിലാക്കാനുള്ള സാഹചര്യങ്ങൾ എത്ര പരിമിതമായിരുന്നു അന്ന്. എന്നിട്ടും അന്നത്തെ തലമുറകളുടെ രാഷ്ട്രീയ ബോധം ഇന്നത്തെ വിദ്യാർത്ഥികളുടേത് പോലെ ശുഷ്കമായിരുന്നില്ല.

വിദ്യാർത്ഥികൾ അവരറിയാതെ തന്നെ ആരുടെയും പ്രേരണ ഇല്ലാതെ തന്നെ സാമൂഹ്യജീവിതത്തിന്റെ ഭാഗമായി വർത്തിച്ച ആ കാലമാണ് ഞങ്ങളുടെ തലമുറയ്ക്ക് പല പ്രബുദ്ധതകളും പകർന്നുനൽകിയത്. വീട്ടിലെ ദാരിദ്ര്യത്തിന് നാട്ടിലെ ദാരിദ്ര്യവുമായി ബന്ധമുണ്ടെന്ന് ഞങ്ങൾ തിരിച്ചറിഞ്ഞി രുന്നു. പുതിയൊരു മുണ്ട്, നിറം മങ്ങാത്ത ഒരു ഷർട്ട്, മഷി ലീക്കാകാത്ത ഒരു പേന ഇതൊക്കെ യായിരുന്നു അന്നത്തെ ശരാശരി വിദ്യാർത്ഥിജീവിതത്തിലെ ഏറ്റവും വലിയ സ്വപ്നങ്ങൾ. അത്രയധികം ഇല്ലായ്മകൾക്കും വല്ലായ്മ കൾക്കും നടുവിലായിരുന്നിട്ടും പഠിക്കാൻ എന്തൊരാവേശമായിരുന്നെന്നോ ഞങ്ങൾക്ക്. ധാരാളം അറിവുകൾ നേടി വലിയൊരാളായിത്തീരുക എന്നതാണ് അന്ന് കേരളത്തിലുണ്ടായിരുന്ന ഓപ ചാരിക വിദ്യാഭ്യാസത്തിന്റെ അടിസ്ഥാന സങ്കല്പം. ഉന്നതവിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ വീട്ടിലോ നാട്ടിലോ കാര്യമായ മാതൃകകളൊന്നുമില്ല പലർക്കും. ജോലിക്ക് വേണ്ടിയുള്ള പഠിപ്പ് എന്ന സങ്കുചിതസമീപനം പിന്നീടാണ് കേരളീയതയിലേക്ക് കടന്നുവരുന്നത്.

ഒരു ദിവസം പഠിപ്പിച്ച പാഠഭാഗങ്ങൾ അടുത്ത ദിവസത്തേക്ക് പഠിച്ചു വരിക എന്നത് വിദ്യാർത്ഥികളുടെ ബാധ്യതയായിരുന്നു. അക്കാര്യത്തിൽ യു.പി. യിൽ ഇല്ലാത്ത കാർക്കശ്യം ഞങ്ങൾ നേരിട്ടത് ഹൈസ്കൂളിൽ വെച്ചാണ്. അധ്യാപകന്റെ കാര്യത്തിൽ ഒരുതരം വ്രതശുദ്ധിതന്നെ പുലർത്തിയ കെ.ടി.എൻ. സുകുമാരൻ നമ്പ്യാർ എന്ന അധ്യാപകനായിരുന്നു ഈ കൃത്യനിഷ്ഠകളുടെ അമരക്കാരൻ. ക്ലാസ്സെടുക്കുന്ന കാര്യത്തിൽ, ചോദ്യങ്ങൾ ചോദിക്കുന്ന കാര്യത്തിൽ, നല്ല ശീലങ്ങൾ ഞങ്ങളെക്കൊണ്ട് പാലിപ്പിക്കുന്ന കാര്യത്തിൽ ഒന്നിലും വിട്ടുവീഴ്ച എന്തെന്ന് സുകുമാരൻ മാസ്റ്റർക്ക് അറിയില്ല. ഞങ്ങളുടെ വിദ്യാഭ്യാസാഭിമുഖ്യത്തെ ജ്വലിപ്പിച്ചുണർത്തിയവരിൽ ഒന്നാമതും രണ്ടാമതും മൂന്നാമതും പരാമർശിക്കേണ്ട പേര് ഇദ്ദേഹത്തിന്റേതാണ്. കരിവെള്ളൂർ ജി.എച്ച്.എസ്. ന്റെ ഏകാധ്യാപകൻ തന്നെയായിരുന്നു കെ.ടി.എൻ. മലയാളവും ഇംഗ്ലീഷും സാമൂഹ്യവും അദ്ദേഹം തന്നെ പഠിപ്പിച്ചു. വിശദീകരണത്തിൽ അധിഷ്ഠിതമായിരുന്നു മാഷിന്റെ ബോധനം. ആ ക്ലാസ്സുകൾ ജീവിതത്തിൽ നേടിയ എല്ലാ അറിവുകളുടേയും അടിത്തറയായി ഇപ്പോഴും അനുഭവപ്പെടാറുണ്ട്. കെ.ടി.എൻ. പകർന്ന ഏറ്റവും കരുത്തുറ്റ അടിസ്ഥാനം ഇംഗ്ലീഷ് വ്യാകരണത്തിന്റേതാണ്. പിൽക്കാലത്ത് ഔദ്യോഗിക ജീവിതത്തിലേക്ക് പ്രവേശിച്ചപ്പോൾ എല്ലാത്തരം ക്ലറിക്കൽ ജോലികളും അനായാസമായി നിർവ്വഹിക്കാൻ കഴിഞ്ഞത് അതിന്റെ പിൻബലത്തിലായിരുന്നു. നടക്കാവ് സ്വദേശിയായ പ്യൂൺ (മരത്താൻ എന്ന അയാളുടെ പേര് അതുതന്നെയായിരുന്നോ എന്നറിയില്ല) ബെല്ലടിക്കുന്ന സ്റ്റൈലും ഹിന്ദി പഠിപ്പിക്കാൻ വന്നെത്തിയ ഒരു ടീച്ചറുംകൂടി ഓർമ്മയിലുണ്ട്.

ഒട്ടുമിക്ക വിദ്യാർത്ഥികളുടേയും വിദ്യാഭ്യാസത്തിനുമുന്നിൽ വലിയ കടമ്പകൾ തീർത്തത് കുടുംബത്തിലെ ദാരിദ്ര്യമായിരുന്നു. ഒമ്പതാം ക്ലാസ്സിൽ 35 പേർ ചേർന്നത് പത്തിലെത്തുമ്പോഴേക്കും ഇരുപത്തെട്ടായി ചുരുങ്ങി. പഠിക്കാനുള്ള ചിലരുടെ ഇച്ഛാശക്തിയേയും ദാരിദ്ര്യം തോൽപ്പിച്ചുകളഞ്ഞു. 21 പേരാണ് ആദ്യ എസ്.എസ്.എൽ.സി. ബാച്ചിൽ നിന്നും ജയിച്ച് കയറിയത്. ഹൈസ്കൂളിലെത്താതെ തന്നെ പഠിപ്പ് നിർത്തിയ കുട്ടികൾ ജോലിക്ക് പോകേണ്ട സാഹചര്യവും അന്നുണ്ടായിരുന്നു. ഒന്നിച്ച് പഠിച്ചവരെല്ലാം ഔദ്യോഗികരംഗത്ത് ഉന്നതനിലയിലെത്തിയ ഒരു ബാച്ചാണ് ഞങ്ങളുടേത്. പി.പി.രാമൻ, ടി.കൃഷ്ണൻ നായർ, വി.വി.കൃഷ്ണൻ എന്നീ സഹപാഠികൾ ഈ സന്ദർഭത്തിന് സാക്ഷ്യംവഹിക്കാൻ കൂടെയില്ലാത്തതിൽ മനസ്സ് വല്ലാതെ വേദനിക്കുന്നുണ്ട്.

ഞങ്ങൾ സ്കൂളിൽ പഠിക്കുന്ന കാലത്ത് കേരളം കറുകറുത്തൊരു സമരത്തിന്റെ ദുർമുഖം കാണുന്നുണ്ടായിരുന്നു. കമ്യൂണിസ്റ്റ് സർക്കാറിനെ ഭരണത്തിൽ നിന്നിറക്കാൻ പള്ളിക്കാരും പട്ടക്കാരും കൊണ്ടുപിടിച്ച് നടത്തിയ വിമോചന സമരം. പക്ഷേ അതിന്റെ വിദൂരമായ അലയൊലികൾ പോലും കരിവെള്ളൂരിൽ എത്തിയിരുന്നില്ല. എന്നാൽ അഭ്യസ്തവിദ്യരായ കരിവെള്ളൂരുകാർ സർക്കാർ ജോലിയിൽ പ്രവേശിക്കുമ്പോൾ 'പോലീസ് വെരിഫിക്കേഷൻ' അവരോടുള്ള രാഷ്ട്രീയ പകപോക്കലിന് ഉപയോഗപ്പെടുത്തിയിരുന്നു. വിദ്യാർത്ഥി ഫെഡറേഷന്റെ പ്രവർത്തകനായിരുന്നു എന്ന കാരണത്താൽ ടി.കുഞ്ഞികൃഷ്ണന് ജോലി നിഷേധിക്കപ്പെട്ടത് ഈ പകപോക്കലിന്റെ ഭാഗമായാണ്.

# മനസ്സിൽ ഇളംവെയിലും നറുനിലാവും കോരിനിറച്ച സ്കൂൾ ദിവസങ്ങൾ



**ടി.പി.സുകുമാരൻ നമ്പ്യാർ**
റിട്ട. വെറ്ററിനറി ഓഫീസർ
അന്നൂർ

താരും തളിരുമണിഞ്ഞു നിൽക്കുന്ന ഒരു പൂമരത്തിന് ചുവട്ടിൽ വന്നിരിക്കുമ്പോഴുള്ള നിറവും മണവും കുളിരുമാണ് കരിവെള്ളൂർ ഹൈസ്കൂളിനെക്കുറിച്ച് ഓർക്കുമ്പോൾ മനസ്സിൽ നിറയുന്നത്. വീട്ടിൽ ദാരിദ്ര്യത്തിന്റെ കറുത്തിരുണ്ട അന്തരീക്ഷം. എന്നാലും സ്കൂൾ ദിവസങ്ങൾ മനസ്സിൽ ഇളം വെയിലും നറുനിലാവും കോരി നിറച്ചു. ആ വെയിൽ നിലാവിന്റെ സൂര്യനും ചന്ദ്രനും കെ.ടി.എൻ. സുകുമാരൻ മാഷായിരുന്നു. അക്ഷരാർത്ഥത്തിൽ സകലകലാവല്ലഭൻ- അങ്ങനെ മറ്റൊരധ്യാപകൻ കേരളത്തിലുണ്ടാവില്ല. ഇംഗ്ലീഷിന്റെ ചക്രവർത്തിയായിരുന്ന മാഷ്- ഒരു സെന്റൻസ് തന്നാൽ അതിന്റെ പന്ത്രണ്ട് ടെൻസും പഠിപ്പിച്ചേ മാഷ് അടങ്ങൂ. അങ്ങനെ സെൻസിൽ ടെൻസ് എന്നെന്നേക്കുമായി ഉറപ്പിച്ചുനിർത്തുന്ന അത്യുഗ്രൻ ശൈലിയായിരുന്നു ആ ക്ലാസ്സ്. അടുത്തകാലംവരെയും സ്കൂളിലും ട്യൂട്ടോറിയലുകളിലും ടെൻസ് പഠിപ്പിക്കാൻ ആമാതൃക പല ഇംഗ്ലീഷ് അധ്യാപകരും കോപ്പിയടിച്ചിരുന്നു എന്നാണറിവ്.

200 പേജിന്റെ രണ്ട് വലിയ ബൗണ്ട് ബുക്കുകൾ മുഴുവൻ കെടി.എൻ. തരുന്ന അടുക്കും ചിട്ടയുമുള്ള ഇംഗ്ലീഷ് നോട്ട് കൊണ്ട് നിറയുമായിരുന്നു. ടെന്നിസന്റേയും ടാഗോറിന്റേയുമൊക്കെ കവിത അതിന്റെ ഇംഗ്ലീഷ് സൗന്ദര്യം തെല്ലും ചോർന്ന് പോകാതെ ഞങ്ങൾക്ക് പകർന്ന് തരുവാനും മാഷിന് കഴിയുമായിരുന്നു. അവർക്കൊക്കെ മാഷ് നൽകുന്ന സ്വയം വിവർത്തനത്തിലൂടെ ഒരു കവിതയോടൊപ്പം രണ്ട് കവികളെയാണ് ഞങ്ങൾ അടുത്തറിഞ്ഞത്. ക്ലാസിൽ ഡിക്ഷണറി വരുത്തിത്തന്ന് മാഷ് മുന്നിൽ നിവർത്തിയിട്ട പദസമ്പത്തിന്റെ പാതയിലൂടെ എത്ര ദൂരമാണ് ഞങ്ങൾ നടന്ന് മുന്നേറിയത്? പരീക്ഷകളെ കേന്ദ്രീകരിച്ചല്ല കുട്ടികൾക്ക് വിദ്യാഭ്യാസം നൽകേണ്ടത് എന്നത് പുതിയ സിദ്ധാന്തമൊക്കെയായി പറഞ്ഞ് കേൾക്കുന്നുണ്ട് ഇപ്പോൾ. അങ്ങനെയാണെങ്കിൽ അരനൂറ്റാണ്ട് മുമ്പ് കരിവെള്ളൂർ ഹൈസ്കൂളിൽ കെ.ടി.എൻ. ഈ രീതി നടപ്പാക്കിയിരുന്നു. ഒരിക്കലും പരീക്ഷകളെ ലക്ഷ്യം വെച്ചുള്ള പഠിപ്പിക്കലായിരുന്നില്ല മാഷിന്റേത്. എബ്രഹാം ലിങ്കന്റെ ഗെറ്റിസ്ബർഗ് പ്രസംഗം അതേ സ്വരസ്ഥായിയിൽ ഉച്ചാരണശുദ്ധിയിൽ ക്ലാസിലെ കുട്ടികളെക്കൊണ്ട് പരിശീലിപ്പിച്ച ഒരധ്യാപകനെക്കുറിച്ച് ചിന്തിച്ചു നോക്കൂ. ചാനലുകൾ ഒരുക്കുന്ന റിയാലിറ്റി ഷോകളുടെ കാലത്തുപോലും ആർക്കെങ്കിലും സാധ്യമാകുമോ അത്? മാഷിന്റെ ക്ലാസുകളിൽ നിന്ന് നേടാൻ കഴിഞ്ഞ ഇംഗ്ലീഷിന്റെ കാര്യത്തിലുള്ള ആത്മവിശ്വാസം എന്ത് ഗുരുദക്ഷിണ സമർപ്പിച്ചാണ് ഞങ്ങൾ ഈ അധ്യാപകനോടുള്ള കടം വീട്ടുക? ഇംഗ്ലീഷ് കൂടാതെ മലയാളവും സാമൂഹ്യവും സയൻസും പഠിപ്പിച്ച കെ.ടി.എൻ. ശാസ്ത്രത്തിലായിരുന്നു ബിരുദം നേടിയത്. എന്നാൽ ഭാഷയിൽ അദ്ദേഹം ആർജ്ജിച്ച ജ്ഞാനം ബിരുദാനന്തരബിരുദത്തിനും പി.എച്ച്.ഡി. യിലും മീതെയായിരുന്നു. ക്ലാസ്സിൽ മാഷ് പാഠങ്ങൾ മാത്രമല്ല പഠിപ്പിച്ചത്. നല്ല ശീലങ്ങൾ, കുട്ടികളെ വളർത്തേണ്ട കാര്യങ്ങൾ, മൂല്യബോധം: ഇന്നും എന്റെ ജീവിതത്തോടൊപ്പം സഞ്ചരിക്കുന്നു. തേഡ് ക്ലാസ്സിനപ്പുറം പ്രതീക്ഷിച്ചിട്ടില്ലാത്ത ഞങ്ങളിൽ ഭൂരിപക്ഷവും ഫസ്റ്റ് ക്ലാസ്സിൽ പാസായതും കെ.ടി.എൻ. മാഷിന്റെ അർപ്പണബുദ്ധിയോടുകൂടിയ അധ്യാപനംകൊണ്ടാണ്. അന്നത്തെ അത്രയും കനത്ത അറുപത് ശതമാനം വിജയത്തിന്റെ മുഖത്ത് നോക്കിയാണ് പട്ടം നാണുപിള്ള അത്രേ ഉള്ളൂ എന്ന് പരിഹസിച്ചത്. ആത്മാർത്ഥതയെ തിരിച്ചറിയാൻ ബ്യൂറോക്രസിക്കും ഭരണകൂടത്തിനും പൊതുവെ കഴിവ് കുറവാണല്ലോ. പതിനൊന്നാം ക്ലാസിലായിരുന്നു ഞങ്ങളുടെ അന്നത്തെ എസ്.എസ്.എൽ.സി. ആ വർഷം സി.എം.എസ്. ചന്തേര, കെ.സി. നായർ തുടങ്ങി പിന്നീട് പ്രശസ്തരായ പലരും ഞങ്ങൾക്ക് ക്ലാസെടുക്കാൻ വന്നെത്തിയിരുന്നു.

സ്കൂളിന് പുറത്ത് ഇരുണ്ട പകലുകളായിരുന്നു എന്ന് സൂചിപ്പിച്ചല്ലോ. വീട്ടിലെ പ്രാരബ്ധം കാരണം പല ഘട്ടങ്ങളിലും പഠിപ്പ് മുടങ്ങി. പതിനേഴാം വയസ്സിലാണ് എട്ടാം ക്ലാസിൽ എത്തുന്നത്. രണ്ടാം ലോകമഹായുദ്ധം താറുമാറാക്കിയ സാമ്പത്തിക സാഹചര്യങ്ങളുടെ കടുത്ത മുഖങ്ങൾ ഞങ്ങളുടെ ബാല്യസ്മൃതികളിലുണ്ട്. സ്വാതന്ത്ര്യസമരജാഥകൾ കണ്ടു വളർന്ന ദേശീയാവേശത്തിന്റെ മറ്റൊരു സ്മൃതി. എം.എസ്.പിക്കാരുടെ കണ്ണിൽ പെടാതിരിക്കാൻ നെൽവയലുകളിൽ പതിയിരുന്ന എത്രയെത്ര സമരസഖാക്കളെ കണ്ടു? കടിഞ്ഞിയിൽ നാരായണൻ മാഷ് വീട്ടിൽ ഒളിവ് താമസത്തിനെത്തിയതും ഓർമ്മയുടെ ഭാഗമാണ്.

---

കരിവെള്ളൂർ ഹൈസ്കൂളിനെക്കുറിച്ച് ഓർക്കുമ്പോൾ ഞങ്ങളുടെ മനസ്സിൽ ഓണക്കുന്ന് എന്ന പ്രദേശമേ ഇല്ല. പള്ളിക്കൊവ്വലിൽ ഭക്തർ സ്വാമിയുടെ ബിൽഡിംഗിലാണ് സ്കൂളിന്റെ തുടക്കം. പിന്നീട് ഇപ്പോൾ കെ.ഗോവിന്ദൻ സ്മാരക മന്ദിരമുള്ള സ്ഥലത്തിനടുത്ത്. (പഴയ റേഷൻ ഷാപ്പ് ബിൽഡിംഗ്) ഒരു ഷെഡ് കെട്ടി അവിടേയ്ക്ക് മാറുകയായിരുന്നു. പിന്നെ ഉണുത്തിരി വൈദ്യരുടെ ബിൽഡിംഗിന്റെ അപ്സ്റ്റെയറിലേക്ക് കെ.ടി.എൻ.സുകുമാരൻ മാഷ് കോണിപ്പടി കയറിവരുമ്പോൾ ഹൃദയം അറിയാതെ മിടിച്ചുപോവും. മാഷ് അടിക്കുന്നതിന് മുമ്പേതന്നെ അടികിട്ടുമോയെന്ന് ഭയന്ന് മൂത്രമൊഴിച്ച് പോകാറുണ്ട് ചിലർ. നന്നായി പഠിപ്പിക്കുമെങ്കിലും മാഷിന്റെ ശിക്ഷ കടുത്തതായിരുന്നു. ഒന്നും പഠിക്കാൻ കഴിയാത്ത പലരും പലതും പഠിച്ചത് സുകുമാരൻ മാഷെ പേടിച്ചാണ്.

മാന്യഗുരു സ്കൂളിൽ ഇ.എസ്.എൽ.സി. കഴിയുമ്പോൾ കരിവെള്ളൂരിൽ ഹൈസ്കൂൾ തുടങ്ങുമെന്ന് ഉറപ്പുണ്ടായിരുന്നില്ല. എന്തായായും തൃക്കരിപ്പൂരിൽ പോയെങ്കിലും എന്റെ ഹൈസ്കൂൾ പഠനം നടക്കുമെന്ന് വീട്ടുകാർ തീരുമാനിച്ചിരുന്നു. ഭാഗ്യത്തിന് നാട്ടിൽ തന്നെ സ്കൂൾ വന്നു. ചെറുപ്പത്തിലേ അച്ഛൻ മരിച്ചതുകൊണ്ട് അമ്മയുടെ കർശനമായ മേൽ നോട്ടത്തിലാണ് ഞാൻ വളർന്നത്. കരിവെള്ളൂരിലെ ആദ്യ വനിതാ ബീഡിത്തൊഴിലാളിയാണ് എന്റെ അമ്മ. വീട്ടിൽ അമ്മയുടെ ചിട്ടകൾ, സ്കൂളിൽ സുകുമാരൻ മാഷിന്റേയും.



## പരീക്ഷയെഴുതാൻ കഴിയാത്ത ഒരു എസ്.എസ്.എൽ.സി. കാലം

**എം.വി.ഗോപാലകൃഷ്ണൻ**
കരിവെള്ളൂർ (റിട്ട. ഡെപ്യൂട്ടി ചീഫ് എൻജിനീയർ കെ.എസ്.ഇ.ബി.)

ഈകർശനങ്ങൾക്കിടയിൽ എന്റെ ഹൈസ്കൂൾ ജീവിതം സ്വാതന്ത്ര്യത്തിന് വേണ്ടി ഏറെ ദാഹിച്ചിരുന്നു. സുകുമാരൻ മാഷെ കൂടാതെ തലശ്ശേരിയിൽ നിന്നുള്ള ഒരു ലീല ടീച്ചറുമുണ്ടായിരുന്നു.

പഠിക്കാൻ പോകുന്ന കാലത്തും അമ്മയെ ബീഡിപ്പണിയിൽ സഹായിക്കണമായിരുന്നു. ബീഡിയില മുറിക്കുക, നൂല് കെട്ടുക തുടങ്ങിയ ജോലികൾ അമ്മ എന്നെക്കൊണ്ട് തന്നെ ചെയ്യിച്ചു. അന്ന് മംഗലാപുരം ബീഡിയുടെ കാലമായിരുന്നു. വെക്കേഷനിൽ മാടായി കണ്ണന്റെ ബീഡിക്കമ്പനിയിൽ ജോലി ചെയ്യാൻ പോകണമായിരുന്നു. ഒന്ന് പത്രം വായിച്ച് പോലും ലോകകാര്യങ്ങളുമായി ബന്ധപ്പെടാൻ കഴിയാറില്ല. നാട്ടിൽ പത്രം കുറവ് അഥവാ കിട്ടിയാൽ തന്നെ ജോലികൾക്കും പഠിപ്പിനുമിടയിൽ ഒന്ന് മറിച്ചുനോക്കാൻ പോലും എവിടെ നേരം? കറന്റ് നാട്ടിൽ എത്തിയിരുന്നില്ല. മണ്ണെണ്ണ വിളക്കിൽ ഞങ്ങളുടെ തലമുറ അക്ഷരങ്ങളുടെ ആത്മാവിലേക്ക് പ്രവേശിച്ചു. വീട്ടിലും സ്കൂളിലുമുള്ള സർവ്വ നിയന്ത്രണങ്ങൾക്കിടയിലും ഞങ്ങളിലെ കലാ–കായിക താല്പര്യങ്ങൾക്കുള്ള സന്ദർഭങ്ങളെ കഴിയുംവിധത്തിൽ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ഞാൻ ഓട്ടൻതുള്ളൽ കളിച്ചും യക്ഷിയുടെ മോണോ ആക്ട് അവതരിപ്പിച്ചും എന്നിലെ കലാകാരനെ പുറത്ത് കൊണ്ടുവന്നതും സ്കൂൾ വാർഷികവേദികളിൽ വെച്ചായിരുന്നു. എസ്.എസ്.എൽ.സി. പരീക്ഷാ ഫീസ് അന്ന് ആറേകാൽ രൂപയായിരുന്നു. കാൽ രൂപയ്ക്ക് ചായയും പലഹാരവും കിട്ടുന്ന ആ കാലത്ത് അതൊരു വലിയ തുകതന്നെയായിരുന്നു. അത് വെച്ച് നോക്കിയാൽ ഇന്നത്തെ 50 രൂപ ഒരു ഫീസേ അല്ല. ഫീസടക്കാനില്ലാതെ പലർക്കും പരീക്ഷയെഴുതാൻ കഴിയാത്ത ഒരു എസ്.എസ്.എൽ.സി. കാലം കേരളത്തിൽ ഉണ്ടായിരുന്നു. അന്ന് ഈ സ്കൂൾ പരീക്ഷാ സെന്റർ അല്ല. തൃക്കരിപ്പൂരിൽ പോയാണ് ഞങ്ങൾ പരീക്ഷ എഴുതിയത്. അധ്യാപക–വിദ്യാർത്ഥി ബന്ധത്തിന്റെ മഹനീയത അനുഭവിച്ച് വളർന്നതുകൊണ്ടുതന്നെ ജീവിതത്തിന്റെ അടിത്തറയായി ഒരു മൂല്യബോധം കാത്ത് സൂക്ഷിക്കാൻ ഹൈസ്കൂൾ ജീവിതകാലം ഞങ്ങളെ പ്രാപ്തരാക്കിയിട്ടുണ്ട്. പിന്നെ വീട്ടിലും വെക്കേഷനിലും ശീലിച്ച -ബീഡിത്തൊഴിൽ- ബീഡിത്തൊഴിലാളികളിൽ നിന്നാണ് പ്രതികരണബുദ്ധി വളർന്നത്. അഴിമതിയെ എവിടെയും കൂസലില്ലാതെ എതിർക്കാൻ അങ്ങനെ ധൈര്യം കിട്ടിയിട്ടുണ്ട്. അതുകൊണ്ടുതന്നെ ഔദ്യോഗിക ജീവിതത്തിൽ ട്രേഡ്യൂനിയനുകളുടേയും അധികാരികളുടേയും എതിർപ്പ് ഒരുപോലെ നേരിടേണ്ടിയും വന്നു. തിരിഞ്ഞുനോക്കുമ്പോൾ ശരികളിലേക്കും നന്മകളിലേക്കും വഴിതെളിയിച്ച ഒരു ദീപസ്തംഭമായി കരിവെള്ളൂർ ഹൈസ്കൂൾ മനസ്സിൽ ഉയർന്ന് നിൽക്കുന്നു. അനുഭവങ്ങൾക്ക് ആരോടാണ് നന്ദി പറയുക? എന്റെ അമ്മയും ഈ സ്കൂളും. ഞാൻ ഈ സ്കൂളിനുമുമ്പിൽ നിശ്ശബ്ദനായി ഇത്തിരിനേരം നിൽക്കട്ടെ.

---



## പഠനത്തിൽ ഏറ്റവും നിർണ്ണായകമായി സ്വാധീനിച്ച അധ്യാപകൻ

**കെ.വി.കൃഷ്ണൻ നായർ,** ചന്തേര
അഞ്ച് വർഷമായി പയ്യന്നൂരിൽ അഡ്വക്കറ്റ്

ഓർമ്മകൾ ആരംഭിക്കുന്നത് ഒരു ഡിവിഷൻ ഫാളിന്റെ പ്രശ്നത്തിൽ നിന്നാണ്. അന്നും ഉണ്ടായിരുന്നു, സ്കൂളിൽ ക്ലാസുകളുടെ അംഗീകാരത്തിനു വേണ്ടി കുട്ടികളുടെ എണ്ണം തികയ്ക്കാനുള്ള നെട്ടോട്ടം. ഞാൻ തൃക്കരിപ്പൂർ സ്കൂളിലാണ്. ഇ.എസ്.എൽ.സി. കഴിഞ്ഞത്. അന്ന് ഒരു രാമകൃഷ്ണൻ അയ്യർ ആയിരുന്നു അവിടെ ഹെഡ്മാസ്റ്റർ. മാഷിന് ലഡുഅയ്യർ എന്നൊരു ഇരട്ടപ്പേരുണ്ടായിരുന്നു. കരിവെള്ളൂർ ഹൈസ്കൂളിൽ കുട്ടികൾ കുറഞ്ഞതുകൊണ്ട് കെ.ടി.എൻ. സുകുമാരൻ മാഷ് അയ്യർമാഷുമായി കരാറുണ്ടാക്കി. അങ്ങനെയാണ് എന്നെ ഇവിടേക്ക് പിടിച്ചുകൊണ്ടുവന്നത്.

കരിവെള്ളൂരിലെ സ്ഥലപ്പേരുകളൊക്കെ വളരെ കൗതുകത്തോടെയാണ് എന്റെ മനസ്സിൽ പതിഞ്ഞത്. മയിൽ വളപ്പ്, ഓണക്കുന്ന്, പാലത്തര, മതിരക്കോട് എല്ലാ പേരുകളും എനിക്ക് വളരെ രസകരമായാണ് അനുഭവപ്പെട്ടത്. പഠനത്തിൽ ഏറ്റവും നിർണ്ണായകമായി സ്വാധീനിച്ച അധ്യാപകൻ കെ.ടി.എൻ.സുകുമാരൻ മാസ്റ്റർ തന്നെ. തല്ലിന്റെ ഗുണം കൂടി ആ ക്ലാസുകൾ നൽകിയ പ്രധാനപാഠമാണ്. പ്രസിഡണ്ടിൽ നിന്നും നാഷണൽ അവാർഡ് വാങ്ങിയ കെ.ചിണ്ടൻ നായർ (കെ.സി. നായർ) ഒക്കെ ഞങ്ങളുടെ അധ്യാപകനായി ഇവിടെ ഉണ്ടായിരുന്നുവെന്ന് അഭിമാനപൂർവ്വം ഓർക്കുന്നു.

പിന്നെ അന്നത്തെ ഒരു പ്രത്യേകത സൂചിപ്പിക്കാനുള്ളത് മലയാളം അധ്യാപകരെക്കുറിച്ചാണ്. ഇംഗ്ലീഷ് വിദ്യാഭ്യാസ പ്രകാരമുള്ള ബി.എ.,എം.എ.ഒക്കെ വന്നിട്ടും പരമ്പരാഗതമായ കുറേ ഡിഗ്രികൾ ഇവിടെ നിലനിന്നിരുന്നു. പണ്ഡിറ്റ്, വിദ്വാൻ, ശിരോമണി, വിശാരദൻ എന്നിങ്ങനെ പല പേരുകളിൽ. സ്കൂളിൽ മലയാളം മാത്രം പഠിപ്പിക്കാൻ വരുന്ന അധ്യാപകർ ആയിരുന്നു അവർ. ഭാഷാധ്യാപകർ എന്ന നിയമനം യു.പി.ക്ലാസുകളിലും ഉണ്ടായിരുന്നുവെന്ന് തോന്നുന്നു. ഇതിലേക്ക്

നിയമിക്കപ്പെട്ടത് ഇത്തരം പ്രത്യേക ബിരുദക്കാരാണ്.

ഇവിടെ പഠിച്ച കാലത്തിന്റെ ഓർമ്മകളിൽ മുഴുകുമ്പോൾ ഈ നാടിന്റെ പ്രാക്തനചരിത്രത്തെക്കുറിച്ചും ചിന്തിച്ചു പോവുകയാണ്. നാലായിരം വർഷങ്ങൾ പഴക്കമുള്ള ആർഷ സംസ്കാരത്തിന്റെ ചില അടയാളങ്ങൾ ഏറെക്കുറെ ആധുനികമായ കാലത്തുപോലും കരിവെള്ളൂരിൽ നിന്നും ലഭിച്ചിരുന്നു. സംസ്കൃതാചാര്യന്മാർ പണ്ട് നിർവ്വഹിച്ച ബാലബോധനത്തിന്റെ മാതൃക 1885 ൽ ഇവിടെ സ്ഥാപിച്ച കുടിപ്പള്ളിക്കൂടത്തിൽ നിന്നും മനസ്സിലാക്കാം. ആധുനിക രാഷ്ട്രീയ ചരിത്രത്തിലും കരിവെള്ളൂരിന് സ്ഥാനമുണ്ട്. ഇത്രയും സംസ്കാര സമ്പന്നമായ പ്രദേശത്തു നിന്നാണല്ലോ എന്റെ ഹൈസ്കൂൾ വിദ്യാഭ്യാസം എന്നോർക്കുമ്പോൾ വലിയ സന്തോഷം തോന്നുന്നു.



# കരിവെള്ളൂരിന്റെ വട്ടമേശ സമ്മേളനവും പൈലിൻ ചുവട്ടിലെ മൈക്ക് മീറ്റിംഗും

**പി.വി.കുഞ്ഞികൃഷ്ണൻ**
മണക്കാട്

സ്കൂൾ ഓർമ്മയോടൊപ്പം അത് ഞാൻ അനുഭവിച്ച പ്രാരാബ്ധങ്ങൾ നിറഞ്ഞ ജീവിതം കൂടി മനസ്സിൽ വന്ന് നിറയുകയാണ്. പശുവിന് പുല്ലരിയാൻ പോയി മഴനനഞ്ഞ് പനിച്ച് മിക്ക ദിവസങ്ങളിലും സ്കൂളിൽ പോക്ക് മുടങ്ങിയതായിരുന്നു എന്റെ പ്രൈമറി ജീവിതം. കരിവെള്ളൂർ പ്രദേശത്ത് അന്നുണ്ടായിരുന്ന ഏറ്റവും പ്രധാനപ്പെട്ട രണ്ട് തൊഴിലുകൾ പശുവിനെ വളർത്തലും പുല്ലരിയലും ആയിരുന്നു. ഇതുപോലെ ടൈലറിംഗിനും ബീഡിത്തൊഴിലിനും പ്രാമുഖ്യമുണ്ടായിരുന്നു. അന്ന് കരിവെള്ളൂരിൽ പ്രചാരം ഭാരത് ബീഡിക്കായിരുന്നു.

1956 ൽ പയ്യന്നൂരിൽ പോയി ഇ.എസ്.എസ്.എൽ.സി. എഴുതിയാണ് ഞാൻ കരിവെള്ളൂർ ഹൈസ്കൂളിൽ ഒമ്പതാം ക്ലാസിൽ ചേർന്നത്. 1958 ലാണ് അവസാനത്തെ ജി.എസ്.എസ്.എൽ.സി. പരീക്ഷ. പിന്നെ ന്യൂ 8, 9, 10 വന്നു. സ്കൂളിൽ വിദ്യാർത്ഥിസംഘടനാ പ്രവർത്തനം ആരംഭിക്കുന്ന കാലം കെ.എസ്.എഫ്. ആണ് സംഘടന.

കടിഞ്ഞിയിൽ നാരായണൻ മാഷെ അന്ന് ഞങ്ങൾ 'കടിഞ്ഞാൺ മാഷ്' എന്ന് വിളിച്ചിരുന്നു. ക്ലാസിന്റെ കാര്യത്തിൽ കെ.ടി.എൻ. ചെലുത്തിയ സ്വാധീനം പോലെ ഒന്ന് രാഷ്ട്രീയത്തിന്റെ കാര്യത്തിൽ കടിഞ്ഞാൺ മാഷും എന്നിൽ ചെലുത്തി എന്നത് സത്യമാണ്.എ.വി.യുടെ വീട്ടിൽ നടക്കാറുള്ള കരിവെള്ളൂരിന്റെ വട്ടമേശ സമ്മേളനവും പൈലിൻ ചുവട്ടിലെ മൈക്ക് മീറ്റിംഗും എനിക്ക് താല്പര്യമുള്ള കാര്യങ്ങളായിത്തീർന്നത് കടിഞ്ഞാൺ മാഷിലൂടെയാണ്. മനസ്സിന്റെ ഒരു കടി ഞ്ഞാൺ എന്നും അദ്ദേഹത്തിന്റെ കൈയി ലായിരുന്നു എന്ന് പറയുന്നതാവും ശരി.

'ഭയപ്പെടുത്തി പഠിപ്പിക്കുക' എന്ന തന്ത്രം പരമാവധി ഫലപ്രദമാക്കിയ അധ്യാപകനാണ് കെ.ടി.എൻ. എന്നാൽ അദ്ദേഹത്തിന്റെ ഇംഗ്ലീഷ് ക്ലാസുകളൊക്കെ ശരിക്കും ഒരു എന്റർടെയിനിംഗ് പ്രോഗ്രാംകൂടിയായിരുന്നു. ഇംഗ്ലീഷ് പാട്ട് പാടി വെസ്റ്റേൺ സ്റ്റൈലിൽ ഡാൻസൊക്കെ കളിപ്പിച്ചാണ് മാഷ അന്ന് ക്ലാസെടുത്തത്. എങ്കിലും തല്ല് പേടിച്ച് ചിലർ ക്ലാസിൽ നിന്ന് ഒളിച്ചോടിയ സംഭവങ്ങളും വിരളമല്ല.

ഉന്നതപഠനം അസാധ്യമായിരുന്നു അന്ന്. പിന്നെ, എസ്.എസ്.എൽ.സി. ക്ക് മാർക്കുണ്ടെങ്കിൽ കൂടുതലുള്ള പഠനം അനാവശ്യമായിരുന്നു. പെരളം അഡ്രസ്സിൽ പോസ്റ്റൽ ജോലിക്ക് അപേക്ഷ അയച്ചു. –1966 ൽ തമിഴ്നാട്ടിലെ നാഗപട്ടണത്ത്– കെ.എസ്.എഫ്. ന്റെ പ്രവർത്തകനായതുകൊണ്ട് പോലീസ് വെരിഫിക്കേഷൻ ദുഷ്കരമായിരുന്നു. കമ്യൂണിസ്റ്റുകാരേയും അനുഭാവികളേയും ഭരണകൂടത്തിന് കണ്ടുകൂടല്ലോ. കോൺഗ്രസ്സായാൽ ഇത്തരം പ്രശ്നങ്ങളൊന്നുമില്ല. അതുകൊണ്ട് വെരിഫിക്കേഷന് മുന്നോടിയായി രാജ്യസ്നേഹിയാണെന്ന് തെളിയിക്കാൻ സ്പെഷ്യൽ ബ്രാഞ്ച് പോലീസ് കുറുപ്പിന് 50 രൂപ കൈക്കൂലി നൽകി. എന്നിട്ടും ഒരബദ്ധം പറ്റി. അറിയുന്ന രണ്ട് പ്രമുഖവ്യക്തികളുടെ പേര് എഴുതാൻ പറഞ്ഞപ്പോൾ ഞാൻ എഴുതിയത് കോളിയാടൻ നാരായണൻ മാഷിന്റേയും കെ.ടി.എൻ.സുകുമാരൻ മാഷിന്റേയും പേരായിരുന്നു. കോളിയാടൻ സഖാവിന്റെ പേര് കണ്ടതും എന്നെ അവർ വെട്ടിമാറ്റി. അങ്ങനെ ആദ്യമായി കിട്ടിയ ജോലി കൈയിൽ നിന്നും തെറിച്ചുപോയി.

സന്തോഷത്തിന്റേയും സങ്കടത്തിന്റേയും സമ്മിശ്രാനുഭവമായിരുന്നു എന്റെ സ്കൂൾ ജീവിതം.ലീക്കടിക്കുന്ന പേനയും, മഷി പുരണ്ട കുപ്പായവുമായി നിൽക്കുന്ന പല ചങ്ങാതിമാരേയും ഓർമ്മവരുന്നു. ദൂരദർശൻ ഡയറക്ടറായിരുന്ന കാനാ കുഞ്ഞികൃഷ്ണന്റേതാണ് ഒരു മുഖം. കെ.ടി.എൻ. ന്റെ സയൻസ് ക്ലാസുമായി ബന്ധപ്പെട്ട തമാശ നിറഞ്ഞ ഒരു ഓർമ്മയും പറയാം. പാഠപുസ്തകത്തിൽ കിഡ്നികളുടേയും ബന്ധപ്പെട്ട ഭാഗങ്ങളുടേയും ചിത്രമുണ്ടായിരുന്നത് മാഷ് വലുതായി ബോർഡിൽ വരച്ചു. ആകൃതി കൊണ്ടുള്ള സാമ്യത്താൽ ഞങ്ങൾ കിഡ്നിയെ വൃഷണമായി തെറ്റിദ്ധരിച്ചു. അതുകൊണ്ടുതന്നെ 'കിഡ്നി' പെണ്ണുങ്ങൾക്കുണ്ടാകുമോ? എന്ന പ്രബലമായൊരു സംശയം ഞങ്ങളിൽ പലർക്കുമുണ്ടായി. 'കിഡ്നി' ആർക്കാണ് എന്ന വിഷയത്തെ പ്രശ്നവൽക്കരിച്ച് കെ.ടി.എൻ. ബോധ്യപ്പെടുത്തിത്തന്നു – 'കിഡ്നി' ഒരു ആന്തരാവയവമാണെന്ന്.

സ്കൂളിനോടൊപ്പം ഓണക്കുന്ന് പ്രദേശം മുഴുവൻ എന്റെ മനസ്സിൽ നിറഞ്ഞുനിൽക്കുന്നുണ്ട്. ഇന്നിപ്പോൾ മുഖച്ഛായ മാറിപ്പോയ ഈ പ്രദേശം എന്റെ മനസ്സിൽ ഇപ്പോഴും പഴയ തണ്ണീർപ്പന്തലും ഗാന്ധിമന്ദിരവും ചുമടുതാങ്ങിയും ഒക്കെയായി നിലകൊള്ളുന്നു. 'വരുവിൻ കാണുവിൻ ആനന്ദിപ്പിൻ' എന്ന വിളംബരത്തോടെ 'പൈലിൻ ചുവട്ടിൽ' നടന്ന മൈക്ക് ഉള്ള മീറ്റിംഗുകളും ഓർത്തുപോവുന്നു. ആ 'പൈൽ' ഓണക്കുന്നിന്റെ ദൃക്സാക്ഷിയായിരുന്നില്ലേ?



# നനഞ്ഞ് വിറച്ച് ആദ്യ ബാച്ചിൽ ഒരേയൊരു പെൺകുട്ടി

**എം.വി.രാജനന്ദിനി**
റിട്ട. ടീച്ചർ, മണക്കാട്

അരനൂറ്റാണ്ടുകൊണ്ട് നാടും ജീവിതവുമൊക്കെ എത്രമാറിപ്പോയിരിക്കുന്നു. പെരളത്തെ തോടും കരയും ഇരുഭാഗത്തും നിറഞ്ഞൊഴുകിയ വെള്ളവുമാണ് എന്റെ എല്ലാ ബാല്യകാല സ്മരണകളിലും ആദ്യം കടന്നുവരുന്നത്. കാറ്റിൽ ചെരിയുന്ന കുടയും, വെള്ളച്ചാലിൽ നീന്തി മുക്കാലും നനഞ്ഞ പാവാടയും കുപ്പായവുമായി വൈകുന്നേരം വരെയും നനഞ്ഞ് വിറച്ച് സ്കൂളിലിരുന്ന ഒരു കാലത്തിന്റെ ഓർമ്മകൾ. കരിവെള്ളൂർ ഹൈസ്കൂളിലെ ആദ്യ ബാച്ചിൽ ഒരേയൊരു പെൺകുട്ടിയായിരുന്നു ഞാൻ. 8 ലും 9 ലും കൂട്ടുണ്ടായിരുന്ന ഗൗരിയും ചിരിയും 9ൽ തോറ്റ് പഠിപ്പ് നിർത്തിയിരുന്നു.

നാലാം ക്ലാസ് വരെ കൊഴുമ്മൽ സ്കൂളിലായിരുന്നു എന്റെ വിദ്യാഭ്യാസം. 5 മുതൽ 7 വരെ പുത്തിലോട്ട് സ്കൂളിലാണ് പഠിച്ചത്. അവിടെയായിരുന്നു അമ്മയുടെ വീട്. എട്ടാം ക്ലാസിൽ ഞാൻ വീണ്ടും പെരളം യു.പി. യിലെത്തി. അവിടെയാണ് ഇ.എസ്.എൽ.സി. പരീക്ഷ എഴുതിയത്. എല്ലാ ഓർമ്മകൾക്ക് ചുറ്റും നിറഞ്ഞ് പരക്കുന്ന കട്ടച്ചേരി വയലുകളിൽ പെയ്ത മഴവെള്ളം. ക്ലാസിലെ ഒരേയൊരു പെൺകുട്ടിയായതിന്റെ ഒറ്റപ്പെടലൊന്നും കരിവെള്ളൂർ ഹൈസ്കൂളിൽ ഞാൻ അനുഭവിച്ചിരുന്നില്ല.

അന്ന് സ്കൂളിൽ എസ്.എസ്.എൽ.സി. സെന്ററുണ്ടായിരുന്നില്ല എന്നത് വലിയ പ്രയാസമായിരുന്നു. ചന്തേര, ഒരാഴ്ചക്കാലം താമസിച്ചിട്ടാണ് തൃക്കരിപ്പൂരിൽ പോയി പരീക്ഷ എഴുതിയത്. എസ്.എസ്.എൽ.സിക്ക് ശേഷം തുന്നൽ പഠിച്ചു. 'നീഡിൽ വർക്ക്' എന്ന പേരിൽ അന്ന് പ്രത്യേക കോഴ്സൊക്കെ ഉണ്ടായിരുന്നു. കണ്ണൂരിൽ പോയാണ് ഞാനതിന്റെ പരീക്ഷ എഴുതിയത്.

എസ്.എസ്.എൽ.സി. ക്ക് ഉയർന്ന മാർക്ക് കിട്ടിയാൽ ടി.ടി.സി. എന്നൊരു പതിവ് തൊണ്ണൂറുകൾ വരെയും കരിവെള്ളൂർ പ്രദേശത്ത് പ്രബലമായിരുന്നു. ആ പാരമ്പര്യം ഞങ്ങളുടെ കാലഘട്ടത്തിൽ തന്നെ ആരംഭിക്കുന്നുണ്ട്. പേരുകേട്ട മായിപ്പാടി ടി.ടി.ഐ.യിലാണ് ഞാൻ ടി.ടി.സി. പഠിച്ചത്. അവിടുത്തെ ട്രെയിനിംഗ് അവിസ്മരണീയമാണ് – അധ്യാപനം മാത്രമല്ല, ജീവിതം തന്നെയാണ് മായിപ്പാടിയിൽ നിന്ന് പരിശീലിപ്പിച്ചത്. കോഴ്സ് കഴിഞ്ഞാലുടൻ ജോലിയും കിട്ടുമായിരുന്നു. ഓർമ്മകൾ വർഷങ്ങൾക്കപ്പുറത്തേക്ക് മാടിവിളിക്കുമ്പോൾ കഴിഞ്ഞുപോയതെല്ലാമോർത്ത് മനസ്സ് നിറയുന്നുണ്ട്. സ്ത്രീ വിദ്യാഭ്യാസത്തിനൊക്കെ പ്രാധാന്യം കൈവന്നിട്ടില്ലാത്ത ആ കാലത്തും കരിവെള്ളൂരിന് അത് പ്രധാനമായിരുന്നു. – അതുകൊണ്ടാണല്ലോ എന്നെപ്പോലുള്ള പെൺകുട്ടികളുടെ വിദ്യാഭ്യാസം സുഗമമായത്.

---



# ഹൃദ്യമായിത്തീരുന്ന പഴയ ഓർമ്മകൾ പകരുന്ന കണ്ണീരും ചിരിയും.........

**പി.കരുണാകരൻ മാസ്റ്റർ**
കൊടക്കാട്

അന്നത്തെ കൂട്ടുകുടുംബവ്യവസ്ഥിതിയിലെ സാഹചര്യങ്ങൾ ഇന്നത്തെ കുട്ടികൾക്കറിയില്ലല്ലോ. പഠിച്ചാൽ പഠിച്ചു. ഇല്ലെങ്കിൽ ഇല്ല എന്നമട്ടിൽ വളരെ അയഞ്ഞതായിരുന്നു രക്ഷിതാക്കൾക്ക് കുട്ടികളുടെ വിദ്യാഭ്യാസത്തോടുള്ള സമീപനം. പാടത്തും പറമ്പിലുമായി നൂറുകൂട്ടം പണികളുണ്ടാവും. 'അണ്ണാറക്കണ്ണനും തന്നാലായത്' എന്നാണല്ലോ പ്രമാണം. ഏത് പ്രായമായാലും അവരവരെക്കൊണ്ട് കഴിയുന്ന ജോലി ചെയ്യണം എന്ന 'അധ്വാനത്തിന്റേതായ' ഒരു സംസ്കാരം അന്ന് നാട്ടിൽ പ്രബലമായിരുന്നു. കാർഷികാന്തരീക്ഷം പൊതുവെ അന്നത്തെ കുടുംബങ്ങളുടെ പ്രത്യേകതയായിരുന്നു. ഓലാട്ടെ പ്രാഥമിക പഠനകാലത്തുതന്നെ ചാണം വാരാൻ പോകണമായിരുന്നു. മാന്യഗുരു സ്കൂളിൽ ഇ.എസ്.എൽ.സി.ക്ക് പഠിക്കുമ്പോൾ രാവിലെയും വൈകുന്നേരവും അതൊരു ദിനചര്യയായി. ഹൈസ്കൂളിലെത്തുമ്പോഴേക്കും നാട്ടിലെ ഒന്നാതരം 'ചാണം വാരൽ' കാരനായി ഞാൻ മാറി. എന്നാൽ എത്ര ചാണം വാരിയാലും പാടത്തെ മഴവെള്ളച്ചാലിൽ നീന്തിയുള്ള സ്കൂൾ യാത്രയിൽ ചാണത്തിന്റെ മണമൊക്കെ പോകുമായിരുന്നു.

മാന്യഗുരു സ്കൂളിൽ പഠിച്ച ഇ.എസ്.എൽ.സി. എഴുതാനുള്ള കേന്ദ്രം പയ്യന്നൂരായിരുന്നു. കരിവെള്ളൂരിൽ, കമ്യൂണിസ്റ്റ് സർക്കാർ സ്കൂൾ അനുവദിച്ചത് വലിയ രക്ഷയായി. എന്നാലും വീട്ടിലെ പ്രതിബന്ധങ്ങൾ മാറിയില്ല. അച്ഛന്റെ ഏട്ടൻ (വല്യച്ഛൻ) വീട്ടിലെ കുട്ടികളുടെ വിദ്യാഭ്യാസ കാര്യങ്ങളിൽ തല്പരനേ ആയിരുന്നില്ല. മണ്ണെണ്ണ വിളക്കിൽ വായിച്ചുകൊണ്ടിരിക്കുമ്പോഴായിരിക്കും മൂപ്പർവന്ന് ചിലപ്പോൾ വിളക്ക് കെടുത്തുക. മണ്ണെണ്ണ ലാഭിക്കാനായിരിക്കും. എന്നാലും അതെന്തൊരു കഷ്ടമാണെന്ന് ഒന്നോർത്തു നോക്കൂ.....

കൃഷിസ്ഥലം വിറ്റ് കിട്ടിയ പണം കൊണ്ടാണ് ടി.ടി.സി. ക്ക് ചേർന്നത്. എന്നും കൃഷിപ്പണികളോട് സ്നേഹമായിരുന്നു. ഇന്നും, കരിവെള്ളൂർ ഹൈസ്കൂളിനെക്കുറിച്ച് ഓർക്കുമ്പോൾ ആദ്യം മനസ്സിൽ തെളിയുന്നത് കൺകണ്ട ദൈവം തന്നെ –

സുകുമാരൻ മാഷ്. കാലാനുസൃതമായി പരിഷ്കരിക്കപ്പെട്ട ബോധനമായിരുന്നു കെ.ടി.എന്നിന്റേത്. എന്നാൽ അതിന് ഒരിക്കലും ക്ലാസ് നഷ്ടപ്പെട്ടില്ല. കെ.സി. നായർ എന്ന ഗണിതാധ്യാപകൻ പകർന്ന സ്നേഹാനുഭവങ്ങളും എടുത്തുപറയേണ്ട താണ്. കണക്കിൽ പിന്നിലായിരുന്ന എനിക്ക് കണക്ക് പറഞ്ഞുതരാൻ പ്രത്യേകം ശ്രദ്ധിച്ചു. എസ്.എസ്.എൽ.സിക്ക് എനിക്ക് കണക്കിൽ 61 മാർക്ക് കിട്ടുമെന്ന് മാഷ് പ്രവചിച്ചിരുന്നു. അത് സത്യമായിത്തീരുകയും ചെയ്തു.

ദുരിതങ്ങൾ നീന്തിക്കടന്ന് ആശ്വാസ നിശ്വാസത്തിന്റെ തീരത്തെത്തിയപ്പോഴും ഹൃദ്യമായിത്തീരുന്ന പഴയ ഓർമ്മകൾ പകരുന്ന കണ്ണീരും ചിരിയും അല്ലെങ്കിലും ഓർമ്മകളിൽ എന്തും മധുരമായിത്തീരും -അല്ലേ?

പ്രദേശത്തിന്റെ കാർഷിക സമൃദ്ധിയിൽ നിന്നാണ് ഓർമ്മകളുടെ പൂക്കാലം ആരംഭിക്കുന്നത്. പാടവരമ്പത്തുകൂടെയും കാട്ടുവഴികളിലൂടെയും മാന്യഗുരു സ്കൂളിലേക്കുള്ള ആ യാത്ര! 1955ൽ ആണ് അവിടെ ഇ.എസ്.എൽ.സി. കഴിഞ്ഞത്. 1958ൽ കരിവെള്ളൂർ ഹൈസ്കൂൾ വന്നില്ലായിരുന്നെങ്കിൽ ഞാൻ എസ്.എസ്.എൽ.സി. ക്കാരനാവുമായിരുന്നില്ല. പഴങ്കഞ്ഞിയായിരുന്നു അടിസ്ഥാന ഭക്ഷണം. ഒരു കർഷക കുടുംബത്തിൽ ജനിച്ച എന്നെ അന്നത്തെ സാഹചര്യങ്ങൾ ജീവിതത്തിലുടനീളം ഏറെ സ്വാധീനിച്ചിട്ടുണ്ട്. പുല്ലരിയാൻ പോകാത്ത ഒരു വൈകുന്നേരവും കുട്ടിക്കാലത്തില്ലെന്ന് തോന്നുന്നു. ക്ഷമയും പരിശ്രമവും ഏകാഗ്രതയും ഏറെ വേണ്ട ജോലിയാണ് പുല്ലരിയൽ. അന്നത്തെ കുട്ടികളുടെ വിദ്യാഭ്യാസത്തിനും അതുകൊണ്ട് ഗുണമുണ്ടായിട്ടുണ്ടാവണം.

സ്കൂളോർമ്മയുടെ അനുബന്ധമാണ് മായിപ്പാടിയിലെ ടി.ടി.സി. ജീവിതവും. ടി.ടി.സി. പഠിക്കുമ്പോഴാണ് സുകുമാരൻ മാഷിന്റെ ഇംഗ്ലീഷ് ക്ലാസ് ശരിക്കും പ്രയോജനപ്പെട്ടത്. ടി.ടി.സി. പഠിക്കാനുള്ള ഗ്രാമർ ഒക്കെ ഞങ്ങൾക്ക് എളുപ്പം വഴങ്ങിയത് കെ.ടി.എൻ. എസ്.എസ്.എൽ.സി. ക്ക് നൽകിയ ഉയർന്ന വിജ്ഞാനം മൂലമാണ്, അത്രയും ആത്മാർത്ഥമായൊരു അധ്യാപനം ജീവിതത്തിൽ മറ്റൊരിടത്തും അനുഭവിക്കാൻ എനിക്ക് കഴിഞ്ഞിട്ടില്ല. ലളിതമായി കാര്യങ്ങൾ പറഞ്ഞുതരാൻ കെ.ടി.എൻ. ന് ഉള്ള കഴിവ് ഒന്നുവേറെ. സ്കൂൾ സ്മൃതികളുടെ മധ്യത്തിലെ ദീപസ്തംഭം സുകുമാരൻ മാഷ് തന്നെ.



# സ്കൂൾ സ്മൃതികളുടെ മധ്യത്തിലെ ദീപസ്തംഭം.........

**സി.വി.ഗോവിന്ദൻ**
പാടിക്കീൽ-കൊടക്കാട്

1958 ജൂണിൽ സ്ഥാപിതമായ കരിവെള്ളൂർ ഹൈസ്കൂളിലെ ആദ്യ ബാച്ചിൽപ്പെട്ട ഒരു വിദ്യാർത്ഥിയായിരുന്നു ഞാൻ. മാന്യഗുരു യു.പി. സ്കൂളിൽ നിന്ന് അന്നത്തെ അവസാന ഇ.എസ്.എൽ.സി. ബാച്ചിലെ വിദ്യാർത്ഥിയും. സാമാന്യം ഭേദപ്പെട്ട ജീവിത സാഹചര്യങ്ങളിൽ നിന്നാണ് ഹൈസ്കൂൾ പഠനത്തിലേക്ക് വന്നെത്തിയത്. എന്നാൽ മറ്റ് പല സഹപാഠികളുടേയും സാഹചര്യം പരമദരിദ്രവും പ്രയാസമേറിയതുമായിരുന്നു. ഹൈസ്കൂൾ വിദ്യാഭ്യാസം നേടുന്നതിനുള്ള സാഹചര്യവും ശേഷിയും ഉണ്ടായിരുന്നില്ല. എങ്കിലും നല്ലവരായ സാമൂഹ്യ പ്രവർത്തകരുടെ അകമഴിഞ്ഞ സഹായ സഹകരണങ്ങൾ അവർക്ക് ലഭിച്ചിരുന്നതിനാൽ ഉന്നത വിദ്യാഭ്യാസ മേഖലയിൽ എത്തിപ്പെടുവാനും സമൂഹത്തിലും ഉന്നതസ്ഥാനങ്ങളിലും എത്തിച്ചേരുവാനും അവർക്ക് സാധിച്ചു.

ഇന്ന് എ.വി.എസ്.ജി.എച്ച് എസ്.എസ്. കരിവെള്ളൂരിൽ കാണുന്ന യാതൊരു ഭൗതിക സാഹചര്യങ്ങളും നിലവിലില്ലാതിരുന്ന 1960 കാലഘട്ടത്തിൽ കരിവെള്ളൂർ ടൗണിലെ ഒരെടുപ്പിന്റെ മച്ചിൻപുറത്തായിരുന്നു ഒറ്റക്ലാസ് റൂം പ്രവർത്തിച്ചിരുന്നത്. എല്ലാ വിഷയങ്ങളും കൈകാര്യം ചെയ്യുന്നതിന് ഏക അധ്യാപകനും. എങ്കിലും ജീവിതമൂല്യങ്ങൾക്കും വിദ്യാഭ്യാസത്തിനും ഇന്നുകാണുന്ന മൂല്യച്യുതി ഇല്ലാതിരുന്ന ആ കാലഘട്ടം എന്റെ സ്മൃതി പഥത്തിൽ അനേകം മധുരിക്കുന്നതും നൊമ്പരപ്പെടുത്തുന്നതുമായ അനുഭവങ്ങൾ ഉണർത്തുന്നുണ്ട്.

വിദ്യാഭ്യാസ മേഖലയിലെ എന്റെ ഗുരുസ്ഥാനീയരിൽ ഇന്നും പ്രഥമ പരിഗണന അർഹിക്കുന്ന ബഹുമാനപ്പെട്ട വ്യക്തിയാണ് ശ്രീ.കെ.ടി.എൻ.സുകുമാരൻ മാസ്റ്റർ. വിദ്യാലയത്തിന്റെ പ്യൂൺ പണി മുതൽ പ്രധാനാധ്യാപകന്റേയും മറ്റ് അധ്യാപകരുടേയും എല്ലാ ജോലികളും സ്വയം നിർവ്വഹിച്ച ആ മാതൃകാധ്യാപകനെ എത്ര പ്രകീർത്തിച്ചാലും മതിയാകുകയില്ല. യഥാർത്ഥത്തിൽ ഒരു ശാസ്ത്ര അധ്യാപകനായിരുന്ന ശ്രീ.സുകുമാരൻ മാസ്റ്റർ ആദ്യബാച്ചിൽ പെട്ട വിദ്യാർത്ഥികളായിരുന്ന ഞങ്ങൾ 22 പേരുടേയും മികവുറ്റ ഒരു ഭാഷാ അധ്യാപകനും സർവ്വോപരി ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനം പകർന്നുതന്ന ഒരു ഉന്നത അധ്യാപകനുമായിരുന്നു. എന്റെ ഓർമ്മയിൽ ഒളിവീശുന്ന ഒരു പ്രധാന സംഭവം പാഠ്യേതര വിഷയങ്ങളിൽ ഒരുപോലെ ശുഷ്കാന്തി കാണിച്ചിരുന്ന ശ്രീ.സുകുമാരൻ മാസ്റ്റർ പ്രസംഗകലയിൽ എനിക്ക് പ്രചോദനം നൽകുന്ന വിധത്തിൽ ഞാൻ 9-ാം തരത്തിൽ പഠിക്കുന്ന കാലഘട്ടത്തിൽ അമേരിക്കൻ സ്വാതന്ത്ര്യാനന്തരം ആദ്യത്തെ അമേരിക്കൻ പ്രസിഡണ്ട് അബ്രഹാം ലിങ്കന്റെ പ്രസിദ്ധമായ ജസ്റ്റിസ് ബർഗ് പ്രസംഗം, അതേശൈലിയിലും ഉച്ചാരണത്തിലും ഹൃദിസ്ഥമാക്കി വേദിയിൽ പ്രസംഗിപ്പിച്ച് എന്നെ പരിശീലിപ്പിക്കുകയുണ്ടായി. അൻപതുവർഷം പിന്നിട്ട ഈ അവസരത്തിലും ഞാൻ ആ പ്രസംഗത്തിന്റെ ആദ്യഭാഗങ്ങൾ മറന്നിട്ടില്ല. ഒരു പക്ഷേ എന്റെ ഔദ്യോഗിക ജീവിതകാലഘട്ടത്തിൽ 1994 ൽ ബാംഗ്ലൂരിൽ നടന്ന നാഷണൽ മാനേജ്മെന്റ് സമ്മേളനത്തിലും, ഹൈദരാബാദിലെ അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് കോളേജിൽ പരിശീലനത്തിനയച്ച കാലഘട്ടത്തിലും ഈയൊരു പ്രചോദനം എനിക്ക് വലിയ ആത്മവിശ്വാസം പകർന്നുനൽകിയിട്ടുണ്ട്.

അഭിമാനത്തോടെ പറയാവുന്ന ഒരു കാര്യം ഞങ്ങൾ-ആദ്യ ബാച്ചിൽപ്പെട്ട എല്ലാവരും തന്നെ ആദ്യകാല ഗുരുനാഥൻ പകർന്നുതന്ന ശിക്ഷണം കൈമുതലാക്കിക്കൊണ്ട് ഇന്ന് സമൂഹത്തിൽ ഒട്ടും മോശ

# ഒറ്റക്ലാസ് റൂമും ഏക അധ്യാപകനും.



**കെ.കെ.നായർ** (അഡ്വക്കറ്റ്)
കുണിയൻ

മല്ലാത്ത ജീവിത സാഹചര്യങ്ങളിൽ കഴിയുന്നവരാണ്. ക്ലേശഭൂയിഷ്ടമായ അന്തരീക്ഷത്തിൽ ഉണ്ടായ നൊമ്പരപ്പെടുത്തുന്ന അനുഭവങ്ങളുമുണ്ട്. വിസ്താര ഭയത്താൽ ഞാൻ അതൊന്നും ഇവിടെ കുറിക്കുന്നില്ല. എങ്കിലും ദാരിദ്ര്യം മൂലം ഉച്ചഭക്ഷണം ഉപേക്ഷിക്കേണ്ടിവന്നിരുന്ന എന്റെ അന്നത്തെ സഹപാഠികളുടെ ദയനീയത എന്നെ വേദനിപ്പിച്ചിരുന്നു. ഉള്ളതിൽ പാതി പങ്കുനൽകി അവരെ സഹായിച്ചിരുന്ന അന്തരിച്ച സഖാവ് എ.വി. യുടെ കുടുംബത്തെ സ്മരിക്കുകയും, ആദരിക്കുകയും ചെയ്യുകയാണ്. സ്ഥിരമായിട്ടല്ലെങ്കിലും ചിലദിവസങ്ങളിൽ എന്റെ കൂടെ വീട്ടിലേക്ക് കൂട്ടി ഉച്ചഭക്ഷണം നൽകി സഹായിക്കുവാൻ എനിക്കും സാധിച്ചിരുന്ന കാര്യം ചാരിതാർത്ഥ്യപൂർവ്വം ഇവിടെ സ്മരിക്കുകയാണ്. ഈ സ്കൂളിന് വേണ്ടി അദ്ദേഹം സഹിച്ച ത്യാഗത്തിനുമുന്നിൽ തലകുനിക്കുകയും ചെയ്യുന്നു.

ചരിത്ര ഗതിവിഗതികളിൽ കാലയവനികയ്ക്കുപിന്നിൽ മറഞ്ഞുപോയ എന്റെആദ്യകാല മൂന്ന് സഹപാഠികൾ. ശ്രീ.പി.പി.രാമൻ, ശ്രീ.വി.വി.നാരായണൻ, ശ്രീ.ടി.കൃഷ്ണൻ നായർ. എപ്പോഴും അവരെന്റെ ഓർമ്മയിലുണ്ട്.

ഇപ്പോൾ ഷഷ്ഠിപൂർത്തി കഴിഞ്ഞ് ഔദ്യോഗിക ജീവിത്തിൽ നിന്ന് വിരമിച്ച്, എന്നാൽ വിരമിക്കാത്ത അഭിഭാഷകവൃത്തിയിലേർപ്പെട്ട് സാമാന്യം നല്ല നിലയിൽ ജീവിതം നയിക്കുയാണ് ഞാൻ. സർവ്വീസ് കാലത്തും പിന്നീട് അഭിഭാഷകവൃത്തിയിലുമെല്ലാം എന്റെ ഏറ്റവും വലിയ കൈമുതൽ ഈ സ്കൂളിൽ നിന്ന് നേടിയ അധ്യയനം തന്നെ.

**പെരളം സർവ്വീസ് കോ-ഓപ്പ്. ബേങ്ക് ലിമിറ്റഡ്**

No. : LL. 63. കൊഴുമ്മൽ - 670522. കണ്ണൂർ ജില്ല
ഫോൺ : 04985 260324, 262007

ആകർഷകമായ പലിശ നിരക്കിൽ നിക്ഷേപങ്ങൾ സ്വീകരിക്കുന്നു.
ഹ്രസ്വകാല, മധ്യകാല, ദീർഘകാല വായ്പകൾ ചുരുങ്ങിയ പലിശനിരക്കിൽ നൽകുന്നു.

പവ്വർ ടില്ലർ വാടകയ്ക്ക് നൽകുന്നു.
കൺസ്യൂമർ സ്റ്റോർ, ത്രിവേണി നോട്ട് ബുക്ക് വളം, കീടനാശിനി വിൽപ്പന നടത്തുന്നു.
കാർഷികേതര വായ്പകൾ നൽകുന്നു.

ആശംസകളോടെ...

Ph : 04985 260639

**നാഗേഷ് പൈ**

**പലചരക്ക് കച്ചവടം**

തെരു റോഡ്, കരിവെള്ളൂർ




# എട്ട്-എ യിൽ ജീൻവാൾജീൻ

കരിവെള്ളൂർ മുരളി

ഭാഷയിലും സാഹിത്യത്തിലുമെല്ലാം
താല്പര്യം വളർത്തുന്നതിൽ നമ്മുടെ
സ്കൂളിലെ മലയാളം അധ്യാപകർ
ചെലുത്തിയ സ്വാധീനത്തെക്കുറിച്ച് എല്ലാ
കുട്ടികൾക്കും ഒരിക്കലും മറക്കാനാവാത്ത
ഒരുപാടനുഭവങ്ങളും ഓർമ്മകളും ഉണ്ടാകും.
കുഞ്ഞപ്പൻ മാഷും, പി.കണ്ണൻ മാഷും,
ടി.വി.രാഘവൻ മാഷുമെല്ലാം പഠിപ്പിച്ച
പാഠങ്ങൾ, വാക്കുകൾ, അക്ഷരങ്ങൾ
എഴുത്തിനും പ്രസംഗത്തിനും
ജീവിതത്തിനുമെല്ലാം എനിക്കും തുണയായത്
അതൊക്കെത്തന്നെ. ചുവന്നുതുടുത്ത
മുഖവുമായി കണ്ണൻമാഷ് ക്ലാസെടുക്കുമ്പോൾ
ഉച്ചരിക്കുന്ന വാക്കുകൾക്കെല്ലാം
അസൂയാവഹമായ സൗന്ദര്യമായിരുന്നു.
ചുവന്ന ചുണ്ടുകളിൽ ഊറിനിൽക്കുന്ന
ചിരിയോടെ വാക്കുകൾ അദ്ദേഹത്തിൽനിന്ന്
പുറത്തു വരുമ്പോൾ സാകൂതം കണ്ണുകളിൽ
നോക്കി ചെവികൂർപ്പിച്ച് അത് കേൾക്കുമ്പോൾ
എനിക്ക് എപ്പോഴും അത് മനോഹരമായ
ഒരു പാട്ട് കേൾക്കുന്നതുപോലെയായിരുന്നു.
ഉച്ചാരണത്തിലെ ശുദ്ധിയും നാക്കും വാക്കും
തമ്മിലുള്ള സ്നേഹബന്ധവുമെല്ലാംകൂടി
കണ്ണൻമാഷുടെ ശ്രുതിസുഭഗമായ
ഒരു ആലാപനം. എനിക്ക് ആ സാന്നിധ്യം
എപ്പോഴും ഒരു പുരാണ കഥാപാത്രത്തെയാണ്
ഓർമ്മയിൽ അനുഭവിപ്പിക്കുന്നത്.
കുഞ്ഞപ്പൻമാഷോട് അധ്യാപകനെന്ന
നിലയിൽമാത്രമുള്ള ആദരവല്ല.
രാവിലെയും വൈകുന്നേരവും ഞങ്ങളുടെ
വീട്ടിനുമുന്നിലൂടെ എന്റെ ഓർമ്മവെച്ച
നാൾതൊട്ട് നടന്നുകൊണ്ട് വായിച്ച് കടന്നു
പോകുന്ന ആൾ. എപ്പോഴും കൈയിൽ
ഒരു പുസ്തകം. അല്ലെങ്കിൽ ആഴ്ചപ്പതിപ്പ്.
ഷർട്ടിന്റെ കോളറിൽ തൂക്കിയിട്ട കാലൻകുട.
അച്ഛൻ വീട്ടിലുണ്ടെങ്കിൽ മാത്രം അവിടെ നിന്ന്
പുസ്തകം കൈയിൽ മടക്കിപ്പിടിച്ച്
അല്പനേരത്തെ കുശലം.
സ്വപ്രയത്നംകൊണ്ട് ദാരിദ്ര്യത്തേയും
പരിമിതികളേയും നെടുകെ നീന്തിക്കയറിയ
അശ്രാന്തപരിശ്രമശാലി. ഞാൻ കാണുന്ന
ആദ്യത്തെ സാഹിത്യകാരൻ. നവയുഗം,
ജനയുഗം, ദേശാഭിമാനി ആഴ്ചപ്പതിപ്പുകളിൽ
അച്ചടിച്ചുവരുന്ന കെ.കരിവെള്ളൂരിന്റെ കഥകൾ
അനല്പമായ ആരാധനയോടെയാണ്
ഞാൻ വായിച്ചിരുന്നത്. ഇതിനുപുറമെ
ഞങ്ങളെപ്പോലുള്ള കുട്ടികളെ തീപ്പിടിപ്പിച്ചിരുന്ന
രാഷ്ട്രീയാഭിപ്രായങ്ങളും. സ്കൂൾ വിട്ട്
വീട്ടിനുമുന്നിലൂടെ പോകുമ്പോൾ
ഭാഷയെക്കുറിച്ച് എന്തെങ്കിലും ഒരു സംശയം
മാഷോട് ചോദിക്കാൻ എനിക്ക് എന്നും
ഉണ്ടായിരുന്നു. സമകാലിക സംഭവങ്ങളുമായി
ബന്ധിപ്പിച്ച് മലയാളം ക്ലാസെടുക്കുമ്പോൾ
കുഞ്ഞപ്പൻമാഷുടെ രാഷ്ട്രീയവും ജീവിത
വീക്ഷണവുമെല്ലാം മറനീക്കി പുറത്തു വരും.
കലയിലും എഴുത്തിലുമെല്ലാമുള്ള
എന്റെ നിശ്ശബ്ദവാസനകളെ
സത്യമായും പ്രചോദിപ്പിച്ചുകൊണ്ടിരുന്നു
കുഞ്ഞപ്പൻമാഷുടെ ക്ലാസും ഇടപെടലുകളും.
ഇതിൽനിന്നെല്ലാം വ്യത്യസ്തമായി
എന്നെ അഗാധമായി സ്വാധീനിച്ച
ഒരധ്യാപകനെക്കുറിച്ചാണ് എനിക്ക്
എഴുതാനുള്ളത്.
അത് ഹരിദാസൻ മാഷാണ്.
ഒട്ടും ആകർഷകമായ ഒരു രൂപമായിരുന്നില്ല
അദ്ദേഹത്തിന്റേത്. ഉയരം കുറഞ്ഞ്, അല്പം
കറുത്ത് മെലിഞ്ഞ്, ഒരുപാട് വിടവുകളുള്ള
അല്പം വലിയ പല്ലുകളുമായി
ഒരു ശാന്തപ്രകൃതിയായ മനുഷ്യൻ.
അയഞ്ഞ ഒരു ഫുൾക്കൈ ഷർട്ടും,
ഒരിക്കലും മടക്കിക്കുത്താത്ത തറ അടിച്ചു
വാരുന്ന വിധം താഴ്ത്തിയുടുത്ത ഡബിൾ
മുണ്ടുമെല്ലാമായി ഏറെക്കുറെ കുട്ടികൾക്ക്
താല്പര്യമൊട്ടും തോന്നിപ്പിക്കാത്ത ഒരു രൂപം.
സ്കൂൾ കോമ്പൗണ്ടിന്റെ കിഴക്കേ അറ്റത്തെ
തെക്കുവടക്കായുള്ള കെട്ടിടത്തിന്റെ
ഒത്തനടുവിൽ എട്ടാം ക്ലാസ്സ് എ യിൽ
വിരസമായിത്തുടർന്നിരുന്ന ക്ലാസിനിടയ്ക്ക്

അദ്ദേഹം പറഞ്ഞു. (ഫ്രഞ്ച്വിപ്ലവത്തെക്കുറിച്ചാണ് അപ്പോൾ അദ്ദേഹം ക്ലാസെടുത്തി രുന്നതെന്ന് തോന്നുന്നു.)
"നമുക്ക് ഈ ടെക്സ്റ്റ് ബുക്കും നോട്ട് ബുക്കുമൊക്കെ അടച്ചുവെക്കാം, ഞാൻ നിങ്ങളോട്
ഒരു കഥ പറയാൻ പോകുന്നു. അത്ര ചെറിയ കഥയല്ല. നിങ്ങളാരും കേട്ടിരിക്കാനിടയില്ല. ലോകപ്രശസ്തനായ ഫ്രഞ്ച് എഴുത്തുകാരൻ വിക്ടർ ഹ്യൂഗോവിന്റെ 'പാവങ്ങൾ' ഇപ്പോൾ നിങ്ങൾക്ക് വായിക്കാൻ പ്രായമായിട്ടില്ല. പക്ഷേ മുതിർന്നാൽ നിങ്ങൾ ഈ പുസ്തകം വായിക്കണം."
മാഷ് പറഞ്ഞുതുടങ്ങുകയായിരുന്നു. ജീൻവാൾജീന്റെ (ഴാങ്ങ് വാൽ ഴാങ്ങ്) കഥ. ബിഷപ്പിന്റെ അരമനയിൽ നിന്ന് മെഴുകുതിരിക്കാലുകൾ മോഷ്ടിക്കുന്നത്. ജയിലിൽനിന്ന് ഇറങ്ങുമ്പോൾ മുതുകത്ത് പച്ചകുത്തുന്നത്. കഥയിലെ ജീൻവാൾജീൻ കൊളോസ്സസ്സിനെപ്പോലെ ഞങ്ങളുടെ ക്ലാസ്സിൽ മോന്തായം മുട്ടെ വളർന്നുനിന്നു. ഒപ്പം കഥപറഞ്ഞുകൊണ്ടിരുന്ന ഹരിദാസൻമാഷും. പെട്ടെന്ന് എന്റെ കണ്ണിൽ അദ്ദേഹത്തിന് ആറടി പൊക്കമായി. അസൂയജനിപ്പിക്കുന്ന ഒരു സുന്ദര രൂപമായിത്തീർന്നു, എന്റെ കണ്ണിൽ ഹരിദാസൻമാഷ്. മുക്കാൽ മണിക്കൂർ പിരിയേഡ് കഴിഞ്ഞ് മണിയടിച്ചപ്പോൾ ഹരിദാസൻമാഷ് പുറത്തിറങ്ങുന്നത് ഞങ്ങൾ കുട്ടികൾ വലിയ സങ്കടത്തോടെയാണ് കണ്ടിരുന്നത്. പിറ്റേന്നും അതിന്റെ പിറ്റേന്നുമെല്ലാം ഹരിദാസൻമാഷുടെ പിരിയേഡിന് ഞങ്ങൾ കാത്തിരുന്നു.



സൂചി നിലത്തിട്ടാലറിയുന്ന നിശബ്ദതയോടെ. നാലോ അഞ്ചോ ദിവസം ഹരിദാസൻമാഷ് നിർത്താതെ കഥപറഞ്ഞു. കഥ തീർന്നപ്പോൾ ഞാൻ അറിയാതെ എണീറ്റുനിന്നു. എന്റെ കണ്ണുകൾ നിറഞ്ഞിരുന്നു. അടുത്തിരുന്ന കൃഷ്ണൻ എന്നെ പിടിച്ചുവലിച്ചു. 'ഇരിക്കെടാ..'
ഹരിദാസൻമാഷ് ഇനി ഒരു പാഠവും പഠിപ്പിക്കേണ്ട എന്നാണെനിക്ക് തോന്നിയത്. പതിഞ്ഞശബ്ദത്തിൽ അദ്ദേഹം പറഞ്ഞ കഥ. പുതിയ ലോകം തേടിയുള്ള ഒരു യാത്രയ്ക്ക് എനിക്ക് വെളിച്ചമായിത്തീർന്നു. ടി.കുഞ്ഞിരാമേട്ടനെ സ്വാധീനിച്ച് പഞ്ചായത്ത് ലൈബ്രറിയിൽ നിന്ന് നാലാപ്പാട്ട് നാരായണമേനോന്റെ 'പാവങ്ങൾ' തർജ്ജമ തൊട്ടടുത്ത ദിവസം തന്നെ ഞാൻ എടുത്തു. ഒരു 'യമണ്ടൻ' പുസ്തകം. ഒരാഴ്ചയ്ക്കുള്ളിൽ മടക്കണം.
രാത്രി ഉറങ്ങാതെ മേശവിളക്കും കത്തിച്ചുവെച്ച് നാലുദിവസം കൊണ്ട് ഞാനത് വായിച്ചുതീർത്തു. ജീൻവാൾജീന്റെ വഴികളെല്ലാം എനിക്ക് പരിചയമുള്ള തായിരുന്നു. എല്ലാ ചെറിയ തെരുവുകളിലും നിന്ന് ഹരിദാസൻമാഷ് വഴികാട്ടിക്കൊണ്ടിരുന്നു. എട്ടാം ക്ലാസ്സ് തീരുന്നതിനിടയ്ക്ക് ഞാൻ കിട്ടാവുന്നത്രയും പുസ്തകങ്ങൾ വായിച്ചുകൂട്ടി. മിക്കതും തർജ്ജമകൾ.
'പാവങ്ങൾ' കുറേക്കൂടി മുതിർന്നതിനുശേഷം 1975 ൽ ഒരിക്കൽക്കൂടി വായിച്ചു. ഒരു തലമുറയുടെതന്നെ ഭാഷയേയും രുചികളേയും രൂപപ്പെടുത്തിയ കൃതി.ഹരിദാസൻമാഷ് ഇപ്പോൾ എവിടെയുണ്ടെന്ന് ഇതെഴുതുമ്പോഴും എനിക്കറിയില്ല. അറിയാനോ അറിയിക്കാനോ അല്ല. നിശ്ശബ്ദമായ ചില അനുഭവങ്ങളും സ്വാധീനങ്ങളും ഒരുപക്ഷേ എല്ലാവരേയും ജീവപര്യന്തം പിൻതുടരും. അത് രേഖപ്പെടുത്തുമ്പോൾ അറിയാത്ത ഒരാശ്വാസവും



ഹരിദാസ് കരിവെള്ളൂർ



# കളിമുറ്റം കഥയുടെയും നാടകത്തിന്റെയും

ഞാനിന്നുമോർക്കുന്നു.

കരിവെള്ളൂർ എ.വി.സ്മാരക ഹൈസ്കൂളിൽ ഞാനന്ന് എട്ടാം ക്ലാസിൽ പഠിക്കുകയാണ്. യുവജനോത്സവത്തിൽ 'കഥാരചന' എന്ന പേരിൽ ഒരു മത്സരമുണ്ടെന്ന് അറിഞ്ഞ ആഹ്ലാദത്തിൽ, അതിൽ പങ്കെടുക്കാൻ ഞാൻ ഓടുകയായിരുന്നു. ആ മത്സരത്തിൽ ഞാനല്ലാതെ മറ്റാരുമുണ്ടാവില്ലെന്ന ഒരു തോന്നൽ എന്തുകൊണ്ടോ എനിക്കുണ്ടായി - എന്റെ ക്ലാസ്സ് ടീച്ചറോട് ചോദിക്കുകയും ചെയ്തു.

"സാർ, പങ്കെടുക്കാൻ അധികമാളില്ലെങ്കിൽ, കഥാമത്സരം നടത്തുമോ?"

"ഒരാളായായലും നടത്തും"- ആ ഉറപ്പിലാണ് ഞാൻ പോകുന്നത്. മാന്യഗുരു യു.പി.സ്കൂളിൽ ഏഴാം ക്ലാസുവരെയുള്ള കാലത്ത് എഴുത്തുകാരനായി ഞാൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ. നാടകവും കഥയുമൊക്കെ എഴുതുന്ന എന്നെ ടീച്ചർമാർ ഒട്ടൊരു വിസ്മയത്തോടെയാണ് നോക്കിയിരുന്നത്. ഉച്ചയൂണിന്റെ ഇടവേളകളിൽ സമയം കണ്ടെത്തി ഞാനുണ്ടാക്കുന്ന ചെറിയ ചെറിയ കളിനാടകങ്ങളിൽ എല്ലാ ക്ലാസിലേയും കുട്ടികൾ പ്രേക്ഷകരായി. ഞാൻ ഒന്നാം ക്ലാസിൽ പഠിക്കുമ്പോൾ കരിവെള്ളൂരിൽ സ്ഥാപിതമായ ലീന ടാക്കീസിൽ നിന്ന് കാണുവാൻ കഴിഞ്ഞ സിനിമകൾ, കരിവെള്ളൂരിലെ നാരായണേട്ടൻ ദുഷ്യന്തനായി അഭിനയിച്ച ശാകുന്തളം നാടകം, കണ്ണൂർ നടനകലാക്ഷേത്രത്തിന്റെ ഇപ്പോഴും അസാധാരണമെന്ന് വിശേഷിപ്പിക്കാവുന്ന 'കടവാങ്കോട്ട്മാക്കം' നാടകം, മുരളിയേട്ടന്റെ (കരിവെള്ളൂർ മുരളിയുടെ) അപരാജിതരുടെരാത്രി എന്ന പ്രസിദ്ധമായ നാടകം, ആ നാടകത്തിലെ ബാലേട്ടന്റെ (പ്രസിദ്ധ നടൻ യശഃശരീരനായ ബാലൻ കരിവെള്ളൂർ) അഭിനയം, കരിവെള്ളൂർ പഞ്ചായത്ത് ലൈബ്രറിയിലെ നിരവധി പുസ്തകങ്ങൾ, വർഷത്തിലൊരിക്കലുള്ള 'ഡിസംബർ ഇരുപത്' എന്ന പേരിലുള്ള രക്തസാക്ഷി സ്മരണയുമായി ബന്ധപ്പെട്ട ആഘോഷം കേരളത്തിലെ വലിയ നേതാക്കന്മാരുടെ പ്രസംഗങ്ങൾ, ബീഡി ത്തൊഴിലാളികളുടെയും കർഷകത്തൊഴിലാളികളുടെയും സ്നേഹവും സഹകരണവും നിറഞ്ഞ് ജീവിതങ്ങൾ..... ഇതൊക്കെയായിരുന്നു എഴുത്തുകാരനെന്ന നിലയിലുള്ള എന്റെ ബാല്യകാലാനുഭവങ്ങൾ - നാലാം ക്ലാസിൽ നാടകവും ഏഴാം ക്ലാസിൽ കഥയുമെഴുതുവാൻ ഈ അനുഭവങ്ങൾ എന്നെ പ്രാപ്തനാക്കി.

ആ ഒരഭിമാനത്തിലാണ്, അഹന്തയിലാണ്, ഞാൻ ഹൈസ്കൂളിലെ കഥാമത്സരഹാളിലെത്തുന്നത്. ഞാനൊഴിച്ചാരുമുണ്ടാവില്ലെന്ന് കരുതിയ കഥാമത്സരഹാളിൽ, ഒരു പരീക്ഷാഹാളിലെന്നതുപോലെ പത്തിരുപതുപേരിരിക്കുന്നു. ഹാൾ മാറിപ്പോയോ എന്ന ശങ്കയിൽ ഞാൻ, തിരിഞ്ഞുനടക്കവേ, ഒരു അധ്യാപകൻ എന്നെ വിളിച്ചു - കരിവെള്ളൂരിന്റെ എഴുത്തുകാരൻ, നോവലിസ്റ്റ് കെ.കരിവെള്ളൂരായിരുന്നു (കുഞ്ഞപ്പൻ മാസ്റ്റർ) "നീ കഥാമത്സരത്തിന് വന്നതാണോ?" ഞാൻ, 'അതെ' എന്ന് പറഞ്ഞു. അദ്ദേഹം എനിക്കിരിക്കാൻ ഇരിപ്പിടം തന്നു. കുറേ നേരമിരുന്നിട്ടും മത്സരം തുടങ്ങുന്നില്ല. കാരണം ഒരാൾ കൂടി വരാനുണ്ട് ഒരു ബാലഗോപാലൻ (അതോ ബാലകൃഷ്ണനോ) പേര് കൃത്യമായി ഓർക്കുന്നില്ല. കഴിഞ്ഞ രണ്ട് വർഷമായി കഥാമത്സരത്തിൽ അവനായിരുന്നു ജേതാവ്. പ്രാക്ടിക്കൽ കഴിഞ്ഞേ എത്തൂ. പത്താം ക്ലാസുകാരനാണ്. ആ ബാലകഥാകൃത്തിനുവേണ്ടി കെ.കരിവെള്ളൂർ ഉൾപ്പടെയുള്ള അധ്യാപകർ കാത്തിരിക്കുകയാണ്, ഞങ്ങൾ കാത്തിരിക്കുകയാണ്.

അല്പനേരം കഴിഞ്ഞ് ചപ്രത്തലമുടിയുമായി, ഇരുനിറമുള്ള ആ വിദ്യാർത്ഥി വന്നു - കഥാകൃത്തുക്കളിലെ താരം! എനിക്ക് ആസൂയയും അപകർഷതാബോധവും തോന്നി. എന്റെ അഹങ്കാരത്തെ തകർത്തവൻ- ഹൈസ്കൂളിന്റെ കഥാപ്രതിഭ- ഒരു പരീക്ഷ എഴുതുന്നപോലെ കടലാസിൽ, മാർജിൻ വരച്ച്, വളരെ പെട്ടെന്നുതന്നെ അവൻ എഴുതുകയാണ്- ഒരു കടലാസ് എഴുതിനിറച്ച് അടുത്ത കടലാസിനായി അവൻ എഴുന്നേറ്റ് നിൽക്കുന്നതും ഇടയ്ക്കൊന്ന് ആലോചിച്ച് വീണ്ടും എഴുത്തിലേക്ക് ഊളിയിടുന്നതും, അവന്റെ തൂലികയിൽ നിന്നുവരുന്ന വിശിഷ്ടമായ അക്ഷരങ്ങളെ അധ്യാപകർ ഒരല്പം വാത്സല്യത്തോടെ, അഭിമാനത്തോടെ ഒളികണ്ണിട്ടുനോക്കുന്നതും ഞാൻ ആരാധനയോടെ ശ്രദ്ധിച്ചു. ബാലഗോപാലന്റെ പേനത്തുമ്പിൽ നിന്ന് ഒരു നദിപോലെ കഥ ഒഴുകുകയാണ്.

ഒരുമണിക്കൂറിനകം താനെഴുതിയ കഥ അധ്യാപകരെ ഏല്പിച്ച് പാറി വീഴുന്ന മുടിനിരകൾ ഒതുക്കി, 'എനിക്ക് വേറെ പണിയുണ്ട് പോയിട്ട്' എന്ന് ധ്വനിപ്പിക്കുന്ന ഭാവത്തിൽ ബാലഗോപാലൻ പടിയിറങ്ങി.

'കഥാകൃത്ത് പടിയിറങ്ങിയല്ലോ ഇനിയെല്ലാം പതിര്' എന്ന മട്ടിൽ അധ്യാപകർ ഞങ്ങളെ നോക്കി. വെട്ടിയും തിരുത്തിയും

ഒരൊന്നരപേജ് കഥയുമായി ഞാൻ അധ്യാപകനെ സമീപിച്ചു. നിരാശയോടെ ഞാൻ പുറത്തേക്കിങ്ങവേ, പുതിയ സ്കൂൾ കെട്ടിടം എന്നെ നോക്കി പരിഹസിക്കുന്നതുപോലെ തോന്നി.

നീയൊന്നും ആരുമല്ല. ഈ ഹൈസ്കൂളിന്റെ കഥാകൃത്തുക്കൾ വേറെയുണ്ട് മോനേ......

എനിക്കോർമ്മയുണ്ട് –അന്നുരാത്രി ഞാനുറങ്ങിയില്ല.

പിറ്റേന്ന് രാവിലെ ഞാൻ അധ്യാപകരുടെ മുറിയിലേക്ക് വിളിപ്പിക്കപ്പെട്ടു. കെ.കരിവെള്ളൂരും, പി.കണ്ണൻ മാസ്റ്ററും , കൊടക്കാട്ടെ രാഘവൻ മാസ്റ്ററും എന്നെ നോക്കി രാഘവൻ മാസ്റ്റർ പറഞ്ഞു. "നീ ഇതിനുമുമ്പ് കഥ വല്ലതും എഴുതിയിട്ടുണ്ടോ?"

"ഉണ്ട്, നാടകങ്ങളും എഴുതിയിട്ടുണ്ട്"

"എങ്കിൽ വീട്ടിൽ പോയി എടുത്തുകൊണ്ടുവാ"

ഉടനെ വീട്ടിൽ പോയി ഞാനെഴുതിയ നോട്ടുപുസ്തകങ്ങളിലെ കഥകളും നാടകങ്ങളും അധ്യാപകരെ കാണിച്ചു. അന്നുവൈകുന്നേരം മത്സരത്തിന്റെ ഫലം വന്നു.

–കഥാമത്സരത്തിൽ ഒന്നാം സ്ഥാനം എനിക്ക്!

എന്റെ നിരാശമാറി. സന്തോഷം കൊണ്ട് കണ്ണുകൾ നിറഞ്ഞു. ഞാനേയുള്ളൂ, ഞാൻ മാത്രമേയുള്ളൂ – എന്റെ ഒന്നരപ്പേജ് കഥയ്ക്കുമുന്നിൽ ബാലഗോപാലന്റെ ആറുപേജ് കഥ ഒന്നുമല്ല. മത്സരകഥയിലെ മികവ് കണ്ട് എന്റെ സർഗ്ഗവാസന നേരിട്ടറിയാനാണ് അധ്യാപകർ മറ്റ് കഥകളെഴുതിയ നോട്ട് ബുക്കുകൾ കൊണ്ടുവരാൻ പറഞ്ഞതെന്ന് മനസ്സിലായി.

പത്താംക്ലാസുകാരനെ പരാജയപ്പെടുത്തിയ എട്ടാം ക്ലാസുകാരൻ അതോടെ അറിയപ്പെടാൻ തുടങ്ങി. കഥയും നാടകവും മാത്രമല്ല പഠനത്തിലും ഞാൻ ഒന്നാമതായിരുന്നു. അക്കാലത്ത് എട്ടാം ക്ലാസിലെ ക്ലാസ് ലിഡർ സ്ഥാനത്തേക്ക് ഞാൻ മത്സരിച്ചു (എസ്.എഫ്.ഐ. സ്ഥാനാർത്ഥിയായി) ജയിച്ചു. പിന്നീട് എസ്.എഫ്.ഐ. യുടെ യൂണിറ്റ് സെക്രട്ടറിയായി. ഇന്ന് സമരമുണ്ടെന്ന് ദേശാഭിമാനിയിലെഴുതിയാൽ, അന്ന് കുട്ടികൾ എനിക്ക് ചുറ്റും കൂടും – ഒരു നേതാവായി അനുയായികൾക്കിടയിലൂടെ നടന്ന് സമരം ചെയ്യുന്ന വിവരം ഹെഡ്മാസ്റ്റർക്ക് എഴുതിക്കൊടുക്കും. ഇപ്പോഴത്തെ പഞ്ചായത്ത് പ്രസിഡണ്ട് കെ.നാരാണേട്ടനും, പയ്യന്നൂരിലെ സഖാവ് ടി.ഐ.മധുസൂദനനും സംഘടനാ കാര്യങ്ങൾ പഠിപ്പിച്ചുതന്നിരുന്നു. സ്കൂളിൽ 'സൗഹൃദം' എന്ന പേരിൽ ഞങ്ങൾ കുട്ടികൾ ഒരു കൈയെഴുത്ത് മാസികയും തുടങ്ങിയിരുന്നു. മലയാളം പഠിപ്പിക്കുന്ന കണ്ണൻ മാസ്റ്ററും സാമൂഹ്യപാഠവും ഇംഗ്ലീഷും പഠിപ്പിക്കുന്ന ശാരദക്കുട്ടി ടീച്ചറും, ഹിന്ദി കൃഷ്ണൻ മാസ്റ്ററും, കെ.ടി.എൻ.ഭാസ്കരൻ മാസ്റ്ററും, രാമചന്ദ്രൻ മാസ്റ്ററും, കുഞ്ഞിരാമൻ മാസ്റ്ററും (ഒട്ടനവധി അധ്യാപകർ) എന്നെ സ്വാധീനിച്ചു. കെ.കരിവെള്ളൂർ എന്റെ രചനകൾക്ക് പ്രോത്സാഹനവും തന്നു.

കുട്ടികളുടെ നാടകരംഗത്തേക്ക് ശ്രദ്ധ തിരിക്കാൻ എന്നെ പ്രേരിപ്പിച്ചത് എന്റെ ഹൈസ്കൂൾ നാടകങ്ങളാണ്. അക്കാലത്തെ സ്കൂൾ നാടകങ്ങൾ പലതും മുതിർന്നവരുടെ നാടകങ്ങളുടെ ചെറിയ രൂപങ്ങൾ മാത്രമായിരുന്നു. പലതും അസംബന്ധ നാടകങ്ങളായിരുന്നു. ഒട്ടും മനസ്സിലാവാത്ത നാടകങ്ങൾക്കായിരുന്നു ഡിമാന്റ്. സംവിധായകൻ ചോക്കുകൊണ്ട് വരയ്ക്കുന്ന കളങ്ങളിലൂടെ യാന്ത്രികമായി ചലിക്കുന്ന പാവയാണ് നടൻ. ഇതിൽ നിന്നൊക്കെ ഒരു മാറ്റം വേണമെന്ന് എനിക്ക് തോന്നി. അതിനുവേണ്ടി നാടകങ്ങൾ എഴുതി. ഞാൻ ഒമ്പതാം ക്ലാസിൽ പഠിക്കുമ്പോൾ, ഒരു നാടകമെഴുതുന്നതുകണ്ട കുട്ടികൾ പറഞ്ഞു, "നമുക്കിത് യുവജനോത്സവത്തിൽ അവതരിപ്പിച്ചാലോ....?"

ഞാനും അതാഗ്രഹിച്ചു.

പക്ഷേ അക്കാലത്തെ സംവിധായകരൊന്നും, കുട്ടികൾ എഴുതിയ നാടകങ്ങൾ സംവിധാനം ചെയ്യില്ല. കരിവെള്ളൂരിനടുത്തുള്ള ഈയ്യക്കാട്ട് ഭാഗത്തുനിന്നും വരുന്നവരായിരുന്നു അക്കാലത്തെ ഞങ്ങളുടെ സ്കൂൾ നാടകസംവിധായകർ. രവി എന്ന പേരിലുള്ള രണ്ടുസംവിധായകരുണ്ടായിരുന്നു. ഒന്ന് സുരഭി ഈയ്യക്കാടും, മറ്റേത് വാര്യർ രവിയും. വാര്യർ രവിയേട്ടനായിരുന്നു ഞങ്ങളുടെ ടീമിന്റെ സംവിധായകൻ – ജി.ശങ്കപ്പിള്ളയായിരുന്നു അയാളുടെ ഇഷ്ടസംവിധായകൻ. ജി.ശങ്കപ്പിള്ളയുടെ 'മൂന്ന് പണ്ഡിതന്മാരും പരേതനായ ഒരുസിംഹവും' വേദികളിൽ അരങ്ങുതകർക്കുന്ന കാലത്താണ്, എന്റെ നാടകത്തിന്റെ സ്ക്രിപ്റ്റുമായി ഞങ്ങൾ സംവിധായകനെ സമീപിക്കുന്നത്. അതുകൊണ്ടുതന്നെ ഇത് ഞാനെഴുതിയതാണെന്ന് പറഞ്ഞില്ല. പറഞ്ഞത് ഇങ്ങനെ, "ജി.ശങ്കരപ്പിള്ളയുടെ പുതിയ ഒരു നാടകം ഒരു സ്ഥലത്തുനിന്ന് ഞാൻ പകർത്തിയെഴുതിയിട്ടുണ്ട്. അതിതാണ്.ശൂന്യം..... ശൂന്യം...... ശൂന്യം....... അയാളുടെ മുഖം തെളിഞ്ഞു. 'ങാ, ഞാനീ നാട്കത്തിന് വേണ്ടി കാത്തിരിക്കുകയാണ്.' ഉഗ്രൻ നാടകമാണെന്ന് പറയുന്നത് കേട്ടിട്ടുണ്ട്.'

ഞങ്ങൾക്ക് ചിരി വന്നു. പുറത്ത് കാണിച്ചില്ല. നാടക റിഹേഴ്സൽ തുടങ്ങി. നാടകത്തിലെ പല ഡയലോഗുകളുടേയും അർത്ഥം സംവിധായകൻ ഞങ്ങൾക്ക് വിശദീകരിച്ചു തരുമായിരുന്നു. അപ്പോഴൊക്കെ എനിക്കും കൂട്ടുകാർക്കും ചിരി പൊട്ടും. ഒരു കൂട്ടുകാരൻ എന്നോട് പറഞ്ഞു, "ഇത് നീ എഴുതിയ നാടകമാണെന്ന് ഞാനിപ്പോൾ പറയും"

"അവതരണം കഴിയട്ടെ"

ആ നാടകം വേദിയിൽ അവതരിപ്പിച്ചു. ഭയങ്കര കരഘോഷമായിരുന്നു. കുട്ടികൾക്ക് നാടകം ഇഷ്ടപ്പെട്ടു. അവതരണം കഴിഞ്ഞയുടൻ സംവിധായകനോട് കൂട്ടുകാർ പറഞ്ഞു, "ഇത് ഹരി എഴുതിയ നാടകമാണ്."രവിയേട്ടന്റെ പ്രതികരണം ഇതായിരുന്നു. "എനിക്കപ്പോഴേ തോന്നിയിരുന്നു – ആ നാടകത്തിൽ 12 അക്ഷരത്തെറ്റുകൾ ഉണ്ടായിരുന്നു. ജി.ശങ്കരപ്പിള്ളയുടെ നാടകങ്ങളിൽ അക്ഷരത്തെറ്റുകൾ ഉണ്ടാവുകയില്ല." അയാൾ പറഞ്ഞ് തീർന്നതും റിസൾട്ട് വന്നു – നാടകത്തിന് ഒന്നാം സ്ഥാനം. പേരിലും പ്രശസ്തിയിലുമല്ല പ്രതിഭയിരിക്കുന്നതെന്ന് എന്നെ പഠിപ്പിച്ചത് ആ അനുഭവമായിരുന്നു. വളരെ പ്രസിദ്ധന്മാർ വിഹരിക്കുന്ന ഏത് വേദിയിലും – സാഹിത്യത്തിലും, സിനിമയിലും – ഒട്ടും ആത്മവിശ്വാസക്കുറവില്ലാതെ കയറിനിൽക്കുവാൻ എന്നെ സഹായിച്ചത് ആ പഴയ സ്കൂൾ അനുഭവമാണ്.

പഠനം കഴിഞ്ഞിട്ടും എ.വി.സ്മാരക സ്കൂളിലെ നാടക സ്റ്റേജ് എന്നെ കൈയ്യൊഴിഞ്ഞില്ല. എന്റെ ബാലനാടകങ്ങളുടെയെല്ലാം ആദ്യ അരങ്ങ് ആ വേദി തന്നെയായിരുന്നു. 1992 ൽ എന്റെ സ്നേഹിതൻ തമ്പാന് സംവിധാനം ചെയ്യാൻ വേണ്ടി ഞാൻ ഒരു കുള്ളന്റെ ജീവിതം പ്രമേയമാക്കി എഴുതിയ ആൾരൂപങ്ങൾ എന്ന നാടകം ഹർഷാരവങ്ങളോടെ അതിന്റെ ആദ്യ അരങ്ങിൽ പൂർണമാകുന്നത് എനിക്ക് ഒരിക്കലും മറക്കാനാവാത്ത അനുഭവമാണ്. അന്ന് കരിവെള്ളൂരിലെ ആ നാടകം കണ്ട് ഇഷ്ടപ്പെട്ട സംവിധായകൻ സുരഭി ഈയ്യക്കാട്, കാഞ്ഞങ്ങാട് അമ്പലത്തറ ഹൈസ്കൂളിനുവേണ്ടി ആ നാടകം സംവിധാനം ചെയ്യുകയും ആ വർഷത്തെ സംസ്ഥാന സ്കൂൾ യുവജനോത്സവത്തിൽ ഒന്നാം സ്ഥാനം നേടുകയും ചെയ്തു. ഇപ്പോൾ ഏഴാം ക്ലാസിലെ മലയാള പാഠപുസ്തകത്തിലെ ഒരു പാഠമായി മാറിയ 'ആൾരൂപങ്ങൾ' നാടകത്തിന്റെ കരിവെള്ളൂരിലെ ആദ്യ അരങ്ങ് ഓർക്കാൻ പല കാരണങ്ങളുണ്ട്.

അതിലൊന്ന് ഈ നാടകത്തിലെ ഓടക്കുഴൽ വായനയാണ് – നാടകത്തിൽ കുള്ളന്റെ ജീവിത ദുഃഖം അനുഭവപ്പെടുത്താൻ ഓടക്കുഴലിന്റെ സ്വരം ആവശ്യമാണെന്ന് തോന്നി. അക്കാലത്തെ ഫ്ളൂട്ടിസ്റ്റുകൾക്ക് വലിയ തുക കൊടുക്കേണ്ടിയിരുന്നു. ഞാൻ പയ്യന്നൂർ സ്റ്റേറ്റ് വാട്ടർ ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെന്റിൽ ജോലി ചെയ്യുന്ന കാലം – ഒപ്പം ജോലി ചെയ്യുന്ന ഒരു ബോട്ട് മാസ്റ്ററുണ്ട്. – ആലപ്പുഴക്കാരൻ തങ്കപ്പൻ. തങ്കപ്പന് രാത്രിയിൽ ഉറക്കമില്ല–

കക്ഷി എപ്പോഴും ഓടക്കുഴലും വായിച്ചുകൊണ്ടിരിക്കും. മറ്റുള്ളവരുടെ ഉറക്കവും അയാൾ കാരണം നഷ്ടമാവുകയാണെന്ന് പരാതി വന്നു. ഞാൻ ആയാളോട് പറഞ്ഞു. "നിങ്ങൾ രാത്രിയിൽ എന്തിനാണ് ആളുകളെ ദ്രോഹിക്കുന്നത്? വല്ല പ്രോഗ്രാമിനും പോയിക്കൂടെ"

അയാൾ പറഞ്ഞു, "ഞാനതിൽ ലയിച്ചുപോകും. പിന്നീടെനിക്ക് ലോകവും കാലവും ഒന്നുമില്ല.. പ്രോഗ്രാമിന് വിളിച്ചാൽ പോകും." അപ്പോൾ എനിക്ക് തോന്നി തങ്കപ്പനെ നാടകത്തിൽ ഓടക്കുഴലിനുവേണ്ടി വിളിക്കാം. വിളിച്ചു, തങ്കപ്പൻ വന്നു. നാടക റിഹേഴ്സൽ തുടങ്ങി. ഫൈനൽ റിഹേഴ്സൽ കഴിഞ്ഞ് എന്റെ സുഹൃത്ത് ഭരതൻ പറഞ്ഞു, "ഓടക്കുഴൽ അല്പം ഓവറാണ്. നിർത്താൻ പറഞ്ഞാലും അയാൾ നിർത്തുന്നില്ല. സ്റ്റേജിൽ ഫ്ളൂട്ടിൽ തട്ടി ഡയലോഗുകൾ മനസ്സിലാകാതെ വരും." തങ്കപ്പനോട് കാര്യം പറഞ്ഞു. തങ്കപ്പൻ പഴയ മറുപടി തന്നെ പറഞ്ഞു. 'വായിക്കാൻ തുടങ്ങിയാൽ പിന്നെ എനിക്ക് കൺട്രോളില്ല സാർ, ഞാനൊന്നുമോർക്കില്ല.' ഞങ്ങൾക്കാകെ വിഷമമായി.

അവസാനം ഒരു തീരുമാനമെടുത്തു. നാടകത്തിൽ തങ്കപ്പൻ നിയന്ത്രണമില്ലാതെ ഓടക്കുഴൽ വായിച്ചാലും പ്രശ്നമില്ല. വെള്ളമൊഴുകുന്ന ടാപ്പിൽ നിന്ന് നമുക്കാവശ്യമുള്ള വെള്ളം മാത്രമെടുക്കുന്നതുപോലെ, ആവശ്യമുള്ള സമയത്ത് മാത്രം അയാൾക്കരികിലുള്ള മൈക്ക് ഓൺ ചെയ്യുക. ആ തീരുമാനം വിജയിച്ചു. നാടകം വൻ വിജയമായി. – "നേരിയൊരു ദുഖത്തിന്റെ അന്തരീക്ഷം നാടകത്തെ ഗംഭീരമാക്കി"–കവിയും അധ്യാപകനുമായ ആർ.സി.കരിപ്പത്ത് പറഞ്ഞ് വാക്കുകൾ എന്റെ ഓർമ്മയിലുണ്ട്. – ആ നേരിയ ദുഃഖത്തിന്റെ അന്തരീക്ഷം നാടകത്തിലുടനീളം നിലനിർത്തിയത്, എന്റെ സഹപ്രവർത്തകൻ ആലപ്പുഴക്കാരൻ തങ്കപ്പൻ എന്ന ഓടക്കുഴൽ വായനക്കാരനായിരുന്നു. അയാൾ നാടകം അവസാനിച്ചിട്ടും ഓടക്കുഴൽ വായന നിർത്തിയതേയില്ല. നിറഞ്ഞ കണ്ണുകളോടെ അയാൾ ഓടക്കുഴൽ വായിക്കുന്നത് ഞാനോർക്കുന്നു.

നാടകങ്ങളിലൂടെ, കഥകളിലൂടെ, സിനിമകളിലൂടെ മുന്നോട്ട് പോകുമ്പോഴും ആ ഓർമ്മകൾ എനിക്കൊപ്പമുണ്ട്. തമ്പാൻ, ഭരതൻ തുടങ്ങി നിരവധി സുഹൃത്തുക്കളുടെ, ആലപ്പുഴക്കാരൻ തങ്കപ്പന്റെ, നാട്ടുകാരുടെ, അധ്യാപകരുടെ, അധ്യാപികമാരുടെ, നേരിട്ടുകാണാത്ത അനേകായിരം വായനക്കാരുടെ, പ്രേക്ഷകരുടെ അതിലെല്ലാമുപരി കരിവെള്ളൂർ എ.വി.സ്മാരക ഹയർ സെക്കന്ററി സ്കൂളിന്റെ സ്നേഹവാത്സല്യങ്ങൾക്കും അനുഗ്രഹാശിസ്സുകൾക്കും മുന്നിൽ ഞാൻ ശിരസ്സ് നമിക്കുന്നു. നന്ദി......


With best compliments from.........

Ph: 9447070226

മിൽമ
കാലിത്തീറ്റ
മൊത്തവിതരണക്കാർ

MEHENCO Agencies
Payangadi, Kannur



With best compliments from.......

കുന്നരു സർവ്വീസ് സഹകരണ ബേങ്ക്
ക്ലിപ്തം നമ്പർ : എഫ്. 870
പി.ഒ. പാലക്കോട്. ഫോൺ : 04985 210371

Suresh Kumar.k.
Ph: 04985 262758 Mob: 9447374024

SANKAR HARDWARE & ELECTRICALS
ONAKKUNNU, KARIVELLUR - 670521
*Dealers in : Shalimar Paints*

# അധ്യാപകരാണ് താരങ്ങൾ

ഞങ്ങളുടെ ഹൈസ്കൂൾ ജീവിതത്തിന് ടി.വി. യും ക്രിക്കറ്റുമായി ബന്ധമില്ല. കരിവെള്ളൂർ ലീന ടാക്കീസിൽ നിന്നും വല്ലപ്പോഴും കാണുന്ന സിനിമകളിലൂടെ നസീറും ജയനും സോമനും സുകുമാരനും കമലഹാസനുമോടൊപ്പം ശങ്കറും റഹ്മാനും, മമ്മൂട്ടിയും മോഹൻലാലുമൊക്കെ ഞങ്ങളിൽ പലരുടേയും പ്രിയപ്പെട്ടവരായിത്തീർന്നിരുന്നു. എങ്കിലും അവരേക്കാളൊക്കെ താരപ്പകിട്ട് ഞങ്ങളെ പഠിപ്പിച്ച അധ്യാപകർക്കായിരുന്നു. നന്നായി പഠിപ്പിച്ചാലും ശരി ഇല്ലെങ്കിലും ശരി ഓരോ അധ്യാപകനും അധ്യാപികയും ഞങ്ങളെ ഏറിയോ കുറഞ്ഞോ സ്വാധീനിച്ചിരുന്നു. അവർ പകർന്ന അറിവും അവരുടെ അധ്യാപന ശൈലിയും മാത്രമല്ല അവരുടെ ഉടുപ്പ്, നടപ്പ്, സംസാരരീതി, പെരുമാറ്റം, ബോർഡിൽ എഴുതുന്നതിന്റെ സ്റ്റൈൽ, നോട്ട് ബുക്കിലും പരീക്ഷ പേപ്പറിലും ശരിയും മാർക്കുമിടുന്ന രീതി...... ഇവയുടെയൊക്കെ മങ്ങിയ വിരൽപ്പാടുകൾ ഇന്നും ഓർമ്മകളിലെവിടെയൊക്കെയോ ചിതറിക്കിടപ്പുണ്ട്.

1984 ൽ ആണ് ഞാൻ ഹൈസ്കൂളിലെത്തുന്നത്. അന്ന് എട്ടാം തരം ഒൻപത് ഡിവിഷനൊക്കെ ഉള്ള കാലമാണ്. ഞാൻ എട്ട് ഇ. ഡിവിഷനിലായിരുന്നു. സദാനന്ദൻ മാഷായിരുന്നു ക്ലാസ്സ് മാഷ്. തെക്കൻ ഭാഷയിൽ മാഷ് പഠിപ്പിച്ച കെമിസ്ട്രി അതിന്റെ ഭാഷ കൊണ്ടാണ് ഞങ്ങൾക്കൊരു പുതുമയായത്. പ്രഭാകരൻ മാഷിന്റെ ബയോളജി ക്ലാസ്സ് ഹൈസ്പീഡിലായിരുന്നു. നോട്ട് തരില്ല. ഒരു അധ്യായം തീർന്നാലുടൻ അതിന്റെ സകല മുക്കിലും മൂലയിലും നിന്ന് ചോദ്യങ്ങൾ ഉണ്ടാക്കിത്തരും. എല്ലാറ്റിനും നോട്ടിൽ ഉത്തരമെഴുതിക്കൊണ്ടുപോകണം.ഉള്ള ചിത്രങ്ങൾ ഒക്കെ വരച്ച് ഭാഗങ്ങൾ അടയാളപ്പെടുത്തുകയും വേണം. ജാനകി ടീച്ചറുടെ ഫിസിക്സ് ആംഗ്യവിക്ഷേപങ്ങൾകൊണ്ട് സമൃദ്ധമായി രുന്നു. അഞ്ചിലും ആറിലും പഠിക്കുമ്പോൾ എക്സൽ ട്യൂട്ടോറി യലിൽ വെക്കേഷൻ ക്ലാസ്സ് എടുത്തിരുന്ന കെ.ടി.എൻ.ഭാസ്കരൻ മാഷ് തന്നെ സ്കൂളിലെ എട്ടാം ക്ലാസ്സിൽ കണക്ക് പഠിപ്പിക്കാൻ എത്തിയപ്പോൾ പേടിയോടുകൂടിയ സന്തോഷം ഞങ്ങൾക്കുണ്ടായി – തല്ലിനെയായിരുന്നു പേടി, കണക്ക് മനസ്സിലാകുമല്ലോ എന്ന സന്തോഷവും.

മലയാളം പഠിപ്പിക്കുന്ന രണ്ട് കുഞ്ഞിരാമൻ മാഷുണ്ടായിരുന്നു അന്ന് സ്കൂളിൽ. അതിൽ പുതിയ കുഞ്ഞിരാമൻ മാഷാണ് (ഓണക്കുന്നിൽ താമസം) ഞങ്ങളുടെ മലയാളം അധ്യാപകൻ. മലയാളം സെക്കന്റും മാഷ് തന്നെയാണ് പഠിപ്പിച്ചത്. അവസാനത്തെ പിരീഡ് മാഷ് വരുമ്പോഴേക്കും ചിലർ പുസ്തകമെല്ലാം വാരിക്കെട്ടിവച്ച് പോകാൻ ഒരുങ്ങിയിരിപ്പുണ്ടാകും. അപ്പോൾ മാഷുടെ വക ഒരു കളിയാക്കൽ ചോദ്യമുണ്ട്; പോകാറായോ, എല്ലാം മടക്കിപ്പൂട്ടിവെച്ചോ..... ഇന്നത്തെ കച്ചോടം തീർന്നോ? ബെല്ലടിച്ചതും ക്ലാസിൽ നിന്ന് ഇറങ്ങിയോടാനുള്ള ഒരു തിരക്ക് യു.പി. സ്കൂളിൽ നിന്ന് ഞങ്ങളിൽ പലരും ശീലിച്ചിരുന്നു. അത് മാറ്റിയത് കുഞ്ഞിരാമൻ മാഷിന്റെ ഈ കളിയാക്കലാണ്. 'രാമലക്ഷ്മണൻമാർ ചിത്രകൂടത്തിൽ' എന്ന ഒരു പാഠത്തോടെയാണ് എട്ടാം ക്ലാസ്സ് മലയാളം തുടങ്ങുന്നത്. പി.ഭാസ്കരന്റെ 'കാളകൾ' എന്ന കവിത, ഒ.എൻ.വി. യുടെ 'കാണക്കാണെ വയസ്സാവുന്നു' എന്ന് തുടങ്ങുന്ന കവിത, വയലാറിന്റെ 'മുത്തച്ഛന്റെ ആലിംഗനം' – ഇതൊക്കെ ഓർമ്മയിലുണ്ട്. പിന്നെ 'ഒരു കടുവയുടെ ആത്മകഥ', ശാസ്ത്രം–ശിക്ഷകനോ രക്ഷകനോ എന്നീ ഗദ്യപാഠങ്ങളും. കാളിദാസനും ടാഗോറും അവർ തമ്മിൽ കണ്ടിരുന്നെങ്കിൽ...... ഈ പാഠം എട്ടിലോ ഒമ്പതിലോ? ഓർമ്മകൾ അവിടെ ക്രമം തെറ്റിക്കിടക്കുകയാണ്. നീണ്ടുനിവർന്ന് നിന്ന് പാഠപുസ്തകവുമായി ഒടിഞ്ഞ് കുത്തി നടമാടുന്ന ഹിന്ദി 'കിട്ടൻ' മാഷും ഒരു നല്ല ഓർമ്മയാണ്.

എട്ടാം ക്ലാസ്സിൽ വേറിട്ട് നിൽക്കുന്ന ഒരോർമ്മ എമ്പ്രാന്തിരി മാഷ്ടെ സാമൂഹ്യം ക്ലാസ്സാണ്. ഖണ്ഡികകളായി നോട്ട് തന്നുകൊണ്ടാണ് മാഷിന്റെ ക്ലാസ്സ് തുടങ്ങുക. ഖണ്ഡികയ്ക്ക് താഴെ അതിൽ നിന്ന് ഉത്തരങ്ങൾ കണ്ടെത്താനുള്ള ചോദ്യങ്ങൾ തരും. ഈ ചോദ്യങ്ങളുടെ വിശകലനവും ഉത്തരം കണ്ടുപിടിക്കലുമാണ് പിന്നത്തെ ക്ലാസ്സ്. അന്നത്തെ ഇംഗ്ലീഷ് 'നോൺ–ഡീട്ടെയിൽഡ്' ചാൾസ് ഡിക്കൻസിന്റെ 'ക്രിസ്മസ് കരോൾ' ആയിരുന്നു. അതും എമ്പ്രാന്തിരി മാഷ് തന്നെയാണ് എടുത്തത്.

എന്റെ ഹൈസ്കൂൾ ജീവിതം ജ്വലിച്ചുനിന്നത് ഒമ്പതാം ക്ലാസ്സിലായിരുന്നു എന്ന് തോന്നുന്നു. മലയാള ഭാഷയോടും സാഹിത്യത്തോടും വ്യാകരണത്തോടും വല്ലാത്തൊരു ആഭിമുഖ്യം രൂപപ്പെട്ട് തുടങ്ങിയത് ആ കാലയളവിലാണ്. കുടുക്കേൻ രാഘവൻ മാഷിന്റെ (മാഷിപ്പോൾ കെ.വി.ആർ. കൊടക്കാട് എന്ന പേരിൽ ബാലസാഹിത്യ കൃതികളും മറ്റും എഴുതുന്നുണ്ട്.) ക്ലാസ്സ് തികഞ്ഞ അടുക്കും ചിട്ടയുമുള്ളതാണ്. ഓരോ ഖണ്ഡികയുടേയും പദാനുപദ വ്യാഖ്യാനവും അനുബന്ധവിശദീകരണവും ചേർത്ത് ഒരുതരം മൈക്രോ ടീച്ചിംഗ് ഞാൻ ആദ്യമായി അനുഭവിച്ചറിഞ്ഞത് മാഷിന്റെ ക്ലാസ്സിലാണ്. നോട്ട് തരുന്നതിലും മാഷിന്റെ സൂക്ഷ്മതയും കൃത്യതയും സമഗ്രതയും അസൂയാവഹമാണ്. 'ഇന്ദുലേഖ' എന്ന ഉപപാഠപുസ്തകം മാഷ് ഹൃദ്യമായി അവതരിപ്പിച്ചു. പൊതുവെ നാണം കുണുങ്ങിയായ എന്നിൽ എഴുത്തിന്റെ ചെറുചീളുകൾ ഉണ്ടെന്ന് കണ്ടെത്തിയത് മാഷാണ്. മാഷെന്നെ സാഹിത്യസമാജം സെക്രട്ടറിയാക്കി. അതൊരു മഹാസംഭവമായിരുന്നു. ഒഴിവുള്ള സകല പിരീഡുകളിലും സാഹിത്യസമാജം നടത്തി ഒൻപത് ഡി. യെ ഞങ്ങൾ അൽഭുതചരിത്രമാക്കി മാറ്റി. 'എങ്ങനെ നീമറക്കും' എന്ന ചിത്രത്തിന്റെ കാലമായിരുന്നു അത്. അതിലെ നാലും അഞ്ചും പാട്ടുകൾ ഒന്നിച്ചുപാടി സ്കൂളിന്റെ ആസ്ഥാനഗായകനും കഥാപ്രസംഗ കാരനുമായ പ്രിയസ്നേഹിതൻ പ്രസന്നൻ ഓരോ സാഹിത്യസമാജത്തേയും സംഗീതമയമാക്കി. തെക്കോട്ടുള്ള ഒരു വണ്ടിയിൽ കയറി അവനും അവന്റെ പാട്ടും ഇങ്ങിനി വരാതെ യാത്രയായതെന്തിനാണെന്ന് ഇനിയും എനിക്കറിയില്ല. പ്രമോദ് കരുവാച്ചേരിയുടെ ചിത്രങ്ങളും എന്റെയും കൂട്ടുകാരുടേയും സാഹിത്യവിലാസങ്ങളും ചേർത്ത് 'പ്രകൃതി' എന്നൊരു കൈയ്യെഴുത്ത് മാസിക ഉണ്ടാക്കിയതും ഒൻപത് ഡി. യെ സുവർണ്ണ



പ്രകാശൻ
കരിവെള്ളൂർ

ലിപികളിൽ എഴുതിച്ചേർക്കുന്നു. ഓഫീസിന്റെ തൊട്ടുപിറകിലത്തെ മുറിയിലിരുന്ന് ബഹളം കൂട്ടാറുള്ള ഞങ്ങൾക്കുമേൽ കൃത്യമായ നിരീക്ഷണം ചൊരിഞ്ഞുകൊണ്ട് അന്നത്തെ ഹെഡ് മാസ്റ്റർ കെ.ടി.എൻ.സുകുമാരൻ മാസ്റ്റർ മാസികയ്ക്ക് ആമുഖമെഴുതി.

"പ്രകൃതീ. നീ വികൃതികൾ
പല തത്ര കാട്ടിയാലും
വിരിയുന്നു നിന്നിലും കല
യുടെ ചാരുത"

എന്ന ശ്ലോകത്തിന്റെ തുടക്കം അതിലുണ്ടായിരുന്നതായി ഞാൻ ഓർക്കുന്നു.

ഒൻപത് ഡി. യുടെ ക്ലാസ്സ് അധ്യാപിക ഓമന ടീച്ചറായിരുന്നു. ടീച്ചർക്ക് തടി കുറേ കൂടുതലായിരുന്നു. പ്രഷറിന്റെ അസുഖവുമുണ്ടായിരുന്നു. ഞങ്ങൾ കുരുത്തംകെട്ട പിള്ളേരായിരുന്നതുകൊണ്ട് ടീച്ചർക്ക് 'പ്രഷറിന്' അത് നല്ലൊരു മരുന്നുമായി. ബയോളജിയായിരുന്നു ടീച്ചർ പഠിപ്പിച്ചത്. കിതച്ചും ശ്വാസംമുട്ടിക്കൊണ്ടും ടീച്ചർ അന്നെടുത്ത ആരോഗ്യശാസ്ത്രം ക്ലാസ്സുകൾ ഇന്നും മനസ്സിൽ ബാക്കിയാണ്. ഗവേഷണതലത്തിൽ നിന്നുകൊണ്ട് അറിയാതെ ഇംഗ്ലീഷൊക്കെ കലർത്തി ശിവദാസൻ മാഷെടുത്ത ഹിസ്റ്ററി ക്ലാസ്സുകൾ ഒമ്പതാം ക്ലാസ്സുകാർക്ക് ദഹിച്ചതേയില്ല..... കാരണം അത് ഡിഗ്രി നിലവാരത്തിലും കടന്നുനിൽക്കുന്നതായിരുന്നു. ആവർഷമാണ് പുതിയ ജാനകി ടീച്ചർ സ്കൂളിലെത്തുന്നത്..... ഞങ്ങളെ കണക്ക് പഠിപ്പിച്ചു. ജീവിതത്തിൽ ആദ്യമായി ഒരു കണക്ക് പരീക്ഷയ്ക്ക് ഞാൻ ക്ലാസ്സിൽ ഫസ്റ്റാവുന്നത് ടീച്ചർ പഠിപ്പിച്ചപ്പോഴാണ്. ടീച്ചർ പറഞ്ഞുതന്ന ലോഗരിതമാണ് എനിക്കറിയുന്ന ലോഗരിതം. പ്രീഡിഗ്രി ഫസ്റ്റ് ഗ്രൂപ്പിന് ചേർന്ന എനിക്ക് കണക്കിന്റെ എ ബി സി ഡി മനസ്സിലായില്ല..... എന്നാൽ ലോഗരിതം ഏറ്റവും വലിയ പഠിപ്പുകാരേക്കാൾ നന്നായി എനിക്ക് അറിയാമായിരുന്നു, കാരണം ജാനകി ടീച്ചറാണ്. വേറൊരു കണക്ക് പരീക്ഷയിലും എനിക്ക് നാലോ അഞ്ചോ സ്ഥാനം പോലും കിട്ടിയില്ല. ശാന്തഗംഭീര ശൈലിയിൽ ബാലകൃഷ്ണൻ മാഷ് പഠിപ്പിച്ച ഹിന്ദിയും സരസമായി മുഹമ്മദ് മാഷ് പഠിപ്പിച്ച ഇംഗ്ലീഷും ഒമ്പതാം ക്ലാസ്സിന്റെ ഓർമ്മയിലുണ്ട്.

ബാലൻ മാഷിന്റെ ഫിസിക്സ് ക്ലാസ്സിൽ നിന്നും വാതകമർദ്ദം, കുതിരശക്തി, ടോറിസെല്ലിയുടെ ശൂന്യസ്ഥലം തുടങ്ങിയ ചില വാക്കുകൾ ഉയർന്നു കേൾക്കുന്നു.

പത്തിൽ ഞാൻ സി. ഡിവിഷനിലായിരുന്നു. 10 സി. സ്കൂളിലെ ഏറ്റവും ശ്രദ്ധിക്കപ്പെട്ട ക്ലാസ്സായിരുന്നു. കാരണം 10 സി. യുടെ ക്ലാസ്സ് മാഷ് ഹിന്ദി രാഘവൻ മാഷ് ആയിരുന്നു. അച്ചടക്കത്തിന്റേയും കാര്യമാത്രപ്രസക്തമായ അധ്യയനത്തിന്റേയും കാര്യത്തിൽ ചക്രവർത്തി തന്നെയായിരുന്നു രാഘവൻ മാഷ്. ക്ലാസ്സിൽ നിന്ന് ഒരു കുട്ടിപോലും അനങ്ങില്ല. മലയാളം പോലും അറിയാത്തവർ ഹിന്ദി പരീക്ഷയിൽ ജയിക്കും – അത്രയ്ക്കായിരുന്നു എല്ലാവർക്കും പേടി. മാത്രമല്ല മാഷ് പറഞ്ഞതിനപ്പുറം എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് പോലും ചോദ്യംവരില്ല. ഇത്രാമത്തെ ചോദ്യത്തിന് ഇന്ന ഉത്തരം എന്ന് കൃത്യമായി പഠിപ്പിച്ച് ഒന്നുമറിയാത്തവരേയും മാഷ് ഹിന്ദി ജയിപ്പിച്ചു. ചെറിയ രാമചന്ദ്രൻ മാഷും വലിയ രാമചന്ദ്രൻ മാഷുമായിരുന്നു കണക്കിന്റെ അമരക്കാർ. സ്കൂളിലെ യുവതാരമായ കുഞ്ഞിക്കണ്ണൻ മാഷ് മറ്റ് 10-ാം ക്ലാസ്സിൽ ചരിത്രമാണ് പഠിപ്പിച്ചതെങ്കിലും ഞങ്ങൾക്ക് ഇംഗ്ലീഷായിരുന്നു. രുഗ്മിണി ടീച്ചർ ചരിത്രവും, കമലാക്ഷി ടീച്ചർ കെമിസ്ട്രിയും ശാരദ ടീച്ചർ ബയോളജിയും പഠിപ്പിച്ചതും അങ്ങിങ്ങ് ചില ഒളിമങ്ങാത്ത ഓർമ്മകൾ സമ്മാനിക്കുന്നുണ്ട്.

പത്തിലെ മലയാള പാഠങ്ങൾ എന്റെ അഭിരുചികളെ നിർണ്ണയിച്ച പ്രധാനപ്പെട്ടൊരു ഘടകമാണ്. ജി. യുടെ ഇന്നുഞാൻ നാളെ നീ, കേസരിയുടെ പരമാർത്ഥം, കാളിദാസശാകുന്തളം, മുണ്ടശ്ശേരിയുടെ വിന്ധ്യഹിമാലയങ്ങൾക്കിടയിൽ...... പാഠങ്ങൾ പലതും ഓർമ്മയിൽ പച്ചപിടിച്ചു നിൽക്കുന്നു. പാഠത്തെ ഒരു നിമിത്തമാക്കി സാഹിത്യത്തിലേക്കും ചരിത്രത്തിലേക്കും രാഷ്ട്രീയത്തിലേക്കും പടർന്നുകയറുന്ന കുഞ്ഞപ്പൻ മാഷിന്റെ (അറിയില്ലായിരുന്നു അത് കെ.കരിവെള്ളൂർ എന്ന പ്രശസ്ത നാടകസംവിധായകനും നോവലിസ്റ്റും, കഥാകൃത്തുമൊക്കെയാണെന്ന്) ക്ലാസ്സെടുക്കൽ ശൈലി എന്റെ അധ്യാപനജീവിതത്തിൽ ഇന്നും നിർണ്ണായകമായൊരു സ്വാധീനമാണ്. ബോൾ വരുന്ന ദിശയിലേക്ക് പറന്നടിച്ച് പന്തുകളിക്കാൻ ഞങ്ങളെ അനുവദിച്ച പി.ടി.ജാനകി ടീച്ചർ, ഡ്രോയിംഗ് മാധവൻ മാഷ് ഇവരേയും പരാമർശിക്കാതിരിക്കാൻ കഴിയില്ല. അധ്യാപകരോടൊപ്പം തന്നെ പ്യൂൺ കണ്ടക്കോരേട്ടനേയും പറയാം........ അദ്ദേഹവും ഒരു താരമായിരുന്നു ഞങ്ങൾക്ക്.

സ്കൂൾ ഓർമ്മകളിലേക്ക് സമാന്തരമായി കടന്നുവരുന്നു ട്യൂട്ടോറിയൽ സ്മൃതികളും. എക്സൽ, അക്കാദമി, നളന്ദ, യുണൈറ്റഡ്, എക്സലന്റ്, അജന്ത..... എത്രയെത്ര സ്ഥാപനങ്ങളായിരുന്നു കരിവെള്ളൂർ സ്കൂളിന്റെ പാർശ്വഭാഗങ്ങളിൽ വർത്തിച്ചത്. ക്ലാസ്സെടുക്കാൻ വേണ്ടി ജനിച്ചവരായിരുന്നു അന്നത്തെ ട്യൂട്ടോറിയൽ ചെറുപ്പക്കാർ.... അവർ പകർന്ന അധ്യാപനവീര്യം എന്നെ ഏറെ പ്രചോദിപ്പിച്ചിട്ടുണ്ട്. പ്രത്യേകിച്ച് അക്കാദമിയിൽ ഹിസ്റ്ററി പഠിപ്പിച്ച മനോഹരൻ മാഷ്... ക്ലാസ്സ് സ്റ്റൈലിന്റെ തികഞ്ഞ വ്യത്യസ്തതയായിരുന്നു അത്. തമാശയും ഗൗരവവും ഒക്കെ ചേർന്ന് ഒരത്ഭുതം.

കരിവെള്ളൂരിലെ ഈ ഹൈസ്കൂൾ അന്തരീക്ഷമാണ് എന്നിലെ സംസാരപ്രിയത്വവും ചർച്ചാവ്യഗ്രതയും ഇടപെടൽ താല്പര്യവും തട്ടിയുണർത്തിയത്. ഈ അധ്യാപകരൊക്കെ ചേർന്നാണ് എന്നെ ഒരധ്യാപകനാക്കിയത്. അച്ഛനമ്മമാർക്ക് എന്നതുപോലെ അധ്യാപകർക്കും നന്ദി പറയാൻ പാടില്ലല്ലോ.....

അല്ലെങ്കിലും 'നന്ദി' പറയാനുള്ളതാണോ?

# കൈതപൂത്ത തോട്ടിൻകരയിലൂടെ

**പി.വി.കെ.ഈയ്യക്കാട്** (പൂർവ്വ വിദ്യാർത്ഥി)



നടന്ന് പഴയ വിദ്യാലയത്തിലേക്ക് ഒരുവട്ടംകൂടി കടന്നുവരാൻ അവസരം ഉണ്ടായി. ഓർമ്മകളുടെ മുറ്റത്തേക്ക് . അതെ, അക്ഷരം എന്ന വെളിച്ചം നമുക്ക് പകർന്നുതന്നത് വിദ്യാലയം. അക്ഷരം അറിയാത്തവൻ അന്ധനാകുന്നു; ഇരുട്ടിൽ തപ്പുന്നു. അപ്പോൾ വിദ്യാലയം വെളിച്ചം വിതറുന്ന ദീപസ്തംഭമായി നിലകൊള്ളുന്നു.

കരിവെള്ളൂരിന്റെ ഹൃദയഭാഗത്ത് – ഓണക്കുന്നിന്റെ പടിഞ്ഞാറ് ഭാഗത്തായി ഒരു കൈത്തോട് കുണിയൻ ഭാഗത്തേക്ക് പോകുന്നു. തോടിന്റെ ഇരുവശത്തും നറുമണം നിറഞ്ഞ കൈതപൂക്കൾ! വർഷകാലത്ത് തോട്ടിന്റെ ഇരുവശവും വെള്ളം കെട്ടി നിൽക്കുമ്പോൾ ഒരു പുഴയായി മാറുന്നു......... എന്തുരസമുള്ള കാഴ്ച. അതിനോട് തൊട്ടുകിടക്കുന്ന പ്രകൃതിരമണീയമായ ഗ്രാമമാണ് ഈയ്യക്കാട്.

ഏഴാംക്ലാസ് കഴിഞ്ഞാൽ പിന്നെ ഹൈസ്കൂൾ വിദ്യാഭ്യാസം. അതുതന്നെ അന്ന് 'കിട്ടാക്കനി'യായിരുന്നു. 1969–71 കാലഘട്ടം, സ്കൂളിൽ കൂടുതൽ കുട്ടികൾ ഉണ്ടായതുകൊണ്ട് ഷിഫ്റ്റ് സമ്പ്രദായം ഉണ്ടായിരുന്നു. സമീപപ്രദേശങ്ങളായ വെള്ളൂർ, പിലിക്കോട്, പുത്തൂർ, കൊടക്കാട്...... ഗ്രാമങ്ങളിൽ നിന്നൊക്കെ നന്നായി പഠിപ്പിക്കുന്ന സ്കൂൾ കരിവെള്ളൂരിലായതുകൊണ്ടായിരിക്കാം അച്ഛനമ്മമാർ കുട്ടികളെ ഇവിടെ പഠിപ്പിക്കാൻ തീരുമാനിച്ചിരിക്കാൻ കാരണം. വാഹന ഗതാഗതം വളരെ അപൂർവ്വമായിരുന്നു അക്കാലത്ത്.. ഒന്നോ രണ്ടോ ബസ് മാത്രം (ഒരു പീപ്പിൾസും, ഒരു എൻ.കെ.ബി.ടി.യും മാത്രം) അപ്പോൾ 'നടരാജ' മാത്രം ശരണം. ചോറും കെട്ടി സ്കൂളിലേക്ക് ഒരു യാത്ര..... (ചോറ് കെട്ടാനില്ലാത്തവരും ഉണ്ടായിരുന്നു)

യൂത്ത് ഫെസ്റ്റിവലിലെ നാടകമായിരുന്നു ഒരു ദിവസം. 'ഉപ്പ്' എന്ന നാടകം ഒരു വിധത്തിൽ ഏതോ വാരികയിൽ നിന്ന് സമ്പാദിച്ചു. അത്യാവശ്യം രണ്ടു കൂട്ടുകാരേയും കൂട്ടി നാടകം അരങ്ങേറി. സംവിധായകനോ നടിയോ ഒന്നുമില്ലാതെ......ഏകാങ്കം. 15 മിനുട്ട് മാത്രം ജീവനുള്ള ഒരു ഹാസ്യ നാടകം. എനിക്കതിൽ മുതലാളിയുടെ പാർട്ടായിരുന്നു. എന്തുപറഞ്ഞാലും മനസ്സിലാകാത്ത ഒരു വേലക്കാരനും......ഇതായിരുന്നു നാടകത്തിന്റെ ഇതിവൃത്തം. ഒരു തമാശയെന്നുമാത്രം.

വല്ലപ്പോഴും വരുന്ന ബസ്സ് കാത്തുനിൽക്കാൻ ഒരു ബസ് ഷെൽട്ടർ. ഗാന്ധിമന്ദിരം......തൊട്ടടുത്ത് ഒരു കിണർ......(വെള്ളം മലിനമായിരുന്നു) കുട്ടികൾക്കുവേണ്ടി ഒരു ഊഞ്ഞാൽ...... കയറി നിരങ്ങാൻ ഏണിപ്പടിയുള്ള ഒരു കളിയുപകരണം.. തൊട്ടടുത്ത് ഓണക്കുന്നിൽ തണൽ വിരിക്കുന്ന ഒരു തണൽ മരം. ഒരു വലിയ 'പൈൽ' മുത്തശ്ശി. അതിനുചുവട്ടിൽ ഒരു മോരുവെള്ളം വില്പനക്കാരൻ. ശനിയാഴ്ചതോറും കർഷകർ ഒത്തുചേരുന്ന ഒരു ആഴ്ചചന്ത...... ഉല്പ്പന്നങ്ങൾ മിതമായ നിരക്കിൽ അവിടെ വിൽപ്പനക്കെത്തുന്നു. വാങ്ങുന്നവരും വിൽക്കുന്നവരും സന്തോഷം പങ്കിടുന്നു........ തൊട്ടടുത്ത് സൗജന്യമായി മോരു വെള്ളം ലഭിക്കുന്ന ഒരു 'തണ്ണീർ പന്തൽ' തൊട്ടടുത്ത് ഒരു പുതിയങ്ങാടി.

പടിഞ്ഞാറ് ഭാഗം കരിവെള്ളൂരമ്പലം.... കിഴക്ക് മണക്കാടൻ ഗുരുക്കളുടെ സ്ഥാനം. കരിവെള്ളൂരമ്പലത്തിന്നടുത്ത് സോമേശ്വരിയുടെ കാവ്, അതിനടുത്ത് മുച്ചിലോട്ട് കാവ് ക്ഷേത്രം. എല്ലാം പരസ്പര സൗഹാർദ്ദത്തിന്റെ മടിത്തട്ടിൽ എല്ലാവർക്കും പ്രിയപ്പെട്ട ക്രിവെള്ളൂർ ഇന്നും ശാന്തമായി ഉറങ്ങുന്നു. എല്ലാത്തിനും സമീപത്തായി എ.വി.എസ്.എച്ച്.എസ്. കരിവെള്ളൂർ ഇന്ന് ഒരു നാടിന്റേയും ജനങ്ങളുടേയും കൂട്ടായ്മയുടെ ബഹിർസ്ഫുരണം. കരിവെള്ളൂരിന്റെ അഭിമാനസ്തംഭമായി നിൽക്കുന്ന ഈ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ "വിജയരഥം" യാത്ര തുടരുകയാണ്.

With best compliments from ..........

വസ്ത്രങ്ങൾക്ക്

ഫോൺ: 04985 261114

**പി.കെ.വി. സ്റ്റോർസ്**

**ടെക്സ്റ്റൈൽസ് & റെഡിമെയ്ഡ്സ്**

കരിവെള്ളൂർ

Ph: 04985 201852

**New ROYAL**

**ELECTRICALS & PLUMBINGS**

OPP. MUNICIPAL OFFICE, **PERUMBA**, PAYYANUR - 670307

*Dealers in* All Types of Electricals, Plumbings & Home Appliances



# ഓർമ്മകൾ ഉണർന്നിരിക്കുകയാണ്

ഡോ.പി.പുഷ്പാംഗദൻ

എന്റെ ഹൈസ്കൂൾ വിദ്യാഭ്യാസ കാലം 1979-82 ആയിരുന്നു. എല്ലാ ക്ലാസിലും മൂന്നാമത്തെ ബെഞ്ചിൽ ഒന്നാമത്തേതായിരുന്നു എന്റെ ഇരിപ്പിടം. ഒരുപാട് സുഹൃത്തുക്കളുമായും അധ്യാപകരുമായും ഇടപഴകിയതുതന്നെയാണ് ഏറ്റവും വലിയ അനുഭവം. അധ്യാപകർ വളരെയധികം അർപ്പണമനോഭാവത്തോടെയാണ് ക്ലാസ് എടുത്തിരുന്നത്. ക്ലാസെടുക്കുമ്പോൾ അവർ വിദ്യാർത്ഥികളെ വേറൊരുലോകത്തേക്ക് കൊണ്ടുപോകുമായിരുന്നു. ക്ലാസ് കഴിയുമ്പോൾ മടുപ്പ് തോന്നാറേയില്ല. പകരം കൂടുതൽ ഉന്മേഷമാണ് തോന്നിയിട്ടുള്ളത്. ഞാൻ ആദ്യമായും അവസാനമായും നാടകത്തിൽ അഭിനയിച്ചത് സ്കൂളിന്റെ സിൽവർ ജൂബിലി ആഘോഷത്തിലായിരുന്നു. ഞാൻ ഓടിച്ചുകൊണ്ടിരുന്ന സൈക്കിൾ വഴിയാത്രക്കാരനെ തട്ടി ഓടിക്കൊണ്ടിരിക്കുന്ന ലോറിയുടെ മുന്നിലേക്ക് വീണതും തലനാരിഴയ്ക്ക് രക്ഷപ്പെട്ടതും നടുക്കത്തോടെ ഓർക്കുന്നു. എസ്. എസ്. എൽ. സി. പരീക്ഷയ്ക്ക് രണ്ടാംസ്ഥാനം കിട്ടിയപ്പോൾ ഏവൺ ക്ലബ്ബിന്റെ വക 51 രൂപയുടെ പാരിതോഷികം കിട്ടിയതും ഓർമ്മയിൽ മങ്ങാതെ കിടക്കുന്നുണ്ട്.

എന്റെ പഠനകാലഘട്ടത്തിൽ നിന്നും ഇപ്പോൾ നാടും സ്കൂളും വളരെയധികം മാറിയിരിക്കുന്നു. ഞാൻ കൊടക്കാട് ഗ്രാമത്തിലെ പൊള്ളപ്പൊയിൽ നിന്നും 3 കിലോമീറ്ററോളം നടന്നാണ് സ്കൂളിലെത്താറ് – അക്കാലത്ത് പയ്യന്നൂരിൽ നിന്നും വെള്ളച്ചാൽ വഴി ചീമേനിയിലേക്ക് ഒരു ബസ് സർവ്വീസ് ഉണ്ടായിരുന്നു. ബസ്സ് ജീവനക്കാർക്കും നാട്ടുകാർക്കും 10 പൈസക്കാരോടുള്ള അവജ്ഞയും ബസ്സിലെ തിക്കും തിരക്കും നടന്നുതന്നെ സ്കൂളിലേക്ക് യാത്ര ചെയ്യാൻ പ്രേരിപ്പിച്ചു. സ്കൂൾ സ്റ്റോപ്പിനടുത്തുള്ള പൈൽ മരവും ഗാന്ധിമന്ദിരവും സ്ഥിരം അപകടം സംഭവിക്കാറുള്ള ദേശീയപാതയിലെ പെരളം മുക്കും ഇന്നില്ല. പത്താംക്ലാസ് നടന്നിരുന്ന കെട്ടിടം ഇപ്പോൾ ഇരുനില കോൺക്രീറ്റ് കെട്ടിടമായി. ഞങ്ങളിരുന്ന 10-ാം ക്ലാസാണ് ഇന്ന് പ്രിൻസിപ്പലിന്റെ മുറി. ഹയർ സെക്കന്ററി ക്ലാസുകൾ ഇപ്പോൾ തുടങ്ങിയിരിക്കുന്നു.

പഠിച്ച് ഓർമ്മിക്കുക, മാർക്ക് നേടുക എന്നതായിരുന്നു അന്നത്തെ വിദ്യാഭ്യാസ രീതി. Creativity ഉത്തേജിപ്പിക്കാനോ കാര്യമായ ശ്രമം അന്നത്തെ പഠനരീതിയിൽ ഉണ്ടായിരുന്നില്ല. അങ്ങനെയുള്ള കാര്യങ്ങൾ സ്വയം വളർത്തിയെടുക്കേണ്ടി വന്നിരുന്നു. അധ്യാപകർ നന്നായി പഠിപ്പിക്കുമായിരുന്നു. പാഠ്യഭാഗത്തിലില്ലാത്ത ഉദാഹരണങ്ങൾ പറഞ്ഞും മറ്റും കാര്യങ്ങൾ മനസ്സിലാക്കിത്തരുവാൻ ശ്രമിച്ചിരുന്നു. ഭാഷാവിഷയങ്ങളിൽ വ്യാകരണത്തിന് പ്രത്യേക ശ്രദ്ധകൊടുക്കുകയും ഭാഷ നന്നായി കൈകാര്യം ചെയ്യാൻ പഠിപ്പിക്കുകയും ചെയ്തിരുന്നു. സംഗീതം, ചിത്രരചന തുടങ്ങിയ പിരീഡുകൾ ഹോംവർക്ക് ചെയ്യുവാനാണ് ഉപയോഗിച്ചിരുന്നത്.

സ്കൂളും അധ്യാപകരും പിൽക്കാല ജീവിതത്തിൽ എന്നെ അഗാധമായി സ്വാധീനിച്ചിട്ടുണ്ട്. പല നല്ല ഗുണങ്ങളും ഉൾക്കൊള്ളാൻ ആ കാലഘട്ടത്തിലെ പഠനം സഹായിച്ചിട്ടുണ്ട്. സത്യസന്ധത, സൗമ്യതയോടെയുള്ള പെരുമാറ്റം, ആത്മവിശ്വാസം, അച്ചടക്കം, സമയനിഷ്ഠ, അനുസരണ, ശുചിത്വം തുടങ്ങിയ മൂല്യങ്ങൾ പരിപോഷിപ്പി ക്കു ന്നതിൽ അധ്യാപകർ ഒരുപാട് സ്വാധീനിച്ചിട്ടുണ്ട്. വിദ്യാർത്ഥികളെ പഠിപ്പിക്കുന്നതിലുപരി അധ്യാപകർ സ്കൂളിലും സമൂഹത്തിലും മാതൃകാജീവിതമായിരുന്നു നയിച്ചിരുന്നത്. കൂടാതെ ഓരോ കാര്യം ചെയ്യുമ്പോഴും ആത്മ പരിശോധന നടത്തുവാനും അതിലുപരി ആത്മശുദ്ധീകരണം നടത്തുവാനുള്ള പ്രേരണ സ്കൂൾ ജീവിതത്തിൽ നിന്നും നേടാൻ കഴിഞ്ഞിരുന്നു. അധ്യാപകരുടെയിടയിലും വിദ്യാർത്ഥികളുടെയിടയിലും ഉണ്ടായിരുന്ന രാഷ്ട്രീയാധിഷ്ഠിത സംഘടനാ പ്രവർത്തനങ്ങൾ പിൽക്കാലത്ത് എനിക്ക് രാഷ്ട്രീയത്തോടു തന്നെ അറപ്പ് ഉളവാക്കാൻ കാരണമായി.

അടുത്ത കാലത്തായി വിദ്യാഭ്യാസ മേഖലയിൽ ധാരാളം പരിഷ്കാരങ്ങൾ വന്നതായി മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. പാഠ്യേതര വിഷയങ്ങളിൽ താല്പര്യം ജനിപ്പിക്കുക, പ്രകൃതിയും സമൂഹവുമായി അടുത്തിടപഴകി അറിവ് നേടുക, സർഗ്ഗവാസന കളെ ഉത്തേജിപ്പിക്കുക തുടങ്ങിയവ പുതിയ പാഠ്യപദ്ധതിയുടെ മേന്മകളായി കാണാം മത്സരബുദ്ധി ഒഴിവാക്കാൻ ഗ്രേഡ് സമ്പ്ര ദായം ഒരളവോളം ഫലപ്രദമാണെന്ന് തോന്നുന്നു. പക്ഷേ ഗ്രാമറും അക്ഷരത്തെറ്റും കൂടാതെ ഭാഷ കൈകാര്യം ചെയ്യുന്നതിൽ വേണ്ടത്ര ശ്രദ്ധപതിയുന്നില്ലയോ എന്നൊരു സംശയമുണ്ട്.

മേൽപറഞ്ഞ പരിഷ്കരണങ്ങളൊന്നും തന്നെ വിദ്യാഭ്യാസ ത്തിന്റെ ആത്യന്തിക ലക്ഷ്യം നിറവേറ്റാൻ പര്യാപ്തമല്ല എന്നതാണ് സത്യം. ഇത്രയും കാലം പാശ്ചാത്യ വിദ്യാഭ്യാസത്തെ അന്ധമായി അനുകരിക്കുകയല്ലേ ചെയ്തിരിക്കുന്നത് എന്ന് സംശയമുണ്ട്. മഹാന്മാരെക്കുറിച്ച് പഠിക്കുവാനും അവരെക്കുറിച്ച് എഴുതി മാർക്കു വാങ്ങാനുമല്ലാതെ അവരുടെ മഹത്വങ്ങൾ ജീവിതത്തിൽ പകർത്തുവാൻ ഇന്നത്തെ വിദ്യാഭ്യാസരീതി വിദ്യാർത്ഥികളെ പര്യാപ്തമാക്കുന്നില്ല. ഓരോ വിദ്യാർത്ഥിയിലും ഒളിഞ്ഞിരിക്കുന്ന മൂല്യങ്ങളെ അനാവരണം ചെയ്യുകയും വളർത്തിക്കൊണ്ടുവരികയും ചെയ്യുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമെന്ന് സ്വാമി വിവേകാനന്ദൻ പറഞ്ഞിട്ടുണ്ട്. ശാസ്ത്രം പുരോഗമിച്ചതുകൊണ്ടോ രാഷ്ട്രീയമായി ശക്തിപ്പെട്ടതുകൊണ്ടോ സാമ്പത്തികമായി ഉയർച്ച നേടിയതുകൊണ്ടോ സമൂഹം നന്നാവുകയില്ല. മറിച്ചെങ്കിൽ ശാസ്ത്രം ഇത്രയധികം പുരോഗമിച്ച ഈ കാലഘട്ടത്തിൽ മനുഷ്യനെ മനുഷ്യനല്ലാ താക്കുന്ന യുദ്ധ ക്കൊതി, മോഷണം, അഴിമതി, വ്യഭിചാരം. ആത്മഹത്യ, സ്ത്രീ പീഡനം, ബലാത്സംഗം, അസൂയ തുടങ്ങിയ തിന്മകൾ ഈ പരിഷ്കൃത സമൂഹത്തിൽ വിളയാടുമായിരുന്നില്ല.

വ്യക്തിയുടെ തലത്തിൽ മാറ്റങ്ങൾ വരുത്തുവാൻ ആത്മീയത യിലൂന്നിയ മൂല്യാധിഷ്ഠിത വിദ്യാഭ്യാസംകൊണ്ട് മാത്രമേ കഴിയൂ. ഞാൻ ഉദ്ദേശിച്ച ആത്മീയതയെ. തെറ്റിധരിക്കരുത്. അത് മതങ്ങളുമായും ആരാധനാലയങ്ങളുമായും പുരാണേതിഹാസങ്ങളുമായും ബന്ധപ്പെട്ട അന്ധവിശ്വാസങ്ങളോ കപട ആത്മീയതയോ അല്ല. നേരത്തെ പറഞ്ഞ മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിൽ ശ്രദ്ധ പതിക്കേണ്ടിയിരിക്കുന്നു.

# ഒരധ്യാപകന്റെ ഓർമ്മകൾ

**പി.വി.കുഞ്ഞപ്പൻ (എം.എ.ബി.എഡ്)**



ഏകദേശം നാല്പത്തഞ്ച് കൊല്ലം മുമ്പാണ് ഞാൻ കരിവെള്ളൂർ ഗവ. ഹൈസ്കൂളിലേക്ക് അധ്യാപകനായി വരുന്നത്. അന്നിത് എ.വി. സ്മാരക ഗവ. ഹയർ സെക്കന്ററി സ്കൂളായിരുന്നില്ല. ഇവിടെ അധ്യാപക നാവുന്നതിന് മുമ്പ് തന്നെ എനിക്ക് സ്കൂളുമായി നല്ല ബന്ധമുണ്ടായിരുന്നു. ശ്രീ.എ.വി. യുടെ സഹായിയായി മരം നോക്കാൻ തയ്യേനിയി ലേക്ക് പോകേണ്ടിവന്നത് . അവിടെ പരേതനായ ദേവദാസ് ഷേണായിയുടെ സഹായത്തോടെ മരങ്ങൾ കണ്ടെത്തുകയും മുറിച്ച് താഴേക്ക് കൊണ്ടുവരികയും ചെയ്യുന്നതിന് അന്ന് ഇടവരമ്പിൽ അധ്യാപകനായി ജോലി ചെയ്യുന്ന ഞാൻ ദൃക്സാക്ഷിയായിരുന്നു.

ഈ പ്രവർത്തനത്തിൽ ഓർക്കേണ്ട മറ്റൊരു പേര് ശ്രീ.തോട്ടോൻ വളപ്പിൽ കുഞ്ഞിരാമന്റേതാണ്. ഉച്ചവെയിലിന് തലയിലൊരു തോർത്തുമുണ്ടും കെട്ടി പണിക്കാരോടൊപ്പം വെയിലുകൊണ്ട് ആ കറുത്ത് തടിച്ച രൂപം ഒരിക്കലും എന്റെ മനസ്സിൽ നിന്ന് മായില്ല.

തുടർച്ചയായി കാൽനൂറ്റാണ്ടിലധികം ഈ വിദ്യാലയത്തിൽ പ്രവർത്തിച്ചപ്പോൾ മറ്റ് അധ്യാപക സുഹൃത്തുക്കൾക്കെന്ന പോലെ വേദനിപ്പിക്കുന്നതും സന്തോഷിപ്പിക്കുന്നതുമായ ഒട്ടേറെ അനുഭവങ്ങൾ എനിക്കുമുണ്ടായിട്ടുണ്ട്. അതൊന്നും ഇത്തരം ഒരു കുറിപ്പിൽ പ്രസക്തമല്ലാത്തതുകൊണ്ട് വിട്ടുകളയുന്നു.

ഈ വിദ്യാലയത്തിന്റെ ഏറ്റവും വലിയ പ്രത്യേകതയായി എനിക്ക് തോന്നിയിട്ടുള്ളത് അതുമായി നാട്ടുകാർക്കുള്ള ബന്ധമാണ്. സ്കൂളിൽ ഇന്ന് കാണുന്ന സമ്പത്തിൽ ഏറെയും പൊതുജനങ്ങളുടെ സംഭാവനയാണ്. ഈ സ്കൂളിന് വേണ്ടി ത്യാഗം സഹിച്ചവർ നിരവധിയാണ്. ഒരധ്യാപക സംഘടന ഒരു സ്കൂളിനുവേണ്ടി സമ്പത്തുണ്ടാക്കിയത് (കുടിവെള്ളപദ്ധതി) ആദ്യമായി ഇവിടെയാണെന്ന് തോന്നുന്നു. അതിനും എതിർപ്പുണ്ടായെന്നത് വേറെ കാര്യം.

സ്കൂളിന്റെ ഘടകങ്ങളായ അധ്യാപകർ, വിദ്യാർത്ഥികൾ, നാട്ടുകാർ എന്നിവ ഇവിടെ എല്ലാക്കാലത്തും യോജിപ്പിലായിരുന്നു. ഈ യോജിപ്പും ഐക്യവുമാണ് ഒരു സ്കൂൾ എന്നതിനപ്പുറം സ്നേഹത്തിന്റേയും അനുഭവങ്ങളുടേയും ഓർമ്മയുടേയും ഒരു വലിയ തണൽ മരം പോലെയാക്കി ഇതിനെ മാറ്റിയതെന്ന് എനിക്ക് തോന്നുന്നു.


*നമ്മുടെ ബേങ്ക് 2500 കോടി രൂപയുടെ ബിസിനസ്സ് ലക്ഷ്യവുമായി*
*ഉയരങ്ങളിൽ നിന്ന് ഉയരങ്ങളിലേക്ക്.......*

**No 1 ബേങ്ക് !!**

**വായ്പയിലും നിക്ഷേപത്തിലും ജില്ലയിൽ ഒന്നാം സ്ഥാനത്ത്**

**കണ്ണൂർ ജില്ലാ സഹകരണ ബേങ്ക് ലി.**

(റിസർവ്വ് ബേങ്ക് ഓഫ് ഇന്ത്യയുടെ നിയന്ത്രണത്തിലുള്ളത്)
P.B. No. 35, Kannur -1, Gram : JILLA BANK, Ph: (EPABX) 0497 2700001 to 2700004
Fax : 0497 2711968, Email : dcbknr@dataone.in

വിവാഹങ്ങൾക്കും
മറ്റ് പരിപാടികൾക്കും
ആധുനിക സൗകര്യങ്ങളോടുകൂടിയ
**എ.സി. ഓഡിറ്റോറിയം**

ജില്ലയിലെ
പ്രധാന കേന്ദ്രങ്ങളിലായി
49 ശാഖകൾ

വൈവിധ്യമാർന്ന
നിക്ഷേപ
പദ്ധതികൾക്ക്
ഉയർന്ന പലിശ

◆ ഭവന നിർമ്മാണ വായ്പ ◆ വ്യക്തിഗത വായ്പ ◆ സ്വർണപണയ വായ്പ
◆ വ്യവസായ വായ്പ ◆ വിദ്യാഭ്യാസ വായ്പ ◆ വിവാഹ വായ്പ
തുടങ്ങി വിവിധയിനം വായ്പകൾ

കെ.ജയവല്ലി
ജനറൽ മാനേജർ (ഇൻ ചാർജ്ജ്)
0497 2700621

പി.ഹരീന്ദ്രൻ
പ്രസിഡണ്ട്
0497 2700624

............സേവനമാണ് ഞങ്ങളുടെ ലക്ഷ്യം............

# പൂരക്കളിയെക്കുറിച്ച്

(പ്ലസ് ടു. പാഠത്തിനൊരനുബന്ധം)

കാവുകളും ക്ഷേത്രങ്ങളും പൂരക്കളിയും കെട്ടുപിണഞ്ഞ ഒരു സംസ്കൃതിയാണ് ഉത്തരകേരളത്തിന്റേത്. അതിന്റെ ബലിഷ്ഠപാരമ്പര്യം കരിവെള്ളൂരിനുമുണ്ട്. കരിവെള്ളൂർ എ.വി.സ്മാരക ഹൈസ്കൂൾ സംസ്ഥാന സ്കൂൾ യുവജനോത്സവ സമ്മാനപ്പട്ടികയിൽ എപ്പോഴും ഇടം നേടുന്നത് പൂരക്കളിയുടെ പേരിലാണ്.



ഡോ: ഇ.ശ്രീധരൻ

പൂരത്തിലെ കളി, പൂരിപ്പിച്ച കളി, പൂരയുടെ കളി – ഇങ്ങനെ മൂന്ന് തരത്തിലാണ് പൂരക്കളി എന്ന പദത്തിന്റെ നിഷ്പത്തി. പുരാവൃത്തങ്ങൾ പഠിക്കുന്നവർക്ക് ഈ മൂന്നുതരം നിഷ്പത്തിയും കണ്ണിൽപ്പെടുന്നതാണ്. കാമദഹനവുമായി ബന്ധപ്പെട്ട പുരാവൃത്തത്തെ അനുസരിക്കുമ്പോഴാണ് ആദ്യ രണ്ട് നിഷ്പത്തികളും കടന്നുവരുന്നത്. പൂരക്കളിയെ സംബന്ധിച്ചേടത്തോളം ഏറ്റവും വ്യാപകമായി പ്രചാരത്തിലുള്ള പുരാവൃത്തവും കാമദഹനത്തിന്റേതാണ്.

ശ്രീപരമേശ്വരന്റെ തൃക്കണ്ണിൽ നിന്ന് ഉതിർന്ന് വീണ തീജ്വാലയിൽ കാമൻ ദഹിക്കപ്പെട്ടു. ലോകത്തിൽ കാമന്റെ സാന്നിധ്യം നഷ്ടപ്പെട്ടു. കാമപത്നിയായ രതീദേവിക്ക് മാത്രമല്ല, സകലമാന ജീവസമൂഹത്തിനും അതൊരു ദുഃഖജനക സംഭവമായി. ശ്രീപാർവ്വതിയുടെ നേതൃത്വത്തിൽ ദേവകന്യകമാരടങ്ങുന്ന ദൗത്യസംഘം ലോകനന്മയെ മുൻനിർത്തി, ശ്രീപരമേശ്വരനെ ചെന്ന് കാണുന്നു. കാമപത്നിയായ രതീദേവിയുടെ വിലാപസ്വരം ശ്രീപരമേശ്വരന്റെ കാതിൽ അലയടിക്കുന്നു. ലോകത്തിന്റെ ചാക്രികഗതിയിൽ സംഭവിച്ചേക്കാവുന്ന വിഘ്നങ്ങളെക്കൂടി കണക്കിലെടുത്തുകൊണ്ട്, ശ്രീപരമേശ്വരൻ പോംവഴി ആലോചിക്കുന്നു. പെട്ടെന്ന് കാമന്റെ പുനർജനി സാധിപ്പിക്കുകയെന്നത് തെറ്റ് ചെയ്ത കാമന് നൽകുന്ന വലിയ ആനുകൂല്യമായിരിക്കുമെന്ന് അദ്ദേഹം കരുതുന്നു. ശംബരാശ്രമത്തിൽ കാമനെ കാത്ത് കഴിയാൻ രതീദേവിയോട് നിർദ്ദേശിക്കുന്നു. അഹങ്കാരിയായ ശംബരനെ നിഗ്രഹിക്കേണ്ടത്, രുഗ്മിണീപുത്രനായ പ്രദ്യുമ്നനാണെന്ന് മനസ്സിലാക്കിയ ശ്രീപരമേശ്വരൻ എങ്കിൽ രുഗ്മിണിക്ക് ജനിക്കാൻ പോകുന്ന പ്രദ്യുമ്നനെന്ന പുത്രൻ, കാമന്റെ പുനരവതാരം തന്നെയാവട്ടെന്ന് തീർച്ചപ്പെടുത്തുന്നു. കാമനെ പുനഃസൃഷ്ടിക്കുവാനുള്ള വഴിയെന്ത് എന്നാലോചിച്ചപ്പോഴാണ് കന്യകമാരുടെ മനംനൊന്ത പ്രാർത്ഥനയിലൂടെ, ചൈതന്യം പകർന്ന് തോറ്റിയെടുക്കണമെന്ന് അദ്ദേഹം ഉപായം കണ്ടെത്തുന്നത്. അതനുസരിച്ച് കാമന് പൂർണ്ണചൈതന്യം തിരിച്ചുകിട്ടുവാൻ, പൂവുകൾകൊണ്ട് രൂപം മെനഞ്ഞ് നൽകി പ്രാർത്ഥിച്ച് കൂട്ടമായി ആടിപ്പാടി സ്തുതിച്ച് ആരാധിക്കാൻ ദേവകന്യകമാർ തീർച്ചപ്പെടുത്തുന്നത്. ശ്രീപാർവ്വതിയുടെ നേതൃത്വത്തിൽ മീനമാസത്തിലെ കാർത്തികനാളിൽ കാമപൂജ ആരംഭിച്ചു. പൂവുകൾ ഇറുത്തുകൊണ്ടുവന്നു, അവർ കാമന്റെ ശരീരം ചമയ്ക്കാൻ തുടങ്ങി. ഒടുവിൽ കാമവിഗ്രഹം പൂരിക്കപ്പെട്ടത് ഒമ്പത് നാൾ കഴിഞ്ഞപ്പോഴാണ്. പൂരിച്ചനാൾ പൂരമായി. കാർത്തികതൊട്ട് അനുഷ്ഠിക്കപ്പെട്ട കാമപൂജകൾ പൂരവേലയെന്നറിയപ്പെട്ടു. ശ്രീപാർവ്വതിയും ദേവകന്യകമാരും പൂകൊണ്ടുണ്ടാക്കിയ കാമവിഗ്രഹത്തിന് ചുറ്റുംകൂടിനിന്ന് ആടിപ്പാടി സ്തുതിച്ച്, കാമന് പൂരിപ്പിച്ച കളി പൂരക്കളിയായി. അങ്ങനെ കാമൻ പുനർജനിക്കപ്പെട്ടു. രുഗ്മിണിയുടെ ഭവനത്തിൽ ശ്രീകൃഷ്ണന്റെ പുത്രനായിട്ട്, പ്രദ്യുമ്നനായിട്ട് കാമൻ പുനരവതരിച്ചു. ശംബരനെ നിഗ്രഹിച്ച് രതീദേവിയുമായി സമാഗമിച്ചു. ഇതാണ് പൂരം, പൂരവേല, പൂരക്കളി എന്നിവയുടെ പുരാവൃത്തം. കാമന്റെ

പുനർജനിദിവസം പൂരം നാളാണ്. ഈയൊരു പുരാവൃത്തത്തിന്റെ അനുസ്മരണമത്രേ ഇന്നും നാം ആചരിച്ചുവരുന്ന പൂരക്കളി. (വിസ്തരിച്ചറിയാൻ പൂരക്കളിപ്പാട്ടുകൾ വായിക്കുക)

"കാർത്തികമുതലൊമ്പതുദിവസം
ചിത്തജനാകിയ കാമൻതന്നെ
ഭക്തികലർന്നവരാരാധിച്ചു." – എന്നിങ്ങനെ പാടിപ്പോകുന്നു ഇതിനെ സംബന്ധിക്കുന്ന പാട്ടുകൾ.

"പൂമലരാൽ പൂവമ്പനപൂരിപ്പിച്ചതുമൂലം'' – എന്നുതുടങ്ങുന്ന പാട്ടുകൾ പൂരിപ്പിച്ച കളിയാണ് പൂരക്കളിയെന്ന നിഷ്പത്തിയെ സമർത്ഥിക്കുന്നു.

ഇതിൽ നിന്ന് വ്യത്യസ്തമായ പുരാവൃത്തസങ്കല്പമാണ് യാദവക്കൂട്ടായ്മയ്ക്കുള്ളത്. പൂരയുടെ കഥ കടന്നുവരുന്നത് അവയിലാണ്. പൂര ദേവകന്യകയായിരുന്നു. അത്യന്തം ശ്രീകൃഷ്ണഭക്ത. സദാനേരവും ശ്രീകൃഷ്ണ സ്തോത്രങ്ങളാലപിച്ചും നൃത്തം ചവിട്ടിയും ദേവാരാധന നടത്തുന്നവളത്രേ പൂര. അവളുടെ അചഞ്ചലമായ ഭക്തിയിലലിഞ്ഞ് ശ്രീകൃഷ്ണനവൾക്ക് ദർശനം നൽകുകയാണ്. പൂരയുടെ ഭക്തിയും പ്രത്യേക താളത്തിലുള്ള നടന വിശേഷവും കണ്ട് അതിശയചിത്തനാകുന്ന ശ്രീകൃഷ്ണൻ, പൂരയെ ഭൂലോകത്തേക്ക് കൊണ്ടുവരുന്നു. വൃന്ദാവനത്തിൽ പൂരയ്ക്ക് സ്ഥാനം നൽകുന്നു. അവളുടെ വിശിഷ്ടമായ നടനവിശേഷം അവളിൽ നിന്ന് തന്നെ പഠിക്കുന്ന അദ്ദേഹം തന്റെ കൂട്ടുകാരനായ ഗോപന്മാരോടൊന്നിച്ച് കളി തുടങ്ങുന്നു.

"പദമൊത്തിക്കളി, ചുവടും ഗീതം
അക്ഷരസംഖ്യകളോർത്തുവദിച്ചും
കൂടിനബാലകരോടിടചേർന്നു
ഗോവിന്ദൻ പാടീടിന വേല"

പൂരയിൽ നിന്നും ഗോവിന്ദൻ എന്ന ശ്രീകൃഷ്ണൻ പഠിച്ച വേലയത്രേ പൂരവേല. പൂര പഠിപ്പിച്ച കളി പൂരക്കളിയും.

"ഇന്ദുമുഖിയാൾതൻ
പൂരക്കളിയെന്നും
പാരതിൽ നിറയെപ്പെടുവാനെന്നും
തുടങ്ങണമെന്നാ ലിപ്പോൾ" – അങ്ങനെ പൂരക്കളി പ്രചാരത്തിലെത്തി.

## പൂരക്കളിയുടെ വളർച്ച

ആദ്യകാലത്ത് സ്ത്രീകൾ മാത്രം അവതരിപ്പിച്ചിരുന്ന പൂരക്കളി, പിന്നീട് മത്സരത്തിന്റേ വഴിയിലേക്ക് നീങ്ങുന്ന ഏതോ ഒരു സന്ദർഭത്തലായിരിക്കണം പുരുഷന്മാർ ഇതിലേക്ക് വന്നത്. പൂരവേലകളിലെ ഏറ്റവും ആകർഷകമായ ഇനം പൂരക്കളി തന്നെയാണ്. ഇത് കാണാൻ പലനാടുകളിൽ നിന്നും ആളുകൾ വന്നിരിക്കാം. അങ്ങനെ താരതമ്യ വിവേചനം ചെയ്യാൻ ആളുകൾ നിർബന്ധിതരായിരിക്കാം. എന്റെ നാട്ടുകാരുടെ പൂരക്കളിയാണ് ഏറ്റവും ശ്രേഷ്ഠമെന്ന് ഓരോ നാടും ചിന്തിച്ചപ്പോൾ വെല്ലുവിളികൾ സ്വാഭാവികമായും ഉയർന്നിരിക്കാം. പൊതുവേദി സൃഷ്ടിക്കപ്പെട്ടത് അങ്ങനെയാകാനാണ് സാധ്യത. ഈ പൊതുവേദിയിൽ വെച്ച് രണ്ടോ അതിലേറെയോ കളിസംഘങ്ങൾ മാറ്റുരച്ചിരിക്കാം. കളി ചിലപ്പോൾ കൈയ്യാങ്കളിയോളമെത്തിയിരിക്കാം. പുതിയ പുതിയ അടവുകളും ചുവടുകളും വെല്ലുവിളിക്കുവേണ്ടി പൂരക്കളിയിൽ കൂട്ടിച്ചേർത്തിരിക്കാം. ഇങ്ങനെ പൊതുവേദിയിൽ വിപുലപ്പെട്ട പൂരക്കളി മറത്തുകളിയെന്ന പേരിൽ അറിയപ്പെട്ടു. ഒരു കളിക്ക് മറത്ത് രൂപത്തിൽ മറ്റൊരു കളി അവതരിപ്പിക്കുമ്പോൾ സ്വാഭാവികമായും വാശിയും ആവേശവും കൊടുമ്പിരികൊള്ളും. സ്ത്രീകളുടെ കൈയിൽ നിന്നും കളി, പുരുഷന്മാരിലേക്ക് കൈമാറ്റം ചെയ്യപ്പെട്ടത് ഈ അവസരത്തിലാണ്. ഈ സന്ദർഭത്തിലാണ് ആരെയും അൽഭുതപരതന്ത്രരാക്കുന്ന കളരിയുടെ വിവിധതരം അടവുകളും വായ്ത്താരികളും ചുവടുകളുമെല്ലാം പൂരക്കളിയിലേക്ക് ചേർക്കപ്പെട്ടത്. കളരിയിൽ നിന്നും ഒട്ടേറെയംശങ്ങൾ ഈ കളിയിലേക്ക് കടന്നുവന്നിട്ടുണ്ട്. തൊഴൽ മുതൽ വേഷവിധാനമടക്കം അഭ്യാസങ്ങൾ വരെ. അങ്കം, പട തുടങ്ങിയ കളരിപ്പേരുകളുമായി ബന്ധപ്പെട്ട പൂരക്കളിയിനങ്ങൾ തന്നെയുണ്ട്.

പൂരക്കളി, മറത്തുകളിയായി വികാസം പ്രാപിച്ചപ്പോഴാണ്, അതതുകാലത്ത് നടപ്പിലുണ്ടായിരുന്ന വിവിധതരം നാടൻ കലകളുടെ പല അംശങ്ങളും ഇതിലേക്ക് ചേർക്കപ്പെട്ടത്. നമുക്കറിയാം ഫോക്‌ലോറുകൾക്കൊന്നും തന്നെ നിയതമായ പാഠങ്ങളില്ല എന്ന്. പൂരക്കളിയിലാകട്ടെ നിയതമായ പാഠങ്ങളില്ല എന്നുമാത്രമല്ല, ഏതൊരു പുതിയ പാഠത്തേയും ഉൾക്കൊള്ളാവുന്ന വിധത്തിൽ വളരെ അയഞ്ഞ ഒരു ചട്ടക്കൂടാണ് ഉള്ളതുതാനും. അങ്ങനെ സംഭവിച്ചതാകട്ടെ, എതിരാളികളെ കളിയിലൂടെ പരാജയ



പ്പെടുത്താൻ വേണ്ടി, പൂരക്കളി മറത്തുകളിയായി അവതരിപ്പിക്കപ്പെട്ടതുകൊണ്ടാണ്.

## പൂരക്കളിയും സംഗീതവും

വസന്തപൂജാവിധിശാസ്ത്രം, നാദരൂപശാസ്ത്രം, പള്ളിയറശാസ്ത്രം, മഹാമേരുചരിത്രം എന്നിങ്ങനെ പൂരവേലാവിധാനങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്ന നിരവധി പാട്ടുകൾ പൂരക്കളിയിലുണ്ട്. പൂരോത്സവത്തിന്റെ പുരാവൃത്തം പ്രതിപാദിക്കുന്നതും പൂജാവിധികളെ വിശദീകരിക്കുന്നതുമായ ഭാഗമാണ് വസന്തപൂജാവിധി ശാസ്ത്രമെങ്കിൽ സംഗീതത്തേയും പൂരക്കളിയിലെ കലാംശത്തേയും പ്രതിപാദിക്കുന്ന ഭാഗമാണ് നാദരൂപശാസ്ത്രം. നാദമഹാരൂപങ്ങളായ അക്ഷരജാലത്തേയും നാദസ്വരൂപിണികളായ ശ്രീപരാശക്തിയേയും ത്രിമൂർത്തികളേയും നമസ്കരിച്ചുകൊണ്ട് നാദമുണ്ടാകുന്ന പ്രകാരത്തെ വിശദീകരിക്കുകയാണ് നാദരൂപശാസ്ത്രത്തിൽ ചെയ്യുന്നത്. ആധുനിക ഭാഷാശാസ്ത്രം വിവരിക്കുന്ന വർണ്ണോല്പത്തി പ്രകാരം പഴയ നമ്മുടെ പൂരക്കളിപ്പാട്ടുകളിൽ എങ്ങനെ വിവരിക്കപ്പെടുന്നുവെന്നത് നാം വിസ്തരിച്ചറിയേണ്ടതാണ്. നാദങ്ങൾ അഞ്ചുവിധത്തിലെന്നും സൂക്ഷ്മം, അതിസൂക്ഷ്മം, കൃത്രിമം, പുഷ്ടം, അപുഷ്ടം എന്നിങ്ങനെ പേരുകളിലാണറിയപ്പെട്ടുവന്നതെന്നും പാട്ടുകളിൽ

പറയുന്നു. ചെവിക്ക് വിഷയമാകുന്നവയാണ് ശ്രുതികൾ. രാഗങ്ങൾ വർഗ്ഗാഷ്ടകങ്ങളിലത്രേ ഉണ്ടാകുന്നത്. ഇവകൊണ്ടുതന്നെ ഷഡ്ജാദി സപ്തസ്വരങ്ങളുമുണ്ടാകുന്നു. ദേവകുലത്തിൽ ജാതമായ ഷഡ്ജ ഋഷഭ ഗാന്ധാര മദ്ധ്യമങ്ങളും പിതൃവംശത്തിൽ ജാതമായ പഞ്ചമവും ഋഷിവംശത്തിലെ ധൈവതവും അസുര വംശത്തിലെ നിഷാദവും – ഇങ്ങനെയത്രെ സപ്തസ്വരങ്ങൾ, സ്വരവർണങ്ങൾ, സ്വരദേവതമാർ, സ്വരോത്പത്തി, രാഗം, ശ്രുതി, താളം തുടങ്ങി സംഗീതശാസ്ത്രത്തിന്റെ അടിസ്ഥാനപരങ്ങളായ വിഷയങ്ങളെല്ലാം നാദരൂപശാസ്ത്രത്തിൽ വിവരിക്കപ്പെടുന്നുണ്ട്. പതിനെട്ട് നിറത്തിലുള്ള പൂരമാലയിലും സംഗീതത്തെ ആധാരമാക്കിയാണ് ആലാപനവിധി നിർണ്ണയിക്കപ്പെട്ടിട്ടുള്ളത്. നാല് വേദങ്ങൾ, ആറ് വേദാംഗശാസ്ത്രങ്ങൾ, അറുപത്തിനാല് കലകൾ, 96 തത്വങ്ങൾ, ചതിരശ്രാദികളിൽ നിന്നുണ്ടായ താളങ്ങൾ, സപ്തസ്വരങ്ങൾ – ഇവയെയെല്ലാം ആധാരമാക്കി കാമലീലയെച്ചൊല്ലി സ്തുതിക്കുന്ന ഭാഗമാണ് പൂരമാലയെന്ന് വസന്തപൂജാവിധി ശാസ്ത്രത്തിൽ പറയുന്നുണ്ട്.

## പൂരക്കളിയും നാടകവും

'ലോകവൃത്താനുകരണം നാട്യമിത്യഭിധീയതേ' എന്ന ഭരതമുനിയുടെ നാട്യശാസ്ത്രത്തിലെ നാട്യലക്ഷണമനുസരിച്ചുള്ളവയാണ് പൂരക്കളിയിലെ നാട്യവും. ഇതിലെ നാട്യങ്ങൾക്ക് കൊടുക്കുന്ന മറ്റൊരു പേരാണ് നാടകങ്ങൾ എന്ന്. ഇന്ന് നാം കാണുന്ന വികസിത നാടകസ്വരൂപത്തിൽനിന്നും ഏറെ വ്യത്യസ്തമായതാണ് പൂരക്കളിയിലെ നാടകങ്ങൾ. നമ്മുടെ നാട്ടിലെ ചാക്യാന്മാർ ക്ഷേത്രാങ്കണങ്ങളിൽ അവതരിപ്പിക്കാറുള്ള കൂത്ത് എന്ന കലാരൂപമില്ലേ, ഇതിൽ നിന്നും കടം കൊണ്ട് പൂരക്കളിയിലേക്ക് കൂട്ടിച്ചേർക്കപ്പെട്ടവയാണ് പൂരക്കളിയിലെ നാടകങ്ങൾ. ശിവൻ, ശക്തി തുടങ്ങിയ ദേവതമാരുടെ പുരാവൃത്ത മനുസരിച്ച് അവരെ സങ്കല്പനം ചെയ്ത്, അതിനനുസരിച്ച് ആടുന്നവയാണ് പൂരക്കളി നാടകങ്ങൾ. ഇവയ്ക്കും ആധികാരികമായ ശാസ്ത്രങ്ങൾ പൂരക്കളിയിലുണ്ട്. ചിദംബര ശാസത്രം, ഭരത ശാസ്ത്രം, ശൈവ ശാസ്ത്രം, ശക്തി ശാസ്ത്രം തുടങ്ങിയവ ഇവയിൽ പ്രധാനമാണ്. എന്നാൽ, ഈയടുത്തകാലത്തായി കണ്ടുവരുന്ന പ്രവണതയെന്തെന്നു വെച്ചാൽ നാട്യ ശാസ്ത്രത്തിലെ നാട്യോല്പത്തി പോലുള്ള ആധികാരികാംശങ്ങളേയും കഥയേയും പാട്ട് രൂപത്തിലാക്കി ചൊല്ലുകയും, ശ്ലോക രൂപത്തിലാക്കി വാദപ്രതിവാദം നടത്തുകയും ചെയ്യുക എന്നതാണ്. ആധാര ശാസ്ത്രം പറഞ്ഞതിന് ശേഷം മാത്രമേ, നാടകമാടുകയുള്ളൂ. ശിവഭ്രാന്തി, പഞ്ചകോലം, ശിവപരം, ശിവമരുൾ, ഒരുമുഖൻ, അറുമുഖൻ, പറവ, വെള്ളുരുട്ടി, മാരാരി, മാർക്കാണ്ഡേയം, കുന്നിഴിച്ചി, കണ്ണപ്പൻ, തിണ്ണൻ, മറുമുഖൻ, കവചികം തുടങ്ങിയ പതിനഞ്ച് നർത്തനങ്ങളത്രേ ശൈവ നാടകത്തിൽ അടങ്ങി യിരിക്കുന്നത്. ശ്രീപാർവ്വതി നടിച്ച നാടകങ്ങളാണ് ശക്തി നാടകങ്ങൾ. ഇതാകട്ടെ, നാല്പത്തൊമ്പത് തരത്തിലുണ്ട്. ഇവയ്ക്ക് പുറമെ ഗണപതി, ശ്രീകൃഷ്ണൻ, സരസ്വതി തുടങ്ങിയ ദേവതമാരുടെ സ്തുതികൾ പാടി ആടാറുള്ള പതിവും ഉണ്ട്. ഇവയെയെല്ലാം തന്നെ നാടകങ്ങൾ എന്നാണ് വിളിക്കുന്നത്.


സ്കൂൾ പൂരക്കളി സംഘം

## പൂരക്കളിയിൽ ചേർന്ന് നിൽക്കുന്ന വിജ്ഞാനങ്ങൾ

ആകാശത്തിന് കീഴിലുള്ളവയും അല്ലാത്തവയുമായ എല്ലാ വിജ്ഞാനങ്ങളും പൂരക്കളിയിൽ ഉൾച്ചേർന്നിട്ടുണ്ട് എന്നാണ് സാധാരണ പറയാറുള്ളത്. വേദങ്ങൾ, വേദാംഗങ്ങൾ, ഉപവേദങ്ങൾ, ദർശനങ്ങൾ, അർത്ഥശാസ്ത്രം തുടങ്ങിയ വിജ്ഞാന ശാസ്ത്രങ്ങൾ, ഭരതന്റെ നാട്യശാസ്ത്രം, പുരാണങ്ങൾ, ഉപനിഷത്തുക്കൾ, ഭാഷാശാസ്ത്രം, വാസ്തുശാസ്ത്രം, ഗണിതം തുടങ്ങിയവയെല്ലാം പൂരക്കളിപ്പാട്ടിൽ നേരിട്ട് ഉൾച്ചേർന്ന് നിൽക്കുന്നതായി കാണാൻ കഴിയും. രാമായണം, ഭാരതം തുടങ്ങിയ ഇതിഹാസങ്ങളെ വൻകളിപ്പാട്ടുകളാക്കി പൂരക്കളിയിൽ അവതരിപ്പിക്കുന്നുണ്ട്. ഇതിന്റെ മറത്തുകളി രൂപത്തിലുള്ള വികാസ ഘട്ടങ്ങളിലായിരിക്കണം സകലമാനശാസ്ത്രങ്ങൾക്കും ഇതിൽ പ്രവേശനം ലഭിച്ചിട്ടുണ്ടാവുക. ആധുനിക കാലത്ത് മറത്തുകളിയിൽ പുതിയ വിജ്ഞാനങ്ങളേയും ഉൾക്കൊള്ളിക്കാൻ ശ്രമിച്ചുവരുന്നതായും കാണുന്നുണ്ട്. ആധുനിക ജ്യോതിശാസ്ത്രം, എൻജിനിയറിംഗ്, ഗണിതം, ഫിസിക്സ് തുടങ്ങിയവയെല്ലാം മറത്തുകളിയിലെ വാഗ്വാദത്തിനിടയിൽ പരാമർശിക്കപ്പെടാറുണ്ട്.

## പൂരക്കളിയും വാഗ്വാദവും

പൂരക്കളിയിൽ ഉൾച്ചേർക്കുന്ന പുതിയ പുതിയ വിഷയങ്ങളെ പൊതുജനസഭയിൽ വെച്ച് ചോദ്യം ചെയ്യുക സ്വാഭാവികമാണ്. തീർച്ചയായും മറത്തുകളി രൂപത്തിൽ പൂരക്കളി അവതരിപ്പിക്കപ്പെടുമ്പോൾ ഇതിന് സാധ്യതയേറെയാണ്. അങ്ങനെയാണ് പൂരക്കളിയുടെ അവതരണത്തിനിടയിൽ സംവാദത്തിനും വാഗ്വാദത്തിനും അവസരമൊരുക്കിയിട്ടുള്ളത്. ഒരു കളിസംഘം തങ്ങളുടെ പൂരക്കളി അവതരിപ്പിക്കുന്നതിന് മുമ്പ് കളിയുടെ സാഹിത്യത്തെ വിശദമാക്കേണ്ടതുണ്ട്. പൗരാണികസമ്മതവും യുക്തിഭദ്രവുമല്ല, വിവരണമെങ്കിൽ അതിനെ എതിർ സംഘം ചോദ്യം ചെയ്യുക സ്വാഭാവികമാണ്. അതുകൊണ്ട് അനുബന്ധ ശാസ്ത്രങ്ങളുടെ ആധികാരിക മായ അറിവ്, ഓരോ സംഘ ത്തിനും ഉണ്ടാകുന്നില്ലെങ്കിൽ ആ കളിസംഘം പരിഹാസ്യരാവു മെന്നതിൽ തർക്കമില്ല. അതു കൊണ്ടുതന്നെ സകലമാന ശാസ്ത്രങ്ങളുടേയും സാമാന്യമായ അറിവും വേദാദിഭാരതീയ വിജ്ഞാനങ്ങളുടെ വിശേഷപ്പെട്ട അറിവും ഉള്ള ഒരു പണ്ഡിതനെ ഓരോ കളി സംഘവും ഒരുക്കിവെക്കുന്നു. വാഗ്വാദത്തിൽ ഏർപ്പെടുന്നത് ഈ പണ്ഡിതൻ മാത്രമായിരിക്കും. അദ്ദേഹത്തെ 'പണിക്കർ' എന്നാണ് വിളിക്കുന്നത്. പണിക്കറുടെ ശാസ്ത്ര വിജ്ഞാനം കുറവാണെങ്കിൽ കളിസംഘം എത്ര നന്നായി കളിയവതരിപ്പിച്ചാലും എതിർസംഘത്തിന്റെ പരിഹാസത്തിന് മുഴുവൻപേരും പാത്രമാകുമെന്നതിനാൽ ഓരോ കളിസംഘവും അവരവരുടെ സംഘത്തലവനായ പണിക്കരെ നിശ്ചയിക്കുമ്പോൾ ഏറെ ആലോചന നടത്തുമെന്ന് കാണാവുന്നതാണ്.

## പൂരക്കളിയും മറത്തുകളിയും

പൂരക്കളി അവതരണത്തിന്റെ ആസൂത്രിതമായ നിർവ്വഹണ പദ്ധതിയാണ് മറത്തുകളി. മുന്നേ ചൊന്നതുപോലെ പൂരക്കളി

യുടെ മത്സരരൂപം തന്നെയാണിത്. പൂരക്കളി ഏതെല്ലാമംശങ്ങളിലാണ് താരതമ്യം ചെയ്യപ്പെടേണ്ടതെന്നും, അവയുടെ ക്രമമെന്തായിരിക്കണമെന്നും, എവിടെവെച്ചാണെന്നും, എത്ര കാലത്തേക്ക് നിർവ്വഹിക്കപ്പെടേണ്ടതാണെന്നുമൊക്കെ ആസൂത്രണം ചെയ്യുന്നത് മറത്തുകളിയിലാണ് ഇതിനുള്ള അവസരമൊരുങ്ങുന്നത്. രണ്ട് കളിസംഘവും കണ്ടുമുട്ടുന്നതുമുതൽ പിരിഞ്ഞു പോകുന്നതുവരെയുള്ള കാലപരിധിക്കുള്ളിൽ ഏത് നേരത്തും ചോദ്യംചെയ്യപ്പെടലിനും വാഗ്വാദത്തിനും അവസരമുണ്ട് എന്നതിനാൽ ചില ആളുകൾ പൂരക്കളിയിലെ വാഗ്വാദത്തെ മാത്രം മുൻനിർത്തി മറത്തുകളിയെന്ന് വിശേഷിപ്പിച്ചുവരുന്നുമുണ്ട്. ഇപ്പോൾ കണ്ടുവരുന്ന മറ്റൊരു കാര്യം, അനുഷ്ഠാനകലയായ പൂരക്കളിയുടെ അവതരണത്തിനിടയിൽ വരുന്ന വാഗ്വാദങ്ങൾക്ക് നിമിത്തമാകുന്ന ഒന്നോ രണ്ടോ ശ്ലോകങ്ങളെ അടർത്തിയെടുത്ത്, അനുഷ്ഠാനപരമല്ലാത്ത വേദികളിൽ മറത്തുകളിയെന്ന പേരിൽ വാഗ്വാദം നടത്തിവരുന്ന കാഴ്ചയാണ്. ഒരു ശ്ലോകം ചൊല്ലി വ്യാഖ്യാനിച്ച് വാഗ്വാദം നടത്തുന്നതാണ് മറത്തുകളിയെന്ന് പുതിയ ലോകം വിശ്വസിച്ചുപോയിട്ടുമുണ്ട് –എന്നാൽ നാം മനസ്സിലാക്കേണ്ടത് ഇതാണ് – മറത്തുകളിയെന്നത് വാഗ്വാദം മാത്രമല്ലെന്നും, പൂരക്കളിയുടെ മത്സരരൂപത്തിലുള്ള അവതരണമാണെന്നും ഉപോദ്ബലകങ്ങളായ ശാസ്ത്രങ്ങളുടെ വാഗ്വാദം മാത്രമാണ് നടക്കേണ്ടത് എന്നുമാണ്. പരസ്പരം കണ്ടുമുട്ടുമ്പോൾ നടത്തുന്ന അഭിവാദനത്തിന്റെ ശാസ്ത്രീയതയെക്കുറിച്ചു തന്നെ വാഗ്വാദം നടന്നുവെന്നുവരാം. തുടർന്ന് നടക്കേണ്ട താംബൂലദാനച്ചടങ്ങ്, രാശി പ്രവേശചടങ്ങ്, ദീപവന്ദന, ശക്തി വന്ദന, ഗണപതി വന്ദന, സരസ്വതി വന്ദന, ശ്രീകൃഷ്ണ വന്ദന, നവാക്ഷര വന്ദന, പള്ളിയറ ശാസ്ത്രം, വസന്തപൂജാവിധി ശാസ്ത്രം, അരങ്ങ് ശാസ്ത്രം, നാദരൂപശാസ്ത്രം, മഹാമേരു ചരിതം, വൻകളികളായ നാടകങ്ങളുടെ ആട്ടത്തിന് ഉപോത്ബലകങ്ങളായ നാട്യശാസ്ത്രം, ചിദംബരശാസ്ത്രം, ഗണപതി ശാസ്ത്രം, ശക്തിശാസ്ത്രം എന്നിവയും യോഗശാസ്ത്രവും ചൊല്ലി വാഗ്വാദം നടത്താൻ കളിസംഘങ്ങൾക്ക് മറത്തുകളിയിൽ അവസരമൊരുങ്ങുന്നു. ഇവിടെ നാം മനസ്സിലാക്കേണ്ട കാര്യമിതാണ്, എല്ലാ വാഗ്വാദങ്ങളും നടത്തപ്പെടേണ്ടത്, രംഗത്തവതരിപ്പിക്കുന്ന പൂരക്കളികളേയും അതിന്റെ സാഹിത്യത്തിന്ന് പോഷകങ്ങളായ അനുബന്ധശാസ്ത്രങ്ങളേയും ആധാരമാക്കിയായിരിക്കണമെന്നതാണ്. എന്നാൽ പലയിടങ്ങളിലും ഇത് അതുപോലെ അനുവർത്തിക്കുന്നതായി കാണുന്നില്ല. പൂരക്കളിയും പൂരക്കളി സാഹിത്യവും വാഗ്വാദത്തിന് ആധാരമാക്കുന്ന പദ്യങ്ങളും തമ്മിൽ ചിലയിടത്ത് ബന്ധമുണ്ടാകുന്നില്ല. മറ്റ് ചിലയിടത്താകട്ടെ വന്ദ്യയ്ക്ക് വേണ്ടി ഉപയോഗിക്കുന്ന പദ്യങ്ങളെ മാത്രം മുൻനിർത്തി വാഗ്വാദം നടത്തുകയും ഇതാണ് മറത്തുകളിയെന്നറിയിക്കുകയും ചെയ്യുന്നുവെന്നതാണ്.



മറത്തുകളി

## പൂരക്കളിയും പൂരമാലയും

പൂരക്കളിയുടെ ഏറ്റവും കൂടുതൽ അനുഷ്ഠാനപരതയുള്ള ഭാഗമാണ് പൂരമാലയുടേത്. പതിനെട്ട് കന്യകമാർ ദേവലോകത്തുവെച്ച് കാമന്റെ പുനർജനിക്കുവേണ്ടി പതിനെട്ട് രാഗങ്ങളിൽ ആടിപ്പാടിക്കളിച്ച സംഘനൃത്തത്തിന്റെ അനുസ്മരണ മാണ് പൂരമാലാനുഷ്ഠാനത്തിൽ നടക്കുന്നത്. വിശ്വാസങ്ങളിൽ തന്നെ വ്യത്യാസങ്ങൾ കണ്ടുവെന്നുവരാം. ദേവലോകത്തുവെച്ച് സപ്തകന്യകമാരും ഭൂലോകത്തുവെച്ച് പഞ്ചകന്യകമാരും പാതാളലോകത്തുവെച്ച് ഷഡ്കന്യകമാരും ആടിയതാണ് പതിനെട്ട് നിറങ്ങളെന്ന് മറ്റ് ചില കൂട്ടായ്മകൾ വിശ്വസിക്കുന്നു. പൂരമാലയിലൂടെയാണ് കാമനെ തോറ്റിയുണർത്തി ജീവിപ്പിച്ചതെന്നും അതിനാൽ പൂരക്കളിയുടെ പ്രധാനപ്പെട്ടഭാഗം പൂരമാല തന്നെയാണെന്നും പറയുന്നതിൽ തെറ്റില്ലതന്നെ.

'പാടിയാടി നിന്ന മാല
പത്തുമെട്ടും പാരിലങ്ങ്
രതിരമണരുടെ ചരിതവിലാസം
രസമായി പത്തുമൊരെട്ടും മാല'

## പൂരക്കളിയും ആണ്ടും പള്ളും

ആണ്ടും പള്ളുമെന്നത് പൂരക്കളിയിനങ്ങളിലെ ഒരു പ്രധാന ഭാഗമാണ്. എല്ലാ വിഭാഗവും ഈ അംശത്തെ സ്വീകരിക്കുന്നില്ല. വൈഷ്ണവാംശത്തെ പ്രധാനമായി കാണുന്ന യാദവന്മാർക്ക് ആണ്ടും പള്ളുമില്ല. എന്നാൽ ശൈവവിശ്വാസികളും ശക്തിപൂജ ചെയ്യുന്നവരുമായ കൂട്ടായ്മകളിലാണ് ആണ്ടും പള്ളുമെന്ന പൂരക്കളിയിനമുള്ളത്. ആണ്ടാരുടേയും ആണ്ടിച്ചിയുടേയും വേഷം പൂണ്ട് ശിവനും പാർവ്വതിയും ഭിക്ഷാടനത്തെ അനുസ്മരിക്കുകയത്രെ 'ആണ്ടും പള്ളും' ചെയ്യുന്നത്. സസ്യശാസ്ത്രവും കൃഷിശാസ്ത്രവുമെല്ലാം അനുബന്ധമായി ഇവിടെ കടന്നുവരുന്നുണ്ട്.

"ഈശ്വരനാകും
നല്ലാണ്ടാർ
ചമഞ്ഞിവണ്ണം
വന്തുനിന്നാട
പെൺകോലം
പൂണ്ടവളാണ്ടി–യവൾ
പേശിയണിന്തു നിന്താട"

എന്നാണ് ആണ്ടുപാട്ടിൽ പറയുന്നത്. പള്ളുപാട്ടിലാകട്ടെ ചേര–ചോള–പാണ്ഡ്യ രാജാക്കന്മാർ ശിവനെ ധ്യാനിച്ച് തപസ്സ് ചെയ്യുകയും വരശക്തികൊണ്ട് സ്വർഗ്ഗലോകത്തെത്തുകയും അവിടെ ദേവേന്ദ്രസഭയിൽ ചെന്ന് സ്വന്തം നാടുകളിൽ മഴ പെയ്യിക്കുവാനുള്ള സന്മനസ്സുണ്ടാകണമെന്ന് ദേവേന്ദ്രനോട് അഭ്യർത്ഥിക്കുകയും ചെയ്യുന്ന ഭാഗമാണ്. നിരവധി വിത്തിനങ്ങളെക്കുറിച്ചും മഴയുടെ പ്രത്യേകതകളെക്കുറിച്ചുമെല്ലാം ഇവിടെ വിവരിക്കപ്പെടുന്നുണ്ട്.

**പൂരക്കളിയെ സംബന്ധിച്ച റഫറൻസ് ഗ്രന്ഥങ്ങൾ**

1. *പൂരക്കളിയും മറത്തുകളിയും* – കേരള പൂരക്കളി പരിഷത്ത് 2006 സിക്രട്ടറി, കേരളപൂരക്കളി പരിഷത്ത്, വെള്ളൂർ പി.ഒ., പയ്യന്നൂർ
2. *പൂരക്കളി* – ഡോ. എം.വി.വിഷ്ണു നമ്പൂതിരി – കറന്റ് ബുക്സ്
3. *പൂരക്കളി* – കെ.കെ.പണിക്കർ – വെങ്ങര, പയ്യന്നൂർ 1979
4. *പൂരക്കളി* – മൂർക്കോത്ത് കുമാരൻ – സാഹിത്യപ്രഭ രണ്ടാം ഭാഗം, കേരള ബുക്സ് ഡിപ്പോ, കോഴിക്കോട് 1956
5. *നാടോടി വിജ്ഞാനീയവും പൂരക്കളിയും* – എം.വി.വിഷ്ണു നമ്പൂതിരി, കേളി – ലക്കം. 10, 1979
6. *പൂരക്കളി* – ഡോ.എം.വി.വിഷ്ണുനമ്പൂതിരി, മാതൃഭൂമി വാരാന്തപ്പതിപ്പ് 1996 മാർച്ച് 17
7. *പൂരവും പൂരക്കളിയും* – ചില പാഠഭേദങ്ങൾ പയ്യന്നൂർ പെരുമ (കാപ്പാട്ട് കഴകം പെരുങ്കളിയാട്ടം സ്മരണിക)



# വിദ്യാഭ്യാസ നിഘണ്ടുവിന് ഒരാമുഖം

**ഡോ.എം.ബാലൻ**
ലക്ചറർ, ഡയറ്റ് പാലയാട്

നാം ജീവിക്കുന്ന ചുറ്റുപാട്, പെരുമാറുന്ന സമൂഹം, സാമ്പത്തിക രാഷ്ട്രീയ സാഹചര്യങ്ങൾ, വെച്ചുപുലർത്തുന്ന ഉന്നത സാംസ്കാരിക ബോധം എന്നിവയിലധിഷ്ഠിതമായ അർത്ഥബോധമാണ് ഓരോ പദവും നമ്മിലേക്ക് വിനിമയം ചെയ്യുന്നത്. എല്ലാ പദങ്ങൾക്കും ഏറെ വ്യത്യാസമില്ലാതെ നിർവ്വചനങ്ങളോ അർത്ഥതലങ്ങളോ നമുക്ക് കണ്ടെത്താൻ സാധിക്കും. എന്നാൽ വിദ്യാഭ്യാസ നിഘണ്ടുവിൽ കേവലം ഭാഷാപരമായ വിശദീകരണം മാത്രം പോര മറിച്ച് വിദ്യാഭ്യാസപരവും, സാമൂഹ്യ രാഷ്ട്രീയ പരവും, മനശാസ്ത്രപരവുമായ അർത്ഥതലങ്ങൾ കൂടി പരിഗണിക്കണം. അർത്ഥവികാസവും അർത്ഥസങ്കോചവും ലുപ്തപ്രചാരവുമായിത്തീരാം വിദ്യാഭ്യാസ നിഘണ്ടുവിലെ പദങ്ങൾ. അതുകൊണ്ടുതന്നെ വിദ്യാഭ്യാസ നിഘണ്ടു രൂപീകരിക്കുകയെന്നത് ശ്രമസാധ്യമായ കാര്യമാണ്.

അകാരാദിക്രമം പാലിച്ചുകൊണ്ട് ചില പദങ്ങൾ നിർവ്വചിക്കാനാണ് ഇവിടെ ശ്രമിച്ചിട്ടുള്ളത്. സമഗ്രവും ശാസ്ത്രീയവുമായ നിഘണ്ടു നിർമ്മാണത്തിന്റെ തുടക്കമെന്ന നിലയ്ക്കും ശേഖരണഘട്ടമെന്ന നിലയ്ക്കും ഇതിനെ സമീപിച്ചാൽ മതി.

## അ

### അടിസ്ഥാന വിദ്യാഭ്യാസം
(Basic Education)

ഗാന്ധിജി മുന്നോട്ടു വെച്ച വിദ്യാഭ്യാസ പദ്ധതി.

അറിവും തൊഴിലും തമ്മിലുള്ള ഉദ്ഗ്രഥനത്തിന് പ്രാധാന്യം നൽകി. ഉൽപ്പാദനത്തെ വിദ്യാഭ്യാസവുമായി ബന്ധപ്പെടുത്തി. കൈത്തൊഴിലുകളെ വിദ്യാഭ്യാസത്തിന്റെ കേന്ദ്രസ്ഥാനത്തു നിർത്തി. സമൂഹത്തിലെ അടിസ്ഥാന വർഗ്ഗത്തെ മുഖ്യധാരയിലെത്തിക്കാനും സാമ്പത്തികമായ സ്വാശ്രയത്വം ഉണ്ടാക്കാനും വിദ്യാഭ്യാസ പ്രക്രിയയിലൂടെ കഴിയണം. പഠനം മാതൃഭാഷയിലൂടെയാകണം - അടിസ്ഥാന വിദ്യാഭ്യാസം മുന്നോട്ടുവെക്കുന്ന പ്രധാന ആശയങ്ങൾ ഇവയാണ്.

### ആദർശവാദം (Idealism)

പ്രശസ്തവും അംഗീകൃതവുമായ ഒരു വിദ്യാഭ്യാസ തത്വശാസ്ത്രം. ഒരുവന് ആത്മീയമായോ മാനസീകമായോ സ്വയം അനുഭവപ്പെടുന്നവ മാത്രമാണ് യാഥാർത്ഥ്യമായിട്ടുള്ളത്. പ്രപഞ്ചം എന്നത് മനസ്സോ ആത്മാവോ ആണ്. ഭൗതികത നശ്വരവും ആത്മീയത അനശ്വരവുമാണ്. ആദർശവാദം മുന്നോട്ടുവെക്കുന്ന പ്രധാന ആശയങ്ങൾ ഇവയാണ്. സോക്രട്ടീസ്, ഗാന്ധിജി, പ്ലേറ്റോ, ഹെഗൽ, ടാഗോർ തുടങ്ങിയവർ ഈ തത്വശാസ്ത്രത്തിന്റെ വക്താക്കളാണ്.

### അപവ്യയം (Wastage)

ഏതെങ്കും കോഴ്സിന്, പ്രത്യേകിച്ച് പ്രഥമിക സെക്കന്ററി തലങ്ങളിൽ ചേർന്നതിനുശേഷം അത് പൂർത്തിയാക്കാതെ ഇടക്കുവെച്ച് അവസാനിപ്പിക്കുന്ന പ്രവണത.

### അറിയാൻ പഠിക്കൽ
(Learning to know)

യുനസ്കോ (UNESCO) യുടെ വിദ്യാഭ്യാസ കമ്മീഷൻ വിദ്യാഭ്യാസത്തിന് നാല് അടിസ്ഥാന ലക്ഷ്യങ്ങൾ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. Four pillars of education എന്ന പേരിലാണ് ഈ ലക്ഷ്യങ്ങൾ അറിയപ്പെടുന്നത്. അതിൽ ഒരു ലക്ഷ്യമാണ് അറിയാൻ പഠിക്കുക എന്നത്. പൊതുവിദ്യാഭ്യാസത്തിന്റെ ഭാഗമായി ലഭിക്കുന്ന വിജ്ഞാനം നിരന്തരം പുതുക്കേണ്ടതുണ്ട്. വിവര വിനിമയ രംഗത്ത് വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങൾ വിജ്ഞാനോൽപാദനത്തിനുള്ള അനന്ത സാധ്യതകൾ തുറന്നുതരുന്നു. ഈ അറിവുകൾ സ്വായത്തമാക്കാൻ നമുക്ക് കഴിയണമെന്നതാണ് അറിയാൻ പഠിക്കുകയെന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

അ, ആ അക്ഷരങ്ങളിൽ നിഘണ്ടുവിൽ ചേർക്കാവുന്ന പദങ്ങൾ : അടഞ്ഞ ചോദ്യങ്ങൾ (Closed Questions), അനൗപചാരിക പഠനം, അറിവ്, അഭിപ്രേരണ, ആശയസ്വീകരണം, ആശയ പ്രകടനം, ആശയം, ആനുഷംഗിക പഠനം etc.

## ഉ

### ഉദ്ദേശ്യാധിഷ്ഠിത ബോധനം
(Objective based Instruction)

ഓരോ പാഠഭാഗം പഠിപ്പിക്കുമ്പോഴും വ്യക്തവും മുൻകൂട്ടി നിശ്ചയിച്ചതുമായ ബോധനോദ്ദേശ്യങ്ങളേയും അവയിൽ അടങ്ങിയിരിക്കുന്ന സ്പഷ്ടീകരണങ്ങളേയും മുൻനിർത്തി അതിനനുയോജ്യമായ പഠനാനുഭവങ്ങൾ നൽകുകയും നിശ്ചിതങ്ങളായ പഠനാനുഭവങ്ങൾ ലഭിച്ചുവോ എന്ന് പരിശോധിക്കുകവഴി യഥാസമയം വിലയിരുത്തുകയും ചെയ്യുന്ന സമ്പ്രദായമാണ് ഉദ്ദേശ്യാധിഷ്ഠിത ബോധനം.

### ഉദ്ഗ്രഥിത സമീപനം
(Integrated Approach)

ലോകത്തെക്കുറിച്ച് കുട്ടികൾക്കുള്ള കാഴ്ചപ്പാട് സമഗ്രമാണ്. വിവിധ അംശങ്ങൾ വേർപെടുത്തിയാണ് കുട്ടി ലോകത്തെ കാണുന്നത്. കുട്ടിക്കുണ്ടാകുന്ന ഓരോ അനുഭവവും പല വിജ്ഞാന ശാഖകളുമായും ബന്ധപ്പെട്ടുകിടക്കുന്നു.

അവയിലൂടെ അവൻ പല ശേഷികളും ധാരണകളും ആർജ്ജിക്കുന്നു. ഇങ്ങനെയാണ് കുട്ടി ലോകത്തെ അറിയുന്നതും വിജ്ഞാനം ആർജ്ജിക്കുന്നതും. എങ്കിൽ സ്കൂളിലെത്തുമ്പോൾ വിജ്ഞാനത്തെ വേർപെടുത്തി അവതരിപ്പിക്കേണ്ടതില്ല. ഈ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ പൊതുവിദ്യാലയത്തിലെ ഒന്നും രണ്ടും ക്ലാസുകളിൽ ഭാഷ, ഗണിതം, പരിസരപഠനം എന്നിവ ചേർത്ത് ഒരൊറ്റ പുസ്തകമാക്കി. ഈ സമീപനമാണ് ഉദ്ഗ്രഥിതസമീപനം.

ഉ, ഊ, ചേർക്കാവുന്ന പദങ്ങൾ : ഊഹം, ഉദ്ദീപനം etc.

## എ

### എസ്.ആർ.ജി.

സ്കൂൾ റിസോഴ്സ് ഗ്രൂപ്പ് എന്നതിന്റെ ചുരുക്കപ്പേര്. സ്കൂളിലെ പ്രധാനാധ്യാപകനും എല്ലാ അധ്യാപകരുടേയും കൂട്ടായ്മ. ആഴ്ചയിലൊരിക്കൽ പ്രധാനാധ്യാപകന്റെ അധ്യക്ഷതയിൽ ചേർന്ന് ക്ലാസ്റൂം അനുഭവങ്ങളും വിഷയമേഖലകളുമായി ബന്ധപ്പെട്ട അക്കാദമിക ചർച്ച എസ്.ആർ.ജി. ചേർന്ന് നടക്കണം. പഠന പ്രവർത്തനങ്ങളുടെ അവലോകനം, ആസൂത്രണം, സംശയ നിവാരണം, ഉയർന്ന പരിശീലനങ്ങളിൽ വ്യക്തത വരുത്തേണ്ട ആശയങ്ങൾ ലിസ്റ്റ് ചെയ്യൽ തുടങ്ങി ക്ലാസ്റൂം കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന അക്കാദമിക സംഘം.

### എസ്.ആർ.ജി.

സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്. ജില്ലാതല റിസ്ഴ്സ് ഗ്രൂപ്പിനെ പരിശീലിപ്പിക്കുന്നതിനായി ജില്ലയിൽ നിന്നും തെരഞ്ഞെടുക്കുന്ന അധ്യാപകരുടെ സംഘം. സംസ്ഥാന തലത്തിൽ കൂടിയിരുന്ന് ജില്ലാ തല പരീശിലനം ആസുത്രണം ചെയ്യുക. ആസൂത്രണത്തിന്റെ വെളിച്ചത്തിൽ ജില്ലാ റിസോഴ്സ് ഗ്രൂപ്പിന് പരിശീലനം നൽകുക. അധ്യാപക പരിശീലനങ്ങൾ മോണിറ്റർ ചെയ്യുക എന്നിവ പ്രധാന ചുമതലകൾ.

### എസ്.എസ്.എ.

സർവ്വശിക്ഷാ അഭിയാൻ. രാജ്യത്തെ 6 വയസ്സിനും 14 വയസ്സിനും ഇടയിലുള്ള മുഴുവൻ വിദ്യാർത്ഥികൾക്കും നിർബന്ധിതവും സൗജന്യവുമായ വിദ്യാഭ്യാസം നൽകുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന കേന്ദ്ര-സംസ്ഥാനങ്ങളുടെ മേൽനോട്ടത്തോടെ ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതി. അധ്യാപക ശാക്തീകരണം. സാമൂഹികവും സാമ്പത്തികവുമായി പിന്നാക്കം നിൽക്കുന്നവരുടെ ഉന്നമനം, സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ തുടങ്ങി വിവിധ മേഖലകളിൽ ഇടപെട്ട് പ്രവർത്തിക്കുന്നു. പ്രിപ്രൈമറി മുതൽ 8-ാം ക്ലാസ് വരെയാണ് എസ്.എസ്.എ. ധനസഹായം ലഭിക്കുന്നത്

### എസ്.എസ്.ജി.

സ്കൂൾ സപ്പോർട്ടിംഗ് ഗ്രൂപ്പ് എന്നതിന്റെ ചുരുക്കപ്പേര്. സ്കൂളിന്റെ പുരോഗതിക്കായി വിദ്യാഭ്യാസ തൽപരരായ എല്ലാവരേയും ഉൾപ്പെടുത്തി രൂപീകരിക്കുന്ന സംഘം. പി.ടി.എ.ക്ക് പുറമെയുള്ള സംഘടനയാണിത്. രക്ഷാകർത്താക്കൾക്കുമാത്രമേ പി.ടി.എ. യിൽ അംഗമാകാൻ കഴിയൂ എന്ന പരിമിതിയെ മറികടക്കാൻ എസ്.എസ്.ജി. യിലൂടെ കഴിയൂ. സ്കൂൾ ഉൾപ്പെടുന്ന പ്രാദേശിക സമൂഹത്തിലെ രക്ഷാകർത്താ ക്കൾ, വിദ്യാഭ്യാസ വിദഗ്ധർ, സാമൂഹ്യ പ്രവർത്തകർ തുടങ്ങി എല്ലാവർക്കും എസ്.എസ്.ജി. യിൽ അംഗമാകാം.

ചേർക്കാവുന്ന പദങ്ങൾ : എസ്.എസ്.എൽ.സി., എഞ്ചുവടി എഴുത്തുപള്ളിക്കൂടം, എയ്ഡഡ് സ്കൂൾ തുടങ്ങിയവ

## ഒ

### ഒന്നിച്ച് ജീവിക്കാൻ പഠിക്കൽ (Learning to live together)

യുനെസ്കോ നിർദ്ദേശിച്ച വിദ്യാഭ്യാസ ലക്ഷ്യങ്ങളിൽ ഒന്ന്. രാജ്യത്തിനകത്തായാലും അന്തർദേശീയമായാലും ആളുകളുടെ കുടിയേറ്റവും പരസ്പരാശ്രിതത്വവും മുമ്പെന്നത്തേക്കാളും വർദ്ധിച്ചുകൊണ്ടിരിക്കുന്നു. അത് ഇനിയും വർദ്ധിക്കാനാണ് സാധ്യത. അതിനാൽ 'ഒന്നിച്ചുജീവിക്കാൻ പഠിക്കേണ്ടത്' വിദ്യാഭ്യാസത്തിന്റെ അടിസ്ഥാന ലക്ഷ്യമായിരിക്കുന്നു.

### ഓർമ്മ

പഠിച്ച വസ്തുതകളെയും ഉണ്ടായ അനുഭവങ്ങളേയും വിട്ടുകളയാതെ സംഭരിച്ചുസൂക്ഷിക്കുവാനുള്ള കഴിവിനെയാണ് മനഃശാസ്ത്രലോകത്ത് ഓർമ്മയെന്ന് പറയുന്നത്.

ചേർക്കാവുന്ന പദം : ഔപചാരിക പഠനം

## ക

### കുടിപ്പള്ളിക്കൂടങ്ങൾ

അതിപുരാതനകാലത്തെ വിദ്യാഭ്യാസ സ്ഥാപനം. വ്യവസ്ഥാപിത നിയമങ്ങൾ ഇല്ല, അഞ്ചുവയസ്സിൽ കുടിപ്പള്ളിക്കൂടങ്ങളിൽ പഠനം ആരംഭിക്കും. കണക്ക്, ഭാഷ, നീതിസാരം എന്നിവയാണ് പഠന വിഷയങ്ങൾ. കർക്കശമായ ശിക്ഷയും ശിക്ഷണരീതികളും ഈ സ്ഥാപനങ്ങളിൽ നിലനിന്നിരുന്നു.

### കൈത്താങ്ങ് നൽകൽ (Scafolding)

കുട്ടിക്ക് സ്വാശ്രയപഠനം സാധ്യമാകുന്നതുവരെ അധ്യാപകൻ സഹായം നൽകേണ്ടതുണ്ട്. കുട്ടിയുടെ Current ability level ൽ നിന്നും potential ability level ൽ എത്തുകയാണ് പഠനംകൊണ്ട് ലക്ഷ്യമിടുന്നത്. ഉയർന്ന നിലയിൽ എത്തിക്കുന്നതിന് അധ്യാപകൻ നൽകുന്ന സഹായത്തെയാണ് കൈത്താങ്ങ് നൽകൽ എന്ന് പറയുന്നത്. വൈഗോഡ്സ്കിയുടെ ആശയമാണിത് (ZPD t\m;pl)

### ക്രിയാഗവേഷണം (Action Research)

സ്റ്റീഫൻ കോറിയാണ് ഉപജ്ഞാതാവ്. അധ്യാപകർക്ക് അവരുടെ ദൈനംദിന പ്രവർത്തനങ്ങളിൽ അനുഭവപ്പെടുന്ന പ്രശ്നങ്ങളെ ശാസ്ത്രീയമായി വിശകലനം ചെയ്ത് അപാകതകൾ പരിഹരിക്കുന്ന തിനും തന്റെ തന്നെ അധ്യാപന സമ്പ്രദായങ്ങളെ സ്വയം വിലയിരുത്തി മെച്ചപ്പെടുത്തുന്നതിനും സഹായിക്കുന്ന ഗവേഷണ പദ്ധതി യാണിത്.

ഉൾപ്പെടുത്താവുന്ന മറ്റ് പദങ്ങൾ : കരിക്കുലം, കണ്ടെത്തൽ പഠനം, കോളേജ്, കളരി, ക്ലാസ്, കായിക വിദ്യാഭ്യാസം തുടങ്ങിയവ

## ഗ

### ഗതിരോധം (Stagnation)

ഒരുവർഷത്തെ പഠനം കൊണ്ട് സാമാന്യമായി ഒരു കുട്ടിക്ക് അടുത്ത ക്ലാസിലേക്ക് പ്രമോഷൻ ലഭിക്കേണ്ടതാണ്. പ്രമോഷൻ ലഭിക്കാതെ അതേ ക്ലാസിൽ തന്നെ വീണ്ടും പഠിക്കേണ്ടിവരുന്ന അവസ്ഥ, അതായത് തോൽവി

### ഗുരുകുൽ

വൈദികകാലത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഒന്ന്. ഉപനയനം എന്ന കർമ്മത്തോടെ മാതാപിതാക്കൾ കുട്ടിയെ ഗുരുവിനെ ഏൽപ്പിക്കുന്നു. ഗുരുവിന്റെ വീട്ടിൽ ഒരംഗത്തെപ്പോലെ താമസിച്ച് എല്ലാ വിദ്യകളും അഭ്യസിക്കുന്നു. 12 വർഷം വരെ നീണ്ടുപോവുന്ന രീതിയാണിത്. പഠനം പൂർത്തിയാവുമ്പോൾ സമാവർത്തനം എന്നൊരു ചടങ്ങുണ്ട്. ഗുരുവിന് ദക്ഷിണ നൽകി സ്വഗൃഹത്തിലേക്ക് പോവുന്ന തോടെ ഗുരുകുലപഠനം അവസാനിക്കുന്നു.

### ഗ്രേഡ്

കുട്ടിയുടെ പഠനനിലവാരം സൂചിപ്പിക്കാനുപയോഗിക്കുന്ന അടയാളം. ഇംഗ്ലീഷ് അക്ഷരമാലയിലാണ് ഗ്രേഡ് പൊതുവെ രേഖപ്പെടുത്തുക. അ ആ ഇ ഉ ഋ; അ+, അ, ആ+, ആ, ഇ+, ഇ, ഉ+, ഉ, ഋ, എന്നിങ്ങനെ 3 പോയിന്റ്, 5 പോയിന്റ്, 9 പോയിന്റ് ഗ്രേഡുകൾ നൽകാറുണ്ട്.

**ച**

### ചാക്രികാരോഹണരീതി

പഠനം രേഖീയമായ പ്രക്രിയ (Inner Process) യാണെന്നും ഒന്നിനുപിറകിൽ മറ്റൊന്ന് എന്ന ക്രമത്തിൽ മാത്രമേ പഠനം നടക്കുകയുള്ളൂവെന്നുമുള്ള വ്യവഹാര മനഃശാസ്ത്ര സിദ്ധാന്തങ്ങളെ നിരാകരിച്ചു കൊണ്ട് കടന്നുവന്ന പഠനരീതി.

ഈ രീതിയിൽ കുട്ടിക്ക് ആവശ്യാനുസരണം അവന്റെ തലത്തിൽ നിന്നുകൊണ്ട് ചലിക്കാനുള്ള സ്വാതന്ത്ര്യമുണ്ട്. ഒരേ ക്ലാസിലെ ഏത് വിഷയത്തിന്റെ ഏത് യൂണിറ്റും കുട്ടിക്ക് പഠനത്തിനായി തെരഞ്ഞെടുക്കാം.

### ചെയ്യാൻ പഠിക്കൽ
(Learning to Know)

യുനെസ്കോ മുന്നോട്ടുവെച്ച വിദ്യാഭ്യാസ ലക്ഷ്യങ്ങളിൽ ഒന്ന്. മുൻകൂട്ടി കാണാൻ കഴിയാത്ത പരിസ്ഥിതികളെ കൈകാര്യം ചെയ്യാനും സംഘമായി പ്രവർത്തിക്കാനും കുട്ടികളെ ഒരുക്കണം. ചെയ്തുപഠിക്കാനും അതിലൂടെ പ്രായോഗിക ജ്ഞാനം നേടാനും കുട്ടിയെ പ്രാപ്തരാക്കണം എന്നതാണ് ഇതുകൊണ്ട് ലക്ഷ്യമിടുന്നത്.

ഉൾപ്പെടുത്താവുന്ന മറ്റ് പദങ്ങൾ : ചിന്ത, ചിന്താധാര, ചിന്താ പ്രക്രിയ, ചേഷ്ടാവാദം, ചർച്ച, ചിഹ്നനം.

**ജ്ഞ**

### ജ്ഞാനനിർമ്മിതിവാദം
(Construcivism)

ആധുനിക കാലത്ത് ഏറെ ശ്രദ്ധിക്കപ്പെട്ട സിദ്ധാന്ത പഠനം എന്നത് ആന്തരികമായ മാനസിക പ്രക്രിയകളുടെ ഫലമാണ്. ആന്തരികമായ കഴിവുകൾ ഉപയോഗിച്ച് ചുറ്റുപാടിനെ മനസ്സിലാക്കാൻ നടത്തുന്ന ശ്രമത്തിന്റെ ഭാഗമായി ഓരോ വ്യക്തിയും തനിക്ക് ചുറ്റുമുള്ള വസ്തുക്കളുമായും സംഭവങ്ങളുമായും ബന്ധപ്പെട്ട മാനസിക നിർമ്മിതികൾ (Mental constructions) ഉല്പാദിപ്പിക്കുന്നു. ഇതാണ് പഠനമാവുന്നത്. പഠനമെന്നത് മാനസിക നിർമ്മിതികളുടെ രൂപീകരണമാണ്. കുട്ടികൾ അവരുടേതായ ആശയങ്ങളും സിദ്ധാന്തങ്ങളും നിർമ്മിക്കുകയും പരിഷ്കരിക്കുകയും ചെയ്തുകൊണ്ടേയിരിക്കും.

ഉൾപ്പെടുത്താവുന്ന മറ്റ് പദങ്ങൾ : ജനാധിപത്യ പഠനം (Democratic Learning) ജീവിതനൈപുണികൾ (Life skills) ജ്ഞാതൃബോധം, ജ്ഞാനം, ജ്ഞാനസ്നാനം

**ത**

### തൊഴിൽ വിദ്യാഭ്യാസം
(Vocational Education)

മാനുഷിക ഭൗതിക വിഭവങ്ങളുടെ ഫലപ്രദമായ വിനിയോഗത്തിന് ശാസ്ത്ര സാങ്കേതിക വിദ്യാഭ്യാസം അനിവാര്യമാകുന്നു. സ്കൂൾ തലം തൊട്ട് ശാസ്ത്ര സാങ്കേതിക, തൊഴിൽ പരിശീലനം കൂടി ലക്ഷ്യമിടുന്ന വിദ്യാഭ്യാസമാണ് തൊഴിൽ വിദ്യാഭ്യാസം.

വ്യക്തികളുടെ ഉദ്യോഗ നിയമന സാധ്യതകൾ വർദ്ധിപ്പിക്കുക, വിദഗ്ധ മനുഷ്യശേഷിയുടെ (Skilled man power) ആവശ്യവും ലഭ്യതയും (Demand & Supply) തമ്മിലുള്ള പൊരുത്തക്കേട് കുറയ്ക്കുക തുടങ്ങിയവയാണ് തൊഴിൽ വിദ്യാഭ്യാസത്തിലൂടെ ലക്ഷ്യമിടുന്നത്.

ഉൾപ്പെടുത്താവുന്ന മറ്റ് പദങ്ങൾ : തരംതിരിക്കൽ, താരതമ്യം, താരതമ്യ പഠനം, തുല്യത, തുറന്ന ചോദ്യങ്ങൾ (Opened questions), തുറന്ന സ്കൂൾ (Open school)

**പ**

### പഠനപ്രവർത്തനങ്ങൾ

പഠനം പ്രവർത്തനാധിഷ്ഠിതമാകുമ്പോഴേ അത് ഫലവത്താവുകയുള്ളൂ. വിവിധങ്ങളായ ഇന്ദ്രിയാനുഭവങ്ങൾക്കും മാനസികാനുഭവങ്ങൾക്കും അവസരം നൽകുന്ന വിധത്തിൽ പ്രവർത്തനങ്ങൾ കുട്ടികൾക്ക് രസകരവും ഹൃദ്യവുമായിത്തീരും. അത് കുട്ടികളെ പഠനത്തിലേക്ക് നയിക്കും. പഠനം ഒരു സജീവ മാനസിക പ്രക്രിയയാവും. പഠനത്തിനായി നൽകുന്ന ഇത്തരം പ്രവർത്തനങ്ങളാണ് പഠന പ്രവർത്തനങ്ങൾ. ഈ പ്രവർത്തനങ്ങൾ പഠനത്തിന്റെ കേന്ദ്രബിന്ദുവാണ്. കേവല കളികളോ, ശാരീരികാഭ്യാസങ്ങളോ അല്ല. എല്ലാ കുട്ടികൾക്കും പങ്കാളിത്തമുള്ളതും കുട്ടികളെ സജീവമാനസിക പ്രക്രിയയിലേക്ക് നയിക്കുന്നതും കുട്ടികളിൽ താല്പര്യമുണർത്തുന്നവയും ആവണം പഠനപ്രവർത്തനങ്ങൾ

### പരിഷത്ത്

ബ്രാഹ്മണിക് കാലഘട്ടത്തിൽ വ്യാകരണം, ന്യായം, ജ്യോതിഷം, സ്മൃതി തുടങ്ങിയ വിഷയങ്ങളിൽ ഉപരിവിദ്യാഭ്യാസം നൽകുന്ന സ്ഥാപനങ്ങൾ. പഠിതാക്കൾ ഒരുമിച്ചുകൂടി ചർച്ചകളിലൂടെയും സംവാദങ്ങളിലൂടെയും പഠനത്തിന്റെ ചക്രവാളം വികസ്വരമാക്കുന്നു. ഗുരുകുല വിദ്യാഭ്യാസത്തിനുശേഷം വിദ്യാഭ്യാസം തുടരാൻ ആഗ്രഹിക്കുന്നവർക്കുള്ള വേദികളാണ് പരിഷത്തുകൾ.

### പ്രകൃതിവാദം
(Naturalistic Approach)

ശാശ്വതയാഥാർത്ഥ്യമായിട്ടുള്ളത് പ്രകൃതിമാത്രം. പ്രകൃതിക്കപ്പുറത്തായി യാതൊന്നിനും നിലനിൽപ്പില്ല. ആത്മീയതയിലോ, അന്ധവിശ്വാസങ്ങളിലോ പ്രകൃതിവാദക്കാർ വിശ്വസിക്കുന്നില്ല. താത്വികമായ എല്ലാ പ്രശ്നങ്ങൾക്കും അന്തിമമായ ഉത്തരം നൽകുന്നത് പ്രകൃതി മാത്രം. പ്രകൃതിയിലേക്കിറങ്ങി വിദ്യാഭ്യാസം നേടാൻ പ്രകൃതിവാദം ആവശ്യപ്പെടുന്നു. റൂസ്സോ, പെസ്റ്റ, ലോസി, ബർണാഡ്ഷാ തുടങ്ങിയവരാണ് പ്രധാന പ്രകൃതിവാദികൾ.

### പ്രശ്നാധിഷ്ഠിത പഠനം

പൗലോഫ്രയർ നിർദ്ദേശിച്ച വിദ്യാഭ്യാസക്രമം. വിഷയത്തിന്റെ ഉള്ളടക്കം ഒരു പ്രശ്നമായി അധ്യാപകൻ കുട്ടിയുടെ മുന്നിൽ അവതരിപ്പിക്കണം. പ്രശ്നപരിഹാരത്തിനായുള്ള നിർദ്ദേശങ്ങൾ വിഷയം അപഗ്രഥിക്കുന്നതിന് പുതിയ വഴികൾ തുറന്നുതരും. ഓരോ വഴികളും സൂക്ഷ്മമായി വിമർശനത്തിനു വിധേയമാവുകയും കൃത്യമായ വഴി തെരഞ്ഞെടുക്കുകയും വേണം. ഇതിനായുള്ള പഠനസാഹചര്യങ്ങളാണ് വിദ്യാഭ്യാസത്തിൽ ഒരുക്കേണ്ടത്. സമൂഹത്തിലുള്ള പ്രശ്നങ്ങളെ ധീരമായി നേരിടാനും അതിൽ ഇടപെടാനുമുള്ള മനോഭാവം കുട്ടികളിൽ രൂപപ്പെടാൻ ഇത് സഹായിക്കും എന്ന പൗലോഫ്രയർ നിർദ്ദേശിക്കുന്നു.

### പ്രായോഗികതാവാദം
(Pragmatic Approach)

അമേരിക്കൻ വിദ്യാഭ്യാസ തത്വശാസ്ത്രം. പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുന്ന വിദ്യാഭ്യാസ സമ്പ്രദായം. 'പ്രവർത്തിച്ചു പഠിക്കുക' എന്നതാണ് പ്രധാന മുദ്രാവാക്യം. കുട്ടിയുടെ സാർവ്വത്രിക വികാസം ഈ ചിന്താപദ്ധതി മുന്നോട്ട് വെക്കുന്നു. കിൽ പാട്രിക്, ജോൺ ഡ്യൂയി തുടങ്ങിയവർ പ്രായോഗിക വാദികളാണ്.

ഉൾപ്പെടുത്താവുന്ന മറ്റ് പദങ്ങൾ : പട്ടികപ്പെടുത്തൽ, പഠനം, പഠനാനുഭവം, പഠനനിലവാരം, പഠനപ്രക്രിയ, പഠന

പ്രശ്നങ്ങൾ, പഠനബോധനരീതി, പഠന ശൈലി, പരസ്പരം ബന്ധം കണ്ടെത്തൽ, പരാവർത്തനം, പരിശോധന, പരിസര പഠനം, പരീക്ഷ, പരീക്ഷണം, പാഠ്യ പദ്ധതി, പാഠ്യപദ്ധതി ചട്ടക്കൂട്., പി.ടി.എ., പ്രക്രിയാ ബന്ധിത പഠനം, പ്രവചിക്കൽ, പ്രവർത്ത നാധിഷ്ഠിത പഠനം, പ്രോജക്ട്.

### ബ

**ബഹുമുഖബുദ്ധി**
(Multiple Intelligence)

മനുഷ്യന്റെ ബുദ്ധിക്ക് ബഹുമുഖ ങ്ങൾ ഉണ്ടെന്ന് റിച്ചാർഡ് ഗാർഡ്നർ അഭിപ്രായപ്പെടുന്നു. 9തരം ബുദ്ധികളെ ക്കുറിച്ചാണ് ഗോർഡ്നർ ശാസ്ത്രലോക ത്തോട് പറഞ്ഞത്.

1. ഭാഷാപരമായ ബുദ്ധി (Verbal/Linguistic intelligence)
2. യുക്തിചിന്താപരമായ ബുദ്ധി

**ബാങ്കിംഗ് എഡ്യുക്കേഷൻ**
(Banking Education)

പഠിതാക്കളുടെ സർഗ്ഗാത്മകത പഠന ത്തിൽ ഉപയോഗിക്കാതെ അധ്യാപകരുടെ വാക്കുകൾകൊണ്ട് കുട്ടികൾ നിറയ്ക്കപ്പെ ടുന്നു. വിദ്യാർത്ഥികളെ അധ്യാപകനാൽ നിറയ്ക്കപ്പെടേണ്ട ഭരണികളാക്കി മാറ്റുന്നു. നിക്ഷേപപ്രക്രിയയായിത്തീരുന്ന ഇത്തരം വിദ്യാഭ്യാസ പ്രക്രിയയാണ് ബാങ്കിംഗ് എഡ്യുക്കേഷൻ. പൗലോഫ്രയർ ആണ് ഈ നിർദ്ദേശം മുന്നോട്ട് വച്ചത്.

**ബുദ്ധി**

'ബുദ്ധി' എന്താണ് എന്നതിന് ഒട്ടേറെ നിർവചനങ്ങളുണ്ട്. പരക്കെ അംഗീകരിക്ക പ്പെട്ട നിർവചനം താഴെ പറയുന്നു. ബുദ്ധി എന്നത് യുക്തിപൂർവ്വം ചിന്തിക്കുന്നതിനും സോദ്ദേശപൂർവം പ്രവർത്തിക്കുന്നതിനും പരിതോവസ്ഥകളുമായി ഫലപ്രദമായി പൊരുത്തപ്പെടുന്നതിനുമുള്ള ഒരു വ്യക്തി യുടെ എല്ലാ വിധവുമായ കഴിവാണ് ബുദ്ധി.

**ബോധനോദ്ദേശ്യം**

പഠനം കൊണ്ട് വിദ്യാർത്ഥിയുടെ വിജ്ഞാനത്തിന്റേയും നൈപുണിയുടേയും വൈകാരിക ഘടകങ്ങളുടേയും മേഖല യിൽ അനുക്രമമായുണ്ടാകുന്ന പ്രധാന മാറ്റങ്ങൾ ആണ് ബോധനോദ്ദേശ്യങ്ങൾ.

**ബ്ലൂമിന്റെ ടാക്സോണമി**

1956 ൽ ബെഞ്ചമിൻ ബ്ലൂമിന്റെ നേതൃത്വത്തിൽ ഒരുസംഘം മനഃശാസ്ത്ര ജ്ഞർ പഠനപ്രവർത്തനങ്ങളുടെ മൂന്ന് മേഖലകൾ കണ്ടെത്തി. ബുദ്ധിപരം (,,,,,,,,,,,,,,,,) വികാരപരം (Affective) മനഃശാരീരികപരം (Psychomotor) എന്നിങ്ങനെ. ഇവയിലെ നൈപുണികളെ അറിവ് (Knowledge) വികാരങ്ങൾ (Emotions) കായിക ശേഷികൾ (Skills) എന്നിങ്ങനെ മൂന്ന് മേഖലകളായി തരം തിരിച്ചു. ഈ തലങ്ങളുടെ വികാസമാണ് ബ്ലൂം വിദ്യാഭ്യാസത്തിലൂടെ ലക്ഷ്യമിട്ടത്.

ബ്ലൂം തന്നെ പാഠ്യപദ്ധതിയിൽ ബുദ്ധിമേഖലയ്ക്ക് (,,,,,,,,,,,,,,,,,,,,,,,) ആണ് പ്രാധാന്യം നൽകിയത്.

ഉൾപ്പെടുത്താവുന്ന മറ്റ് പദങ്ങൾ : ബലപ്പെടുത്തൽ (Reinforcement), ബുദ്ധിമാനം

### ഭ

**ഭിന്നതലപ്രവർത്തനങ്ങൾ**

കുട്ടികളുടെ അറിവിന്റെ മേഖല വ്യത്യസ്തമാണ്. അതുകൊണ്ടുതന്നെ പഠന വേഗതയും (Learning pace) പഠന രീതിയും (Learning Style) വ്യത്യസ്ത മാണ്. കുട്ടികൾ ഭിന്ന നിലവാരക്കാരാ യിരിക്കും. ഈ പ്രശ്നം പരിഹരിക്കുന്ന തിനും എല്ലാ കുട്ടികളുടേയും പഠനാവ ശ്യങ്ങൾ തൃപ്തിപ്പെടുത്തുന്നതിനും വേണ്ടി ആസൂത്രണം ചെയ്യുന്ന പ്രവർത്ത നങ്ങൾ. ഒരു പ്രവർത്തനത്തിൽ തന്നെ ഭിന്നതലങ്ങളാവാം. ഒരേ പഠനോദ്ദേശ്യ ത്തിനായി വിവിധ നിലവാരത്തിലുള്ള പഠനപ്രവർത്തനങ്ങളോ ആവാം.

ഉൾപ്പെടുത്താവുന്ന മറ്റ് പദം : ഭാഷ

### മ

**മനശ്ശാസ്ത്രം**

മനുഷ്യ വ്യവഹാരങ്ങളെ അതി സൂക്ഷ്മമായി നിരീക്ഷിച്ച് അതിനെ വ്യാഖ്യാനിക്കുകയും വിശദീകരിക്കുകയും ചെയ്യുന്ന വിജ്ഞാനശാസ്ത്രശാഖ. നോർമൽ സൈക്കോളജി, മനുഷ്യ മനശ്ശാസ്ത്രം, താരതമ്യമനശ്ശാസ്ത്രം, ശാരീരിക മനശ്ശാസ്ത്രം എന്നിങ്ങനെ വിവിധ മനശ്ശാസ്ത്ര ശാഖകൾ ഉണ്ട്.

**മറവി**

മുൻകാല അനുഭവങ്ങളേയും പഠന ങ്ങളേയും വീണ്ടും ബോധമണ്ഡലത്തി ലേക്ക് കൊണ്ടുവരാനുള്ള ശ്രമങ്ങളിലുണ്ടാ കുന്ന പരാജയം.

**മൂല്യനിർണയം** (Evaluation)

ബോധനോദ്ദേശ്യങ്ങളെ ആധാര മാക്കി യുള്ള പരിശോധനയാണ് മൂല്യനിർണയം.

ഉൾപ്പെടുത്താവുന്ന മറ്റ് പദം : മനസ്സ്

### യ

**യഥാതഥവാദം** (Realism)

വിദ്യാഭ്യാസത്തിന്റെ കാതലായ ലക്ഷ്യം ശാസ്ത്രവും, ശാസ്ത്രീയ വീക്ഷ ണവും വികസിപ്പിക്കുകയെന്നുള്ളതാണ്. പാഠ്യവിഷയങ്ങൾ യുക്തിപൂർവ്വം സംവി ധാനം ചെയ്യണം. വസ്തുക്കൾ നേരിട്ട് കണ്ടുകൊണ്ടുള്ള പഠനമാണ് വേണ്ടത്. 'വാക്കുകൾക്ക് മുമ്പ് വസ്തുക്കൾ' എന്ന മുദ്രാവാക്യം വിദ്യാഭ്യാസരംഗത്ത് ആദ്യം മുഴക്കിയത് യഥാതഥവാദികൾ.

ഉൾപ്പെടുത്താവുന്ന മറ്റ് പദങ്ങൾ : യുക്തിചിന്ത, യൂണിറ്റ് ടെസ്റ്റ്

### വ

**വിമർശനാത്മകപഠനം**

പൗലോഫ്രയർ അവതരിപ്പിച്ച വിദ്യാ ഭ്യാസ കാഴ്ചപ്പാട്. യാഥാർഥ്യത്തെ വിമർ ശനാത്മകമായി കണാനും അംഗീകരി ക്കാനും പഠിതാവിനെ പ്രപ്തനാക്കുന്ന വിദ്യാഭ്യാസരീതി. മാനവവിമോചനത്തി നുള്ള ഏറ്റവും ഫലപ്രദമായ ആയുധമാണ് വിമർശനാത്മക പഠനം. വിമോചനത്തി നുള്ള വിദ്യാഭ്യാസം സംവാദാത്മകമാ വണം. സംവാദം ശത്രുതാപരമായ ഒരു കീഴ്പ്പെടുത്തൽ പ്രക്രിയയല്ല, മറിച്ച് അന്വേ ഷണാത്മകവും സൃഷ്ടിപരവുമാണ്. സ്നേഹം, താഴ്മ, പരസ്പരവിശ്വാസം എന്നിവ സംവാദത്തിലൂടെ പോഷിക്കപ്പെ ടണം. പുതിയ സമൂഹം ഉടലെടുക്കുമ്പോൾ വിമർശനമനോഭാവം രൂപീകരിക്കാൻ നയിക്കുന്ന വിമർശന വിദ്യാഭ്യാസം നൽകണം.

**വ്യവഹാരമനശ്ശാസ്ത്രം**

മനുഷ്യന്റെ എല്ലാ വ്യവഹാരങ്ങളും (Behaviour) ചോദകപ്രതികരണങ്ങളാണ് (Stimulus-Response) എന്ന തത്വത്തി ലധിഷ്ഠിതമായ സിദ്ധാന്തം. ഉത്തേജന ത്തിന്റെ പ്രതികരണമെന്ന നിലയിൽ വ്യക്തിയിൽ നിന്ന് വ്യവഹാരം ഉണ്ടാകുന്നു. വ്യവഹാരത്തെ വർത്തനം എന്നും പറയാം. ജെ.ബി.വാട്സൺ ആണ് ഈ സിദ്ധാന്തം ആവിഷ്കരിച്ചത്.

ഉൾപ്പെടുത്താവുന്ന മറ്റ് പദങ്ങൾ : ശരീരഭാഷ, ശരീരശാസ്ത്രം, ശിശു കേന്ദ്രീ കൃതപഠനം, ശേഷി, ശോധകം. ശൃംഖലനം

### സ

**സ്പഷ്ടീകരണം**

ഒരു ബോധനോദ്ദേശ്യം നേടുന്ന തിന്റെ ഫലമായി കുട്ടിയിൽ ഉണ്ടാകു ന്നതും ആർക്കും നിരീക്ഷിക്കാവുന്നതും ബോധനോദ്ദേശത്തിന്റെ തെളിവായി ചൂണ്ടിക്കാണിക്കാവുന്നതും സ്പഷ്ടവു മായ വ്യവഹാരപരിവർത്തനങ്ങളാണ് സ്പഷ്ടീകരണങ്ങൾ (Specifications)

### സമസംഘം

വിദ്യാഭ്യാസരംഗത്തെ അനൗപചാരിക ഏജൻസികളിൽ ഒന്ന്. സമപ്രായത്തിലുള്ള കുട്ടികളുടെ സംഘമാണ് സമസംഘം. കുട്ടികളുടെ കളിസംഘം (Play group) തന്നെയാണിത്. സംഘം ചേർന്ന് പ്രവർത്തിക്കുമ്പോൾ വിദ്യാഭ്യാസം കൊണ്ട് ലഭിക്കേണ്ട പല ഗുണങ്ങളും കുട്ടികൾക്ക് ലഭിക്കും. സംഘബോധം, നേതൃത്വഗുണം, സമൂഹത്തിലിടപെടേണ്ടതെങ്ങനെ തുടങ്ങി പലതും.

### സമീപസ്ഥവികസനമണ്ഡലം
(Zone of proximal development)

വൈഗോട്സ്കിയുടെ സുപ്രധാന ആശയമാണിത്. ഓരോരുത്തർക്കും നിലവിലുള്ള കഴിവുപയോഗിച്ച് സ്വപ്രയത്നത്താൽ എത്തിച്ചേരാവുന്ന ഒരു നിലയും (Current ability level) മറ്റുള്ളവരുടെ സഹായത്തോടെ എത്തിച്ചേരാവുന്ന ഒരു ഉയർന്ന നിലയും (Potential ability level) ഈ രണ്ടുനിലകളുടേയും ഇടയിലുള്ള മണ്ഡലത്തെയാണ് സമീപസ്ഥ വികസന മണ്ഡലം എന്നതുകൊണ്ട് വിവക്ഷിക്കുന്നത്. ഓരോ കുട്ടിയേയും അവർക്ക് എത്തി ചേരാവുന്ന ഉയർന്ന നിലയിൽ എത്തിക്കുക യാണ് അധ്യാപകർ ചെയ്യേണ്ടത്.

### സാമൂഹ്യജ്ഞാനനിർമ്മിതിവാദം
(Social constructioism)

വൈഗോഡ്സ്കിയുടെ പഠന സിദ്ധാന്തം. ജ്ഞാനനിർമ്മിതിവാദത്തിന്റെ പിരിവുകളിലൊന്ന്. പ്രധാന സവിശേഷതകൾ പഠനവും കൂട്ടായ്മയും സാമൂഹ്യ കൂട്ടായ്മയിൽ അധിഷ്ഠിതമാണ്.

പാഠ്യപദ്ധതി പഠനപ്രവർത്തനം എന്നിവയിൽ സഹപാഠികളുടേയും മുതിർന്നവരുടേയും സഹായത്തോടെ ജ്ഞാനത്തിന്റെ സമീപസ്ഥ മേഖലയിലേക്ക് കുട്ടിയെ സഹായിക്കുന്ന പദ്ധതി ഉൾപ്പെടുന്നു.

അർത്ഥപൂർണമായ സന്ദർഭങ്ങളിലാണ് സ്കൂൾ വിദ്യാഭ്യാസം തുടങ്ങേണ്ടത്. സ്കൂൾ ബാഹ്യപ്രവർത്തനങ്ങളെ സ്കൂൾ പ്രവർത്തനങ്ങളുമായി ബന്ധിപ്പി ക്കണം.

### സ്വത്വം തിരിച്ചറിയൽ
(Learning to be)

വർദ്ധിച്ച സ്വാതന്ത്ര്യവും നിർണയ ശേഷിയും ഭാവിസമൂഹത്തിൽ ആവശ്യമാണ്. അതിനാകട്ടെ കുട്ടികളിൽ അന്തർലീനമായ സർഗശേഷികളെ മുഴുവൻ കണ്ടെത്തി വികസിപ്പിക്കണം. സ്വയം തിരിച്ചറിയാനും വിശകലനശേഷി, ഭാവന, കായികശേഷി, സൗന്ദര്യ ബോധം, ഓർമ്മ ശക്തി, ആശയവിനിമയശേഷി വളർത്താനും കഴിയണം. ഇതാണ് വിദ്യാഭ്യാസത്തിന്റെ 4-ാമത്തെ സ്തൂപമാകണമെന്ന് നിർദ്ദേശിച്ച സ്വത്വം തിരിച്ചറിയൽ എന്നതു കൊണ്ട് ഉദ്ദേശിക്കുന്നത്.

ഉൾപ്പെടുത്താവുന്ന മറ്റ് പദങ്ങൾ : സഹകരണാത്മകപഠനം, സഹവർത്തിത പഠനം, സാക്ഷരത, സാമൂഹ്യനൈപുണി, സെമിനാർ, സംവാദം, സ്വയം പഠനം

**അവലംബം**


*1. അധ്യാപക സഹായി 1 മുതൽ 7 വരെ - കേരള വിദ്യാഭ്യാസ വകുപ്പ് -2004*

*2. ഉദ്ദേശ്യാധിഷ്ഠിത ബോധനം - ഡോ. കെ.സോമൻ - കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് 1982*

*3. വിദ്യാഭ്യസ പരിവർത്തനത്തിന് ഒരാമുഖം-ഒരുസംഘം ലേഖകർ-കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് 2002 ജനുവരി*

*4. പ്രൈമറി പാഠ്യപദ്ധതിയുടെ സൈദ്ധാന്തികവശങ്ങൾ - ഡി.പി.ഇ.പി. കേരളം*

*5. Pedagogical Theory - Nair & Koshy*

*6. ഗണിതശാസ്ത്രബോധനം - ഡോ. കെ.സോമൻ - കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് 1992*

*7. ശിശുമനഃശാസ്ത്രവും ശിശുവികസനവും - 2 ഭാഗങ്ങൾ - ഡോ. ശങ്കരൻ നായർ - കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് 1994*



BOOKS & STATIONERIES

NCERT/CBSE BOOKS,
GUIDES, REFERENCE BOOKS
PRACTICAL BOOKS etc....
FOR CLASS I TO XII

The Malabar Printers

Main Road, Payyanur, Phone: 202479

### എ. വി. സ്മാരക ഗവ. ഹയർ സെക്കന്ററി സ്കൂൾ
### സുവർണജൂബിലി വർഷം 2007 – 08

# പ്രവർത്തനരേഖ

## ആമുഖം

മഹാനായ എ.വി.യുടെ സുകൃതസ്മരണകളുടെ,
പാരമ്പര്യ സ്മൃതികളും മനുഷ്യമുന്നേറ്റങ്ങളും ഇതിഹാസം രചിച്ച
ഈ കരിവെള്ളൂരിന്റെ കർമ്മഭൂമിയിൽ സ്ഥിതി ചെയ്യുന്ന
കരിവെള്ളൂർ എ.വി.സ്മാരക ഗവ. ഹയർ സെക്കന്ററി സ്കൂളിന്റെ
സുവർണജൂബിലി വർഷം
ഒരു കാലഘട്ടത്തിന്റെ പകർന്നാട്ടം തന്നെയായിരുന്നു.
സുവർണജൂബിലി വർഷം ! കർമനിരതമായ ഒരു വർഷം!
ബഹുജനങ്ങളുടെയും, വിദ്യാർത്ഥികളുടെയും, പൂർവ്വ വിദ്യാർത്ഥികളുടെയും,
അധ്യാപകരുടെയും, പൂർവ്വാധ്യാപകരുടെയും,
മുഴുവൻ നാട്ടുകാരുടെയും സഹകരണത്താൽ
വൈവിധ്യവും ശ്രദ്ധേയവും ചലനാത്മകവുമായ പരിപാടികളുടെ
ഒരു വസന്തകാലം.
സമഗ്രം ! ഉജ്ജ്വലം ! ഉദാത്തം !
.........സുവർണനിമിഷങ്ങൾ.........

# .....സുവർണ്ണജൂബിലിയിലൂടെ.....

## സംഘാടകസമിതി രൂപീകരണം

**2007 നവം : 4**

ഒരുവട്ടംകൂടി ഓർമ്മകളുടെ, നിഷ്കളങ്കതയുടെ തിരുമുറ്റത്ത് സംഘാടകസമതി രൂപീകരണത്തിനായി ആയിരത്തോളം പൂർവ്വവിദ്യാർത്ഥികളും നാട്ടുകാരും അണിനിരന്നപ്പോൾ മാതൃവിദ്യാലയത്തോടുള്ള ആത്മബന്ധം വിളിച്ചറിയിക്കുകയായിരുന്നു അത്.

ആയിരത്തോളം പൂർവ്വവിദ്യാർത്ഥികളും നാട്ടുകാരും പങ്കെടുത്തു.

351 അംഗ എക്സിക്യൂട്ടീവ് കമ്മിറ്റിയും, 75 അംഗ സ്റ്റിയറിംഗ് കമ്മിറ്റിയും, 14 സബ് കമ്മിറ്റികളും തിരഞ്ഞെടുക്കപ്പെട്ടു.

സർവ്വശ്രീ പി.കരുണാകരൻ എം.പി., കെ.കുഞ്ഞിരാമൻ എം.എൽ.എ., കെ.കെ.നാരായണൻ (ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട്), ഇ.പി.കരുണാകരൻ (ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട്), കെ.ടി.എൻ.സുകുമാരൻ നമ്പ്യാർ (സ്ഥാപക ഹെഡ്മാസ്റ്റർ), ടി.ഗോവിന്ദൻ (മുൻ എം.പി.) ഉൾപ്പടെ 11 പേരെ രക്ഷാധികാരികളായും തിരെഞ്ഞെടുത്തു.

ശ്രീ.കെനാരായണൻ ചെയർമാനും, സ്കൂൾ പ്രിൻസിപ്പൽ ശ്രീ.കെ.ടി.എൻ.ഭാസ്കരൻ ജനറൽ കൺവീനറും, ഹെഡ്മാസ്റ്റർ ശ്രീ.ടി.വി.ദാമോദരൻ അഡീ. ജനറൽ കൺവീനറുമായി സംഘാടകസമതി രൂപീകരിച്ചു. ഇപ്പോഴത്തെ ഹെഡ്മാസ്റ്റർ ശ്രീ.കെ.കെ. രാജൻ അഡീ. ജനറൽ കൺവീനറായും ശ്രീ.എൻ.വി. നാരായണൻ, ശ്രീ.വി.കെ.രമേശൻ, ശ്രീമതി എൻ.ജാനകി എന്നിവർ കൺവീനർമാരായും പ്രവർത്തിച്ചുവരുന്നു.

ട്രഷറർ : എം.വി.രാധാകൃഷ്ണൻ

## പൂർവ്വവിദ്യാർത്ഥി സംഘടനാരൂപീകരണം

**2007 ഡിസംബർ 9**

| | |
|---|---|
| പ്രസിഡണ്ട് | അഡ്വ. കെ.വിജയകുമാർ |
| വൈസ്പ്രസിഡണ്ട് | എം.വി.ഗോപാലകൃഷ്ണൻ |
| വൈസ്പ്രസിഡണ്ട് | അഡ്വ.കെ.കെ.നായർ |
| വൈസ്പ്രസിഡണ്ട് | ടി.കെ.രാഘവൻ |
| വൈസ്പ്രസിഡണ്ട് | പി.രാമചന്ദ്രൻ മാസ്റ്റർ |
| വൈസ്പ്രസിഡണ്ട് | പി.പി.കുമാരൻ മാസ്റ്റർ |
| സിക്രട്ടറി | പി.വി.കുഞ്ഞിക്കണ്ണൻ |
| ജോ. സെക്രട്ടറി | പി.വി.നാരായണൻ മാസ്റ്റർ |

# ഉദ്ഘാടനസമ്മേളനം

**2007 ഡിസംബർ 27 ഉച്ചയ്ക്ക് 2.30**

ഉദ്ഘാടന സമ്മേളനത്തിനു മുന്നോടിയായി ആയിരക്കണക്കിന് ജനങ്ങൾ അണിനിരന്ന മഹാഘോഷയാത്ര നടന്നു.

നിശ്ചലദൃശ്യങ്ങൾ, പാട്ടുകൂട്ടങ്ങൾ, ബാന്റുമേളം, ചെണ്ടതായമ്പക, പൂരക്കളി, കോൽക്കളി തുടങ്ങി വൈവിധ്യമാർന്ന സാംസ്കാരിക സംരംഭമായിത്തീർന്നു ഘോഷയാത്ര.

സമ്മേളനം ഉദ്ഘാടനം നിർവ്വഹിച്ചത്
ബഹു. കേരള നിയസഭാ സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണൻ
അധ്യക്ഷൻ ശ്രീ.കെ.കുഞ്ഞിരാമൻ, എം.എൽ.എ
തുടർന്ന് നാടൻ കലാസന്ധ്യ അരങ്ങേറി

സമീപകാലത്ത് കരിവെള്ളൂരിൽ നടന്ന ഏറ്റവും വർണ്ണപ്പകിട്ടാർന്ന പരിപാടിയായിരുന്നു ഉദ്ഘാടനസമ്മേളനം.

## കുട്ടികളുടെ ചലച്ചിത്രോത്സവം

**2008 ജനുവരി 30, 31, ഫെബ്രുവരി 1**

ദേശീയ അവാർഡ് ജേതാവും ഏകാന്തത്തിന്റെ സംവിധായക നുമായ ശ്രീ.മധു കൈതപ്രം ഉദ്ഘാടനം നിർവ്വഹിച്ചു. ലോകശ്രദ്ധ പിടിച്ചുപറ്റിയ കളർ ഓഫ് പാരഡൈസ്, ചിൽഡ്രൺ ഓഫ് ഹെവൺ തുടങ്ങിയ 12 ഓളം ചിത്രങ്ങൾ പ്രദർശിപ്പിച്ചു.

## ജനകീയ പാർലമെന്റ്

**2008 ഫെബ്രുവരി 27**

സ്പീക്കറായി അഡ്വ. കെ.വിജയകുമാർ, പ്രധാനമന്ത്രിയായി കെ.നാരായണൻ (ബഹു. പഞ്ചായത്ത് പ്രസിഡണ്ട്) എന്നിവരും വിവിധ വകുപ്പുകളിലെ മന്ത്രിമാരായി നിരവധി പ്രഗത്ഭമതികളും പരിപാടിക്ക് നേതൃത്വം കൊടുത്തു.

## സ്ഥാപകദിനം : 50-ാം വാർഷിക ദിനം

**2008 ജൂൺ 23**

സ്റ്റാഫ് സെക്രട്ടറി ശ്രീ.എൻ.വി.നാരായണൻ മാസ്റ്റർ സ്കൂളിന്റെ നിറപ്പകിട്ടാർന്ന 50 വർഷങ്ങളുടെ ഓർമ്മകളെ വിദ്യാർത്ഥികളുടെ മുന്നിൽ അവതരിപ്പിച്ചു. പ്രിൻസിപ്പൽ ശ്രീ.കെ.ടി.എൻ.ഭാസ്കരൻ, ഹെഡ്മാസ്റ്റർ ശ്രീ.കെ.കെ.രാജൻ എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി.

ഉച്ചയ്ക്ക് 12.30ന് എല്ലാ കുട്ടികൾക്കും പായസം നൽകി.

## മൾട്ടിമീഡിയ മേഖലാതല ഒളിമ്പിക്സ് ക്വിസ്സ്

**ആഗസ്ത് 29**

സ്കൂൾ കായികവേദിയുടെ ആഭിമുഖ്യത്തിൽ രാവിലെ 10 മണിക്ക് സ്കൂൾ ഹാളിൽ ഒളിമ്പിക്സ് ക്വിസ്സ് സംഘടിപ്പിച്ചു.

കണ്ണൂർ-കാസർഗോഡ് ജില്ലകളിലെ 10, 11, 12 ക്ലാസുകളിലെ ഒരുസ്കൂളിൽ നിന്ന് രണ്ട് വിദ്യാർത്ഥികളുടെ ഒരു ടീമിനെ പങ്കെടുപ്പിച്ചുകൊണ്ടുള്ള പരിപാടി ഉജ്ജ്വലമായിരുന്നു.

ഒളിമ്പിക്സ് പതിപ്പ് പ്രകാശനകർമവും നടന്നു.

കണ്ണൂർ സർവ്വകലാശാല സ്പോർട്സ്-സയൻസ് വിഭാഗം ലീഡർ ഡോ. സുരേഷ്കുട്ടി, ലക്ചറർ അനൂപ് എന്നിവരാണ് ക്വിസ്സ് പരിപാടിക്ക് നേതൃത്വം നൽകിയത്.

## ഉത്തരമേഖലാ രചനാ മത്സരം

**ഒക്ടോബർ 29**

സുവർണജൂബിലി ഉത്തരമേഖലാ രചനാ മത്സരം, കണ്ണൂർ- കാസർഗോഡ് മേഖലാതല ജലച്ചായം, ഉപന്യാസം, കഥ, കവിത, ചിത്രരചന, കാർട്ടൂൺ എന്നീ വിഭാഗങ്ങളിലായി 16 വിദ്യാലയങ്ങളിലെ ഹൈസ്കൂൾ, ഹയർ സെക്കന്ററി വിഭാഗം കുട്ടികൾ മത്സരങ്ങളിൽ പങ്കെടുത്തു. മത്സരത്തിൽ ഒന്നും രണ്ടും സ്ഥാനം നേടിയ വിദ്യാർ ത്ഥികളെ ക്യാഷ് പ്രൈസും മെമന്റോയും നൽകി അനുമോദിച്ചു.

## പഞ്ചായത്ത്തല കായികമേള

**നവമ്പർ 13, 14**

പഞ്ചായത്തിലെ 11 വിദ്യാലയങ്ങളേയും പൂർവ്വവിദ്യാർത്ഥി കളേയും പങ്കെടുപ്പിച്ചുകൊണ്ടുള്ള ദ്വിദിന കായികമേള.

ഉദ്ഘാടനം ശ്രീ.പ്രവീൺ തപ്ലിയാർ, അധ്യക്ഷൻ ശ്രീ.പി.ഗോവിന്ദൻ മാസ്റ്റർ, സമ്മാനദാനം ശ്രീ.കെ.നാരായണൻ.

ക്രോസ് കൺട്രി മത്സരത്തിൽ 30 ഓളം കായികതാരങ്ങൾ പങ്കെടുത്തു.

ശിവപാലതാളത്തിൽ ഹരിമോഹനൻ മാസ്റ്ററുടെ നേതൃത്വത്തിൽ നടത്തിയ പാട്ടിയമ്മ എ.യു.പി.സ്കൂൾ കുട്ടികളുടെ ഡിസ്പ്ലേ ആകർഷകമായി. രണ്ട് ദിവസങ്ങളിലായി സ്കൂൾ ഗ്രൗണ്ടിൽ നടന്ന കായികമേള കായികപ്രേമികൾക്ക് പുത്തനുണർവ് പകർന്നു.

## പൂർവ്വഅധ്യാപക പൂർവ്വവിദ്യാർത്ഥി സംഗമം

**നവമ്പർ 16**

ഉദ്ഘാടന സമ്മേളനം

ഉദ്ഘാടനം ശ്രീ.പി.കരുണാകരൻ എം.പി., അധ്യക്ഷൻ ഇ.പി.കരുണാകരൻ (ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട്)

സമാപന സമ്മേളനം ഉദ്ഘാടനം ബഹു. സ്പോർട്സ്

യുവജനക്ഷേമവകുപ്പ് മന്ത്രി ശ്രീ.എം.വിജയകുമാർ., അധ്യക്ഷത ശ്രീ.കെ.കുഞ്ഞിരാമൻ എം.എൽ.എ., മുഖ്യപ്രഭാഷണം പ്രശസ്ത കവി ശ്രീ.ഏഴാച്ചേരി രാമചന്ദ്രൻ.

പൂർവ്വവിദ്യാർത്ഥി കലാസന്ധ്യ, ഗാനമേള, ഭരതനാട്യം, കുച്ചുപ്പുടി, കേരളനടനം, തിരുവാതിര, മോണോആക്ട് തുടങ്ങിയ പരിപാടികൾ ഈ നാടിന്റെ കലാപാരമ്പര്യം വിളിച്ചോതുന്നതായിരുന്നു.

## ഏകദിന നാഷണൽ സെമിനാർ

നവംബർ 22

ഏകദിന ദേശീയ സെമിനാർ രാവിലെ 9.30 മുതൽ 4. 30 വരെ.

ദേശീയ ദിനപത്രമായ ഹിന്ദു സെമിനാറിനെ വിശേഷിപ്പിച്ചത് ഇപ്രകാരമായിരുന്നു.

"A.V. Samaraka Govt Higher Secondary School at Karivellur here is all set to be the first school in the region to hold a National Seminar, an evevnt that is expected to give students and teachers of the school and exposure to the latest developments in the areas of health, space, agriculture and Fascinating Chemistry"

കേരള വിദ്യാഭ്യാസ ചരിത്രത്തിൽ ഒരു സ്കൂൾ നടത്തിയ ആദ്യത്തെ ദേശീയ സെമിനാർ.

Vision 2020 and beyond, ഡോ.പി.പുഷ്പാംഗദൻ സെമിനാർ അവതരിപ്പിച്ചു.

The Indian Space Odyssey, ശ്രീ. വി.പി.ബാലഗംഗാധരൻ (വി.എസ്.എസ്.സി., തിരുവനന്തപുരം) ക്ലാസെടുത്തു.

Polymers and ceramics in space technology, Dr. P.V.Prabhakaran (V.S.S.C., TVM) ക്ലാസെടുത്തു.

Bio Fertilizers in Crop production, സെമിനാർ അവതരിപ്പിച്ചത് ഡോ.എം.ഗോവിന്ദൻ (പ്രൊഫ. പടന്നക്കാട് കാർഷിക കോളേജ്)

Fascinating Chemistry experiments സെമിനാർ അവതരിപ്പിച്ചത് പയ്യന്നൂർ കോളേജിലെ മുൻ രസതന്ത്രവിഭാഗം തലവനും പ്രൊഫസറുമായ ശ്രീ.കെ.ടി.കുഞ്ഞികൃഷ്ണൻ നമ്പ്യാർ ആയിരുന്നു.

Diabetes - The Price of civilization, Dr. K.Sudeep (പരിയാരം മെഡിക്കൽ കോളേജ്) പ്രബന്ധം അവതരിപ്പിച്ചു.

ഈ പരിപാടിക്ക് നേതൃത്വം നൽകിയ കെ.ടി.കുഞ്ഞികൃഷ്ണൻ നമ്പ്യാർക്ക് പ്രത്യേകം നന്ദി.

## "ഗോൾഡൻജൂബെക്സ്" - അഖിലേന്ത്യാ വിദ്യാഭ്യാസ പ്രദർശനം

**2008 ഡിസംബർ 31 മുതൽ 2009 ജനുവരി 3 വരെ.**

പതിനായിരത്തോളം പേർ പങ്കെടുത്ത മഹാപ്രദർശനം.

ഉദ്ഘാടനം വി.ശാന്താറാം ഐ.പി.എസ്. (ഉത്തരമേഖലാ ഐ.ജി)

**പ്രദർശന നഗരിയെ സമ്പുഷ്ടമാക്കിയ സ്ഥാപനങ്ങൾ**

ഐ.എസ്.ആർ.ഒ., സി.ആർ.പി.എഫ്. പെരിങ്ങോം, ബി.എസ്.എൻ.എൽ., കെൽട്രോൺ, പരിയാരം മെഡിക്കൽ കോളേജ്, പടന്നക്കാട് അഗ്രിക്കൾച്ചർ കോളേജ്, പയ്യന്നൂർ കോളേജ് സുവോളജി വിഭാഗം, ഡോ.ടി.പവിത്രന്റെ ചരിത്ര മ്യൂസിയം, ഗവ. കോളേജ് കാസർഗോഡ് ജിയോളജി വിഭാഗം, നിർമല ഐ.ടി.സി. പരിയാരം, യൂനിവേഴ്സൽ ഐ.ടി.സി. പയ്യന്നൂർ, ഫോട്ടോഗ്രാഫേഴ്സ് അസോസിയേഷൻ, അശോകൻ കാലിക്കടവിന്റെ ഗണിതവിസ്മയം, വിദ്യാമന്ദിർ കമ്പ്യൂട്ടർ എഡ്യുക്കേഷൻ പയ്യന്നൂർ, പൂർവ്വവിദ്യാർത്ഥി അനീഷും കൂട്ടുകാരും ഒരുക്കിയ ഇലക്ട്രോണിക് സ്റ്റാൾ, കരിവെള്ളൂർ പഞ്ചായത്തിലെ സ്കൂളുകൾ, ജയറാം മാസ്റ്ററുടെ ആർട്ട് മ്യൂസിയം, എ.വി.എസ്.ജി.എച്ച്.എസ്.എസ്.ലെ വിദ്യാർത്ഥികളുടെ സ്റ്റാളുകൾ. അഞ്ച് ദിനരാത്രങ്ങൾ അറിവിന്റെ വിഹായസ്സിലേക്ക് നയിച്ച വിജ്ഞാനകുതുകികൾക്ക് ആവേശം പകർന്ന ഒരു സംരംഭമായിരുന്നു വിദ്യാഭ്യാസ പ്രദർശനം.

## സമാപനസമ്മേളനം

**2009 ജനുവരി 5**

കഴിഞ്ഞ ഒരുവർഷക്കാലമായി നടന്നുവരുന്ന സുവർണജൂബിലിയുടെ പരിസമാപ്തികുറിച്ചുകൊണ്ട് നടന്ന സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യാൻ സമാരാധ്യനായ ജനനായകൻ ബഹു. കേരള മുഖ്യമന്ത്രി ശ്രീ.വി.എസ്.അച്യുതാനന്ദൻ അവർകളെ നമുക്ക് ലഭിച്ച മഹാഭാഗ്യത്തിൽ നമുക്കേവർക്കും അഭിമാനിക്കാം.

കഴിഞ്ഞ അഞ്ചുദശകങ്ങളായി കരിവെള്ളൂരിലും പരിസര ഗ്രാമങ്ങളിലും പരസഹസ്രം വിദ്യാർത്ഥികളെ വിജ്ഞാനത്തിന്റെ പ്രകാശപഥങ്ങളിലേക്ക് കൈപിടിച്ചുയർത്തിക്കൊണ്ടിരിക്കുന്ന ഈ മഹത് സ്ഥാപനത്തിന്റെ യശസ്സിന് ഉതകുംവിധം സുവർണ ജൂബിലി ആഘോഷത്തെ മാറ്റാൻ കഴിഞ്ഞു എന്നതിൽ നമുക്ക് അഭിമാനിക്കാം. സുവർണജൂബിലി സ്മരണ നിലനിർത്തുവാൻ ഒരു "സ്കൂൾ ഓഡിറ്റോറിയം" നിർമ്മിക്കുക എന്ന ലക്ഷ്യം ഏറെ വൈകാതെ സഫലീകരിക്കപ്പെടും. ആഘോഷപരിപാടികളുടേയും ഓഡിറ്റോറിയം നിർമ്മാണത്തിന്റേയും വിജയത്തിനായി 12 ലക്ഷത്തോളം രൂപ പൂർവ്വവിദ്യാർത്ഥികളിൽ നിന്നും നാട്ടുകാരിൽ നിന്നും സമാഹരിക്കുന്നതിനുള്ള സംഘാടകസമിതിയുടെ തീരുമാനം യാഥാർത്ഥ്യമാക്കുവാൻ കഴിയുമെന്ന് ഞങ്ങൾക്ക് ആത്മവിശ്വാസമുണ്ട്. ഒപ്പം അധ്യാപക രക്ഷാകർത്തൃ സമിതിയുടെ നിസ്വാർത്ഥമായ സഹകരണവും പ്രോത്സാഹനവും വിദ്യാലയത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിന് കരുത്ത് പകരുകയും ചെയ്യുന്നു.ഈ യജ്ഞത്തിൽ ഞങ്ങളോട് സഹകരിച്ചുകൊണ്ടിരിക്കുന്ന മുഴുവൻ പേരോടുംനിസ്സീമമായ കൃതജ്ഞത രേഖപ്പെടുത്തുന്നു.

# സുവർണജൂബിലി ഉദ്ഘാടനം

**2007 ഡിസംബർ 27**

**എ.വി.സ്മാരക**
**ഗവ. ഹയർ സെക്കന്ററി**
**സ്കൂൾ, കരിവെള്ളൂർ**

**സുവർണജൂബിലി**
**ആഘോഷങ്ങൾ**
**2007–08**




സ്വാഗതഗീതം



കെ.നാരായണൻ



ഉദ്ഘാടനം ബഹു. കേരള നിയസഭാ സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണൻ



കെ.ടി.എൻ.ഭാസ്കരൻ



കൊച്ചി അമ്പു





അഡ്വ. കെ.വിജയകുമാർ



കെ.കുഞ്ഞിരാമൻ എം.എൽ.എ.



കെ.ടി.എൻ.സുകുമാരൻ നമ്പ്യാർ



ലോഗോ ഉപഹാര സമർപ്പണം

# സുവർണജൂബിലി സമാപനം

**2009 ജനുവരി 5**



ജനനായകന് കരിവെള്ളൂരിന്റെ മണ്ണിലേക്ക്
വരവേൽപ്പ്




ഉദ്ഘാടനം ബഹു. കേരള മുഖ്യമന്ത്രി
ശ്രീ.വി.എസ്.അച്യുതാനന്ദൻ



വിദ്യാർത്ഥികളുടെ കലാപരിപാടികൾ









അവിസ്മരണീയമായ ജനസഞ്ചയ സാന്നിധ്യം

## സംഘാടകസമിതി രൂപീകരണം


കെ.കുഞ്ഞിരാമൻ MLA


കെ.കെ.കൃഷ്ണൻ


ഇ.പി.കരുണാകരൻ


കെ.നാരായണൻ


കൊച്ചി അമ്പു


പാവൂർ കുഞ്ഞിരാമൻ


ടി.വി.ദാമോദരൻ


എൻ.വി.നാരായണൻ


എൻ.കെ.നാരു ഉണിത്തിരി


പി.കുഞ്ഞപ്പൻ നായർ


പി.എം.ദാമോദരൻ അടിയോടി


കെ.നാരായണൻ പാലക്കുന്ന്


പി.വിജയൻ


കെ.വി.ബാബു


സംഘാടനത്തിന്റെ സന്നദ്ധത

### സംഘാടകസമിതി ഓഫീസ് ഉദ്ഘാടനം
ഇ.പി.കരുണാകരൻ (ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട്)



### സുവർണജൂബിലി ലോഗോ പ്രകാശനം
കെ.കെ.കൃഷ്ണൻ (ജില്ലാ പഞ്ചായത്ത് മെമ്പർ)



## പൂർവ്വാധ്യാപക, പൂർവ്വ വിദ്യാർത്ഥി സംഗമം




ബഹു. സ്പോർട്സ് യുവജനക്ഷേമ വകുപ്പ് മന്ത്രി
ശ്രീ.എം.വിജയകുമാർ – ഉദ്ഘാടനം




പി.കരുണാകരൻ (എം.പി.)





ഏഴാച്ചേരി രാമചന്ദ്രൻ



കരിവെള്ളൂർ മുരളി

പൂർവ്വാധ്യാപകരെ ആദരിക്കൽ ചടങ്ങിൽനിന്ന്





പൂർവ്വ വിദ്യാർത്ഥികളുടെ കലാപരിപാടികൾ







## പഞ്ചായത്ത്തല കായികമേള







ഉദ്ഘാടനം പ്രവീൺ തപ്ലിയാർ

## ജനകീയ പാർലമെന്റിലൂടെ.....










## ഗോൾഡൻ ജൂബെക്സിലൂടെ...... ശാസ്ത്രവിദ്യാഭ്യാസ പ്രദർശനം



ഉദ്ഘാടനം വി.ശാന്താറാം ഐ.പി.എസ്. (ഉത്തരമേഖലാ ഐ.ജി)

























## സാസ്കാരിക ഘോഷയാത്ര








































## നാടൻകലാ മേള





photos : rain photos

With best compliments from.....



# ശ്രീകല

## ഡക്കറേഷൻസ്
## ലൈറ്റ് & സൗണ്ട്

കരിവെള്ളൂർ

ഫോൺ: 9447547372 • 9895567203 • 04985 260535

# മികവിലൂടെ.....

## പ്രവേശനോത്സവം - ജൂൺ 2 തിങ്കൾ

രാവിലെ 9.30ന് സ്കൂൾ വിദ്യാർത്ഥികളുടെ ചെണ്ടമേളത്തോടെ എട്ടാംക്ലാസിലെ പുതിയ കുട്ടികളെ സ്കൂളിലേക്ക് വരവേൽപ്പ് നടത്തി. തുടർന്ന് സ്കൂൾ അസംബ്ലി ചേർന്നു.

പി.ടി.എ. വൈസ്പ്രസിഡണ്ട് ശ്രീ.പി.വിജയൻ, പി.ടി.എ. എക്സിക്യൂട്ടീവ് അംഗം ശ്രീ.എ.നാരായണൻ മാസ്റ്റർ ആശംസനേർന്നു.

സൗജന്യ പുസ്തക വിതരണം പി.ടി.എ. വൈസ് പ്രസിഡണ്ട് പി.മുരളീധരൻ നിർവ്വഹിച്ചു.

2008 മാർച്ച് എസ്.എസ്.എൽ.സി. പരീക്ഷയിൽ എല്ലാ വിഷയത്തിലും എ പ്ലസ് ഗ്രേഡ് നേടിയ 16 വിദ്യാർത്ഥികൾക്കുള്ള ഉപഹാരം ഹെഡ്മാസ്റ്റർ ശ്രീ.ടി.വി.ദാമോദരൻ സമ്മാനിച്ചു. പ്രിൻസിപ്പൽ കെ.ടി.എൻ.ഭാസ്കരൻ, സ്റ്റാഫ് സെക്രട്ടറി ശ്രീ.എൻ.വി.നാരായണൻ എന്നിവർ അനുമോദനപ്രസംഗം നടത്തി.

സ്കൂളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും 'പ്രവേശനോത്സവ കാർഡ്' സൗജന്യമായി നൽകി.

മുഴുവൻ വിദ്യാർത്ഥികൾക്കും മധുരപലഹാരം നൽകി.

## ലോകപരിസ്ഥിതി ദിനം - ജൂൺ 5

പരിസ്ഥിതി ദിനത്തിൽ +2 വിദ്യാർത്ഥിനി ലീജ.ടി.വി. വരച്ച ഓയിൽ അക്രിലിക് പെയിന്റിംഗ് - 'പ്രകൃതി' എന്ന ചിത്രം സ്കൂളിന് സമർപ്പിച്ചു.

പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് മുദ്രാഗീത രചനാമത്സരം നടത്തി. സ്കൂൾ അസംബ്ലിയിൽ പരിസ്ഥിതി പ്രതിജ്ഞ ചൊല്ലി. പരിസ്ഥിതി ഗീതം ആലപിച്ചു.

## 'സേവനം'-സാമൂഹ്യശാസ്ത്രക്ലബ്ബ് ഉദ്ഘാടനം - ജൂൺ 13

വൈകു. 3 മണിക്ക് സ്കൂൾ ഹാളിൽ ചേർന്നു.

കാസർഗോഡ് ജില്ലാ സാമൂഹ്യശാസ്ത്രക്ലബ്ബ് സെക്രട്ടറി ശ്രീ.എം.വി.കുഞ്ഞികൃഷ്ണൻ മാസ്റ്റർ ഉദ്ഘാടനം ചെയ്തു.

ശ്രീ.എം.വി.ചന്ദ്രൻ, ശ്രീ.എൻ.ജയപ്രകാശൻ എന്നിവർ ആശംസ നേർന്നു. ശ്രീ.എൻ.വി.നാരായണൻ അധ്യക്ഷത വഹിച്ചു.

ശ്രീ.സുകുമാരൻ പെരിയച്ചൂർ സ്വാഗതവും, വിദ്യാർത്ഥിയും സാമൂഹ്യശാസ്ത്രക്ലബ്ബ് കൺവീനറുമായ സ്വാതിരാജ്.എൻ. നന്ദിയും പ്രകാശിപ്പിച്ചു.

## ഇ.എം.എസ്. ജന്മദിനം - ജൂൺ 13

ഇ.എം.എസ്. ജന്മശതാബ്ദി ആഘോഷത്തിന്റെ സമാരംഭമായി അനുസ്മരണ പ്രഭാഷണം ശ്രീ.ടി.കെ.സുരേന്ദ്രൻ മാസ്റ്റർ നിർവ്വഹിച്ചു.+2 സയൻസ് വിദ്യാർത്ഥിനി ലീജ.ടി.വി., ഇ.എം.എസിന്റെ രേഖാചിത്രം വേദിയിൽ വെച്ച് 5 മിനുട്ടുകൊണ്ട് വരച്ച് സദസ്സിന്റെ പ്രശംസ പിടിച്ചുപറ്റി.

## വായനാവാരം ആരംഭദിനം - ജൂൺ 19

രാവിലെ 11.15 ന് സ്കൂൾ അസംബ്ലി ചേർന്നു.

'നാലുകെട്ട്' എന്ന എം.ടി.യുടെ നോവലിന്റെ ആദ്യപേജ് വായിച്ചുകൊണ്ട് വായനാവാരം ഉദ്ഘാടനം ചെയ്തു.

പത്താതരം വിദ്യാർത്ഥിനികളായ ശരണ്യ.സി, സ്നേഹ എന്നിവർ വായനയുടെ പ്രാധാന്യത്തെക്കുറിച്ച് ലഘുപ്രഭാഷണം നടത്തി.

2007 ജൂൺ മുതൽ മുടങ്ങാതെ പത്രവാർത്താക്കുറിപ്പ് എഴുതിയതിന് ജ്യോതിഷ്.പി.(10 സി.)യെ 'പത്രവായനാ പുരസ്കാരം' നൽകി ആദരിച്ചു.



പ്രവേശനോത്സവം



ഇ.എം.എസ്. ജന്മദിനാഘോഷം



വായനാദിനം



മാസിക പ്രകാശനം



വായനാവാരാഘോഷം ഉദ്ഘാടനം



സേവനം സാമൂഹ്യശാസ്ത്ര ക്ലബ്ബ് ഉദ്ഘാടനം



ശാസ്ത്രപഠനക്കളരി



ശാസ്ത്രപഠനക്ലാസ്സ് ഉദ്ഘാടനം

## വായനാവാരം സമാപനം & വിദ്യാരംഗം കലാസാഹിത്യവേദി ഉദ്ഘാടനം - ജൂൺ 25

വായനാവാരത്തിൽ വിദ്യാർത്ഥികൾ 800 ലധികം പുസ്തകങ്ങൾ വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കി.

18 ക്ലാസുകളിലെ വിദ്യാർത്ഥികൾ തയ്യാറാക്കിയ ആസ്വാദനക്കുറിപ്പുകൾ ഉൾപ്പെടുത്തി 18 പതിപ്പുകൾ ഉണ്ടാക്കി.

വായനയിൽ വിരിഞ്ഞപൂക്കൾ, മുകുളം, മഴത്തുള്ളികൾ, നിള, സാഹിത്യദീപിക തുടങ്ങിയ പേരുകൾ നൽകി.

"കേരള വിദ്യാഭ്യാസചരിത്രത്തിലെ ഒരു മഹാസംഭവമാണ് ഈ സർഗപ്രക്രിയയെന്നും മറ്റ് വിദ്യാലയങ്ങൾ ഇത് മാതൃകയാക്കേണ്ടതാണെന്നും" ആസ്വാദനപതിപ്പുകളുടെ പ്രകാശനകർമവും, വിദ്യാരംഗം കലാസാഹിത്യവേദിയുടെ ഉദ്ഘാടനവും നിർവ്വഹിച്ചുകൊണ്ട് പ്രശസ്ത നിരൂപകൻ ഇ.പി.രാജഗോപാലൻ അഭിപ്രായപ്പെട്ടു.

ചടങ്ങിൽ പ്രശസ്ത നാടൻ കലാകാരൻ ബാലചന്ദ്രൻ കൊട്ടോടി അവതരിപ്പിച്ച 'സമന്വയം' പരിപാടി ഏറെ ആസ്വാദ്യകരമായി അനുഭവപ്പെട്ടു.

## ശാസ്ത്രപഠനക്കളരി - ജൂലൈ 8

ശ്രീ.ദിനേശ്കുമാർ തെക്കുമ്പാട് നേതൃത്വം നൽകി. നൂതനവും രസകരവുമായ പരീക്ഷണങ്ങളിലൂടെ നിരവധി ശാസ്ത്ര സത്യങ്ങൾ അവതരിപ്പിച്ചത് കുട്ടികളിൽ ആവേശംപകർന്നു.

## ലോകജനസംഖ്യാദിനം - ജൂലൈ 11

ലോകജനസംഖ്യാദിനത്തിന്റെ ഭാഗമായി "ജനസംഖ്യാ പെരുപ്പത്തിന്റെ രസതന്ത്രം" എന്ന പോസ്റ്റർ കരിവെള്ളൂർ-പെരളം പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ പതിച്ചു.

ജൂൺ മാസത്തെ പത്രവാർത്താ ക്വിസ്സ് സംഘടിപ്പിച്ചു.

## ചാന്ദ്രദിനം - ജൂലൈ 21

ജൂലൈ 21 ന് സ്കൂൾ അവധിയായതിനാൽ ജൂലൈ 22 ന് ചാന്ദ്രദിനം 'കുട്ടികളുടെ ചാന്ദ്രദിനം' എന്ന പേരിൽ സംഘടിപ്പിച്ചു. ശ്രദ്ധേയമായ പരിപാടിയായിരുന്നു ഇത്.

ചാന്ദ്രമനുഷ്യനുമായി അഭിമുഖം, ചാന്ദ്രദിന വിഷ്വൽ ക്വിസ്, ചാന്ദ്രവിജയം (സ്കിറ്റ്), ചൊവ്വയിലേക്ക് (ശാസ്ത്രനാടകം) എന്നിവയായിരുന്നു പരിപാടികൾ. പൂർണമായും വിദ്യാർത്ഥികളുടെ നിയന്ത്രണത്തിലായിരുന്നു പരിപാടി.

## ഹിരോഷിമ ദിനം - ആഗസ്ത് 6

'ഹിരോഷിമ ഒരു ഹരാകിരി' എന്ന ഡോക്യുഡ്രാമ വിദ്യാർത്ഥികൾ അവതരിപ്പിച്ചു.

ആയിരം വിദ്യാർത്ഥികൾ സഡാക്കോ പറത്തി സമാധാന പ്രതിജ്ഞ എടുത്തു. ശ്ര.പി.വി.നാരായണൻ മാസ്റ്റർ യുദ്ധവിരുദ്ധ പ്രഭാഷണം നടത്തി.

## ഒളിചിതറും ഒളിമ്പിക്സ് - ആഗസ്ത് 8

3 മണിക്ക് കൂട്ടയോട്ടം നടത്തി. കരിവെള്ളൂർ-പെരളം ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീ.കെ.നാരായണൻ ഫ്ളാഗ് ഓഫ് ചെയ്തു. പി.ടി.എ. പ്രസിഡണ്ട് കൊച്ചി അമ്പു ആശംസ നേർന്നു.

## ഗണിതശാസ്ത്ര ക്ലബ്ബ് ഉദ്ഘാടനം

ആഗസ്ത് 12

ഉച്ചയ്ക്ക് ശേഷം 3 മണിക്ക് സ്കൂൾ ഹാളിൽ നടന്നു.

പ്രശസ്തബാലസാഹിത്യകാരനും ഗണിതശാസ്ത്രജ്ഞനുമായ ശ്രീ.പള്ളിയറ ശ്രീധരൻ ഉദ്ഘാടനം നിർവ്വഹിച്ചു. "ജീവിതത്തിന്റെ ഓരോ നിമിഷത്തിലും ഗണിതത്തിന്റെ സ്വാധീനമുണ്ട്.

കണക്കുപിഴയ്ക്കുമ്പോഴാണ് ജീവിതത്തിന്റേയും കണക്ക് തെറ്റുന്നത്." ശ്രീ.പള്ളിയറ ശ്രീധരൻ കൂട്ടിച്ചേർത്തു. ശ്രീ.കെ.രവീന്ദ്രൻ മാസ്റ്റർ സ്വാഗതവും ശ്രീരാഗ്.പി. നന്ദിയും പറഞ്ഞു.

### സ്വാതന്ത്ര്യദിനാഘോഷം - ആഗസ്ത് 15

സാമൂഹ്യശാസ്ത്രക്ലബ്ബ് തയ്യാറാക്കിയ സ്വാതന്ത്ര്യദിനപ്പതിപ്പ് പ്രിൻസിപ്പൽ ശ്രീ.കെ.ടി.എൻ.ഭാസ്കരൻ, സ്കൂൾ ലീഡർ പ്രശോഭ്.പി. യക്ക് നൽകി നിർവ്വഹിച്ചു.കലാപരിപാടികളും മധുരപലഹാരവിതരണവും ഉണ്ടായിരുന്നു.

### ചിങ്ങം 1 കർഷകദിനം - ആഗസ്ത് 18

പ്രശസ്ത കർഷകൻ ശ്രീ.പി.പി.കുഞ്ഞിക്കണ്ണനുമായി വിദ്യാർത്ഥികൾ അഭിമുഖം നടത്തി.

സ്കൂൾ ഹാളിൽ വെച്ച് നടന്ന പരിപാടിയിൽ പുനംകൃഷി, നെൽകൃഷിയുടെ പ്രാധാന്യം എന്നിവയെക്കുറിച്ച് പി.പി.കുഞ്ഞിക്കണ്ണൻ അനുഭവകേന്ദ്രീകൃതമായ കാര്യങ്ങൾ വിദ്യാർത്ഥികൾക്ക് പറഞ്ഞുകൊടുത്തു. ഇ.വി.എം.ബാലകൃഷ്ണൻ സ്വാഗതവും തുഷാര.ടി.വി.നന്ദിയും പ്രകാശിപ്പിച്ചു.

### ഹെൽത്ത് ക്ലബ്ബ് - ആഗസ് 26

'കൊതുകിന്റെ വഴികൾ' - പി.വി.സജീവന്റെ ഫോട്ടോ പ്രദർശനം നടത്തി.

മനുഷ്യന്റെ ശത്രുവായ കൊതുകിനെ വളർത്തുന്നത് മനുഷ്യൻ തന്നെയാണെന്ന കാര്യം സൂചിപ്പിക്കുന്ന ഫോട്ടോ പ്രദർശനം ശ്രദ്ധേയമായ പരിപാടിയായി മാറി.

വി.വി.മനോജ് സ്വാഗതവും എൻ.വി.നാരായണൻ നന്ദിയും പ്രകാശിപ്പിച്ചു.

### വിജ്ഞാനശ്രീ - ആഗസ്ത് 28

സ്കൂളിന്റെ തനതു തുടർ പ്രസിദ്ധീകരണമായ 'വിജ്ഞാന ശ്രീ'യുടെ പ്രകാശനം മലയാളത്തിന്റെ പ്രിയ നാടകകൃത്തും എഴുത്തുകാരനുമായ ശ്രീ.കരിവെള്ളൂർ മുരളി പ്രകാശന കർമ്മം നിർവ്വഹിച്ചു.

### സ്മാർട്ട് ക്ലാസ് റൂം ഉദ്ഘാടനം, എൻഡോവ്മെന്റ് വിതരണം - ആഗസ്ത് 29

കെ.കുഞ്ഞിരാമൻ എം.എൽ.എ.യുടെ പ്രാദേശിക ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച സ്മാർട്ട് ക്ലാസ് റൂമിന്റെ ഉദ്ഘാടനവും, എസ്.എസ്.എൽ.സി., പ്ലസ് ടു. ഉന്നതവിജയം നേടിയ വിദ്യാർത്ഥികൾക്കുള്ള വിവിധ എൻഡോവ്മെന്റുകളുടെ വിതരണവും കെ.കുഞ്ഞിരാമൻ എം.എൽ.എ. നിർവ്വഹിച്ചു.

പി.ടി.എ.പ്രസിഡണ്ട് കൊച്ചി അമ്പു അധ്യക്ഷത വഹിച്ചു. പി.ഇന്ദിര, സി.ഗോപാലൻ, കെ.പി.രാഘവൻ മാസ്റ്റർ, പി.വിജയൻ, പി.വത്സല, നയന.ജി., നിതിൻ.ജി., കെ.ടി.എൻ.ഭാസ്കരൻ എന്നിവർ പ്രസംഗിച്ചു.

### ഹിന്ദിമഞ്ച് ഉദ്ഘാടനം - സപ്തംബർ 2

പയ്യന്നൂർ കോളേജിലെ ഡോ.എം.അരവിന്ദൻ ഹിന്ദി മഞ്ച് ഉദ്ഘാടനം ചെയ്തു.

ഹിന്ദി ദേശീയ ഭാഷയായി പരിഗണിപ്പെട്ടുവെങ്കിലും മതിയായ പരിഗണന ഹിന്ദിക്ക് ഇനിയും ലഭിച്ചിട്ടില്ലെന്ന് ഡോ.അരവിന്ദൻ അഭിപ്രായപ്പെട്ടു.

### അധ്യാപകദിനാഘോഷം - സപ്തംബർ 5

അധ്യാപകരക്ഷാകർത്തൃസമിതി ജനറൽബോഡിയോഗം നടന്നു. സ്കൂൾ പി.ടി.എ. ഭാരവാഹികളായി പ്രസിഡണ്ട് കൊച്ചി അമ്പു,



ഹിരോഷിമാദിനാചരണം



ചെസ്സ് മത്സരം



യുദ്ധവിരുദ്ധ റാലി



ഗണിതശാസ്ത്ര ക്ലബ്ബ് ഉദ്ഘാടനം



കർഷകദിനാചരണം



വിദ്യാരംഗം സാഹിത്യവേദി ഉദ്ഘാടനം



ജൂബിലി ചെസ്സ് മത്സരം ഉദ്ഘാടനം



വെബ്സൈറ്റ് ഉദ്ഘാടനം

വൈസ്പ്രസിഡണ്ട് ശ്രീ.പി.മുരളീധരൻ എന്നിവരെ തെരഞ്ഞെടുത്തു.

ഓണാഘോഷത്തിന്റെ ഭാഗമായി കുട്ടികൾ ഓണപ്പൂക്കളം ഒരുക്കി.പി.ടി.എ. യുടെ വക വിദ്യാർത്ഥികൾക്ക് "ഓണപ്രഥമൻ" നൽകി.

## ജെ.ആർ.സി. – പ്ലാസ്റ്റിക് വിരുദ്ധ ബോധവൽക്കരണം – സപ്തംബർ 8

ഓണാവധിക്കാലത്ത് സ്കൂൾ ജൂനിയർ റെഡ് ക്രോസ്സ് കേഡറ്റുകൾ ഓണക്കുന്ന്, കരിവെള്ളൂർ എന്നിവിടങ്ങളിലെ കച്ചവടസ്ഥാപനങ്ങളിലും മറ്റും പ്ലാസ്റ്റിക് സഞ്ചികൾ ഉണ്ടാക്കുന്ന ആരോഗ്യ–പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തി.

റെഡ്ക്രോസ്സ് കൗൺസിലർ വി.വി.മനോജ്, ഹെൽത്ത് ഇൻസ്പെക്ടർമാരായ കെ.വി.ഗിരീഷ്, ഇ.വി.സന്തോഷ് എന്നിവർ നേതൃത്വം നൽകി.

## ഓസോൺ ദിനം – സപ്തംബർ 16

"പ്ലാസ്റ്റിക് വർജിക്കൂ, തലമുറയെ രക്ഷിക്കൂ" എന്ന പോസ്റ്റർ പ്രചരണംനടത്തി.

സ്കൂൾ അസംബ്ലിയിൽ പരിസ്ഥിതി പ്രതിജ്ഞ പുതുക്കി.

വിദ്യാർത്ഥികളായ അപർണ.പി. (10 എ) മിഥുൻ.ആർ.കെ. (+2) ഓസോൺദിന പ്രഭാഷണം നടത്തി.

## സഹകരണവാരം – സെപ്തംബർ 18

പ്രബന്ധരചനാമത്സരം നടത്തി. വിഷയം "ആഗോള വൽക്കരണകാലത്ത് സഹകരണ പ്രസ്ഥാനങ്ങളുടെ പ്രസക്തി" 30 വിദ്യാർത്ഥികൾ പങ്കെടുത്തു.

സപ്തംബർ 24 ബഹിരാകാശ ക്വിസ്സ് മത്സരം നടന്നു.

## മതമൈത്രി സംഗീതവിരുന്ന് – സപ്തംബർ 29

മതമൈത്രി സംഗീതവിരുന്ന് നടത്തി.

വിദ്യാർത്ഥികൾ വിവിധ പരിപാടികൾ അവതരിപ്പിച്ചു.

സംഗീതാധ്യാപിക ശ്രീമതി പ്രസന്ന ടീച്ചർ "ജാതിഭേദം മതദ്വേഷം" എന്ന വരികൾ ആലപിച്ചുകൊണ്ട് പരിപാടി ആരംഭിച്ചു.

കുട്ടികളുടെ 'വൃന്ദവാദ്യം' പരിപാടിക്ക് മിഴിവേകി.

## ഗാന്ധിജയന്തി & കരിയർ ഗൈഡൻസ് ഉദ്ഘാടനം – ഓക്ടോബർ 2

സ്കൂൾ ശുചീകരണ യജ്ഞം നടന്നു.

ഉച്ചയ്ക്ക് 1.30 ന് സ്കൂൾ കരിയർ ഗൈഡൻസ് കൗൺസലിംഗ് യൂണിറ്റ് സബ്സെന്റർ ഉദ്ഘാടനം നടന്നു.

കരിവെള്ളൂർ–പെരളം പഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി പി.ഇന്ദിര ഉദ്ഘാടനം നിർവ്വഹിച്ചു.

ശ്രീ.എൻ.രാജേഷ് (ജില്ലാ കോർഡിനേറ്റർ) ശ്രീമതി സിസിലി ജെയിംസ് (കൗൺസിർ റസ് ലോക്ക് ഹോസ്പിറ്റൽ, കണ്ണൂർ) എന്നിവർ ക്ലാസുകൾ കൈകാര്യം ചെയ്തു.

ശ്രീ.എ.പി.ബാലചന്ദ്രൻ മാസ്റ്റർ സ്വാഗതവും പ്രശോഭ്.പി. നന്ദിയും പ്രകാശിപ്പിച്ചു.

## വാനനിരീക്ഷണക്യാമ്പ് – ഒക്ടോബർ 4

പ്രൊഫ. ശ്രീ.കെ.ടി.കുഞ്ഞികൃഷ്ണൻ നമ്പ്യാർ ഉദ്ഘാടനം നിർവ്വഹിച്ചു.

തുടർന്ന് 'കണികാപരീക്ഷണവും, പ്രപഞ്ചോത്പത്തിയും' –

ക്ലാസ് ശ്രീ.കെ.ടികുഞ്ഞികൃഷ്ണൻ നമ്പ്യാർ കൈകാര്യം ചെയ്തു.

"മാനത്ത് വിസ്മയത്തുമ്പത്ത് –
നക്ഷത്രനിരീക്ഷണ സന്ധ്യ"

ശ്രീ.വെള്ളൂർ ഗംഗാധരൻ മാസ്റ്റർ വിദ്യാർത്ഥികൾക്ക് നക്ഷത്രങ്ങളെ പരിചയപ്പെടുത്തി

'ലോകബഹിരാകാശവാരം' കരിവെള്ളൂരിൽ ശ്രദ്ധേയമായി.

## ചാന്ദ്രയാൻ വിജയഘോഷയാത്ര – ഒക്ടോബർ 23

ഇന്ത്യയുടെ ചാന്ദ്രയാൻ 1 വിജയത്തിൽ സ്കൂളിലെ മുഴുവൻ വിദ്യാർത്ഥികളും പങ്കെടുത്ത വിജയഘോഷയാത്ര ഓണക്കുന്നിൽ നടന്നു.

## വിജ്ഞാനശ്രീ രണ്ടാം ലക്കം പ്രകാശനം – നവംബർ 16

പ്രശസ്ത കവി ഏഴാച്ചേരി രാമചന്ദ്രൻ വിജ്ഞാനശ്രീയുടെ രണ്ടാം ലക്കം ഹെഡ്മാസ്റ്റർ ശ്രീ.കെ.കെ.രാജന് നൽകി നിർവ്വഹിച്ചു.

## ലോകമനുഷ്യാവകാശദിനം – ഡിസംബർ 10

പോസ്റ്റർ പ്രചരണം നടത്തി.

"സ്വാതന്ത്ര്യംതന്നെയമൃതം
സ്വാതന്ത്ര്യംതന്നെ ജീവിതം
പാരതന്ത്ര്യം മാനികൾക്ക്
മൃതിയേക്കാൾ ഭയാനകം" – ആശാൻ

ഡിസംബർ 10 മനുഷ്യാവകാശദിനം. "മനുഷ്യൻ സ്വതന്ത്രനായി ജനിക്കുന്നു, എന്നാൽ പിന്നീട് അവൻ ചങ്ങലകളാൽ ബന്ധിക്കപ്പെട്ടിരിക്കുന്നു" – റൂസ്സോ. "മനുഷ്യാവകാശങ്ങൾക്കായി പോരാടുക." ഇതായിരുന്നു പോസ്റ്ററിലെ സന്ദേശം

## കുട്ടികളുടെ ഏകദിന വിദ്യാഭ്യാസസെമിനാർ – ഡിസംബർ 20

സ്കൂൾ ഹാളിൽ ക്രിസ്തുമസ് അവധിക്കാലത്ത് രാവിലെ 9 മണിമുതൽ ഉച്ചയ്ക്ക് ഒരുമണി വരെ കുട്ടികളുടെ ഏകദിന സെമിനാർ നടന്നു. "ആഗോളവൽക്കരണ പ്രശ്നങ്ങളും പ്രതിവിധികളും", "കേരള വികസനം- ടൂറിസത്തിലൂടെയോ?" എന്നിവയായിരുന്നു വിഷയങ്ങൾ.

ഒമ്പതാം ക്ലാസിലെ 120 ഓളം കുട്ടികൾ ശ്രോതാക്കളായി സെമിനാറിലുണ്ടായിരുന്നു.

വിദ്യാർത്ഥികളായ കൃഷ്ണപ്രിയ, ശ്രീദേവി, നീലിമദാസ്, ഹൈമ.കെ.വി. എന്നിവർ പ്രബന്ധം അവതരിപ്പിച്ചു.

അവതരണംകൊണ്ടും അച്ചടക്കംകൊണ്ടും ശ്രദ്ധേയമായ പരിപാടിയായിരുന്നു കുട്ടികളുടെ സെമിനാർ.

## കാർഷിക ക്ലബ്ബ് – വിളവെടുപ്പ് – 2009 ജനുവരി 21

സ്കൂൾ കാർഷിക ക്ലബ്ബും പരിസ്ഥിതി ക്ലബ്ബും ചേർന്ന് സ്കൂൾ വളപ്പിൽ കൃഷി ചെയ്ത പച്ചക്കറി വിളവെടുപ്പ് ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് കെ.നാരായണൻ നിർവ്വഹിച്ചു.

അധ്യാപകൻ സി.ചന്ദ്രൻ, വിദ്യാർത്ഥികളായ സാഗർ വിജയൻ, പ്രിയേഷ് എന്നിവർ നേതൃത്വം നൽകി.

## ഞാറ് പ്രകാശനം – 2009 ഫെബ്രുവരി 19

സ്കൂൾ വിദ്യാരംഗം കലാസാഹിത്യവേദിയുടെ പ്രസിദ്ധീകരണമായ 'ഞാറ്' പ്രകാശനകർമ്മം പ്രശസ്ത ചെറുകഥാകൃത്ത് ശ്രീ.അംബികാസുതൻ മാങ്ങാട് നിർവഹിച്ചു.

ചടങ്ങിൽ വിജ്ഞാനശ്രീയുടെ മൂന്നാം ലക്കവും പ്രകാശനം ചെയ്തു.

നാഷണൽ മീൻസ് കം മെറിറ്റ് സ്കോളർഷിപ്പ് നേടിയ ഒമ്പത് വിദ്യാർത്ഥികൾക്കും, മനോരമ എയർ ഇന്ത്യ എക്സലന്റ്സ് പുരസ്കാരം നേടിയ പ്ലസ് ടു വിദ്യാർത്ഥിനി ലീജ.ടി.വിക്കും ഉപഹാരം നൽകി അനുമോദിച്ചു.

## "യാത്രാരംഭം" – എസ്.എസ്.എൽ.സി. യാത്രയയപ്പ് – ഫെബ്രുവരി 27

എസ്.എസ്.എൽ.സി. വിദ്യാർത്ഥികൾക്കുള്ള യാത്രയയപ്പ് പരിപാടി സ്കൂൾ അങ്കണത്തിൽ ഉച്ചയ്ക്ക് 1 മണിക്ക് നടന്നു.

അധ്യാപകർ ജീവിതവിജയാശംസകൾ നേർന്നു വിദ്യാർത്ഥികൾക്കുവേണ്ടി വൈശാഖ്.എ. (10 എഫ്) മറുപടിയും നന്ദിയും പ്രകാശിപ്പിച്ചു.



കാർഷിക ക്ലബ്ബ് ഉദ്ഘാടനം



നാഷണൽ സെമിനാർ ഉദ്ഘാടനം




നാഷണൽ സെമിനാർ

# സുവർണജൂബിലി വർഷം – അക്കാദമിക നേട്ടങ്ങൾ

**SSLC- 99 % (Full A+ = 17)**
**HSS- Scence 100% (Full A+ = 11), - Humanities 95 %, Commerce 96 %**

## സംസ്ഥാനതലം

| | |
|---|---|
| സാരഥി കവിതാ പുരസ്കാരം | – ജിഷ്ണുപ്രകാശ്.പി. (+2) |
| എൻ.എൻ.കക്കാട് കവിതാപുരസ്കാരം | – നയന.ജി. (+1) |
| കെ.എസ്.ടി.എ.സംസ്ഥാനതല കവിതാമത്സരം (രണ്ടാം സ്ഥാനം) | – ആസാദ്.ജി. (8) |
| മലയാളമനോരമ നിറക്കൂട്ട് – ഒന്നാം സ്ഥാനം | – ലീജ.ടി.വി. (+2) |
| അഖിലകേരള വായനാമത്സരം – രണ്ടാം സ്ഥാനം | – മിഥുൻ.എസ്. (10) |
| ബാലരമ ഡൈജസ്റ്റ് പരീക്ഷ – മൂന്നാം സ്ഥാനം | – മിഥുൻ.എസ്. (10) |
| പൂർണ്ണ – കവിതാ അവാർഡ് – ഒന്നാം സ്ഥാനം | – ജിഷ്ണുപ്രകാശ്.പി. (+2) |
| കെ.എസ്.ടി.എ. സംസ്ഥാനതല +2 കവിതാമത്സരം മൂന്നാം സ്ഥാനം. | – ജിഷ്ണുപ്രകാശ്. പി (+2) |
| ശാസ്ത്രക്വിസ്സ് – ഒന്നാം സ്ഥാനം | – മിഥുൻ.എസ്. (10) |
| ഗണിതം ഗെയിം – മൂന്നാം സ്ഥാനം | – ശരണ്യ.സി. (10) |
| സാമൂഹ്യശാസ്ത്രം – ടാലന്റ് സെർച്ച് | – ബി ഗ്രേഡ് |
| പി.ടി.ബി.ബാലശാസ്ത്ര ഉത്തരപുസ്തകം – ഒന്നാം സ്ഥാനം | – അഞ്ജലി.ഇ.കെ. (9) |
| മനോരമ എയർ ഇന്ത്യ എക്സലന്റ് പുരസ്കാരം 2008 | – ലീജ.ടി.വി. |

## ജില്ലാതലം – നേട്ടങ്ങൾ

| | |
|---|---|
| പ.ടി.ബി. ജില്ലാ ബാലശാസ്ത്രപ്രതിഭാ പുരസ്കാരം | – അഞ്ജലി.ഇ.കെ. (9 എ) |
| മാതൃഭൂമി – കൃഷ്ണ ബ്ലൂസ് കവിതാ പുരസ്കാരം | – ആസാദ്.ജി. (8) |
| വന്യജീവി വാരാഘോഷം – പ്രസംഗം, ഉപന്യാസം | – നയന.ജി. ഒന്നാം സ്ഥാനം |
| വന്യജീവി വാരാഘോഷക്വിസ്സ് | – ദിപിൻ.കെ.നായർ & മിഥുൻ.എസ്. ഒന്നാം സ്ഥാനം |
| ജില്ലാ ആരോഗ്യവകുപ്പ് – ഉപന്യാസം –എച്ച്.എസ്.എസ്. | – നയന.ജി. ഒന്നാം സ്ഥാനം |
| ജില്ലാ ആരോഗ്യവകുപ്പ് – ഉപന്യാസം എച്ച്.എസ്. | – ദിപിൻ.കെ.നായർ ഒന്നാം സ്ഥാനം |
| സാമൂഹ്യശാസ്ത്ര പ്രശ്നോത്തരി | – മിഥുൻ.എസ്. ഒന്നാം സ്ഥാനം |
| സയൻസ് പ്രശ്നോത്തരി | – മിഥുൻ.എസ്. ഒന്നാം സ്ഥാനം |
| അനർട്ട് പ്രശ്നോത്തരി | – മിഥുൻ.എസ്. ഒന്നാം സ്ഥാനം |
| കണ്ണൂർ ജില്ലാ ലൈബ്രറി കൗൺസിൽ ബാലോത്സവം-കവിതാമത്സരം | – ആസാദ് (8) |
| വായനാമത്സരം | – മിഥുൻ.എസ്. ഒന്നാം സ്ഥാനം |
| ഐ.ടി. ക്വിസ്സ് | – മിഥുൻ.എസ്. രണ്ടാം സ്ഥാനം |
| പ്രാദേശിക ചരിത്രരചന – സാമൂഹ്യശാസ്ത്രം | – തുഷാര.ടി.വി. രണ്ടാം സ്ഥാനം |
| കേരളപ്പിറവി – പി.ഇ.എസ്. ക്വിസ്സ് | – സവിൻ & അഖിൽ.എസ്.ദത്ത്. ഒന്നാം സ്ഥാനം |
| ഒളിമ്പിക്സ് മേഖലാക്വിസ്സ് | – മിഥുൻ.എസ്. & ഉണ്ണികൃഷ്ണൻടി.പി. ഒന്നാം സ്ഥാനം |
| ഗണിതശാസ്ത്രമേള (ഗെയിംസ്) | – ശരണ്യ.സി. ഒന്നാം സ്ഥാനം |
| പ്രോജക്ട് സിംഗിൾ | – സ്വാതിരാജ്.എൻ. രണ്ടാം സ്ഥാനം |
| ബഡ്ഡിംഗ് & ഗ്രാഫ്റ്റിംഗ് | – അതുൽ.ജെ.പി.വി. രണ്ടാം സ്ഥാനം |
| ഇലക്ട്രോണിക്സ് | – സൂരജ്.ടി. രണ്ടാം സ്ഥാനം |
| ബുക്ക് ബൈൻഡിംഗ് | – ദിപിൻ.കെ.നായർ. മൂന്നാം സ്ഥനം |
| ഉത്തരപുസ്തകം – പി.ടി.ബി. പരീക്ഷ | – അഞ്ജലി.ഇ.കെ. – ഒന്നാം സ്ഥാനം |
| പ്രസംഗം – പി.ടി.ബി.പരീക്ഷ | – അഞ്ജലി.ഇ.കെ. – രണ്ടാം സ്ഥാനം |
| ഉത്തരപുസ്തകം – പി.ടി.ബി. പരീക്ഷ | – ശരത് ചന്ദ്രൻ.പി. – രണ്ടാം സ്ഥാനം |
| പ്രസംഗം – പി.ടി.ബി. പരീക്ഷ | – ശരത് ചന്ദ്രൻ.പി. – രണ്ടാം സ്ഥാനം |

2008 ലെ നൂതന അധ്യാപക അവാർഡ് :
സുകുമാരൻ പെരിയച്ചൂർ (സാമൂഹ്യശാസ്ത്ര അധ്യാപകൻ എ.വി.എസ്.ജി.എച്ച്.എസ്.എസ്. കരിവെള്ളൂർ)

## തിരുവനന്തപുരത്ത് സംസ്ഥാന സ്കൂൾ കലോത്സവത്തിൽ വിജയം കൈവരിച്ചവർ

ജിഷ്ണുപ്രകാശ്.പി. (+2 സയൻസ്) – കഥാരചന ഒന്നാംസ്ഥാനം

പൂരക്കളി – ഒന്നാം സ്ഥാനം

നിജിൻ നാരായണൻ (9.സി)
നിജിൻ.പി. (9 ബി)
അശ്വിൻ.കെ. (9.എ)
അരുൺ.ടി.വി. (8 ബി)
ജിതിൻ.കെ.പി. (10 ബി)
ജയിൻലാൽ.ഇ. (10 ബി)
സുഭാഷ്.കെ. (8 എഫ്)
അരുൺ.കെ. (8 ബി)
ശ്രീരാഗ് സുരേന്ദ്രൻ (10 എഫ്)
അരുൺ മനു (10 എഫ്)
അഖിലേഷ്.കെ. (8 എ)
നിതിൻ.ടി. (8 ബി)

സരുൺ ശശി (+2 സയൻസ്) – കുച്ചുപ്പുടി എ ഗ്രേഡ്
ലീജ.ടി.വി. (+2 സയൻസ്) – ജലച്ചായം എ ഗ്രേഡ്
ജിതിൻ ഭാർഗ്ഗവൻ (+1 സയൻസ്) – മിമിക്രി ബി ഗ്രേഡ്
ആനന്ദ്.പി. (10 എ) – മൃദംഗം ബി ഗ്രേഡ്



സ്കൂൾ പൂരക്കളി സംഘം

## കായികരംഗം

ശരത് ചന്ദ്രൻ.പി. – ചെസ്സ് അണ്ടർ 17 – ഒന്നാം സ്ഥാനം
കബഡി സീനിയർ ഗേൾസ് – ചാമ്പ്യൻ
ഷട്ടിൽ സീനിയർ ബോയ്സ് – ജില്ലാ റണ്ണർ അപ്
കബഡി സീനിയർ ബോയ്സ് – രണ്ടാം സ്ഥാനം
കബഡി സീനിയർ ഗേൾസ് – രണ്ടാം സ്ഥാനം

## നാഷണൽ മീൻസ് കം മെറിറ്റ് സ്കോളർഷിപ്പ് നേടിയവർ

**പ്ലസ് ടു. പഠനം വരെ മാസംതോറും 500 രൂപ നൽകുന്നസ്കോളർഷിപ്പ്**

അമൃത എം.കെ. (9 എ) ആതിര അരവിന്ദ് (9 എ)
ഗൗരി.വി.എം. (9 ബി) ജിതിൻ പി.വി. (9 ബി)
മിഥുൻ മോഹൻ (9 സി) [illegible] (9 ഡി)
നിഷ.കെ. (9 ഡി) സവൻ കുമാർ ( 9 ഇ)
ശ്രീദേവി.വി (9 ഇ)

## മുൻ വർഷങ്ങളിലെ എസ്.എസ്.എൽ.സി. വിജയശതമാനം

| | |
|---|---|
| 1980 | – 81% |
| 1985 | – 80% |
| 1990 | – 90% |
| 1995 | – 81% |
| 2000 | – 81% |
| 2001 | – 82% |
| 2002 | – 85% |
| 2003 | – 85% |
| 2004 | – 90% |
| 2005 | – 81% |
| 2006 | – 96% |
| 2007 | – 98% |
| 2008 | – 99% |
| 2009 | – 98% |

# സൂര്യതേജസ്സിന്റെ വഴിത്താരയിൽ

**കൊച്ചി അമ്പു** (പി.ടി.എ. പ്രസിഡണ്ട്)



കരിവെള്ളൂരിന്റെ ജനനായകൻ എ.വി.കുഞ്ഞമ്പുവിന്റെ നാമധേയത്തിലാണ് സുവർണജൂബിലി നിറവിൽ നിൽക്കുന്ന കരിവെള്ളൂർ എ.വി.സ്മാരക ഗവ. ഹയർ സെക്കന്ററി സ്കൂൾ ഇന്നും അറിയപ്പെടുന്നത്. ഇത് കേവലം ഒരു ഔപചാരിക നാമകരണമായിരുന്നില്ല. പഞ്ചായത്തിൽ ഒരു ഹൈസ്കൂൾ എന്ന ജനങ്ങളുടെ ആഗ്രഹത്തെ ഒരു സ്വപ്നമാക്കി വളർത്തിയെടുത്തതും യാഥാർത്ഥ്യമാക്കി സഫലീകരിച്ചതും അവരുടെയെല്ലാം നേതാവായിരുന്ന എ.വി.യുടെ മുൻകൈയിലും നേതൃത്വത്തിലുമായിരുന്നു. രാജ്യസഭാംഗമായിരുന്ന എ.വി., കമ്യൂണിസ്റ്റ് പാർട്ടിയുടെ ദേശീയതലത്തിൽ പ്രവർത്തിക്കവേ സംഘടനാപരമായ ഉത്തരവാദിത്തത്തിൽ നിന്ന് അവധിയെടുത്ത്കൊണ്ടാണ് സ്വന്തഗ്രാമത്തിലെ സ്കൂളിന് വേണ്ടി രാപ്പകലില്ലാതെ മാസങ്ങളോളം അധ്വാനിച്ചത്. വിദ്യാഭ്യാസരംഗത്തെ പ്രവർത്തനം രാഷ്ട്രീയ പ്രവർത്തനമായിത്തന്നെ അദ്ദേഹം തിരിച്ചറിഞ്ഞു. സാമൂഹ്യമാറ്റത്തിനായി ജനങ്ങളെ പ്രാപ്തമാക്കു ന്നതിന് എല്ലാതരത്തിലുമുള്ള വിദ്യാഭ്യാസം അനി വാര്യമാണെന്ന് അദ്ദേഹം സ്വന്തം അനുഭവത്തി ലൂടെ അറിഞ്ഞതാണല്ലോ. ജന്മിത്വത്തെ കടപുഴക്കിയെറിയാനും ബ്രിട്ടീഷ് സാമ്രാജ്യത്വത്തെ കെട്ടുകെട്ടിക്കാനുമുള്ള പോരാട്ട ത്തിൽ മുന്നിട്ടിറങ്ങാൻ കരിവെള്ളൂരിലെ ജനങ്ങളെ സജ്ജരാക്കിയതിൽ എ.വി യുടെ നേതൃത്വത്തിൽ നടന്ന നാനാവിധത്തിലുള്ള ബഹുജനവിദ്യാഭ്യാസ പരിപാടികളും പ്രവർത്തനങ്ങളും പ്രധാന പങ്കുവഹിച്ചുവെന്നത് ചരിത്രപാഠമാണ്. അതിന്റെ തുടർച്ചയായി ആധുനിക കരിവെള്ളൂരിന്റെ നിർമ്മിതിയിൽ നിർണ്ണായകമായ ഒരു ചുവടുവയ്പായിരിക്കും ഹൈസ്കൂൾ സ്ഥാപനം എന്ന ബോധ്യത്തോടെ ആ ദൗത്യം ആദ്ദേഹം ഏറ്റെടുക്കുകയായിരുന്നു.

ഹൈസ്കൂളിന്റെ ഔപചാരികമായ ഉദ്ഘാടനം 1958 ജൂൺ 23 ന് ബഹുമാനപ്പെട്ട കാസർഗോഡ് ഡി.ഇ.ഒ. ശ്രീമതി സി.ചിന്നമ്മയാണ് നിർവ്വഹിച്ചത്. ഒരു നാടിന്റെയാകെ ചിരകാലസ്വപ്നത്തിന്റെ സാക്ഷാത്കാരമാണ് അതുവഴി നിർവ്വഹിക്കപ്പെട്ടത്. സ്കൂളിന്റെ പിറവിക്ക് ശേഷം അതിന്റെ വളർച്ചയുടെഓരോ ഘട്ടത്തിലും സ്വന്തം കുഞ്ഞെന്നപോലെയുള്ള പരിലാളനയും കൈത്താങ്ങുമാണ് എ.വി. നൽകിയത്. ഹൈസ്കൂൾ വികസനരംഗത്തെക്കുറിച്ചുള്ള വിചാരങ്ങളാണ് മരിക്കുന്നതിന് തൊട്ട് മുമ്പുള്ള ദിവസങ്ങളിൽപോലും അദ്ദേഹത്തെ അലട്ടിക്കൊണ്ടിരുന്നത്. എം.എൽ.എ. എന്ന നിലയിലും ജനനേതാവ് എന്ന നിലയിലും എ.വി. നൽകിയ സംഭാവനകൾ തുടർന്നും സ്കൂളിന്റെ ചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. 1980 ജൂൺ 8 ന് അദ്ദേഹം ജീവിതത്തോട് വിടപറഞ്ഞതോടെ കരിവെള്ളൂർ ഹൈസ്കൂൾ എ.വി. യുടെ മറ്റൊരു സ്മാരക മായി മാറി. 1987 ജൂൺ 2 ന് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ കരിവെള്ളൂർ ഹൈസ്കൂൾ "എ.വി.സ്മാരക ഗവ. ഹയർ സെക്കന്ററി സ്കൂൾ" എന്ന് പുനർ നാമകരണം ചെയ്യുകയുണ്ടായി.

ഹൈസ്കൂളിന്റെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പഠനനിലവാരം ഉയർത്തുന്നതിനും ആവശ്യമായ ജനകീയ ഇടപെടലുകൾക്ക് നേതൃത്വം നൽകിയത് എ.വി. പ്രസിഡണ്ടായ വെൽഫെയർ കമ്മിറ്റിയാണ്. മരിക്കുന്നതുവരെ അദ്ദേഹം ആ സ്ഥാനത്ത് തുടർന്നു. സ: എ.വി.യുടെ നിര്യാണത്തെത്തുടർന്ന് ശ്രീ.കെ.ഗോവിന്ദൻ വെൽഫെയർ കമ്മിറ്റി പ്രസിഡണ്ടായി പ്രവർത്തിച്ചു. തുടക്കം മുതൽ സെക്രട്ടറിയായി പ്രവർത്തിച്ചത് ശ്രീ. കടിഞ്ഞിയിൽ ഗോവിന്ദൻ നായരായിരുന്നു. വാർധക്യസഹജമായ പ്രശ്നങ്ങൾ നിമിത്തം അവസാന കാലത്ത് സെക്രട്ടറിയുടെ ചുമതല വഹിച്ചിരുന്നത് ശ്രീ. എൻ.കെ.നാരു ഉണിത്തിരി മാസ്റ്ററായിരുന്നു. പിൽക്കാലത്ത് പി.ടി.എ. സംവിധാനം നിലവിൽ വന്നതോടെ സുശക്തമായ പി.ടി.എ. കമ്മിറ്റികൾ സ്കൂൾ പ്രവർത്തനങ്ങളെ സഹായിക്കുന്ന നിലവന്നു. സ്കൂളിന്റെ എല്ലാ വികസന കാര്യങ്ങളിലും സ: എ.വി.യുടെ പ്രവർത്തനമാതൃകയും പാരമ്പര്യവും തുടർന്നു കൊണ്ടുപോകാൻ അതാത് കാലത്തെ പി.ടി.എ. കമ്മിറ്റികൾ ശ്രദ്ധിച്ചിട്ടുണ്ട്. സർക്കാർ, എം.പി., എം.എൽ.എ. മാരുടെ പ്രാദേശിക വികസന ഫണ്ടുകൾ, ത്രിതല പഞ്ചായത്ത് ഫണ്ടുകൾ എന്നീ ധനസ്രോതസ്സുകൾ ഏകോപിപ്പിച്ച്കൊണ്ടുള്ള വികസന പ്രവർത്തനങ്ങൾ നല്ല നിലയ്ക്ക് സംഘടിപ്പിക്കുന്നതിനും ഫലപ്രദമായി വിനിയോഗിക്കുന്നതിനും പി.ടി.എ. കൾക്ക് സാധിച്ചിട്ടുണ്ട്. സ: എ.വി. അവസാന നാളുകളിൽ യാഥാർത്ഥ്യമായി കാണാൻ ആഗ്രഹിച്ച ബഹുനിലക്കെട്ടിടം എന്ന സ്വപ്നം ഏറെ വർഷങ്ങൾക്കുശേഷമാണെങ്കിലും ഇപ്പോൾ യാഥാർത്ഥ്യമാവാൻ പോവുകയാണ്. സ്കൂളിന്റെ വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾക്കനുസരിച്ച് ജനങ്ങളിൽ നിന്ന് ഫണ്ട് ശേഖരിച്ച് നടത്തി. പഠനം സുഗമമാക്കുന്ന, തികച്ചും വ്യത്യസ്തമായ ശൈലി ഒരു പക്ഷേ കേരളത്തിൽത്തന്നെ മാതൃകാപരമായി നടത്തിയത് കരിവെള്ളൂരിലെ പ്രബുദ്ധരായ ജനങ്ങളാണ് ഒട്ടനവധി കെട്ടിടങ്ങൾ ഇങ്ങനെ നിർമ്മിച്ചവയാണ്.

2003ൽ കുട്ടികൾ നേതൃത്വം നൽകി സമ്മാനകൂപ്പണുകളിലൂടെ ശേഖരിച്ച 95000 രൂപ ഉപയോഗിച്ചാണ് 12 മുറികളുള്ള പെൺകുട്ടികളുടെ മൂത്രപ്പുര നിർമ്മിച്ചത്. കൂട്ടായപ്രവർത്തന ത്തിന്റെ ഒരുത്തമ മാതൃകയാണിത്. ഉദാരമനസ്കരായ വ്യക്തികളേയും സ്ഥാപനങ്ങളെയും സമീപിച്ച് കമ്പ്യൂട്ടറുകളും ഫണ്ടുകളും ശേഖരിച്ച്നടത്തിയ കമ്പ്യൂട്ടർ ലാബ് വികസനം, പുസ്തകങ്ങളും ഫണ്ടും ശേഖരിച്ച് നടത്തിയ ലൈബ്രറി വികസനം, അടിസ്ഥാന സൗകര്യമൊരുക്കുന്നതിന് ഷെൽഫ്, ഫർണിച്ചറുകൾ മറ്റ് ഉപകരണങ്ങൾ എന്നിവ സ്വരൂപിച്ചത്. ഇതിനൊക്കെ നേതൃത്വം കൊടുക്കുവാൻ പി.ടി.എ.ക്ക് സാധിച്ചു. 8396 പുസ്തകങ്ങൾ ഉൾക്കൊള്ളുന്ന വിപുലമായ ഗ്രന്ഥശേഖരം സ്കൂളിനുണ്ടെങ്കിലും സൗകര്യപ്രദമായി ഇരുന്ന് വായിക്കുന്നതി നുള്ള റീഡിംഗ് റൂം, പുസ്തകങ്ങൾ സൂക്ഷിക്കുന്നതിനുള്ള ലൈബ്രറി റൂം, ഹയർ സെക്കന്ററി കമ്പ്യൂട്ടർ ലാബ് എന്നിവയ്ക്കുള്ള സൗകര്യം ഇനിയും കണ്ടെത്തേണ്ടതുണ്ട്. 12–ാം ധനകാര്യ കമ്മീഷൻ ശുപാർശപ്രകാരം പുസ്തകങ്ങൾ ലാബ്സാമഗ്രികൾ എന്നിവ ഒരുക്കുന്നതിന് 3 ലക്ഷം രൂപ അനുവദിച്ചുകിട്ടിയിട്ടുണ്ട്. പി.ടി.എ. യുടെ ബാധ്യതയിൽ ഒരു ലൈബ്രേറിയനെ നിയമിച്ചിട്ടുണ്ട്. ഹൈസ്കൂൾ മൈതാനം ഒരു മിനിസ്റ്റേഡിയം ആക്കണമെന്ന് ബഹു. മന്ത്രി ശ്രീ.എം.വിജയകുമാറിന്റെ പ്രഖ്യാപനത്തിന് ഇന്നുള്ള സൗകര്യം പോലും പരിമിതപ്പെടു ത്തുന്ന തരത്തിലുള്ള നാഷണൽ ഹൈവേയുടെ വികസനം ഒരു വിലങ്ങുതടിയായി നിൽക്കുന്നു.

മാറിമാറി വന്ന പി.ടി.എ. കമ്മിറ്റികൾ അതാതുകാലത്തെ സ്കൂളിന്റെ എല്ലാ രംഗത്തേയും വികസന പ്രവർത്തനങ്ങളിൽ സദാ ജാഗരൂകരായിരുന്നു. 2004 ൽ ജില്ലാ പഞ്ചായത്ത് അനുവദിച്ച 8 ലക്ഷം രൂപ ഉപയോഗിച്ച് താഴത്തെ നിലയും, മുൻ എം.എൽ.എ. ശ്രീ.കെ.പി.സതീഷ് ചന്ദ്രന്റെ പ്രാദേശിക വികസന ഫണ്ടിൽ നിന്നനുവദിച്ച 7 ലക്ഷം രൂപ ഉപയോഗിച്ച് രണ്ടാം നില യുടെ നിർമ്മാണവും പൂർത്തീ കരിക്കുവാൻ പി.ടി.എ. ക്ക് സാധിച്ചു. ബഹു. കാസർഗോഡ് എം.പി. ശ്രീ. പി.കരുണാകരന്റെ ഫണ്ടിൽ നിന്ന് അടുത്ത നില പണിയുന്നതിന് 12.5 ലക്ഷം രൂപ അനുവദിക്കുകയും 17-02-2009 ന് ടെൻഡർ അംഗീകരിക്കുകയും ചെയ്തിരിക്കുകയാണ്. എം.പി.ഫണ്ടിന്റെ നിർമ്മാണം പൂർത്തീ കരിക്കുന്നതോടെ സഖാവ് എ.വി. യുടെ അവസാന നാളുകളിലെ സ്വപ്നം യാഥാർത്ഥ്യ മാവുകയാണ്. കേരളാ ഗവൺമെന്റിന്റെ ഭരണ നവീകരണ പദ്ധതി (എം.ജി.പി.) യുടെ ഭാഗമായി നമ്മുടെ ഹൈസ്കൂൾ സേവനപ്രദാന കേന്ദ്രമായി അംഗീകരിക്കുകയും നിർമ്മാണ പ്രവർത്തന ത്തിനും അടിസ്ഥാന സൗകര്യവികസന ത്തിനുമായി 16 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു. വിശാല മായ 4 പ്ലസ് ടു ക്ലാസ് മുറികൾ, മഴവെള്ളസംഭരണി, കമ്പ്യൂട്ടറു കൾ, വൈദ്യുതീകരണം, കമ്പ്യൂട്ടർ ടേബിളുകൾ, ഓഫീസ് ടേബിളുകൾ, കോൺഫറൻസ് ടേബിളുകൾ, കാന്റീൻ പാത്രങ്ങൾ എന്നിവ സംഘടിപ്പിക്കുന്നതിന് ഇതുവഴി സാധിച്ചിട്ടുണ്ട്. ബഹു. മുൻ എം.പി. ശ്രീ.ടി.ഗോവിന്ദന്റെ പ്രാദേശിക വികസനഫണ്ടിൽ നിന്ന് അനുവദിച്ച ഫണ്ടും കണ്ണൂർ ജില്ലാ പഞ്ചായത്ത് അനുവദിച്ച ഫണ്ടും ഉപയോഗിച്ച് സ്കൂളിന് ചുറ്റുമതിൽ നിർമ്മിക്കുവാൻ സാധിച്ചു, പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. പൂർത്തീകരിക്കേണ്ട തുണ്ട്. വിശാലമായ സ്കൂളിന്റെ സ്ഥലം കൈയ്യേറാനും കൈവശപ്പെടുത്താനുമുള്ള കുൽസിതമായ നീക്കം ചില ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ട്. കരിവെള്ളൂർ മുച്ചിലോട്ട് ദേവസ്വം കമ്മിറ്റിയുടെ ഭാഗത്തുനിന്നുണ്ടായിട്ടുള്ള ഇത്തരം നീക്കങ്ങൾ പലതവണ ചർച്ച ചെയ്യപ്പെട്ടിട്ടുള്ളതാണ്. പി.ടി.എ. യുടേയും ജന ങ്ങളുടേയും ശക്തമായ ഇടപെടൽ ഇക്കാര്യത്തിൽ ഉണ്ടായി ട്ടുണ്ട്. നിയമപരമായും ധാർമ്മികമായും സ്കൂളിന്റെ നിലപാടുകളുടെ യുക്തിഭദ്രതയും വസ്തുതാപരതയും ജനങ്ങളേയും അധികൃത രേയും ബോധ്യ പ്പെടുത്തുന്നതിനും പഠിപ്പിക്കുന്നതിനും പി.ടി.എ. ഒരു ധർമ്മ യുദ്ധത്തിന് തന്നെ നേതൃത്വം നൽകി. നിയമപരമായി സ്കൂളിന് അവകാശപ്പെട്ട ഒരുസെന്റ് ഭൂമി പോലും അന്യാധീന പ്പെടുത്താനോ വിട്ടുകൊടുക്കാനോ തയ്യാറല്ലെന്നതാണ് പി.ടി.എ. യുടെ ഏകകണ്ഠമായ തീരുമാനം. പൊതുസ്ഥലം കൈയ്യേറുന്നത് കുറ്റകരമായ കൃത്യമാണെന്ന് കാണാനും പൊതുസ്ഥലം സംരക്ഷി ക്കേണ്ടത് സമൂഹത്തിന്റെയാകെ ബാധ്യതയും ഉത്തര വാദിത്വവു മാണെന്ന് അറിയാനും കഴിയണം. സമ്പൂർണ്ണ ശുചിത്വത്തിന്റെ ഭാഗമായി കുട്ടികളിൽ ശരിയായ അവബോധം സൃഷ്ടിക്കുന്ന തിനും, ആവശ്യമായ ടോയ്‌ലറ്റ് സൗകര്യങ്ങൾ നിർമ്മിക്കുന്ന തിനും സാധിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് ഫണ്ടും, പി.ടി.എ. ഫണ്ടും ഉപയോഗിച്ച് ആൺകുട്ടികൾക്കുള്ള മൂത്രപ്പുരകൾ, ഗ്രാമപഞ്ചായത്ത് ഫണ്ടും പി.ടി.എ. ഫണ്ടും ഉപയോഗിച്ച് നാല് മുറികളുള്ള പെൺകുട്ടികൾക്കുള്ള ടോയ്‌ലറ്റ്, ബ്ലോക്ക് പഞ്ചാ യത്ത് ഫണ്ടും പി.ടി.എ. ഫണ്ടും ഉപയോഗിച്ച് ഹയർ സെക്കന്ററി യിലെ ആൺകുട്ടികൾ, പെൺകുട്ടികൾ എന്നിവർക്ക് 14 മുറികളുള്ള പ്രത്യേകം പ്രത്യേകം ടോയ്‌ലറ്റുകൾ, ജില്ലാ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് ഹയർ സെക്കന്ററി വിഭാഗം പെൺകുട്ടികളുടെ മൂത്രപ്പുര എന്നിവയുടെ നിർമ്മാണം നടത്താൻ പി.ടി.എ.ക്ക് സാധിച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് അനുവദിച്ച ഒരുലക്ഷം രൂപയും പി.ടി.എ. ഫണ്ടും ഉപയോഗിച്ച് നിലവിലുള്ള കെട്ടിടസൗകര്യം ഉപയോഗപ്പെടുത്തി സ്റ്റോക്ക് റൂം സൗകര്യം ഉൾപ്പെടെ പാചകപ്പുര നിർമ്മിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. സുവർണജൂബിലി വർഷത്തിൽ നമ്മുടെ സ്കൂളിന്റെ മികവിനുള്ള അംഗീകാരമായി കണ്ണൂർ ജില്ലയിലെ 20 ഹയർ സെക്കന്ററി സ്കൂളുകൾ തെരഞ്ഞെടുത്തതിൽ നമ്മുടെ സ്കൂളും പെടും. നബാർഡിന്റെ സഹായത്തോടെ കണ്ണൂർ ജില്ലാ പഞ്ചായത്ത് നടപ്പിലാക്കുന്ന ഹയർ സെക്കന്ററി കോംപ്ലക്സ് നിർമ്മാണം നമ്മുടെ സ്കൂളിൽ പുരോഗമിക്കുകയാണ്. ഒരുകോടി രൂപ മൊത്തം ചെലവ് കണക്കാക്കുന്ന ബിൽഡിംഗ് നിർമ്മാണത്തിന്റെ ഗ്രൗണ്ട് ഫ്ളോർ നിർമ്മാണത്തിന് 46 ലക്ഷമാണ് ഇപ്പോൾ അനുവദിച്ചിട്ടുള്ളത്. ഗവൺമെന്റ് ഏജൻസിയായ നിർമ്മിതി കേന്ദ്രത്തിനാണ് ഇതിന്റെ നിർമ്മാണചുമതല. സുവർണജൂബിലി സ്മാരകമായി ഓപ്പൺ ഓഡിറ്റോറിയം നിർമ്മിക്കണമെന്ന പി.ടി.എ. യുടെ അഭ്യർത്ഥന മാനിച്ച് ബഹു. എം.എൽ.എ.യും സ്കൂളിലെ പൂർവ്വ വിദ്യാർത്ഥിയുമായ ശ്രീ.കെ.കുഞ്ഞിരാമൻ 5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഫണ്ട് അനുവദിച്ചുകിട്ടുന്നതിനുള്ള പ്രാരംഭ നടപടികൾ ഇതിനകം ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്.ഉദാരമതികളായ പൂർവ്വ വിദ്യാർത്ഥികളുടേയും നാട്ടുകാരുടേയും സഹകരണ ത്തോടെ ഓഡിറ്റോറിയനിർമ്മാണം പൂർത്തീകരിക്കുവാൻ കഴിയുമെന്ന പൂർണ്ണ വിശ്വാസം പി.ടി.എ. കമ്മിറ്റിക്കുണ്ട്.

വികസന രംഗത്തെ മുന്നേറ്റത്തോടൊപ്പം അക്കാദമിക് രംഗങ്ങളിലും പാഠ്യേതര പ്രവർത്തനങ്ങളിലും സജീവമായി ഇടപെടുന്നതിന് പി.ടി.എ. ക്ക് സാധിച്ചിട്ടുണ്ട്. എല്ലാ വർഷവുമുള്ള ഉയർന്ന വിജയശതമാനം, അത് സ്ഥായിയായി നിലനിർത്തുന്ന തിന് നമ്മുടെ സ്കൂളിന് സാധിച്ചിട്ടുണ്ട്. കലാ-കായിക- സാംസ് കാരിക-ശാസ്ത്രമേഖലകളിൽ സംസ്ഥാനത്തുതന്നെ അംഗീകാരം പിടിച്ചുപറ്റുന്ന തരത്തിൽ പ്രതിഭകളെ വളർത്തിയെടുക്കുന്ന സദ് പാരമ്പര്യം ഇന്നും നിലനിർത്തിക്കൊണ്ടു പോകുന്നതിന് സ്കൂളിന് സാധിച്ചിട്ടുണ്ട്. അർപ്പണബോധവും സേവനസന്നദ്ധതയും ലക്ഷ്യ ബോധവുമുള്ള അധ്യാപകർ, കർമ്മനിരതമായ പി.ടി.എ. കമ്മിറ്റി, സ്കൂളിന്റെ എല്ലാ പ്രവർത്തനങ്ങളിലും താല്പര്യപൂർവ്വം സഹകരിക്കുന്ന രക്ഷിതാക്കൾ, സാമൂഹ്യ രാഷ്ട്രീയ മണ്ഡല ങ്ങളിൽ നിന്നുള്ള കൂട്ടായ്മയും പ്രോത്സാഹനവും, അച്ചടക്കബോധ മുള്ള വിദ്യാർത്ഥികൾ, പഠിച്ച വിദ്യാലയത്തോട് വൈകാരികമായ ബന്ധം കാത്തുസൂക്ഷിക്കുന്നആയിരക്കണക്കിന് പൂർവ്വ വിദ്യാർ ത്ഥികൾ ഇവരൊക്കെ ഈ വിദ്യാലയത്തിന്റെ വളർച്ചയുടെ പ്രേരക ശക്തികളാണ്.

ഈ മഹത്സ്ഥാപനത്തിന്റെ പിറവിയിലും ഇന്നേവരെയുള്ള വളർച്ചയിലും നേതൃത്വം നൽകി ത്യാഗപൂർവ്വം പ്രവർത്തിച്ച് കാല യവനികയ്ക്കുള്ളിൽ മറഞ്ഞുപോയ മഹാത്മാക്കളുടെ സ്മരണ നമുക്കെന്നും വഴികാട്ടിയാണ്. സ്കൂളിന്റെ ആരംഭം മുതൽ പ്രധാനാധ്യാപകനായി സേവനമനുഷ്ഠിച്ച ശ്രീ.കെ.ടി.എൻ. സുകുമാരൻ നമ്പ്യാർ മാസ്റ്റർ ഇന്നും നമ്മോടൊപ്പമുണ്ട്. സ്കൂളിന്റെ അഭിമാനം ഉയർത്തിപ്പിടിക്കുന്നതിന് സേവനസന്നദ്ധതയോടെ സാരഥികളായും അധ്യാപകരായും സേവനമനുഷ്ഠിച്ച അധ്യാപക ശ്രേഷ്ഠന്മാർ, സ്കൂളിന്റെ എല്ലാ പ്രവർത്തനങ്ങളിലും പി.ടി.എ. അംഗം എന്ന നിലയിൽ നേതൃത്വപരമായ പ്രവർത്തനം കാഴ്ച വെച്ച ശ്രീ.കെ.കേരളകുമാറിനെപ്പോലെയുള്ള അഭ്യുദയ കാംക്ഷി കൾ - ഇവരിൽ പലരും- ഇന്ന് നമ്മോടൊപ്പമില്ല. അവരെയൊക്കെ സ്മരിക്കുന്നതോടൊപ്പം അവരുടെ സ്മരണ പുതിയ മുന്നേറ്റ ങ്ങൾക്ക് നമുക്ക് ഇന്ധനമായി മാറട്ടെയെന്ന് ആഗ്രഹിക്കുന്നു.

സുവർണജൂബിലി ആഘോഷങ്ങൾ സ്മരണയും സ:എ.വി.യുടെ സ്മരണ ഒന്നുകൂടി ഉയർത്തിപ്പിടിക്കുന്നതിനും സ്കൂളിന്റെ സർവ്വതോന്മുഖമായ പുരോഗതിക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് പ്രചോദനമാകുന്നതിനും ഉതകുമെന്ന് ആഗ്രഹിക്കുന്നു.

# പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ ദൗത്യം

അഡ്വക്കറ്റ് കെ.വിജയകുമാർ



ഒരു നാടിന്റെ സ്വപ്നവും അത് യാഥാർത്ഥ്യമാക്കുന്നതിന് വേണ്ടിയുള്ള ഭഗീരഥ പ്രയത്നവും അതിന്റെ ധീരമായ ചരിത്രവും കരിവെള്ളൂർ ഗവൺമെന്റ് ഹൈസ്കൂളിന്റെ (ഇന്നത്തെ എ.വി. സ്മാരക ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ) ഇതുപോലുള്ള മറ്റ് വിദ്യാലയങ്ങളിൽ നിന്ന് അത്യന്തം വ്യത്യസ്തമാക്കുന്നു. അമ്പതുകളുടെ അവസാനത്തോടെ തുടക്കമിട്ട മലബാർ പ്രദേശത്തെ പല സ്കൂളുകൾക്കും സമാനമായ പല കഥകളും ഉണ്ടാകാമെങ്കിലും ഒരു ജനതയുടേയും അതിന്റെ നേതൃത്വത്തിന്റേയും ഇച്ഛാശക്തി ഒരു ദരിദ്ര ഗ്രാമത്തിന്റെ ഭാഗധേയത്തെ ഇതുപോലെ നിർണ്ണയിച്ച മറ്റൊരനുഭവം ചൂണ്ടിക്കാട്ടാനുണ്ടാവില്ലെന്നു കരുതാം. ഐതിഹാസികമായ കരിവെള്ളൂർ സമരത്തിലൂടെ ദേശീയ തലത്തിൽ തന്നെ ശ്രദ്ധേയമായിത്തീർന്ന ഈ നാട്ടിൽ നടക്കുന്ന ഏതൊരു പ്രവർത്തനത്തിനും വലിയ അളവിലുള്ള ജനശ്രദ്ധ ലഭിച്ചിരുന്നു. ഒരു സ്ഥലനാമമെന്നതിനപ്പുറം കരിവെള്ളൂർ സംഘാടനത്തിന്റേയും സമരത്തിന്റേയും അതിജീവനത്തിന്റേയുമെല്ലാം കേന്ദ്രമായിത്തീർന്നു. അഭിനവഭാരത യുവക് സംഘം, കർഷകസംഘം, കരിവെള്ളൂർ സമരം തുടങ്ങി മൗലികതയുള്ള മുന്നേറ്റങ്ങൾ പലതും ഈ മണ്ണിൽ നടന്നതിന് ജനതയുടെ സംഘടിത ശക്തിയെന്നതുപോലെ അതിന്റെ ഭാവനാപൂർണവും ധീരവുമായ നേതൃത്വവും പ്രധാന ചാലകശക്തിയായിരുന്നു

കരിവെള്ളൂർ സമരത്തിന്റെ നായകനായ സഖാവ് എ.വി. തന്നെയാണ് ഈ അക്ഷരസമരത്തിനും നേതൃത്വം നൽകിയത് എന്നത് ചരിത്രത്തിന്റെ വെറും യാദൃച്ഛികതയല്ല. സഖാവ് എ.വി.യുടെ മകൻ എന്ന പരിഗണനയും അംഗീകാരവും എപ്പോഴും പ്രത്യേകമായി സ്കൂളും അധ്യാപകരും സഹപാഠികളുമെല്ലാം എനിക്ക് പ്രത്യേകമായി പകർന്ന് തന്നിട്ടുണ്ട്. ജീവിതം കെട്ടിപ്പടുക്കുന്നതിനും പിന്നീട് ഞാൻ ആരംഭിച്ച അഭിഭാഷക ജീവിതത്തിനുമെല്ലാം പരിശീലനക്കളരിയായിത്തീർന്നത് ഈ വിദ്യാലയം തന്നെ. ജീവിതത്തിന്റെ വ്യത്യസ്ത മേഖലകളിൽ പ്രാഗൽഭ്യം തെളിയിച്ചിട്ടുള്ള എന്റെ സഹപാഠികൾക്കും ഇതേ അഭിപ്രായം തന്നെയായിരിക്കുമെന്ന് ഞാൻ കരുതുകയാണ്. ഇവിടത്തെ അധ്യാപകരുടെ ശിക്ഷണം, സ്നേഹം, വാത്സല്യം, ശാസന എല്ലാം ഞങ്ങളെയൊക്കെ പിന്തുടരുന്നുണ്ട്.

കേരളസർക്കാറിന്റെ ഒരു പ്രത്യേക പദ്ധതിയനുസരിച്ച് കരിവെള്ളൂർ ഗവ. ഹൈസ്കൂളിൽ 1964ൽ തുടങ്ങിയ ഒരു ഇംഗ്ലീഷ് മീഡിയം ബാച്ചിലാണ് ഞാൻ പഠിച്ചത്. അതിൽ സഹപാഠികളായിരുന്ന 24 പേരിൽ പലരും വിവിധ മേഖലകളിൽ ഉന്നത ശ്രേണികളിൽ എത്തിച്ചേർന്നിട്ടുണ്ട്. 1967 ൽ എസ്.എസ്.എൽ.സി. വിദ്യാഭ്യാസം കഴിഞ്ഞ് ഞാനും ഞങ്ങളുടെ ബാച്ചിലുള്ള എന്റെ സഹപാഠികളും പുറത്തിറങ്ങി. അതിന്ശേഷവും സ്കൂളിന്റെ വിവിധങ്ങളായ പ്രവർത്തനങ്ങളിൽ മറ്റുള്ളവരോടൊപ്പം എനിയ്ക്കും ബന്ധപ്പെടാൻ കഴിഞ്ഞിട്ടുണ്ട്. ഈ സ്കൂളിൽ 5 വർഷത്തോളം പി.ടി.എ. പ്രസിഡണ്ടായും അതിനുശേഷം സുവർണജൂബിലി വർഷമായ 2008 മുതൽ പൂർവ്വവിദ്യാർത്ഥി സംഘടനയുടെ പ്രസിഡണ്ടായും പ്രവർത്തിച്ചുവരുന്നു.

1985 ൽ സ്കൂളിന്റെ രജതജൂബിലിയോടനുബന്ധിച്ചാണ് പൂർവ്വ വിദ്യാർത്ഥി സംഘടന പൂർണ്ണരൂപത്തിൽ പ്രവർത്തന മാരംഭിച്ചത്. കരിവെള്ളൂർ ഗവ. ഹൈ സ്കൂൾ സ്ഥാപിക്കപ്പെട്ടപ്പോൾ 1958 ലെ ആദ്യ ബാച്ചിൽ വിദ്യാർത്ഥികളായിരുന്ന ശ്രീ.പി.കുഞ്ഞിക്കണ്ണൻ പ്രസിഡണ്ടും ശ്രീ.എൻ.കെ.പ്രഭാകരൻ മാസ്റ്റർ കൺവീനറുമായി രൂപീകരിക്കപ്പെട്ട ആദ്യ കമ്മിറ്റിയുടെ രംഗപ്രവേശം തന്നെ ബൃഹത്തായ ലക്ഷ്യത്തോടെ വേണ്ടിവന്നു. നിരവധി പൊതു പരിപാടികളിലും, സ്കൂളിന്റെ മാത്രമായ പരിപാടികളും നടക്കുന്ന ഗ്രൗണ്ടിൽ ഉചിതമായ ഒരു സ്റ്റേജ് നിർമ്മിച്ച് നൽകുക എന്നതായിരുന്നു അത്. നീണ്ട മാസങ്ങൾ തുടർച്ചയായി നടത്തിയ കഠിന പ്രയത്നത്തിലൂടെയാണ് അത് യാഥാർത്ഥ്യമാക്കിയത്. എ.വി.സ്മാരക ഓഡിറ്റോറിയമെന്ന പേരിൽ സ്കൂൾ കെട്ടിടങ്ങളോടനുബന്ധിച്ച് കിഴക്കോട്ട് മുഖമുള്ള ഒരു മനോഹരമായ കോൺക്രീറ്റ് സ്റ്റേജ് രജതജൂബിലി സ്മാരകമായി നിർമ്മിച്ച് സംഭാവന ചെയ്യുവാൻ പ്രസ്തുത കമ്മിറ്റിക്ക് കഴിഞ്ഞു. ഇക്കഴിഞ്ഞ 25 വർഷത്തിനിടയിൽ ശ്രദ്ധേയമായനൂറുകണക്കിന് പരിപാടികളും കലാമേളകളും നാടകങ്ങളുമെല്ലാം അരങ്ങേറിയ ഈ രംഗമണ്ഡപം നമ്മുടെ സ്കൂളിന് പൂർവ്വവിദ്യാർത്ഥി സമൂഹം നൽകിയ അഭിമാന മുദ്രയാണ്.



എ.വി.സ്മാരക ഓഡിറ്റോറിയം



പി.വി.കുഞ്ഞിക്കണ്ണൻ, സെക്രട്ടറി പൂർവ്വവിദ്യാർത്ഥി സംഘടന

അമ്പതാം വാർഷികത്തോടനുബന്ധിച്ചാണ് പൂർവ്വ വിദ്യാർത്ഥി സംഘടന വിപുലീകരിച്ചത്. അഡ്വ. കെ.വിജയകുമാർ പ്രസിഡണ്ടും, ശ്രീ.പി.വി.കുഞ്ഞിക്കണ്ണൻ മാസ്റ്റർ സെക്രട്ടറിയുമായ കമ്മിറ്റിയാണ് ഇപ്പോൾ പൂർവ്വവിദ്യാർത്ഥി സംഘടനയ്ക്ക് നേതൃത്വം നൽകുന്നത്. സുവർണജൂബിലി ആഘോഷം വൻവിജയമാക്കുന്നതിന് പൂർവ്വ വിദ്യാർത്ഥികൾ സ്തുത്യർഹമായ പങ്കുവഹിച്ചിട്ടുണ്ട്.

സുവർണജൂബിലി ആഘോഷങ്ങളോടനുബന്ധിച്ച് നടത്തിയ പൂർവ്വവിദ്യാർത്ഥി സംഗമവും കലാപരിപാടികളും അവിസ്മരണീയമാണ്. ജൂബിലി ആഘോഷങ്ങളുടെ സാമ്പത്തിക സ്വരൂപണത്തിന് ആഘോഷക്കമ്മിറ്റികളോടൊപ്പം പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ പ്രവർത്തകർ നിസ്തുലമായ പ്രവർത്തനം നടത്തി. പത്ത് ലക്ഷത്തിലധികം രൂപ ജൂബിലി ആഘോഷവേളയിൽ പിരിച്ചെടുത്തിട്ടുണ്ട്. അതിൽ മിച്ചംവരുന്ന സംഖ്യയും എം.എൽ.എ.

ഫണ്ടും കൂടി ഉപയോഗിച്ച് സ്കൂൾ ഓഡിറ്റോറിയത്തിന്റെ നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിക്കാനാണ് പൂർവ്വ വിദ്യാർത്ഥി സംഘടന ഉദ്ദേശിക്കുന്നത്.

കരിവെള്ളൂർ എ.വി.സ്മാരക സ്കൂൾ www.avsghss.wetp.com എന്ന പേരിൽ ഒരു വെബ്സൈറ്റ് തുടങ്ങിയിട്ടുണ്ട്. ഈ സ്കൂളിൽ നിന്നും കഴിഞ്ഞ 50 വർഷത്തിനകം പഠിച്ച് പുറത്തേക്ക് പോയ മുഴുവൻ പൂർവ്വവിദ്യാർത്ഥികളേയും ഒന്നിപ്പിക്കുന്ന ഒരു കണ്ണിയായി പൂർവ്വവിദ്യാർത്ഥി സംഘടന മാറണം എന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. അതിനായി മുഴുവൻ പൂർവ്വവിദ്യാർത്ഥികളേയും സ്കൂളിന്റെ വെബ്സൈറ്റിൽ അംഗങ്ങളാക്കിച്ചേർക്കുകയും അവരുമായി പരസ്പരം ആശയവിനിമയം നടത്തുകയും സ്കൂളിന്റെയും ഈ നാട്ടിന്റെയും പൊതുപ്രവർത്തനങ്ങളിൽ എല്ലാ പൂർവ്വ വിദ്യാർത്ഥികളേയും പങ്കാളികളാക്കുകയും ചെയ്യുക എന്നതാണ് ഈ പൂർവ്വവിദ്യാർത്ഥി സംഘടനയുടെ ദൗത്യം.

സ്കൂളിൽ നിന്ന് ഇറങ്ങിയ ഓരോ പൂർവ്വ വിദ്യാർത്ഥിയും അവരുടെ ഓർമ്മയിലും പരിചയത്തിലുമുള്ള മുഴുവൻ സഹപാഠികളേയും ബന്ധപ്പെടുകയും അവരെ ഈ സംഘടനയിലേക്ക് ബന്ധപ്പെടുത്തുകയും ചെയ്യുവാൻ സഹകരിക്കണമെന്ന് ഞാൻ വിനയപൂർവ്വം പൂർവ്വവിദ്യാർത്ഥി സംഘടനയ്ക്ക് വേണ്ടി അപേക്ഷിക്കുകയാണ്.

## 50 വർഷത്തെ വിദ്യാലയത്തിന്റെ സാരഥികൾ

1. കെ.ടി.എൻ.സുകുമാരൻ നമ്പ്യാർ ഹെഡ്മാസ്റ്റർ
2. ബപ്പൻ കേയി
3. കെ.സി.നായർ
4. സി.ആർ.പണിക്കർ
5. വി.രാമയ്യർ
6. രാമൻ മേനോൻ
7. പി.പി.മാധവൻ നമ്പൂതിരി
8. ആർ.മാധവൻ നായർ
9. പി.ഒ.വർഗ്ഗീസ്
10. വി.നാരായണക്കുറുപ്പ്
11. കെ.കൃഷ്ണപിള്ള
12. ക്ഷേമാവതി
13. ജെറാൾഡ് ജേക്കബ്
14. എൻ.സുഗതൻ
15. എൻ.സഹദേവൻ
16. എസ്.മാധവൻ പിള്ള
17. സി.സി.പത്മനാഭൻ
18. ടി.എസ്.രാമചന്ദ്രൻ
19. ടി.എസ്.രാമചന്ദ്രൻ (1981–82) ഹെഡ്മാസ്റ്റർ
20. കെ.ടി.എൻ.സുകുമാരൻ നമ്പ്യാർ (1982–85) ഹെഡ്മാസ്റ്റർ
21. വി.എസ്.കാതറിൻ (1985) ഹെഡ്മാസ്റ്റർ
22. ശാരദ രാമചന്ദ്രൻ (1985) ഹെഡ്മാസ്റ്റർ
23. കെ.എൻ.സഹദേവൻ (1985–86) ഹെഡ്മാസ്റ്റർ
24. കെ.ശാന്താദേവി (1986–88) ഹെഡ്മാസ്റ്റർ
25. കെ.ബി.ശാന്തകുമാരി (1988–90) ഹെഡ്മാസ്റ്റർ
26. കമലാക്ഷി മൂളിയിൽ (1990–91) ഹെഡ്മാസ്റ്റർ
27. ആർ.സുമനൻ (1991–92) പ്രിൻസിപ്പാൾ
28. സി.രാമകൃഷ്ണൻ (1997–98) പ്രിൻസിപ്പാൾ
29. കെ.വി.കുഞ്ഞിരാമൻ (1997–98) പ്രിൻസിപ്പാൾ
30. പി.ബാലൻ (1998–99) പ്രിൻസിപ്പാൾ
31. ഇ.ജി.സുഭദ്രകുഞ്ഞ് (1999–2000) പ്രിൻസിപ്പാൾ
32. കെ.എം.കേശവൻ നമ്പൂതിരി (2000–01) പ്രിൻസിപ്പാൾ
33. കെ.ശാരദ (2001–03) പ്രിൻസിപ്പാൾ
34. കെ.സിയനിർമല (2003) പ്രിൻസിപ്പാൾ
35. പി.രാമചന്ദ്രൻ (2003–05) പ്രിൻസിപ്പാൾ
36. വത്സല ജേക്കബ് (2005) ഹെഡ്മിസ്ട്രസ്സ്
37. സി.വി.സുശീലൻ (2005–06) ഹെഡ്മാസ്റ്റർ
38. കെ.ഇ.രാമചന്ദ്രൻ (2005–06) പ്രിൻസിപ്പാൾ
39. കെ.ടി.എൻ.ഭാസ്കരൻ (2006–) പ്രിൻസിപ്പാൾ
40. ടി.വി.ദാമോദരൻ (2006–08) ഹെഡ്മാസ്റ്റർ
42. കെ.കെ.രാജൻ (2008–09) ഹെഡ്മാസ്റ്റർ

## 2007-08, 2008-09 വർഷത്തെ പി.ടി.എ. എക്സിക്യൂട്ടീവ് അംഗങ്ങൾ

1. കൊച്ചി അമ്പു (പ്രസിഡണ്ട്)
2. പി.മുരളീധരൻ (വൈസ് പ്രസിഡണ്ട്)
3. കെ.ബാലചന്ദ്രൻ
4. കെ.ജനാർദ്ദനൻ
5. എം.കൃഷ്ണൻ
6. എ.നാരായണൻ
7. കെ.വി.സുകുമാരൻ
8. പി.വത്സല
9. പി.വി.കുഞ്ഞിക്കണ്ണൻ
10. പി.ചന്ദ്രൻ
11. കെ.വി.ദാമോദരൻ
12. പി.കുഞ്ഞികൃഷ്ണൻ
13. ടി.ഗംഗാധരൻ
14. എം.ശശിമോഹനൻ
15. കെ.മധുസൂദനൻ
16. കെ.ഗോവിന്ദൻ
17. കെ.സുരേന്ദ്രൻ
18. കെ.കെ.പവിത്രൻ
19. ടി.പത്മനാഭൻ
20. കെ.ടി.എൻ.ഭാസ്കരൻ
21. കെ.കെ.രാജൻ
22. എൻ.വി.നാരായണൻ
23. വി.കെ.രമേശൻ
24. കെ.രവീന്ദ്രൻ
25. എ.പി.ബാലചന്ദ്രൻ
26. ഡോ.സി.എ.സുരേഷ്
27. എം.വി.രാധാകൃഷ്ണൻ
28. പി.ഭരതൻ
29. ഇ.സൗദാമിനി
30. എൻ.ജയപ്രകാശൻ
31. കെ.എ.ബാബു
32. പി.ചന്ദ്രൻ
33. എം.വി.ചന്ദ്രൻ
34. പി.സി.ജയസൂര്യൻ
35. വി.വി.നാരായണൻ
36. കെ.പത്മനാഭൻ
37. പി.വിജയൻ
38. കെ.പി.മോഹനൻ



കെ.പി.മോഹനൻ, വി.വി.നാരായണൻ, പി.മുരളീധരൻ(വൈസ് പ്രസിഡണ്ട്), കൊച്ചി അമ്പു (പ്രസിഡണ്ട്),
കെ.ടി.എൻ.ഭാസ്കരൻ, പി.വി.കുഞ്ഞിക്കണ്ണൻ, എ.നാരായണൻ, എൻ.വി.നാരായണൻ, പി.വിജയൻ. കെ.ബാലചന്ദ്രൻ
പി.വത്സല (മദർ പി.ടി.എ. പ്രസിഡണ്ട്), പി.കുഞ്ഞികൃഷ്ണൻ, ടി.പത്മനാഭൻ, പി.ഭരതൻ, കെ.കെ.പവിത്രൻ, എം.കൃഷ്ണൻ,
പി.സി.ജയസൂര്യൻ, എം.വി.രാധാകൃഷ്ണൻ, എം.ശശിമോഹനൻ, കെ.എ.ബാബു, എം..മധുസൂദനൻ,
കെ.ഗോവിന്ദൻ, ടി.ഗംഗാധരൻ, കെ.രവീന്ദ്രൻ,



പ്രതിഭാശാലികളായ
നിരവധി കുട്ടികൾ
ഈ വിദ്യാലയമുറ്റത്തുനിന്നും
വിസ്തൃതജീവിത
ചക്രവാളങ്ങളിലേക്ക്
ചിറകടിച്ചുയർന്നിട്ടുണ്ട്
പിന്നെയും പിന്നെയും
പ്രതിഭയുടെ മിന്നലാട്ടങ്ങളുമായി
വന്നെത്തുകയാണ് തലമുറകൾ
..............................
..............................
..............................



# കൈവെള്ളയിലെ കുന്നിമണികൾ

കുട്ടികളുടെ രചനകൾ

# ഇരുട്ടിനെ തോല്പിക്കാൻ ഒരു നക്ഷത്രം മതിയായിരുന്നു.

ജെന്നി.എസ്., ടാഗോർ വിദ്യാനികേതൻ

കടലിന്റെ നിറം കറുപ്പാണോ? കരയുടേത്.... കാമത്തിന്റെ ചങ്ങലയിൽ കിടന്നുപിടിച്ച ദിനരാത്രങ്ങൾക്ക് കട്ടിയായ ചോരയുടെ ചുവപ്പായിരുന്നു. പകലിനെ കടൽ ഇപ്പോൾ വിഴുങ്ങും. കടലിന്റെ കൈ പകലിനോട് ചേരും, കാല്, ചുണ്ട്, .... ഒടുവിൽ ആകാശത്ത് രക്തം തളംകെട്ടി നിൽക്കും. സന്ധ്യേ..... ഈ നിന്നെയാണോ ഞാൻ സ്വപ്നം കണ്ടത്? നിന്നിലേക്ക് മെല്ലെ അലിയുന്ന പകലാണ് ഞാൻ സ്വപ്നം കണ്ടത്. നീയോ എന്റെ ചുണ്ട് കടിച്ചുപറിച്ചു. എന്നിലേക്ക് എന്തോ തിരഞ്ഞ്കൊണ്ട്, നഖമമർത്തി, പകലിനടിയിൽ നിന്ന് അടിത്തട്ടിൽ നിന്ന് നീ എന്താണ് തിരഞ്ഞത്?

കടലിനപ്പുറം ആളുകളാണ് അവരോരോരുത്തരും, ഈ സന്ധ്യയെ ഇഷ്ടപ്പെടുന്നു. അവരുടെ കുട്ടികൾ ആകാശത്തു പറക്കുന്ന പട്ടങ്ങളെ താലോലിക്കുന്നു. അച്ഛൻ.... അമ്മ.... ബാല്യം..... ഒരുകാലത്ത് എനിക്കും സ്വന്തമായിരുന്നു ഇവയെല്ലാം.....

"മുത്തുമാല വേണമാ?''

എത്രനേരമായി ഇങ്ങനെ നിൽക്കുന്നു. ആരും ഒന്നും ചോദിച്ചില്ല പക്ഷേ, ഇപ്പോൾ, ആദ്യമായി, ആ പന്ത്രണ്ടുകാരിയുടെ പാറിപ്പറന്ന മുടിയിൽ ഒന്ന് ചുംബിക്കുവാൻ തോന്നി.

ചുംബനം? നഖങ്ങൾ അമർത്തി കടിച്ചുപറിച്ച് എന്നിൽ നിന്ന് എന്നേ അവരത് കവർന്നെടുത്തിരിക്കുന്നു.

"വേണ്ടാ"

മുത്തുമാലകൾ കൊത്തിപ്പറിച്ച ഉടലുമായി നാളെ നിനക്ക് ഈ തീരത്ത് എന്നെ വീണ്ടും കാണാം എന്നുപറയാൻ തോന്നി. പക്ഷേ എന്റെ ഭാഷ അവൾക്ക് മനസ്സിലാവില്ല. അവൾക്കെന്നല്ല ആർക്കും.

"നെനക്ക് മനിഷമ്മാരെപ്പോലെ വർത്താനം പറഞ്ഞൂടെ, നീയെന്താ, കഥയെഴുത്വാ?"

ഒരിക്കൽ ഒരു കൂട്ടുകാരി പറഞ്ഞു. അവസാനത്തെ ആ കൂട്ടുകാരിയും യാത്രപറയുന്നതിനുമുമ്പ് എത്രയോ തവണ അമ്മപറഞ്ഞതാണ്. കേട്ടില്ല. ഞാൻ പറഞ്ഞ മറുപടികൾ ആരും കേട്ടില്ല. ഞാനെഴുതിയ കഥകൾ ആരും വായിച്ചില്ല. ആദ്യകഥ വായിച്ച് മലയാളം മാഷ് ചോദിച്ചു.

"നാടേതാണെന്നാ പറഞ്ഞത്?''

അതിന് മറുപടി ഒരു കൂട്ടച്ചിരിയായിരുന്നു. ഒരുദിവസം 10 ബി. യിലെ ബിപിൻ തോമസ് റഫ് നോട്ടിൽ നിന്ന് എന്റെ ജീവിതത്തിലേക്ക് ഒളിഞ്ഞുനോക്കി. ബിപിൻ തോമസിന് വേണ്ടത് എന്റെ കഥകളായിരുന്നില്ല.

ഒടുവിൽ കേവീസ് ബുക് ഷോപ്പിൽ മറന്നുവെച്ച റഫ് നോട്ട് തിരികെത്തരുമ്പോൾ അവൻ പറഞ്ഞു "നല്ല കഥ."

ആദ്യ അംഗീകാരം. അന്നുമുഴുവൻ ആ വാക്കിനെ താലോലിച്ചു. കണ്ണാടിക്കുമുന്നിൽ ചെന്ന് ആ സമയത്തെ മുഖഭാവങ്ങൾ വീണ്ടും വീണ്ടും വിശകലനം ചെയ്തു. മുൻനിരയിലെ പല്ലിന്റെ വിടവ് നികത്തി ചിരിക്കാൻ എത്രകാലമാണ് പരിശീലിച്ചത്. ഒടുവിൽ അഞ്ചാം തവണയും മറന്നുവെച്ച റഫ് നോട്ട് തിരികെ തരുമ്പോൾ അവന്റെ കൈ എന്റെ കയ്യിലൊന്ന് മുട്ടി. പിന്നെ കൈകൾ കോർത്ത്, എത്രനാളുകൾ, ബസ് സ്റ്റാൻഡിലെ തൂണുംചാരി നിന്നു. ഒടുവിൽ ഒരുദിവസം, ആ ബസുകളിൽ ഒന്നിൽ, കാണാത്ത നാടുകൾ തേടി, അറിയാത്ത വഴികൾ തേടി, അപരിചിത സുഖങ്ങൾ തേടി....

സന്ധ്യയായിരുന്നു. ചുവന്ന സന്ധ്യ, ചുവപ്പ്, രക്തത്തിന്റെ ചുവപ്പ്. ഒരുപ്രാവശ്യമല്ല പലപ്രാവശ്യം. പലരും എന്റെ ശരീരത്തിലൂടെ പട്ടം പറത്തി. പൊക്കിളിനുതാഴെയാണവൾ സിന്ദൂരം വച്ചത്. അറിയാത്ത വഴികൾ, പാതിമയക്കത്തിൽ, ആരുടെയൊക്കെയോ കാലുകൾക്കിടയിൽ എന്റെ കഥകൾ, എന്റെ സ്വപ്നങ്ങൾ, അന്ന് ആദ്യമായി അമ്മയെ ഓർത്തു. അമ്മയ്ക്ക് മങ്ങിയ മഞ്ഞ നിറമായിരുന്നു. കൂട്ടുകാർ കറുത്തും വെളുത്തും പൊട്ടിച്ചിരിക്കുന്നു.

ഒരുദിവസം, ആരുമില്ലാത്ത ഒരു ദിവസം, ഉറക്കം തൂങ്ങിയ കണ്ണുമായി ഇറങ്ങിയോടി. ആരുടെയോ കാലിൽ പോയി വീണു. ഒടുവിൽ പോലീസ് സ്റ്റേഷനിലെ മറയില്ലാത്ത വാതിലിനുള്ളിലും, രക്തം, മാംസം, ശരീരമായി വീണ്ടും.

അമ്മയെ കണ്ടപ്പോൾ ഓടിച്ചെന്ന് പൊട്ടിക്കരയണമെന്ന് തോന്നി. നടക്കാൻ വയ്യാതായിരുന്നു. ഗർഭപാത്രം പിളർന്ന് കയ്യിൽ വന്നതുപോലെ.

"നശിച്ചവളേ.... മാനക്കേടാക്കിയല്ലോ നീ.... ഈ പെഴച്ചോളെ എനിക്കു കാണണ്ട സാറേ....."

എന്നും പറഞ്ഞ്, മഞ്ഞ നിറമായിത്തന്നെ അമ്മവർണ്ണങ്ങളിൽ ലയിച്ചു. കൂട്ടുകാരുടെ ചുണ്ടിൽ പഴയ പരിഹാസച്ചിരി.

ഇരുട്ട് വീണിരുന്നു. ഒടുവിൽ കടൽ കറുപ്പായീ. കടലാണോ കറുപ്പ്? അതോ ആകാശമോ. നിഴലുകൾ കറുപ്പ്. ചുറ്റും കട്ടയായ രക്തത്തിന്റെ കറുപ്പ്. കണ്ണുകളിൽ പാതി കറുപ്പും, പാതി വെളുപ്പും തിളങ്ങി. മരണത്തിന്റെ കറുത്ത കൃഷ്ണമണി, കണ്ണിന്റെ വെളുപ്പിൽ ഉരുണ്ടുകളിച്ചു. ആ കറുപ്പിലേക്ക്, മുത്തിന്റേയും പവിഴത്തിന്റേയും കടലിലേക്ക് ഇറങ്ങണമോ?

''എല്ലാം പോയില്ലേ മോളേ.... എല്ലാം.....''

അമ്മയാണ് ദൂരെ നിന്ന് തിരിച്ച് വിളിക്കുന്നതല്ല. യാത്രപറയുകയാണ്. ഒടുവിലത്തെ വഴിയിലേക്ക് വെളിച്ചം കാട്ടുകയാണ്.

പോയോ അമ്മേ? എല്ലാം പോയോ? അവർ കടിച്ചുപറിച്ചെടുത്തത് എന്റെ എല്ലാമായിരുന്നോ? അവർ സിഗരറ്റ് കുത്തിക്കയറ്റി കത്തിച്ചുകളഞ്ഞ് എന്നെയായിരുന്നോ? ഒടുവിൽ, എന്റെ മുന്നിൽ ശേഷിക്കുന്നത് മരണത്തിന്റെ കറുപ്പ് മാത്രമാണോ? ഞാൻ ഈ ശരീരം മാത്രമായിരുന്നോ?

ആകാശത്ത് ഒരു വെളുത്ത നക്ഷത്രം മിന്നി. കടൽ പരപ്പിലെ പൂഴിയിൽ അവൾ പുതിയൊരു കഥയെഴുതുകയായിരുന്നു. രാത്രിയുടെ കറുപ്പിനെ തോല്പിക്കാൻ ഒരു വെളുത്ത നക്ഷത്രം മതിയായിരുന്നു. അവൾ അതിനെ ജീവിതം എന്നു വിളിച്ചു.

# നനവ്

ജ്യോതിസ്ശ്രീ.ആർ.എസ്.
പിലിക്കോട്. എച്ച്.എസ്.എസ്.

മഴ ചാറിത്തുടങ്ങിയിട്ടുണ്ട്. കളത്തിൽ വച്ചിരുന്ന മഞ്ഞൾക്കുറി പടർന്നിരിക്കുന്നു. എന്റെ സ്വപ്നങ്ങളോടുചേർന്ന് അത് കടുത്ത ചുവപ്പായി. അപ്പോഴേക്കും ആരൊക്കെയോ ചേർന്ന് എന്റെ കഴുത്ത് ഞെരിക്കാൻ തുടങ്ങി. നനഞ്ഞ കൈയ്യിൽ ആരൊക്കെയോ ചേർത്തുപിടിച്ചു. കീറിത്തുടങ്ങിയ ചുവന്ന പട്ട് പുതച്ച് ബലിക്കല്ലിനുചാരി ഞാനിരുന്നു. കണ്ണുകൾ അടയുന്നുവെന്ന് തോന്നി. എല്ലാവരും എന്നെയാണോ നോക്കുന്നത്! എനിക്ക് പേടിയായിത്തുടങ്ങി. തളത്തിൽ രണ്ടുകുഞ്ഞുങ്ങളെന്നെ നോക്കിക്കൊണ്ടിരുന്നു. അവയിൽ എന്തുഭാവമായിരുന്നു? മരണത്തിന്റെ നനഞ്ഞ ചുവപ്പ് അവയിലാകെ പടർന്നിരുന്നു. അറയ്ക്കുന്ന ഈ തണുപ്പിൽ ആ ചുവപ്പ് ആത്മാവിന് ചൂടുനൽകുന്നു. എനിക്ക് ചിരിവന്നു. ഞാനെന്തൊക്കെയാണ് പറയുന്നത്.

'നല്ല മഴ പെയ്യോ?! നെരിപ്പ് കെടൂലോ ഭഗോതീ!'

'ഏയ്, നെരിപ്പ് കെടൂലാ. എല്ലാം മേലേക്കറിഞ്ഞൂടെ'

'കനലൊന്നും നന്നായി ആളീട്ടില്ല. രാത്രി മുഴുവൻ നല്ല മഴയായിർന്നില്ലേ!'

'സാരൂല, അവന്റെ പേടി കാണുമ്പോ.... എനിക്കെന്തോ..... പ്രശ്നത്തീക്കണ്ടതല്ലേ ആവൂലാന്നും പറഞ്ഞൂടാ.'

'ആ ഒക്കെമേലേന്നറിയും.'

എനിക്കുറക്കം വന്നുതുടങ്ങിയിരിക്കുന്നു. കണ്ണുകളിൽ പേടിയുടെ കറുത്ത ഉറുമ്പുകൾ പാഞ്ഞുനടന്നു. ആരോ വിയർത്തു തുടങ്ങിയ കൈത്തണ്ടയിൽ തൊട്ടു. ഞാൻ നടന്നു. കുരുത്തോലകളും കൊളുത്താത്ത കുത്തുവിളക്കുകളും കടന്ന് നനഞ്ഞ അണിയറയിൽ ചെന്നിരുന്നു.

മുഖത്ത് ചായക്കൂട്ടുകൾ. അമ്മ കണ്ടാൽ ചിരിച്ചുകൊണ്ട് എന്നോട് പറയും 'എന്താടാ ഇത്?!' അമ്മ ചിരിക്കുമ്പോൾ കണ്ണുകൾ നന്നെ അടഞ്ഞിരിക്കും. ഓർമ്മകൾ കണ്ണുനീരായി ചായങ്ങളെ നനച്ചു. പേരറിയാത്ത പുഴയിൽ അമ്മ ഇപ്പോഴും ഒഴുകുന്നുണ്ടെന്നോർത്തപ്പോ ഒരു മരവിപ്പ്! അതെന്റെ വിരലുകളിലൂടെ പടർന്ന് കടുത്ത വേദനയായി കൺകോണിൽ ചെന്നുകിടന്നു.

അകലെ കടുത്ത മഞ്ഞനിറമുള്ള തീജ്വാലകൾ. ചൂടുള്ള നിശ്വാസം പോലെ അവയെനിക്കുചുറ്റും എന്തോ പറയാനെന്നപോലെ വട്ടംകൂട്ടി. എന്റെ ഓർമ്മകളുടെ മിന്നാമിനുങ്ങുകൾ പേടിയുടെ കനത്ത ചൂടിൽ നിലത്ത് തളർന്നുവീണികിടന്നു.

'എന്താപ്പോ ഇത്! പതിവില്ലാത്ത മഴ?!'

മഴ! മഴ പെയ്യുന്നുണ്ടോ? നടയിൽ തൊഴുത് കൊളുത്തിയ തിരി വാങ്ങി ഞാൻ ബലിത്തറയിലേക്ക് നടന്നു. കുഞ്ഞുകണ്ണുകളെ നിർബന്ധിച്ചടപ്പിച്ചു. ഇറ്റുവീണ ചോരത്തുള്ളികൾ മഴത്തുള്ളികളെ നോക്കി കണ്ണടച്ചു. ആളുന്ന ജ്വാലകളിലേക്ക് നടന്നു. പൊട്ടിച്ചിരിച്ചുകൊണ്ട് ചേർത്തുപിടിച്ച തണുത്ത കൈകളെ തട്ടിമാറ്റി ഞാനോടി. വിയർത്ത കാലുകളോടെ മഞ്ഞളുപടർന്ന തളത്തിൽ കിടന്നുരുണ്ടു. കനലുകൾ ആർത്തിയോടെ എന്നെ വന്നുപൊതിഞ്ഞു. ഒരായിരം കൈകൾകൊണ്ട് എന്നെ ചേർത്തുപുണർന്നു. അടഞ്ഞ കണ്ണുകളിൽ നനവ് പടർന്നു. എനിക്ക് വല്ലാത്ത തണുപ്പ് തോന്നി.

# മരണമണികൾ മുഴങ്ങുന്നു....

ആസാദ്.ജി.
എ.വി.എസ്.ജി.എച്ച്.എസ്.എസ്.
കരിവെള്ളൂർ

അയാൾ റോഡരികിലൂടെ പതുക്കെ നടന്നുനീങ്ങി. എങ്ങോട്ടെന്നില്ലാതെ ചീറിപ്പായുന്ന വാഹനങ്ങൾ അയാളെ തൊട്ടു തൊട്ടില്ല എന്നമട്ടിൽ കടന്നുപോയി. അവയുടെ ഇരമ്പം കാതുകൾക്കുമുന്നിൽ മരവിച്ചുനിന്നു.അയാളുടെ മനസ്സെന്ന ക്യാമറയിൽ ഓർമ്മകൾ ഫ്ളാഷ് ചെയ്തുകൊണ്ടിരുന്നു.

ആ ദിനത്തിന്റെ സ്മരണകൾ അയാളെ ഏറെ അലട്ടിക്കൊണ്ടിരുന്നു. തന്റെ പ്രിയ തന്നെ എന്നെന്നേക്കുമായി വിട്ടുപിരിഞ്ഞ് സ്വർഗ്ഗവാതിൽപ്പക്ഷിയുടെ ചിറകിലേറി, മേഘങ്ങളെ തൊട്ടുരുമ്മി അകന്നുപോകവേ അയാൾക്ക് കരയാൻ കഴിഞ്ഞില്ല. ഒരിറ്റുകണ്ണീർകണം പോലും തൂകാനാകാത്തവിധം അയാളുടെ കണ്ണുനീരിന്റെ ഉറവ വറ്റിപ്പോയിരുന്നു.

നിലാവ് നിഴലുകളാൽ ഭൂമിയിൽ ചിത്രങ്ങൾ കോറിയിട്ടപ്പോൾ തന്റെ പ്രിയതന്നോടൊപ്പം ഉറങ്ങുകയായിരുന്നു, എന്നാ ലത് അവളുടെ അവസാനത്തെ നിദ്ര യാണെന്ന് അയാളറിഞ്ഞില്ല. ഉദയസൂര്യന്റെ തീവ്രകിരണങ്ങൾ കണ്ണുകളിൽ തുളഞ്ഞ് കയറിയപ്പോഴും അയാൾ ആ സത്യമറി ഞ്ഞില്ല. കിളികളുടെ കലപിലകളും തേനീച്ചകളുടെ ഇരമ്പങ്ങളുമൊന്നും അയാളെ ആ സത്യമറിയിച്ചില്ല.

പതിവായി രാവിലെ ലഭിക്കാറുള്ള ബെഡ്കോഫി കിട്ടാതിരുന്നപ്പോൾ അയാളുടെ മനസ്സ് ഉറക്കത്തിൽ നിന്നും പതുക്കെ മോചിപ്പിക്കപ്പെട്ടു കഴിഞ്ഞിരുന്നു. സുന്ദരമായ മിഴികൾ അടച്ചുപിടിച്ച് ഗാഢനിദ്രയിലായിരുന്ന പ്രിയസഖിയെ അയാൾ പതുക്കെ ഒന്ന് തലോടി. ആ തലോടലിൽ അയാളുടെ മനസ്സ് പുളകം കൊണ്ടു. എന്നാൽ തന്റെ പ്രിയസഖി മരണദൂതനോടൊപ്പം ലോകം ചുറ്റാനായി ഇറങ്ങിപ്പുറപ്പെടുകയാണെന്ന ആ സത്യം അയാളറിഞ്ഞുകഴിഞ്ഞിരുന്നു. ഉറക്കെ നിലവിളിക്കാനോ ഒന്ന് പൊട്ടിക്കരയാനോ ഉള്ള കരുത്ത് അയാൾക്കുണ്ടായില്ല. ഒരു ഭ്രാന്തനെപ്പോലെ അയാൾ ആ മുറിയിൽ ഓടിനടന്നു.

സംശയം തോന്നി ഓടിവന്ന അയൽക്കാർ അയാൾക്കുമുന്നിൽ പകച്ചുനിന്നു. അസ്വാഭാവികമായ എന്തോ ഒന്ന് സംഭവിച്ചിരിക്കുന്നു എന്നവർ മനസ്സിലാക്കി. തലേന്ന് പെയ്ത മഴയിൽ നനഞ്ഞു കുതിർന്ന മണ്ണ് അവളുടെ ഭൗതിക ശരീരത്തെ വിശ്വസ്തതയോടെ ഗോപനം ചെയ്തു. അവളുടെ ആത്മാവ് പതുക്കെ മുകളിലേക്കുയർന്നുവന്നു. ശാന്തിദൂതൻ അവൾക്ക് വഴികാട്ടിയായി. അയാൾ ആ വീട്ടിൽ ഏകനായി. അയാൾക്ക് ആ വീട് ഒരു നരകമായി. എങ്ങോട്ടെന്നില്ലാതെ അയാൾ പുറപ്പെട്ടു. നാടുംവീടും വിട്ട്. ആരും അയാളെ തടഞ്ഞില്ല.

മുന്നിൽ വന്ന് ബ്രേക്കിട്ടുനിന്ന ലോറിയുടെ ഹോൺ മരവിച്ചുപോയ അയാളുടെ കർണ്ണങ്ങൾക്ക് ചാഞ്ചല്യമേകിയപ്പോൾ അയാൾ ഓർമ്മകളിൽ നിന്നുണർന്നു. അയാൾക്ക് സ്വബോധം തിരിച്ചുകിട്ടി. പ്രിയതമയെക്കൂടാതെയുള്ള ആ ജീവിതം അയാൾക്ക് നിലയില്ലാക്കയം പോലെ തോന്നി. “അവളുടെ അടുത്ത് പോകണം,” ആ ചിന്ത അയാളുടെ മനസ്സിൽ തലപൊക്കിക്കൊണ്ടേയിരുന്നു. അവളെ ദർശിക്കാനുള്ള അഗാധമായ ഒരു പ്രേരണ അയാളുടെ മനസ്സിനെ പ്രകമ്പനം കൊള്ളി ച്ചുകൊണ്ടേയിരുന്നു.

അരികിൽ നീണ്ടുകിടന്ന റെയിൽപാത അയാൾക്ക് മരണത്തിലേക്കുള്ള മാർഗ്ഗം കാട്ടിക്കൊടുത്തു. ചൂളം വിളികളുമായി ഇരമ്പിവന്ന തീ തുപ്പുന്ന രാക്ഷസൻ അയാളെ മരണത്തിലേക്ക് മാടിവിളിച്ചു. ഒന്നും ആലോചിക്കുവാനുള്ള സാവകാശം അയാൾക്കുണ്ടായിരുന്നില്ല.

ദുർഗന്ധം വമിക്കുന്ന ആ റെയിൽ പാത അയാളുടെ ശിരസ്സിനെ സന്തോഷത്തോടെ സ്വീകരിച്ചു. എന്നാൽ എവിടെയൊ ഒരു പിശക് പറ്റി. അയാളുടെ ശരീരത്തെ ഛിന്നഭിന്നമാക്കാനായി കുതിച്ചുവന്ന ആ എക്സ്പ്രസ്സ് ട്രെയിനിന്റെ മൂർച്ചയേറിയ ചക്രങ്ങളിൽ നിന്നും ഒരുവഴിയാത്രക്കാരൻ ആ ശരീരത്തെ തള്ളിമാറ്റി. ഒരു നിമിഷാർദ്ധത്തിൽ മരണത്തെ നേരിൽക്കണ്ട അയാൾ ഒരു ജീവച്ഛവംപോലെ ആ മണ്ണിൽ മറിഞ്ഞുവീണു. അയാളുടെ കണ്ണുകൾ പുറത്തേക്ക് തള്ളിനിന്നിരുന്നു. ആ കണ്ണുകളിൽ നിരാശയുടെ പ്രതിബിംബ ങ്ങൾ നിഴലിച്ചുനിന്നു. അയാളുടെ രോമകൂപങ്ങളിൽ വിയർപ്പു കണങ്ങൾ പൊടിഞ്ഞുനിന്നു. അയാൾ ഉറക്കെ പൊട്ടിക്കരഞ്ഞു. പിന്നീട് കറപിടിച്ച പല്ലുകൾ പുറത്ത് കാട്ടി അയാൾ അട്ടഹസിച്ചു. ഒരു ഭ്രാന്തനെപ്പോലെ അയാൾ വിദൂരതയിൽ ഒരു പൊട്ടായി മറഞ്ഞു. മരണത്തിന്റെ വാതിൽ അയാൾക്കുമുന്നിൽ അടഞ്ഞു തന്നെ കിടന്നു.

# കടൽ ഇരമ്പുന്നു

**അഞ്ജന.പി.**
കെ.എം.വി.എച്ച്.എസ്.എസ്. കൊടക്കാട്

എങ്ങും നിലവിളിയും കൂട്ടക്കരച്ചിലും. അന്തരീക്ഷം തീർത്തും മൂകമായി. നിലവിളികൾക്കിടയിൽ തിരമാലകളുടെ കൂട്ടച്ചിരിയുണർന്നു. കരയിലെ ഓരോ പിഞ്ചുജീവനേയും കവർന്ന് ആ രാക്ഷസത്തിരമാലകൾ അനന്തമായ സാഗരപ്പരപ്പിലേക്ക് പിൻവാങ്ങിക്കൊണ്ടിരുന്നു.

കടലമ്മേ,.... എന്ത് തെറ്റാ നിന്നോട് ഞങ്ങൾ ചെയതത്, മാതൃഹൃദയത്തിന്റെ ആഴത്തിൽ നിന്നും കണ്ണുനീരിൽ കുതിർന്ന ആ ചോദ്യമുയർന്നു. എന്റെ മകൻ അപ്പു, അവനെ നീ നിന്റെ തിരമാലകളിൽ താരാട്ടിയതല്ലേ. അവൻ നിന്റെ മാറത്ത് ചാഞ്ഞുറങ്ങിയിട്ടില്ലേ, എന്നിട്ടും എന്തിന് നീ....... എന്റെ മകനെ എടുത്ത അതേ കൈകൊണ്ട് എന്നേയും നീ അങ്ങോട്ട് വിളിക്കൂ. അവൻ അന്നും എന്നോട് യാത്ര പറഞ്ഞാണ് സ്കൂളിൽ പോയത്. പക്ഷേ! അതൊരു അന്ത്യയാത്രയാകുമെന്ന് ഒരിക്കലും ഞാൻ കരുതിയില്ല.

അപ്പു, അമ്മയുടെ ഏകമകനാണ്. അച്ഛൻ ചെറുപ്പത്തിലേ മരിച്ചു. കഷ്ടപ്പാട് അറിയിക്കാതെയാണ് അവനെ വളർത്തിയത്. അവനിലായിരുന്നു എല്ലാ പ്രതീക്ഷകളും. പക്ഷേ, അവയെല്ലാം കൊഴിഞ്ഞുപോയിരിക്കുന്നു.

കടൽത്തീരത്തെ തകരപ്പാളികൾകൊണ്ട് പുതച്ച ഒരുകൊച്ചുകൂരപോലുള്ള സ്കൂളിലാണ് അവൻ പഠിച്ചത്. അമ്മയ്ക്ക് അവനെ അങ്ങനെയൊരു സ്കൂളിൽ പഠിപ്പിക്കാനേ കഴിയൂ. കൂലിപ്പണിയെടുത്ത് അവനെ വളർത്തുമ്പോഴും നല്ല ഭക്ഷണവും വസ്ത്രവും അമ്മ അപ്പുവിനായി എന്നും നൽകി.പഠനത്തിൽ മിടുക്കനായിരുന്നു അവൻ. നന്നായി ചിത്രം വരക്കുകയും ചെയ്തു. ടീച്ചർമാർക്കെല്ലാം അപ്പുവിനെ ഇഷ്ടമാണ്. അവന്റെ ചിത്രങ്ങളിൽ ജീവന്റെ തുടിപ്പുണ്ട്. അവൻ വരച്ച ചിത്രങ്ങൾ വീട്ടിലെ മുറിയിൽ സീക്ഷിച്ചിരുന്നു. അന്നും അപ്പു പതിവുപോലെ സ്കൂളിലേക്ക് പോയി. സ്കൂളിൽ പോകുന്നതിനുമുമ്പ് എന്നും അവൻ അമ്മയ്ക്കൊരു മുത്തം കൊടുക്കാറുണ്ട്. അമ്മ കെട്ടിപ്പിടിച്ച് പറയും, മോനേ, പഠിച്ച് മിടുക്കനാകണം. വലിയ ജോലി നേടണം.

ചെറിയ സ്കൂൾ, സൗകര്യങ്ങൾ പരിമിതം. പക്ഷേ, ടീച്ചർമാർ കുട്ടികളുടെ കഷ്ടപ്പാടുകൾ മനസ്സിലാക്കിയിരുന്നു. പഠിക്കാൻ വേണ്ടി മാത്രമല്ല ഉച്ചക്കഞ്ഞിക്കുകൂടിയാണ് കുട്ടികൾ സ്കൂളിലേക്ക് വരുന്നത് എന്ന് അധ്യാപകർക്കറിയാം. അതുകൊണ്ട് അവർ കഷ്ടപ്പെട്ട് സ്കൂളിൽ ഉച്ചക്കഞ്ഞി ഒരുക്കും. നാരായണൻ മാസ്റ്ററായിരുന്നു അപ്പുവിന്റെ ക്ലാസ് മാസ്റ്റർ. കണക്കായിരുന്നു മാഷുടെ വിഷയം. അന്ന് ഗുണനപ്പട്ടികയായിരുന്ന മാസ്റ്റർ പഠിപ്പിച്ചത്. ഒരുരണ്ട് രണ്ട്, ഇരുരണ്ട് നാല്...... കുട്ടികൾ ആർത്തുചൊല്ലിയപ്പോൾ കടൽത്തിരമാലകൾ കുട്ടികളോട് മത്സരിച്ച് ആർത്തലക്കുന്നുണ്ടായിരുന്നു. കടൽത്തീരത്തുള്ള കരിങ്കൽ ഭിത്തിയിൽ ആഞ്ഞടിച്ചു. കുട്ടികൾ അറിഞ്ഞില്ല, ആ അലർച്ച ഒരു കൊലവിളിയായിരുന്നു എന്ന്.

ഉച്ചക്കഞ്ഞിക്കുവേണ്ടി മണിയടിച്ചു, കുട്ടികൾ പാത്രവുമെടുത്ത് നിലത്തിരുന്നു. കഞ്ഞിക്കുമുമ്പ് ഒരു പ്രാർത്ഥനയുണ്ട്. "കടലമ്മേ ഈ പിഞ്ചുപൈതങ്ങളെ ഒന്നുമില്ലാത്ത ലോകത്തേക്ക് തള്ളിവിടരുതേ."

അന്നവർ പതിവിലും ആഹ്ലാദിച്ചു. അടുത്തുള്ള പള്ളിയിൽ മണിയടിച്ചു. അസമയത്തെ മണി അവർക്കൊന്നും മനസ്സിലായില്ല. പക്ഷികൾ ചിലച്ചുകൊണ്ട് മാനത്തേക്ക് പറന്നുയർന്നു. നായകൾ പതിവില്ലാതെ കുരച്ചു. സൂര്യൻ കൂടുതൽ മുകളിലേക്ക് നീങ്ങി. കടൽ കോപംകൊണ്ട് ഇളകിമറിഞ്ഞു. തിരമാലകൾ ഇരമ്പത്തോടെ കൂടുതൽ ശക്തിയിൽ ശിലാഭിത്തിയിൽ വന്നിടിച്ചു. ശിലകൾ തകർന്നു. കുട്ടികൾ പേടിച്ച് പരക്കം പാഞ്ഞു. പക്ഷേ! അകലത്തുനിന്നും ഇരച്ചുകയറി ഉയർന്നുവന്ന തിരമാലകൾ അവരേയും റാഞ്ചിക്കൊണ്ട് പറന്നകന്നു. അടുത്ത തിരമാല അതിലും ശക്തമായിരുന്നു. തകരപ്പാളികൊണ്ട് നിർമ്മിച്ച ആ കൂരയും ആ രാക്ഷസത്തിരമാലകൾ കവർന്നെടുത്തു.

രാക്ഷസത്തിരമാലകൾ ഓരോന്നോരോന്നായി കടന്നുവന്ന് എല്ലാ കവർന്നെടുത്തുകൊണ്ടുപോയി. വീട്, കുട്ടികൾ, വൃക്ഷങ്ങൾ പക്ഷിമൃഗാദികൾ എല്ലാം ആ രാക്ഷസത്തിരമാലകളുടെ മടിത്തട്ടിൽ ഉണരാത്തവണ്ണം ഉറക്കമായി.

ദുരന്തവാർത്ത കാട്ടുതീ പോലെ പടർന്നു. പത്രപ്രവർത്തകരും മാധ്യമങ്ങളും കുതിച്ചെത്തി. ഓരോരുത്തരും ആഴക്കടലിൽ വീഴുന്ന രംഗങ്ങൾ പിടിച്ചെടുത്ത് ചാനലുകളിലേക്ക് കൈമാറി കൊഴുപ്പിച്ചുകൊണ്ടിരുന്നു.

പിന്നെ കടൽ ശാന്തമായി കടൽത്തീരം മനുഷ്യസാഗരമായി മാറി. തങ്ങളുടെ മക്കൾ, അച്ഛൻ, അമ്മ ആരെയെങ്കിലും കടലമ്മ വിഴുങ്ങിയോ എന്നറിയാൻ ആളുകൾ തിക്കും തിരക്കും കൂട്ടി. രക്ഷാപ്രവർത്തനങ്ങൾക്കായി പോലീസുകാരും മുങ്ങൽ വിദഗ്ധരും എത്തി. മന്ത്രിമാർ മരിച്ചവരുടെ ബന്ധുക്കളെ ആശ്വസിപ്പിക്കാനെത്തി. "എല്ലാം വിധിയാണെന്നോർത്ത് സമാധാനിക്കുക." അവരും മടങ്ങി. അപ്പുവിന്റെ അമ്മ പട്ടണത്തിലെ ഒരു വീട്ടിലായിരുന്നു ജോലിക്ക് പോയത്. വൈകുന്നരം തിരിച്ചെത്തി. തീരത്തെ ആൾക്കൂട്ടം കണ്ട് അമ്പരന്നു. കാര്യം അന്വേഷിച്ചു. അതിൽ ഒരാൾ പറഞ്ഞു. ഉച്ചയ്ക്ക് കടൽ കയറിവന്ന് എല്ലാ കവർന്നെടുത്തു. സ്കൂളും വീടുകളും എല്ലാ കടലമ്മ കൊണ്ടുപോയി. ഒരുനിമിഷം അവർ സ്തബ്ധയായി. കരൾ പിളക്കുന്ന ശബ്ദത്തിൽ അവർ കരഞ്ഞു. ഒരു ഭ്രാന്തിയെപ്പോലെ നിലവിളിച്ച് ചുറ്റും ഓടിത്തുടങ്ങി. എന്റെ മകൻ പോയി. ഇനി തിരിച്ചുവരാത്ത ഒരു ലോകത്തേക്ക്...... അപ്പോഴാണ് തീരത്തടിഞ്ഞ ഒരു ചിത്രം ആ സ്ത്രീയുടെ കാലിൽ തൊട്ടത്. എടുത്തുനോക്കിയപ്പോൾ അവൾ വാവിട്ടുകരഞ്ഞു. തന്റെ മകൻ വരച്ച ഒരു ചിത്രം. അമ്മ ഒരു കുഞ്ഞിനെ കെട്ടിപ്പുണരുന്ന ചിത്രം. അമ്മ ചിത്രത്തെ മാറോടുചേർത്ത് ഊണും ഉറക്കവുമില്ലാതെ അവിടെ കഴിഞ്ഞു.

മൂന്നാംപക്കമായി. രാക്ഷസത്തിരമാലകൾ കൊണ്ടുപോയവരുടെ ജീവനെടുത്ത് അവരുടെ ജീർണിച്ച ശവശരീരങ്ങൾ കടൽത്തീരത്തെത്തിച്ചു. അമ്മ അവിടേക്ക് കുതിച്ചു.

മകന്റെ ശരീരം കെട്ടിപ്പിടിച്ചുകരഞ്ഞു. ആശ്വാസവുമായെത്തിയ മന്ത്രി പറഞ്ഞു, "നഷ്ടപരിഹാരം അമ്പതിനായിരം രൂപ തരാം." അമ്മയുടെ ഹൃദയം തകർന്നു. അമ്പതിനായിരം രൂപ തന്നാൽ എന്റെ മകൻ തിരച്ചുവരുമോ? ഏവരും നിശ്ശബ്ദരായി.

കരഞ്ഞ് തളർന്ന അമ്മ കടലിന്നുനേർക്ക് വിളിച്ചുപറഞ്ഞു. "കടലമ്മേ, തിരിച്ചുതരൂ എന്റെ മകനേ..... ഒരമ്മയുടെ സങ്കടം നിനക്കറിയില്ലേ? പകരം എന്റെ ജീവനെടുത്തോളൂ....." ഇരമ്പിയെത്തുന്ന തിരമാകൾക്ക് അവരുടെ ആവശ്യം അനുവദിക്കാനാവില്ലായിരുന്നു. ഒരു പ്രതീക്ഷയുമില്ലാത്ത ജീവിതം.

അമ്മയുടെ കണ്ണീർ തീരങ്ങളെ നനച്ചു.
അത് കണ്ണീരിന്റെ മറ്റൊരു ഉപ്പുകടലായിത്തീർന്നു.

# ദേ, ഇപ്പം ശരിയാക്കിത്തരാം

ജിഷ്ണുപ്രകാശ്
പ്ലസ് ടു സയൻസ് ബി.
എ.വി.എസ്.ജി.എച്ച്.എസ്.എസ്. കരിവെള്ളൂർ

## ഏവരും കിടപ്പാണ്.

സ്വപ്നങ്ങൾ ഖനനം ചെയ്തെടുത്ത
തീക്കനലിൽ വാർത്ത ഭിത്തികൾ
അവിടെ മരവിച്ചുകിടപ്പാണ്.
പൊട്ടിയ ഓട്ടിൻ കഷണത്തിലെ
ആകാശക്കീറും
നെൽക്കതിരിൻ പഴമൊഴിയും
അവിടെ മരിച്ചുകിടപ്പാണ്.
ചുമപിടിച്ച മൊയ്തീൻക്ക
ചായക്കട പണയം വെച്ച് കിടപ്പാണ്
കറിയാച്ചന്റെ ജലദോഷം
മാറാരോഗമാണത്രേ!

## അകത്തും പുറത്തും

അകത്ത് നിശ്വാസങ്ങളുടെ
സാംസ്കാരിക വിനിമയവും
പുറത്ത് അടക്കിപ്പിടിച്ച
വീർപ്പടക്കലുകളുടെ റിഹേഴ്സലും
കാണികൾക്ക് ടിക്കറ്റ് സൗജന്യമാണ്.
അടുത്തബെല്ലോടുകൂടി
നാടകം ആരംഭിക്കുന്നതായിരിക്കും

## കർട്ടനുപിന്നിൽ

ചുരുങ്ങിയതൊരു കൊലപാതകം,
അവിടെ സാക്ഷികൾ ചിരിക്കാറില്ല.
വിയർപ്പിന്റെ തയമ്പുകളിൽ
ഞെരിഞ്ഞമർന്ന ഗാന്ധിത്തലകൾക്ക്

സൈബർ കോടരത്തിലെ
വെള്ള കോളറുകളിൽ
ദയാവധം.
അറുക്കാൻ വെച്ച കോഴികൾക്ക്
ആത്മഹത്യ അറിയില്ലല്ലോ.

## വാമൊഴികൾ

ചില മിസ്ഡ് കാളുകൾ
ചുരുക്കം ചില വാക്കുകൾ,
"തീർന്നാൽ അറീക്കണേ"
"ഡാക്ടറ് ബരണില്ല്യല്ലോ"
അകത്ത് മൊയ്തീൻക്ക
ഉണ്ടായി വൈദ്യരുടെ മർമ്മാണി
അയവിറക്കി
ആവലാതി പിടിച്ച സിസ്റ്റർ·
"കത്രിക എവിടെ പോയി?"

## ശുഭം

പ്രവചനങ്ങൾക്ക് വിരാമം
ഒന്നും സംഭവിച്ചില്ല!
ബില്ലുകളുമായ് മൊയ്തീൻക്ക
കോട്ടുവായിട്ടു.
ക്ഷമിക്കണം, നാടകം മാറ്റിവെച്ചിരിക്കുന്നു.
ടിക്കറ്റെടുക്കാത്ത കാണികൾക്ക്
കല്ലെറിയാനെന്തവകാശം !

# അനാഥം

**ആതിര.ജി.,പ്ലസ് ടു.**
എ.വി.എസ്.ജി.എച്ച്.എസ്.എസ്.
കരിവെള്ളൂർ

ഒരില പൊഴിയുന്നു,
കാലമതിന്റെ
ഗതിവേഗത്തെ നിയന്ത്രിപ്പൂ
ഇരുളിൻ മറകളിൽ നിന്നും
പുലരികൾ
വിരിയാൻ വെമ്പുന്നു
ഉതിരും അശ്രുകണങ്ങൾ
പാരിൻ കുടിനീരാകുന്നു
സ്വപ്നത്തിൻ രഥചക്രം, ആണി
പിരിഞ്ഞു തെറിച്ചീടുന്നു,
വിരലുകൾ പോയ് കൈകേയി
തുണയില്ലാതലറുന്നു.
കാലത്തിന്റെ പ്രവാചകരെല്ലാം
കലിയെ വാഴ്ത്തുന്നു
നാടിൻ നായകർ സതിയിൽ ഉത്തമ
വനിതയെ ദർശിപ്പൂ.
ഇരപിടിയന്മാർ ഇരയെ പലതും
കാട്ടി മയക്കുന്നു.
ഇതിഹാസത്തിലെ ഇഹലോകങ്ങളി–
ലഭയം നൽകുന്നു.
പിച്ചിച്ചീന്തും നേരം കൺകളിൽ
ഭസ്മം വിതറുന്നു.
മൗനത്തിന്റെ മഹാവാത്മീകം
പൊട്ടിച്ചിതറുന്നു.
ശബ്ദത്തിരകൾ അവയിൽ
നിന്നും
അകലേക്കൊഴുകുന്നു.
ആഴിയിലലകൾ ദിവാസ്വപ്നങ്ങളെ
മുക്കിത്താഴ്ത്തുന്നു.
നാദത്തിൻ നിണധാര കലർന്നവർ
തെരുവിൽ പാടുന്നു.
നാദബ്രഹ്മസാഗരമവരെ
വിഴുങ്ങിക്കളയുന്നു
വെള്ളപ്രാവിൻ രക്തത്തുള്ളികൾ
കുടിനീരിൽ കലരുന്നു
നീലാകാശവിതാനത്തിൽ കാർ–
മേഘം വിങ്ങുന്നു.
ചീറിപ്പായുമൊരാംബുലൻസിൻ
ശബ്ദമടുക്കുന്നു.
ലോകത്തിൻ നിലവിളി
ദയനീയം
അതിൽ നിന്നുയരുന്നു.
ഐ.സി.യു. വിന്നുള്ളിൽ ലോകം
ഭീതിദമായ്പിടയുന്നു.
ആരുംകാണാനില്ലാതൊടുവിൽ
മിഴികൾ പൂട്ടുന്നു.

# കളിപ്പാട്ടങ്ങൾ

**വൈശാഖ്.എ.,** 10 എഫ്.
എ.വി.എസ്.ജി.എച്ച്.എസ്.എസ്.
കരിവെള്ളൂർ

കൺതുറന്നപ്പൊഴേ കണ്ട, കണി-
ക്കുലപോലൊരുകൂട്ടം - കളിപ്പാട്ടം
ആട്ടവും പാട്ടും നിറഞ്ഞ കൂത്ത്
രസമേറിത്തുളുമ്പും നിറകുടങ്ങൾ
"വിട്ടുകളയില്ലയീ കൂട്ടുകാരെയിനി
വിട്ടുകളയില്ലയെന്നു" ചൊല്ലും

ചഞ്ചലമാം മനസ്സിന്റെ മറവിയാൽ
തട്ടിൻമേലേക്കവ കൂടുമാറും- പിന്നെ-
യാകാശംകണ്ടയണ്ണാൻകുഞ്ഞുപോലെ നാം
ജീവിതമാർത്തു രസിച്ചീടുന്നു

സ്വാതന്ത്ര്യമുണ്ടെങ്കിലും പര-
മാനന്ദലബ്ധിക്കു മാർഗ്ഗം പണം - എങ്കിൽ
സ്വാതന്ത്ര്യമല്പം കൊടുത്തുനേടാം ധനം
ജീവിക്കാം ചങ്ങലക്കെട്ടുകളിൽ,
കീ തിരിച്ചാൽ കറങ്ങും പാവയെപ്പോലെ
ചെയ്‌വൂ പണിയും കൊലയുമെല്ലാം

സ്വന്തം ശരീരത്തിനൂർജ്ജത്തിനായി നാം
മേലാളനോടു കടം കൊള്ളവേ,
അക്ഷരാർത്ഥേ 'കളി'പ്പാട്ടങ്ങളാകുന്നു
അർത്ഥമില്ലാതർത്ഥം കൂട്ടിവയ്പൂ.

സ്വന്തം ശരീരമോതും "തളർന്നെ"ന്നവ-
രപ്പൊഴും ഓടിനടപ്പുതന്നെ,
എന്നാലൊരിക്കൽ തിരിച്ചറിയും തന്റെ
ശക്തിയേക്കാളേറെ ക്ഷീണമെന്ന്

അന്നുമരവിച്ച മനസ്സിനു കൂട്ടായി
മാറാല തീണ്ടിയ ബാല്യം മാത്രം
അന്നു തട്ടിൻപുറത്തേറ്റിയ കൂട്ടുകാർ
തന്നെ കൂട്ടെന്നു തിരിച്ചറിയും.
ആരുമുണ്ടാവില്ലയൊപ്പം-തന്നെപ്പോലെ
മക്കളും ജീവിതം 'ആഘോഷിപ്പൂ.'

പിന്നൊരിക്കൽ സ്വർഗ-നരക വാതിൽക്കൽ നാം
നില്ക്കവേയോർക്കും കഴിഞ്ഞകാലം,
അന്നുമനസ്സിലാകും നമ്മളെല്ലാമേ
കാട്ടങ്ങളാം കളിപ്പാട്ടമെന്ന്.


Purity gold
Pure Tradition
പൊൻ പരിശുദ്ധിയുടെ നിറവിൽ
വിശ്വാസത്തിന്റെ 71 വർഷങ്ങൾ...!!!
മനോഹർ ജ്വല്ലറീസ്®
ജ്യുവൽ ഹൗസ്, പയ്യന്നൂർ
SINCE 1938
APPU'S GOLDEN TOWER, JEWEL JUNCTION, PAYYANUR
04985 - 202248, 203748, 204748, Fax : 204901
GOLD | DIAMONDS | BIRTH STONES
www.manoharjewlleries.com, e-mail:cvmanohar@hotmail.com
പൊന്നിന്റെ പരിശുദ്ധികൊണ്ട് ജനഹൃദയങ്ങളെ സ്പർശിക്കുന്നു

With best compliments from.........

M.T.P.BASHEER
Ph: 04985 261489
Mob: 9447478802

# MTP ചിക്കൻ ഏജൻസി

NH കരിവെള്ളൂർ

**വിവാഹാവശ്യങ്ങൾക്കും, മറ്റ് വീട്ടാവശ്യങ്ങൾക്കും**
**കോഴി ഇറച്ചി മൊത്തമായും ചില്ലറയായും വിൽക്കപ്പെടുന്നു.**

ആശംസകളോടെ......

മികച്ച ഇനം പ്ലാസ്റ്റിക് ടാർപോളിനുകൾ, നൈലോൺ
ഷീറ്റുകൾ, കാർ കവർ, സ്കൂട്ടർ കവർ എന്നിവയ്ക്ക്

Ph : 04985 206755, Fax : 208712
Mob: 9447013229, 9446471130

# ശക്തി ടാർപോളിൻ കമ്പനി

ഗവ. ആയുർവേദ മെഡിക്കൽ കോളേജിന് സമീപം, പരിയാരം

ഞങ്ങളുടെ സഹോദരസ്ഥാപനങ്ങൾ

1. ശക്തി ടാർപോളിൻ, പയ്യന്നൂർ
2. എസ്.ടി. പോളി പാക്ക്, എമ്പേറ്റ്, പരിയാരം
3. ശക്തി ട്രേഡിംഗ് കമ്പനി, ഗവ. ട്രെയിനിങ്ങ് സ്കൂളിന് സമീപം, തലശ്ശേരി റോഡ്, കണ്ണൂർ

ആശംസകളോടെ......

# മോഡേൺ

പുട്ടുപലഹാരപ്പൊടി
(ഉരുളി സ്പെഷ്യൽ)

VINOD.T.V.
Ph: 04985 206596
Mob: 9847100378

# MODERN FOODS

Mambalam North, Payyanur, KAnnur DT.

With best compliments from.........

# MorningStar

## TRAVEL AGENCY

Opp. KSRTC Perumba, Payyanur- 670307, Kannur DT.

Ph : 04985 202416, 205831 Fax : 04985 202032 E-mail : mstar202416@yahoo.co.in

Opp. Bus Stand, Payyanur - 670307, Kannur Off. Tel : 202788, 204563 Fax: 204563


With best compliments from........
Ph: 04985 201818
RAJADHANI
GOLD
Perumba, Payyanur


THE LARGEST SELLERS
OF TILES,
SANITARYWARE
&
BATHROOM FITTINGS
IN
NORTHERN
KERALA
Ceramic Wall & Floor Tiles
Vitrified Floors
Modern Sanitary Wares
Latest Bath Fittings & Accessories
Shower Enclosure & Panels
Automatic Taps & Flushing Systems
Kitchen Sinks & Faucets
Lawn & Terrace Tiles
Water Tank & PVC Pipes
Pump Set & Plumbing Fixtures
Wondrous FLOORS...
Lustrous WALLS...
Vitrified 'S'TILES...
Beauty That SPEAKS...
ABC SALES CORPORATION
Make Relationship Through Business
NH.PAYYANNUR
Ph: 04985 207576
NH.TALIPARAMBA
Ph: 0460 2205831
NH.KANNUR
Ph: 0497 2767888

With best compliments from.........

Ph : 04985 260611
Mob : 9447685226

Palai's art gallery
onakkunnu, karivellur p.o, kannur, dt

With best compliments from.........

കൺമണി
ഫോട്ടോസ്റ്റാറ്റ്

❖ ഡി. ടി. പി.
❖ ഫോട്ടോസ്റ്റാറ്റ്
എല്ലാവിധ അപേക്ഷാ
ഫോറങ്ങളും ലഭ്യമാണ്

TEJAS
VASTHRALAYA

Main Road
PAYYANUR
PH: 202638

പയ്യന്നൂർ ടൂറിസം ഹോട്ടൽ തൊഴിലാളി വ്യവസായ സഹകരണ സംഘം
ക്ലിപ്തം No. S. IND. (C) 134
പയ്യന്നൂർ - 670307, ഫോൺ: 206850

വെജിറ്റേറിയൻ &
നോൺ വെജിറ്റേറിയൻ ശാഖ
റൂറൽ ബേങ്ക് ബിൽഡിംഗ്, പഴയ ബസ് സ്റ്റാന്റ്
പയ്യന്നൂർ Ph: 229603
നോൺ വെജിറ്റേറിയൻ ശാഖ
ഞായറാഴ്ചയും പ്രവർത്തിക്കുന്നു.

കൈരളി
ഹോട്ടൽ

വെജിറ്റേറിയൻ ശാഖകൾ
എവറസ്റ്റ് ബിൽഡിംഗ്, പയ്യന്നൂർ
Ph : 229602, 206850 (O)
മുനിസിപ്പൽ ഷോപ്പിംഗ് കോംപ്ലക്സ്
പെരുമ്പ. Ph: 202989

വിവാഹനിശ്ചയം, സൽക്കാരങ്ങൾ
എന്നിവ മുൻകൂട്ടി ഓർഡർസ്വീകരിക്കുന്നു.


ആശംസകളോടെ......
ധന്യ
ഓഡിറേറാറിയം
ഓണക്കുന്ന്, കരിവെള്ളൂർ
Mob : 9744260203 Ph: 260015, 261454
വിവാഹം, വിവാഹനിശ്ചയം
സൽക്കാരം എന്നിവയ്ക്ക്
ഓണക്കുന്നിലെ ഏക സ്ഥാപനം
ഭക്ഷണം കഴിക്കുവാൻ കൂടുതൽ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്



## നിങ്ങൾക്ക് ഒരു ജോലി തീർച്ച

**MULTIMEDIA & ANIMATION,**
**HARDWARE & NETWORKING,**
**PROGRAMMING,AutoCAD & Pro-E,**
**INDIAN & FOREIGNACCOUNTING**

G TEC COMPUTER EDUCATION

Microsoft Office Specialist | Adobe CERTIFIED ASSOCIATE | IAB

**G-TEC COMPUTER EDUCATION**
**PAYYANUR**
ISO 9001 : 200 CERTIFIED
Approved by Ministry of Education, Singapore

www.gteceducation.com
M.M centre,Main Road Payyanur,Ph:04985-207468,9846403646

---

ആശംസകളോടെ.....

Ph : 04985 260322
Mob: 9446659022

## വീയം ട്രേഡേഴ്സ്

**പലചരക്ക് & സ്റ്റേഷനറി**

ഹോൾസെയിൽ & റീട്ടെയിൽ

സെൻട്രൽ ബസാർ, കരിവെള്ളൂർ

---

ആശംസകളോടെ.....

Ph: 04985 280226

## മാത്തിൽ സർവ്വീസ് സഹകരണ ബേങ്ക്

ലിമിറ്റഡ് നമ്പർ : എഫ്. 1518. മാത്തിൽ പി.ഒ., കണ്ണൂർ ജില്ല
HO. മാത്തിൽ

| ബ്രാഞ്ചുകൾ | ഫോൺ |
|---|---|
| എറ്റുകുടുക്ക | 04985 280026 |
| ചൂരൽ | 04985 280826 |
| വെളിച്ചംതോട് | 04672 251940 |
| മാത്തിൽ ഈവിനിംഗ് ബ്രാഞ്ച് | 04985 284126 |

പി.ശശിധരൻ
സെക്രട്ടറി

കെ.എം.ബാലകേശവൻ
പ്രസിഡണ്ട്


With best compliments from........
Ph: 203438 (S), 201543 (F), 208209 (R)
Siraj
sweet makers
Near Bus Stand, Payyanur


With best compliments from.....
Ph : 04985 201786
Mob: 9847484843
9995035550
Oven Fresh
BAKE N SNACKS
White City Complex, Old Bus Stand
PAYYANUR

Ph : 0467 2211482 (S)
04985 261371 (S)
04985 260132 (R)

ഞങ്ങൾ തിരഞ്ഞെടുത്ത സ്ഥാപനം..................
ഞങ്ങൾ വളർത്തിയെടുത്ത സ്ഥാപനം..................

# ഷീബ ഫർണിച്ചർ

കരിവെള്ളൂർ
Br. തൃക്കരിപ്പൂർ

With best compliments from.........

PH: 04985 201985, 324313

# KEYEES TRAVELS

1358/A2 ROYAL CITY, Payyanur, KANNUR dt. KERALA, INDIA - 670307
FAX : 04985 201984 Email : keyeespnr@gmail.com

With best compliments from.........

PH: 04985 204341 (O) 203543 (R)
MOB: 9447447879

# Life Enterprises

MAIN ROAD, OPP. NEW BUS STAND,
PAYYANUR-670307

MICROTEK
DIGITAL INVERTER

With best compliments from.........

O.Narayanan (Proprietor)
Ph: 04985 202963, 206464

KEL

# Kel Agencies

Main Road, Payyanur - 670307

SAMSUNG VIDEOCON BPL SANYO LG WHIRLPOOL BUTTERFLY

eskeypee

# CENTRAL HARDWARES

**PAYYANUR** - 670307
Ph : 04985 202115, 202445
Mob: 9447022445

**'Ashiyana'**
**Near GGHS Payyanur**
**Ph : 202335**


With best compliments from.........
MINA WOODS
Main Road, PAYYANUR
Ph: 04985 202123, 206241
Dealers in
❖ PLYWOODS ❖ LAMINATED SHEETS
❖ EXECUTIVE CHAIRS ❖ BED ❖ GLASSES
❖ COMPUTER FURNITURE &
ALL KINDS OF FURNITURES

ആശംസകളോടെ......

# കൊടക്കാട് സർവ്വീസ് സഹകരണ ബേങ്ക്

ലിമിറ്റഡ് നമ്പർ സി. 49

ക്ലാസ്സ് 1 സ്പെഷ്യൽ ഗ്രേഡ് ബേങ്ക്

- ആകർഷകമായ പലിശ
- അതുല്യമായ സേവനം
- മുതിർന്ന പൗരന്മാർക്ക് 1% നിക്ഷേപ പലിശ വർദ്ധനവ്
- നിക്ഷേപങ്ങൾക്ക് പൂർണ്ണ സുരക്ഷിതത്വം
- മിതമായ പലിശ നിരക്കിൽ സ്വർണ്ണ പണ്ട പണയ വായ്പ
- കണ്ണാടിപ്പാറ മെയിൻ ബ്രാഞ്ചിൽ പ്രത്യേക ഗോൾഡ് ലോൺ കൗണ്ടർ (വൈകു. 7 മണി വരെ)
- റേഷൻ, നീതി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ, വളം തുടങ്ങി ബാങ്കിംഗ് ഇതര സേവനങ്ങളും നൽകിവരുന്നു.

*ഹെഡ് ഓഫീസ് : കണ്ണാടിപ്പാറ*

ഫോൺ : 0467 2263070

*ബ്രാഞ്ചുകൾ*

കണ്ണാടിപ്പാറ മെയിൻ ബ്രാഞ്ച്... Ph: 0467 2261449

വെള്ളച്ചാൽ.................... Ph: 04985 260222

ഓലാട്ട്........................ Ph: 04985 260922

# പയ്യന്നൂർ റെയ്ഞ്ച് കള്ള് ചെത്ത് വ്യവസായ തൊഴിലാളി സഹകരണ സംഘം

ക്ലിപ്തം നമ്പർ : സി. 1540, പി.ഒ. പയ്യന്നൂർ

സെക്രട്ടറി
പി.വി.വിനോദ്

പ്രസിഡണ്ട്
എം.കെ.വിപിനൻ

# കോറോം സർവ്വീസ് സഹകരണ ബേങ്ക്

ലി. നമ്പർ : എഫ്. 1369. H.O. കാനായി ഫോൺ: 277760

ബ്രാഞ്ചുകൾ
കോറോം ഫോൺ : 208670. മണിയറ ഫോൺ : 274323

ഇ.പി.കൃഷ്ണൻ നമ്പ്യാർ
പ്രസിഡണ്ട്

ഇ.ടി.പത്മനാഭൻ
സെക്രട്ടറി

# രാമന്തളി സർവ്വീസ് സഹകരണ ബേങ്ക് ക്ലിപ്തം

നമ്പർ : സി. 5 (എൽ.എൽ) പി.ഒ. രാമന്തളി – 670308, കണ്ണൂർ ജില്ല

പ്രമുഖ ക്ലാസ്സ് 1 ബേങ്ക്

മെയിൻ ബ്രാഞ്ച് - രാമന്തളി ഫോൺ : 222045
ഈവിനിംഗ് ബ്രാഞ്ച് - പുന്നക്കടവ് ഫോൺ : 223145
വടക്കുമ്പാട് ഫോൺ : 223845

സവിശേഷതകൾ
◆ നീതി ഗ്യാസ് ◆ സ്റ്റുഡന്റ് മാർക്കറ്റ് ◆ നീതി സ്റ്റോർ
◆ കൺസ്യൂമർ സ്റ്റോർ ◆ വളം ഡിപ്പോ ◆ നിക്ഷേപങ്ങൾക്ക് ഉയർന്ന പലിശ
◆ മിതമായ നിരക്കിൽ വിവിധ വായ്പകൾ

കമ്പ്യൂട്ടറൈസ്ഡ് ബേങ്ക്
ജനവിശ്വാസത്തിന്റെ കരുത്തിൽ മുന്നോട്ട്

പ്രസിഡണ്ട്
പച്ച കൃഷ്ണൻ

സെക്രട്ടറി
കെ.രാമകൃഷ്ണൻ

Ph: 04985 204301
Mob: 9895111161

# BAG BAZAR



LUGGAGE CENTRE

Whole Sale Distributor

Above Top Star Hotel, Near Bus Stand
Main Road, PAyyanur - 670307


ചോദിച്ചു വാങ്ങുക...
നിറദീപത്തിൻ സുഗന്ധമറിയാൻ
ഗൃഹഭക്ഷണത്തിൻ സ്വാദറിയാൻ
വെൽകോ
ശുദ്ധ വെളിച്ചെണ്ണ
ഉപോല്പന്നങ്ങൾ
കോക്കനട്ട് ചിപ്സ്
കോക്കനട്ട് ചട്ണി പൊടി
കോക്കനട്ട് വിനീഗർ
വെന്ത വെളിച്ചെണ്ണ
Velco
FOOD PRODUCTS
വെള്ളൂർ സർവ്വീസ് സഹകരണ ബേങ്ക്
ഇന്റഗ്രേറ്റഡ് കോക്കനട്ട് കോംപ്ലക്സ്
ഏച്ചിലാംവയൽ, P.O.വെള്ളൂർ, Ph: 04985 200148

ആശംസകളോടെ—

പാലിന്റെ പരിശുദ്ധി....
നാടിന്റെ പരിശുദ്ധി.....



മികവിന്റെ അംഗീകാരം

# കരിവെള്ളൂർ ക്ഷീരവ്യവസായ സഹകരണസംഘം

ലിമിറ്റഡ് നമ്പർ സി. 310
**ഓണക്കുന്ന്**

പ്രസിഡണ്ട്
എം.ടി.പി.അബ്ദുള്ള

സെക്രട്ടറി
കെ.വി.പത്മിനി

ആശംസകളോടെ...

# ദിനേശ്... നാടിന്റെ നന്മ






ദിനേശ് ഫുഡ്സ് • ദിനേശ് ഗാർമെന്റ്സ് • ദിനേശ് ഓഡിറ്റോറിയം

ദിനേശ് കുടകൾ • ഡി.ഐ.ടി.എസ് (ദിനേശ് ഇൻഫോർമേഷൻ ടെക്നോളജി സിസ്റ്റംസ്) • ദിനേശ് ബീഡി

KERALA
**DINESH**

**DINESH FOODS**
A Division of Kerala Dinesh Beedi Workers' Central Co- operative Society Ltd.
(Sponsored by Govt. of Kerala)
Dinesh Bhavan, Payyambalam, Kannur- 670 001,
Ph: 0497- 2701699, 2760414, Fax: 2706883
E-mail: dineshltd@gmail.com www.keraladinesh.com




സ്വതന്ത്ര 'ബൂലോഗ'ത്തേക്ക് സ്വാഗതം

# KERALA BLOG ACADEMY

പണച്ചിലവോ, ആരുടെയെങ്കിലും സമ്മതമോ ആവശ്യമില്ലാതെ സ്വന്തം അഭിപ്രായങ്ങളും, കാഴ്ചപ്പാടുകളും, കലാസൃഷ്ടികളും മലയാളത്തിലോ മറ്റ് ഭാഷകളിലോ സ്വയം പ്രസിദ്ധീകരിക്കാനുള്ള ഇന്റർനെറ്റിലെ വേദിയാണ് ബ്ലോഗ് എന്ന മാധ്യമം. നാവില്ലാത്ത സമൂഹത്തിനു ശബ്ദം നൽകാനും, സമൂഹത്തിന്റെ ഉപരിതലത്തിലേക്ക് അന്യരുടെ സഹായമില്ലാതെ വളരാനും ഈ സാങ്കേതിക വിദ്യ ഉപയോഗിക്കുക. നാളത്തെ ജനകീയ മാധ്യമം. മലയാളം ബ്ലോഗു തുടങ്ങുക. ബ്ലോഗറാകുക. സിറ്റിസൺ ജേർണലിസത്തിന്റെ അനന്തസാദ്ധ്യത ആർക്കും സൗജന്യമായി ഉപയോഗിക്കാം. എഴുത്തുകൾ മാത്രമല്ല, ഫോട്ടോ, ചിത്രം, വീഡിയോ, ഓഡിയോ എന്നിവയും പരസഹായമില്ലാതെ സൗജന്യമായി ബ്ലോഗിൽ പ്രസിദ്ധീകരിക്കാം. എല്ലാ വിവരങ്ങളും, സഹായവും ബ്ലോഗ് അക്കാദമിയുടെ ബ്ലോഗിൽ സൗജന്യമായി ലഭ്യമാണ്.

http://keralablogacademy.blogspot.com/
email: blogacademy@gmail.com

– പൊതുജന നന്മയ്ക്കു വേണ്ടി
ഒരു മനുഷ്യസ്നേഹി പ്രസിദ്ധീകരിക്കുന്നത്.

## എരമം-കുറ്റൂർ സർവ്വീസ് സഹകരണബേങ്ക്

ലിമിറ്റഡ് നമ്പർ സി. 365
മാതമംഗലം പി. ഒ., മാതമംഗലം ബസാർ – 670306
ഹെഡ്ഡാഫീസ്: മാതമംഗലം ഫോൺ: 277026
ക്ലാസ്സ് 1 സ്പെഷ്യൽ ഗ്രേഡ് ബേങ്ക്

| ബ്രാഞ്ചുകൾ | ഫോൺ |
|---|---|
| മാതമംഗലം | 278026 |
| വെള്ളോറ | 251126 |
| പെരുമ്പടവ് | 280149 |
| എരമം | 280229 |
| കുറ്റൂർ | 277396 |
| മാതമംഗലം (ഈവിനിംഗ്) | 278365 |
| കക്കറ | 216203 |
| ഓലയമ്പാടി | 252021 |

**ഗൃഹോപകരണഷോറൂം, വളം ഡിപ്പോ**
മാതമംഗലം, വെള്ളോറ

**സേഫ് ഡിപ്പോസിറ്റ് ലോക്കർ**
മാതമംഗലം, പെരുമ്പടവ്, ഈവിനിംഗ് മാതമംഗലം, ഓലയമ്പാടി

കെ. വി. ഗോവിന്ദൻ (പ്രസിഡണ്ട്)
എ. രാഘവൻ (സെക്രട്ടറി)


With best compliments from.....
AADITHYA
LAB EQUIPMENTS & CHEMICALS
Opp. Jawaharlal Nehru Public Library
Yogasala Road, Kannur
Ph: 0497 2706033, 3290994
Mob: 9495326970, 9847935885
Dealers in:
SCHOOL, +2 LABORATORY EQUIPMENTS
CHEMICALS, HOSPITAL ITEMS


With best compliments from.....
കുടിവെള്ളത്തിന് ശക്തിമാൻ സൂപ്പർ
ISI
ISO
SHAKTHIMAN SUPER 75 mm 12.5 Kg/cm² CLASS 6 CM/L
ശക്തിമാൻ സൂപ്പർ
പി വി സി പൈപ്പ്
ISI മുദ്ര പരസ്യത്തിലല്ല, പൈപ്പിൽത്തന്നെ
നിർമ്മാതാക്കൾ: ക്ലോറോപ്ലാസ്റ്റ്, കൂവപ്പടി, എറണാകുളം - 683 544 ഫോൺ: 94470 49482, 0484 2649299

# എന്റെ മലയാളം...
# ഇപ്പോൾ എന്റെ കമ്പ്യൂട്ടറിലും...

കത്തെഴുതുവാനും
ആശയങ്ങൾ
പങ്കുവയ്ക്കുവാനും
ഇനി ഭാഷ ഒരു
തടസമല്ല.
ഇ മെയിൽ, ബ്ലോഗിംഗ്,
ചാറ്റിംഗ് തുടങ്ങിയ
കമ്പ്യൂട്ടറിലെ
ആശയവിനിമയത്തിന്
ഒരു പുത്തൻ
സാങ്കേതികവിദ്യ–
മലയാളം കമ്പ്യൂട്ടിംഗ്.



**പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ**

- വിവരസാങ്കേതിക വിദ്യയുടെ പുത്തൻ സാധ്യതകൾ ഉപയോഗപ്പെടുത്തി മലയാള ഭാഷയെ ശക്തിപ്പെടുത്തുക
- ഭാഷയുടെ അതിരുകളില്ലാതെ വിവരസാങ്കേതിക വിദ്യയുടെ നേട്ടം എല്ലാ മലയാളികൾക്കും എത്തിക്കുക
- പ്രാദേശിക ഭാഷകളിലുള്ള വിവരശേഖരങ്ങളുടെ ലഭ്യതയും അവയുടെ സാർവ്വത്രിക ഉപയോഗവും വർദ്ധിപ്പിക്കുക
- ഇമെയിൽ, ബ്ലോഗിംഗ്, ചാറ്റിംഗ് തുടങ്ങിയ കമ്പ്യൂട്ടർ/ഇന്റർനെറ്റ് അധിഷ്ഠിത സംവിധാനങ്ങൾ മാതൃഭാഷയിൽ ലഭ്യമാക്കുക

**കൂടുതൽ വിവരങ്ങൾക്കും സഹായത്തിനും സിറ്റിസൺ കോൾ സെന്ററിലേക്ക് വിളിക്കുക. ഫോൺ: 155300**

നമ്മുടെ ഭാഷ നമ്മുടെ കമ്പ്യൂട്ടറിന്

**www.malayalam.kerala.gov.in**

KERALA STATE IT MISSION

SPACE

കേരള സംസ്ഥാന ഐ. ടി. മിഷൻ, സ്പേസ്, അക്ഷയ എന്നിവയുടെ ഒരു സംയുക്ത സംരംഭം

With best compliments from.....

# പയ്യന്നൂർ കോ-ഓപ്പറേറ്റീവ് റൂറൽ ബേങ്ക്

ലിമിറ്റഡ് നമ്പർ എഫ്. 1234, പയ്യന്നൂർ
ഫോൺ: 202662, സെക്രട്ടറി : 229828

**നിക്ഷേപം 125 കോടി രൂപ**
**വായ്പ 111 കോടി രൂപ**

ബ്രാഞ്ചുകൾ

1. പയ്യന്നൂർ മെയിൻ............................203004
2. കരിവെള്ളൂർ...............................260224
3. കാങ്കോൽ.....................................280238
4. പെരുമ്പ.......................................202801
5. രാമന്തളി.....................................222115
6. കവ്വായി......................................203135
7. അന്നൂർ.......................................205229
8. റെയിൽവെ ഗേറ്റ്...........................205980
9. സ്വാമിമുക്ക്..................................280838
10. പുതിയബസ് സ്റ്റാന്റ്.......................202125

സായാഹ്നശാഖകൾ

1. പയ്യന്നൂർ.....................................208361
2. പെരുമ്പ.......................................201024
3. കരിവെള്ളൂർ................................260424
4. കാങ്കോൽ.....................................284900

**നീതി മെഡിക്കൽ സ്റ്റോർ**
**ഇലക്ട്രിക്കൽ & പ്ലംബിംഗ് ഷോപ്പ്**
**കയർ ഉല്പന്ന ഡിപ്പോ**
**IFFCO- Airtel മൊബൈൽ കണക്ഷനും**
**ഫോൺ വില്പനയും**

ഹെഡോഫീസ് ബിൽഡിംഗ്, ബസ് സ്റ്റാന്റ്, പയ്യന്നൂർ. ഫോൺ : 208440

പി. വി. കുഞ്ഞപ്പൻ (പ്രസിഡണ്ട്)
വി. കുഞ്ഞികൃഷ്ണൻ (സെക്രട്ടറി)

With best compliments from.....

# കരിവെള്ളൂർ സർവ്വീസ് സഹകരണ ബേങ്ക്

ലിമിറ്റഡ് നമ്പർ എഫ്. 1496, കരിവെള്ളൂർ പി.ഒ.
ഹെഡ്ഡാഫീസ് : കരിവെള്ളൂർ. ഫോൺ : 263528

| ശാഖകൾ | ഫോൺ |
|---|---|
| 1. മെയിൻ ബ്രാഞ്ച്......... | 260228 |
| 2. ആണൂർ.................. | 261028 |
| 3. ഓണക്കുന്ന്............. | 260728 |
| 4. കരിവെള്ളൂർ ബസാർ... | 261928 |

**ബെസ്റ്റ് പെർഫോമൻസ് അവാർഡ് ലഭിച്ച**
**ക്ലാസ്സ് 1 സ്പെഷ്യൽ ഗ്രേഡ് എ ക്ലാസ്സ് ബേങ്ക്**

- ബേങ്കിംഗ് പ്രവർത്തനത്തോടൊപ്പം മെച്ചപ്പെട്ട ബേങ്കിംഗ് ഇതര പ്രവർത്തനവും.
- ഇലക്ട്രിക്കൽസ് & പ്ലംബിംഗ് ഷോപ്പിൽ എല്ലാവിധ വയറിംഗ്, പ്ലംബിംഗ്, സാനിറ്ററി ഉല്പന്നങ്ങൾ അതിശയകരമായ വിലക്കുറവിൽ
- വർണ്ണങ്ങൾ യഥേഷ്ടം തെരഞ്ഞെടുക്കുവാൻ പെയിന്റ്സ് & ടൈൽസ് ഷോറൂം.
- മാർക്കറ്റ് വിലയേക്കാൾ കുറഞ്ഞ നിരക്കിൽ മലബാർ സിമന്റ്
- ബലിയപട്ടം ടൈൽസിന്റെ ഉല്പന്നങ്ങൾക്ക് മുൻകൂട്ടി ഓർഡർ നൽകുക.

**ബേങ്കിന്റെ ഓണക്കുന്ന് ശാഖ രാവിലെ 8.30 മുതൽ**
**രാത്രി 7.30 വരെ എല്ലാ ദിവസവും പ്രവർത്തിക്കുന്നു.**

**മെയിൻ ബ്രാഞ്ച്, ഓണക്കുന്ന്, ആണൂർ ശാഖകളിൽ**
**സേഫ് ഡെപ്പോസിറ്റ് ലോക്കർ സൗകര്യം.**

വി. വി. സരോജിനി
പ്രസിഡണ്ട്

എം. ശശിമോഹനൻ
സെക്രട്ടറി

# ഐ.ടി... തൊഴിൽ അവസരങ്ങൾ അനവധി

## പക്ഷെ, എവിടെ ചേർന്നു പഠിക്കും?

കേരളസർക്കാർ സ്ഥാപനമായ C-DIT ഐ.ടി. കോഴ്സ് പഠനത്തിനായി കണ്ണൂർ ജില്ലയിലെ സി.ഇ.പി സെന്ററുകളിലൂടെ അവസരം ഒരുക്കുന്നു.

- PGDCA, DOA, DCFM, DCTT തുടങ്ങി തൊഴിൽ സാധ്യതയേറിയ 24 ഐ.ടി. കോഴ്സുകൾ പഠിക്കാൻ അവസരം.
- ഉന്നത നിലവാരമുള്ള സിലബസ്, കോഴ്സ് മെറ്റീരിയൽ
- പട്ടികജാതി, പട്ടികവർഗ്ഗ, BPL വിദ്യാർത്ഥികൾക്ക് ഫീസ് ആനുകൂല്യം
- വിദേശത്ത് തൊഴിൽതേടുന്നവർക്ക് സഹായകരമായ വിധത്തിൽ ONLINE VERIFICATION സൗകര്യത്തിനായി AUTHENTICATION CODE ആലേഖനം ചെയ്ത സർട്ടിഫിക്കറ്റ്

### കണ്ണൂർ ജില്ലയിലെ സി-ഡിറ്റ് പഠന കേന്ദ്രങ്ങൾ (സി.ഇ.പി.)

**C-DOT Computer Education**
Thana. P.O., Kannur
Ph: 0497 2712958

**Datatech Computer Academy,**
Thalassery P O, Kannur
Ph: 0490 - 2323890

**Vdyamandir Institute of Information Technology,**
Payyanur P.O., Kannur
Ph: 04989-209857

**UP-TECH Computer Centre**
Cherukunnu.P.O, Kannur
Ph 0497-2861086

**Microtech Computer Centre**
Panoor P.O, Kannur
Ph: 0490 2313234

**Central Institute of Education**
Iritty. P. O., Kannur
Ph: 0490-2494723

**Computer Circle**
Thalassery, Kannur
Ph : 0490-2343159

**Techno Campus,**
Kannur HPO, Kannur
Ph: 0497 - 2765206

**Skiltech Computer Education**
Cherupuzha P. O., Kannur
Ph: 04985242765

**Karuna Computer Education**
Payyanur P.O, Kannur
Ph: 04985 229649

**Mice Computer Centre**
Payangadi P.O, Kannur
Ph 0497-2873830

**Nalanda Computer Centre**
Eachur P.O, Kannur
Ph: 0497-2857965

**Kerala Vocational Taining Centre**
Pallikunnu P.O., Kannur
Ph: 0497- 2704724

**Scan Computer Centre,**
Mele Chovva, Kannur
Ph: 0497-2725479

**Jyothirgamaya Computers**
Peravoor.P.O, Kannur
Ph: 0490-2446422

**C-dot Computer Education**
Puthiyatheru, Kannur
Ph: 0497-2777310

**Vidyabhavan Computer Academy**
Pattannur.P.O, Kannur
Ph .0490- 2486515

**Bharath Vidyabhavan**
Payyannur, Kannur- 670 307
Ph 04985-203106

**Hari Hara Computer Institute**
Thalassery. Kannur
Ph-0490-2458993

**Pace Providence Computers**
Thaliparamba, Kannur
Ph 04602-207221

**New Mahe Computer Centre**
New Mahe.P.O, Kannur
Ph-0490-2337520

**C-Tech Computer College**
Edayannu P.O, Kannur
Ph: 0490-2486456

**Nithyananda Institute of Computer Technology ( NICT )**
Thaliparamba P.O., Kannur
Ph: 0460-2204090

**The Vengad Panchayath Information Technology Co-operative Society,**
Pathiriyad. P.O., Kannur
Ph: 0490 2384891.

**Regional Education & Charitable Trust**
Amritha College
Thalassery, Kannur,
Ph: 0490-3295525

C-DIT www.cdit.org

**CENTRE FOR DEVELOPMENT OF IMAGING TECHNOLOGY (C-DIT)**
(Under Govt. of Kerala)
Chithranjali Hills, Thiruvallom. P.O., Thiruvananthapuram-695027, Kerala, India.
Phone : 0471-2384772, 2380910, 238012, Fax : 0471-2380681. www.tet.cdit.org